# ജോർജ് മാത്തനും കേരളത്തിന്റെ ആധുനികീകരണവും

കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജ്

മലയാളഗവേഷണവിഭാഗത്തിലൂടെ

കാലിക്കറ്റ് സർവ്വകലാശാലയിൽ

ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിന് വേണ്ടി

സമർപ്പിക്കുന്ന പ്രബന്ധം

**സൗമ്യ ടി.കെ.**

**മലയാളഗവേഷണവിഭാഗം**

**മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്**

നവംബർ 2023

# സത്യപ്രസ്താവന

**'ജോർജ് മാത്തനും കേരളത്തിന്റെ ആധുനികീകരണവും'** എന്ന ഈ ഗവേഷണപ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും സർവ്വകലാശാലയുടെയോ തത്തുല്യങ്ങളായ മറ്റു സ്ഥാപനങ്ങളുടെയോ ബിരുദത്തിനോ മറ്റ് അംഗീകാരത്തിനോ സമർപ്പിച്ചില്ലെന്നു ബോധ്യപ്പെടുത്തുന്നു.

**സൗമ്യ ടി.കെ.**
ഗവേഷക
മലബാർ ക്രിസ്ത്യൻ കോളേജ്
കോഴിക്കോട്

കോഴിക്കോട്,

03.11.2023

# സാക്ഷ്യപത്രം

**സൗമ്യ ടി.കെ,** കോഴിക്കോട്, മലബാർ ക്രിസ്ത്യൻ കോളേജ്, മലയാള ഗവേഷണ വിഭാഗത്തിലൂടെ കാലിക്കറ്റ് സർവ്വകലാശാലയിൽ, ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന **'ജോർജ്മാത്തനും കേരളത്തിന്റെ ആധുനികീകരണവും'** എന്ന പ്രബന്ധം എന്റെ മേല്നോട്ടത്തിലും നിർദ്ദേശത്തിലും തയ്യാറാക്കിയതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സമർപ്പിക്കുന്ന സി.ഡി. മുമ്പേ സമർപ്പിച്ച പിഎച്ച്.ഡി. തീസിസിന്റെ പകർപ്പാണെന്നും അതിൽ പരിശോധകർ നിർദ്ദേശിച്ചിട്ടുള്ള തിരുത്തലുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

**ഡോ.ബിജു ജോസഫ്**
അസിസ്റ്റന്റ് പ്രൊഫസർ,
മലയാള വിഭാഗം,
മലബാർ ക്രിസ്ത്യൻ കോളേജ്,
കോഴിക്കോട്

കോഴിക്കോട്

# കൃതജ്ഞത

പ്രബന്ധരചനയിൽ ഏറ്റവും മികച്ച രീതിയിൽ ഇടപെടുകയും വഴികാണിച്ചുതരികയും ചെയ്ത പ്രിയപ്പെട്ട മാർഗ്ഗദർശി ഡോ.ബിജുജോസഫ് സാറിനോടുള്ള നന്ദി നിറഞ്ഞ മനസ്സോടെ അറിയിക്കുന്നു. പ്രോത്സാഹനവും സ്നേഹോപദേശവുമായി കൂടെയുണ്ടായിരുന്ന ഡോ.ശ്രീജിത്സാറിനെ ഏറ്റവും പ്രിയത്തോടെ ഓർമ്മിക്കുന്നു. പ്രബന്ധരചനയുമായി ബന്ധപ്പെട്ടും അല്ലാതെയും ഒപ്പമുണ്ടായിരുന്ന പ്രിയ അധ്യാപകർ, സുഹൃത്തുക്കൾ, കുടുംബാംഗങ്ങൾ എന്നിവരോടുള്ള നന്ദി വാക്കുകൾക്കതീതമാണ്. പ്രബന്ധവിഷയവുമായി ബന്ധപ്പെട്ട് കൃത്യമായ ധാരണ വരുത്തുന്നതിൽ സഹായിച്ച ഡോ. എം. കെ. രാജേഷ്, ആവശ്യമായ പുസ്തകങ്ങൾ നൽകിയും നിർദ്ദേശങ്ങൾ നൽകിയും സഹായിച്ച ഡോ. കെ. എം. അനിൽ, എന്നിവരോടുള്ള നന്ദി സ്നേഹത്തോടെ അറിയിക്കുന്നു. ഗവേഷണപ്രബന്ധം വായിക്കുകയും തെറ്റുകൾ തിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്ത ഡോ. കെ. മഞ്ജു, ഡോ. രമ്യ, ദിവ്യ കെ. എന്നിവരോടുള്ള നന്ദി അറിയിക്കുന്നു. എല്ലാത്തിനുമുപരി കൂടെനിന്ന് എല്ലാവിധ പ്രോത്സാഹനങ്ങളും നൽകിയ പ്രിയ ഭർത്താവിനെ സ്നേഹം നിറഞ്ഞ മനസ്സോടെ ഓർക്കുന്നു. ആവശ്യമായ പുസ്തകങ്ങൾ നൽകി സഹായിച്ച ലൈബ്രേറിയനോടും, പ്രബന്ധം ടൈപ്പ് ചെയ്ത് തന്നവരോടും നന്ദിയും സ്നേഹവും അറിയിക്കുന്നു.

**സൗമ്യ ടി.കെ**

# ഉള്ളടക്കം


| | ഉപോദ്ഘാതം | 1 – 12 |
|---|---|---|

0.1 പരികല്പന

0.2 പഠനലക്ഷ്യം

0.3 പഠനത്തിന്റെ പ്രസക്തി

0.4 പൂർവ്വപഠനങ്ങൾ

0.5 പഠനമേഖല

0.6 പ്രബന്ധസ്വരൂപം

0.7 പഠനത്തിന്റെ രീതിശാസ്ത്രം

അധ്യായം 1

കേരളത്തിന്റെ ആധുനികീകരണം 13 – 90

1.0. ആമുഖം

1.1 ആധുനികീകരണത്തിന്റെ പ്രധാന സവിശേഷതകൾ

1.2 ആധുനികീകരണം നിർവ്വചനങ്ങൾ

1.3 ആധുനികീകരണത്തിന്റെ മാനങ്ങൾ

- 1.3.1 ബഹുജനാധിഷ്ഠിത മനുഷ്യവിഭവശേഷിയുടെ വളർച്ച
- 1.3.2 തൊഴിൽപരമായ വൈവിധ്യങ്ങൾ
- 1.3.3 സംഘാടനത്തിലെ വൈവിധ്യം
- 1.3.4 ഭരണകൂടത്തിന്റെ വർദ്ധിതശേഷിയും പ്രവർത്തനങ്ങളുടെ വിപുലീകരണവും
- 1.3.5 ബഹുജനരാഷ്ട്രീയം
- 1.3.6 യുക്തിയും മതേതരത്വം

1.4 ആധുനികീകരണവും സംസ്കാരവും

1.5 ആധുനിക സമൂഹത്തിന്റെ സ്വഭാവം

1.6 ആധുനികീകരണവും നാഗരികതയും

1.7 ആധുനികീകരണസിദ്ധാന്തത്തിന്റെ സംഗ്രഹം

1.8 ആധുനികീകരണസമൂഹത്തിന്റെ സവിശേഷതകൾ

1.9 ആധുനികീകരണത്തിന്റെ ഉപകരണങ്ങൾ

1.10. ആധുനികീകരണപ്രക്രിയയും നേതൃത്വവും

1.10.1 ഉന്നതവ്യക്തിത്വം

1.11 കേരളം എന്ന ദേശം

1.12 അധിനിവേശപൂർവ്വ കേരളവും സമൂഹവും

1.13 അധിനിവേശവും കേരളത്തിന്റെ ജീവിതവും

1.14 ആധുനീകരണത്തിന്റെ പ്രാരംഭം

1.14.1 വ്യവസായം

1.14.2 അച്ചടി

1.14.2.1 മലയാളം അച്ചടിയുടെ ആരംഭം

1.14.2.2 മലയാളം അച്ചടി കേരളത്തിൽ

1.14.2.3 കേരളത്തിലെ ഇതര അച്ചുകൂടങ്ങൾ

1.14.3 പത്രപ്രവർത്തനം

1.14.4 വിദ്യാഭ്യാസം

1.14.4.1 ആദ്യകാല വിദ്യാഭ്യാസവും എഴുത്തുപള്ളികളും കളരികളും

1.14.4.2 പ്രശസ്ത വിദ്യാകേന്ദ്രങ്ങൾ

1.14.4.3 ലണ്ടൻ മിഷണറി സൊസൈറ്റി

1.14.4.4 ചർച്ച് മിഷണറി സൊസൈറ്റി

1.14.4.5 ബാസൽ മിഷൻ സൊസൈറ്റി

1.15 ആധുനികീകരണവും നവോത്ഥാനവും

1.15.1 കേരളനവോത്ഥാനം

1.16 ഭാഷാസാഹിത്യ മണ്ഡലവും ആധുനികീകരണവും

1.17 സംഗ്രഹം

അധ്യായം 2

**കേരളത്തിന്റെ ആധുനികീകരണവും നാട്ടുമിഷണറിമാരും 91 – 141**

2.0 ആമുഖം

2.1 പാശ്ചാത്യ പൗരസ്ത്യ മിഷണറിമാരുടെ ഇടപെടലുകൾ

2.2 മിഷണറിമാരും അടിമസമ്പ്രദായവും

2.3 ക്രിസ്തുമതവും മലയാളസാഹിത്യവും

2.4 മിഷണറി സാഹിത്യം

2.5 നാട്ടുക്രിസ്ത്യാനികളുടെ സാഹിത്യ പരിശ്രമങ്ങൾ

2.5.1 ഉദയംപേരൂർ സൂനഹദോസിലെ കാനോനകൾ

2.5.2 കരിയാറ്റിൽ ഔസേപ്പ് മൽപ്പാൻ

2.5.3 പാറേമാക്കൽ തോമാ കത്തനാർ

2.5.4 ജോസഫ് ഫെൽ

2.5.5 കല്ലൂർ ഉമ്മൻ ഫിലിപ്പോസ്

2.5.6 യാക്കോബ് രാമവർമ്മ

2.5.7 അയ്യനം പി.ജോൺ

2.5.8 ആർച്ച് ഡീക്കൻ കോശി

2.5.9 ആർച്ച് ഡീക്കൻ ഉമ്മൻ മാമ്മൻ

2.5.10 റവ.ഇട്ട്യേര ഈപ്പൻ (കൊച്ചുപാദ്രി)

2.5.11 റവ. ടി. കോശി

2.5.12 ജോർജ് മാത്തൻ

2.6 ജോർജ്മാത്തന്റെ കൃതികൾ

2.6.1 സത്യവാദഖേടം

2.6.2 മലയാഴ്മയുടെ വ്യാകരണം

2.6.3 ബാലാഭ്യാസനം

2.6.4 വിവർത്തന ഗ്രന്ഥങ്ങൾ

2.6.4.1 സംയുക്തി

2.6.4.2 സംവാദം

2.7 സമാഹരിക്കപ്പെടാത്ത ലേഖനങ്ങൾ

2.7.1 മരുമക്കത്തായത്താലുള്ള ദോഷങ്ങൾ

2.7.2 ആകാശത്തുള്ള ഗോളങ്ങൾ

2.7.3 സൻമാർഗ്ഗോപദേശം

2.7.4 സാധാരണ ചികിത്സാശാല

2.7.5 കൊഴമുതലാഴ്മ

2.7.6 അന്തരീക്ഷം

2.7.7 വിദ്യാസംഗ്രഹം മുന്നോട്ടുവെയ്ക്കുന്ന ആധുനികീകരണ ചിന്തകൾ

2.8 സംഗ്രഹം

---

അധ്യായം 3

**മലയാള വ്യാകരണവും ജോർജ് മാത്തനും 142 – 176**

---

3.0. ആമുഖം

3.1 മലയാള വ്യാകരണ ചരിത്രം

3.2 മിഷണിമാരും മലയാള വ്യാകരണവും

3.2.1 മിഷണറി ഇതര വ്യാകരണ മാതൃകകൾ

3.3 മിഷണറി വ്യാകരണ മാതൃകകൾ

3.3.1 വ്യവഹാരഭാഷയുടെ വ്യാകരണം

3.3.2 ആൽഫബെത്തും ഗ്രന്ഥോണിക്കോ മലബാറിക്കം സിവേ സംസ്കൃതോനിക്കം

3.3.3 ഗ്രന്ഥഭാഷയുടെ വ്യാകരണം

3.3.4 റോബർട്ട് ഡ്രുമണ്ടിന്റെ വ്യാകരണം

3.3.5 എഫ്. സ്പ്രിംഗിന്റെ വ്യാകരണം
3.3.6 ജോസഫ് പീറ്റിന്റെ വ്യാകരണം
3.3.7 മലയാളഭാഷാവ്യാകരണം
3.4 മലയാഴ്മയുടെ വ്യാകരണം
3.5 ജോർജ്മാത്തന്റെയും ഗുണ്ടർട്ടിന്റെയും വ്യാകരണ കൃതികൾ: താരതമ്യം
3.6 ജോർജ് മാത്തന്റെ സാങ്കേതിക സംജ്ഞകൾ
3.7 മലയാഴ്മയുടെ വ്യാകരണം ആധുനിക ജ്ഞാനവ്യവസ്ഥയുടെ സൃഷ്ടി എന്ന നിലയിൽ.
3.8 മലയാഴ്മയുടെ വ്യാകരണം മുന്നോട്ടുവെച്ച ആധുനികീകരണ ചിന്തകൾ.
3.9 സംഗ്രഹം

അധ്യായം 4

**ജോർജ് മാത്തന്റെ സാമൂഹ്യ വീക്ഷണം 177 - 238**

4.0 ആമുഖം
4.1 ജോർജ്മാത്തന്റെ വിദ്യാഭ്യാസ പ്രചാരണവും സമുദായ പരിഷ്കരണ ശ്രമങ്ങളും
4.1.1 ഭാഷയും കാഴ്ചപ്പാടും
4.1.2 വിദ്യാഭ്യാസം മിഷണറി കാലഘട്ടത്തിന് മുമ്പ്
4.1.3 വിദ്യാഭ്യാസവും മിഷണറിമാരും
4.1.4 ജോർജ് മാത്തനും വിദ്യാഭ്യാസവും
4.1.4.1 ജോർജ് മാത്തനും മലയാളഭാഷയും
4.1.4.2 ബാലാഭ്യസനം ബോധന മലയാളത്തെക്കുറിച്ചുള്ള ചിന്തകൾ
4.1.4.3 ബാലാഭ്യസനത്തിലെ വിദ്യാഭ്യാസ ദർശനം
4.2 മിഷണറിമാരുടെ ആരോഗ്യപരിപാലനവും ആതുരശുശ്രൂഷയും
4.3 അടിമകളുടെ ശിക്ഷകൾ
4.4 മിഷണറി റിപ്പോർട്ട്

**ഉപസംഹാരം 239 – 246**

**പഠനത്തിന്റെ പരിമിതിയും വിപുലീകരണ സാധ്യതയും 247 – 248**

**ഗ്രന്ഥസൂചി 249 – 265**

**അനുബന്ധം 266 – 362**

## ചുരുക്കെഴുത്ത് പട്ടിക

| | | |
|---|---|---|
| C.M.P. | - | Church Missionary Proceedings. |
| M.R. | - | Missionary Register |
| M.C.M.R. | - | Madras Church Missionary Records |
| C.M.R. | - | Church Missionary Records |
| C.M.S. | - | Church Missionary Society |
| B.M.S. | - | Basel Missionary Society |
| L.M.S. | - | London Missionary Society |

# ഉപോദ്ഘാതം

ആധുനികീകരണം എന്ന വാക്ക് ലാറ്റിൻ പദമായ മോഡോ (Modo) യിൽ നിന്നും ഉരുത്തിരിഞ്ഞു വന്നതാണ്. ഇപ്പോൾ, അല്ലെങ്കിൽ ഏറ്റവും പുതിയത് എന്നാണ് ഇതിനർത്ഥം. ഓക്സ്ഫോർഡ് ഇംഗ്ലീഷ് നിഘണ്ടു 'ആധുനികം' എന്ന പദത്തെ നിർവചിച്ചിരിക്കുന്നത്, 'പുതിയതോ ഏറ്റവും പുതിയതോ ആയ എന്തെങ്കിലും എന്നാണ്'.[1] ജീവിതശൈലി വസ്ത്രധാരണം, കല, ചിന്ത തുടങ്ങിയവയിലൊക്കെയുള്ള നവീനമായ എന്തിനെയും സൂചിപ്പിക്കാൻ ശേഷിയുള്ള ഒരു പദമാണത്. 'ഏറ്റവും പുതിയ രീതികൾ, ആശയങ്ങൾ, ഉപകരണങ്ങൾ മുതലായവ ഉപയോഗിച്ച് തുടങ്ങുന്ന പ്രക്രിയ എന്നാണ് കേംബ്രിഡ്ജ് ഡിക്ഷ്ണറി ആധുനികീകരണം (modernisation)എന്ന വാക്കിനെ നിർവചിച്ചിരിക്കുന്നത്'.[2]

'സാമൂഹ്യശാസ്ത്രത്തിൽ പരമ്പരാഗത ഗ്രാമീണ-കാർഷിക സമൂഹത്തിൽനിന്ന്, മതേതരനഗര വ്യാവസായിക സമൂഹത്തിലേക്കുള്ള സമൂഹത്തിന്റെ പരിവർത്തനമാണ് ആധുനികത'.[3] ചരിത്രപരമായി ആധുനിക സമൂഹത്തിന്റെ ഉദയം വ്യാവസായിക സമൂഹത്തിന്റെ ആവിർഭാവവുമായി ബന്ധപ്പെട്ടിരിക്കുന്നു. വ്യാവസായികത, വ്യാവസായിക സമൂഹം എന്നീ പദങ്ങൾ കേവലം 'വ്യവസായ'മെന്ന പ്രക്രിയയിൽ മാത്രം ഒതുങ്ങി

---

1 The Oxford English Dictionary, Oxford University Press, Volume XI-LM, 1970, p. 874

2 ടി. പു., പു. 878.

3 C.E. Black, The Dynamic of Modernization : A Study in Comparative History, New York, 1996.

നിൽക്കുന്ന ഒന്നല്ല. സമൂഹത്തിന്റെ അടിത്തട്ടോളം എത്തിനിൽക്കുന്ന സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക മാനങ്ങൾ ഉൾക്കൊള്ളുന്ന ജീവിതരീതിയാണ്. ഈ കാഴ്ചപ്പാടിന്റെ വെളിച്ചത്തിൽ, വ്യവസായവൽക്കരണത്തിന്റെ സമഗ്രമായ പരിവർത്തനത്തിന് വിധേയമാകുന്നതിലൂടെയാണ് സമൂഹം ആധുനിക മാവുന്നത്. ആധുനികീകരണം എന്നത് തുടർച്ചയായ ഒരു പ്രക്രിയയാണ്. വെല്ലുവിളികളും പ്രതികരണവുമാണ് ആധുനിക സമൂഹത്തിന്റെ സത്ത. അതിന്റെ സ്വഭാവവും വികാസവും കണക്കിലെടുക്കുമ്പോൾ മനുഷ്യചരിത്രത്തിലെ ഏറ്റവും ആഴമേറിയതും ദൂരവ്യാപകവുമായ വിപ്ലവം ആധുനിക സമൂഹം കൈവരിച്ച അസാധാരണമായ മുന്നേറ്റങ്ങളാണ് എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. വ്യക്തി, കുടുംബം, സമൂഹം എന്നീ വ്യവസ്ഥകളെ തന്നെ പുനഃസംഘാടനം ചെയ്ത ആധുനികത ഉൽപ്പാദനം, ഉപഭോഗം, സാമൂഹ്യവൽക്കരണം, ആധികാരിക തീരുമാനങ്ങളെടുക്കൽ എന്നിവയിലെല്ലാം പാരമ്പര്യ സമൂഹസങ്കൽപങ്ങളെ ഉടച്ചുവാർത്തു. പ്രത്യേക സംഘങ്ങൾക്കും വ്യക്തികൾക്കും അനുവദിക്കപ്പെട്ടിട്ടുള്ള അവകാശങ്ങളെ സംരക്ഷിക്കുന്നതിനോ ആചാരമായോ പാരമ്പര്യമായോ പിൻതുടരുന്ന സാമൂഹ്യ ഘടനയെ പിൻപറ്റുകയോ അതിനാൽ നയിക്കപ്പെടുകയോ ചെയ്യുന്നതിനു പകരം ശാസ്ത്രത്തിന്റെയും നവീനചിന്തയുടെയും കണ്ടെത്തലുകളിൽ നിന്ന് നിയമസാധ്യത നേടുന്ന പൊതുനിയമങ്ങളാലും നിയന്ത്രണങ്ങളായും നയിക്കപ്പെടുക എന്ന നിലയിലേക്ക് സമൂഹം പരിവർത്തനം ചെയ്യപ്പെട്ടു. സാമൂഹികവും, സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായ മാറ്റങ്ങൾ പ്രകടമായി. ജാത്യാധിഷ്ഠിതമായ (കേരളപരിപ്രേക്ഷ്യത്തിൽ) വിലക്കുകളെ മറികടന്ന് മനുഷ്യർ കൂടുതൽ സ്വാതന്ത്ര്യത്തിലേക്ക് നയിക്കപ്പെട്ടു. അറിവ് എന്നത് മനുഷ്യപുരോഗതിയുടെ അടിസ്ഥാനഘടകമായി. ഭൗതിക സൗകര്യങ്ങളിലും തൊഴിൽ മേഖലകളിലും കുടുംബവ്യവസ്ഥകളിലും സാമൂഹ്യഘടനയിലും ചിന്താപദ്ധതികളിലും മാറ്റമുണ്ടായി. നഗരവത്ക്കരണം, സാക്ഷരത, ബഹുജന ആശയവിനിമയം, വളരുന്ന രാഷ്ട്രീയബോധം, മനുഷ്യ നൈപുണിയിലുള്ള വിശ്വാസം തുടങ്ങിയ ഘടകങ്ങളെ

മുൻനിർത്തിയുള്ള മനുഷ്യചിന്തകളുടെയും പ്രവർത്തനങ്ങളുടെയും പ്രക്രിയകളുടെയും ആകെത്തുകയാണ് ആധുനികീകരണം.

'ആധുനികീകരണം' എന്ന പ്രക്രിയ ശാസ്ത്രീയ സ്വാഭാവത്തോടെയുള്ള പ്രക്രിയയാണ്. അതിൽ ഒരു സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ള മുന്നോട്ടുള്ള പ്രയാണമുണ്ട്. ആത്യന്തികമായി അത് വ്യക്തികളുടെ കാഴ്ചപ്പാടുകൾ നവീകരിക്കുന്ന ഒന്നാണ്. ശാസ്ത്രീയവും സാങ്കേതികവുമായ അറിവ് വ്യാപിപ്പിക്കുന്ന ഒരു പ്രക്രിയ കൂടിയാണ്.

സി.ഇ. ബ്ലാക്ക് തന്റെ Dynamics of modernization എന്ന ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നത്, 'ചരിത്രപരമായി പരിണമിച്ച സ്ഥാപനങ്ങൾ അതിവേഗം മാറികൊണ്ടിരിക്കുന്ന പ്രവർത്തനത്തിലേക്ക് എത്തിപ്പെടുന്ന ഒരു പ്രക്രിയയാണ് ആധുനികീകരണം എന്നാണ്. അതു മനുഷ്യന്റെ അറിവിലെ അഭൂതപൂർവ്വമായ വർദ്ധനയെ പ്രതിഫലിപ്പിക്കുന്നു. മനുഷ്യന്റെ യുക്തി, ശാസ്ത്രീയ വീക്ഷണം, സാർവത്രികത, മാനവികത, വ്യക്തിവാദം, മതനിരപേക്ഷത, ജനാധിപത്യം തുടങ്ങിയ പുതിയ മാനദണ്ഡങ്ങളുടെ വ്യാപനത്തിന് ആധുനികീകരണം ഊന്നൽ നൽകുന്നു. മന:ശാസ്ത്രപരമായ കാഴ്ചപ്പാടിൽ ഈ പ്രക്രിയ, വ്യക്തികളുടെ പ്രചോദനത്തിലും സ്വഭാവത്തിലും മനോഭാവങ്ങളിലും വ്യക്തിബോധത്തിലും മാറ്റങ്ങൾ സൃഷ്ടിക്കുന്ന ഒന്നാണ്.'[4] കേരളത്തിൽ സവിശേഷമായി, ആധുനികീകരണ പ്രക്രിയയ്ക്ക് തുടക്കം കുറിക്കുന്നത് മിഷണറി പ്രവർത്തകരാണ്. മതപ്രബോധനമായിരുന്നു പ്രഥമലക്ഷ്യ മെങ്കിലും ഭാഷ, സാഹിത്യം, സമൂഹം, തൊഴിൽ, സംസ്കാരം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ഇടപെടലുകൾ നടത്താൻ മിഷണറി പ്രവർത്തകർക്ക് സാധിച്ചു. അവ കേരളീയസമൂഹത്തെ സംബന്ധിച്ച് ഏറ്റവും നവീനവും പുരോഗമനാത്മകവുമായിരുന്നു. ലണ്ടൻ മിഷൻ സൊസൈറ്റി, ചർച്ച് മിഷൻ സൊസൈറ്റി, ബാസൽമിഷൻ സൊസൈറ്റി എന്നീ മിഷണറി, സംഘങ്ങളുടെ കീഴിൽ ഹെർമൻ ഗുണ്ടർട്ട്, ബെഞ്ചമിൻ ബെയ്‌ലി, അർണോസ്പാതിരി തുടങ്ങിയ വിദേശ മിഷണറിമാരും ജോർജ്

---

4 ടി. പു. 874.

മാത്തൻ, കരിയാറ്റിൽ ഔസേപ്പ് മൽപ്പാൻ, പാറേമാക്കൽ തോമാകത്തനാർ തുടങ്ങിയ തദ്ദേശീയമിഷണറി പ്രവർത്തകരും ആ നിലയിൽ കേരളീയ സമൂഹത്തെ മുന്നോട്ട് നയിച്ചവരാണ്.

ലിപി, അച്ചടി, പത്രപ്രവർത്തനം ആശയവിനിമയം, വിദ്യാഭ്യാസം, സാമൂഹിക നവോത്ഥാനം, ഭാഷാസാഹിത്യം തുടങ്ങിയ മേഖലകളിൽ പ്രാരംഭം കുറിക്കാനും നവീകരിക്കാനും സമൂഹത്തിന് ദിശാബോധം നൽകാനും അവർക്ക് കഴിഞ്ഞു. ഇക്കൂട്ടത്തിൽ സവിശേഷമായി പരാമർശിക്കുന്ന മിഷണറി പ്രവർത്തകനാണ് റവ. ജോർജ് മാത്തൻ. ഒരു സാധാരണ മിഷണറി പ്രവർത്തകൻ എന്ന നിലയിലല്ല, ഭാഷാസാഹിത്യ മേഖലകളിൽ മികച്ച സംഭാവന നൽകിയ വ്യക്തി എന്ന നിലയിലും വിദ്യാഭ്യാസപ്രവർത്തകൻ, സാമൂഹിക നവോത്ഥാന പ്രവർത്തകൻ എന്നീ നിലയിലും ശ്രദ്ധേയനാണ് അദ്ദേഹം. മേൽ സൂചിപ്പിച്ച ഘടകങ്ങളുടെ പശ്ചാത്തലത്തിൽ കേരളത്തിന്റെ ആധുനികീകരണ പ്രക്രിയയിൽ ജോർജ് മാത്തൻ നടത്തിയ ഇടപെടലുകളെയും അദ്ദേഹത്തിന്റെ ആശയാവലികളെയും പഠനവിധേയമാക്കുക യാണ് ഈ ഗവേഷണ പ്രബന്ധത്തിൽ.

## 0.1 പരികല്പന

അച്ചടിയുടെ വികാസത്തോടുകൂടിയാണ് കേരളത്തിന്റെ ചിന്താമണ്ഡലം വികസിക്കുന്നത്. പൂർവ്വമാതൃകകളിൽനിന്ന് ഭിന്നമായി അത് ചിന്താമണ്ഡലത്തെ ജനകീയമാക്കി. മതപരം എന്നതിനേക്കാൾ ഭാഷാപരവും സർഗ്ഗപരവും സാമൂഹികവുമായ വിഷയങ്ങളിൽ ഊന്നൽ നൽകിക്കൊണ്ടാണ് മിഷണറി പ്രവർത്തകർ അവരുടെ രചനകളെ വികസിപ്പിച്ചത്. ഇവ മലയാള ഭാഷാപ്രവർത്തന ത്തിനും സർഗ്ഗാത്മക പ്രവർത്തനത്തിനും വ്യവഹാരരൂപങ്ങൾക്കും ചില മാതൃകകൾ മുന്നോട്ടുവെച്ചു. മിഷണറിപ്രവർത്തകൻ എന്നതിലുപരിയായി വൈയാകരണൻ, ഭാഷാസാഹിത്യപ്രവർത്തകൻ, വിദ്യാഭ്യാസ പ്രവർത്തകൻ, സാമൂഹിക പ്രവർത്തകൻ

എന്നീ നിലകളിൽ മുൻമാതൃകകളുടെ പിൻബലമില്ലാതെ പ്രവർത്തിച്ച ജോർജ്മാത്തൻ ഇടപെട്ട മേഖലകളിലെല്ലാം ആധുനിക കേരളത്തിന് വഴികാട്ടിയായിത്തീർന്നു. കേരളത്തിന്റെ ആധുനികീകരണ പ്രക്രിയയിൽ അച്ചടിയും യന്ത്രവത്കരണവും വ്യവസായവും മുഖമുദ്രയായപ്പോൾ അതിന് ഭാഷാപരവും ചിന്താപരവുമായ അടിത്തറ സൃഷ്ടിക്കുന്നതിന് പ്രധാന പങ്കു വഹിച്ച വ്യക്തിയാണ് ജോർജ് മാത്തൻ.

വിദേശ മിഷണറി പ്രവർത്തകരിൽനിന്ന് വ്യത്യസ്തമായി, തദ്ദേശമിഷണറി പ്രവർത്തകർ സാമൂഹികതയിൽ ഊന്നിയ സർഗ്ഗാത്മക പ്രവർത്തനമാണ് മുന്നോട്ടു വെച്ചത്. ജോർജ് മാത്തന്റെ കൃതികൾ ഈ സാമൂഹികബോധമാണ് പ്രതിഫലിപ്പി ക്കുന്നത്. വിദ്യാഭ്യാസ-സാഹിത്യ-ഭാഷാ-സാമൂഹിക പ്രവർത്തനങ്ങളിലൂടെ ജോർജ് മാത്തൻ സമുദായ പരിഷ്കരണത്തിനും കേരളത്തിന്റെ ആധുനികീകരണത്തിനുമാണ് ശ്രമിച്ചത്.

## 0.2 പഠനലക്ഷ്യം

കേരളത്തിന്റെ സാംസ്കാരിക ചരിത്രം പൂർത്തിയാക്കപ്പെടുന്നത് വ്യക്തികൾ സവിശേഷമായ അർത്ഥത്തിൽ സമൂഹത്തിന് നൽകിയിട്ടുള്ള സംഭാവനകളെ ഉൾക്കൊള്ളുമ്പോഴാണ്. വ്യക്തിചിന്ത രൂപപ്പെടുന്നത് സാമൂഹികവും, സാംസ്കാരി കവും രാഷ്ട്രീയവും സാമ്പത്തികവുമായ സവിശേഷചുറ്റുപാടുകളിൽ നിന്നാണ്. കേവലം വ്യക്തിയുടെ കാഴ്ചപ്പാട് എന്നതിലപ്പുറം സഞ്ചരിക്കാനുള്ള ശേഷി അവയ്ക്കുണ്ടാവും. സാമൂഹികമായ ആവശ്യങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞുവന്നതുമാവാം. അതേസമയം പല തരത്തിലുള്ള വ്യവഹാരങ്ങളും സാഹചര്യങ്ങളും രൂപപ്പെടുത്തിയെടുത്തവയു മാകാം. എപ്രകാരമായാലും വ്യക്തിചിന്തകൾ സമൂഹരൂപീകരണ പ്രക്രിയയുടെ ഭാഗമാണ്. ജാതി അടിമത്തം നിലനിന്നിരുന്ന കേരളത്തിൽ ആധുനികതയുടെ ആശയങ്ങളും വ്യവഹാരരൂപങ്ങളുമായി കടന്നുവന്നത് മിഷണറിമാരാണ്. മിഷണറിമാർ സംസ്കാരത്തിൽ മാത്രമല്ല ഭാഷയിലും വിപ്ലവകരമായ വ്യതിയാനങ്ങൾ സൃഷ്ടിച്ചു. മിഷണറിമാർ നടത്തിയ ഈ ആധുനികീകരണപ്രക്രിയയിൽ ജോർജ് മാത്തൻ നൽകിയ

സംഭാവനകളെ വിലയിരുത്തുക എന്നതാണ് പ്രബന്ധലക്ഷ്യം. ദൈവ-ശാസ്ത്രചിന്തകൾ, വിദ്യാഭ്യാസ-ഭാഷാചിന്തകൾ ആധുനികതയെപ്പറ്റിയുള്ള വീക്ഷണങ്ങൾ എന്നിവയെല്ലാം സൂക്ഷ്മമായ വിശകലനത്തിന് വിധേയമാക്കാനുള്ള ശ്രമവും നടത്തുന്നുണ്ട്.

## 0.3 പഠനത്തിന്റെ പ്രസക്തി

കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ പാശ്ചാത്യരും തദ്ദേശീയരുമായ മിഷണറിമാരുടെ പ്രവർത്തനങ്ങളെ അർഹിക്കുന്ന പ്രാധാന്യത്തോടുകൂടി അടയാളപ്പെടുത്തേണ്ടതുണ്ട്. മതപരവും സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവും സാഹിത്യപരവുമായ മേഖലകളിലെ അവരുടെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ കേരളത്തിന്റെ ആധുനികീകരണപ്രക്രിയയിൽ സവിശേഷമായ ഇടപെടലുകൾ അവർ നടത്തിയിരുന്നതായി കാണാം. ജനതയുടെ ഭൗതിക വളർച്ചയോടൊപ്പം വികാരപരമായ മുന്നേറ്റങ്ങളെ കൂടി വിചിന്തനം ചെയ്യേണ്ടതുണ്ട്. തദ്ദേശീയനായ ഒരു മിഷണറി പ്രവർത്തകൻ എന്ന നിലയിൽ ജോർജ് മാത്തൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ കേരളത്തിന്റെ ആധുനീകീകരണ പ്രക്രിയയെ മുന്നോട്ട് നയിച്ചതെ ങ്ങനെയെന്ന പരിശോധന ഒരു വ്യക്തി നടത്തിയ ഇടപെടലുകൾ എന്നതിനേക്കാൾ ഏറെ പുരോഗമനാത്മകവും നവോത്ഥാനപരവുമായ ചിന്തകളും പ്രവർത്തനങ്ങളും സമൂഹത്തെ എങ്ങനെ നയിച്ചു എന്നതിന്റെ ഒരു ദൃഷ്ടാന്തം കൂടിയാണ്. കേരളത്തിന്റെ നവോത്ഥാന ചരിത്രത്തെ 'ജാത്യാധിഷ്ഠിതമായ നവോത്ഥാനം' എന്ന് പരിമിതപ്പെടുത്തു ന്നതിനെക്കാളേറെ മിഷണറിമാരുടെ വിദ്യാഭ്യാസപരവും സർഗ്ഗപരവുമായ ഇടപെടലു കളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വിശാലമായ പരിപ്രേക്ഷ്യത്തിൽ പുനർവായന നടത്തേണ്ടതുണ്ട്. കേരളത്തിന്റെ ആധുനികീകരണപ്രക്രിയയിൽ ജോർജ് മാത്തന്റെ സംഭാവനകളെ വിലയിരുത്തുന്നതും ഇതിന്റെ അടിസ്ഥാനത്തിലാണ്. ഒരു ഭാഷാ സാഹിത്യപ്രവർത്തകൻ എന്ന നിലയിൽ ജോർജ് മാത്തന്റെ സംഭാവനകളെ വിലയിരുത്തുന്നത് സാംസ്കാരപഠനമേഖലയ്ക്ക് പുതിയ വെളിച്ചമായി തീരും.

## 0.4 പൂർവ്വപഠനങ്ങൾ

ജോർജ് മാത്തന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ ചരിത്രകാരൻമാരും വൈയാകരണന്മാരും മറ്റു പണ്ഡിതൻമാരും തങ്ങളുടെ കൃതികളിൽ പലയിടത്തും ജോർജ് മാത്തനെക്കുറിച്ച് വിശദീകരിച്ചിട്ടുണ്ട്.

'റവറന്റ് ജോർജ് മാത്തൻ കൃതികളും പഠനവും' എന്ന കൃതിയുടെ ആദ്യഭാഗത്ത് ഡോ. സാമുവൽ ചന്ദനപ്പള്ളി വ്യാകരണം, വിദ്യാഭ്യാസം, ദൈവചിന്തകൾ, പ്രബന്ധങ്ങൾ എന്നിങ്ങനെ വ്യത്യസ്ത മേഖലയിലുള്ള മാത്തൻ കൃതികളെ വിലയിരുത്തുന്നു. രണ്ടാം ഭാഗത്ത് ജോർജ് മാത്തന്റെ കൃതികളെയും ലേഖനങ്ങളെയും സമാഹരിച്ചിരിക്കുന്നു. മഹാകവി ഉള്ളൂർ 'കേരള സാഹിത്യചരിത്രം നാലാം വാല്യത്തിലും', ടി.എം. ചുമ്മാർ 'ഗദ്യസാഹിത്യചരിത്രത്തിലും', ഡോ. കെ.എൻ. എഴുത്തച്ഛൻ 'ദ ഹിസ്റ്ററി ഓഫ് ഗ്രമാറ്റിക്കൽ തിയറീസ് ഇൻ മലയാളം'എന്ന ഗ്രന്ഥത്തിലും ജോർജ് മാത്തന്റെ കൃതികളെ സാമാന്യമായി പരിചയപ്പെടുത്തുന്നുണ്ട്. 'ഗുണ്ടർട്ടിന്റെ മലയാളഭാഷാവ്യാകരണവും ജോർജ് മാത്തന്റെ ഭാഷാവ്യാകരണവും ഒരു താരതമ്യപഠനം' എന്ന ഗവേഷണ പ്രബന്ധം ശ്രീമതി. പി. വിജയലക്ഷ്മിയമ്മ കേരളസർവ്വകലാശാലയിൽ സമർപ്പിച്ചിട്ടുണ്ട്. ക്രിസ്ത്യൻ മിഷണറിമാരെക്കുറിച്ചും അവരുടെ കൃതികളെക്കുറിച്ചും നിരവധി പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. ചെറിയാൻ കെ.വിയുടെ 'മലയാള സാഹിത്യത്തിനു ഡോ. ഹെർമ്മൻ ഗുണ്ടർട്ടിന്റെ സംഭാവന: ഒരു വിമർശനാത്മക പഠനം' എന്ന പി.എച്ച്.ഡി പ്രബന്ധം ഗുണ്ടർട്ടിനെകുറിച്ച് കൂടുതൽ അറിവ് നൽകുന്നു. ആദ്യകാലത്തെ മിഷണറി പ്രവർത്തനത്തെക്കുറിച്ചും ഗുണ്ടർട്ടിന്റെ സമഗ്രകൃതികളെക്കുറിച്ചുമുള്ള പഠനമാണത്. 'മലയാളസാഹിത്യവും ക്രിസ്ത്യാനികളും' എന്ന ഗ്രന്ഥത്തിൽ പി.ജെ. തോമസ് ക്രൈസ്തവചരിത്രത്തെയും സാഹിത്യത്തെയും വിശദമാക്കുന്നുണ്ട്. അതോടൊപ്പം വിദേശ മിഷണറിമാരുടെ ഭാഷാസേവനത്തെയും പരിചയപ്പെടുത്തുന്നു. പോൾ മണവാളന്റെ 'കേരള സംസ്കാരവും ക്രൈസ്തവമിഷണറി മാരും', മാത്യു എം.കുഴിവേലിയുടെ 'പ്രാചീന കേരള വിദ്യാഭ്യാസം',

വെണ്ണിയൂർ ഇ.എം.ജെ.യുടെ 'ക്രിസ്തുമതവും മലയാളസാഹിത്യവും', സാമുവൽ ചന്ദനപ്പള്ളിയുടെ 'മിഷണറി മലയാളഗദ്യം', 'റവ. ജോർജ് മാത്തനും മലയാള ഭാഷയും', കുരുവിള പി.റ്റിയുടെ 'പാശ്ചാത്യമിഷണറിമാർ' എന്നീ കൃതികളിലും ജോർജ് മാത്തന്റെ രചനകളും ഭാഷാസംഭാവനകളും വിലയിരുത്തുന്നു. പുത്തൻകാവ് മാത്തൻ തരകൻ എഴുതിയ 'റവ ജോർജ് മാത്തൻ' എന്ന ജീവചരിത്രമാണ് അദ്ദേഹത്തെക്കുറിച്ച് പുറത്തുവന്ന ആദ്യ പുസ്തകം. ഈ ഗ്രന്ഥം, ഒരു മിഷണറി പ്രവർത്തകൻ എന്ന നിലയിലും എഴുത്തുകാരൻ എന്ന നിലയിലും ജോർജ് മാത്തനെ സാമാന്യമായി പരിചയപ്പെടുത്തുന്നു. ഡോ. രാജേന്ദ്രൻ 'പത്തൊമ്പതാംനൂറ്റാണ്ടിലെ മലയാള ഭാഷാസൂത്രണം ജോർജ് മാത്തന്റെ കൃതികൾ അവലംബമാക്കി ഒരു പഠനം' എന്ന ഗവേഷണ പ്രബന്ധത്തിൽ ജോർജ് മാത്തന്റെ കൃതികളിൽ മലയാളഭാഷാസൂത്രണം എങ്ങനെയെല്ലാം സാധ്യമാകുന്നു എന്ന അന്വേഷണമാണ് നടത്തിയിരിക്കുന്നത്. ക്രിസ്ത്യൻ മിഷണറിമാർ മലയാളഭാഷയ്ക്കും കേരളീയ സമൂഹത്തിനും നൽകിയ സംഭാവനകളെകുറിച്ച് നിരവധി പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ആധുനികീകരണ പ്രക്രിയയിൽ ജോർജ് മാത്തന്റെ സംഭാവനകളെ മുൻനിർത്തി ആലോചന നടന്നിട്ടില്ല.

### 0.5 പഠനമേഖല

മതം, ഭാഷ, വിദ്യാഭ്യാസം, നീതിന്യായം, ശാസ്ത്രം എന്നീ മേഖലകളിലായി ജോർജ് മാത്തൻ രചിച്ച ഗ്രന്ഥങ്ങളെ അടിസ്ഥാനപ്പെടുത്തി കേരളത്തിന്റെ ആധുനികീകരണ പ്രക്രിയയെ വിലയിരുത്താനാണ് ഈ പ്രബന്ധം ശ്രമിക്കുന്നത്. കേരളത്തിന്റെ സാമൂഹികസാംസ്കാരിക ചരിത്രങ്ങളുടെയും പഠനങ്ങളുടെയും വെളിച്ചത്തിലാണ് ഈ പ്രബന്ധം രൂപകല്പന ചെയ്തിരിക്കുന്നത്.

### 0.6 പ്രബന്ധസ്വരൂപം

‘ജോർജ് മാത്തനും കേരളത്തിന്റെ ആധുനികീകരണവും’ എന്ന ഈ ഗവേഷണ പ്രബന്ധത്തിൽ ആമുഖവും ഉപസംഹാരവും കൂടാതെ നാല് അധ്യായങ്ങളുണ്ട്.

‘കേരളത്തിന്റെ ആധുനികീകരണം’ എന്ന ഒന്നാമത്തെ അധ്യായത്തിൽ കേരളത്തിന്റെ സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ മേഖലകളുടെ വികാസത്തിലൂടെ കേരളത്തിന്റെ ആധുനികീകരണം സാധ്യമായതെങ്ങനെ എന്ന സാമാന്യ അവലോകനം നടത്തുന്നു.

‘കേരളത്തിന്റെ ആധുനികീകരണവും നാട്ടുമിഷണറിമാരും’ എന്ന രണ്ടാം അധ്യായത്തിൽ മിഷണറിമാരുടെ സമുദായ പരിഷ്കരണ ശ്രമങ്ങളും വിദ്യാഭ്യാസ വൈജ്ഞാനിക മുന്നേറ്റങ്ങളും മിഷണറി സാഹിത്യവും വിശകലനം ചെയ്യുന്നു. മിഷണറി പ്രവർത്തകരുടെ ഭാഷാ സാഹിത്യ പ്രവർത്തനങ്ങളെ പ്രതിപാദിക്കുന്നു. ജോർജ് മാത്തന്റെ സാഹിത്യസംഭാവനകളെ സവിശേഷമായി വിലയിരുത്തുന്നു.

‘മലയാള വ്യാകരണവും ജോർജ് മാത്തനും’ എന്ന മൂന്നാം അധ്യായത്തിൽ വ്യാകരണ മേഖലയിൽ ജോർജ് മാത്തന്റെ പങ്ക് എന്താണെന്ന് അന്വേഷിക്കുന്നു. കൂടാതെ ഗുണ്ടർട്ടിന്റെ കൃതിയും മാത്തന്റെ കൃതിയും താരതമ്യവിധേയമാക്കുന്നു.

‘ജോർജ് മാത്തന്റെ സാമൂഹികവീക്ഷണം’ എന്ന നാലാം അധ്യായത്തിൽ മതപരവും സാമൂഹികവും സാംസ്കാരികവും ഭാഷാപരവും വിദ്യാഭ്യാസപരവും സാഹിത്യപരവുമായ രചനകളെ അടിസ്ഥാനമാക്കി അദ്ദേഹത്തിന്റെ സാമൂഹിക വീക്ഷണം വിശകലനം ചെയ്യുന്നു. കൂടാതെ മിഷണറിമാരുടെ ആരോഗ്യപരിപാലന ത്തെക്കുറിച്ചും ആതുരശുശ്രൂഷയെക്കുറിച്ചും പ്രതിപാദിക്കുന്നു. ജോർജ്ജ് മാത്തൻ ലണ്ടൻ മിഷണറി സൊസൈറ്റിയ്ക്ക് അയച്ച കത്തുകളെ ഇവിടെ വിശകലനം ചെയ്യുന്നു.

ജോർജ് മാത്തന്റെ  ലഘു ജീവചരിത്രക്കുറിപ്പും കൃതികളുടെ പട്ടികയും, മിഷണറി റിപ്പോർട്ടുകളുടെ പകർപ്പും മിഷണറി കൃതികളുടെ പട്ടികയും അടങ്ങുന്ന അനുബന്ധവും ഗ്രന്ഥസൂചിയും ഉൾപ്പെടുത്തുന്നതാണ് പ്രബന്ധം.

'കേരളത്തിന്റെ ആധുനികീകരണം' എന്ന ഒന്നാം അധ്യായത്തിൽ കേരളം എന്ന സാംസ്കാരിക ഭൂമികയുടെ ആധുനികീകരണത്തെ സാമാന്യമായി അവലോകനം ചെയ്യുന്നു. അധിനിവേശപൂർവ്വ കേരളവും അധിനിവേശകാലകേരളവും സാംസ്കാരിക ജീവിതത്തിന്റെ വെളിച്ചത്തിൽ വിശകലനവിധേയമാക്കുന്നു. യന്ത്രവത്ക്കരണം, വ്യവസായവത്ക്കരണം, അച്ചടി, പത്രപ്രവർത്തനം, വിദ്യാഭ്യാസം എന്നീ മേഖലകൾ കേരളത്തിന്റെ ആധുനികീകരണപ്രക്രിയയെ അടയാളപ്പെട്ട ത്തിയതെങ്ങനെ എന്ന് നിരീക്ഷിക്കുന്നു. കേരളത്തിന്റെ നവോത്ഥാന മുന്നേറ്റവും മിഷണറി പ്രവർത്തനവും ആധുനികീകരണത്തിലേക്ക് നയിക്കുന്നതിന്റെ പ്രേരക ശക്തിയായതും ഭാഷാ സാഹിത്യമണ്ഡലങ്ങൾ വികാസം പ്രാപിച്ചതും ഈ അധ്യായത്തിൽ വിശദീകരിക്കുന്നു.

'കേരളത്തിന്റെ ആധുനികീകരണവും നാട്ടുമിഷണറിമാരും' എന്ന രണ്ടാം അധ്യായത്തിൽ കേരള സമൂഹത്തിന്റെ സമഗ്രമായ വികസനത്തിൽ മിഷണറിമാർ വഹിച്ച പങ്ക് വിശകലനം ചെയ്യുന്നു. മിഷണറിമാർ നടത്തിയ സാമുദായിക പരിഷ്കരണ ശ്രമങ്ങളും വിദ്യാഭ്യാസ പ്രവർത്തനങ്ങളും അവരുടെ നേതൃത്വത്തിൽ ഉണ്ടായ വൈജ്ഞാനിക മുന്നേറ്റങ്ങളും വിശകലനം ചെയ്യുന്നു. വ്യവസായം, യന്ത്രവത്ക്കരണം, ഗതാഗതം, ശാസ്ത്ര ജ്ഞാനം, കൃഷി, ചികിത്സ, പത്ര പ്രവർത്തനം തുടങ്ങിയ മേഖലകളിലെ നവീനമായ അറിവുകൾ സമൂഹത്തിന്റെ  ചാലകശക്തിയായി മാറിയത് വിശകലനം ചെയ്യുന്നു.

മിഷണറി സാഹിത്യത്തെ സാമാന്യമായും ജോർജ് മാത്തന്റെ ഭാഷാ സാഹിത്യസംഭാവനകളെ സവിശേഷമായും പഠനവിധേയമാക്കിയിരിക്കുന്നു. വിദേശീയരുടെയും  തദ്ദേശീയരുടെയും രചനകളെ തരം തിരിക്കുന്നു.  മതപ്രബോധനാ

ത്മകമായ രചനകൾ മലയാളസാഹിത്യത്തെ പരിപോഷിപ്പിച്ചതിന്റെയും സാഹിത്യം മതപ്രചരണത്തിന് ഉപയോഗപ്പെടുത്തിയതിന്റെയും സാംസ്കാരികഫലങ്ങളെ ഇവിടെ പരിശോധിക്കുന്നു. നാട്ടുക്രിസ്ത്യാനികൾ നടത്തിയ സാഹിത്യപരിശ്രമങ്ങൾ വിശകലനവിധേയമാക്കുന്നു. ജോർജ് മാത്തന്റെ മതാത്മകരചനകളും വൈജ്ഞാനിക രചനകളും വിവർത്തനകൃതികളും സമാഹരിക്കപ്പെടാത്ത ലേഖനങ്ങളും പരിചയ പ്പെടുത്തുകയും അവയുടെ ഉള്ളടക്കത്തെ മുൻനിർത്തി, കേരളത്തിന്റെ ആധുനികീകരണ പശ്ചാത്തലം വിശകലനം ചെയ്യുന്നു.

'മലയാള വ്യാകരണവും ജോർജ് മാത്തനും' എന്ന മൂന്നാം അധ്യായത്തിൽ വ്യാകരണമേഖലയിൽ മാത്തന്റെ പങ്ക് എന്താണെന്ന് അന്വേഷിക്കുന്നു. ഭാഷാവ്യാകരണ ചരിത്രത്തെ അന്വേഷണവിധേയമാക്കുന്നു. സാമാന്യമായി വിശകലനം ചെയ്യുകയും ജോർജ് മാത്തന്റെയും ഗുണ്ടർട്ടിന്റെയും വ്യാകരണകൃതികളെ താരതമ്യപ്പെടുത്തി അപഗ്രഥിക്കുകയും ചെയ്യുന്നു. ആധുനികതയ്ക്ക് മുൻപ് മലയാളത്തിലുണ്ടായ വ്യാകരണകൃതികളെ പരിചയപ്പെടുത്തുന്നു. ജോർജ് മാത്തന്റെ 'മലയാഴ്മയുടെ വ്യാകരണം' മുന്നോട്ടുവെച്ച ആധുനികീകരണ ചിന്തകളെ വിശകലനം ചെയ്യുന്നു.

'ജോർജ് മാത്തന്റെ സാമൂഹ്യവീക്ഷണം' എന്ന നാലാം അധ്യായത്തിൽ മതപ്രബോധകൻ എന്ന നിലയിലും സാമൂഹിക, രാഷ്ട്രീയ ഭാഷാ വിദ്യാഭ്യാസ പ്രവർത്തകൻ എന്ന നിലയിലും അദ്ദേഹം നടത്തിയ പ്രവർത്തനങ്ങളും അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളും വിലയിരുത്തുകയാണ്. ജാതിപരമായുള്ള വിവേചന ങ്ങളെ തന്റെ ധൈഷണിക പദ്ധതികളിലൂടെ മറികടക്കാൻ ജോർജ് മാത്തന് സാധിച്ചതിന്റെ വിവരണവും കൂടിയാണ് ഈ അധ്യായം. ഭാഷയെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട് ഏറ്റവും നൂതനമായിരുന്നു. മാതൃഭാഷയിൽ ഊന്നിയ വിദ്യാഭ്യാസമാണ് അദ്ദേഹം മുന്നോട്ട് വെച്ചത്. നവോത്ഥാനപരമായ ആശയങ്ങൾ സാധാരണ ജനങ്ങളിലേക്ക് എത്തിക്കാനും ഇതേ വഴിതന്നെയാണ് അദ്ദേഹം സ്വീകരിച്ചത്. സാമ്പത്തിക വിനിമയത്തിൽ വ്യക്തികൾക്ക്

ലഭിക്കുന്ന സ്വാതന്ത്ര്യ മാണ് സമൂഹപുരോഗതിയുടെ അടിസ്ഥാനം എന്നും അദ്ദേഹം കരുതുന്നു. സാമൂഹികവും സാമ്പത്തികവുമായ അടിമത്തത്തിൽനിന്ന് മോചനം നേടാൻ ജാതിവ്യവസ്ഥയിൽ നിന്ന് പുറത്തുകടക്കേണ്ടതുണ്ടെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. അടിമജീവിതം നയിക്കുന്ന സാധാരണ മനുഷ്യരെ മോചിപ്പിക്കാനുള്ള ഉപാധിയായിരുന്നു അദ്ദേഹത്തിന് ഭാഷ.

## 0.7 പഠനത്തിന്റെ രീതിശാസ്ത്രം

സാംസ്കാര പഠനങ്ങളുടെ വെളിച്ചത്തിൽ കേരളത്തിന്റെ ആധുനികീകരണ പ്രക്രിയയെയും, ഭാഷ, സാഹിത്യം, മതം, വിദ്യാഭ്യാസം എന്നീ മേഖലകളിലായി ജോർജ് മാത്തൻ രചിച്ച കൃതികളെയും സമീപിച്ചുകൊണ്ട് അവയെ വിശകലനം ചെയ്യുന്ന അപഗ്രഥനാത്മകവും വിവരണാത്മകവുമായ രീതിയാണ് ഈ പ്രബന്ധം സ്വീകരിച്ചിരിക്കുന്നത്.

അധ്യായം ഒന്ന്

# കേരളത്തിന്റെ ആധുനികീകരണം

## 1.0 ആമുഖം

സവിശേഷമായ സാംസ്കാരിക സന്ദർഭത്തിലാണ് വിവിധ മാറ്റങ്ങൾ സമൂഹത്തിൽ രൂപപ്പെട്ടുവരുന്നത്. മൂന്നാംലോകത്തെ സംബന്ധിച്ച് ആധുനികീകരണ പ്രക്രിയ കോളനിവൽക്കരണപ്രക്രിയ കൂടിയാണ്. അധിനിവേശവും അതുണ്ടാക്കിയ പ്രതികരണവുമാണ് കേരളമുൾപ്പെടെയുള്ള പ്രദേശങ്ങളിൽ ആധുനികീകരണത്തിനു വഴിവെച്ചത്.

ജീവിതാനുഭവങ്ങളുടെയും പരിതസ്ഥിതിയുടെയും രൂപാന്തരങ്ങൾ മാനുഷികമായ അഭിരുചികളെ സ്വാധീനിക്കുക സ്വാഭാവികമാണ്. അതുകൊണ്ടുതന്നെ കാലഘട്ടത്തിന്റെ ആവശ്യമെന്നോണം കലാ-സാംസ്കാരിക-വൈജ്ഞാനിക മണ്ഡലങ്ങളിലുണ്ടാകുന്ന വീക്ഷണവ്യതിയാനങ്ങൾ പുതിയ ഭാവുകത്വനിർമിതിക്ക് കാരണമാകുകയും ചെയ്യും

കേരളസമൂഹത്തിന്റെ ആധുനികീകരണം ആരംഭിച്ചത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലായിരുന്നു. കേരളീയ സാമൂഹ്യജീവിതവുമായി ബന്ധപ്പെട്ട സകല ഇടങ്ങളെയും തലങ്ങളെയും നവീകരിക്കുന്ന പ്രക്രിയയ്ക്ക് അക്കാലത്ത് തുടക്കമായി. വിദ്യാഭ്യാസം, വൈദ്യം, വസ്ത്രധാരണം, ഭക്ഷണം ആചാരാനുഷ്ഠാനങ്ങൾ, ഭാഷ, സാഹിത്യം, കലകൾ തുടങ്ങിയ എല്ലാ കാര്യങ്ങളിലും മാറ്റങ്ങൾ വന്നു. ആധുനികീകരണത്തിന് കാരണവും പ്രചോദനവുമായിത്തീർന്ന ഘടകങ്ങൾ അച്ചടി, പുസ്തകപ്രസാധനം, പത്ര-മാസിക പ്രചാരണം, പൊതുവിദ്യാ ഭ്യാസത്തിന്റെ വ്യാപനം തുടങ്ങിയവയായിരുന്നു.

'അധുനാ' എന്ന സംസ്കൃതപദത്തിൽനിന്നാണ് ആധുനികം, ആധുനികത, ആധുനികീകരണം എന്നീ രൂപങ്ങളുണ്ടായത്. ആധുനികീകരണം (Modernization) എന്ന പദത്തിന് ഏറ്റവും പുതിയതാക്കുക, പുതിയ നൂറ്റാണ്ടിലേയ്ക്കു നീങ്ങുക, കാര്യക്ഷമമാക്കുക, യുക്ത്യനുസൃതമാക്കുക, ഉടച്ചുവാർക്കുക, വികസിപ്പിക്കുക, അഴിച്ചുപണിയുക, പുതിയ മാതൃക കൈക്കൊള്ളുക, ചൈതന്യവത്ക്കരിക്കുക, പുനർനിർമ്മിക്കുക, മോടിപിടിപ്പിക്കുക, മിനുക്കുക, വീണ്ടും ചെയ്യുക എന്നീ നിരവധി അർത്ഥങ്ങളാണ് ഓക്സ്ഫോർഡ് ഡിക്ഷണറി നൽകിയിരിക്കുന്നത്.[1]

കേവലം കാലികമായ അർത്ഥസങ്കല്പങ്ങളിൽ ആധുനികീകരണത്തെ ഒതുക്കാതെ, നിരന്തര പരിണാമിയും സക്രിയവും പ്രതികരണാത്മകവുമായ ഘടനാസങ്കല്പത്തിൽ നോക്കിക്കാണുകയാണ് വേണ്ടത്. ആധുനികത (modernity) എന്ന സംജ്ഞയ്ക്ക് ലഭ്യമായിരിക്കുന്ന സാങ്കേതിതാർത്ഥ പദവി, ആധുനികീ കരണത്തിന് നൽകപ്പെട്ടിട്ടില്ല.

'ആധുനികീകരണം എന്ന പദം സാമൂഹിക ശാസ്ത്രജ്ഞന്മാർ ഉപയോഗിക്കു ന്നത്, കുറഞ്ഞ വികസിത പാരമ്പര്യമുള്ള സമൂഹങ്ങൾ കൂടുതൽ പുരോഗമനപരമായ സമൂഹങ്ങളിലേക്ക് മാറുന്നതിന്റെ വിപുലമായ പ്രക്രിയയെ സൂചിപ്പിക്കുന്നതിനാണ്. നഗരവത്ക്കരണം, സാക്ഷരത, വ്യവസായവൽക്കരണം തുടങ്ങിയ സവിശേഷതകളും അതിനൊപ്പം ഗതാഗത സംവിധാനങ്ങളും ബഹുജനമാധ്യമങ്ങളും സാമൂഹിക ജീവിതത്തിന്റെ ഭാഗമാണ്. തൽഫലമായി അത്തരം ആധുനിക സമൂഹങ്ങളിൽ ഇരിക്കുന്നവർ തങ്ങളുടെ പരമ്പരാഗത അധികാര സ്രോതസ്സുകളായിരുന്ന മാതാപിതാക്കൾ, പുരോഹിതന്മാർ എന്നിവരിൽനിന്നും പുതിയ അധികാരികളായ സർക്കാർ സംവിധാനങ്ങളിലേക്കും ഉദ്യോഗസ്ഥവൃത്തങ്ങളിലേക്കും തങ്ങളുടെ

1 The Oxford English Dictionary, Oxford University Press, Volume XI-LM, 1970, p. 874

പ്രതിബദ്ധതയെ മാറ്റിത്തീർക്കേണ്ടതുണ്ട്.'[2] ഈയർത്ഥത്തിൽ സമൂഹത്തിന്റെ അധികാരകേന്ദ്രത്തിലുള്ള മാറ്റം കൂടിയാണ് ആധുനികത.

## 1.1 ആധുനികീകരണത്തിന്റെ പ്രധാന സവിശേഷതകൾ

1. പരമ്പരാഗതസമൂഹങ്ങളുടെ തകർച്ച ആധുനികീകരണത്തെയും വ്യവസായ വത്ക്കരണത്തെയും അടയാളപ്പെടുത്തുന്നു. ഇത് പരമ്പരാഗതകൂട്ടായ്മകൾ തമ്മിലുള്ള ഇടപെടലുകളുടെ പ്രാധാന്യം കുറയ്ക്കുകയും വിദ്യാഭ്യാസ സംവിധാനത്തിലൂടെ പുതിയ സംഘങ്ങളുടെ രൂപീകരണത്തിന് കാരണ മാവുകയും ചെയ്യുന്നു.

2. ആധുനികീകരണം വർദ്ധിക്കുന്നതനുസരിച്ച് സമൂഹം കൂടുതൽ ഉദ്യോഗസ്ഥ വത്ക്കരിക്കപ്പെടുകയും ഔപചാരിക സംഘടനകളാൽ ആശയവിനിമയം രൂപപ്പെടുകയും ചെയ്യുന്നു. തൽഫലമായി ബന്ധുത്വത്തിന്റെയും അയൽപക്ക ത്തിന്റെയും പരമ്പരാഗത ബന്ധങ്ങൾ കുറയുന്നു. സമൂഹത്തിലെ അംഗങ്ങളിൽ അനിശ്ചിതത്വവും നിസ്സഹായതയും വികസിക്കുന്നു.

3. മതസ്ഥാപനങ്ങൾക്ക് പ്രാധാന്യം കുറയുന്നു. ജീവിതം നവീകരിക്കപ്പെടാൻ തുടങ്ങുന്നതോടെ ആളുകൾക്ക് സ്വന്തം ജീവിതത്തിന്റെ നിയന്ത്രണം നഷ്ടപ്പെട്ടതായി അനുഭവപ്പെടുന്നു. അതുകൊണ്ടുതന്നെ അതിന്റെ പ്രതികരണം എന്ന നിലയിൽ സമൂഹത്തിൽ പുതിയ മതസംഘങ്ങളും ഇതരസംഘങ്ങളും ഉണ്ടാകുന്നു.[3]

---

2 Andersen, ML, Taylor, Howard F. Sociology 2008, p.630

3 Anderson, ML, Taylor, Howard F. Sociology 2008. P.630

## 1.2 ആധുനികീകരണം - നിർവ്വചനങ്ങൾ

'സാമൂഹികവും സാംസ്കാരികവുമായ മാറ്റത്തിന്റെ ഒരു പ്രക്രിയ എന്ന നിലയിൽ ആധുനികീകരണം വ്യവസായവത്ക്കരണവും തുടർന്ന് വർദ്ധിച്ചുവരുന്ന സാമൂഹികസംതൃപ്തിയും തൊഴിൽവിഭജനവും വഴി പ്രചോദിപ്പിക്കപ്പെടുന്നു. വ്യവസായ വത്ക്കരണത്തിന്റെ അഭാവത്തിൽപ്പോലും സമൂഹത്തിന് സാമൂഹ്യമാറ്റം അനുഭവിക്കാൻ കഴിയും. എങ്കിലും ആധുനികീകരണം എന്നത് വ്യവസായ വത്ക്കരണത്തിന്റെ ഫലമായ ഒരു പ്രത്യേകതരം സാമൂഹികമാറ്റമാണ്. ഒരു വ്യവസായവത്ക്കരണ സമൂഹത്തിലേക്കുള്ള മാറ്റം ധനാത്മകവും ഋണാത്മകവുമായ ഫലങ്ങൾ കൊണ്ടുവരുന്നു.'[4] എന്നതാണ് ശാസ്ത്രസാങ്കേതിക രംഗത്തെ കുതിച്ചുചാട്ടമായി ആധുനികീകരണപ്രക്രിയയെ കാണുന്നവർ അതിന് നൽകുന്ന നിർവ്വചനം.

മറ്റൊരു വിഭാഗം ആധുനികീകരണം എന്നത് 'ജീവിതത്തിന്റെ സമസ്ത മേഖലകളിലേക്കും തുളച്ചുകയറാൻ ശ്രമിക്കുന്ന വൻ സാമൂഹികമാറ്റങ്ങളെ ഉൾക്കൊള്ളുന്ന ഒന്നാണ്. സാമ്പത്തികപ്രവർത്തനങ്ങൾ, സാമൂഹികജീവിതം, രാഷ്ട്രീയം, സ്ഥാപനങ്ങൾ എന്നിവയെല്ലാം സ്വയം ശക്തിപ്പെടുന്ന ഒരു പ്രക്രിയയാണത്. മനുഷ്യസമൂഹത്തിന് മാറ്റവും നവീകരണവും ആവശ്യമാണ്. മനുഷ്യസമൂഹം പുരോഗമിക്കുകയാണെന്ന തീവ്രമായ അവബോധവും അത് നൽകുന്നു. ചരിത്രപരമായി, മനുഷ്യപുരോഗതി എന്ന ആശയം താരതമ്യേന പുതിയതാണ്. പ്രകൃതിശക്തികൾക്കു മുന്നിൽ നിസ്സഹായരായ മനുഷ്യരെയാണ് ആധുനികപൂർവ്വസമൂഹത്തിൽ കണ്ടിരുന്നത്. കാർഷിക-സമ്പദ്‌വ്യവസ്ഥയിൽ ബഹുജനജീവിതനിലവാരത്തിൽ ഒരു വളർച്ചയും ഉണ്ടായിട്ടില്ല. ഇക്കാലത്ത് മനുഷ്യപുരോഗതിയെക്കുറിച്ചുള്ള ആശയംതന്നെ അയഥാർത്ഥമാണ്.'[5]

---

4 Schefer R. T., Sociology, 2009, p.128

5 Mc Neill, W. (1990) The rise of the west: The history of the Human Community. University of Chicago Press, Chicago.

ഇത്തരത്തിൽ ആധുനികപൂർവ്വസമൂഹത്തേയും മനുഷ്യരേയും ഇകഴ്ത്തികാണിക്കുന്ന നിർവ്വചനങ്ങളാണ് ആധുനികീകരണ പ്രക്രിയയെ വിശദീകരിക്കു ന്നതിലധികവും.

'എണ്ണായിരം വർഷത്തെ കാർഷിക ചരിത്രത്തിനുശേഷം സാമ്പത്തിക വളർച്ച ജനസംഖ്യയെ മറികടക്കാൻ തുടങ്ങിയതോടുകൂടിയാണ് 16-ാം നൂറ്റാണ്ടിലെ വ്യാവസായിക മുതലാളിത്തത്തിനു മുമ്പുള്ള കാലം രൂപപ്പെടുന്നത്. ഇക്കാലത്ത് മാനവികതയുടെയും പ്രബുദ്ധതയുടെയും തത്വചിന്തകൾ ഉദയം ചെയ്തു. മനുഷ്യന്റെ ബൗദ്ധികനേട്ടത്തെ അടിസ്ഥാനമാക്കിയുള്ള സാങ്കേതികനേട്ടങ്ങൾ സമൂഹങ്ങളെ മറികടക്കാൻ പ്രാപ്തമാക്കും എന്ന ആശയം രൂപപ്പെട്ടു. പ്രകൃതിശക്തികളുടെ വ്യതിയാനങ്ങൾ സൃഷ്ടിച്ച പരിമിതികളെ മറികടന്നു. ശാസ്ത്രത്തെ മുൻനിർത്തി മതബോധത്തിന്റെ കുത്തകയെ വെല്ലുവിളിച്ചു. മനുഷ്യപുരോഗതി എന്ന ആശയം ജനിച്ചു ഇതാണ് സാമൂഹികമാറ്റങ്ങളുടെ അടിസ്ഥാനം'.[6] ആധുനികീകരണ പ്രക്രിയയുടെ ആരംഭത്തെ പ്രബുദ്ധതയുടെ ഘട്ടവുമായി ബന്ധിപ്പിക്കുന്ന പഠനങ്ങളും കാണാം.

ആധുനികീകരണ പ്രക്രിയയെ കൃത്യമായി ഒരിടത്ത് ആരംഭിക്കുകയും അവസാനിക്കുകയും ചെയ്തു ഒന്നായി കാണുക സാധ്യമല്ല. അത് തുടർ പ്രക്രിയയാണ്. എങ്കിലും നിർവ്വചനങ്ങളിൽ ചൂണ്ടിക്കാണിച്ചതുപോലെ പ്രകൃതി, മതം എന്നിങ്ങനെ അതുവരെ സമൂഹത്തെ നിയന്ത്രിച്ചിരുന്ന കേന്ദ്രങ്ങളിൽ നിന്നുള്ള ഒരുമാറ്റമാണത് പ്രകടമാക്കുന്നത്. മനുഷ്യകേന്ദ്രിതമായൊരു സമൂഹത്തിന്റെ ആരംഭമായിരുന്നു അത്. ഭൗതികമായും സാമ്പത്തികമായും മനുഷ്യരുടെ സങ്കല്പങ്ങളിൽ വന്ന മാറ്റത്തെയാണത് കുറിക്കുന്നത്.

### 1.3 ആധുനികീകരണത്തിന്റെ മാനങ്ങൾ

---

6 Lands, D,S (1998) The Wealth and Poverty of Nations : Why some are so Rich and Some so poor. w.w.Norton, New York.

ആധുനികീകരണം ആരംഭിക്കുന്നത് മാറ്റങ്ങളോടെയാണ്. സാമൂഹിക സാമ്പത്തിക അടിത്തറയിൽനിന്നാണ് സ്ഥാപനപരവും സാംസ്കാരികവുമായ ഉപരിഘടനയിൽ മാറ്റങ്ങൾ ഉണ്ടാവുന്നത് എന്ന് ആധുനികീകരണ സിദ്ധാന്തക്കാർ വാദിച്ചു. 'സാമൂഹിക സാമ്പത്തിക അടിത്തറ'(Socio-Economic Basic), 'മേൽപ്പുര' (Super structure) എന്നീ മാർക്സിയൻ പദങ്ങളാണ് അവർ ഉപയോഗിച്ചത്. സാമൂഹികമായ മാറ്റങ്ങൾ, സാങ്കേതിക പുരോഗതി, എന്നിവ സാംസ്കാരിക മൂല്യങ്ങൾ, രാഷ്ട്രീയ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു. സാമ്പത്തിക ഉല്പാദനം മനുഷ്യപ്രവർത്തനങ്ങളുടെ ഏറ്റവും അടിസ്ഥാനമേഖല ആയതിനാൽ ഉല്പാദന സാങ്കേതികവിദ്യയിലെ മാറ്റങ്ങൾ സാമൂഹ്യജീവിതത്തിന്റെ സമസ്തമേഖലകളിലെയും മാറ്റത്തിന് പ്രചോദനമായി.

ഉല്പാദനസാങ്കേതികവിദ്യയിലെ മാറ്റങ്ങൾ വ്യാവസായിക പൂർവ്വകാലഘട്ടത്തിൽനിന്ന് വ്യാവസായിക സമൂഹങ്ങളിലേക്കും വ്യാവസായിക സമൂഹത്തിൽനിന്ന് വ്യവസായികാനന്തര സമൂഹങ്ങളിലേക്കും എന്ന നിലയിൽ വലിയ സാമ്പത്തിക പരിവർത്തനങ്ങൾക്ക് കാരണമായി. മനുഷ്യരുടെ തൊഴിൽ വൈദഗ്ധ്യങ്ങളെ പ്രത്യേക മേഖലകളിലേക്ക് തരംതിരിച്ചു. തൊഴിൽ നവീകരണങ്ങൾ സാങ്കേതിക വിദ്യകൾ എന്നിവയെല്ലാം ഉല്പാദനക്ഷമത വർദ്ധിപ്പിച്ചു. തൊഴിൽശക്തിയും സാങ്കേതികവിദ്യയും കൂടിച്ചേർന്നപ്പോഴാണ് ഉദ്പാദനക്ഷമത വർദ്ധിക്കുകയും വ്യവസായമേഖല വളരുകയും ചെയ്തത്. ഇക്കാലത്തുതന്നെ ബൗദ്ധികമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിലേക്കും സേവനമേഖലകളിലേക്കുമുള്ള മാറ്റവും സംഭവിച്ചു. ആശയ വിനിമയം, വിദ്യാഭ്യാസം, ഗവേഷണം, വികസനം, എഞ്ചിനീയറിംഗ് രൂപകല്പന, കല, വിനോദം തുടങ്ങിയവയിലും നവീനമായ പരിവർത്തനങ്ങളുണ്ടായി. ശാസ്ത്രരംഗത്തെ ബൗദ്ധികനേട്ടങ്ങൾ സാമൂഹികമായ പുരോഗതിയുടെ അടിസ്ഥാനമായി മാറി. മനുഷ്യരുടെ ജൈവപ്രക്രിയയിലും

സാമൂഹികമേഖലകളിലും ഇത് വലിയ പരിവർത്തനങ്ങൾ ഉണ്ടാക്കി. അവയെ താഴെ സൂചിപ്പിക്കുന്നു.[7]

### 1.3.1 ബഹുജനാധിഷ്ഠിത മനുഷ്യവിഭവശേഷിയുടെ വളർച്ച

സാങ്കേതികമായുള്ള പുരോഗതി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും ജീവിത ത്തിൽ ഭൗതികനിലവാരം ഉയർത്തുകയും ചെയ്യുന്നു. സാമ്പത്തികവിഭവങ്ങളും സാങ്കേതിക ഉപകരണങ്ങളും വിജ്ഞാനവിവരങ്ങളും വർദ്ധിച്ചതോതിൽ ലഭ്യമാവുന്നു.

### 1.3.2 തൊഴിൽപരമായ വൈവിധ്യങ്ങൾ

ഉല്പാദനക്ഷമതയിലെ സാങ്കേതികമുന്നേറ്റം സാമ്പത്തികവളർച്ചയുടെ തോത് വർദ്ധിപ്പിച്ചു. ഉത്പാദനക്ഷമതയുള്ള മനുഷ്യരുടെ പരിധിയിലേക്ക് പ്രവർത്തനങ്ങൾ വന്നുചേർന്നു. ഇത് തൊഴിലിന്റെ വൈവിദ്ധ്യവത്ക്കരണത്തിനും തൊഴിൽ വിഭജനത്തിനും പരസ്പരാശ്രിതത്വത്തിനും കാരണമായി. അങ്ങനെ സാമൂഹിക സങ്കീർണ്ണത വർദ്ധിച്ചു.

### 1.3.3 സംഘാടനത്തിലെ വൈവിധ്യം

വർദ്ധിച്ചുവരുന്ന സാമ്പത്തിക സാമൂഹിക സങ്കീർണ്ണതകൾ സംഘടനാപരമായ വൈവിധ്യങ്ങളെക്കൂടി സൃഷ്ടിച്ചു. ഏജൻസികൾ, സാമൂഹികപ്രസ്ഥാനങ്ങൾ ഔപചാരികവും അനൗപചാരികവുമായ വിവിധ സംഘങ്ങൾ തുടങ്ങിയവ രൂപീകരിക്കപ്പെട്ടു. ഈ സംഘങ്ങൾ സമൂഹത്തിൽ പരസ്പരാശ്രിതത്വം പുലർത്തി. സംഘടിതമായ ഈ ജീവിതമാണ് എല്ലാ മനുഷ്യപ്രവർത്തനങ്ങളെയും വഴിതിരിച്ചുവിട്ടത്.

---

[7] Bell.D (1973) The coming of post Industrial Society, Basics Books, New York.

### 1.3.4 ഭരണകൂടത്തിന്റെ വർദ്ധിതശേഷിയും പ്രവർത്തനങ്ങളുടെ വിപുലീകരണവും

ബഹുജനാധിഷ്ഠിത മനുഷ്യവിഭവശേഷി വർദ്ധിച്ചതിനാൽ വ്യവസായവത്ക്കരണാനന്തരം ഭരണകൂടത്തിന്റെ ശേഷിയും പ്രവർത്തനവും പുരോഗതി പ്രാപിച്ചു. നികുതി സംവിധാനങ്ങളും അടിസ്ഥാനസൗകര്യങ്ങളും ജോലികളുടെ വിപുലീകരണവും ഭരണനിർവ്വഹണത്തെ സുഷ്ടിപരമാക്കി. വൈവിധ്യവത്ക്കരണം സേവനങ്ങളെയും നിയന്ത്രണങ്ങളെയും ആധുനികീകരിച്ചു.

### 1.3.5 ബഹുജനരാഷ്ട്രീയം

ബഹുജനരാഷ്ട്രീയം ആധുനികീകരണത്തിന്റെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. അവകാശബോധവും വിവിധ മേഖലകളിലുള്ള പ്രാതിനിധ്യവും അംഗീകാരവും സമൂഹ വളർച്ചയുടെ പുരോഗമനാത്മക സൂചനകളാണ്. അതിന്റെ തുടർച്ചയെന്നോണമാണ് സാർവ്വത്രിക വോട്ടവകാശത്തിലേക്കും വിവിധ മേഖലകളിലെ ബഹുജന പങ്കാളിത്തത്തിലേക്കും ജനാധിപത്യത്തിലേക്കും എത്തിച്ചേർന്നത്.

### 1.3.6 യുക്തിയും മതേതരത്വവും

മനുഷ്യജീവിതത്തിലെ വ്യത്യസ്തമായ അനുഭവങ്ങളാണ് ഈ രണ്ട് ആശയാവലികളും പകർന്നുതന്നത്. മനുഷ്യന്റെ ജീവിതവീക്ഷണങ്ങളും താല്പര്യങ്ങളും മൂല്യസങ്കല്പങ്ങളും അടിമുടി മാറ്റാനും സാമൂഹിക-സാംസ്കാരിക പരിവർത്തനങ്ങൾക്ക് ആക്കംകൂട്ടാനും ഇതുവഴി സാധിച്ചു. ആധുനികീകരണത്തിന്റെ അടിസ്ഥാനപരമായ മൂല്യങ്ങളാണ് യുക്തിയും മതേതരത്വവും എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ആത്മീയ മതമൂല്യങ്ങളിൽനിന്ന് മതേതര യുക്തിവാദത്തിലേക്കുള്ള പരിവർത്തനംകൂടിയാണ് ആധുനികീകരണം. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും അമാനുഷിക ശക്തികളെയും ദൈവികവിധികളെയും അവ നിരാകരിക്കുന്നു. മതേതരങ്ങളെ യുക്തിസഹമായ വിശ്വാസത്തെയും ശാസ്ത്രീയതയെയും അടിസ്ഥാനപ്പെടുത്തി

പുനഃസ്ഥാപിക്കുന്നു. ഉത്പാദനസമ്പ്രദായത്തിന്റെയും പുതിയ രാഷ്ട്രീയക്രമത്തിന്റെയും വെളിച്ചത്തിൽ അവയെല്ലാം മനുഷ്യസൃഷ്ടിയായി കരുതപ്പെട്ടു.[8]

## 1.4 ആധുനികീകരണവും സംസ്കാരവും

സാമൂഹിക-സാമ്പത്തിക പരിവർത്തനങ്ങൾ പ്രവചനാതീതമായ സാംസ്കാരിക മാറ്റങ്ങൾക്ക് കാരണമാകുന്നു. ധാർമ്മികമൂല്യങ്ങളിലും ബൗദ്ധിക ഇടപെടലുകളിലും മാറ്റങ്ങൾ പ്രകടമാണ്. സമൂഹം സ്വീകരിച്ചിരിക്കുന്ന ആശയ ധാരകളെ മുൻനിർത്തിയാണ് ഈ മാറ്റം സാധ്യമാവുന്നത്. ഏതൊരു സമൂഹത്തിന്റെയും അടിസ്ഥാനമൂല്യം പരിവർത്തനമൂല്യത്തിലേക്ക് എത്തിപ്പെടുന്നതുകൊണ്ടുതന്നെ അതിന്റെ സാംസ്കാരിക പൈതൃകത്തിൽ വ്യത്യാസങ്ങളുണ്ടാവും. എങ്കിലും സാമൂഹിക-സാമ്പത്തിക വികസനം തമ്മിലുള്ള ബന്ധംകൊണ്ടുതന്നെ സാംസ്കാരിക പരിവർത്തനവും പരസ്പരാശ്രിതത്വവും കൂടുതൽ ശക്തവുമാണ്. മറ്റൊന്ന് മതനിരപേക്ഷ മൂല്യങ്ങളുടെ ഉയർച്ചയാണ്. അത് ആത്യന്തികമായ സംസ്കാരമല്ല; ആധുനികീ കരണത്തിന്റെ ഒരു ഭാഗവും ജനാധിപത്യത്തിന് ഏറ്റവും അനുകൂലവുമാണ്. മതേതര-യുക്തിപരമായ മൂല്യങ്ങളിൽനിന്നാണ് ഇത് ഉടലെടുക്കുന്നത്.

ആധുനികീകരണത്തിന്റെ പ്രത്യേക ഘട്ടത്തിൽ വ്യവസായവത്ക്കരണവും സാങ്കേതികവിദ്യയും വികസിച്ചപ്പോൾ മനുഷ്യന്റെ ശക്തിയിൽ വിശ്വാസം കൂടുകയും പ്രശ്നപരിഹാരശേഷി വർദ്ധിക്കുകയും ചെയ്തു. വ്യാവസായികാനന്തര സമൂഹത്തി ലേക്കുള്ള പരിവർത്തനഘട്ടത്തിൽ യുക്തിവാദവും ശാസ്ത്രവുമൊക്കെ വിമർശനവിധേയ മായി. സാങ്കേതികപുരോഗതിയുടെ സാധ്യതകളെപ്പോലെ തന്നെ അതിന്റെ അപകട സാധ്യതകളും വിലയിരുത്തപ്പെട്ടു. ജീവിതത്തിന്റെ അർത്ഥത്തെയും അന്തസ്സിനെയും കുറിച്ചുള്ള ആത്മീയ ആശങ്കകളും സൃഷ്ടിക്കപ്പെട്ടു. അതുകൊണ്ടുതന്നെ ആധുനികീ

---

8 Weber M (1958-1904) The Protestant Ethic and the Spirit of Capitalism Charles Scribrer's Sons, New York.

കരണത്തിന്റെ വശങ്ങൾ എന്ന നിലയിൽ മതേതരവത്ക്കരണത്തിന്റെയും യുക്തിവത്ക്കരണത്തിന്റെയും പ്രക്രിയ ശാശ്വതമല്ല എന്ന് ക്രിസ്ത്യൻ വെൽസലും ഇംഗ്ലിഹർട്ട് റെണാൾഡും നിരീക്ഷിക്കുന്നു.[9]

ആധുനികീകരണം തുടർച്ചയായതും തുറന്നതുമായ ഒരു പ്രക്രിയയാണ്. അതുകൊണ്ട് ചരിത്രത്തിന്റെ പശ്ചാത്തലത്തിലാണ് അതിനെ മനസ്സിലാക്കേണ്ടത്. അയ്യായിരം വർഷമായി നിലനിന്നിരുന്ന കാർഷികസമൂഹത്തിൽനിന്ന് ആധുനികീ കരിക്കപ്പെട്ട, വ്യാവസായികസമൂഹം ഉടലെടുത്തതിനു പിന്നിൽ വിവിധ മേഖലകളി ലായുള്ള മനുഷ്യസമൂഹത്തിന്റെ ചിന്തയുടെയും പ്രവർത്തനത്തിന്റെയും പുരോഗതിയു ടെയും ഘട്ടംഘട്ടമായുള്ള വളർച്ചയുടെ അടയാളപ്പെടുത്തലുകളുണ്ട്, ആധുനികീകരണ ത്തിന്റെ ശക്തി എല്ലായ്പ്പോഴും പ്രതിപ്രവർത്തനശക്തിയാണ്. മുമ്പുണ്ടായിരുന്നതിനെ താരതമ്യപ്പെടുത്തുകയോ, അതിൽനിന്ന് വ്യത്യസ്തമാവുകയോ ചെയ്യുന്ന ഒന്നാണത്. ആധുനികപൂർവ്വസമൂഹത്തിന്റെ ഘടനകൾ അതിന്റെ അടിസ്ഥാനയൂണിറ്റായി പരിഗണിക്കുന്നത് കാർഷികസമൂഹത്തെയോ ഏതെങ്കിലും പ്രത്യേക പരിഗണന അർഹിക്കുന്ന സംഘത്തെയോ വ്യക്തിയെയോ ആണ്. ആധുനികീകരിക്കപ്പെട്ട സമൂഹത്തിലെ പ്രധാന ഘടകമായ സ്ഥാപനങ്ങൾ തൊഴിൽ എന്നതിന്റെ വികസിതവും സങ്കീർണ്ണവുമായ ഒരു അവസ്ഥയിലേക്ക് പരിവർത്തനം ചെയ്യുന്നു. സമാനമായ ജോലി എന്ന അവസ്ഥയിൽനിന്ന് വ്യതിരിക്തമായതും നിർദ്ദിഷ്ടവും പ്രത്യേകവുമായതുമായ ജോലികൾ നിർവ്വഹിക്കാൻ സമൂഹത്തെ പര്യാപ്തമാക്കുന്നു. കാർഷികസമൂഹവ്യവസ്ഥയിൽനിന്നും കുടുംബവ്യവസ്ഥയിൽനിന്നും തികച്ചും വ്യത്യസ്തമായ ഒന്നാണത്. പരമ്പരാഗത സാമൂഹിക ഘടനയിൽനിന്നും ഏറെ വ്യത്യാസപ്പെട്ടിരിക്കുന്നു. സമൂഹത്തിലെ പ്രത്യേക സംഘങ്ങൾക്കോ വ്യക്തികൾക്കോ പ്രത്യേക അവകാശങ്ങൾ

9 Inglehart, R & Welzel, C (2005) Modernization Culture Change and Democracy, Cambridge University Press, New York.

നൽകുന്നതിനെ ആധുനികീകരണം പ്രോത്സാഹിപ്പിക്കു ന്നില്ല. ആചാരപരമായോ പാരമ്പര്യമായോ നയിക്കപ്പെടുന്നതിനെ ആധുനികീകരണം തടയുന്നു. ശാസ്ത്രത്തിന്റെ രീതികളിൽനിന്നും കണ്ടെത്തലുകളിൽനിന്നും നിയമ സാദ്ധ്യത നേടുന്ന പൊതുനിയമങ്ങളും നിയന്ത്രണങ്ങളും പിന്തുടരുന്ന ആധുനിക സ്ഥാപനങ്ങളാൽ നയിക്കപ്പെടുന്നവയാണ് ആധുനികസമൂഹങ്ങൾ.

'ആധുനികീകരണത്തിന്റെ പ്രധാനപ്പെട്ട ഒരു സവിശേഷത സാമ്പത്തിക വളർച്ചയാണ്. ബ്രിട്ടീഷ് ചരിത്രകാരനായ Edward Antony Wrigley ഇങ്ങനെ പ്രസ്താവിക്കുന്നു. "ഒരു നിശ്ചിത രാജ്യത്ത് വ്യവസായവത്ക്കരണം സംഭവിക്കുന്നത് തലവന്റെ യഥാർത്ഥ വരുമാനം ക്രമാനുഗതമായി, പ്രത്യക്ഷമായി പരിധിയില്ലാതെ ഉയരാൻ തുടങ്ങുമ്പോഴാണ്'.[10] അമേരിക്കൻ സാമ്പത്തിക ചരിത്രകാരനായ W.W Rostow പറയുന്നത് 'വ്യാവസായികവൽക്കരണത്തോടെ സമ്പദ്‌വ്യവസ്ഥ ഒരു പ്രത്യേക ഘട്ടത്തിൽ സ്വയം സുസ്ഥിരമായ വളർച്ചയിലേക്ക് നീങ്ങുമെന്നാണ്. ഇതുപ്രകാരം സമൂഹത്തിന്റെ എല്ലാ സ്റ്റാറ്റിസ്റ്റിക്കൽ സൂചികകളും നിക്ഷേപം, ഉത്പാദനം, വളർച്ചാനിരക്ക് തുടങ്ങിയവയിൽ പുരോഗതിയെ കാണിക്കും. ഫ്യൂഡൽസാമ്പ്രദായിക ബന്ധങ്ങളിൽനിന്നും ബാധ്യതകളിൽനിന്നും തൊഴിലാളിയെ മോചിപ്പിക്കുന്നതിലൂടെ തൊഴിലിൽ സ്വതന്ത്രമായ ഒരു വിപണി സൃഷ്ടിക്കാനും സമഗ്രസംരംഭങ്ങളിൽ (ഫാക്ടറി, വ്യവസായം മുതലായവ) തൊഴിലാളികളുടെ വൈദഗ്ധ്യവും ഏകാഗ്രതയും സൃഷ്ടിക്കാനും സാധിക്കുന്നു. ഒരു പ്രത്യേകതരം സാമൂഹികഘടനയെ സൃഷ്ടിക്കാൻ ഇത്തരം സംരംഭങ്ങളിലൂടെ സാധിക്കുന്നു'.[11]

---

10 w.w. Rostow, The History of Economic Thought, New York.

11 North, DC (1981) Structure and Change in Economic History. W.W.Norton, New York Pursons T (1967) The Structure of Social Action and Edn. Free Press New York.

'കാർഷികമേഖലയെ സംബന്ധിച്ച് ഭൂരിഭാഗം തൊഴിലാളികളും പ്രവർത്തിക്കുന്നത് അതിന്റെ പ്രാഥമികമേഖലയിലല്ല, ഉത്പാദിപ്പിക്കുന്ന വസ്തുക്കളുടെ ഉത്പാദനത്തിലും സേവനങ്ങളിലുമാണ്. ആധുനികീകരണത്തിന്റെ ഭാഗമായി വ്യവസായവത്ക്കരണം വരുന്നതോടുകൂടി കാർഷികമേഖലയിൽ യന്ത്രവത്ക്കരണം ഉണ്ടാകുകയും തൊഴിലാളികളുടെ എണ്ണം കുറയ്ക്കുകയും തൊഴിൽ വൈദഗ്ധ്യം മറ്റുമേഖലകളിലേക്ക് വഴിമാറുകയും ചെയ്യുന്നു. വ്യവസായവത്ക്കരണത്തിന്റെ ഏറ്റവും വ്യക്തമായ തലങ്ങളിൽ ഒന്നായ ഇതിനെ 'മേഖല പരിവർത്തനം' (Sectoral transformation) എന്നാണ് വിളിക്കുന്നത്. മാറിയ തൊഴിൽ സാഹചര്യത്തിൽ കുടുംബത്തിലെ അംഗങ്ങൾ പ്രത്യേക വൈദശ്ധ്യം നേടാൻ ശ്രമിക്കുകയും മേഖലാപരിവർത്തനത്തിലൂടെ ആധുനികീകരണത്തിന്റെ ഭാഗമാവുകയും ചെയ്യുന്നു. സർവ്വമേഖലകളിലുമുള്ള പുരോഗതി എന്നപോലെ കാർഷികമേഖലയിലുണ്ടായ ഈ മാറ്റം വലിയതോതിൽ സമൂഹത്തെ മുന്നോട്ടു നയിച്ചു. 'ഭക്ഷ്യമിച്ചം' വലിയൊരു നഗരജനതയെ പരിപോഷിപ്പിക്കുവാൻ പര്യാപ്തമായി തീർന്നു. ഇതിന്റെയൊക്കെ പശ്ചാത്തലത്തിലാണ് 1930-ൽ ബ്രിട്ടീഷ് സാമ്പത്തിക ശാസ്ത്രജ്ഞനായ ജോൺ മെയ്നാർഡ് കെയ്നിൻസ് (John Maynard Keynes) മനുഷ്യചരിത്രത്തിൽ ആദ്യമായി സാമ്പത്തികപ്രശ്നം പരിഹരിക്കപ്പെട്ടിരിക്കുന്നുവെന്നും സാമ്പത്തിക പ്രശ്നം മനുഷ്യരാശിയുടെ ശാശ്വതപ്രശ്നമല്ലെന്നും അഭിപ്രായപ്പെട്ടത്.[12]

## 1.5 ആധുനികീകരണവും നഗരവത്കരണവും

'നഗരകേന്ദ്രിതമായ ഒരു ജീവിതമാണ് ആധുനികീകരണം മുന്നോട്ടുവെയ്ക്കുന്നത്. ബഹുജനങ്ങളെ കേന്ദ്രീകരിച്ച് പ്രത്യേക രീതികളിൽ അത് സാധ്യമാക്കുന്നു. വികസിതനാഗരികതയെ സൂചിപ്പിക്കുന്ന പരിഷ്കരണത്തിന്റെ പാതയിലേക്ക് ആദ്യമായി

[12] Inglehart, R & Welzel, C (2005) Modernization Culture Change and Democracy, Cambridge University Press, New York.

ഒരു നഗര അസ്തിത്വം കൊണ്ടുവന്നത് പുരാതന മെസൊപ്പൊട്ടോമിയ, ഈജിപ്ത്, റോം എന്ന നഗരങ്ങളിലാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. നവോത്ഥാന കാലത്തെ ഇറ്റാലിയൻ നഗരങ്ങളും ഒരു പ്രത്യേക നഗരസംസ്കാരത്തെ പ്രദാനം ചെയ്തിട്ടുണ്ട്. വികസിതരാജ്യങ്ങളിലെ നഗരവത്ക്കരണം വ്യവസായവത്ക്കരണ മില്ലാത്ത നഗരവത്ക്കരണത്തെയും സൃഷ്ടിക്കുന്നുണ്ട്. ജനപ്പെരുപ്പവും തൊഴിലില്ലായ്മയും വൃത്തിഹീനമായ സാഹചര്യങ്ങളുമാണ് അതിന്റെ ഫലം. വലിയ നഗരങ്ങളുടെ അരികുകളിൽ സൃഷ്ടിക്കപ്പെടുന്ന ചേരികൾ ഇതിന് ഉദാഹരണമാണ്. ജർമ്മൻ സാമൂഹിക ശാസ്ത്രജ്ഞനായ സിമ്മലും (George Simmel) അമേരിക്കൻ സോഷ്യോളജിസ്റ്റായ ലൂയിസ് വെർത്തും (Louise Wirth) വിശകലനം ചെയ്തതുപോലെ 'നാഗരികത' എന്നത് ഒരു 'ജീവിതരീതി'യാണ്. നാഗരികത നിസ്സാരവും ക്ഷണികവുമായ ആരാധനകളെയും ജീവിതരീതികളെയും പ്രോത്സാഹിപ്പിച്ചേക്കാം. പാരമ്പര്യത്തിൽനിന്നും സമൂഹത്തെ വേർപെടുത്തും. സാമൂഹ്യജീവിതത്തിൽ അനിവാര്യമായ സാമൂഹിക സമ്പർക്കങ്ങളുടെ കാര്യത്തിൽ കുറവുവരുത്തുവാൻ അത് ഇടയാക്കാം. സാമൂഹികജീവിതത്തിൽനിന്ന് വ്യക്തികേന്ദ്രിതമായ ജീവിതത്തിലേക്ക് അതുവഴി മാറാം. നാഗരികജീവിതം വൈവിധ്യങ്ങളെയും സർഗ്ഗാത്മകതയെയും നിരന്തരം പ്രോത്സാഹിപ്പിക്കുന്ന ഒന്നാണ്.[13] ആധുനികീകരണ പ്രക്രിയ മനുഷ്യപുരോഗതിയുടെ ചരിത്രത്തിൽ എത്രത്തോളം പ്രധാനമാണോ അത്രത്തോളം ഭീകരമാണ് നഗരവത്കണത്തിന്റെ ഫലങ്ങൾ. വ്യക്തിയെന്ന നിലയിൽ സ്വന്തം നിലനിൽപ്പ് മാത്രം പ്രധാനമായ മനുഷ്യരാൽ നിറഞ്ഞ നഗരങ്ങൾ തങ്ങളുടെ സഹജീവികളോട് യാതൊരുവിധ കരുതലും ഇല്ലാത്തവരാണ്. നഗരവത്ക്കരണം സൃഷ്ടിച്ച ഇത്തരം ഇടങ്ങൾ ആധുനികീകരണപ്രക്രിയയെ അതിന്റെ വൈരുദ്ധ്യങ്ങൾ പ്രകടിപ്പിച്ചുകൊണ്ടുതന്നെ അടയാളപ്പെടുത്തേണ്ടതിന്റെ ആവശ്യകതവ്യക്തമാക്കുന്നവ യാണ്.

---

13 Luhmann N. (1995-19984) Social System, Stanford University Press, Stanford.

## 1.6 ആധുനികീകരണ പ്രക്രിയയിലെ ഘടകങ്ങൾ

വടക്കേ അമേരിക്കയിലെയും പടിഞ്ഞാറൻ യൂറോപ്പിലെയും വ്യവസായ സമൂഹങ്ങൾ എങ്ങനെ വികസിച്ചു എന്നതിന്റെ വിശദീകരണമായി 1950-കളിൽ രൂപപ്പെട്ടുവന്നതാണ് ആധുനികീകരണസിദ്ധാന്തം. സമൂഹങ്ങൾ വികസിക്കുന്നത് തികച്ചും പ്രവചനാതീതമായ ഘട്ടങ്ങളിലാണെന്നും അത് ഏറ്റവും സങ്കീർണ്ണവുമാ ണെന്നും ഈ സിദ്ധാന്തം വാദിക്കുന്നു. ഈ സാമൂഹിക വികാസം പ്രാഥമികമായി സാങ്കേതികവിദ്യയുടെ ഇറക്കുമതിയെയും അതിന്റെ ഫലമായി രൂപപ്പെട്ടുവരുന്ന മറ്റ് രാഷ്ട്രീയസാമൂഹിക മാറ്റങ്ങളെയും ആശ്രയിച്ചുനിൽക്കുന്നു.

ആധുനികീകരണ പ്രക്രിയയെ താഴെ പറയുന്ന ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അവർ വിശദീകരിച്ചത്.

- വ്യവസായവത്ക്കരണം
- നഗരവത്ക്കരണം
- യുക്തിവത്ക്കരണം
- ബ്യൂറോക്രസി
- ബഹുജന മാധ്യമങ്ങൾ
- ജനാധിപത്യം

മേൽപറഞ്ഞ പ്രക്രിയകൾക്കിടയിൽ ആധുനികീകരണത്തിനു മുൻപുള്ള പരമ്പരാഗത സമൂഹങ്ങൾ ആധുനിക സമൂഹമായി പരിണമിക്കുന്നു. ആധുനികീകരണ സിദ്ധാന്തപ്രകാരം ഈ വികസനപ്രക്രിയയിൽ ഔപചാരികമായ സ്കൂൾ വിദ്യാഭ്യാസത്തിന്റെ വർദ്ധിച്ച ലഭ്യതയും നിലവാരവും ബഹുജനമാധ്യമങ്ങളുടെ വികസനവും ഉൾപ്പെടുന്നു. ഇവ രണ്ടും ജനാധിപത്യ രാഷ്ട്രീയ സ്ഥാപനങ്ങളെ പരിപോഷിപ്പിക്കുന്നവയാണ്. ആശയവിനിമയവും ഗതാഗത സംവിധാനവും ഏറ്റവും

സങ്കീർണ്ണവും അതേസമയം സ്വീകാര്യവുമായിത്തീരുന്നു. കൂട്ടുകുടുംബത്തെയും അത് മുന്നോട്ട് വെയ്ക്കുന്ന സാമൂഹികവും സാമ്പത്തികവുമായ വ്യവസ്ഥയെ നിരാകരിക്കുന്നു. സാമൂഹികവും സാമ്പത്തികവുമായ ജീവിതത്തിൽ വ്യക്തിയുടെ പ്രാധാന്യം വർദ്ധിപ്പിക്കുകയും ജീവിതംതന്നെ വ്യക്തികേന്ദ്രീകൃതമായിത്തീരുകയും ചെയ്യുന്നു. സമൂഹത്തിലെ തൊഴിൽവിഭജനം കൂടുതൽ സങ്കീർണ്ണമാവുകയും ഒരു ബ്യൂറോക്രാറ്റിക് സമൂഹം രൂപപ്പെട്ടുവരുകയും ചെയ്യുന്നു. ശാസ്ത്രീയവും സാങ്കേതികവും യുക്തിസഹവുമായ ഒരു സമൂഹമായി വളർന്നുവരുമ്പോൾ പൊതുജീവിതത്തിൽ മതത്തിന്റെ പ്രാധാന്യം കുറഞ്ഞുവരുന്നു.

'ചരക്കുകളും സേവനങ്ങളും കൈമാറ്റം ചെയ്യുന്ന പ്രാഥമിക സംവിധാനമായി പണത്തെ അടിസ്ഥാനമാക്കിയുള്ള വിപണികൾ മാറുന്നു. പാശ്ചാത്യ-സാമൂഹ്യ ശാസ്ത്രജ്ഞർ ആവിഷ്കരിച്ച സിദ്ധാന്തമായതിനാൽ ഇത് മുതലാളിത്ത സമ്പദ്‌വ്യവസ്ഥയെ കേന്ദ്രീകരിച്ചുള്ള ഒന്നാണ്. പൊതുവെ ഈ സിദ്ധാന്തം ആധുനികീകരണത്തിന്റെ അടിസ്ഥാനമായി മുന്നോട്ടുവെയ്ക്കുന്നത് ശാസ്ത്രീയപുരോഗതി, സാങ്കേതികവികസനം, യുക്തിബോധം, ചലനാത്മകത, സാമ്പത്തികവളർച്ച തുടങ്ങിയവയാണ്.'[14]

## 1.7 ആധുനിക സമൂഹത്തിന്റെ സവിശേഷതകൾ

1. യുക്തിയിലും മനുഷ്യവികാസത്തിലുമുള്ള വിശ്വാസം, ശാസ്ത്രസാങ്കേതിക വിദ്യയിൽ ഊന്നിയുള്ള കാഴ്ചപ്പാട്, പരിസ്ഥിതിയുടെ മേലുള്ള നിയന്ത്രണം, അന്ധവിശ്വാസത്തിൽനിന്നും യാഥാസ്ഥിതികതയിൽനിന്നുമുള്ള വിമോചനം.

---

[14] Croseman, Ashley 'A Brief Guide to Modernization Theory.' Thought Co, Aug.28, 2020, thought Co, com/ Modernization-theory 3026419).

2. ജനാധിപത്യമൂല്യങ്ങൾ രാഷ്ട്രീയകാര്യങ്ങളിൽ മതപരമായ കാര്യത്തെ പാർശ്വവത്ക്കരിക്കുകയും മതേതര ജനാധിപത്യരാഷ്ട്രീയത്തിന്റെ ഉയർച്ചയെ കാംക്ഷിക്കുകയും വോട്ടവകാശം സംരക്ഷിക്കുകയും ചെയ്യുന്നു.

3. മതപരമായ യാഥാസ്ഥിതികതയിൽനിന്നും മുക്തമായ ഒരു മതേതര സമൂഹത്തെ രൂപീകരിക്കുന്നു.

4. പാരമ്പര്യസാമൂഹികക്രമത്തിന്റെ തകർച്ച, കൂട്ടുകുടുംബവ്യവസ്ഥയുടെയും തകർച്ച, അന്യവത്ക്കരിക്കപ്പെട്ട ബന്ധുത്വം എന്നിവ സാമൂഹിക സ്വഭാവങ്ങ ളാണ്.

5. സാക്ഷരത, വിജ്ഞാന സ്വാംശീകരണത്തിന് നൽകുന്ന ഊന്നൽ, പരിശീലനം ലഭിച്ചവരുടെ വൈദഗ്ധ്യം തുടങ്ങിയവ.

6. കാർഷികരംഗത്തെ മാറ്റം, വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയിലേക്കുള്ള മാറ്റം, യന്ത്രങ്ങളുടെയും നൂതന സാങ്കേതിക വിദ്യകളുടെയും ഉപയോഗം, വിപണിയുടെ വളർച്ച.

7. വ്യവസായവത്ക്കരണവും നഗരവത്ക്കരണവും

സാമൂഹികമായി മുകളിൽ സൂചിപ്പിച്ച സവിശേഷതകളുള്ളവയാണ് ആധുനിക സമൂഹം. ആധുനികസമൂഹത്തിന്റെ സവിശേഷതകളെക്കുറിച്ച് വ്യത്യസ്ത അഭിപ്രായ ങ്ങൾ ഉണ്ടായിട്ടുണ്ട്.

'ഡോ. ലെർണർ ആധുനികതയുടെ അഞ്ച് സവിശേഷതകളെക്കുറിച്ച് പറയുന്നു:

1. നഗരവത്ക്കരണം

2. സാക്ഷരത

3. ബഹുജനമാധ്യമവും ആശയവിനിമയവും

4. വളരുന്ന രാഷ്ട്രീയ അവബോധം

5. വേഗത്തിലുള്ള വ്യവസായവത്ക്കരണത്തിനായുള്ള സാമ്പത്തിക വികസനത്തിനും സാങ്കേതിക പുരോഗതിക്കും പിന്തുണ നൽകുന്ന മനുഷ്യശക്തി.'[15]

'ആധുനികീകരണത്തിനായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് റൂസ്സോയും വാർഡും നിർദ്ദേശിക്കുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.'[16]

1. വേഗത്തിലുള്ള വ്യവസായവത്ക്കരണം : വ്യവസായത്തെയും കൃഷിയെയും കൂടുതൽ ഉത്പാദനക്ഷമവും ലാഭകരമാക്കുന്നതിനുള്ള ശാസ്ത്രീയ അറിവും സാങ്കേതിക പരിജ്ഞാനവും നേടുക.

2. ആശയങ്ങളുടെയും മൂല്യങ്ങളുടെയും മതേതരവത്ക്കരണം.

3. വർദ്ധിച്ച സാമൂഹിക ചലനാത്മകത

4. ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസത്തിന്റെ വളർച്ച

5. ഉയർന്ന ജീവിത നിലവാരവും ചിന്തയും

6. നഗരവത്ക്കരണത്തിന്റെ ഉയർന്ന തോത്.

7. ഉയർന്ന നിലവാരത്തിലുള്ള സാക്ഷരത

8. വർദ്ധിച്ചുവരുന്ന പ്രതിശീർഷവരുമാനം.

9. വികസിതവും വ്യാപകവുമായ ബഹുജനമാധ്യമങ്ങൾ.

---

15 Modernization Introduction, Meaning, competand other details, website: yourarticlelibrarg.com. p.32

16 ടി. പു. 41

10. സ്ത്രീകൾക്കും കുട്ടികൾക്കും മെച്ചപ്പെട്ട ആരോഗ്യവും ശുചിത്വവുമുള്ള സാഹചര്യം.

11. ദാരിദ്ര്യവും തൊഴിലില്ലായ്മയും ഇല്ലാതാക്കൽ.

12. അന്ധവിശ്വാസത്തെയും അനാചാരങ്ങളെയും ചെറുക്കുന്നതിനുള്ള വിശാലമായ വീക്ഷണം.

സാമൂഹിക മാറ്റം എന്നത് മനുഷ്യരുടെ ബോധപൂർവ്വമായ ഇടപെടലിലൂടെ സാധ്യമാകുന്ന ഒന്നാണ് എന്ന ധാരണയാണ് ആധുനികീകരണ പ്രക്രിയയുടെ അടിസ്ഥാനം. അതുവരെ പരിണാമചക്രത്തിൽ മറ്റു ജീവജാലങ്ങളൊന്നും നടത്താത്ത ഒരിടപെടലായിരുന്നു മനുഷ്യരുടേത്. മനുഷ്യരെന്ന ജീവിവർഗ്ഗത്തിന്റെ അസ്ഥിത്വത്തെ നിർണ്ണയിക്കുന്ന കർത്താക്കൾ മനുഷ്യർതന്നെയാണ് എന്ന തിരിച്ചറിവിൽ നിന്നാണ് ആധുനികസമൂഹത്തിന്റെ ആരംഭം.

## 1.8 ആധുനികീകരണത്തിന്റെ ഉപകരണങ്ങൾ

'മൈറോൺ വീനർ ആധുനികീകരണം സാധ്യമാക്കുന്ന പ്രധാന ആറ് ഉപകരണങ്ങളെക്കുറിച്ച് പറയുന്നുണ്ട്.'[17]

1. വിദ്യാഭ്യാസം

2. അച്ചടി, ഇലക്ട്രോണിക് മാധ്യമങ്ങൾ വികസിപ്പിച്ച ബഹുജന ആശയ വിനിമയ സംവിധാനങ്ങൾ.

3. ദേശീയതാവാദവും ദേശസ്നേഹവും

4. മാതൃകാപരമായ നേതൃത്വം

[17] Modernization Introduction, Meaning, competand other details, website: yourarticlelibrarg.com.

5. ആധുനികീകരണത്തിനായി നിർദ്ദേശിച്ച നിയമങ്ങളും പദ്ധതികളും നടപ്പിലാക്കുന്നതിനായുള്ള ശക്തവും സുസ്ഥിരവുമായ ഭരണസംവിധാനം.

6. ആധുനികീകരണത്തിന്റെ സ്വാധീനവും സാധ്യതകളും സാമാന്യജനതയി ലേക്ക് എത്തിക്കുന്നതിനായുള്ള സെമിനാറും ശില്പശാലകളും മറ്റും.

ഇത്തരം ഉപകരണങ്ങളുടെ കൃത്യമായ വിന്യസനത്തിലൂടെ നിർവ്വഹിക്ക പ്പെടേണ്ട ഒരു പ്രക്രിയയായാണ് ആധുനികീകരണത്തെ ഭാവന ചെയ്യുന്നത്. ഉപകരണങ്ങളുടെ ഉപയോഗത്തിലൂടെ രൂപംകൊണ്ട ഒന്നാണ് ആധുനികസമൂഹം.

## 1.9 ആധുനികീകരണപ്രക്രിയയും നേതൃത്വവും

'ആധുനികീകരണം' എന്ന പ്രക്രിയ ഒരു സ്വാഭാവിക പരിണാമമല്ല, ബോധപൂർവ്വമായ ഇടപെടലുകളിലൂടെ സമൂഹത്തെ ദീർഘമായ കാലയളവിലേക്ക് പരിവർത്തനം ചെയ്യുന്ന ഒന്നാണ്. സാമാന്യജനതയിൽനിന്ന് വ്യത്യസ്തമായി ചിന്തിക്കുന്നവരും ഭാവനാശേഷി ഉള്ളവരും നവോത്ഥാനപരവും പുരോഗമനാത്മക വുമായ കാഴ്ചപ്പാട് ഉള്ളവരുടെയും മറ്റും നേതൃത്വം അതിന് കൂടിയേ തീരൂ. അത്തരം നേതൃത്വം നിർവ്വഹിക്കാൻ പ്രാപ്തരായവരെ നിർണ്ണയിക്കുന്നത് താഴെ പറയുന്ന ഗുണഗണങ്ങളാണ്.

### ഉന്നതവ്യക്തിത്വം

പഴയ ആശയങ്ങൾക്കു പകരം പുതിയ ആശയങ്ങൾ വിഭാവനം ചെയ്യുകയും അത് സാമൂഹിക പരിവർത്തനത്തിന് ഉതകുന്നതാണെന്ന പരികല്പനയിൽ സാമാന്യ ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് പ്രവർത്തിക്കുകയും ചെയ്യുന്നവരെ ഈ കൂട്ടത്തിൽ ഉൾപ്പെടുത്താം. രാഷ്ട്രീയപ്രവർത്തകർ, മതപുരോഹിതർ, സമൂഹത്തിലെ ഉന്നതർ, വ്യവസായപ്രമുഖർ, വിദ്യാഭ്യാസചിന്തകർ, ബുദ്ധിജീവികൾ തുടങ്ങിയവരൊക്കെ ഈ ഗണത്തിൽ ഉൾപ്പെടുന്നു.

1.9.2 സമർപ്പണമനോഭാവവും രാഷ്ട്രസേവനവും ത്യാഗസന്നദ്ധതയുമുള്ള സൈനിക സംവിധാനം.

1.9.3 വ്യക്തമായ ലക്ഷ്യങ്ങളും കാര്യക്ഷമതയും സാർവ്വത്രിക സ്വഭാവവുമുള്ള ഭരണകാര്യനിർവ്വഹണസംവിധാനം.

1.9.4 നിയമനിർമ്മാതാക്കൾ

1.9.5 തെരഞ്ഞെടുത്ത സംവിധാനം.

'ഇന്ത്യയിൽ മുകളിൽ സൂചിപ്പിച്ച സ്വഭാവസവിശേഷതകളോടെയുള്ള ആധുനികീകരണം ആരംഭിച്ചത് പ്രധാനമായും പാശ്ചാത്യസമ്പർക്കത്തിൽനിന്നാണ്. പ്രത്യേകിച്ചും ബ്രിട്ടീഷ് ഭരണം സ്ഥാപിതമായതിലൂടെ. ഇന്ത്യൻ സമൂഹത്തിന്റെ സംസ്കാരത്തിലും സാമൂഹ്യഘടനയിലും ദൂരവ്യാപകമായ മാറ്റങ്ങൾ ഉണ്ടാക്കിയ ഈ സമ്പർക്കത്തിന് ഒരു സവിശേഷചരിത്രം ഉണ്ടായിരുന്നു. ഈ സമ്പർക്കത്തിന്റെ അടിസ്ഥാനദിശ ആധുനികീകരണത്തിലേക്കായിരുന്നു. ഈ പ്രക്രിയയിൽ പല പാരമ്പര്യസ്ഥാപനങ്ങളും പുനർനിർമ്മിക്കപ്പെടുകയുണ്ടായി.'[18]

'ആധുനികീകരണം' ശാസ്ത്രീയവീക്ഷണത്തിൽ വേരൂന്നിയതാണ്. ഒരു പ്രത്യേക സമൂഹത്തിലെ ശാസ്ത്രീയ അറിവ്, സാങ്കേതിക വൈദഗ്ധ്യം, സാങ്കേതികവിഭവങ്ങൾ എന്നിവയുടെ വ്യാപനത്തിന്റെ ഫലങ്ങളുമായി ഇതിന് ആഴമേറിയതും ക്രിയാത്മകവുമായ ബന്ധമുണ്ട്. ശാസ്ത്രീയമായ ലോകവീക്ഷണം ആധുനികീകരണത്തിന് അത്യന്താപേക്ഷിതമാണ്. ശാസ്ത്രത്തിന്റെ മാനുഷികവും ദാർശനികവുമായ വീക്ഷണത്തിന്റെ അന്തർദേശീയവത്ക്കരണം സാങ്കേതിക പുരോഗതിയുടെ അളവ് മാത്രമല്ല സമകാലിക പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള ശാസ്ത്രീയ വൈദഗ്ധ്യങ്ങളും

---

18 Yogendra Singh, Modernization of Indian Tradition. Rewat Publications, Jaipur, 2012 p.202.

വിഭവങ്ങളും അതിന് ആവശ്യമായ മാനസികവും വൈകാരികവുമായ ശക്തിവിശേഷവും കൂടിച്ചേർന്നതാണ്.'[19]

'ആധുനികീകരണം' എന്നത് മനുഷ്യന്റെ ചിന്തയുടെയും പ്രവർത്തനത്തിന്റെയും സമസ്തമേഖലകളിലുമുള്ള മാറ്റങ്ങളും ഉൾക്കൊള്ളുന്ന ഒരു പ്രക്രിയയാണ്. പുരോഗതി കൈവരിക്കുന്നതോടൊപ്പം സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ സാംസ്കാരിക പരിവർത്തനംകൂടി അത് ലക്ഷ്യമാക്കുന്നു. കേരളത്തിൽ സവിശേഷമായി ആധുനികീകരണപ്രക്രിയയ്ക്ക് തുടക്കം കുറിക്കുന്നത് മിഷണറി പ്രവർത്തകരാണ്. മതപ്രബോധനമായിരുന്നു പ്രഥമ ലക്ഷ്യം എന്നതുകൊണ്ട് അവർക്ക് ജനതയുടെ ദൈനംദിനത്തിൽ ഇടപെടേണ്ടിയിരുന്നു. ഭാഷ, സാഹിത്യം, സമൂഹം, തൊഴിൽ, സാംസ്കാരം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ഇടപെടലുകൾ നടത്താൻ മിഷണറി പ്രവർത്തകർക്ക് സാധിച്ചു, അവ കേരളീയസമൂഹത്തെ സംബന്ധിച്ച് ഏറ്റവും നവീനവും പുരോഗമനാത്മകവുമായിരുന്നു. ലണ്ടൻ മിഷൻ സൊസൈറ്റി, ചർച്ച് മിഷൻ സൊസൈറ്റി, ബാസൽ മിഷൻ സൊസൈറ്റി എന്നീ മിഷണറി സംഘങ്ങളുടെ കീഴിൽ ഹെർമൻ ഗുണ്ടർട്ട്, ബെഞ്ചമിൻ ബെയ്‌ലി, അർണോസ് പാതിരി തുടങ്ങിയ വിദേശ മിഷണറിമാരും, ജോർജ്മാത്തൻ, കരിയാറ്റിൻ ഔസേപ്പ് മൽപ്പാൻ, പാറേമാക്കൽ തോമാകത്തനാർ തുടങ്ങിയ തദ്ദേശ മിഷണറി പ്രവർത്തകരും ആ നിലയിൽ കേരളീയ സമൂഹത്തിന്റെ ആധുനികീകരണത്തിന് നേതൃത്വം നൽകിയവരാണ്.

ലിപി, അച്ചടി, പത്രപ്രവർത്തനം, ആശയവിനിമയം, വിദ്യാഭ്യാസം, സാമൂഹിക നവോത്ഥാനം, ഭാഷ, സാഹിത്യം തുടങ്ങിയ മേഖലകളിൽ ചിലതിനൊക്കെ പ്രാരംഭം കുറിക്കാനും ചിലതിനെ നവീകരിക്കാനും സമൂഹത്തിൽ ദിശാബോധം നൽകാനും അവർക്ക് കഴിഞ്ഞു. ഇക്കൂട്ടത്തിൽ സവിശേഷമായി പരാമർശിക്കുന്ന മിഷണറി പ്രവർത്തകനാണ് റവ: ജോർജ് മാത്തൻ. ഒരു സാധാരണ മിഷണറി പ്രവർത്തകൻ എന്ന

---

19 Yogendra Singh, 'Modernization of Indian Tradition', p.61.

നിലയിലല്ല, ഭാഷാസാഹിത്യ മേഖലകളിൽ മികച്ച സംഭാവന നൽകിയ വ്യക്തി എന്ന നിലയിലും വിദ്യാഭ്യാസപ്രവർത്തകൻ, സാമൂഹിക നവോത്ഥാന പ്രവർത്തകൻ എന്നീ നിലയിലും ശ്രദ്ധേയനാണ് റവ. ജോർജ് മാത്തൻ. മേൽ സൂചിപ്പിച്ച ഘടകങ്ങളുടെ പശ്ചാത്തലത്തിൽ കേരളത്തിന്റെ ആധുനികീകരണ പ്രക്രിയയിൽ റവ. ജോർജ്മാത്തൻ നടത്തിയ ഇടപെടലുകളെയും അദ്ദേഹത്തിന്റെ ആശയാവലികളെയും കുറിച്ച് ഈ ഗവേഷണപ്രബന്ധത്തിന്റെ തുടർ അധ്യായങ്ങളിൽ പഠനവിധേയമാക്കുന്നു.

### 1.10 കേരളം എന്ന ദേശം

സംസ്കാരത്തെ നിശ്ചയിക്കുന്നതിൽ അതതു പ്രദേശത്തെ ഭൂമിശാസ്ത്രത്തിനും കാലാവസ്ഥയ്ക്കും ലഭ്യമായ അസംസ്കൃത വസ്തുക്കൾക്കും പ്രത്യേക സ്വാധീനമുണ്ട്. അറുന്നൂറോളം കിലോമീറ്റർ നീളവും ശരാശരി എഴുപതു കിലോമീറ്റർ വീതിയുമുള്ള ഭൂപ്രകൃതി മലയാളികളുടെ സംസ്കൃതിയെ നിർണയിച്ച ഘടകമാണ്. പൊതുവെ നിമ്നോന്നമായ ഭൂമിശാസ്ത്രമാണ് കേരളത്തിന്റേത്. അതിനാൽ മലനാട്, ഇടനാട്, തുറനാട് എന്നിങ്ങനെ മൂന്നായി കേരളത്തിലെ ഭൂപ്രദേശത്തെ വിഭജിക്കാം. ഏറെ ചരിഞ്ഞ കേരളത്തിന്റെ ഭൂപ്രകൃതി പലവിധത്തിലും കേരളത്തിന്റെ ആവാസവ്യവസ്ഥയെ നിശ്ചയിച്ചിട്ടുണ്ട്.[20]

കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതിയുടെ സ്വഭാവം ആവാസകേന്ദ്രങ്ങളെ സ്വാധീനിച്ചതായി കെ.എൻ.ഗണേഷ് നിരീക്ഷിക്കുന്നു. "മലകളും താഴ്വരകളും കാടും നാടുമൊക്കെ ചേർന്ന ഭൂപ്രകൃതിയാണെങ്കിലും വളരെയുയർന്ന കൊടുമുടികളും മലകളുമൊഴിച്ച് മറ്റെല്ലാ പ്രദേശങ്ങളും ആവാസകേന്ദ്രങ്ങളായി. അതുകൊണ്ട് കേരളത്തിൽ ഇന്ത്യയുടെ മറ്റുഭാഗങ്ങളിൽ കാണുന്നതുപോലുള്ള പ്രത്യേക ആവാസമേഖലകൾ (Habitation zone) കാണാൻ സാധ്യമല്ല."[21] "ഭൂപ്രകൃതിയുടെ

---

20 ഡോ. എൻ. അജിത്ത് കുമാർ, മലയാളസംസ്കാരം കാഴ്ചയും കാഴ്ചപ്പാടും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2017, പുറം 22.

21 കെ.എൻ.ഗണേഷ് കേരളത്തിന്റെ ഇന്നലെകൾ, പുറം.9.

പ്രത്യേകതകൾകൊണ്ട് ഉൽപ്പാദനവും ഭക്ഷ്യശേഖരണവും നടത്താൻ കഴിയുന്ന എല്ലാ മേഖലകളിലും ആവാസകേന്ദ്രങ്ങൾ വളർന്നുവന്നിട്ടുണ്ട്. ആവാസസ്ഥാനങ്ങൾ കേന്ദ്രീകൃത (Nucleated) രൂപത്തിലല്ല, തോട്ടങ്ങളിലും വയലുകളിലും കാടുകൾക്കുള്ളിലും ഉള്ള പുരയിടങ്ങളിലാണ്. താഴ്‌വരകളിലും പള്ളങ്ങളിലും സമതലങ്ങളിലുമുള്ള ആവാസകേന്ദ്രങ്ങൾ പലപ്പോഴും കുന്നുകളും മലകളും നീർച്ചാലുകളും കൊണ്ട് വേർതിരിക്കപ്പെട്ടിരിക്കുന്നു. സമതലപ്രദേശങ്ങളിലെന്ന പോലെ ആവാസകേന്ദ്രങ്ങൾ, ഉൽപ്പാദനമേഖലകളാൽ ചുറ്റപ്പെട്ട, മനഃപൂർവ്വം സൃഷ്ടിക്കപ്പെടുന്ന, പാർപ്പിടങ്ങളുടെ കൂട്ടമല്ല, കേരളഗ്രാമങ്ങൾ പലപ്പോഴും ഭൂമിശാസ്ത്രപരമായ യൂണിറ്റുകളാണ്. ഭൂപ്രകൃതി, കേരള സമൂഹത്തിന്റെ പൊതു ഘടനയെ സ്വാധീനിച്ചിട്ടുണ്ടെന്നു കാണാം.

കേരളത്തിന്റെ ഭൂമിശാസ്ത്രപ്രത്യേകതകൾ സവിശേഷമായ സമൂഹരൂപീകരണത്തിന് കാരണമായതായി ചരിത്രകാരൻമാർ കണ്ടെത്തുന്നു.

1. വ്യത്യസ്ത തൊഴിൽവിഭാഗങ്ങൾക്കോ ജാതികൾക്കോ ആയി പ്രത്യേകം ആവാസകേന്ദ്രങ്ങൾ രൂപപ്പെടാനുള്ള സാഹചര്യം കേരളത്തിൽ ഇല്ലായിരുന്നു.

2. ധാന്യകൃഷിയിൽ അധിഷ്ഠിതമായ സാമൂഹികജീവിതം ഇല്ലാതിരുന്നതുകൊണ്ട് സമൂഹരൂപീകരണത്തിന് കാലതാമസമുണ്ടായി.

3. വിഭവങ്ങൾക്കുവേണ്ടി ഇതരദേശക്കാരെ ആശ്രയിക്കേണ്ടിവന്നതുകൊണ്ട് സാമൂഹിക സമ്പർക്കത്തിനുള്ള സാധ്യതകൾ ഉണ്ടായി.

4. വിദേശവാണിജ്യം വലിയതോതിലുള്ള ധനാഗമമാർഗ്ഗമായി തീർന്നു. എങ്കിലും വനവിഭവങ്ങളുടെ പൂർണ്ണമായ നിയന്ത്രണം ലഭിച്ചില്ല.

5. വിശാലമായ ഒരു രാജ്യം എന്ന സങ്കല്പം കേരളത്തിന് അന്യമായിരുന്നു. ചെറു നാടുകളും നാടുവാഴികളും കേരളത്തിനുപുറത്തുനിന്നുള്ള ശക്തികളുടെ നിയന്ത്രണത്തിൽ നിന്നുകൊണ്ട് അവരവരുടെ നാടുകൾ ഭരിച്ചു.

6. അതി സമ്പന്നമായ കടൽതീരവും വിഭവങ്ങളും ഉണ്ടായിരുന്നുവെങ്കിലും ആ സമ്പത്തിനെ പൂർണ്ണമായും സംരക്ഷിക്കാൻ പാകത്തിലുള്ള രാഷ്ട്രീയ ശക്തി കേരളത്തിൽ ഉണ്ടായിരുന്നില്ല.

7. പശ്ചിമഘട്ടവും മലനാടും ഇതരസമൂഹവുമായുള്ള ബന്ധത്തിന് തടസ്സമായിരുന്നു. കേരളത്തിൽ ഒറ്റപ്പെട്ടതും സവിശേഷവുമായ ഒരു സംസ്കാരരൂപീകരണ ത്തിന് കാരണമായി.

8. കടൽമാർഗ്ഗമായുള്ള വിദേശബന്ധം കേരളത്തിന് സാമൂഹികവും സാമ്പത്തിക കവും സാംസ്കാരികവുമായ സംഭാവനകൾ നല്കി.

ഇങ്ങനെ വ്യത്യസ്തമായ ഭൂപ്രകൃതിയിൽ ജീവിച്ചുപോന്ന മനുഷ്യർ വ്യത്യസ്ത തൊഴിൽ സംസ്കാരങ്ങളെ പിൻതുടർന്നതുകൊണ്ടുതന്നെ ഉല്പാദനത്തിന്റെയും ഉപഭോഗത്തിന്റെയും കാര്യത്തിൽ സ്വയം പര്യാപ്തത നേടാനാവാതെ നിലകൊണ്ടു. സവിശേഷമായ ഈ സാമൂഹിക സാഹചര്യത്തിലാണ് മതവും ജാതിയും ഉപജാതികളുമായി തികച്ചും വ്യത്യസ്തമായ കൂട്ടങ്ങളായി കേരളീയ സമൂഹം രൂപപ്പെടുന്നത്.

### 1.11 അധിനിവേശപൂർവ്വകേരളവും സമൂഹവും

'കേരളത്തിലെ സാമൂഹിക-രാഷ്ട്രീയചരിത്രം ഇന്ത്യയുടെ ഇതരഭാഗങ്ങളുടെ ചരിത്രങ്ങളിൽനിന്ന് വിഭിന്നമാണ്. ഏതാണ്ട് പതിനാറാം നൂറ്റാണ്ടുമുതൽ ഉണ്ടായ പാശ്ചാത്യ അധിനിവേശം വരെയും കേരളീയർക്ക് ബാഹ്യലോകവും അവിടങ്ങളിൽ നടക്കുന്ന മാറ്റങ്ങളും തികച്ചും അജ്ഞാതവും അപരിചിതവും ആയിരുന്നു. മൺസൂൺ കാലത്ത് തീരദേശങ്ങളിൽ ചില പായ്ക്കപ്പലുകളും വിദേശവ്യാപാരികളും എത്തുമായിരുന്നു. അല്ലാത്ത കാലങ്ങളിൽ ഒറ്റപ്പെട്ടുകിടക്കുന്ന ഒരു സ്ഥലമായിരുന്നു കേരളം. കേരളത്തിൽനിന്ന് പുരാതനകാലത്തുതന്നെ സുഗന്ധവ്യഞ്ജനവസ്തുക്കൾ കയറ്റുമതി ചെയ്തിരുന്നു. ഈ കയറ്റുമതിയിലൂടെ ധാരാളം സ്വർണ്ണം കേരളത്തിൽ എത്തിയിരുന്നു.

എന്നാൽ സാധാരണ മലയാളികളുടെ ജീവിതനിലവാരം വളരെ ദയനീയമാംവിധം താഴ്ന്നതായിരുന്നു.'[22]

കേരളത്തിൽ ഓരോ ജാതിയും ഒറ്റപ്പെട്ട തുരുത്തുകളായിട്ടാണ് കഴിഞ്ഞിരുന്നത്. ഇവിടെവന്ന വൈദേശികർ പ്രധാനമായും സംവദിച്ചിരുന്നത് അന്നത്തെ ജാതിവ്യവസ്ഥയുടെ ഏറ്റവും താഴെതട്ടിലുള്ള മത്സ്യബന്ധന സമൂഹവുമായിട്ടാണ്. കേരളം ഇക്കാലത്ത് ഒരു അടഞ്ഞ കമ്പോള വ്യവസ്ഥയായിരുന്നു. സംഘകാലം മുതൽ യൂറോപ്യൻമാരുടെ പ്രത്യേകിച്ചും സി.എം.എസ്, ബാസൽ മിഷണറിമാരുടെ സാമൂഹ്യ-സാംസ്കാരിക-സാമ്പത്തികരംഗങ്ങളിലെ അധിനിവേശകാലംവരെ ഈ രീതി തുടർന്നു.

കേരളത്തിൽ ആദ്യകാലത്ത് സങ്കീർണ്ണമായ ഒരു ജാതിവ്യവസ്ഥ നിലനിന്നിരുന്നു. ജാതി എന്നത് ഇന്ത്യൻ സാമൂഹ്യജീവിതത്തിന്റെ അടിസ്ഥാനമാണ്. ജാതികളിലൂൾക്കൊണ്ടിട്ടുള്ള ഗോത്രസ്വഭാവം, സമസ്ത മേഖലകളിലും ഉണ്ടായിരുന്ന ബ്രാഹ്മണ മേധാവിത്വം, വൈദികമതം ആവിഷ്ക്കരിച്ച ചാതുർവർണ്ണ്യം മുതലായ പലതും ഇതിനുള്ള പ്രധാനമായ കാരണങ്ങളാണ്. സജാതീയ വിവാഹരീതി ജാതിവ്യസ്ഥയെ കുറെക്കൂടി ദൃഢീകരിച്ചു. അതുകൊണ്ട് ഓരോ ജാതിയും ഓരോ തൊഴിൽ സമൂഹം എന്ന രീതിയിലേക്കു മാറ്റപ്പെട്ടു. കേരളത്തിന്റെ ബുദ്ധപ്രഭാവ കാലത്തും തുടർന്നും ജാതി, തൊഴിലിന്റെ പേരിലുള്ളതായിരുന്നു. 'ബൗദ്ധപ്രഭാവ കാലത്ത് ഒരു തരം വിവേചനവും ജാതിയുടെ പേരിൽ ഉണ്ടായിരുന്നില്ല. തുല്യസ്ഥാന മാണ് അവർക്ക് ഉണ്ടായിരുന്നത്. ഉഴവൻ, പാണൻ, പരവൻ, വില്ലവൻ, പറയൻ, ആയൻ മുതലായ ജാതികൾ ഇക്കാലത്ത് ഉണ്ടായിരുന്നതായി സംഘകാല സാഹിത്യങ്ങളിൽ പരമാർശങ്ങളുണ്ട്.'[23] സംഘകാല സാഹിത്യത്തിലും സംഘാനന്തര സാഹിത്യങ്ങളിലും ഇവിടെ ക്രൈസ്തവസാന്നിദ്ധ്യം ഉള്ളതായ പരാമർശങ്ങൾ ഒന്നും തന്നെ ഇല്ല. 'ഏഴ്, എട്ട് നൂറ്റാണ്ടിലെ ഹൈന്ദവ ഭക്തി

---

[22] കെ. എൻ. ഗണേഷ്, കേരളത്തിന്റെ ഇന്നലെകൾ, പുറം 12.

[23] ടി.പു. 125.

പ്രസ്ഥാനകാലത്തുപോലും ജാതിയുടെ പേരിലുണ്ടായ വേർതിരിവിന് വ്യവഹാരസമൂഹത്തിൽ സ്ഥാനം ലഭിച്ചിരുന്നില്ല.'[24] ബുദ്ധപ്രഭാവത്തിന്റെ അസ്തമയത്തോടെ സാമൂഹ്യഘടനയിൽ വലിയ മാറ്റങ്ങൾക്കു തുടക്കമായി.

'കുടിയേറിയ നമ്പൂതിരിമാരോടൊപ്പം ഇവിടെ എത്തിയ നവ വൈജ്ഞാനിക സമ്പത്ത് അവരുടെ സ്വാധീനം ഭരണതലത്തിൽ വർദ്ധിപ്പിച്ചു. ഇത് അവരുടെ സ്വീകാര്യത സമൂഹത്തിലും ഭരണകൂടതലത്തിലും പല മടങ്ങ് വർദ്ധിപ്പിച്ചതായി അന്യത്ര സൂചിപ്പിച്ചിട്ടുണ്ട്.'[25] സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ സ്വീകാര്യത വർദ്ധിച്ച നമ്പൂതിരിമാർ പരശുരാമ കഥയ്ക്ക് പുതിയ വ്യാഖ്യാനവും ചരിത്രപരിവേഷവും നൽകി. ഇവിടുത്തെ ഭൂമിയുടെ മേലുള്ള പരിപൂർണ്ണമായ ഉടമാവകാശം സ്ഥാപിച്ചു. വിഭവദാരിദ്ര്യം കേരളത്തിൽ ഉണ്ടായിരുന്നു. പരുത്തിയുടെ ദാരിദ്ര്യം മലയാളിയെ അല്പവസ്ത്രരാക്കി. 'പതിനാലാം നൂറ്റാണ്ടുവരെയും കേരളത്തിൽ കല്ലും തടിയും ഉപയോഗിച്ച് തച്ചന്മാർ പണിത ആരൂഢങ്ങളായിരുന്നു. മൺചുമരുകളും ഓലയും മുളയും കൊണ്ടുള്ള മേൽക്കൂരകളോടുകൂടിയവയും ആയിരുന്നു ഇവിടുത്തെ ആഢ്യന്മാരുടെ വീടുകൾപോലുമെന്ന് കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട് വ്യക്തമാക്കു ന്നുണ്ട്.'[26] നായന്മാർക്കുപോലും ആദ്യകാലത്ത് വീട് ഓടുമേയാൻ അനുവാദമുണ്ടായിരു ന്നില്ല.[27] താഴ്ന്ന ജാതികൾ ലോഹപാത്രങ്ങളിൽ ആഹാരം കഴിക്കുന്നതുപോലും ജാത്യാചാര ലംഘനമായാണ് കരുതിയിരുന്നത്. മാറ്റങ്ങളുമായി പൊരുത്തപ്പെട്ടു വാനുള്ള

---

24 സി.ഒ. നാരായണ അയ്യർ, ഒറിഡിൻ ആന്റ് ഏർലി ഹിസ്റ്ററി ഓഫ് ശൈവിസം ഇൻ സൗത്ത് ഇന്ത്യ, മദ്രാസ്, 1936, പുറം 121.

25 രാജൻ ഗുരുക്കൾ, ദി കേരള ടെമ്പിൾ, ശുകപുരം, 1992, പുറം 5.

26 കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട്, എന്റെ സ്മരണകൾ, വാല്യം 1, കുന്നംകുളം 1963, പുറം 76.

27 പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥിതിയും കേരളചരിത്രവും, കോട്ടയം, 1983, പുറം 108.

മലയാളിയുടെ വിമുഖത ആ കാലത്ത് കാണാം. 'തലമുടി വളർത്തുന്നതിനും വെട്ടിക്കുന്നതിനുപോലും കർശനവ്യവസ്ഥകൾ ഉണ്ടായിരുന്നു.'[28]

'കുറ്റകൃത്യങ്ങൾക്ക് ശിക്ഷ നൽകുന്നതിനും ജാതി വിവേചനമുണ്ടായിരുന്നു. പതിനേഴാം നൂറ്റാണ്ടിൽ പോലും കൃത്യമോ ലിഖിതമോ ആയ ഒരു ശിക്ഷാനിയമം ഇവിടെ ഉണ്ടായിരുന്നില്ല. ജാതിയായിരുന്നു ശിക്ഷാനിയമവ്യവസ്ഥയുടെ ഏക മാനദണ്ഡം. എത്ര വലിയ കുറ്റകൃത്യമായിരുന്നാൽപ്പോലും ബ്രാഹ്മണനുള്ള പരമാവധി ശിക്ഷ ജാതിഭ്രഷ്ട മാത്രമായിരുന്നു. ഒരു നായർ കീഴ്ജാതിക്കാരനെ ആദ്യമാണ് കൊന്നതെങ്കിൽ പിഴ ഒടുക്കിയാൽ മതിയാകും. എന്നാൽ നായർക്കു താഴെയുള്ള ജാതികൾക്ക് കഴുമരമായിരുന്നു ശിക്ഷ'.[29] രാജാവ് മുതൽ നായർ വരെയുള്ള സവർണ്ണർപോലും തോർത്തുമുണ്ടിൽ കവിഞ്ഞ വസ്ത്രങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം വരെയും ഉപയോഗിച്ചിരുന്നില്ല. പതിനാറാം നൂറ്റാണ്ടിൽ കേരളം സന്ദർശിച്ച പോർച്ചുഗീസ് സഞ്ചാരി ബാർബോസ പറയുന്നു. 'കേരളത്തിലെ രാജാക്കന്മാർ എല്ലാവരും ഹിന്ദുക്കളും വിഗ്രഹാരാധകരുമാണ്. അവരിൽ വെളുത്തവരും ഇരുനിറക്കാരും, തനി കറുത്തവരുമുണ്ട്. ആരും അരയ്ക്കുമീതെ വസ്ത്രം ധരിക്കാറില്ല.'[30]

കേരളത്തിലെ നായർ പടയാളികളുടെ വസ്ത്രധാരണരീതിയെക്കുറിച്ച് കെ.പി. പത്മനാഭൻമേനോൻ 'കൊച്ചി രാജ്യചരിത്ര'ത്തിൽ പറയുന്നു. നായന്മാർ യുദ്ധത്തിന് തയ്യാറായി തിരിക്കുമ്പോൾ കച്ചകെട്ടി ഉടുക്കുന്നതല്ലാതെ പ്രത്യേക വസ്ത്രങ്ങൾ ധരിക്കാറില്ല. മിക്കവാറും പാദമുൾപ്പെടെ നഗ്നമായാണ് ഇവർ യാത്ര ചെയ്തിരുന്നത്. യുദ്ധസമയത്ത് കൗപീനധാരികളായാണ് കാണുന്നത്. 'മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്ത് ഡച്ച് കപ്പിത്താൻ യുസ്റ്റേഷ്യസ് ബനഡിക്ട് ഡിലനോയിയുടെ സഹായത്തോടെ

---

28 ടി.പു. 165.

29 എ. ശ്രീധരമേനോൻ, സർവ്വേ ഓഫ് കേരളാ ഹിസ്റ്ററി, പുറം 263.

30 വേലായുധൻ പണിക്കശ്ശേരി, സഞ്ചാരികളും ചരിത്രകാരന്മാരും, ഭാഗം II, കോട്ടയം, 1985, പുറം 90.

പാശ്ചാത്യരീതിയിൽ സൈനിക പരിശീലനം തുടങ്ങിയപ്പോഴാണ് സൈന്യം, കുപ്പായം, തലപ്പാവ് തുടങ്ങിയവ ഉപയോഗിച്ചു തുടങ്ങിയത്[31] നമ്പൂതിരി സ്ത്രീകൾക്ക് മാറു മറയ്ക്കാനുള്ള അനുവാദമുണ്ടായിരുന്നു. എന്നാൽ മറ്റുവിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് അതിന് കഴിഞ്ഞിരുന്നില്ല. 'പുലയൻ ഉയർന്ന ജാതികളുമായി 92-ഉം 72-ഉം അടി തീണ്ടാപ്പാടകലം സൂക്ഷിക്കേണ്ടവർ മാത്രമായിരുന്നില്ല. തനിക്കു തുല്യം നികൃഷ്ടനായ പറയനെയോ ഉള്ളാടനെയോ തീണ്ടിയാൽ മൂന്നുവട്ടം കുളിച്ച് അശുദ്ധി തീർക്കേണ്ട ഒരാഢ്യൻ കൂടിയായിരുന്നു.'[32] ഇംഗ്ലീഷ് മിഷണറിമാരുടെ വരവിന് മുമ്പ് നസ്രാണികൾ അടിമ വേല ചെയ്തിരുന്നു. കേണൽ മൺറോയുടെ പ്രവർത്തനഫലമായാണ് നസ്രാണികൾ അടിമ വേലകളിൽ നിന്ന് രക്ഷപ്പെട്ടത്.

രാജാക്കന്മാർ ദാനം ചെയ്ത ഭൂമികൾ കൃഷിക്കാർ കാലാകാലങ്ങളിലായി കൃഷി ചെയ്തു വന്നിരുന്ന ഭൂമികളായിരുന്നു. കേരളത്തിൽ ദാനഭൂമികളെ ബ്രഹ്മസ്വങ്ങളും ദേവസ്വങ്ങളും എന്നാണ് വിളിച്ചിരുന്നത്. കേരളത്തിലെ ഭൂദാനപ്രക്രിയ ആരംഭിക്കുന്നത് എ.ഡി. പന്ത്രണ്ടാം നൂറ്റാണ്ടു മുതൽ ആയിരുന്നു. ദീർഘകാലമായി തുടർന്നുവന്ന ചേരചോള യുദ്ധമായിരുന്നു ഇത്തരമൊരു ഭൂവുടമ അവകാശ സമ്പ്രദായം രൂപപ്പെടുവാൻ ഇടയാക്കിയ പ്രത്യേക സാഹചര്യം എന്നാണ് ഭൂരിപക്ഷം കേരളചരിത്രകാരൻമാരുടെയും അഭിപ്രായം. ഇതോടെയായിരുന്നു മരുമക്കത്തായ ദായക്രമവും ഇവിടെ ഉടലെടുത്തത്. ബാദ്ധ്യതകളില്ലാത്ത സംബന്ധവിവാഹത്തിന് ഇത് അനിവാര്യമായിരുന്നു. 'മരുമക്കത്തായ ദായക്രമത്തെപ്പറ്റിയുള്ള ആദ്യ പരാമർശം 1324-ൽ ഇവിടെ എത്തിയ വിദേശസഞ്ചാരിയായ ഫ്രയർ ജോർഡാനസിന്റേതാണ്.'[33] ജന്മിമാരായി മാറിയ നമ്പൂതിരിമാർ ജാതിവ്യവസ്ഥയിലൂടെ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന തന്ത്രം നടപ്പിലാക്കി.

---

31 കെ.പി. പത്മനാഭമേനോൻ, കൊച്ചിരാജ്യചരിത്രം, വാല്യം 1, എറണാകുളം, 1912, പുറം 74.

32 പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥിതിയും കേരളചരിത്രവും, കോട്ടയം, 1983, പുറം 267.

33 എ. ശ്രീധരമേനോൻ, എ സർവ്വെ ഓഫ് കേരളാഹിസ്റ്ററി, എസ്.പി.സി.എസ്. കോട്ടയം, 1970, പുറം 117, 196.

'നമ്പൂതിരിമാർക്ക് വെപ്പാട്ടികളെ നല്കാത്ത ജാതികളെയൊക്കെ അവർ അയിത്തജാതിക്കാരുമാക്കി മാറ്റി.''[34] ജാതിസമ്പ്രദായം, ജന്മിസമ്പ്രദായം, ദേവദാസി സമ്പ്രദായം എന്നിവ കേരള സമൂഹത്തിന്റെ വലിയ പ്രശ്നങ്ങളായിരുന്നു.

'ബ്രാഹ്മണാധിപത്യം സ്ഥാപിതമായതോടെ ദേവദാസി സമ്പ്രദായം വേശ്യാവൃത്തിയായും ബ്രാഹ്മണരുടെ ഭോഗലാലസതയ്ക്കുള്ള ഉപകരണമായും പരിണമിച്ചു.'[35] രാജാക്കന്മാരുടെ വിവേചനപരമായ ഭൂദാനങ്ങൾ കാലാകാലങ്ങളായി കൃഷി ചെയ്തിരുന്ന കർഷകരെ സ്വന്തം ഭൂമികളിലെ കുടിയാന്മാരാക്കി. ഭരണകർത്താക്കളുടെ ഈ പ്രവൃത്തികൾ തെറ്റാണെന്ന് അവർ മനസ്സിലാക്കുന്നത് പത്തൊമ്പതാം നൂററാണ്ടിൽ ഉണ്ടായ മിഷണറി ഇടപെടലിലൂടെയായിരുന്നു. കർഷകതൊഴിലാളി കളെ മനുഷ്യരായി കാണാൻ തുടങ്ങിയതും, കൃഷിഭൂമിയിൽ പണിയെടുക്കാനായി വരുന്ന തൊഴിലാളിക്ക് ആഹാരം കൊടുത്തു തുടങ്ങിയതും സി.എം.എസ്. മിഷണറിമാരുടെ പ്രവർത്തനം മൂലമായിരുന്നു,

കേരളത്തിലെ അടിമസമ്പ്രദായം ഏ.ഡി. പതിമൂന്നാം നൂറ്റാണ്ടിന് അടുത്തായിരുന്നു നിലവിൽവന്നത്. മദ്ധ്യേഷ്യയുമായി യൂറോപ്പുമായും കടൽവ്യാപാരം വർദ്ധിച്ചതോടുകൂടിയാണ് അടിമസമ്പ്രദായം കേരളത്തിൽ ശക്തമാവുന്നത്. ' പുലയൻ, പറയൻ, വേട്ടുവർ, ഉള്ളാടർ തുടങ്ങിയ ജനവിഭാഗങ്ങളിൽ നിന്നാണ് ഏറ്റവും കൂടുതൽ അടിമകളുണ്ടായിരുന്നത്.[36] ഇവർ താമസിച്ചിരുന്നത് കൃഷിയിടങ്ങൾക്കു അരികെയുള്ള ചെറ്റക്കുടിലുകളിലായിരുന്നു. പകലന്തിയോളമുള്ള വിശ്രമരഹിതമായ ജോലികൾക്കു ശേഷം കൃഷിയിടങ്ങൾക്കു സമീപമുള്ള ഏറുമാടങ്ങളിൽ ഇരുന്ന് കൃഷി

---

[34] ഇളംകുളം കുഞ്ഞൻപിള്ള, സ്റ്റഡീസ് ഇൻ കേരള ഹിസ്റ്ററി, കോട്ടയം, 1970, പുറം 34.

[35] പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, തിരുവനന്തപുരം, 1991, പുറം 308.

[36] ടി.പു. 419.

സംരക്ഷിക്കുകയായിരിക്കും അവരുടെ പതിവ്. പകലന്തിയോളമുള്ള അദ്ധ്വാനത്തിനു ശേഷവും വിശ്രമമില്ലാത്ത ജീവിതമായിരുന്നു അവരുടേത്.

'കേരളം ഏതാണ്ട് പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യം വരെയും പ്രാകൃത സമൂഹമായാണ് കഴിഞ്ഞിരുന്നത്. റോഡുകളോ, വാഹനങ്ങളോ നല്ല വാസസ്ഥല ങ്ങളോ വസ്ത്രങ്ങളോ സാമൂഹിക നീതിയോപോലും മലയാളിക്ക് അപരിചിതമായി രുന്നു. കേരളത്തെ പുറകോട്ടു നയിച്ചിരുന്ന അയിത്തം, നിയമത്തിന്റെ മുമ്പിലെ അസമത്വം, അടിമത്തം, ദേവദാസിസമ്പ്രദായം മുതലായവ. തദ്ദേശീയരും വിദേശികളുമായ മിഷണറി പ്രവർത്തനത്തിന്റെ ഫലമായാണ് ഇതെല്ലാം സമൂഹത്തിൽനിന്ന് നിർമ്മാർജ്ജനം ചെയ്യാൻ കഴിഞ്ഞത്. 1342-ൽ കേരളത്തിലെ ത്തിയ ഇബ്നുബത്തൂത്ത മലബാറിൽ റോഡുകളും കരമാർഗ്ഗ ഗതാഗതവും ഉണ്ടായിരുന്നില്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ഉൾപ്രദേശങ്ങളിൽനിന്ന് ആളുകൾ തലച്ചുമടുമായി ഉൽപ്പന്നങ്ങൾ കമ്പോളങ്ങളിൽ എത്തിച്ചിരുന്നതായി അദ്ദേഹം പറയുന്നുണ്ട്.'[37] പതിനാറാം നൂറ്റാണ്ടിലെ പോർട്ടുഗീസ് സഞ്ചാരി ബാർബോസ മലബാറിലെ ഈഴവരെപറ്റി പരാമർശിക്കുന്നിടത്ത് കേരളത്തിലെ ചരക്കുനീക്കത്തെപ്പറ്റി ഇതേ പരാമർശം തന്നെയാണ് നടത്തിയിരിക്കുന്നത്. 'ചരക്ക്, യാത്രാ ആവശ്യങ്ങൾക്കായി മൃഗങ്ങളും മൃഗങ്ങൾ വലിക്കുന്ന വണ്ടികളും കേരളത്തിലില്ല എന്നും ഈ ആവശ്യങ്ങൾ നിറവേറ്റുന്നത് ഈഴവ ചുമട്ടുകാരാണെന്നും അദ്ദേഹം സഞ്ചാരക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്.'[38] ഇവിടെ നിലനിന്നിരുന്ന പ്രത്യേക സാഹചര്യങ്ങൾ പ്രൊട്ടസ്റ്റന്റ് മിഷണറി സംഘങ്ങളെ ഒരു പുതിയ ഗതാഗത സംസ്കാരം വളർത്തിയെടുക്കാൻ പ്രേരിപ്പിച്ചു.

കേരളത്തിന്റെ പതിനെട്ടാം നൂറ്റാണ്ട് ഏറെ പ്രാകൃതമായിരുന്നു. അതിൽ മാറ്റങ്ങൾക്ക് കാരണമായത് പ്രൊട്ടസ്റ്റന്റ് മിഷണറിമാരുടെ ഇടപെടലായിരുന്നു.

---

37 എ. ശ്രീധരമേനോൻ, എ സർവ്വെ ഓഫ് കേരളാഹിസ്റ്ററി, എസ്.പി.സി.എസ്. കോട്ടയം, 1970.

38 പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥിതിയും കേരളചരിത്രവും, കോട്ടയം, 1983, പുറം 267.

പതിനെട്ടാം നൂറ്റാണ്ടിലായിരുന്നു കോട്ടയം സ്വരൂപങ്ങൾ എന്നു വിളിച്ചിരുന്ന നാട്ടുവാഴി ഭരണത്തിൽനിന്നും രാജഭരണത്തിലേക്കുള്ള പ്രയാണം ആരംഭിച്ചത്. തിരുവിതാംകൂറായിരുന്നു ആദ്യം രൂപപ്പെട്ട വലിയ രാജ്യം. പോർച്ചുഗീസുകാരുടെ വരവ് മുതൽ കേരളീയ ജീവിതത്തിൽ അസ്വാസ്ഥ്യം നിറഞ്ഞ കാലമായിരുന്നു. അതുവരെ ഇവിടുത്തെ നാനാജാതിക്കാരായ ഹിന്ദുക്കളും ജൂതരും ക്രിസ്ത്യാനികളും മുസ്ലീങ്ങളും ആചാരാനുഷ്ഠാനാദികളിൽ വൈവിധ്യവും വൈചിത്ര്യവും പുലർത്തിയി രുന്നു.

## 1.12 അധിനിവേശവും കേരളത്തിന്റെ ജീവിതവും

ആര്യന്മാരുടെ ആഗമനവും അധിനിവേശവുമാണ് കേരളത്തിൽ വമ്പിച്ച മാറ്റങ്ങൾക്കിടയാക്കിയത്. ആധുനികീകരണവും 19-ാം നൂറ്റാണ്ടിനുള്ളിൽ സംഭവിച്ചു കഴിഞ്ഞ മാറ്റങ്ങളും നമ്മുടെ സാമൂഹിക-രാഷ്ട്രീയ ചരിത്രത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നു. ഒരു പ്രത്യേക ജീവിതവൃത്തത്തിനകത്ത് അധിവസിക്കുന്ന ജനസമൂഹത്തെ സംബന്ധിച്ചിടത്തോളം അതിന്റെ സൂക്ഷ്മമായ പ്രത്യാഘാതങ്ങളും സാംസ്കാരിക അനുഭവങ്ങളും തികച്ചും വ്യത്യസ്തമായിരിക്കും.

കേരളത്തിന്റെ ആധുനികീകരണത്തിനു നിരവധി കാരണങ്ങളുണ്ട്. അതിലൊന്ന് ഹൈന്ദവ ജാതിമേധാവിത്വത്തിനെതിരെ ഉയർന്നു വന്ന പ്രതിഷേധങ്ങ ളാണ്. രണ്ടാമത്തേത് കൊളോണിയൽ മേധാവിത്വവും അതിനെതിരെ വളർന്നുവന്ന പ്രാദേശിക സമരരൂപങ്ങളുമാണ്. കൊളോണിയൽ മുതലാളിത്തത്തിന്റെ ഭരണതാല്പര്യ ങ്ങളായിരുന്നു പരമ്പരാഗതജീവിതാവസ്ഥയിൽ വമ്പിച്ച തോതിലുള്ള മാറ്റത്തിന് കാരണമായത്.

"തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം വ്യത്യസ്ത ഘട്ടങ്ങളിലായി രണ്ടു വ്യത്യസ്ത നയങ്ങളായിരുന്നു ആവിഷ്ക്കരിച്ചിരുന്നത്. അതിൽ ആദ്യഘട്ടം പുതിയ ഭൂനികുതി വ്യവസ്ഥയായിരുന്നു. എന്നാൽ രണ്ടാമത്തെ ഘട്ടം വ്യാവസായികാടി സ്ഥാനത്തിലുള്ള കാർഷികോല്പാദനത്തിന്റെ ആരംഭമായിരുന്നു. തങ്ങളുടെ വ്യാവസായികാവശ്യത്തിലേക്കുള്ള അസംസ്കൃതവസ്തുക്കളുടെ ശേഖരണമായിരുന്നു

ഇതിന്റെ പിറകിലുണ്ടായിരുന്ന ലക്ഷ്യം."[39] ക്രിസ്ത്യൻ മിഷണറിമാരുടെ വിപുലമായ പ്രവർത്തനം, പുതിയതായി തുടങ്ങിയ പള്ളിക്കൂടങ്ങൾ എന്നിവ വലിയൊരു പരിവർത്തനത്തിനുതന്നെ കാരണമായി. കൊളോണിയൽ ഭരണകൂടത്തിന്റെ നടപടികളിൽ പലതും പഴയ കേരളീയ സമൂഹത്തെ സംബന്ധിച്ചിടത്തോളം നിലവിലുണ്ടായിരുന്ന ജാതിവ്യവസ്ഥയിൽ വലിയ മാറ്റങ്ങൾ വരുത്താൻ കഴിയുന്നവയായിരുന്നു. ഇതുകൂടാതെ അയിത്തജാതികളിൽനിന്നും വൻതോതിലുള്ള മതം മാറ്റമായിരുന്നു നടന്നിരുന്നത്. അതിന് ഭരണകൂടം പ്രത്യക്ഷമായി പിന്തുണ നൽകി, ആ കാലഘട്ടത്തിലെ പ്രധാന സംഭവമായിരുന്നു 'ചാന്നാർലഹള'. മതം മാറിയ ചാന്നാർ ജാതിയിൽപ്പെട്ട സ്ത്രീകൾ മാറുമറയ്ക്കാനുള്ള അവകാശം ബ്രിട്ടീഷ് രാജ്ഞിയിൽനിന്ന് നേടിയെങ്കിലും സവർണനായന്മാരുടെ സമ്മതമില്ലായ്മ ഈ പ്രദേശങ്ങളെ ഒരു കലാപത്തിലേക്കെത്തിച്ചു.'[40] കേരളത്തിലുണ്ടായ പല പ്രശ്നങ്ങളും പരമ്പരാഗത ജാതിവ്യവസ്ഥയ്ക്കെതിരെ പുതിയൊരു ബോധം ഉയർന്നുവരാൻ സഹായിച്ചു. താഴെക്കിടയിൽ ഉള്ളവരിൽ മാത്രമല്ല മുന്നോക്കസമുദായക്കാരുടെ ഇടയിൽപോലും ക്രമേണ പരിഷ്കരണ പ്രസ്ഥാനങ്ങൾ ഉയർന്നുവന്നു.

പുതിയ പ്രസ്ഥാനങ്ങളുടെ കടന്നുവരവ് സാമാന്യജനങ്ങളെ നയിച്ചത് ഹിന്ദുത്വത്തിന്റെ വളരെ അയഞ്ഞ ഒരു ദാർശനിക വീക്ഷണത്തിലേക്കായിരുന്നു. അതുവരെ അതതു ജാതിയിലെ ആളുകൾ കുലപരമായി ചെയ്തിരുന്ന തൊഴിൽ മേഖലകളിൽനിന്നും മാറി, വ്യത്യസ്തമായ തൊഴിലേക്ക് പ്രവേശിക്കുവാൻ കാരണമായി. ജാതിയും ഉപജാതിയും ഉപജാതികൾക്കുള്ളിലെ ഉപജാതിയുമായി മനുഷ്യർ വേർപിരിഞ്ഞു. മനുഷ്യത്വവിരുദ്ധമായ അനേകം നടപടിക്രമങ്ങളും ആചാരങ്ങളും കേരളത്തിൽ ഉണ്ടായിരുന്നു. കേരളത്തിലെ പ്രാദേശികഭരണാധി കാരികൾ ദരിദ്രരും നിരക്ഷരരുമായ

---

39 Lemercinier, Religion and ideology in Kerala, New Delhi, 1984, p.225.

40 സി. അഭിമന്യു, അയ്യൻകാളി, തിരുവനന്തപുരം, 1990, പുറം 37.

ജനങ്ങളെ കീഴടക്കി ഭരിച്ചു. കൂടാതെ അയൽനാട്ടുകളുമായി നിരന്തരം പോരാട്ടുകയും ചെയ്തിരുന്നു. അങ്ങനെ കലഹങ്ങളും കലാപങ്ങളും നിറഞ്ഞ കാലഘട്ടത്തിൽ വിദേശശക്തികളുടെ സഹായത്തോടെ അയൽ രാജ്യങ്ങളെ വരുതിയിൽ കൊണ്ടുവരാൻ പ്രാദേശിക ഭരണാധികാരികൾ ഉത്സാഹിച്ചു. ഈ നയം മുതലെടുത്ത് വിദേശശക്തികൾ നാട്ടുവാഴികളെ ഒന്നായി കീഴടക്കി. വാണിജ്യതാല്പര്യങ്ങൾവിട്ട് അധിനിവേശതാല്പര്യങ്ങൾ വളർന്നു. ക്രമേണ, കേരളം മുഴുവൻ വിദേശികൾ കീഴടക്കി.

ഇന്ത്യയിലേക്കുള്ള വാണിജ്യമാർഗം കണ്ടെത്തുക, പൗരസ്ത്യദേശങ്ങളുമായുള്ള വ്യാപാരം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ പോർച്ചുഗീസ് രാജാവായ ഡാം മാനുവലിന്റെ നിർദ്ദേശപ്രകാരം വാസ്കോ-ഡി-ഗാമ കേരളത്തിൽ എത്തി. ഗാമയുടെ വരവോടെ കേരളത്തിന്റെ രാഷ്ട്രീയചരിത്രം തന്നെ മാറി. കേരളത്തിലെ വിദേശാധിപത്യത്തിന്റെ കാലം അതോടെയാണ് ആരംഭിച്ചത്. കുലശേഖരന്മാരുടെ വാഴ്ച അവസാനിച്ചതോടെ കോലത്തുനാട്, വള്ളുവനാട്, കോഴിക്കോട്, കൊച്ചി, വേണാട് എന്നീ പ്രമുഖ നാട്ടുരാജ്യങ്ങൾ ഉടലെടുത്തു. പ്രാദേശികഭരണാധികാരി കളെല്ലാം ഇവരിൽ ആരോടെങ്കിലും കൂറു പുലർത്തുന്നവരായിരുന്നു. കോലത്തുനാട്ടും കോഴിക്കോട്ടും കൊച്ചിയുമായി നിരന്തരം സമരങ്ങൾ നടന്നിരുന്ന കാലമായിരുന്നു. ശിഥിലമായിത്തുടങ്ങിയിരുന്ന രാഷ്ട്രീയ സാഹചര്യത്തിലായിരുന്നു പോർച്ചുഗീസുകാ രുടെ വരവുണ്ടായത്. കോഴിക്കോട്ടുമായി സജീവമായ വ്യാപാരബന്ധത്തിലേർപ്പെട്ടി രുന്ന അറബികളുടെ ശക്തമായ എതിർപ്പ് ഇക്കാര്യത്തിൽ പോർച്ചുഗീസുകാർക്ക് നേരിടേണ്ടി വന്നു, സാമൂതിരി പോർച്ചുഗീസുകാരുടെ വാണിജ്യ താല്പര്യങ്ങൾക്ക് പ്രാധാന്യം നല്കിയിരുന്നില്ല. പിന്നീട് ഇവിടെയെത്തിയത് കബ്രാളിന്റെ പ്രതിനിധി ഐറസ് കൊറിയ ആയിരുന്നു. അദ്ദേഹം കോഴിക്കോട് ഒരു വ്യാപാരശാല നിർമ്മിക്കാനുള്ള അനുവാദം നേടി. എന്നാൽ അറബികളോട് അവർ ചെയ്ത ക്രൂരത നിമിത്തം പോർച്ചുഗീസുകാർക്ക് ഇവിടുന്ന് പോവേണ്ടിവന്നു. 1500-ൽ കൊച്ചിയിലെത്തിയ കബ്രാളിനു വ്യാപാരം ചെയ്യാനുള്ള എല്ലാ സൗകര്യവും കൊച്ചിരാജാവ് ചെയ്തുകൊടുത്തു. വാസ്കോ-ഡി ഗാമയുടെ രണ്ടാം വരവിൽ

മുസ്ലീങ്ങളുമായുള്ള ബന്ധം അവസാനിപ്പിക്കണമെന്ന് സാമൂതിരിയോട് ആവശ്യപ്പെടുക യുണ്ടായി. എന്നാൽ അത് നിരസിച്ചതിൽ പ്രതിഷേധിച്ച് കോഴിക്കോട്ടു നഗരം ആക്രമിച്ച്, തുറമുഖത്തെ കപ്പലുകൾ പിടിച്ചെടുക്കുകയും ചെയ്തു. തുടർന്ന് കൊച്ചിയിലെത്തി പോർച്ചുഗീസുകാർക്ക് കുരുമുളക് നൽകിക്കൊള്ളാമെന്നും പോർച്ചുഗീസുകാർക്ക് താൽപ്പര്യം ഉള്ളിടത്തെല്ലാം വ്യാപാരശാല തുടങ്ങാം എന്നും വ്യവസ്ഥയുള്ള കരാർ നേടി. കോഴിക്കോട്ടും കൊച്ചിയും തമ്മിൽ യുദ്ധം ആരംഭിച്ചു. പോർച്ചുഗീസുകാരുടെ സഹായമുണ്ടായിട്ടും കൊച്ചി രാജാവ് പരാജിതനായി. എന്നാൽ തുടർന്നുവന്ന ഫ്രാൻസിസ്കോ അൽബുക്കർക്കിന്റെ നേതൃത്വത്തിലെത്തിയ പോർച്ചുഗീസ് നാവികസൈന്യം അദ്ദേഹത്തെ സഹായിച്ചു. ഇതിൽ സന്തുഷ്ടനായ രാജാവ് പോർട്ടുഗീസുകാർക്ക് കോട്ട കെട്ടാനുള്ള അനുവാദം നൽകി. പോർച്ചുഗീസ് രാജപ്രതിനിധിയായി അൽമോഡ പോർച്ചുഗീസ് ശക്തി വിപുലപ്പെടുത്തി. പിന്നീട് ഇവിടെ എത്തിയത് അൻഫോൻസ ഡി അൽബുക്കർക്കായിരുന്നു. ഇന്ത്യക്കാരെ സ്വസൈന്യത്തിൽ ചേർത്തു യൂറോപ്യൻ മാതൃകയിൽ സൈനികപരിശീലനം നൽകുക, വിദ്യാലയങ്ങൾ സ്ഥാപിക്കുക, പുതിയ നാണയങ്ങൾ നടപ്പാക്കുക തുടങ്ങിയ പല ഭരണപരിഷ്കാരങ്ങളും അൽബുക്കർക്ക് നടപ്പിലാക്കി. സാമൂതിരിയുടെ നേതൃത്വത്തിൽ കേരളത്തെ രാഷ്ട്രീയമായി ഏകീകരിക്കാനുള്ള ശ്രമം പോർച്ചുഗീസുകാരുടെ വരവോടെ പരാജയപ്പെട്ടു.

'അറബികളും ഈജിപ്തുകാരുമായി നിലനിന്നിരുന്ന വാണിജ്യബന്ധം അവസാനിച്ചു. പകരം യൂറോപ്പുമായുള്ള വാണിജ്യബന്ധം തുടങ്ങി. യൂറോപ്യൻ മാതൃകയിലുള്ള യുദ്ധസങ്കേതങ്ങളും ആയുധങ്ങളും കേരളത്തിൽ പ്രചരിച്ചു. അങ്ങനെ പീരങ്കിപ്പടയ്ക്കും കുതിരപ്പടയ്ക്കും പ്രാധാന്യമേറി. വാളും പരിചയും കൊണ്ടുള്ള യുദ്ധം ചെയ്തിരുന്ന നായന്മാരുടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടു. മുസ്ലീങ്ങൾക്കും ക്രിസ്ത്യാനി കൾക്കും സൈനികവിഭാഗങ്ങളിൽ പ്രാമുഖ്യം ലഭിക്കാനും ഇടയാക്കി. പോർച്ചുഗീസു കാരുടെ മതപരമായ സമീപനം വളരെ ക്രൂരമായിരുന്നു. തദ്ദേശീയരായ ക്രിസ്ത്യാനികളെയും അവർ

വെറുതെ വിട്ടില്ല. രാജാക്കന്മാർ ഹൈന്ദവരായിരുന്നിട്ടു പോലും ഹൈന്ദവക്ഷേത്രങ്ങൾ കൊള്ളയടിച്ചു നശിപ്പിച്ചു.'[41]

'കേരളത്തിൽ ആധുനികീകരണം ആരംഭിക്കുന്നത് ഈ കാലഘട്ടത്തിലാണ്. പാശ്ചാത്യരാജ്യങ്ങളിലെ പരിഷ്കാരങ്ങൾ കേരളത്തിലേക്കും വ്യാപിച്ചു. കേരളത്തിലെ പരമ്പരാഗത വാസ്തുശിൽപ്പത്തിന്റെ സ്ഥാനത്ത് അലങ്കാരപ്രധാനമായ ബംഗ്ലാവുകളെ പരിചയപ്പെടുത്തി. പോർച്ചുഗീസ് മാതൃക കേരളത്തിലെ പള്ളികളുടെ നിർമ്മാണത്തെയും സ്വാധീനിച്ചു. പഴയ നഗരങ്ങൾക്കുപകരം പുതിയ നഗരങ്ങൾ വളർന്നുവന്നു. പുതിയ തരം കാർഷിക വിഭവങ്ങൾ കേരളത്തിലെത്തി. തദ്ദേശീയരായ മുസ്ലിങ്ങളുടെ വ്യാപാരം ചെറുകിട ഉൽപ്പന്നങ്ങളിൽ മാത്രമായി ഒതുങ്ങി. പോർച്ചുഗീസുകാർ സ്ഥാപിച്ച അച്ചടിശാലകളും സെമിനാരികളും പാശ്ചാത്യമാതൃകയി ലുള്ള വിദ്യാഭ്യാസ പ്രചാരണത്തിനു കാരണമായി. പോർച്ചുഗീസുകാരുടെ ഭാഷ പ്രചരിക്കാനും ഇടയായി.'[42]

പോർച്ചുഗീസുകാർക്ക് പിറകെ ഇവിടെ എത്തിയത് ഡച്ചുകാരായിരുന്നു. 1592-ൽ ആംസ്റ്റർഡാമിൽ ചേർന്ന ഡച്ചുവ്യാപാരികളുടെ യോഗം ഇന്ത്യയുമായി വാണിജ്യബന്ധം സ്ഥാപിക്കാൻ തീരുമാനിച്ചു. ഡച്ചുകാർ വന്നപ്പോൾ കേരളത്തിലെ സാഹചര്യം അനുകൂലമായിരുന്നു. ദീർഘനാളത്തെ യുദ്ധത്തിനുശേഷം കൊച്ചി ഡച്ചുകാർ പിടിച്ചെടുത്തു. യൂറോപ്പിലെ യുദ്ധം അവസാനിച്ചതോടെ 1814-ൽ പാരീസിൽ വച്ചു നടന്ന സന്ധിയനുസരിച്ചു കൊച്ചിയുൾപ്പെടെ കേരളത്തിലുണ്ടായിരുന്ന എല്ലാ സ്ഥലങ്ങളുടെയും അവകാശം ഡച്ചുകാർ ബ്രിട്ടീഷുകാർക്കു വിട്ടുകൊടുത്തു. ഇതിനിടെ മാർത്താണ്ഡവർമ്മയുടെ കീഴിൽ തിരുവിതാംകൂർ പ്രബലശക്തിയായി മാറി. ഡച്ചുകാരെ കുളച്ചൽ യുദ്ധത്തിൽ തിരുവിതാംകൂർ തോല്പിച്ചു. തിരുവിതാംകൂറിന്റെ വളർച്ച, ഇംഗ്ലീഷ് - ഫ്രഞ്ച് ശക്തികളുടെ

---

[41] പി. കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥയും കേരളചരിത്രവും, പുറം 282.

[42] ടി.പു. 285.

ഉദയം, യൂറോപ്പിലുണ്ടായ യുദ്ധത്തിന്റെ പരിണതഫലങ്ങൾ തുടങ്ങി കേരളത്തിലെ ഡച്ചുശക്തികളുടെ അധഃപതനത്തിനു കാരണമായി.

ഡച്ചുകാരുടെ സാന്നിധ്യം വിവിധ മണ്ഡലങ്ങളിൽ ഗുണകരമായി പ്രതിഫലിച്ചു. വാണിജ്യത്തിനു ഗുണകരമായ രീതിയിൽ കൃഷിരീതി പ്രോത്സാഹിപ്പിച്ചു. ഉപ്പുനിർമ്മാണം, ചായം മുക്കൽ തുടങ്ങിയ പുതിയ വ്യവസായങ്ങളും നടപ്പിലാക്കി. തദ്ദേശീയർക്ക് ഇതിൽ പരിശീലനം നൽകുകയും ചെയ്തു. 'ഹോർത്തുസ് മലബാറിക്കുസ്' എന്ന ഗ്രന്ഥത്തിന്റെ നിർമിതിയിലൂടെ കേരളത്തിനു മികച്ച സംഭാവനയാണ് അവർ നൽകിയത്. അഡ്മിറൽ വാൻറീഡിന്റെ മേൽനോട്ടത്തിലാണ് ഈ ഗ്രന്ഥത്തിന്റെ പ്രവർത്തനങ്ങൾ നടന്നത്. 1678-നും 1703-നുമിടയിൽ ആംസ്റ്റർഡാമിൽ നിന്ന് ഈ പുസ്തകം പുറത്തിറങ്ങി. ഇതിലൂടെയാണ് ആദ്യമായി മലയാളഭാഷയുടെ അച്ചടി വെളിച്ചം കണ്ടത്.

1615-ൽ കോഴിക്കോട്ടെത്തിയ ബ്രിട്ടീഷ് സംഘത്തിനെ നയിച്ച ക്യാപ്റ്റൻ കീലിംഗ്, സാമൂതിരിയുമായി ഉടമ്പടി ഉണ്ടാക്കിയതോടെ കേരളത്തിൽ ബ്രിട്ടീഷ് സാന്നിധ്യമാരംഭിച്ചു. പോർട്ടുഗീസുകാരുമായി ചെയ്ത കരാറുപ്രകാരം ബ്രിട്ടീഷുകാർക്കു പോർട്ടുഗീസുകാരുടെ കീഴിലായിരുന്ന കേരളീയ തുറമുഖങ്ങളിൽ പ്രവേശനം ലഭിച്ചു. തിരുവിതാംകൂറിന്റെ രാഷ്ട്രീയസ്വാതന്ത്ര്യം നഷ്ടപ്പെട്ടതോടെ കേരളം മുഴുവനായി ബ്രിട്ടീഷ് നിയന്ത്രണത്തിലായി. പതിനെട്ടാം ശതകത്തിലുണ്ടായ മൈസൂർ ആക്രമണങ്ങൾ കേരളത്തിന്റെ രാഷ്ട്രീയവും സാംസ്കാരികവുമായ ചരിത്രത്തെ തന്നെ മാറ്റി. കേരളത്തിലെ മൈസൂർ സാന്നിധ്യം രാഷ്ട്രീയമായും സാമ്പത്തികമായും സാമൂഹികമായും പല മാറ്റങ്ങൾക്കും കാരണമായി. ഉദ്യോഗസ്ഥൻമാർ കുടിയാൻമാരിൽ നിന്ന് നേരിട്ട് നികുതി പിരിച്ചു. ഗതാഗതസൗകര്യം വർദ്ധിപ്പിച്ചു. ബ്രാഹ്മണർ, ക്ഷത്രിയർ, നായൻമാർ എന്നിവർക്കുണ്ടായിരുന്ന സമുന്നതപദവി നഷ്ടമായി. ദീർഘകാലത്തെ രാഷ്ട്രീയവും സാമൂഹികവുമായ അധിനിവേശം നടന്നിടമാണ് കേരളം. വിവിധങ്ങളായ സംസ്ക്കാരങ്ങളുമായുള്ള ഇടപെടൽ കേരളത്തിന്റെ ദൈനംദിന ജീവിതത്തിൽ മാറ്റങ്ങൾ സൃഷ്ടിച്ചു. ഈ

സാംസ്ക്കാരസങ്കരത്തിന്റെ തുടർച്ചയാണ് മിഷണറിമാർ സാധ്യമാക്കിയത്. കേരളീയമായ സാമൂഹ്യ സാഹചര്യങ്ങളിൽ മാറ്റം വന്നു തുടങ്ങുന്നത് ഇത്തരം പല പ്രക്രിയകളിലൂടെയാണ്.

## 1.13 ഭാഷാസാഹിത്യം

പ്രാചീനകാലഘട്ടത്തിൽ നിലനിന്നിരുന്ന സാഹിത്യം രണ്ടു വ്യത്യസ്തധാരക ളായി തിരിഞ്ഞു. അതാണ് പാട്ടും മണിപ്രവാളവും. ഈ രണ്ട് ധാരകളെ സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു സവിശേഷരീതിയാണ് എഴുത്തച്ഛൻ കൃതികളിൽ കാണുന്നത്. നിലിവിലുള്ള ജാതി-ജന്മി-നാടുവാഴി മേധാവിത്വത്തിന്റെയും ക്ഷേത്ര കേന്ദ്രിത ഭക്തിസംസ്കാരത്തിന്റെയും ചട്ടക്കൂട്ടിൽ ഒതുങ്ങിനിന്നു കൊണ്ടുതന്നെയാണ് എഴുത്തച്ഛൻ ഈ സമന്വയം സാധിച്ചത്. സമൂഹത്തിലെ  സവർണ്ണരിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ഇതിഹാസപുരാണകഥകൾ അധഃസ്ഥിതമാർഗത്തിനുകൂടി പര്യാപ്തമാ ക്കാൻ എഴുത്തച്ഛനു കഴിഞ്ഞു. ജാതിമേധാവിത്വത്തിന് അതേല്പിച്ച ആഘാതം ഫലത്തിൽ ഹിന്ദുമതത്തെ സംബന്ധിച്ചിടത്തോളം മതാധിഷ്ഠിതത്വത്തിൽനിന്ന് മതനിരപേക്ഷതയിലേക്കുള്ള മാറ്റമാണ്. ക്ഷേത്രഭക്തിപ്രസ്ഥാനത്തെ സവർണാ ധിപത്യത്തിന്റെ കൈപിടിയിൽനിന്ന് മോചിപ്പിച്ചു. അതിനെ താഴേക്ക് ഇറക്കിക്കൊ ണ്ടുവരുകയും അതിനെ ജനകീയമാക്കി ശക്തിപ്പെടുത്തുകയും ചെയ്തു. സാമൂഹികവും രാഷ്ട്രീയവുമായ അധിനിവേശം ഭാഷയിലെ സാഹിത്യത്തോടൊപ്പം മറ്റു ഭാഷകളിലെ സാഹിത്യത്തെയും മലയാളിയ്ക്ക് പരിചയപ്പെടുത്തി. പതിനഞ്ചാം നൂറ്റാണ്ടിൽ തന്നെ പൊന്നാനിക്കാരനായ സൈനുദ്ദീൻ മഖ്ദൂം ഒന്നാമൻ അറബിയിൽ മതഗ്രന്ഥങ്ങൾ എഴുതി. പതിനാറാം നൂറ്റാണ്ടിൽ എന്റിക്കസ് 'ക്രിസ്തീയ മതതത്വം', 'ക്രിസ്തീയവണക്കം' എന്നീ കൃതികളും രചിച്ചു.  യാക്കോബ് കത്തനാർ 'ഉദയം പേരൂർ സൂനഹദോസിലെ കാനോനകൾ' ലത്തീനിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ ആദ്യത്തെ കേരളചരിത്രമെന്നു പറയാവുന്ന 'തുഹ്ഫത്തുൽ മുജാഹിദ്ദീൻ' എന്ന അറബി ഗ്രന്ഥമെഴുതി.  ഖാസി മുഹമ്മദ്

അറബിയിൽ അനേകം ഗദ്യപദ്യകൃതികളും എഴുതി. മലബാർ മുസ്ലീങ്ങൾക്കിടയിൽ പ്രചുരപ്രചാരം നേടിയ 'മൊഹിയുദ്ദീൻമാല' എന്ന അറബി മലയാള ഭക്തികാവ്യത്തിന്റെ കർത്താവ് കൂടിയാണദ്ദേഹം. കൂടാതെ നിരവധി ജൂതകൃതികളും രചിക്കപ്പെട്ടു. ഹൈന്ദവമെന്ന പോലെ ഇസ്ലാമികവും ജൂതവും ക്രൈസ്തവവുമായ ആചാരങ്ങൾ വിശ്വാസങ്ങൾ അനുഷ്ഠാനങ്ങൾ എന്നിവയോടൊപ്പം കലാസാഹിത്യരൂപങ്ങളും കേരളസംസ്കാര ത്തിന്റെ ഭാഗമായിത്തീർന്നു.

'ഏ.ഡി 9-ാം ശതകത്തിനുശേഷം മാത്രമേ കേരളത്തിലും വരമൊഴിയുടെ ഏതെങ്കിലും രൂപം നമുക്കു കിട്ടുന്നുള്ളൂ. അതിനുമുമ്പ് കേരളീയ ജനസാമാന്യത്തിനു ഒരു പ്രത്യേക വ്യവഹാരഭാഷ ഉണ്ടായിരുന്നില്ലെന്നു ചിന്തിക്കുന്നത് യുക്തിസഹമല്ല. ഭാഷയുടെ വ്യതിരിക്ത ധർമ്മങ്ങൾ ലിഖിതഭാഷയുടെ ഉദയത്തിന് വളരെ മുമ്പുതന്നെ രൂപപ്പെടുക സാധാരണമാണ്. മലയാളത്തിലെ ഗദ്യപ്രസ്ഥാനത്തെപ്പറ്റി ചിന്തിക്കു മ്പോൾ അതിലെ ലിഖിതരേഖകൾക്കു പിന്നിലുള്ള വാമൊഴിക്കാലവും വലിയ പ്രാധാന്യം അർഹിക്കുന്നുണ്ട്.'[43] 9 മുതൽ 13-ാം നൂറ്റാണ്ടുവരെയുള്ള ശാസനങ്ങളിലെ ഭാഷയുടെ സവിശേഷതകൾ ഗദ്യസാഹിത്യവളർച്ചയുടെ വേറിട്ടൊരു രൂപം അനാവരണം ചെയ്യുന്നു. കൊല്ലവർഷാരംഭത്തിൽ കേരളം വാണിരുന്ന രാജശേഖര ചക്രവർത്തിയുടെ 'വാഴപ്പള്ളിശാസന'വും സ്ഥാണുരവി ചക്രവർത്തിയുടെ 'തരിസാപ്പള്ളി ശാസന'വുമാണ് കേരളത്തിൽ ലഭിച്ചിട്ടുള്ള രേഖകളിൽവെച്ച് ഏറ്റവും പ്രാചീനമായിട്ടുള്ളത്.

'ശിലാരേഖകളിലും താമ്രശാസനങ്ങളിലും കാണുന്ന ഗദ്യത്തെക്കാൾ സാഹിത്യലക്ഷണവും സാരള്യവും തികഞ്ഞ ഒരു രീതി, 'ബ്രഹ്മാണ്ഡപുരാണം', 'ആട്ടപ്രകാരം', 'ക്രമദീപിക', മുതലായ അന്നത്തെ ഗദ്യഗ്രന്ഥങ്ങളിൽ കാണാം. അവയിൽ എല്ലാംകൊണ്ടും പ്രഥമഗണനീയമായിട്ടുള്ളത് കൗടില്യന്റെ 'അർത്ഥശാസ്ത്ര' ത്തിന് എഴുതപ്പെട്ടിട്ടുള്ള ഭഷാകൗടിലീയം' എന്ന ബൃഹത്തായ വ്യാഖ്യാനഗ്രന്ഥമാണ്. പ്രാചീന

[43] സി. എൽ. ആന്റണി, ഭാഷാ ഗദ്യം. സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, പുറം 618-619.

മലയാളഗദ്യത്തിന്റെ കഴിവും ഓജസ്സും വെളിപ്പെടുത്തുന്ന ഒരു കൃതിയാണിത്. തമിഴ് രൂപങ്ങളുടെയും സംസ്കൃതത്തിന്റെയും കലർപ്പോടുകൂടിയാണെങ്കിലും മലയാള ത്തിൽ മൗലികത കൈവിടാതെയുള്ള ഒരു ഗദ്യരീതിയാണ് അതിലുള്ളത്.'[44]

ഭരണകൂടവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള രേഖകൾ തയ്യാറാക്കുന്നതിനും സംസ്കൃത കൃതികളുടെ വ്യാഖ്യാനങ്ങൾ എന്ന നിലയിലുമാണ് ഗദ്യരൂപങ്ങൾ കേരളത്തിൽ നിലനിന്നിരുന്നത്. അറിവിന്റെ വിനിമയം പരിമിതമായിരുന്ന (സമൂഹത്തിലെ ഉന്നതവിഭാഗങ്ങളിൽ മാത്രം ഒതുങ്ങിയിരുന്ന) ഈ ഘട്ടത്തിലെ ഗദ്യരൂപങ്ങൾ ആധുനികഗദ്യത്തിൽ നിന്നും തീർത്തും വ്യത്യസ്തമായ ധർമ്മവും ലക്ഷ്യവുമാണ് നിറവേറ്റിയിരുന്നത്. ധാർമ്മികമൂല്യങ്ങൾക്കു ഊന്നൽ നൽകുവാൻ പദ്യസാഹിത്യത്തെ എഴുത്തച്ഛൻ ഫലപ്രദമായി പ്രയോജനപ്പെടുത്തിയപ്പോൾ ഗദ്യസാഹിത്യത്തിന് പുതിയൊരു ദിശ തെളിക്കുവാൻ ക്രിസ്ത്യൻ മിഷണറിമാർ മുന്നോട്ടു വന്നു. കത്തോലിക്ക മതപഠനത്തിനായി ജെസ്യൂട്ട് മിഷണറിമാർ സ്ഥാപിച്ച സെമിനാരികൾ ഒരു തരത്തിൽ വിദ്യാഭ്യാസകേന്ദ്രങ്ങൾ കൂടിയായിരുന്നു. പോർച്ചുഗീസ് സുറിയാനി, ലത്തീൻ എന്നീ ഭാഷകളുടെയും സംസ്കാരങ്ങളുടെയും ഒരു സംക്രമണം തന്നെ ഇവിടെയുണ്ടായി. '16-ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി കൊടുങ്ങല്ലൂർ, ചേന്നമംഗലം, വൈപ്പിൻ കോട്ട, അമ്പഴക്കാട്, വരാപ്പുഴ എന്നീ സ്ഥലങ്ങളിൽ സെമിനാരികൾ സ്ഥാപിക്കുകയുണ്ടായി. വൈദികാഭ്യാസത്തിനു പുറമേ, നാട്ടുഭാഷാഭ്യസനവും അവിടെ നടന്നിരുന്നു. പാതിരിമാരുടെ ഗദ്യഭാഷയ്ക്ക് സാമാന്യ കാര്യവ്യവഹാരത്തിനുള്ള പ്രയോഗക്ഷമത കുറവായിരുന്നു. ഗദ്യസരണിക്ക് പാതിരിമാരുടെ പ്രവർത്തനങ്ങൾ നൂതനമായ ഒരു വ്യതിയാനമുണ്ടാക്കി. സാധാരണ ക്കാർക്കു മനസ്സിലാകാത്തവിധം മതകാര്യങ്ങൾ പ്രതിപാദിക്കുക പാതിരിമാരുടെ കൃത്യമായിരുന്നു. മതപ്രചാരണം എന്നത് മിഷണറി പ്രവർത്തനത്തിന്റെ പ്രധാന ലക്ഷ്യമായതോടെ ശൈലിയുടെ രൂപം മാറിത്തുടങ്ങി.

---

[44] പി.കെ. പരമേശ്വരൻ നായർ, ആധുനികമലയാളസാഹിത്യം, പുറം 99.

മതതത്ത്വങ്ങൾ കൂടാതെ സാമൂഹ്യകാര്യങ്ങൾകൂടി പ്രതിപാദിച്ചു തുടങ്ങിയപ്പോൾ ഗദ്യശൈലിക്കു കുറച്ചുകൂടി കാര്യക്ഷമതയുണ്ടായി.'[45]

ഏ.ഡി. 16 മുതൽ 19 വരെയുള്ള നൂറ്റാണ്ടുകളിൽ പാശ്ചാത്യമിഷണറിമാരുടെ സാഹിത്യപ്രവർത്തനങ്ങളാൽ, വലിയ പരിവർത്തനമാണ് സാഹിത്യലോകത്തിനും സമൂഹത്തിനും ഉണ്ടായത്. 1599-ലെ ഉദയം പേരൂർ സൂനഹദോസിനെ തുടർന്ന് പ്രസിദ്ധീകരിച്ച 'ഉദയംപേരൂർ സൂനഹദോസിലെ കാനോനകൾ' അന്നത്തെ ഗദ്യത്തിന് ഒരു ഉത്തമ മാതൃകയാണ്. ഭാഷയുടെ വികാസപരിണാമ ചരിത്രത്തിൽ പ്രസ്തുത കാനോനകൾ വിലപ്പെട്ട രേഖകളാണ്. സൂനഹദോസിന്റെ തീരുമാനങ്ങളും മറ്റും പോർച്ചുഗീസ് ഭാഷയിൽ ആദ്യം എഴുതുകയും പിന്നീട് മലയാളത്തിലേക്ക് വിവർത്തനം ചെയ്യുകയുമാണ് ഉണ്ടായത്

പാശ്ചാത്യമിഷണറിമാരുടെ പ്രവർത്തനം ഇന്ത്യയെ നവോത്ഥാനത്തിലേക്കു നയിച്ചു. സാഹിത്യത്തിലെന്നപോലെ വിദ്യഭ്യാസ-സാമൂഹികരംഗങ്ങളിലും മിഷണറി മാർ നൽകിയ സംഭാവനകൾ വിലപ്പെട്ടതാണ്. ഭാഷാസാഹിത്യ മണ്ഡലങ്ങളിലുണ്ടായ അത്ഭുതകരമായ വളർച്ചയും വികാസവും മതപ്രചാരണം അധിനിവേശത്തിനനുകൂലമായ സാംസ്ക്കാരിക സന്ദർഭം സൃഷ്ടിക്കൽ തുടങ്ങിയ ലക്ഷ്യങ്ങൾക്കതീതമായ ഫലങ്ങളാണ് സൃഷ്ടിച്ചത്. ഭാഷ, കല, സാഹിത്യം എന്നിവയ്ക്ക് പ്രത്യയശാസ്ത്രോ പകരണങ്ങൾ എന്ന് ധർമ്മത്തെ ആവർത്തിക്കുന്നതിനുള്ള ശേഷിയുണ്ട് എന്നതിന്റെ സാക്ഷ്യംകൂടിയാണത്.[46]

മലയാള ഭാഷയുടെ വളർച്ചയിൽ പാശ്ചാത്യഭാഷകളുടെ സ്വാധീനം വ്യക്തമായി കാണാം. പാശ്ചാത്യ ഭാഷകളിൽ നിന്നും തർജ്ജമ മുഖേനയും പരകീയ പദങ്ങൾ ധാരാളം തത്ഭവ-തത്സമ രൂപത്തിൽ മലയാളത്തിന് ലഭിക്കുകയുണ്ടായി. ഇംഗ്ലീഷ് വാക്കുകൾ

45 ടി.പു. 105.

46 ഈ അഭിപ്രായത്തെ ഖണ്ഡിക്കുന്ന പണ്ഡിതൻമാരുണ്ട്. ഡോ.പി.കെ.നാരായണപിള്ള, പ്രാചീനഗദ്യ മാതൃകകൾ - അവതാരികയിൽ അദ്ദേഹത്തിന്റെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

മാത്രമല്ല, ആംഗലശൈലി പോലും നാം അതുപോലെ സ്വീകരിച്ചിട്ടുണ്ട്. 'മതപ്രചാരണലക്ഷ്യത്തോടെ നടത്തപ്പെട്ട ഈ സംരംഭങ്ങളിൽ വിപ്ലവകരമായ ഒരു മഹാസാദ്ധ്യതയും കൂടിയുണ്ടായിരുന്നു. മനുഷ്യജീവിതത്തിന്റെ ചലനാത്മകതയാണ് ഭാഷയുടെ വളർച്ചയ്ക്കുള്ള വളവും ജലവും എന്ന സത്യം തത്വത്തിലല്ലെങ്കിലും ഫലത്തിൽ ഈ പാതിരിമാർ പ്രയോഗക്ഷമമാക്കി. ഏതോ ത്രിശങ്കുസ്വർഗ്ഗത്തിൽ നിന്ന് ആട്ടകഥാകാരന്റേയും ചമ്പൂകാരന്റേയും മലയാം സംസ്കൃതത്തിൽ നിന്ന് വ്യതിരിക്തവും, കേരളത്തിന്റെ മണ്ണിന്റെ മണം ഉൾക്കൊള്ളുന്നതുമായ ഒരു മലയാള ഭാഷയ്ക്ക് പാതിരിമാർ അടിത്തറപാകി. പരമാവധി വികസ്വരവും ആശയപ്രകാശന ത്തിനു സമർത്ഥവുമായ നിരവധി വിദേശഭാഷകളിൽ അവഗാഹമുണ്ടായിരുന്ന ഇവർ കേരളീയ ജീവിതത്തിൽനിന്നു പെറുക്കിയെടുത്ത പദങ്ങളെക്കൊണ്ടാണ് ഈ പുത്തൻ മലയാളത്തിന്റെ അടിത്തറ കെട്ടിയത്. ചരിത്രപരമായി നോക്കുമ്പോൾ മതപ്രചാരണ ണവും പ്രവർത്തനവും അതിനുള്ള പ്രായോഗിക പരീക്ഷണശാലയായിരുന്നു'.[47]

പാശ്ചാത്യഭാഷയുമായി കൂടുതൽ അടുക്കാൻ കേരളീയർക്ക് അവസരം ലഭിച്ചു. അതുകൊണ്ടുതന്നെ സാഹിത്യത്തിലെ ആധുനിക പ്രവണതകളും പ്രസ്ഥാനങ്ങളിലൂടെ അവയ്ക്കു കൈവന്ന അഭിവൃദ്ധിയും കേരളീയർക്ക് ഫലപ്രദമായ അറിവുകളാണ് നൽകിയത്. ഇവരുമായുള്ള സമ്പർക്കം കേരളീയർക്ക് വലിയ പരിവർത്തനമാണ് ഉണ്ടാക്കിയത്.

'ആദ്യഘട്ടത്തിലെ ഭാഷാരീതിയുടെ ഏകദേശരൂപം മനസ്സിലാക്കാൻ 'ഉദയംപേരൂർ സൂനഹദോസിലെ കാനോനകൾ' പരിശോധിച്ചാൽ മതി. പോർച്ചുഗീസ് ഭാഷയിൽനിന്നും മലയാളഭാഷയിലേക്ക് വിവർത്തം ചെയ്തതാണ് ഇത്'.[48] സാധാരണ

---

47 പി.കെ.ബാലകൃഷ്ണൻ, ചന്തുമേനോൻ ഒരു പഠനം, പുറം.18.

48 കേരളത്തിലെ 'അന്ധവിശ്വാസ'ങ്ങളേയും 'അനാചാര'ങ്ങളെയും ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി 1599-ൽ 'ഉദയം പേരൂർ പള്ളിയിൽ വെച്ച് ആർച്ച് ബിഷപ്പ് മെനസിസ് മെത്രാപ്പൊലീത്തയുടെ ആധിപത്യത്തിലായിരുന്നു ഈ സമ്മേളനം നടന്നത്. 153 വൈദികരും 671 ജനപ്രതിനിധികളും പങ്കെടുത്തിരുന്നു. ഈ സമ്മേളനത്തിന്റെ തീരുമാനങ്ങളാണ് 'കാനോന'കളായി

ക്കാരന്റെ വ്യവഹാരഭാഷയിൽ വിവർത്തനം ചെയ്തിരിക്കുന്ന ഈ ഗ്രന്ഥത്തിൽ ഭാഷാപരമായ നിരവധി പ്രത്യേകതകൾ ഉണ്ട്. ശുദ്ധമലയാള പദങ്ങളോടൊപ്പം വൈദേശിക ഭാഷാസമ്പർക്കംമൂലം വന്നുകയറിയ വിലക്ഷണ വിഭക്തിരൂപങ്ങളും പ്രാചീന ഭാഷാരൂപവും കാണാവുന്നതാണ്. പിൽക്കാലത്ത് സ്വതന്ത്ര വളർച്ചയെത്തിയ ആധുനികമലയാളഗദ്യശൈലിയുടെ ആരംഭമാണ് ഇവിടെ കാണുന്നത്.

ഈ കാലഘട്ടത്തിൽ ഉണ്ടായ മറ്റൊരു കൃതിയാണ് 'ഹോർത്തൂസ് മലബാറിക്കസ്'. സസ്യശാസ്ത്രത്തെ സംബന്ധിക്കുന്ന ഒരു കൃതിയാണ് ഇത്. വാൻറീഡ് എന്ന സായിപ്പിന്റെ നേതൃത്വത്തിലാണ് ഈ കൃതി പ്രസിദ്ധീകരിച്ചത്. 'അന്നത്തെ സർക്കാർ ഭാഷയിൽനിന്നും ഭിന്നമല്ലാത്ത ഭാഷയാണ് 'ഹോർത്തൂസ് മലബാറി ക്കസി'ൽ കാണുന്നതെന്നും മലയാള ഗദ്യരചനയുടെ ആദ്യഘട്ടത്തെ ഇതു കുറിക്കുന്നുവെന്നും ഡോ. പി.ജെ. തോമസ് പ്രസ്താവിക്കുന്നുണ്ട്'.[49]

ഭാരതത്തിലെത്തിയെ പാശ്ചാത്യ മിഷണറിമാർ വിവിധ ഭാരതീയ ഭാഷകളിൽ പ്രാവീണ്യം നേടി. അതുകൊണ്ടുതന്നെ വിവിധ ഭാഷകളെക്കുറിച്ച് താരതമ്യപഠന ത്തിനും ശാസ്ത്രീയവീക്ഷണത്തിനും വഴിതെളിച്ചു. തെലുങ്കു ഭാഷയിൽ ബ്രോണും തമിഴിൽ വിൻസ്ളോയും കന്നടയിൽ കിറ്റെലും, മലയാളഭാഷയിൽ ഹെർമ്മൻ ഗുണ്ടർട്ടും ബെയ്‌ലിയും ഗണ്യമായ സംഭാവനകൾ നൽകി. പോർച്ചുഗീസുകാർ, ഡച്ചുകാർ, ഇംഗ്ലീഷുകാർ എന്നിവരാണ് കേരളത്തിലെത്തിയ പാശ്ചാത്യർ. ഇവരിൽ പോർച്ചുഗീസുകാരും ഇംഗ്ലീഷുകാരുമാണ് വിദ്യാഭ്യാസ സാംസ്കാരിക മണ്ഡലത്തിൽ അവരുടെ കഴിവു തെളിയിച്ചത്.

---

പ്രസിദ്ധീകരിച്ചത്. ആ മഹാസമ്മേളനത്തിൽ ദ്വിഭാഷ പണ്ഡിതനായിരുന്ന യാക്കോ കത്തനാരാണ് കാനോനകൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്തത്.

49 പി.ജെ.തോമസ്, മലയാളസാഹിത്യവും ക്രിസ്ത്യാനികളും, പുറം.90-91.

ഗദ്യകൃതികൾ മതപ്രചരണാർത്ഥം രചിക്കേണ്ടതിന്റെ ആവശ്യകത മിഷണറി മാർക്കു ബോധ്യമായി. റോമിലെ വിദ്യാകേന്ദ്രങ്ങളിൽ പഠിച്ച വിജ്ഞാനവും പാണ്ഡിത്യവും നേടിയ മിഷണറിമാരാണ് കൊടുങ്ങല്ലൂർ, വാരാപ്പുഴ, കൊച്ചി, വൈപ്പിൻകോട്ട മുതലായ സെമിനാരികളിൽ അന്നു ശിക്ഷണം നടത്തിവന്നിരുന്നത്. പൗരസ്ത്യഭാഷകൾ പഠിക്കുവാൻ അവർ കഠിനമായി പരിശ്രമിച്ചിരുന്നു.

ക്രിസ്തുവർഷം 16-ാം ശതകത്തിന്റെ അന്ത്യം മുതൽ 19-ാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിൽ മലയാളഭാഷയെ ഇത്രയധികം പ്രൗഢമായ സാഹിത്യമാക്കി തീർക്കുന്നതിൽ മിഷണറിമാർ വളരെയധികം പ്രയത്നിച്ചിരുന്നു. ഈ കാലഘട്ടം പൊതുവെ 'മിഷണറി മലയാളയുഗ'മെന്ന് സാമുവൽ ചന്ദനപ്പള്ളി അഭിപ്രായപ്പെടുന്നു. മതപരിവർത്തനത്തോടൊപ്പം ഭാഷാപഠനത്തിൽ തൽപ്പരരായിരുന്ന മിഷണറിമാർക്ക് ഭാഷാപഠനത്തിനു സഹായിക്കുന്ന ശാസ്ത്രീയഗ്രന്ഥങ്ങൾ ഇവിടെ ഉണ്ടായിരുന്നില്ല. ആ വിഷയത്തെ സമർത്ഥമായി അതിജീവിച്ച മിഷണറിമാർ അടിസ്ഥാനപരമായ ഗ്രന്ഥങ്ങളും നിഘണ്ടുക്കളും രചിക്കുന്നതിൽ താല്പര്യം കാണിച്ചു. സംസ്കൃതത്തിലും മലയാളത്തിലും പരിജ്ഞാനം നേടിയ അർണോസ് പാതിരി മലയാളത്തിൽ 'ഗ്രന്ഥഭാഷയുടെ വ്യാകരണവും', നിഘണ്ടുവും രചിച്ചു. അദ്ദേഹത്തിന്റെ പ്രധാനകൃതി 'ചതുരന്ത്യം' എന്ന കാവ്യമാണ്. ഇതുകൂടാതെ 'മലയാ-പോർച്ചുഗീസ് നിഘണ്ടു', യുധിഷ്ഠിരവിജയം', 'മിശിഹാചരിതം', 'പുത്തൻ പാന', 'ഉമ്മാപർവ്വം' എന്നിവയും രചിച്ചിട്ടുണ്ട്.

കർമ്മലീത്താ സഭയിൽ അംഗമായിച്ചേർന്ന ബഹുഭാഷാപണ്ഡിതനായ പൗലിനോസ് പാതിരി വേദപ്രചാരണത്തിനായിട്ടാണ് ഇന്ത്യയിൽ എത്തിയത്. അനേകം പദ്യകൃതികളും ഗദ്യകൃതികളും രചിച്ചു. അദ്ദേഹത്തിന്റെ 'മലയാളവ്യാക രണ'വും, 'മലയാണ്മ ലത്തീൻ-ഇംഗ്ലീഷ് അകാരാദി' എന്ന നിഘണ്ടുവും പ്രത്യേക പ്രാധാന്യമർഹിക്കുന്നവയാണ്. മലയാളത്തിലെ പഴഞ്ചൊല്ലുകളെ അധികരിച്ച് അദ്ദേഹമെഴുതിയ ഗ്രന്ഥമാണ് 'Adagia Malabarica' ലത്തീൻ പരിഭാഷയോടുകൂടി നൂറിലധികം പഴഞ്ചൊല്ലുകൾ ചേർത്തിരിക്കുന്ന

ഈ കൃതിയിലെ ആദ്യത്തെ വാക്യം 'പഴഞ്ചൊല്ലിൽ പൊളിയുണ്ടെങ്കിൽ പോലും കയ്ക്കും' എന്നതാണ്.

സംസ്കൃതത്തിലും ചില യൂറേപ്യൻ ഭാഷകളിലുമാണ് ആദ്യകാലത്ത് വ്യാകരണങ്ങൾ ഉണ്ടായത്. മിഷണറിമാരുടെ ആഗമനത്തിനു മുമ്പ് സംസ്കൃതത്തിൽ എഴുതപ്പെട്ട മണിപ്രവാള ലക്ഷണ ഗ്രന്ഥമായ 'ലീലാതിലക'മാണ് വ്യാകരണ കാര്യങ്ങൾ ചർച്ച ചെയ്യുന്ന കൃതിയായി കണ്ടെടുക്കപ്പെട്ടിട്ടുള്ളത്. ലീലാതിലകമല്ലാത്ത വ്യാകരണകാര്യങ്ങൾ ചർച്ച ചെയ്യുന്ന കൃതികൾ ലഭ്യമല്ലാതിരുന്നത് ഭാഷയെ ശാസ്ത്രീയമായി സമീപിക്കാൻ ശ്രമിച്ച മിഷണറിമാരെ പ്രതികൂലമായി ബാധിച്ചിരിക്കണം. വ്യാകരണ രംഗത്തെ മിഷണറി ഇടപെടലിന് ഇത് ആക്കം കൂട്ടിയിട്ടുണ്ടാവാം.

1543-ൽ ദക്ഷിണ തിരുവിതാംകൂറിൽ ക്രിസ്തുവർഷം പ്രചരിപ്പിച്ച സെന്റ് ഫ്രാൻസിസ് സേവിയരുടെ സഹപ്രവർത്തകനായിരുന്ന എന്റിഗ്വെസ് എന്ന പാതിരി മലബാർ ഭാഷയ്ക്ക് എഴുതിയ വ്യാകരണമായിരിക്കണം മിഷണറിമാരുടെ പ്രഥമവ്യാകരണ ഗ്രന്ഥം.[50] യൂറോപ്യൻ ഭാഷകളിലും മലയാളത്തിലും ഭാഷയ്ക്കുവേണ്ടി വ്യാകരണകൃതികളെഴുതിയ പാശ്ചാത്യരിൽ ആഞ്ചലോ ഫ്രാൻസിസ് മെത്രാപ്പൊ ലീത്താ, ഫാ. റോസ് പാതിരി, റവ. ജോസഫ് പീറ്റ്, ഡോ. ഹെർമ്മൻ ഗുണ്ടർട്ട്, റോബർട്ട് ഡ്രുമണ്ട്, എഫ്. സ്പ്രിംഗ്, ഗാർത്തവേറ്റ് എന്നിവരെ വിസ്മരിക്കാനാവില്ല.

'പതിനേഴാം നൂറ്റാണ്ടിൽ ഒരു കർമ്മലീത്താ പാതിരിയായി കേരളത്തിൽ വന്നുചേർന്ന ആഞ്ചലോ ഫ്രാൻസിസ് 1700-നും 1712-നും മദ്ധ്യേ രചിച്ച വ്യാകരണമാണ് ഭാഷയിലെ ആദ്യത്തെ വ്യാകരണമെന്നഭിപ്രായപ്പെടുന്ന പണ്ഡിതന്മാരും ഉണ്ട്'.[51] 1775-ൽ ഫാ. റോസ് പാതിരി ഒരു മലയാളവ്യാകരണം രചിക്കുകയുണ്ടായി. അദ്ദേഹം തമിഴ്

---

50 ഡോ.പി.ജെ.തോമസ്, മലയാളസാഹിത്യവും ക്രിസ്ത്യാനികളും, പുറം 120.

51 ടി. പു. 121

ഭാഷയിലും പരിജ്ഞാനം നേടിയിരുന്നു. വ്യാകരണം കൂടാതെ ഒരു നിഘണ്ടുവും അദ്ദേഹം രചിക്കുകയുണ്ടായി. 1799-ൽ ബോംബയിലെ കുറിയർ പ്രസ്സിൽ അച്ചടിച്ച 'മലയാള ഭാഷയുടെ വ്യാകരണം' റോബർട്ട് ഡ്രുമണ്ടാണ് രചിച്ചത്. ഇംഗ്ലണ്ടിലെ ചർച്ച് മിഷണറി സമൂഹത്തിൽ അംഗമായിരുന്ന ജോസഫ് പിറ്റ് 1833-ൽ ഒരു വ്യാകരണഗ്രന്ഥമെഴുതി. പിന്നീട് 1851-ൽ ഒരു വ്യാകരണഗ്രന്ഥം മലയാളികൾക്ക് സംഭാവന ചെയ്തത് 'ഹെർമ്മൻ ഗുണ്ടർട്ടാ'ണ്. ഭാഷയിലെ ഒരു പ്രാമാണിക വ്യാകരണകൃതിയായി പണ്ഡിതന്മാർ ഇതിനെ പരിഗണിക്കുന്നു. അദ്ദേഹത്തിന്റെ വ്യാകരണകൃതിയാണ് 'മലയാളഭാഷാവ്യാകരണം'. ഏ.ആർ. രാജരാജവർമ്മ 'കേരളപാണിനീയ'ത്തിന്റെ രചനയ്ക്ക് അവലംബമായി ഉപയോഗിച്ചത് ഗുണ്ടർട്ടിന്റെ വ്യാകരണകൃതിയാണ്. മദിരാശി സംസ്ഥാനത്തിലെ സ്കൂൾ ഇൻസ്പെക്ടറായിരുന്ന എൻ. ഗർത്തുവേറ്റ് പ്രസിദ്ധീകരിച്ചിട്ടുള്ള 'വ്യാകരണ ചോദ്യോത്തരം' ഗുണ്ടർട്ടിന്റെ വ്യാകരണകൃതിയെ പരിഷ്ക്കരിച്ച വിപുലീകരിച്ചതാണ്. അയർലൻഡിൽ ജനിച്ച് മദ്രാസിൽ വന്ന് മിഷണറി പ്രവർത്തനം നടത്തി. 'റോബർട്ട് കാൾഡ്വൽ' എഴുതിയ കൃതിയാണ് 'ദ്രാവിഡഭാഷകളുടെ താരതമ്യ വ്യാകരണം'. 1799-ൽ റോബർട്ട് ഡ്രുമണ്ടും 1839ൽ സ്പ്രിംഗും വ്യാകരണ സംബന്ധമായ ലഘുഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഈ കൃതികളെല്ലാംതന്നെ നമ്മുടെ ഭാഷയ്ക്കും സാഹിത്യത്തിനും പുതിയ വീക്ഷണത്തിനും വളർച്ചയ്ക്കും കാരണമായി.

നിഘണ്ടുക്കളുടെ അഭാവം മലയാളഭാഷാപഠനത്തിന് മിഷണറിമാർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കി. ഗുണ്ടർട്ടിനെക്കാൾ മുൻപ് കേരളത്തിലെത്തിയ ബെഞ്ചമിൻ ബെയിലി, ഭാഷയിലെ കുറവു പരിഹരിക്കുവാൻ പ്രയത്നിച്ചു. അതിന്റെ ഫലമായി 1846-ൽ മലയാളം-ഇംഗ്ലീഷ് നിഘണ്ടുവും, 1849 ഇംഗ്ലീഷ്-മലയാളം നിഘണ്ടുവും ബെയ്‌ലി പ്രസിദ്ധീകരിക്കുകയുണ്ടായി. ഭാഷാചരിത്രത്തിൽ അദ്ദേഹ ത്തിന് ഇത്രമാത്രം പ്രാധാന്യം ലഭിക്കാൻ കാരണം അച്ചടിയുടെ രംഗത്ത് അദ്ദേഹം നൽകിയ സംഭാവനകളാണ്. 1872 ൽ ഗുണ്ടർട്ടിന്റെ മലയാളം-ഇംഗ്ലീഷ് നിഘണ്ടു പ്രസിദ്ധീകരിച്ചു. ഈ കൃതി മലയാള വ്യാകരണത്തിന് കിട്ടിയ വലിയൊരു സംഭാവനയാണ്. 1867 വരെ

കോട്ടയം സി.എം.എസ്. കോളേജിൽ പ്രിൻസിപ്പാളാ യിരുന്ന റവ. റിച്ചാർഡ് കോളിൻസ് രചിച്ച നിഘണ്ടുവാണ് മലയാള നിഘണ്ടു.' കൂടാതെ ആദ്യത്തെ ഏകഭാഷാ നിഘണ്ടു എന്ന പ്രത്യേകതയും ഈ കൃതിക്കുണ്ട്.

അച്ചടിയുടെ കാര്യത്തിലും മിഷണറിമാരാണ് മാർഗ്ഗദർശനം നൽകിയത്. 1577-ൽ ജെസ്യൂട്ട്പാതിരിമാർ ഗോവയിൽ ഒരു അച്ചടിശാല സ്ഥാപിച്ചു.'ക്രിസ്തീയ വേദോപദേശം' എന്ന കൃതി അവിടെ അച്ചടിച്ചു. മലയാളം അച്ചുകൾ ഉണ്ടാക്കിയാണ് അച്ചടിച്ചത്. 1772-ൽ ക്ലമന്റ് പാതിരി 'സംക്ഷേപവേദാർത്ഥം' റോമിൽ അച്ചടിപ്പിച്ചു. ഇത് മുദ്രണവിദ്യയിലെ ഒരു നവീന കാൽവെപ്പായി കരുതാം. ക്രിസ്തുമത സിദ്ധാന്തങ്ങളുടെ ഒരു വിവരണമാണ് ഈ കൃതിയിലെ ഉള്ളടക്കം. എ.ഡി. 1811-ൽ ഇന്ത്യയിൽ മലയാളം അച്ചടി ആദ്യമായി നടന്നത് ബോംബെയിലെ കുറിയർ പ്രസ്സിലാണ്. അക്ഷരങ്ങൾ കൊത്തിയുണ്ടാക്കിയാണ് അച്ചടിച്ചത്. ആദ്യം അച്ചടിച്ചത് സുവിശേഷങ്ങളായിരുന്നു.

വിജ്ഞാനം പകരുന്നതിൽ വലിയ പങ്കുവഹിച്ച മാധ്യമമാണ് പത്രമാസികകൾ. കേരളത്തിലെ പത്രപ്രവർത്തനത്തിന് ഒരു നൂറ്റാണ്ടിൽപരം വർഷത്തെ ചരിത്രമുണ്ട്. ക്രൈസ്തവ മിഷണറിമാർ തന്നെയാണ് ഈ സംരംഭത്തിന്റെയും മാർഗ്ഗദർശികൾ. പത്രപ്രവർത്തനരംഗത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചതിൽ പ്രധാനികൾ ഗുണ്ടർട്ടും, ബെയിലിയുമായിരുന്നു. 'രാജ്യസമാചാരം' എന്ന പേരിലാണ് ആദ്യത്തെ പത്രമാസിക പുറത്തുവന്നത്. ഇതിന്റെ പത്രാധിപർ ഹെർമ്മൻ ഗുണ്ടർട്ടായിരുന്നു. കല്ലച്ചിലായിരുന്നു അച്ചടിച്ചിരുന്നത്. ബാസൽ മിഷന്റെ പ്രവർത്തനകേന്ദ്രമായിരുന്ന തലശ്ശേരി ഇല്ലിക്കുന്നിൽ നിന്നും 1847 ജൂണിലാണ് 'രാജ്യസമാചാരം' പുറത്തുവന്നത്. 'പശ്ചിമോദയ'മാണ് രണ്ടാമത്തെ വൃത്താന്തപത്രം. 1847 ഒക്ടോബറിലാണ് ഈ പത്രം പ്രസിദ്ധീകരിച്ചത്.

കോട്ടയം കേന്ദ്രമാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചർച്ചമിഷണറിയുടെ പ്രസിദ്ധീകരണമാണ് 'ജ്ഞാനനിക്ഷേപം'. 1848-ൽ പുറത്തിറങ്ങിയ ഈ പത്രം മൂന്നാമത്തെ വൃത്താന്തപത്രമാണ്. 'ജ്ഞാനനിക്ഷേപ'മാണ് അച്ചടിച്ച ഒന്നാമത്തെ

മാസിക. നാട്ടുവർത്തമാനങ്ങളും സർക്കാർ അറിയിപ്പുകളും ആദ്യമായി പ്രസിദ്ധീകരിച്ച മാസിക എന്ന നിലയ്ക്കും 'ജ്ഞാനനിക്ഷേപ'ത്തിന് പത്രമാസികാ ചരിത്രത്തിൽ വലിയ പ്രാധാന്യമാണുള്ളത്.

ലാറ്റിൻ, ഇംഗ്ലീഷ്, സുറിയാനി മുതലായ ഭാഷകളുമായുള്ള ബന്ധം കാരണം പാശ്ചാത്യമിഷണറിമാരുടെ ഭാഷയുടെ മേൻമകൾ ആ കാലഘട്ടത്തിലെ ഓരോ കൃതിയിലും വ്യക്തമാണ്. 'കേരള പാണിനീയ'ത്തിന്റെ കർത്താവായ ഏ.ആർ. രാജരാജവർമ്മയ്ക്ക് പോലും വസ്തുനിഷ്ഠമായ ഭാഷാപഠനത്തിന് വഴിതെളിച്ചത് മിഷണറിമാരാണ്. മൂന്ന് നൂറ്റാണ്ടുകൾ നമ്മുടെ ഭാഷയെ ധന്യമാക്കിയ മിഷണറി മാരുടെ ഭാഷാസേവനങ്ങൾ വിസ്മരിക്കാവുന്നതല്ല. ആധുനികീകരണ പ്രക്രിയയിൽ മിഷണറിമാരും അവരുടെ ഭാഷാസേവനങ്ങളും പ്രധാനപ്പെട്ടതാണ്.

### 1.14 ആധുനികീകരണത്തിന്റെ പ്രാരംഭം

'കേരളത്തിന്റെ ആധുനികീകരണ പ്രക്രിയയുടെ ആരംഭം പത്തൊമ്പതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലായിരുന്നു. കേരളീയ സാമൂഹികജീവിതവുമായി ബന്ധപ്പെട്ട സകല ഇടങ്ങളുടെയും തലങ്ങളുടെയും നവീകരിക്കലിന് അക്കാലത്ത് തുടക്കമായി. വിദ്യാഭ്യാസം, വൈദ്യം, വസ്ത്രധാരണം, ഭക്ഷണം, ആചാരാനുഷ്ഠാനങ്ങൾ, ഭാഷ, സാഹിത്യം, കലകൾ തുടങ്ങിയ എല്ലാ കാര്യങ്ങളിലും പുതിയതോ, വ്യത്യസ്തമോ ആയ ഒന്ന്, പഴയതിനെ ആദേശം ചെയ്ത് പ്രചാരത്തിലായി. വിവിധ ഘട്ടങ്ങളിലായാണ് ആധുനികീകരണം നടക്കുന്നത്. 'ഒന്നാം ഘട്ട ആധുനികീകരണ ത്തിന് കാരണവും പ്രചോദനവുമായി തീർന്ന ഘടകങ്ങൾ, അച്ചടി, പുസ്തകപ്രസാധാനം, പത്രമാസികകളുടെ പ്രചാരണം, പൊതുവിദ്യാഭ്യാസത്തിന്റെ വ്യാപനം തുടങ്ങിയവയാ യിരുന്നു. ഇതിന്റെ ഫലമായി വിജ്ഞാന വിസ്ഫോടനവും നാട്ടുവാഴിത്ത സാമൂഹിക വ്യവസ്ഥകളുടെ നിഷേധവും നടന്നു. കൂടാതെ നാട്ടുവാഴിത്തത്തിന്റെ ഭാഗമായുണ്ടായ അടിമത്തത്തിന്റെയും

ജാതിസമ്പ്രദായത്തിന്റെയും നിരാസവുമുണ്ടായിരുന്നു.'[52] ഇതാണ് ഒന്നാംഘട്ട ആധുനികത പെട്ടെന്നുണ്ടായതിന്റെ കാരണം. ഇതേ തുടർന്ന് അധഃസ്ഥിതരും പിന്നോക്കക്കാരുമായ ജനങ്ങളുടെ ഉത്ഥാനവും സാമുദായിക പരിഷ്ക്ക രണയത്നങ്ങളുമുണ്ടായി. ഇതിന്റെ തുടർച്ചയായാണ് രണ്ടാം ഘട്ട ആധുനികീകരണം കേരളത്തിൽ സംഭവിച്ചത്. കേരളത്തിലെ ഭാഷാസാഹിത്യങ്ങളുടെ ആധുനികീകരണ ത്തിന് സഹായിച്ച വ്യക്തികളിൽ പ്രമുഖരാണ് ബെഞ്ചമിൻ ബെയ്‌ലി, ഡോ, ഹെർമൻ ഗുണ്ടർട്ട്, റവ. ജോർജ് മാത്തൻ എന്നിവർ.

ഗുണ്ടർട്ട് കേരളത്തിലെത്തിയ പത്തൊമ്പതാം ശതകത്തിന്റെ പൂർവ്വാർദ്ധത്തിൽ കേരളം ആധുനികീകരണത്തിന്റെ പാതയിലായിരുന്നു. നാട്ടുവാഴിത്തത്തിൽനിന്ന് ആധുനികതയിലേക്കും തൽഫലമായ നവോത്ഥാനത്തിലേക്കും കേരളം പരിണമിച്ചു. ഇതേ തുടർന്ന് കേരളസമൂഹം സകലസാമൂഹിക ബന്ധങ്ങളെയും മനുഷ്യവ്യവഹാരങ്ങ ളെയും പുതുക്കി പണിതു. സമസ്ത സാമൂഹിക വ്യവഹാരങ്ങളിൽനിന്നും നാട്ടുവാഴിത്ത മൂല്യങ്ങളെയും പരികല്പനകളെയും നിഷ്കാസനം ചെയ്തുകൊണ്ടാണ് സമൂഹം ആധുനികീകരണത്തിലേക്ക് മാറിയത്.[53]

ജന്മിത്തം-നാട്ടുവാഴിത്തത്തിന്റെ ഭാഗമായി വന്ന ഭാഷാ വ്യവഹാരരൂപമായ പദ്യത്തെ ഉപേക്ഷിച്ച് സാഹിത്യ സാഹിത്യേതര വ്യവഹാരത്തിനുള്ള ഭാഷാരൂപമായി ഗദ്യത്തെ പ്രതിഷ്ഠിച്ചു. ഇതാണ് ഭാഷാ മേഖലയിൽ സംഭവിച്ച ആധുനികീകരണം. ഇതിന് കാരണം ബെഞ്ചമിൻ ബെയ്‌ലി കേരളത്തിൽ ആരംഭിച്ച മലയാളം അച്ചടി, പുസ്തക പ്രസാധനം, പരിഭാഷ, നിഘണ്ടു നിർമ്മാണം എന്നിവയാണ്. കൂടാതെ ഡോ. ഹെർമൻ ഗുണ്ടർട്ടിന്റെ പുസ്തകരചനയും, നിഘണ്ടു നിർമ്മാണവും വ്യാകരണ രചനയും, പത്ര-മാസികാപ്രസിദ്ധീകരണവും, വൈജ്ഞാനിക കൃതികളുടെ രചനയും കാരണ മായി. വിദേശ

---

52 സ്കറിയ സക്കറിയ (എഡി.) മലയാളവും ഹെർമൻ ഗുണ്ടർട്ടും, വാല്യം 2, പുറം 2520.

53 സ്കറിയ സക്കറിയ, ഹെർമ്മൻ ഗുണ്ടർട്ടും മലയാള സാഹിത്യവും, പുറം.1256.

മിഷണറിമാരെ പോലെതന്നെ തദ്ദേശീയ മിഷണറി പ്രവർത്തകർക്കും ആധുനികീകരണപ്രക്രിയയിൽ വലിയ പങ്കുണ്ട്. അതിന് ഉത്തമോദാഹരണമാണ് ജോർജ് മാത്തൻ. അദ്ദേഹം നിരവധി വൈജ്ഞാനിക കൃതികളും, വ്യാകരണരചനയും നടത്തി. അതോടൊപ്പം തന്നെ പത്ര-മാസികാപ്രസിദ്ധീകരണവും പരിഭാഷകളും നടത്തുകയുണ്ടായി (വരും അധ്യായങ്ങളിൽ വിശദീകരിക്കുന്നുണ്ട്).

### 1.14 വ്യവസായം

പാശ്ചാത്യ മിഷണറിമാർ പ്രചരിപ്പിച്ച പ്രൊട്ടസ്റ്റന്റ് മതത്തിലൂടെ ഒരു സാമൂഹ്യ പരിവർത്തനമാണ് ഇവിടെ നടപ്പായത്. ജാത്യടിസ്ഥാനത്തിലുള്ള സാമൂഹ്യ ജീവിതമാണ് ഇന്ത്യയിൽ നിലനിന്നിരുന്നത്. തൊഴിൽ, ജാതി എന്നിവ പരസ്പരം ബന്ധപ്പെട്ട കിടക്കുന്നു. ഒരു ജാതിക്കാരുടെ തൊഴിൽ മറ്റ് ജാതിക്കാർക്ക് ചെയ്യാൻ അവകാശമില്ലായിരുന്നു.

സമൂഹത്തിലെ ഉയർന്ന ശ്രേണിയിലുള്ളവർ കഠിനാധ്വാനമുള്ള ജോലികൾ ചെയ്യാറില്ല. അവർക്ക് സമൂഹത്തിൽ പ്രത്യേക അധികാരങ്ങളും അവകാശങ്ങളും ഉണ്ടായിരുന്നു. മണ്ണിലും ചെളിയിലും അധ്വാനിച്ചിരുന്നത് താഴെതട്ടിലുള്ളവരായിരുന്നു. അവർക്ക് സമൂഹത്തിൽ ഒരു മാന്യതയും ഉണ്ടായിരുന്നില്ല. അവർക്ക് മറ്റ തൊഴിലുകൾ ചെയ്യാൻ അവകാശമുണ്ടായിരുന്നില്ല, മറ്റ തൊഴിൽ ചെയ്യുന്നവർക്കും അതായിരുന്നു നിയമം. ഈ നിയമത്തെ പൊളിച്ച് ഒരു പുതിയ തൊഴിൽവ്യവസ്ഥ കൊണ്ടുവന്നത് പ്രൊട്ടസ്റ്റന്റ് മിഷണറിമാരാണ്. ഏത് ജാതിയിൽപ്പെട്ടവർക്കും ഏത് തൊഴിലും ചെയ്യാനുള്ള അവകാശത്തിനായി ഇടപെടലുകൾ നടത്തി. 'കുലത്തൊഴിലുകൾക്കും പാരമ്പര്യതൊഴിലുകൾക്കും പുറമെ പുതിയ തൊഴിലുകളിൽ മിഷണറിമാർ പരിശീലനം നൽകി. ആദ്യം തന്നെ ഈ പരിശീലനം നൽകിയത് പെൺകുട്ടികൾക്കായിരുന്നു.

പെൺപള്ളിക്കൂടങ്ങളിൽ പഠിച്ചിരുന്ന കുട്ടികൾക്ക് തയ്യൽ, എംബ്രോയിഡറി എന്നീ തൊഴിലുകളിൽ പരിശീലനം നൽകി'.[54]

1942-ൽ റവ:ജോൺ ഹോക്സ് വർത്ത് ആലപ്പുഴയിൽ ഒരു തൊഴിൽ പരിശീലനകേന്ദ്രം സ്ഥാപിച്ചു. തൊഴിലും ജാതിയും തമ്മിലുള്ള ബന്ധം വേർപെടുത്താനുള്ള ശ്രമമുണ്ടായി. ദക്ഷിണേന്ത്യയിലെ ഓട്ടു നിർമ്മാണ ഫാക്ടറികളുടെ ആരംഭം തൊഴിലും ജാതിയും തമ്മിൽ നിലനിന്നിരുന്ന ബന്ധത്തിലിടപെടാനുള്ള ശ്രമങ്ങളിലൊന്നായിരുന്നു. ദക്ഷിണേന്ത്യയിൽ എല്ലായിടത്തും വീടുകൾ മേഞ്ഞിരു ന്നത് തെങ്ങോല, പനയോല, പുല്ല്, കച്ചി എന്നിവകൊണ്ടായിരുന്നു. 19-ാം നൂറ്റാണ്ടിൽ ചെറിയതരം ഓട്ടുകൾ ചൂളയിൽ ചുട്ടെടുത്ത് നാട്ടിൽ ചുരുക്കമായി ഉപയോഗിച്ചിരുന്നു. എന്നാൽ ഭംഗിയും വലുപ്പവും ഈടുമുള്ള ഓട്ടുകൾ നിർമ്മിക്കുന്നത് ഒരു വ്യവസായമായി ഇവിടെ ആരംഭിച്ചത് ബാസൽ മിഷനാണ്. 'റവ.ജോർജ് പ്ലെബ്സ്റ്റ് എന്ന മിഷണറി 1865-ൽ ദക്ഷിണകാനറയിലെ ജപ്പോയിൽ (മാംഗളൂർ) ആദ്യത്തെ ഓട്ടുഫാക്ടറി സ്ഥാപിച്ചു. ഓടിന്റെ ആവശ്യം വർദ്ധിച്ചപ്പോൾ 1873-ൽ രണ്ടാമത്തെ ഫാക്ടറി കോഴിക്കോട് സ്ഥാപിച്ചു. കൂടാതെ കൊടയ്ക്കൽ, പാലക്കാട്, ഫറൂക്ക് എന്നിവിടങ്ങളിലും ഓട്ടുഫാക്ടറികൾ സ്ഥാപിച്ചു. ഇവമൂലം ആയിരക്കണക്കിന് ആളുകൾക്കു തൊഴിൽ ലഭിച്ചു. മതംമാറ്റം മൂലം കുടുംബത്തിൽനിന്ന് യാതൊരു അവകാശവും നൽകാതെ പുറത്താക്കപ്പെട്ട ബാസൽ മിഷൻ സഭാംഗങ്ങൾക്ക് തൊഴിൽ ചെയ്തു നല്ല വരുമാനം ഉണ്ടാക്കുവാൻ ഈ ഓട്ടുഫാക്ടറികൾ സഹായിച്ചു'.[55]

ഓട്ടു ഫാക്ടറികൾ കൂടാതെ ബാസൽ മിഷന്റെ വകയായി ഉത്തരകേരളത്തിൽ മറ്റ് പല വ്യവസായങ്ങളും ഉണ്ടായിരുന്നു. 1851-ൽ ബാസൽ മിഷൻ മാംഗളൂരിൽ ഒരു നെയ്ത്തുശാല സ്ഥാപിച്ചു. പിന്നീട് കണ്ണൂർ, തലശ്ശേരി, കോഴിക്കോട്, കൊടയ്ക്കൽ,

[54] ഡോ.സാമുവൽ നെല്ലിമുകൾ, സാമൂഹ്യപരിവർത്തനം, പുറം. 1659.

[55] ഡോ.സാമുവൽ നെല്ലിമുൾ, സാമൂഹ്യപരിവർത്തനം, പേജ് 1660.

കൊയിലാണ്ടി തുടങ്ങിയ സ്ഥലങ്ങളിൽ നെയ്ത്തുശാലകളും വസ്ത്രങ്ങൾക്കു ചായം മുക്കുന്ന കേന്ദ്രങ്ങളും സ്ഥാപിച്ചു.

ഓട്ടു ഫാക്ടറികൾ, നെയ്ത്തുശാലകൾ തുടങ്ങിയവയ്ക്കു യന്ത്രങ്ങൾ സ്ഥാപിച്ചപ്പോൾ അവയുടെ അറ്റകുറ്റപ്പണികൾക്ക് വർക്കുഷോപ്പുകൾ ആവശ്യമായി വന്നു. അങ്ങനെയും അനേകം പേർക്കു തൊഴിൽ ലഭിച്ചു. പുസ്തകങ്ങൾ, സ്കൂൾബുക്കുകൾ മുതലായവയുടെ അച്ചടി, വിപണനം എന്നിവയിലൂടെ അനേകംപേർക്കു തൊഴിൽ ലഭിച്ചു.

'സമൂഹത്തിലെ പിന്നോക്കവിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകാൻ ഒരു സ്കൂൾ ആരംഭിച്ചു. അതാണ് കോട്ടയം ഇൻഡസ്ട്രിയൽ സ്കൂൾ. ഇവിടെ സംഭവിച്ചത് ഒരു സാമൂഹ്യ വിപ്ലവമാണ്. അയിത്ത ജാതിയിൽപ്പെട്ട യുവാക്കൾ ആശാരിപണിയിലും കൊല്ലപ്പണിയിലും വിദഗ്ദ്ധപരിശീലനം നേടി. വിവിധ തൊഴിലുകളിൽ നൂറുകണക്കിന് യുവാക്കൾക്ക് പരിശീലനം നൽകി. അത് അവർക്ക് തൊഴിൽ നേടാനും സാമ്പത്തിക ഉയർച്ച നേടാനും സഹായിച്ചു. അതോടൊപ്പം സമൂഹത്തിൽ അവർക്ക് അംഗീകാരവും മാന്യതയും ലഭിച്ചു. റവ.എഫ്. ബോവർ തൃശ്ശൂരിൽ ഒരു മിഷൻ ഇൻഡസ്ട്രിയൽ സ്കൂൾ സ്ഥാപിച്ചു. ആശാരിപ്പണി, കൊല്ലപ്പണി, ചൂരൽ പണി എന്നിവ ആൺകുട്ടികളെ പഠിപ്പിച്ചു. അതിനോടനുബന്ധിച്ച് ഒരു ഫർണിച്ചർഷോപ്പും തുറന്നു. തൃശ്ശൂരിൽ വനിതാ ഇൻഡസ്ട്രിയൽ സ്കൂളും ആരംഭിച്ചു. പായ, വട്ടികൾ, കുട്ടകൾ മുതലായവ നിർമ്മിച്ചു. വിധവകൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വീടുകളിലെ വീട്ടമ്മമാർക്കും പെൺകുട്ടികൾക്കും ഇതൊരു വരുമാനമായിരുന്നു.'[56]

കോട്ടയത്ത് വീവിംഗ് സ്കൂൾ സ്ഥാപിച്ചത് ദളിത് വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് തുണിനെയ്ത്തിൽ പരിശീലനം നൽകാൻ ഉദ്ദേശിച്ചായിരുന്നു. 1928-ൽ ഒരു കയർ ഫാക്ടറി പ്രവർത്തനം ആരംഭിച്ചു. ചുരുങ്ങിയ സമയത്തിനുള്ളിൽ വളരെപേർക്കു തൊഴിൽ ലഭിക്കുന്ന

---

[56] ടി.പു. 1662.

ഒരു വ്യവസായമായി ഫാക്ടറി വളർന്നു. പിന്നോക്ക വിഭാഗത്തിൽനിന്നും വന്നവർക്ക് കൃഷി ഉൾപ്പെടെ എല്ലാ മേഖലകളിലും പരിശീലനം നൽകുന്നത് പ്രാധാന്യം അർഹിക്കുന്നതായി മിഷണറിമാർ കരുതിയിരുന്നു. അതുകൊണ്ട് വൊക്കേഷണൽ സ്കൂളുകൾ ആരംഭിച്ചാൽ തൊഴിലിനോടുള്ള താത്പര്യം യുവാക്കളിൽ വളർത്താൻ കഴിയും എന്ന് മിഷണറിമാർ വിശ്വസിച്ചിരുന്നു.

തൊഴിൽ രംഗത്തുണ്ടായ ഈ പരിവർത്തനം വ്യവസായശാലകൾ ഉടലെടുക്കുന്നതിന് കാരണമായി. കേരളത്തിന്റെ ആധുനികീകരണപ്രക്രിയയിൽ വ്യവസായസ്ഥാപനങ്ങൾ പ്രധാനപ്പെട്ട പങ്കുവഹിക്കുകയുണ്ടായി. മനുഷ്യരെ സംബന്ധിച്ച് തൊഴിൽ എന്നത് അതിജീവനത്തിന്റെ പ്രശ്നമാണ്. മനുഷ്യരുടെ എല്ലാ കൂട്ടായ്മകളും രൂപപ്പെട്ടുവരുന്നത് തൊഴിൽ, ഭാഷ എന്നിവയിലൂടെയാണ്. മനുഷ്യരെ സമൂഹജീവിയായി മാറ്റുന്ന ഘടകങ്ങളെ ഇടപ്പെട്ടുകൊണ്ട് തങ്ങളുടെ ആശയങ്ങൾക്ക് സാംസ്ക്കാരികമായ മേൽക്കോയ്മ സൃഷ്ടിക്കാനാണ് മിഷണറിമാർ ശ്രമിച്ചത്.

### 1.14.2 അച്ചടി

'മനുഷ്യന്റെ ആശയവിനിമയ ചരിത്രത്തിലെ പ്രധാന നേട്ടമാണ് എഴുത്തു വിദ്യയുടെ ആവിർഭാവം. ആശയമുദ്രകളും, അടയാളങ്ങളും ലിപികളും പരിണമിച്ചതോ ടൊപ്പം എഴുതാനുള്ള മാധ്യമങ്ങളും സാമഗ്രികളും പലതായി. ആദ്യം പാറകളിലും, ഗുഹകളിലും തടികളിലും എഴുതിയിരുന്ന മനുഷ്യൻ കളിമൺ മുദ്രകളും ലോഹത്ത കിട്ടകളും തുകലും മാധ്യമങ്ങളായി ഉപയോഗിച്ചു. ഈജിപ്റ്റുകാർ പാപ്പിറസ് ചെടിയുടെ തണ്ട് മുറിച്ച് എഴുതാനും ചിത്രങ്ങൾ വരയ്ക്കാനും ഉപയോഗിച്ചു. ഗുട്ടൻബർഗ് അച്ചടിവിദ്യ കണ്ടുപിടിച്ചതോടെ ആശയവിനിമയ ചരിത്രത്തിലെ വിപ്ലവകരമായ ഘട്ടത്തിന് ആരംഭം

കുറിച്ചു. 1450-ൽ ഓരോ അക്ഷരത്തിനുമുള്ള അച്ചുകൾ വാർത്തെടുക്കുകയും അതു മുദ്രണം ചെയ്യാൻ തടികൊണ്ട് അച്ചടിയന്ത്രം നിർമ്മിക്കുകയും ചെയ്തു'.[57]

### 1.14.2.1 മലയാളം അച്ചടിയുടെ ആരംഭം

കേരളത്തിൽ അമ്പഴക്കാട് എന്ന സ്ഥലത്ത് തമിഴ് ബൈബിൾ അച്ചടിച്ചുവെന്നു പറയുന്നുണ്ടെങ്കിലും തെളിവുകൾ യാതൊന്നും ലഭിച്ചിട്ടില്ല. ആദ്യമായി മലയാളം ലിപികൾ അച്ചടിച്ചത് കേരളത്തിലല്ല, ഹോളണ്ടിന്റെ തലസ്ഥാനമായ ആംസ്റ്റർഡാമി ലാണ്. 'ഹോർത്തുസ് മലബാറിക്കുസ്' എന്ന ഗ്രന്ഥമാണ് ഇവിടെ അച്ചടിച്ചത്. ഇതിന് ഇട്ടി അച്ചുതൻ എന്ന വൈദ്യൻ മലയാണ്മ ലിപിയിൽ എഴുതിയ ആമുഖത്തിന്റെ തീയതി 1675 ഏപ്രിൽ 20 ആണ്. അതിനുശേഷം അച്ചടിച്ച ആ ഗ്രന്ഥത്തിൽ സസ്യങ്ങളുടെ ചിത്രങ്ങളോടൊപ്പം അവയുടെ പേരുകൾ ലത്തീൻ, അറബി, സംസ്കൃതം, മലയാളം എന്നീ ലിപികളിൽ നൽകിയിട്ടുണ്ട്.

മലയാള ഭാഷയിൽ ഒരു ഗ്രന്ഥം പൂർണ്ണമായി അച്ചടിച്ചത് റോമിലാണ് (1772). വാരാപ്പുഴ സെമിനാരിയിൽ അധ്യാപകനായിരുന്ന ഫാ. ക്ലമന്റ് പിയാനിയസ് രചിച്ച 'സംക്ഷേപവേദാർത്ഥ'മാണത്. ആ കൃതിയ്ക്ക് 276 പുറങ്ങളുണ്ട്. ഈ ഗ്രന്ഥം അച്ചടിക്കു വാൻ മലയാളത്തിലെ 51 അക്ഷരങ്ങളുടെ ഹ്രസ്വ-ദീർഘാദി ഭേദങ്ങൾക്ക് 1128 ടൈപ്പുകളാണ് വാർത്തെടുത്തത്. കഠിനമായ അദ്ധ്വാനത്തിലൂടെയാണ് ഈയൊരുകൃതി അച്ചടിക്കപ്പെട്ടിരിക്കുന്നത്. അച്ചടിയുടെ പ്രചാരണത്തിൽ ഏർപ്പെട്ടിരുന്ന മിഷണറി മാർ സഞ്ചരിച്ച സാഹസികമായ വഴികൾ അടയാളപ്പെടുത്തേണ്ടവയാണ്.

'സെന്റ് അഗഡിയ മലബാറിക്ക' (Centum Adagia Malabarica) മലയാള ത്തിലെ നൂറു പഴഞ്ചൊല്ലുകൾ എന്നർത്ഥമുള്ള ഈ ഗ്രന്ഥം 1791-ൽ റോമിൽ അച്ചടിപ്പിച്ചു. കർമ്മലീത്ത മിഷണറിമാരായിരുന്ന പൗലിനോസ് പാതിരിയാണ് ഈ പഴഞ്ചൊല്ലുകൾ

---

[57] പി.ജെ.തോമസ്, മലയാളസാഹിത്യവും ക്രസ്ത്യാനികളും, പുറം. 297.

സമാഹരിച്ച് പ്രസിദ്ധീകരിച്ചത്. 1811-ൽ ബൈബിളിലെ പുതിയ നിയമത്തിലുള്ള നാലു സുവിശേഷങ്ങൾ ബോംബെയിലെ കുറിയർ പ്രസ്സിൽ അച്ചടിച്ചു. ഈ തർജ്ജമ തയ്യാറാക്കുവാൻ പ്രേരിപ്പിക്കുകയും അച്ചടിവരെയുള്ള മുഴുവൻ ചിലവുകൾ വഹിക്കുകയും ചെയ്തത് ഡോ.ക്ലോഡിയാസ് ബുക്കാനൻ ആണ്. 1809-ൽ തർജ്ജമ പൂർത്തിയായെങ്കിലും ബോംബെയിൽ കൊണ്ടുപോയി അച്ചടിക്കുവാൻ രണ്ടുവർഷം വേണ്ടിവന്നു. ഇത്തരം ശ്രമകരമായ സംഭവങ്ങളുടെ നേതൃസ്ഥാനത്ത് മിഷണറിമാരാ യിരുന്നു. കേരളത്തിന്റെ ആധുനികീകരണപ്രക്രിയയെ ത്വരിതപ്പെടുത്തിയത് ഈ ശ്രമങ്ങൾക്ക് ചെറുതല്ലാത്ത പങ്കുണ്ട്.

### 1.14.2.2 മലയാളം അച്ചടി കേരളത്തിൽ

കേരളത്തിൽ ആദ്യമായി ഒരു അച്ചുകൂടം സ്ഥാപിച്ച് മലയാളം ലിപികൾ അച്ചടിച്ചത് സി.എം.എസ്.മിഷന്റെ പ്രവർത്തനം തുടങ്ങിയതിനുശേഷമാണ്. കോട്ടയത്ത് റവ. ബെഞ്ചമിൻ ബെയ്‌ലി സ്ഥാപിച്ച സി.എം.എസ് പ്രസ്സാണത്. ബെയ്‌ലി മലയാളം അച്ചടി ആരംഭിക്കുന്നതിനുമുമ്പ് കേരളത്തിൽ അച്ചടി ഉണ്ടായിരുന്നു എന്ന് ഡോ.പി.ജെ.തോമസ് 'മലയാള സാഹിത്യവും ക്രിസ്ത്യാനികളും' എന്ന ഗ്രന്ഥത്തിൽ എഴുതിയിട്ടുണ്ട്.[58] അച്ചടിയുടെ പുരോഗതിയ്ക്ക് കാരണം കോട്ടയത്തു സ്ഥാപിച്ച പ്രസ്സാണ്. തിരുവിതാംകൂർ, കോട്ടയം എന്നിവിടങ്ങളിൽ അച്ചടിയന്ത്രം സ്ഥാപിക്കാൻ തീരുമാനിച്ചത് കേണൽ മൺറോ ആയിരുന്നു. 1818 ഒക്ടോബറിൽ റവ.ബെഞ്ചമിൻ ബെയ്‌ലി സി.എം.എസ്. കോളേജിന്റെ പ്രിൻസിപ്പൽ സ്ഥാനം റവ.ജോസഫ് ഫെന്നിനെ ഏല്പിച്ചു. അതിനുശേഷം അദ്ദേഹം ബൈബിൾ വിവർത്തനം ചെയ്യുകയായിരുന്നു. എന്നാൽ അതിനുമുൻപ് സുറിയാനിസഭയുടെ ആരാധനാക്രമവും പ്രാർത്ഥനയുമാണ് സുറിയാനിയിൽനിന്നു മലയാളത്തിലേക്കു തർജ്ജമ ചെയ്തത്. ഇത് സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചരിപ്പിക്കാൻ ശ്രമിച്ചപ്പോഴാണ് അച്ചടിയുടെ ആവശ്യം കൂടുതൽ ബോധ്യമായത്.

58 ടി.പു. 292.

താമസിക്കാതെ തന്നെ വേദപുസ്തകങ്ങളും തർജ്ജമ ചെയ്യാൻ തുടങ്ങി. അച്ചടി അസാദ്ധ്യമായതിനാൽ ആദ്യമെല്ലാം ഇവ കടലാസിലും താളിയോലയിലും പകർത്തിയെഴുതിച്ച് വിതരണം ചെയ്തു. എന്നാൽ പകർത്തി എഴുതുന്നതിന് ആളെ ലഭിക്കാനുള്ള ബുദ്ധിമുട്ടും എഴുതാനുള്ള കാലതാമസവുംമൂലം ഒരു അച്ചടിശാല സ്ഥാപിക്കേണ്ടതിന്റെ ആവശ്യം കേണൽ മൺറോ ബെയ്‌ലിയെ അറിയിച്ചു. 1821-ൽ പ്രസ്സ് എത്തിയെങ്കിലും ഉടൻതന്നെ മലയാളം അച്ചടി ആരംഭിക്കാൻ കഴിഞ്ഞില്ല. മലയാളം അച്ചുകൾ ഇല്ലാത്തതായിരുന്നു കാരണം. ഒരു വർഷത്തിലേറെയുള്ള പരിശ്രമം കൊണ്ട് മലയാളം അക്ഷരങ്ങളുടെ അച്ചുകൾ ബെയ്‌ലി വാർത്തെടുത്തു. രണ്ടാമത് ഒരു പ്രസ്സ് കോട്ടയത്തു സ്ഥാപിക്കുവാൻ ബെയ്‌ലിയും ബേക്കറും ആഗ്രഹിച്ചു. ആദ്യത്തെ പ്രസ്സിൽ മിഷന്റെ ആവശ്യത്തിനുള്ള മലയാളം വേദപുസ്തകങ്ങളാണ് അച്ചടിച്ചത്.

'മലയാളഭാഷ എഴുതുവാൻ ഒരു കാലത്ത് മലയാളികൾ ഒന്നിലേറെ ലിപികൾ ഉപയോഗിച്ചിരുന്നു. മലയാളം എഴുതാൻ വട്ടെഴുത്താണ് ഉപയോഗിച്ചിരുന്നത്. വട്ടെഴുത്തിന്റെ പരിണാമമായി കോലെഴുത്തും, മലയാഴ്മയും ഉണ്ടായി. ചെമ്പു തകിടുകളിലും പാറയുടെ പ്രതലങ്ങളിലും കൊത്തിയാണ് വട്ടെഴുത്ത് എഴുതിയിരുന്നത്. പിന്നീട് താളിയോലയിൽ കോൽകൊണ്ട് എഴുതാൻ തുടങ്ങിയപ്പോൾ കോലെഴുത്തും മലയാഴ്മയും ഉണ്ടായി. ഇവ കൂടാതെ ഗ്രന്ഥാക്ഷരലിപിയും രൂപം കൊണ്ടു. ലിപികളുടെ എണ്ണത്തിൽ വരുത്തിയ കുറവാണ് ബെയ്‌ലിയുടെ ലിപി പരിഷ്കരണത്തിലെ പ്രശംസാർഹമായ കാര്യം. വ്യഞ്ജനങ്ങളോട് ചേർത്ത് എഴുതിയിരുന്ന ഇ, ഈ എന്നീ സ്വരങ്ങളുടെ ലിപികൾ വേർതിരിച്ച് സ്വതന്ത്രലിപികളാക്കി (ി, ീ) അതുകൊണ്ട് അച്ചുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു. അതുപോലെ കൂട്ടക്ഷരങ്ങളെയും കഴിയുന്നതും പിരിച്ചു.'[59]

ബെയ്‌ലിയുടെ നേതൃത്വത്തിൽ സി.എം.എസ്.പ്രസ്സ് അതിവേഗം വളർന്നു. കൂടുതൽ പ്രസ്സുകൾ സ്ഥാപിക്കുകയും അച്ചടി വർദ്ധിപ്പിക്കുകയും ചെയ്തു. തിരുവിതാംകൂർ

---

[59] ബാബു ചെറിയാൻ, ബെഞ്ചമിൻ ബെയ്‌ലി, പുറം 150.

സർക്കാറിന്റെ അച്ചടി സംബന്ധമായ ധാരാളം ജോലികൾ സി.എം.എസ്. പ്രസ്സിലാണ് ചെയ്തിരുന്നത്. റഗുലേഷനുകൾക്കു പുറമെ, സർക്കാർ പാഠപുസ്തകങ്ങൾ, നിഘണ്ടുക്കൾ മുതലായവയും ബെയ്‌ലിയുടെ മേൽനോട്ടത്തിൽ അച്ചടിച്ചു നൽകിയി രുന്നു. 1839-ൽ ബെയ്‌ലിയുടെ മൂത്തപുത്രൻ പ്രിന്റിംഗ് സംബന്ധമായ സാങ്കേതിക വിദ്യകളിൽ വിദഗ്ധപരിശീലനം പൂർത്തിയാക്കിയതിനുശേഷം ഇംഗ്ലണ്ടിൽനിന്നു തിരിച്ചെത്തി. അദ്ദേഹം അച്ചടി, ബൈൻഡിംഗ് തുടങ്ങിയ ജോലികൾ പരിഷ്കരിച്ചു കുറ്റമറ്റതാക്കി.

1848-ൽ 'ജ്ഞാനനിക്ഷേപം' മാസിക, കോട്ടയം പ്രസ്സിൽനിന്നും അച്ചടിച്ച് ബെയ്‌ലി പ്രസിദ്ധപ്പെടുത്തി. മലയാളത്തിൽ അച്ചുകൾ നിരത്തി അച്ചടിച്ച ആദ്യമാസികയാണത്. അതിനുമുമ്പ് തലശ്ശേരി ബാസൽ മിഷൻ പ്രസ്സിൽനിന്നും പ്രസിദ്ധീകരണം ആരംഭിച്ച 'രാജ്യസമാചാരവും', 'പശ്ചിമോദയവും' കല്ലച്ചിലാണ് പ്രസിദ്ധീകരിച്ചത്. 'ജ്ഞാനനിക്ഷേപ'ത്തിന്റെ പത്രാധിപർ റവ. ബെഞ്ചമിൻ ബെയ്‌ലി ആയിരുന്നു. എന്നാൽ അതിന്റെ പിന്നിലെ പ്രധാന പ്രവർത്തകൻ ഹെന്റി ബേക്കർ, മിസിസ് ഫ്രാൻസസ് ആൻബേക്കർ എന്നിവരായിരുന്നു. പിന്നീട് റവ. ജോർജ് മാത്തൻ രചിച്ച മികച്ച ലേഖനങ്ങൾ അതിൽ പ്രസിദ്ധീകരിക്കാൻ തുടങ്ങി. 'ജ്ഞാനനിക്ഷേപം' തികച്ചും ഒരു മതേതര മാസികയായിരുന്നു എന്നു പറയാൻ കഴിയുകയില്ല. എങ്കിലും വിജ്ഞാനപ്രദമായ അനേകം വിവരങ്ങളും വാർത്തകളും അതിൽ ഉൾപ്പെടുത്തിയിരുന്നു. ഏറെക്കാലം തിരുവിതാംകൂറിന്റെ ഗസറ്റുകൂടിയാ യിരുന്നു ആ മാസിക.

വിദ്യാഭ്യാസത്തിന്റെ ത്രിതലപദ്ധതിയിലൂടെ - കോളേജ്, ഗ്രാമർ സ്കൂൾ, പള്ളിക്കൂടങ്ങൾ - ധാരാളം പേർ സാക്ഷരരായപ്പോൾ അവർക്കു വായിക്കാൻ ധാരാളം പുസ്തകങ്ങളും ലഘുലേഖകളും ആവശ്യമായി വന്നു. റവ. ജോസഫ് പീറ്റ് സ്കൂളിലേക്ക് ആവശ്യമായ ഭൂമിശാസ്ത്രം, ചരിത്രം, നോവൽ എന്നിവ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചു.

ആധുനിക വിദ്യാഭ്യാസത്തോടൊപ്പം അച്ചടികൂടി വന്നപ്പോൾ അതിദ്രുതമായ പരിവർത്തനമാണ് നാട്ടിൽ നടന്നത്. അച്ചടിയും വിദ്യാഭ്യാസവും പരസ്പരം പൂരകമായാണ് പ്രവർത്തിച്ചത്.

#### 1.14.2.3 കേരളത്തിലെ ഇതര അച്ചുകൂടങ്ങൾ

'തിരുവിതാംകൂർ സർക്കാർ പ്രസ്സ് സർക്കാർവകയായി തിരുവനന്തപുരത്ത് സ്ഥാപിക്കയുണ്ടായി. അച്ചടിവിദ്യയെക്കുറിച്ചു കേട്ടറിഞ്ഞ സ്വാതിതിരുനാൾ മഹാരാജാവ് 1836-ൽ കോട്ടയത്തുവന്ന് ബെഞ്ചമിൻ ബെയ്‌ലിയുടെ പ്രസ്സ് നിരീക്ഷിച്ചു. അതിന്റെ പ്രവർത്തനത്തെപ്പറ്റി മനസ്സിലാക്കുകയും ചെയ്തു. വിദേശത്തുനിന്നും അച്ചടിയന്ത്രം വരുന്നതിനുള്ള കാലതാമസം കാരണം ഒരു കല്ലച്ച് ആദ്യം സ്ഥാപിച്ചു. അടുത്ത വർഷം ഒരു അച്ചടിയന്ത്രവും എത്തി. സർക്കാർ അച്ചുകൂടത്തിനുവേണ്ട അച്ചുകൾ ഉണ്ടാക്കി കൊടുത്തിരുന്നത് കോട്ടയത്ത് ബെയ്‌ലിയുടെ അച്ചുകൂടത്തിൽ നിന്നായിരുന്നു. തിരുവനന്തപുരം സർക്കാർ പ്രസ്സിന്റെ ആവശ്യത്തിന് കോട്ടയത്തു നിന്നും അച്ചുകൾ വരുത്തുന്നതിന്റെ ബുദ്ധിമുട്ടും കാലതാമസവും ഒഴിവാക്കാൻ തിരുവനന്തപുരത്തുതന്നെ അച്ചുണ്ടാക്കാൻ നടപടി ആരംഭിച്ചു. 1850-ൽ ഉത്രം തിരുനാൾ ഇംഗ്ലണ്ടിൽനിന്നും 1863-ൽ ആയില്യം തിരുനാൾ കൽക്കട്ടയിൽനിന്നും ഓരോ പുതിയ പ്രസ്സുകൾ വരുത്തി.'[60]

ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ 1844-ൽ മന്നാനത്ത് ഒരു കല്ലച്ച് സ്ഥാപിച്ചു. കത്തോലിക്കാ മതഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുകയായിരുന്നു ഉദ്ദേശ്യം. കത്തോലിക്കസഭ സ്ഥാപിച്ച അച്ചടിശാലയെപ്പറ്റി ചർച്ചമിഷണറി സൊസൈറ്റിയുടെ രേഖകളിൽ കാണുന്നുണ്ട്. അത് രേഖപ്പെടുത്തിയിരിക്കുന്നത് റവ.ജോർജ് മാത്തനാണ്.

ബാസൽ മിഷൻ പ്രസ്സ് ആരംഭിച്ചത് തലശ്ശേരിയിൽ ഇല്ലിക്കുന്നിൽ ആണ്. ബാസൽ മിഷൻ പ്രവർത്തകർ കല്ലച്ചിലാണ് മലയാളം അച്ചടി ആരംഭിച്ചത്.

[60] ടി.പു. 68.

ഡോ.ഹെർമ്മൻ ഗുണ്ടർട്ടിന്റെ നേതൃത്വത്തിൽ തലശ്ശേരിയിൽ സ്ഥാപിച്ച പ്രസ്സിൽ നിന്നും 1845-ൽ പ്രസിദ്ധീകരിച്ച 'ദൈവവിചാരണ' എന്ന ഗ്രന്ഥം ജർമ്മനിയിലെ ട്യൂബിംഗൻ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്. തലശ്ശേരിയിൽ കല്ലച്ച് സ്ഥാപിക്കുന്നതിനു മുമ്പ് ബാസൽ മിഷന്റെ അച്ചടി മുഴുവനും മംഗലാപുരത്തായിരുന്നു. അവിടെയുള്ള കല്ലച്ചിൽ 1840-ൽ ഗുണ്ടർട്ടിന്റെ 'സത്യവേദചരിത്രസാര'വും 1843-ൽ 'കേരളോല്പ ത്തിയും' പ്രസിദ്ധീകരിച്ചു.

'1855-ൽ ഉത്രം തിരുനാൾ മഹാരാജാവിന്റെ സഹായത്തോടെ ഈശ്വരപ്പിള്ള വിചാരിപ്പകാർ തിരുവനന്തപുരത്ത് സ്ഥാപിച്ച പ്രസ്സായിരുന്നു 'കേരളവിലാസം പ്രസ്സ്'. 1858 ൽ കേരളീയനല്ലാത്ത ദേവ്ജി ഭീംജി എന്നയാളാണ്  കൊച്ചിയിൽ ആദ്യമായി പ്രസ്സ് സ്ഥാപിച്ചത്. 'വിദ്യാവിലാസം പ്രസ്സ് ' 1861-ൽ കാളഹസ്തിയായ മുതലിയാൽ എന്നയാൾ കോഴിക്കോട് സ്ഥാപിച്ചതാണ്.  1861-ൽ പാറമേൽ ഇട്ടൂപ്പ് കൊച്ചിയിൽ 'സെന്റ് തോമസ് പ്രസ്സ്' ആരംഭിച്ചു. 1862ൽ കുന്നംകുളത്ത് 'ജ്ഞാനദീപിക' എന്ന അച്ചുകൂടം ആരംഭിച്ചു.'[61]

അച്ചടിയന്ത്രത്തിന്റെയും കടലാസിന്റെയും കണ്ടുപിടിത്തം മറ്റ പല സമൂഹങ്ങൾക്കെന്നപോലെ മലയാളഭാഷയ്ക്കും സാമൂഹിക സാംസ്കാരിക വികാസത്തിനും പുരോഗതിക്കും നിർണ്ണായക ഘടകമായി മാറി.  അച്ചടി വന്നതോടെ വിഭിന്നങ്ങളായ പ്രാദേശിക ഭേദങ്ങൾക്കുമീതെ ഭാഷയിൽ മാനകീകരണം സാധ്യമായി. ഭാഷയിൽ ഉരിത്തിരിയുന്ന പദങ്ങൾക്കും പ്രയോഗങ്ങൾക്കും ഇത് പ്രചാരം നൽകി. പകർത്തിയെഴുത്തുകാരുടെ അശ്രദ്ധയോ അറിവില്ലായ്മയോ, കേൾക്കുന്നതുപോലെ യുള്ള എഴുത്തുകൊണ്ടോ പദങ്ങളിലെ വർണ്ണവിന്യാസത്തിലുണ്ടാകുമായിരുന്ന അവ്യവസ്ഥ ഒഴിവാക്കി.

മറ്റ പ്രസ്സുകൾ ഉണ്ടായതിനുശേഷവും അച്ചടിയിൽ മുന്നിട്ടു നിന്നിരുന്നത് സി.എം.എസ്. പ്രസ്സാണ്. പ്രിന്റിങ്ങിന്റെ ഗുണനിലവാരമായിരുന്നു പ്രധാന കാരണം.

[61] ഗോപി കെ. എം., ആദിമുദ്രണം ഭാരതത്തിലും മലയാളത്തിലും, പുറം 78.

ബൈബിൾ, ഇതരകൃതികളുടെ വിവർത്തനത്തിനു പുറമെ വ്യാകരണഗ്രന്ഥങ്ങൾ, നിഘണ്ടുക്കൾ, സ്കൂൾ പാഠപുസ്തകങ്ങൾ, ബാലസാഹിത്യം, സർഗ്ഗാത്മകരചനകൾ, ലഘുലേഖകൾ, കോളേജ് മാഗസിൻ, പത്രമാസികകൾ എന്നിവ ഇവിടെ നിന്നും പുറത്തിറങ്ങി. കൃതികളുടെ വൈപുല്യത്തിൽ മാത്രമല്ല വൈജാത്യത്തിലും സി.എം.എസ്. പ്രസ്സ് മുൻപന്തിയിലായിരുന്നു.

പ്രിന്റിങ്ങിന്റെ ഉത്ഭവം മലയാളഭാഷയുടെ ഏകീകൃതമായ വളർച്ചയ്ക്ക് സഹായകമായി. കേരളത്തിൽ സാക്ഷരത വർദ്ധിക്കുന്നതിന് കാരണമായത്, ഇന്നത്തെ സാക്ഷരകേരളത്തിന്റെ മുന്നോടിയായ ഈ കണ്ടുപിടുത്തമാണ്. അച്ചടി, കേരളത്തിന്റെ ആധുനികീകരണത്തിനും സാംസ്കാരികപുരോഗതിക്കും നവോത്ഥാന ത്തിനും കാരണമായി. വിദ്യാഭ്യാസ പ്രവർത്തനങ്ങളും അച്ചടിയും കേരളത്തിന്റെ സാംസ്കാരിക പുരോഗതിയുടെ വേഗത വർദ്ധിപ്പിച്ചു.

### 1.14.3 പത്രമാസികകൾ

വിജ്ഞാനങ്ങളുടെ വളർച്ചയിൽ അച്ചടി വഹിച്ച പങ്ക് വളരെ വലുതാണ്. കേരളത്തിൽ തന്നെ അങ്ങിങ്ങ് തമ്മിലറിയാതെ, തമ്മിലടുക്കാതെ കഴിഞ്ഞിരുന്ന ജനങ്ങളെ പരസ്പരം പരിചയപ്പെടുത്തി അവരുടെ ചിന്തയിലും ഭാഷയിലും വേഷത്തിലും ആചാരത്തിലും ഇത്രയും ഐകരൂപ്യം വളർത്തിയത് പത്രമാസികകളാണ്. ഭാഷയുടെ സാമുദായികവും പ്രാദേശികവുമായ വ്യവഹാരഭേദങ്ങളെ സാമാന്യവത്ക്കരിച്ചതും പ്രസിദ്ധീകരണങ്ങൾ തന്നെയാണ്. ചുരുക്കത്തിൽ ഒരു ജനപദത്തെ ഏകോപിപ്പി ക്കുന്ന വൈകാരികവും ദേശീയവുമായ എല്ലാവിധ ഉദ്ഗ്രഥനപ്രക്രിയകളുടെയും മാദ്ധ്യമം ആനുകാലിക പ്രസിദ്ധീകരണങ്ങളാണ്. കേരളപത്രപ്രവർത്തന ചരിത്രത്തിൽ, ആ മേഖലയ്ക്കും തുടക്കമിട്ടത് മിഷണറിമാർ തന്നെയാണ്.

#### 1.14.3.1 രാജ്യസമാചാരം

'തലശ്ശേരിക്കടുത്തുള്ള ഇല്ലിക്കുന്നിൽ ഗുണ്ടർട്ട് തുടങ്ങിയ ബാസൽ മിഷൻ പ്രസ്സിലാണ് മലയാളപത്രത്തിന്റെ ചരിത്രം തുടങ്ങുന്നത്. 'രാജ്യസമാചാര'മാണ് ആദ്യത്തെ പത്രം. 1847 ജൂണിൽ തുടങ്ങിയ മാസിക 1850 നവംബർ വരെ 42 ലക്കങ്ങൾ പ്രസിദ്ധീകരിച്ചു. ബാസൽമിഷൻ പ്രസിദ്ധീകരിച്ച ഈ പത്രം ആറു പേജുകളുണ്ടായിരുന്നു. എന്നാൽ ഒരു പ്രാവശ്യം നാലുപേജേ ഉണ്ടായിരുന്നുള്ളൂ. മതപരമായ വിഷയങ്ങൾ മാത്രമായിരുന്നു ഉള്ളടക്കം. അതുകൊണ്ട് ഈ പത്രം മിഷന്റെ മതപ്രചാരണപരിപാടിയുടെ ഭാഗമായിക്കണ്ട് സൗജന്യവിതരണം ചെയ്തിരിക്കാൻ സാധ്യതയുണ്ട്.'[62]

മിഷൻ പ്രവർത്തന റിപ്പോർട്ടുകൾ, മിഷൻ പ്രദേശങ്ങളുടെ ഭൂപടങ്ങൾ, അന്യമതവിശ്വാസങ്ങളെക്കുറിച്ചുള്ള വിമർശനം, വിശ്വാസത്തിന്റെ ഫലങ്ങൾ, മലബാറിൽ പുതുതായി മതം സ്വീകരിച്ചവർക്ക് അനുഭവപ്പെട്ടിരുന്ന ഒറ്റപ്പെടലിന്റെ ബോധത്തിൽ നിന്നു മോചനം നേടുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയായി രുന്നു പത്രികയിലെ വിഷയങ്ങൾ.

**1.14.3.2 പശ്ചിമോദയം**

'പശ്ചിമോദയ'മാണ് രണ്ടാമത്തെ മാസിക. ഇല്ലിക്കുന്നിൽ നിന്നുതന്നെ 1847 ഒക്ടോബറിൽ തുടങ്ങി ചുരുക്കം ചില ലക്കങ്ങൾക്ക് ആറും ചിലതിനു നാലും പേജുകൾ വീതമേയുള്ളൂ. ഓരോ ലക്കത്തിന്റെയും ഒടുവിൽ ഫ്രെഡറിക് മുള്ളർ എന്നു പത്രാധി പരുടെ പേരുചേർത്തിക്കുന്നു. 1851 വരെ പ്രസിദ്ധീകരിച്ചതായി കാണുന്നുണ്ട്. ഈ പ്രസിദ്ധീകരണത്തിന് 'രാജ്യസമാചാര'ത്തെക്കാൾ പ്രചാരവും സിദ്ധിയും ഉണ്ടായി രുന്നു. ജ്യോതിഷവിദ്യ, ഭൂമിശാസ്ത്രം, കേരളപ്പഴമ എന്നീ സ്ഥിരം വിഷയങ്ങളായിരുന്നു ഉള്ളടക്കം. ജ്യോതിഷവിദ്യയിൽ സൗരയൂഥശാസ്ത്രമാണ് അവതരിപ്പിച്ചിരുന്നത്. ഭൂമിശാസ്ത്രത്തിൽ

[62] ടി.പു. 120.

രാജ്യങ്ങളെയും അവയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, ജനങ്ങൾ, ഭാഷ, മതം തുടങ്ങിയവയെ കുറിച്ചും വിവരിക്കുന്നു. ഭൂപടങ്ങളും ചേർത്തിരി ക്കുന്നു. ഈ ലേഖനങ്ങൾ പിന്നീട് 'മലയാള രാജ്യം' അഥവാ 'ചരിത്രത്തോടുകൂടിയ ഭൂമിശാസ്ത്രം' എന്ന പേരിൽ 1870-ൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'കേരളപഴമ' 1498-ൽ പോർച്ചുഗീസുകാരുടെ ആഗമനം മുതലുള്ള കേരളചരിത്രമാണ്. ഭാരതീയ പുരാണങ്ങളെയും ഹൈന്ദവേതിഹാസങ്ങളെയും കുറിച്ചുള്ള ലേഖനങ്ങളും ചിലപ്പോഴൊക്കെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏറെക്കുറെ ശാസ്ത്രീയമായൊരു കാഴ്ചപ്പാടാണ് 'പശ്ചിമോദയ'ത്തിനുണ്ടായിരുന്നത്.[63]

### 1.14.3.3 ജ്ഞാനനിക്ഷേപം

'കേരളത്തിലെ മൂന്നാമത്തെ പ്രസിദ്ധീകരണമാണ് കോട്ടയത്തുനിന്ന് ഇറങ്ങിയ 'ജ്ഞാനനിക്ഷേപം.' ഇത് തുടങ്ങിയത് ബെഞ്ചമിൻ ബെയ്‌ലിയാണ്. അച്ചടിയിൽ വന്ന ആദ്യപത്രം ഇതാണ്. 'രാജ്യസമാചാരവും', 'പശ്ചിമോദയവും' കല്ലച്ചിലാണ് അടിച്ചിരുന്നത്. ഇന്നത്തെ വർത്തമാനപത്രങ്ങളുടെ സാമാന്യസ്വഭാവമെല്ലാമുണ്ടായി രുന്നു 'ജ്ഞാനനിക്ഷേപ'ത്തിന്. ആർച്ചുഡീക്കൻ കോശിയും ജോർജ് മാത്തനും ഇതിന്റെ നടത്തിപ്പിൽ സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. പത്രത്തിന്റെ നിലവാര മുയർത്താൻ ഇവരുടെ സേവനം കുറച്ചൊന്നുമല്ല ഉപകരിച്ചിട്ടുള്ളത്. കോശിയുടെ 'പുല്ലേലിക്കുഞ്ചു' ഈ പത്രത്തിൽ ഖണ്ഡശ്ശ: പ്രസിദ്ധീകരിച്ചിരുന്നു. 1825-ലാണ് അതു പുസ്തകരൂപത്തിൽ പുറത്തിറങ്ങിയത്.'[64]

### 1.14.3.4 വിദ്യാസംഗ്രഹം

'കേരളത്തിലെ നാലാമത്തെ പ്രസിദ്ധീകരണം 'വിദ്യാസംഗ്രഹം' മാസികയാണ്. 1864-ൽ ജൂലൈ മാസത്തിൽ, ജോർജ് മാത്തന്റെ പത്രാധിപത്യത്തിൽ അതിന്റെ

---

[63] ടി.പു. 120.

[64] ടി.പു. 121.

ആദ്യലക്കം പുറത്തുവന്നു. കോട്ടയം കോളേജ് മാസിക എന്ന നിലയിൽ അതൊരു ഇംഗ്ലീഷ്-മലയാളം പ്രസിദ്ധീകരണമായിരുന്നു. 1867 ജൂലൈ വരെ പ്രസിദ്ധീകരണം തുടർന്നതായി കാണുന്നുണ്ട്. വേദാന്ത ചിന്ത, ബൈബിൾ, ജീവചരിത്രം, ശാസ്ത്രവിഷയങ്ങൾ, ഗ്രന്ഥവിമർശനം എന്നിങ്ങനെ വിവിധ വിഷയങ്ങളെക്കുറിച്ച് പ്രൗഢങ്ങളായ ലേഖനങ്ങൾ അതിൽ പ്രസിദ്ധപ്പെടുത്തിവന്നു.'[65]

'വിദ്യാസംഗ്രഹ'ത്തിനു മുമ്പുതന്നെ കൊച്ചിയിൽ നിന്ന് 'വെസ്റ്റേൺ സ്റ്റാർ' എന്നൊരു ഇംഗ്ലീഷ് വാർത്താപത്രം പ്രസിദ്ധീകരണം' (1860) 'സന്ദിഷ്ടവാദി' (1809) 'ട്രാവൻകൂർ ഹെറാൾഡ്' - ഇംഗ്ലീഷിൽ (1807) 'കേരളപതാക' (1870) 'കേരളോപകാരി' (1874) 'സത്യനാദകാഹളം' (1876) 'മലയാളമിത്രം' 'തിരുവിതാംകൂർ അഭിമാനി,' 'കേരള ദീപകം' (1878) 'കേരളമിത്രം' (1881) 'കേരളപത്രിക' (1884) 'മലയാളി' (1880) 'നസ്രാണിദീപിക' (1887) 'മലയാള മനോരമ' (1890) എന്നിങ്ങനെ നിരവധി പ്രസിദ്ധീകരണങ്ങൾ ഉണ്ടായി. ഇവയെല്ലാംതന്നെ ഏതെങ്കിലും സമുദായത്തിന്റെ പ്രത്യേക പിന്തുണയുള്ളവയായിരുന്നു.

സമൂഹത്തിന് അന്നുവരെ പരിചിതമല്ലാതിരുന്ന ഒരു വായനാസമൂഹം എന്ന ആശയം, ഇതിലൂടെ സൃഷ്ടിക്കപ്പെടുന്ന പൊതുമണ്ഡലം, ഇതൊക്കെ സാധ്യമാക്കാനുള്ള ആദ്യയത്നങ്ങളായി മിഷണറി സമൂഹത്തെയും ആധുനികീകരിക്കുക എന്നതായിരുന്നു 'വിദ്യാസംഗ്രഹ'ത്തിന്റെ ലക്ഷ്യം. വിവിധങ്ങളായ കാര്യങ്ങൾ മാസികയിൽ ഉൾപ്പെടു ത്താൻ പത്രാധിപർ ശ്രദ്ധിച്ചിരുന്നു. മലയാള ഗദ്യശൈലി രൂപപ്പെടുത്തുന്നതിൽ വലിയൊരു പങ്ക് ഈ മാസിക വഹിച്ചിട്ടുണ്ട്. കൂടാതെ നൂതന ശാസ്ത്രചിന്താഗതികളും സാങ്കേതിക രംഗത്തെ നേട്ടങ്ങളും ജനങ്ങളിലെത്തിക്കാൻ 'വിദ്യാസംഗ്രഹ'ത്തിന് കഴിഞ്ഞു. ഇതുതന്നെയാണ് 'വിദ്യാസംഗ്രഹ'ത്തിന്റെ വലിയ നേട്ടമായി കാണാൻ കഴിയുന്നത്.

---

65 കെ. എം. ഗോപി, ആദി മുദ്രണം ഭാരതത്തിലും മലയാളത്തിലും, പുറം 124.

'രാജ്യസമാചാര'ത്തിൽ ക്രൈസ്തവ സമൂഹത്തെക്കുറിച്ചാണ് പരാമർശിക്കുന്നത്. 'പശ്ചിമോദയ'ത്തിലും 'വിദ്യാസംഗ്രഹ'ത്തിലും ക്രൈസ്തവ ദർശനത്തെക്കുറിച്ചാണ് കൂടുതൽ പ്രതിപാദിക്കുന്നത്. 'വിദ്യാസംഗ്രഹ'ത്തിൽ നിന്ന് കേരളത്തിലെ ക്രിസ്തീയ സമൂഹത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ സാധിക്കുന്നു. അവർ സമ്പത്തിലും വിദ്യയിലും വിവിധ സ്ഥാപനങ്ങളുടെ നടത്തിപ്പിലും ഭൂസ്വത്തിലും വലിയൊരു ശക്തിയായി മാറുകയും ചെയ്തിരുന്നു. "മതപ്രസിദ്ധീകരണമായിരുന്നിട്ടും ഭിന്നാഭിരുചി ക്കാരെ ആകർഷിക്കാൻ 'വിദ്യാസംഗ്രഹ'ത്തിനായി. 'വിദ്യാസംഗ്രഹ'ത്തിലെ ഓരോ വിഷയവും വൈവിധ്യം നിറഞ്ഞതായിരുന്നു".[66] പത്രമാസിക യുഗമായ പത്തൊമ്പതാം നൂറ്റാണ്ടിൽ പത്രപ്രവർത്തനത്തിന്റെ മുൻഗാമികളായിരുന്നു ഡോ. ഗുണ്ടർട്ടും ബഞ്ചമിൻ ബെയ്‌ലിയും ജോർജ് മാത്തനും. 'രാജ്യസമാചാരം' 'പശ്ചിമോദയം,' 'ജ്ഞാനനി ക്ഷേപം', 'വിദ്യാസംഗ്രഹം' എന്നീ ആദ്യകാല മാസികകളുടെ ആത്യന്തിക ലക്ഷ്യം മതപ്രചാരണം മാത്രമായിരുന്നില്ല. പാശ്ചാത്യ വിജ്ഞാനം മലയാളഗദ്യത്തിലൂടെ പകരുക എന്ന ധർമ്മം കൂടി ഉണ്ടായിരുന്നു. 'വിദ്യാസംഗ്രഹ'ത്തിന്റെ മലയാളവിഭാഗം പത്രാധിപസ്ഥാനം നിലനിർത്തിക്കൊണ്ട് ജോർജ്മാത്തൻ മലയാള ഗദ്യത്തിന്റെ ആധുനികീകരണ പ്രക്രിയയിൽ പങ്കാളിയായി.

ചർച്ച് മിഷണറി സൊസൈറ്റിയുടെ മുഖപത്രമാണ് 'ജ്ഞാനനിക്ഷേപം.' എന്നാൽ ചർച്ച് മിഷണറി സൊസൈറ്റി കോളേജിന്റെ മുഖപത്രമാണ് 'വിദ്യാസംഗ്രഹം.' സി. എം. എസ് കോളേജിന് മാത്രമാണ് മുഖപത്രമുണ്ടായിരുന്നത്. 'വിദ്യാസംഗ്രഹം' അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ ഉപകാരപ്രദ മായിരുന്നു. ഈ മാഗസിൻ കൈകാര്യം ചെയ്തിരുന്ന കാര്യങ്ങൾ തീർത്തും വ്യത്യസ്തമായിരുന്നു. ഉള്ളടക്കം മലയാളത്തിൽ മാത്രമല്ല ഇംഗ്ലീഷിലും നല്കിയിരുന്നു. വിനിമയത്തിന്റെ മാധ്യമരീതിയിൽ വന്ന ഈ മുന്നേറ്റം കേരളസമൂഹത്തെ സംബന്ധി ച്ചിടത്തോളം അപരിചിതമായിരുന്നു.

66 വിദ്യാസംഗ്രഹം പുറം 264

അത് ഒരു ലോകത്തെ സാധ്യമാക്കുകയും പരിചയപ്പെടുത്തുകയും ചെയ്തു. അതോടെ എഴുത്തിന്റെ ശക്തി മലയാളികൾക്ക് ബോധ്യപ്പെടുകയും വായനാസമൂഹത്തിന് അത് തുടക്കമിടുകയും ചെയ്തു. ക്രിസ്തീയ ആശയപ്രചരണമായിരുന്നു ലക്ഷ്യമെങ്കിലും വായിക്കുന്നവരും കേൾക്കുന്നവരുമെല്ലാം ക്രിസ്ത്യാനികളായി മാറില്ല എന്ന ബോധ്യവും മിഷണറിമാർക്കുണ്ടായിരുന്നു. പില്ക്കാല ത്തുണ്ടായ മാധ്യമസംസ്കാരത്തിൽ കേരളത്തിൽ അക്കാലത്ത് നിർമ്മിക്കപ്പെട്ട സാക്ഷരതാ സമൂഹത്തിന്റെ ഇടപെടലുകൾ ഉണ്ടായിരുന്നു എന്നുതന്നെയാണ് മിഷണറിപത്രപ്രവർത്തനത്തിന്റെ സാധ്യതയായി നാം ഇന്ന് തിരിച്ചറിയേണ്ടത്.

മിഷണറി പ്രവർത്തനത്തിലൂടെ സജീവമായിത്തീർന്നു. അച്ചടിയും പ്രസാധ നവും പത്രപ്രവർത്തനങ്ങളിലൂടെ പുതിയൊരു കാഴ്ചയും ബോധവും പൊതുമണ്ഡലവും കേരളത്തിൽ വികസിച്ചു. ആധുനികീകരണ പ്രക്രിയയിലെ നാഴികക്കല്ലുകളാണ് അച്ചടിയും പത്രപ്രവർത്തനവും.

### 1.14.4 വിദ്യാഭ്യാസം

പത്തൊമ്പതാം ശതകത്തിന്റെ ആദ്യദശകങ്ങളിൽ മിഷണറിമാർ കേരളത്തിൽ എത്തി. കേരളത്തിൽ അന്ധവിശ്വാസങ്ങളും അയിത്തവും അസമത്വവും അജ്ഞതയും നിരക്ഷരതയും നിറഞ്ഞുനിന്നിരുന്ന ഒരു കാലമായിരുന്നു. ബ്രാഹ്മണർ, ക്ഷത്രിയർ, ശൂദ്രർ എന്നിവരിൽ കുറച്ച് പേർക്ക് മാത്രമേ അക്ഷരാഭ്യാസം ഉണ്ടായിരുന്നുള്ളൂ. ബ്രാഹ്മണർ വേദം (ഓത്ത്) പഠിക്കണം എന്ന നിർബന്ധം ഉണ്ടായിരുന്നെങ്കിലും അക്ഷരാഭ്യാസം വേണം എന്ന നിബന്ധന ഇല്ലായിരുന്നു.

'എ.ഡി.800 മുതൽ 1102 വരെ തമിഴകം ഭരിച്ചിരുന്ന കുലശേഖര ചക്രവർത്തിമാരുടെ കാലത്ത് ക്ഷേത്രങ്ങളോടനുബന്ധിച്ച് വേദപാഠശാലകൾ ഉണ്ടായിരുന്നു. കാന്തളൂർ, പാർത്ഥിവപുരം, മൂഴിക്കുളം, തിരുവല്ല എന്നിവയായിരുന്നു പ്രധാന ശാലകൾ. ബ്രാഹ്മണർക്കുമാത്രമേ ഇവിടെ പ്രവേശനം ഉണ്ടായിരുന്നുള്ളൂ. ഇവ കൂടാതെ

സഭാമഠങ്ങൾ എന്ന പേരിൽ ഉണ്ടായിരുന്ന സംസ്കൃതപാഠശാലകളിലും നമ്പൂതിരിമാർക്കു മാത്രമായിരുന്നു പ്രവേശനം. ക്ഷത്രിയർക്കും നായൻമാർക്കും വേദം പഠിക്കാൻ അവകാശമില്ലായിരുന്നു. എന്നാൽ മലയാളവും തമിഴും ചുരുക്കം ചിലർ പഠിച്ചിരുന്നു. സുറിയാനി ക്രിസ്ത്യാനികളിൽ ബഹുഭൂരിഭാഗവും നിരക്ഷരരായിരുന്നു വെന്ന് 1819-ൽ കേണൽ ജോൺ മൺറോ, സുറിയാനി ക്രിസ്ത്യാനികളെക്കുറിച്ചു തയ്യാറാക്കി, മദ്രാസ് സർക്കാറിന് അയച്ചുകൊടുത്ത റിപ്പോർട്ടിൽ എഴുതിയിട്ടുണ്ട്.[67]

തിരുവിതാംകൂറിലും കൊച്ചിയിലും മലയാളം (പഴയലിപി), തമിഴ്, ഗ്രന്ഥാക്ഷരം, വട്ടെഴുത്ത്, കോലെഴുത്ത്, മലയാണ്മ എന്നിങ്ങനെ ആറുതരം വ്യത്യസ്ത ലിപിരൂപങ്ങൾ എഴുത്തിന് ഉപയോഗിച്ചിരുന്നു. അതിനാൽ എഴുത്തുവിദ്യ അഭ്യസിക്കുക എന്നത് വളരെ പ്രയാസകരമായിരുന്നു. അന്ന് തിരുവിതാംകൂറിലെ ഔദ്യോഗിക ഭാഷ തമിഴായിരുന്നു.

കേരളത്തിൽ പൊതുവിദ്യാഭ്യാസത്തിന് സർക്കാരോ ക്രിസ്തീയ സഭകളോ സമുദായങ്ങളോ യാതൊരു സ്ഥാപനവും നടത്തിയിരുന്നില്ല. ഓരോ ജാതിക്കാർക്കു വേണ്ടി പ്രത്യേകം പാഠശാലകൾ ചിലയിടങ്ങളിൽ ഉണ്ടായിരുന്നു. ബ്രാഹ്മണ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള സംസ്കൃതവിദ്യാലയങ്ങൾ, ഏകാദ്ധ്യാപക വിദ്യാലയ ങ്ങളായ ആശാൻ കളരികൾ (കുടിപ്പള്ളിക്കൂടങ്ങൾ) എന്നിവ മാത്രമേ വിദ്യാഭ്യാസ ത്തിന് ഉണ്ടായിരുന്നുള്ളൂ. കളരികളിൽ ആയുധാഭ്യാസത്തിനായിരുന്നു പ്രാധാന്യം നൽകിയിരുന്നത്.

**1.14.4.1. ആദ്യകാല വിദ്യാഭ്യാസം : എഴുത്തുപള്ളികളും കളരികളും**

'കേരളത്തിലെ ആദ്യകാലവിദ്യാഭ്യാസരീതികളെക്കുറിച്ച് വ്യക്തമായ അറിവൊന്നുമില്ല. അഞ്ചോ, ആറോ വയസ്സ് പ്രായമാവുമ്പോൾ എഴുത്തിനിരുത്തുക എന്ന സമ്പ്രദായം ഇവിടെ നിലനിന്നിരുന്നു. ആഘോഷത്തോടെയാണ് എഴുത്തി

67 ഡോ.സാമുവൽ നെല്ലിമുൾ, സാമൂഹ്യപരിവർത്തനം.പുറം. 1544.

നിരുത്തിയിരുന്നത്. പിന്നീട് എഴുത്തും വായനയും കണക്കും അഭ്യസിക്കുകയാണ് ചെയ്യുന്നത്. എഴുത്താശാനു കഴിയുന്നിടത്തോളം വിജ്ഞാനം ശിഷ്യർക്കു പകരുക എന്നതായിരുന്നു പൊതുവെ പാഠ്യപദ്ധതി. ഓരോ കരയിലും എഴുത്തച്ഛനും ഉണ്ടായിരുന്നു. വിജയദശമിദിനത്തിലാണ് മിക്കവാറും വിദ്യാരംഭം. കൂടാതെ ജ്യോതിശാസ്ത്രം, കാവ്യം, നാടകം, അലങ്കാരം, തർക്കം, വ്യാകരണം, ആയുർവേദം എന്നിവയും പഠിപ്പിച്ചിരുന്നു. 18-ാം നൂറ്റാണ്ടിൽ തുഞ്ചത്തെഴുത്തച്ഛൻ എഴുത്തുപള്ളികളിൽ സംസ്കൃതം ഒരു വിഷയമാക്കിയിരുന്നു. അന്നുവരെ ദേവഭാഷ ബ്രാഹ്മണർക്കു മാത്രമേ പഠിക്കാമായിരുന്നുള്ളൂ.'[68]

'പ്രാചീന വിദ്യാഭ്യാസത്തിന്റെ മറ്റൊരു കൈവഴി കളരികളായിരുന്നു. എഴുത്തുപള്ളികളെന്നപോലെതന്നെ കരതോറും കളരികളുമുണ്ടായിരുന്നു. കളരിയാശാൻമാർ പണിക്കർ എന്നോ കുറുപ്പ് എന്നോ അറിയപ്പെട്ടു. എഴുത്തുപള്ളിയിലെ പഠനം തീരുമ്പോൾ കളരികളിൽ പ്രവേശിക്കുന്നു. അവിടെ മെയ്‌വഴക്കവും ആയുധാഭ്യാസവും പരിശീലിക്കുന്നു.'[69]

### 1.14.4.2 പ്രശസ്ത വിദ്യാകേന്ദ്രങ്ങൾ

ഹൈന്ദവ ക്ഷേത്രങ്ങളുടെ ഭാഗമെന്ന നിലയ്ക്ക് വിദ്യാകേന്ദ്രങ്ങൾ നടത്തുന്ന പതിവ് ഇവിടെ പണ്ടുമുതൽക്കേ ഉണ്ടായിരുന്നു. ബൗദ്ധരും ജൈനരും നടത്തിവന്നിരുന്ന ശാലകൾ പ്രസിദ്ധങ്ങളാണ്. ഏ.ഡി.800-ൽ 'ദക്ഷിണ നളന്ദ' എന്ന പേരിൽ പ്രസിദ്ധിനേടിയ കാന്തളൂർശാല, ഏ.ഡി.866-ൽ കരുനന്തടക്കൻ സ്ഥാപിച്ച പാർത്ഥിവപുരംശാല, തിരുവല്ല, മൂഴിക്കുളം ശാലകൾ എന്നിവ പ്രശസ്ത വിദ്യാകേന്ദ്രങ്ങളായിരുന്നു. 'നൂറ്റാണ്ടുയുദ്ധം' എന്നറിയപ്പെടുന്ന ചോള-ചേരയുദ്ധമാണ് ശാലകളുടെ തകർച്ചയ്ക്ക് വഴിവച്ചത്. വേദങ്ങളിലും

---

68 ഡോ.സാമുവൽ നെല്ലിമുൾ, സാമൂഹ്യപരിവർത്തനം, പുറം.1541.

69 മാത്യു കുഴിവേലി, പ്രാചീന വിദ്യാഭ്യാസം, പുറം 50.

ശാസ്ത്രങ്ങളിലും നമ്പൂതിരി യുവാക്കൾക്കു പരിശീലനം നല്കിവന്ന സഭാമഠങ്ങളും ഇവിടെ ഉണ്ടായിരുന്നു. കേരളത്തിൽ ആകെ പതിനെട്ടു മഠങ്ങളുണ്ടായിരുന്നതായി ചരിത്രകാരൻമാർ കണക്കാ ക്കുന്നു. ഗുരുകുലരീതിയാണ് ഈ മഠങ്ങളിൽ നിലനിന്നിരുന്നത്. ഇവർ വിദ്യാർത്ഥി കൾക്കു യോഗ്യതാമത്സരങ്ങൾ നടത്താറുണ്ടായിരുന്നു. 'കടവല്ലൂരന്യോന്യം' പ്രസിദ്ധ മാണ്. ഇത് ഒരു ഋഗ്വേദമന്ത്രോച്ചാരണ മത്സരമായിരുന്നു. കോഴിക്കോട് തളിക്ഷേത്രത്തിൽവെച്ച് സാമൂതിരിയുടെ രക്ഷാധികാരത്തിൽ ഏഴുദിവസത്തേയ്ക്കു നടത്തിവന്ന 'രേവതിപട്ടത്താന'വും പ്രസിദ്ധംതന്നെ. കേരളത്തിലും പുറത്തുമുള്ള സഭാമഠങ്ങളിൽനിന്ന് ഏറ്റവും സമർത്ഥനായ വിദ്യാർത്ഥിയെ തിരഞ്ഞെടുത്ത് അംഗീകരിക്കുന്ന പണ്ഡിത സമ്മേളനമായിരുന്നു 'രേവതി പട്ടത്താനം.' ജാതിവ്യവസ്ഥ ശക്തമായിരുന്ന കേരളീയാന്തരീക്ഷത്തിൽ ഉന്നതജാതിക്കാർക്കുമാത്രമായി വിദ്യാഭ്യാസം.

പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിൽ ആധുനികീകരണത്തിന്റെ ഭാഗമായി പല പരിവർത്തനങ്ങളും സംഭവിച്ചു. മിഷണറിമാരുടെ വരവോടെ കേരളത്തിന്റെ രാഷ്ട്രീയ സാംസ്കാരിക സാമൂഹിക-വിദ്യാഭ്യാസമേഖലകളിലെല്ലാം മാറ്റങ്ങൾ പ്രകടമായി. മതപ്രചാരണമായിരുന്നു മിഷണറിമാരുടെ മുഖ്യ ദൗത്യം. അതിനുപറ്റിയ സാഹചര്യം കേരളത്തിലൊരുക്കാൻ അവർ സന്നദ്ധരായി. ജാതിചിന്തയിൽ അധിഷ്ഠിതമായ കേരളത്തിലെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ മിഷണറി സംഘടനകൾ ആവിഷ്കരിച്ച ഏറ്റവും ശക്തമായ മാധ്യമമായിരുന്നു വിദ്യാഭ്യാസം. കേരളത്തിൽ ആധുനിക രീതിയിലുള്ള വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത് മിഷണറിമാരായിരുന്നു. ജാതി-മത-വർണ്ണ-വർഗ്ഗഭേദങ്ങൾ മറികടന്നുകൊണ്ട് എല്ലാവർക്കും വിദ്യാഭ്യാസം നല്കാൻ അവർ തയ്യാറായി. പ്രൊട്ടസ്റ്റന്റ് മിഷണറിമാരാണ് വിദ്യാഭ്യാസ പ്രചാരണത്തിന് മുഖ്യമായും നേതൃത്വം നൽകിയിരുന്നത്. തെക്കൻ കേരളത്തിൽ എൽ.എം.എസ്. മധ്യകേരളത്തിൽ സി.എം.എസ്. വടക്കൻ കേരളത്തിൽ ബി.എം.എസ്. എന്നിങ്ങനെ മൂന്ന് സംഘങ്ങളായാണ് അവർ പ്രവർത്തനമാരംഭിച്ചത്. പ്രൊട്ടസ്റ്റന്റ് മിഷണറിമാർക്കു മുമ്പേ

കേരളത്തിൽ കത്തോലിക്കാ മിഷണറിമാർ എത്തിയിരുന്നു. എന്നാൽ അവരുടെ മിഷണറി പ്രവർത്തനം വ്യത്യസ്തമായിരുന്നു. കത്തോലിക്കാസഭ ബൈബിൾ വായിക്കാൻ ജനങ്ങളെ അനുവദിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ കത്തോലിക്കാമിഷണറിമാർ വൈകിയാണ് വിദ്യാഭ്യാസപ്രവർത്തനത്തിലേർപ്പെട്ടത്. എന്നാൽ പ്രൊട്ടസ്റ്റന്റ് മിഷണറിമാർ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ചു. വായിക്കാൻ അക്ഷരജ്ഞാനം ആവശ്യമായതുകൊണ്ട് അവർ വിദ്യാഭ്യാസത്തിന് മുൻഗണന നൽകി. വിദ്യാഭ്യാസത്തിലൂടെ നൂതനവിജ്ഞാനം സമ്പാദിക്കുകയെന്നതും അജ്ഞതയും അന്ധവിശ്വാസങ്ങളും ഇല്ലായ്മ ചെയ്യണമെന്നതും അവരുടെ ആദർശമായിരുന്നു. സ്വതന്ത്രചിന്ത വളർത്താനും വ്യക്തിത്വം വികസിപ്പിക്കാനും വിദ്യഭ്യാസം അത്യാവശ്യമാണെന്ന ദർശനം, വൻതോതിൽ സ്കൂളുകൾ ആരംഭിക്കാൻ അവരെ പ്രേരിപ്പിച്ചു. സമൂഹത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് സ്ത്രീവിദ്യാഭ്യാസം അത്യന്താപേക്ഷിതമാണെന്ന് അവർ മനസ്സിലാക്കി. അവർ സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി ഊർജ്ജസ്വലമായി പ്രവർത്തിച്ചു. സ്ത്രീവിദ്യാഭ്യാസം സാധാരണമല്ലാതിരുന്നകാലത്ത് ഇതൊരു മഹത്തായ വിപ്ലവം തന്നെയായിരുന്നു.

### 1.14.4.3 ലണ്ടൻ മിഷണറി സൊസൈറ്റി (LMS)

18-ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ ഇംഗ്ലണ്ടിൽ രൂപംകൊണ്ട ഭക്തിപ്രസ്ഥാനത്തിന്റെ ഫലമായി സ്ത്രീകളും പുരുഷൻമാരും ഉൾപ്പെടുന്ന മിഷണറിമാർ വിദേശങ്ങളിൽ സുവിശേഷപ്രചാരണം നടത്താൻ തീരുമാനിച്ചിരുന്നു. 1757-ൽ ഇംഗ്ലണ്ടിൽ ഡേവിഡ് ബോഗ്, ജെയിംസ് സ്റ്റീവൻ, ജോൺഹേ എന്നിവർ ചേർന്നാണ് ലണ്ടൻ മിഷണറി പ്രസ്ഥാനത്തിന് രൂപം നല്കിയത്. കേരളത്തിൽ തിരുവിതാംകൂറാണ് അവർ പ്രവർത്തനമണ്ഡലമായി തിരഞ്ഞെടുത്തത്. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാക്കമ്പനിയുടെ നയങ്ങളും തിരുവിതാംകൂറിൽ നിലനിന്നിരുന്ന രാഷ്ട്രീയ സാമൂഹിക-സാമ്പത്തിക-മതവ്യവസ്ഥകളുമാണ് മിഷണറിമാരുടെ പ്രവർത്ത നങ്ങൾക്ക്

അനുകൂലമായ സാഹചര്യം സംജാതമാക്കിയത്. ക്രിസ്തീയ വിശ്വാസം പ്രചരിപ്പിക്കുന്നതിനാണ് മിഷണറിമാർ തിരുവിതാംകൂറിൽ വന്നത്. എന്നാൽ സ്ത്രീകളടങ്ങുന്ന ജനവിഭാഗം അനുഭവിക്കുന്ന ദുരിതങ്ങൾ മനസ്സിലാക്കുകയും, അവരെ മോചിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

'തിരുവിതാംകൂറിൽ മതേതര നവീന വിദ്യാഭ്യാസത്തിന്റെ തുടക്കം കുറിച്ചത് 1806-ൽ ഇവിടെ എത്തിയ എൽ.എം.എസ് മിഷണറിയായ വില്യം തോമ്പിയാസ് റിങ്കിൾറ്റോബിയാണ്. ആ വർഷം മൈലാടിയിൽ തമിഴ് സ്കൂൾ സ്ഥാപിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസപ്രചരണശ്രമങ്ങളും നടന്നു. വിദ്യാലയങ്ങളിൽ അക്രൈസ്തവരായ വിദ്യാർത്ഥികളെ എഴുത്തും വായനയും കണക്കും പഠിപ്പിച്ചിരുന്നു. തിരുവിതാംകൂറിലെ ഇംഗ്ലീഷ് വിദ്യാഭ്യാസപ്രവർത്തനങ്ങളെ സജീവമാക്കിയ മറ്റൊരു എൽ.എം.എസ് മിഷണറിയാണ് ചാൾസ് മീഡ്. തെക്കൻ തിരുവിതാംകൂറിലെ ലണ്ടൻമിഷനെ വലിയ സംഘടനയായി വളർത്തിയത് മീഡും കുടുംബവുമായിരുന്നു. മതപഠനത്തിനുപുറമെ ഇംഗ്ലീഷ്, മലയാളം, തമിഴ്, സംസ്കൃതം എന്നീ ഭാഷകളും മറ്റു വിഷയങ്ങളും പഠിപ്പിച്ചിരുന്നു. 1818-ൽ എൽ.എം.എസിന് പത്തുസഭകളും അവയോരോന്നിനോടും ചേർന്ന് ഓരോ പള്ളിക്കൂടവും ഉണ്ടായിരുന്നു. പിന്നോക്ക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഈ വിദ്യാലയങ്ങളിൽ പഠിച്ചിരുന്നതിനാൽ ചില യാഥാസ്ഥിതിക ഹിന്ദുക്കൾ തങ്ങളുടെ കുട്ടികളെ മിഷണറി സ്കൂളുകളിലേക്ക് അയച്ചിരുന്നില്ല'.[70]

### 1.14.4.4 ചർച്ച് മിഷണറി സൊസൈറ്റി (CMS)

കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിലും ഭാഷാസേവനത്തിലും പ്രൊട്ടസ്റ്റന്റ് വിഭാഗമായിരുന്ന സി.എം.എസ്. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ചർച്ച് മിഷണറി

---

70 ഡോ.സാമുവൽ നെല്ലിമുൾ, സാമൂഹ്യ പരിവർത്തനം, പുറം. 1348.

സൊസൈറ്റി വലിയ സംഭാവനകൾ നല്കി. 1799-ൽ ഇംഗ്ലണ്ടിലാണ് ഇത് സ്ഥാപിക്കപ്പെട്ടത്. '1816-ൽ ആണ് സി.എം.എസ് മിഷണറിമാരായ നോർട്ടൻ ദമ്പതിമാർ കേരളത്തിലെത്തിയത്. 1817-ൽ ആലപ്പുഴയിൽ ഒരു സ്കൂൾ തുടങ്ങി, തിരുവിതാംകൂർ-കൊച്ചി സംസ്ഥാനങ്ങളിലെ ബ്രിട്ടീഷ് റസിഡന്റും തിരുവിതാംകൂറിലെ ദിവാനും കൂടിയായിരുന്ന കേണൽ മൺറോയുടെ ക്ഷണം സ്വീകരിച്ചാണ് ആദ്യ സംഘം കേരളത്തിൽ എത്തുന്നത്. കേരളത്തിലെ പുരാതന ക്രിസ്ത്യാനികളായ സുറിയാനികളുടെ ആത്മീയ വികാസത്തെയും സാംസ്കാരിക പുരോഗതിയെയും ലക്ഷ്യമാക്കിയാണ് മൺറോ പ്രവർത്തിച്ചത്. അദ്ദേഹത്തിന്റെയും റസിഡന്റ് മെക്കാളെ യുടെയും ശ്രമഫലമായി സർക്കാറിൽനിന്നും സി.എം.എസ് പ്രവർത്തനങ്ങൾക്ക് ധാരാളം പണവും ഭൂസ്വത്തും ലഭിച്ചു. കോട്ടയത്ത് ലഭിച്ച ഭൂമിയിലാണ് ആദ്യ വിദ്യാലയം തുടങ്ങുന്നത്. ആദ്യകാലത്ത് വൈദികരാവാൻ പഠിക്കുന്നവർ മാത്രമേ ഉണ്ടായിരുന്നുള്ളൂ.'[71]

കോട്ടയത്തെ പഴയ വിദ്യാലയം പുതുക്കിസ്ഥാപിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസം, ബൈബിൾ പരിഭാഷ എന്നിവയിലൂടെ സുറിയാനി ക്രിസ്ത്യാനികൾക്ക് മനോവികാസം വരുത്താനും, സാന്മാർഗ്ഗിക ബോധം വളർത്താനുമുള്ള ശ്രമങ്ങൾ നടന്നു. ഈ വിദ്യാലയത്തിന്റെ ആദ്യ പ്രിൻസിപ്പൽ ബെഞ്ചമിൻ ബെയ്‌ലിയാണ്. മലയാളം, സുറിയാനി, സംസ്കൃതം, ലത്തീൻ, ഹീബ്രു, ഗ്രീക്ക് മുതലായ ഭാഷകളും കണക്ക്, ചരിത്രം, ഭൂമിശാസ്ത്രം, രസതന്ത്രം തുടങ്ങിയ ആധുനിക വിജ്ഞാനശാഖകളും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. നോർട്ടൻ, ബെയ്‌ലി, ഫെൻബേക്കൻപീറ്റ് മുതലായ സുപ്രസിദ്ധ വിദ്യാഭ്യാസപ്രവർത്തകരും ഭാഷാപണ്ഡിതൻമാരും ഇവിടെ പ്രവർത്തിച്ചിരുന്നു. നാട്ടുകാരനായ ജോർജ് മാത്തൻ ഇവിടെ ഭാഷാസേവനം നടത്തിയിരുന്നു. ഇടവകതോറും സ്കൂളുകൾ, അവയിൽനിന്നു ജയിക്കുന്ന ബുദ്ധിമാന്മാരായ വിദ്യാർത്ഥികൾക്ക് ഉപരിപഠനം നൽകുവാൻ മൂന്ന് ഗ്രാമർ സ്കൂളുകൾ, അവിടെ വിജയിക്കുന്നവർക്ക് പഠിക്കാൻ

[71] ടി.പു. 1350

സെമിനാരികൾ ഇങ്ങനെയായിരുന്നു മിഷണറിമാർ സംവിധാനം ചെയ്ത വിദ്യാഭ്യാസപദ്ധതി. കോട്ടയം, ആലപ്പുഴ, മാവേലിക്കര, കൊച്ചി, തൃശ്ശൂർ മുതലായ സ്ഥലങ്ങളിൽ പള്ളിയോട് ചേർന്ന് വിദ്യാലയങ്ങൾ ഏർപ്പെടുത്തിയിരുന്നു. പുതിയ വിദ്യാലയങ്ങൾ ആരംഭിക്കുന്നത് പ്രയാസമുള്ള പണിയായിരുന്നു. പുതിയ വിദ്യാഭ്യാസ സമ്പ്രദായത്തോട് നാട്ടുകാർ പൊരുത്തപ്പെട്ടിരുന്നില്ല.

### 1.14.4.5 ബാസൽമിഷൻ സൊസൈറ്റി (B.M.S)

ഉത്തരകേരളത്തിൽ (മലബാറിൽ) വിദ്യാഭ്യാസപ്രവർത്തനങ്ങൾ ആരംഭിച്ചത് 'ബാസൽ മിഷൻ' മിഷണറിമാരാണ്. 1815-ൽ സ്വിറ്റ്സർലണ്ടിലെ ബാസനിൽ സ്ഥാപിതമായ മിഷണറി സംഘമാണിത്. 1834 മുതൽ തെക്കൻകർണ്ണാടകത്തിൽ ക്രിസ്തുമത പ്രചാരണം നടത്തിയിരുന്നു. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനങ്ങളെ പ്പോലെ ബ്രിട്ടീഷ് ഭരണപ്രദേശമായ മലബാറിൽ ക്രിസ്ത്യൻ മിഷണറിമാരുടെ കാര്യമായ പ്രവർത്തനങ്ങൾ ഉണ്ടായിരുന്നില്ല. അതിനാൽ ഇംഗ്ലീഷ് വിദ്യാഭ്യാസപാരമ്പര്യം അവിടെ ഉണ്ടാകാതെ പോയി. മാത്രമല്ല പരമ്പരാഗതമായ അന്ധവിശ്വാസങ്ങളിൽ കുടുങ്ങിക്കിടന്ന അവിടുത്തെ ജനങ്ങൾക്ക് ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തിൽ തീരെ താല്പര്യം ഉണ്ടായിരുന്നില്ല. അതിനാൽ തന്നെ ബാസൽ മിഷണറിമാർ ക്രിസ്തുമത പ്രചാരണം, വിദ്യാഭ്യാസപ്രചാരം, വ്യവസായവൽക്കരണം എന്നീ മേഖലകളിൽ പ്രവർത്തിച്ചു. സാമുവൽ ഹെബിക്, ജോൺ ലേനർ, ക്രിസ്റ്റഫ് ഗെയ്നർ, ജോൺ മൈക്കിൾ ഫ്രിറ്റ്സ് തുടങ്ങിയവർ മലബാറിലെ ബാസൽ മിഷണറിമാരിൽ പ്രസിദ്ധരാണ്. എന്നാൽ ബാസൽ മിഷണറിമാരിൽ ഏറ്റവും പ്രഗത്ഭൻ ജർമ്മൻകാരനായ ഡോ.ഹെർമ്മൻ ഗുണ്ടർട്ട് ആണ്.

ബാസൻ മിഷന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത് ഗുണ്ടർട്ട് ആണ്. 1893-ൽ അദ്ദേഹം തലശ്ശേരിയിൽ ഒരു സ്കൂൾ സ്ഥാപിച്ചു. അതേ വർഷം തന്നെ നെട്ടൂരിൽ മറ്റൊരു പ്രാഥമിക വിദ്യാലയവും തുറന്നു. ഈ സ്ഥാപനങ്ങളിലെല്ലാം തന്നെ ബൈബിൾ പാഠങ്ങൾ പഠിപ്പിച്ചു. അതിനുപുറമെ ഇംഗ്ലീഷ്,

മലയാളം, സയൻസ്, ഭൂമിശാസ്ത്രം മുതലായ വിഷയങ്ങളും അവിടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. പാഠപുസ്തകങ്ങളുടെ അപര്യാപ്തത മനസ്സിലാക്കിയ ഗുണ്ടർട്ട്, 'മലയാളപാഠമാല' എഴുതിയുണ്ടാക്കി. ചരിത്രം. ഭൂമിശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ സ്വന്തമായി പാഠപുസ്തകങ്ങൾ ഉണ്ടാക്കി. അവ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് തലശ്ശേരിയിലെ ഇല്ലിക്കുന്നിൽ ഒരു കല്ലച്ചുകൂടം സ്ഥാപിക്കുകയും ചെയ്തു. കൂടാതെ കണ്ണൂർ, കോഴിക്കോട്, പാലക്കാട് എന്നീ പ്രദേശങ്ങളിൽ സ്ഥാപിക്കപ്പെട്ട പള്ളികളോട് അനുബന്ധിച്ച് ഓരോ പള്ളിക്കൂടവും ഏർപ്പെടുത്തി. സഭയിൽപെട്ട കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കി. 1850-ൽ ബാസൻ മിഷൻ തലശ്ശേരിയിൽ തുടങ്ങിയ വിദ്യാലയമാണ് 1891-ൽ 'ബ്രണ്ണൻ കോളേജാ'യി മാറിയത്. 1866-ൽ പാലക്കാട് തുടങ്ങിയ വിദ്യാലയമാണ്

'വിക്ടോറിയാ കോളേജാ'യി മാറിയത്. ജാതി-മത-വർണ്ണ വിവേചനമില്ലാതെ എല്ലാവർക്കും വിദ്യ നൽകുന്നതിന് വേണ്ടി ബാസൽമിഷണറിമാർ 1909-ൽ ആരംഭിച്ച സ്ഥാപനമാണ് കോഴിക്കോട് 'മലബാർ ക്രിസ്ത്യൻ കോളേജ്'.

വിദ്യാഭ്യാസ പ്രവർത്തനത്തിനുവേണ്ടി മിഷണറിമാർ വളരെയധികം പ്രയത്നിച്ചിട്ടുണ്ട്. ആധുനികീകരണ പ്രക്രിയയിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് വളരെ വലുതാണ്. ജനങ്ങൾക്ക് ലഭിച്ച വിദ്യാഭ്യാസം വലിയ പരിവർത്തനത്തിനുതന്നെ കാരണമായി. വിദ്യാഭ്യാസ പ്രക്രിയയിലൂടെ വളർന്നു വന്ന തലമുറയാണ് ആധുനികീകരണ പ്രക്രിയയെ മുന്നോട്ടു നയിച്ചത്.

**1.15. ആധുനികീകരണവും നവോത്ഥാനവും**

നവോത്ഥാനം എന്ന പ്രക്രിയയിൽ ഭാഷയുടെ വികാസം ഒരു പ്രധാന ഘടകമാണ്. 'ആധുനികീകരണം' എന്നു പറയുന്നതിന്റെ അകത്തുതന്നെ ഈ നവ ഉത്ഥാനമുണ്ട്. സമുദായ പരിഷ്കരണങ്ങളിലൂടെയാണ് കേരള നവോത്ഥാനം മുന്നേറിയത്.

### 1.15.1 കേരളനവോത്ഥാനം

'ഇന്ത്യൻ നവോത്ഥാനപ്രസ്ഥാനങ്ങളിൽ നിന്നും ആശയങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് കേരളത്തിൽ നവോത്ഥാന പരിശ്രമങ്ങൾ സജീവമായി ത്തീരുന്നത്. ഇന്ത്യൻ നവോത്ഥാനത്തിന്റെ സവിശേഷതയായ മതാത്മകത കേരളനവോത്ഥാനത്തിലും പ്രകടമാണ്. എങ്കിലും ജാതികളായും ഉപജാതികളായും വിഘടിച്ച നിന്ന കേരളത്തിൽ സമുദായ തലങ്ങളിലുള്ള പരിഷ്കരണ പ്രവർത്തനങ്ങ ളാണ് നവോത്ഥാനത്തിന്റെ മുഖ്യധാരയിൽ പ്രതിഷ്ഠ നേടിയത്. കേരളത്തിൽ പരമ്പരാഗതമായി തുടർന്ന് വന്നിരുന്ന പല കീഴ്വഴക്കങ്ങളും ബഹുജനാടി സ്ഥാനത്തിൽ ആദ്യമായി പ്രശ്നവൽക്കരിക്കപ്പെടുന്നത് നവോത്ഥാന കാലഘട്ടത്തി ലാണ്'.[72]

നാരായണഗുരുവിന്റെ നേതൃത്വത്തിൽ 1888-ൽ അരുവിപ്പുറത്ത് നടത്തിയ ശിവപ്രതിഷ്ഠയോടെ കേരളത്തിൽ നവോത്ഥാനത്തിന് നാന്ദികുറിക്കപ്പെട്ടു. യാഥാസ്ഥിതികത്വത്തിനെതിരെയുള്ള അവർണ്ണന്റെ സ്വാതന്ത്ര്യപ്രഖ്യാപനമായിരുന്നു ശിവപ്രതിഷ്ഠ. പൊതുക്ഷേത്രങ്ങളിലും പൊതുസ്ഥലങ്ങളിലും അവർണർ അവഗണന അനുഭവിച്ചിരുന്നു. വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് മികച്ച പരിഗണനയാണ് നാരായണഗുരു നൽകിയത്.

1907-ൽ പുലയ നേതാവായ അയ്യങ്കാളി തിരുവിതാംകൂറിൽ 'സാധുജന പരിപാലന സംഘം' സ്ഥാപിച്ചു. എസ്. എൻ. ഡി. പി യുടെ രൂപീകരണമായിരുന്നു പ്രചോദനം. സഞ്ചാരസ്വാതന്ത്ര്യം, വിദ്യാലയ പ്രവേശനം, ആചാരപരിഷ്കരണം എന്നിങ്ങനെ അവശജനതയ്ക്ക് ആശ്വാസകരമായിത്തീർന്ന നിരവധി പ്രവർത്തനങ്ങൾ സംഘത്തിന്റെ കീഴിൽ നടത്തുകയുണ്ടായി. 1912-ൽ കൊച്ചിയിലെ പുലയർ കൃഷ്ണാദി ആശാന്റെ നേതൃത്വത്തിൽ നടത്തിയ 'കായൽ സമ്മേളന'ത്തിന് പ്രചോദനം അയ്യങ്കാളി ആയിരുന്നു.

---

72 ഡോ.കെ.എം.പണിക്കർ സംസ്കാരവും ദേശീയതയും, പുറം. 40-42.

1914-ൽ മന്നത്ത് പത്മനാഭൻ രൂപീകരിച്ച 'നായർ ഭൃത്യജന സംഘ'മാണ് 1915-ൽ 'നായർ സർവ്വീസ് സൊസൈറ്റി' ആയിത്തീരുന്നത്. നമ്പൂതിരി അധീശത്വത്തിൽ നിന്നുമുള്ള മോചനം, വിവാഹസമ്പ്രദായത്തിന്റെ പരിഷ്കരണം, മരുമക്കത്തായത്തിൽ നിന്നും മക്കത്തായത്തിലേക്കുള്ള പരിവർത്തനം, താലികെട്ട് കല്ല്യാണം പോലുള്ള ദുരാചാരങ്ങളുടെ തിരസ്കരണം തുടങ്ങി സമുദായത്തിന്റെ വിവിധ മേഖലകളിലേക്ക് സംഘടനയുടെ പരിഷ്ക്കാരങ്ങൾ ചെന്നെത്തി.

1910-ൽ പണ്ഡിറ്റ് കെ. പി കറുപ്പന്റെ ശ്രമഫലമായി 'വാലസമുദായ പരിഷ്കരണസഭ' എന്ന സംഘടന രൂപീകരിക്കപ്പെട്ടു. ദാരിദ്ര്യത്തിലും ജാതീയ ചൂഷണങ്ങളിലും ഇരകളാക്കപ്പെട്ട മുക്കുവ ജനതയുടെ ഉന്നമനമായിരുന്നു കറുപ്പന്റെ ലക്ഷ്യം. 'ജാതിക്കുമ്മി'പോലുള്ള ശക്തമായ കവിതകളിലൂടെ ജാതിയെ പ്രശ്നവൽക്കരിക്കാനും ഇദ്ദേഹം ശ്രമിച്ചു. വിവിധ ദേശങ്ങളിലായി ചിതറിക്കിടന്ന അരയ ജനതയെ ഒരൊറ്റസംഘടനയ്ക്ക് കീഴിൽ കൊണ്ടുവരാനുള്ള പരിശ്രമത്തിന് ആദ്യമായി തുടക്കം കുറിച്ചത് കെ. പി. കറുപ്പനാണ്. മുസ്ലീം സമുദായത്തിനകത്തും ഒറ്റപ്പെട്ടതെങ്കിലും ശക്തമായ പരിഷ്കരണശ്രമങ്ങൾ ഈ കാലഘട്ടത്തിൽ നടക്കുന്നുണ്ട്. മുസ്ലീം സമുദായത്തെ കേരളീയ പൊതു പരിസരമായി കൂട്ടിയിണക്കാനുള്ള ആദ്യപരിശ്രമം നടത്തുന്നത് മക്തി തങ്ങളാണ്. ഇദ്ദേഹത്തിന്റെ ഭാഷാപ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് മുസ്ലീം സമുദായത്തിന് മലയാളഭാഷയോടും ലിപിയോടുമുണ്ടായിരുന്ന അവഗണനയ്ക്ക് മാറ്റം സംഭവിച്ചത്. തുടർന്ന് വക്കം അബ്ദുൽഖാദർ മൗലവിയുടെ നേതൃത്വത്തിൽ വിജ്ഞാനതലത്തിലും സാമൂഹ്യതലത്തിലും ശക്തമായ ഇടപെടലുകൾ ഉണ്ടായി. 'ഇസ്ലാം ധർമ്മ പരിപാലനസംഘം' അനാചാരങ്ങൾക്കെതിരെ സമുദായത്തെ പ്രബുദ്ധമാക്കുകയും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധനം നടത്തുകയും ചെയ്തു. അവർണ്ണർക്കിടയിൽ സജീവമായിത്തീർന്ന പരിഷ്കരണചിന്താഗതികൾ കേരള ത്തിലെ സവർണ്ണ സമുദായത്തെയും സ്വാധീനിക്കുകയുണ്ടായി. നമ്പൂതിരി സമുദായത്തി നകത്ത് ദുരാചാരങ്ങൾക്കും സ്ത്രീകൾക്കെതിരെയുള്ള അവഗണനാമനോഭാവത്തിനു മെതിരെ വി. ടി ഭട്ടതിരിപ്പാടിനെ

പ്പോലുള്ളവർ പ്രതികരിച്ചു. 1908-ൽ രൂപീകരിച്ച 'യോഗക്ഷേമസഭ' നമ്പൂതിരി യുവാക്കളുടെ ആധുനികവിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുകയും കൂട്ടുകുടുംബവ്യവസ്ഥ അവസാനിപ്പിച്ച് എല്ലാവർക്കും തുല്യസ്വത്ത് എന്ന ആവശ്യത്തിന് മേൽ പ്രവർത്തിക്കുകയും ചെയ്തു. ഒപ്പംതന്നെ വിധവാവിവാഹത്തിനും പ്രാധാന്യം നൽകി.

19-ാം നൂറ്റാണ്ടിൽ സജീവമായിരുന്ന ക്രിസ്ത്യൻ മിഷണറി പ്രവർത്തനങ്ങൾക്കും കേരള നവോത്ഥാനത്തിൽ സുപ്രധാനസ്ഥാനമുണ്ട്. മധ്യകേരളത്തിലും തെക്കൻ കേളത്തിലും വിദ്യാഭ്യാസ അച്ചടി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സി. എം. എസ് മിണറിയും ഇതേ മേഖലകളിൽ വടക്കൻ കേരളത്തിൽ പ്രവർത്തിച്ച ബാസൽ ഇവാഞ്ചലിക്കൽ മിഷണറിയും കേരളത്തെ സംബന്ധിച്ചിടത്തോളം നവോത്ഥാന സ്ഥാപനങ്ങൾ കൂടിയാണ്. ഒപ്പംതന്നെ തിരുവിതാംകൂറിലെ ആദ്യബഹുജന പ്രക്ഷോഭമായ 'മലയാളി മെമ്മോറിയൽ' തുടർന്ന് വന്ന 'ഈഴവമെമ്മോറിയൽ' എന്നിവയും നവോത്ഥാന ചരിത്രത്തിൽ സവിശേഷസ്ഥാനം അർഹിക്കുന്നു.

വിവിധ സമുദായങ്ങൾക്കിടയിൽ വേറിട്ട് നിലനിന്ന പരിഷ്കരണ പ്രവർത്തനങ്ങളുടെ ഫലമാണ് കേരള നവോത്ഥാനത്തെ നിർണ്ണയിക്കുന്നത്. 1888 ലാണ് കേരളനവോത്ഥാനത്തിന് തുടക്കം കുറിക്കുന്നത്. സ്വാതന്ത്ര്യലബ്ധിവരെ അത് നിലനിൽക്കുകയും ചെയ്തു. 1930-കൾ വരെയുള്ള കേരളത്തിന്റെ സാംസ്കാരിക ചരിത്രം നവോത്ഥാനത്തിന്റെ ഒന്നാം ഘട്ടമായും മുപ്പതുമുതൽ അൻപതുകൾ വരെയുള്ള സാംസ്കാരിക ചരിത്രത്തെ രണ്ടാം ഘട്ടമായും പരിഗണിക്കുന്നു.

പിന്നോക്ക സമുദായങ്ങൾക്കിടയിൽ നിന്നു രൂപപ്പെട്ടുവന്ന നവോത്ഥാന പ്രസ്ഥാനങ്ങൾ ഒരിക്കലും സമൂഹത്തിലെ ഉല്പാദന ബന്ധങ്ങളെയോ ഉല്പാദനവ്യവസ്ഥ യെയോ പൊളിച്ചെഴുതുവാൻ ലക്ഷ്യം വെച്ചുള്ളതായിരുന്നില്ല മറിച്ച് ഹൈന്ദവ വിശ്വാസസംഹിതയ്ക്കകത്ത് നിന്നുകൊണ്ടുതന്നെ നിലനിൽക്കുന്ന ജാതിവ്യവസ്ഥയുടെ അടിത്തറ ഹിന്ദുത്വത്തിന്റെ തന്നെ ദാർശനികാടിസ്ഥാനങ്ങളാൽ പുനർനിർണയം

ചെയ്യുവാനും അതുവഴി ജാതികൾക്കിടയിൽ തികച്ചും ജനാധിപത്യപരമായ ഒരു ബന്ധം സ്ഥാപിച്ചെടുക്കുവാനുമുള്ളതായിരുന്നു.[73]

### 1.16 സംഗ്രഹം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ആരംഭിച്ച കേരളത്തിന്റെ ആധുനികീകരണ പ്രക്രിയയ്ക്ക് മിഷണറി പ്രവർത്തനങ്ങൾ ആക്കംകൂട്ടി. ഹൈന്ദവ ജാതി മേധാവിത്വത്തിനെതിരെ ഉയർന്നുവന്ന പ്രതിഷേധങ്ങളും കൊളോണിയൽ മുതലാളിത്തത്തിന്റെ ഭരണതാൽപര്യങ്ങളും കേരള സാമൂഹ്യ ജീവിതാവസ്ഥയിൽ വലിയതോതിലുള്ള മാറ്റങ്ങളുണ്ടാക്കി. സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയപരവുമായ നേതൃത്വം കേരളത്തിന്റെ ഉന്നതശ്രേണിയെ കേന്ദ്രീകരിച്ചുള്ളതായിരുന്നു. ജാതികേന്ദ്രിതമായ സാമൂഹ്യവ്യവസ്ഥ ബഹുഭൂരിപക്ഷംവരുന്ന ജനതയെ അധഃകൃതരാക്കി. സാമൂഹ്യ-സാമ്പത്തികാഭിവൃദ്ധിയും വിജ്ഞാനവും അവരിൽനിന്നും അകറ്റിനിർത്തപ്പെട്ടു. തീർത്തും മതപരമായ ഉദ്ദേശമായിരുന്നു മതപ്രവർത്തനത്തിനുണ്ടായിരുന്നതെങ്കിലും, കേരളത്തിന്റെ ജാതിവ്യവസ്ഥയുടെ ഇരകളെ മുൻനിർത്തിയുള്ളതായിരുന്നതിനാൽ മിഷണറി പ്രവർത്തനം സാമൂഹ്യനവോത്ഥാനത്തിന്റെ ഭാഗമായി. മതകാര്യങ്ങൾക്ക പ്പുറമുള്ള ഭാഷാപ്രവർത്തനവും വിദ്യാഭ്യാസപ്രവർത്തനവും സാഹിത്യപ്രവർത്തനവും മിഷണറിപ്രവർത്തനത്തെ ഏറെ സ്വീകാര്യമാക്കി. പാശ്ചാത്യ ഭാഷയുമായുള്ള അടുപ്പവും മിഷണറി പ്രവർത്തകർ മുന്നോട്ടുവെച്ച ആധുനിക വിദ്യാഭ്യാസരീതിയും സാഹിത്യത്തിലെ ആധുനിക പ്രവണതകളും കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിൽ ധനാത്മകമായ മാറ്റങ്ങൾക്ക് കാരണമായി. പാശ്ചാത്യഭാഷ കേരളീയരിൽ അടിച്ചേൽപ്പിക്കുന്നതിനു പകരം തദ്ദേശീയവും ഭാരതീയവുമായ ഭാഷകളും വൈജ്ഞാനിക പാരമ്പര്യവും സ്വായത്തമാക്കാനും അവ ഉപയോഗപ്പെടുത്തികൊണ്ട് മതകാര്യങ്ങൾ പ്രചരിപ്പിക്കാനുമാണവർ ശ്രമിച്ചത്. ഭാഷ, സാഹിത്യം, കലകൾ, വിദ്യാഭ്യാസം, വൈദ്യം,

---

73 ഡോ. കെ.എം. പണിക്കർ, സംസ്കാരവും ദേശീയതയും, പുറം. 45.

വസ്ത്രധാരണം, ഭക്ഷണം, ആചാരാനുഷ്ഠാനങ്ങൾ തുടങ്ങിയ കാര്യങ്ങളിലെല്ലാം പുതിയ പ്രവണതകൾ രൂപപ്പെട്ടു. ആധുനിക സാങ്കേതിക വിദ്യകളായ അച്ചടിയും പത്രമാസികാപ്രവർത്തനവും വ്യവസായവും പുതിയ തൊഴിൽ സംസ്കാരവും സാമൂഹിക ജീവിതത്തെ ഏറെ പരിഷ്കരിക്കുകയുണ്ടായി. പത്തൊമ്പതാം നൂറ്റാണ്ടിൽ സജീവമായിരുന്ന ക്രിസ്ത്യൻ മിഷണറി പ്രവർത്തനങ്ങൾ കേരളത്തിന്റെ ആധുനികീകരണ പ്രക്രിയയിൽ പ്രധാന പങ്കുവഹിച്ചു. മിഷണറിമാർ തുടങ്ങിവെച്ച വിദ്യാഭ്യാസ പരിഷ്കരണവും ആധുനികീകരണ പ്രവർത്തനങ്ങളും നവോത്ഥാന കാലഘട്ടത്തിലേക്കുള്ള ചുവടുവെപ്പുകളായിരുന്നു.

അധ്യായം രണ്ട്

# കേരളത്തിന്റെ ആധുനികീകരണവും നാട്ടുമിഷണറിമാരും

## 2.0 ആമുഖം

സാമൂഹിക ജീവിതക്രമം നിശ്ചയിക്കുന്നതിലും തൊഴിൽപരവും സ്ഥാനപരവു മായ വ്യവസ്ഥകളെ രൂപപ്പെടുത്തുന്നതിലും ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രധാനപങ്കുവഹി ക്കുന്ന സാഹചര്യം രൂപപ്പെട്ടു. ആദ്യകാല മിഷണറി പ്രവർത്തകരുടെ ഭാഷാസാഹിത്യ മുന്നേറ്റങ്ങൾ കേരളീയ സംസ്കാരികതയിൽ വലിയ അടയാളപ്പെടുത്തലുകൾക്ക് കാരണമായി. പിൽക്കാലത്ത് അധിനിവേശ സമീപനങ്ങൾ അത്തരം സാംസ്കാരിക പ്രവർത്തനങ്ങളെ മന്ദീകരിക്കുകയും ഭാഷതന്നെ അധിനിവേശത്തിന്റെ ഉപകരണ മായിത്തീരുകയും ചെയ്തു.

## 2.1 പാശ്ചാത്യ പൗരസ്ത്യ മിഷണറിമാരുടെ ഇടപെടലുകൾ

കേരളത്തിൽ സാമൂഹികവിപ്ലവത്തിന് തുടക്കം കുറിച്ചത് പത്തൊമ്പതാം നൂറ്റാണ്ടുമുതലാണ്. അതിന് നേതൃത്വം നല്കിയത് ഇവിടെയെത്തിയ പാശ്ചാത്യ മിഷണറിമാരും. പാശ്ചാത്യമിഷണറിമാരെപ്പോലെ തന്നെ ഇവിടുത്തെ പാതിരിമാരും അവരുടെതായ സേവനങ്ങൾ സമൂഹത്തിന് നല്കി. മതപരിവർത്തനം എന്നതിലുപരി സമൂഹത്തെ ആധുനികീകരിക്കുക എന്ന ലക്ഷ്യം അവർക്കുണ്ടായിരുന്നു. ഇവിടെ ഉണ്ടായിരുന്ന നാട്ടുപാതിരിമാരിൽ പ്രമുഖരായിരുന്നു കരിയാറ്റിൽ ഔസേപ്പ് മൽപാനും പാറേമാക്കൽ തോമ്മാ കത്തനാരും. ഇവരുടെ പാതപിൻതുടർന്നതാണ് ജോർജ് മാത്തൻ. തന്റേതായ കൃതികളിലൂടെ സമൂഹത്തിനാവശ്യമായ സന്ദേശങ്ങൾ നല്കി.

ആധുനികീകരണ പ്രക്രിയയിൽ സമൂഹത്തിൽ നിരവധി പരിവർത്തനങ്ങൾ സംഭവിച്ചു. അതിന് കാരണമായി തീർന്നത് അച്ചടി, വിദ്യാഭ്യാസപ്രവർത്തനം, പത്രപ്രവർത്തനം എന്നിവയാണ്.

നാനാവിധത്തിൽ അസ്വാതന്ത്ര്യം അനുഭവിച്ചുകൊണ്ടിരുന്ന അസംതൃപ്തരായ മർദ്ധിത ജനവിഭാഗത്തെ സമുദ്ധരിക്കാൻ മിഷണറിമാർ മുന്നോട്ടു വന്നു. സമൂഹത്തിൽ താഴെക്കിടയിലുള്ളവർക്ക് നിരവധി പരിവർത്തനമുണ്ടായി. ഈ ഒരു മാറ്റം സമൂഹത്തിലെ സവർണവിഭാഗത്തെയും ചിന്തിപ്പിച്ചു. ഒരു പുതിയ മാനവികത ഉദയം ചെയ്യുന്നതിന്റെ ആദ്യകിരണങ്ങളാണ് ഇവിടെ ദർശിക്കാൻ കഴിയുന്നത്. അത്ഭുതകര മായ ഒരു പരിവർത്തനം തന്നെയാണ് സമൂഹത്തിൽ ഉണ്ടായത്. നമ്മുടെ സാമൂഹിക രംഗത്ത് നിലനിന്നിരുന്ന അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഉന്മൂലനം ചെയ്യുന്ന തിന് ക്രിസ്തുമതം നല്കിയ നേതൃത്വം വളരെ വലുതാണ്.

'മിഷണറിമാരുടെ പ്രവർത്തനവും പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ പ്രചാരവും ആണ് കേരളീയ സമൂഹത്തിൽ മൗലികമായ പരിവർത്തനം ഉണ്ടാക്കിയത്. 1806-ൽ റിംഗിൾടോബ് എന്ന ജർമ്മൻ മിഷണറി തെക്കൻ തിരുവിതാംകൂറിലെത്തി. 1816-ൽ സി.എം.എസ് മിഷണറിമാർ കോട്ടയം കേന്ദ്രമാക്കി അവരുടെ പ്രവർത്തനം ആരംഭിച്ചു. 19-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽത്തന്നെ പ്രൊട്ടസ്റ്റന്റ് മിഷണറിമാർ ഉത്തരകേരളത്തിലും മധ്യകേരളത്തിനും ദക്ഷിണകേരളത്തിലും അവരുടെ പ്രവർത്തനങ്ങൾക്കു വ്യക്തമായ രൂപം നൽകിയിരുന്നു. എല്ലാ ജാതിക്കാർക്കും തുല്യമായ സാമൂഹ്യനീതി ലഭിക്കുവാൻ വേണ്ടി മിഷണറിമാർ വളരെയധികം പ്രയത്നിച്ചിരുന്നു. തിരുവിതാംകൂറിലെയും കൊച്ചിയിലെയും റസിഡണ്ടായിരുന്ന കേണൽ മൺട്രോ വിദ്യാഭ്യാസത്തിന് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകിയിരുന്നു. കോട്ടയത്ത് സി.എം.എസ്സ്. മിഷണറിമാർ ആരംഭിച്ച സി.എം.എസ്. കോളേജിന് ആവശ്യമായ ധനസഹായം തിരുവിതാംകൂർ ഗവൺമെന്റ് നൽകിയിരുന്നു. പ്രസിദ്ധമായ മൺട്രോ

തുരുത്ത് കോളേജിനായി റാണി പാർവ്വതീഭായി സമ്മാനിച്ചു. ഈ സ്ഥലത്തിനോടൊപ്പം നൂറിൽപ്പരം അടിമകളെയാണ് മിഷണറിമാർക്കു കൈമാറ്റം ചെയ്തത്. എന്നാൽ മിഷണറിമാർ ആ അടിമകളെ ഉടനെ സ്വതന്ത്രരാക്കി. ഇത് ആ കാലത്തെ സാംസ്കാരിക രംഗത്തുണ്ടായ വിപ്ലവകരമായ പ്രവർത്തനമായിരുന്നു.'[1]

ഇതുകൂടാതെ പ്രാചീന കേരളത്തിൽ 1825-ന് മുമ്പ് പെൺപള്ളിക്കൂടം ആരംഭിച്ചു. ഈയൊരു സംഭവം സ്ത്രീവിദ്യാഭ്യാസത്തിൽ വലിയൊരു മുന്നേറ്റമായിരുന്നു. മതപ്രചാരണാർത്ഥം കേരളത്തിൽ വന്ന മിഷണറിമാർ ഭാഷാപോഷണത്തിലും അതീവശ്രദ്ധ ചെലുത്തിയിരുന്നു.

## 2.2 മിഷണറിമാരും അടിമ സമ്പ്രദായവും

'ഇന്ത്യൻ ജാതിസമ്പ്രദായം ശക്തിപ്രാപിച്ചപ്പോൾ ഉന്നതരെന്നും അധഃസ്ഥിതരെന്നും രണ്ടു വിഭാഗമുണ്ടായി. ഏറ്റവും മുകളിൽ നിന്നു താഴേക്ക് ഓരോ ജാതിക്കും പ്രത്യേകം നില കല്പിച്ചിരിക്കുന്നു. ഇപ്രകാരം നിശ്ചലമായ ഒരു സമൂഹഘടനയാണ് (Static Society) നൂറ്റാണ്ടുകളായി ഇവിടെ നിലനിന്നിരുന്നത്. ഈ സമൂഹഘടന പൊളിച്ച് ചലനാത്മക ഘടന (dynamic society) പുനർനിർമ്മിച്ചതാണ് ഇന്ത്യയുടെ അഥവാ കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ സാമൂഹ്യവിപ്ലവം. ഇത് ഏതെങ്കിലും ഭരണാധികാരിയോ സമുദായ നേതാവോ ഉണ്ടാക്കിയതല്ല. ഏതെങ്കിലും ഒരു സൂക്തം കൊണ്ടോ നിയമം കൊണ്ടോ പുനഃസൃഷ്ടിച്ചതുമല്ല. കേണൽ മൺറോ കഴിഞ്ഞാൽ പ്രൊട്ടസ്റ്റെന്റ് മിഷണറിമാരും അവർക്കു പിന്തുണ നൽകിയ ഭരണാധി പന്മാരുമാണ് പുതിയ സാമൂഹ്യഘടനയുടെ സ്രഷ്ടാക്കൾ'.[2] അസ്വാതന്ത്ര്യം അനുഭവിച്ചു കൊണ്ടിരിക്കുന്ന അസംതൃപ്തരായ മർദ്ദിത ജനവിഭാഗത്തെ സമുദ്ധരിക്കുന്ന പ്രവർത്തന ങ്ങൾക്ക്

---

1 സാമുവൽ ചന്ദനപ്പള്ളി, മിഷണറി മലയാളഗദ്യ മാതൃകകൾ, പുറം 52.

2 ഡോ.സാമുവൽ നെല്ലിമുൾ, കേരളത്തിലെ സാമൂഹ്യ പരിവർത്തനം, 2003, പുറം.16-17.

മിഷണറിമാർ നേതൃത്വം നൽകി. സമൂഹത്തിലെ താഴേക്കിടയിൽപ്പെട്ടവരെ കേന്ദ്രീകരിച്ച നടത്തിയ മതപ്രബോധന പരിവർത്തന ശ്രമങ്ങൾ സാമൂഹികമായ നവീകരണത്തിലേക്ക് നയിച്ചു.

കേരളത്തിലെ അടിമസമ്പ്രദായത്തിന് ചുരുങ്ങിയ പക്ഷം പതിനാറു നൂറ്റാണ്ടുകാലത്തെ പഴക്കമെങ്കിലുമുണ്ട്. താണജാതിക്കാർ അനുഭവിച്ചിരുന്ന ദുരിതത്തെ ക്കുറിച്ച് എ. ശ്രീധരമേനോൻ കേരളചരിത്രത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. 'പത്തൊമ്പതാം ശതകത്തിന്റെ പ്രാരംഭത്തിൽപ്പോലും അടിമസമ്പ്രദായം അത്യന്തം പ്രാകൃതമായ രീതിയിൽ കേരളത്തിൽ നിലനിന്നിരുന്നു. കൃഷിപ്പണിക്കുവേണ്ടി ഭൂമിയുമായി ബന്ധപ്പെട്ട ഭൂവുടമകൾ സൂക്ഷിച്ചിരുന്ന അടിമകൾക്കു കണക്കുണ്ടായിരു ന്നില്ല. കന്നുകാലികളെപ്പോലെ അവരെ ക്രയവിക്രയം ചെയ്തിരുന്നു. അടിമകളെ കൊല്ലാൻ പോലുമുള്ള ജന്മിമാരുടെ അവകാശത്തെക്കുറിച്ചു ചോദിക്കാനും പറയാനും ആരുമുണ്ടായിരുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ, ജീവിതാവകാശമുള്ള മനുഷ്യരോടെന്ന നിലയ്ക്കായിരുന്നില്ല, അടിമകളോട് പെരുമാറിപ്പോന്നത്. സാമൂഹിക ജീവിത സൗകര്യങ്ങളെല്ലാം ഇവർക്കു നിഷേധിച്ചിരുന്നു. താണജാതിക്കാരെ സംബന്ധിച്ചും അവകാശങ്ങളുടെ നിഷേധമായിരുന്നു എല്ലായിടത്തും'.[3] മിഷണറിമാരുടെ പ്രവർത്ത നവും പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ പ്രചാരവുമാണ് കേരളീയ സമൂഹത്തിൽ വലിയ പരിവർത്തനം ഉണ്ടാക്കിയത്. 1806-ൽ റിംഗിൾടോബ് എന്ന ജർമ്മൻ മിഷണറി തെക്കൻ തിരുവിതാകൂറിൽ എത്തി അവരുടെ പ്രവർത്തനം ആ മേഖലയിൽ വ്യാപിപ്പിച്ചു. അതിനുശേഷം 1816-ൽ സി.എം.എസ് മിഷണറിമാർ കോട്ടയം കേന്ദ്രമാക്കി അവരുടെ പ്രവർത്തനം ആരംഭിച്ചു.

19-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ തന്നെ പ്രൊട്ടസ്റ്റന്റ് മിഷണറിമാർ ഉത്തരകേരളത്തിലും മധ്യകേരളത്തിലും ദക്ഷിണകേരളത്തിലും അവരുടെ

---

[3] ടി. പു. 23

പ്രവർത്തനങ്ങൾക്കു വ്യക്തമായ രൂപം നൽകിയിരുന്നു. എല്ലാ ജാതിക്കാർക്കും തുല്യമായ സാമൂഹ്യനീതി ലഭിക്കുന്നതിനുവേണ്ടി മിഷണറിമാർ ഭരണാധികാരികളെ സമീപിക്കുകയും ചെയ്തിരുന്നു.

കേരളത്തിലെ അടിമസമ്പ്രദായം എ. ഡി പതിമൂന്നാം നൂറ്റാണ്ടിന് അടുത്തായിരുന്നു നിലവിൽ വന്നത്. മദ്ധ്യേഷ്യയും യൂറോപ്പുമായും മറ്റുമുള്ള കടൽവ്യാപാരം വർദ്ധിച്ചതോടുകൂടിയാണ് അടിമസമ്പ്രദായം കേരളത്തിൽ ശക്തമാകുന്നത്. ഫ്യൂഡലിസത്തോടൊപ്പം അടിമത്തം കൂടി ഇവിടെ ശക്തി പ്രാപിച്ചു. ഏ.ഡി ഒൻപതാം ശതകത്തിലെ 'തരിസ്സാപ്പള്ളി ചെപ്പേടിൽ' കർഷകത്തൊഴിലാ ളികളെ അല്ലാതെ അടിമകളെ കൊടുക്കുന്നില്ല എന്ന പരാമർശമുണ്ട്. എന്നാൽ ഏ.ഡി പതിമൂന്നാം നൂറ്റാണ്ടിലെ 'വീരരാഘവപട്ടയ'ത്തിൽ തൊഴിലാളികളെ അടിമയായി കൊടുക്കുന്ന സമ്പ്രദായത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ മറ്റു സ്ഥലത്തെ അപേക്ഷിച്ച് കേരളത്തിലെ അടിമ സമ്പ്രദായത്തിന് കുറഞ്ഞ കാലത്തെ ചരിത്രമേയുള്ളൂ എന്ന് അനുമാനിക്കാം. 'വിഭവദാരിദ്ര്യമുള്ള കേരളത്തിലെ രാജാക്കന്മാർക്ക് ആൾക്കാശ് അഥവാ അടിമക്കാശ് എന്ന നികുതി നല്ല ഒരു വരുമാനമാർഗ്ഗം കൂടിയായിരുന്നു'.[4] തലൈവില, മുലൈവില എന്നീ നികുതികൾ പിൽക്കാലത്ത് കേരളത്തിലെ രാജാക്കന്മാർ അടിമകളിൽ നിന്നും പിരിച്ചിരുന്നു. പോർച്ചുഗീസുകാർ അടിമകളെ ഇറക്കുമതി ചെയ്യുകയും ഡച്ചുകാരും ഫ്രഞ്ചുകാരും അടിമകളെ കയറ്റുമതിയും ചെയ്തിരുന്നു. ഇത് അടിമകമ്പോളങ്ങൾ രൂപപ്പെടാൻ കാരണമായി.

കേരളത്തിൽ കാർഷിക അഭിവൃദ്ധിയോടൊപ്പം അടിമകളുടെ എണ്ണവും വർദ്ധിച്ചിരുന്നതായി വില്യം ലോഗൻ പറയുന്നു. 1992-ൽ അടിമവ്യാപാരം നിരോധിച്ചുകൊണ്ട് ഈസ്റ്റ് ഇന്ത്യാ കമ്പനി വിളംബരം പുറപ്പെടുവിച്ചിരുന്നു. 1812-ലെ വിളംബരത്തിലൂടെ തിരുവിതാംകൂറിലെ അടിമസമ്പ്രദായം നിരോധിച്ചിരുന്നു. ഇതിനുവേണ്ടി

4 എസ്. കെ വസന്തൻ, കേരളചരിത്ര നിഘണ്ടു, കോട്ടയം, 1983 പുറം 18-19.

കേണൽ മൺറോ പ്രവർത്തിച്ചിരുന്നു. ഇതിനെത്തുടർന്ന് കൊച്ചി രാജ്യത്തെ അടിമസമ്പ്രദായം നിരോധിച്ചത് ദിവാൻ ശങ്കരവാര്യരായിരുന്നു. 'മലബാർ കമ്മീഷണർമാർ അടിമക്കച്ചവടം ശിക്ഷാർഹമായ ഒരു കുറ്റമായി പ്രഖ്യാപിച്ചിരുന്നു. തിരുവിതാംകൂറിലും കൊച്ചിയിലും ഇത് നടപ്പായത് യഥാക്രമം 1812 ലും 1821 ലും ആണ്.'[5] മിഷണറിമാരുടെ അക്ഷീണപ്രവർത്തനഫലമായാണ് ഇത് സാധിച്ചത്.

അടിമകളുടെ മോചനത്തിനുവേണ്ടി ആദ്യകാലം മുതൽക്കുതന്നെ മിഷണറിമാർ പ്രവർത്തിച്ചിരുന്നു. 1821-ൽ ബേക്കർ അടിമകളുടെ ദയനീയമായ സ്ഥിതിയെക്കുറിച്ച് ലേഖനം എഴുതി. അവർക്കുവേണ്ട കാര്യങ്ങൾ ചെയ്യണം എന്ന് ഭരണാധികാരികളോട് അഭ്യർത്ഥിച്ചു. 'അടിമ സമ്പ്രദായം നിലനിർത്താൻ ബ്രിട്ടീഷ് ഗവൺമെന്റ് മുന്നോട്ടുവരുന്നതുവരെ ലക്ഷക്കണക്കിനു ജനങ്ങൾ ദൈവവചനം കേൾക്കുന്നത് ഒഴിവാക്കുകയായിരിക്കും ചെയ്യുന്നത്. ബ്രിട്ടീഷുകാരായ ക്രിസ്ത്യാനികൾക്ക് ഈസ്റ്റ് ഇന്ത്യയിലെ അടിമസമ്പ്രദായത്തെക്കുറിച്ച് അറിഞ്ഞുകൂടാ. അടിമകൾ നെൽവയലുകളുടെ വരമ്പിലോ, തോടിന്റെ കരയിലോ, കാടിന്റെ അതിർത്തികളിലോ ജീവിക്കാൻ വിധിക്കപ്പെട്ടവരാണ്. അവരിൽ ഒരാളിന്റെ വില പത്തു ഷില്ലിംഗിൽ കൂടുകയില്ല. എല്ലാ മതക്കാരും അടിമകളെവച്ചു കൊണ്ടിരിക്കുന്നു. ജോലി ചെയ്യാനുള്ള ആരോഗ്യം ക്ഷയിക്കുമ്പോൾ അവരെ പട്ടിണിക്കുവിടുന്നു. ജീവൻ നിലനിർത്താൻ ഞണ്ടോ, കക്കയോ പുഴയിൽ നിന്നു ചുട്ടുതിന്നുന്നു. കൂടാതെ കിഴങ്ങുകളും മാന്തിയെടുത്തു കഴിക്കുന്നു.'[6]

'അടിമവിദ്യാഭ്യാസത്തിന്റെ എതിരാളികൾ കത്തനാരന്മാരെയും ദ്രോഹിച്ചു. റവ.ജോർജ് മാത്തൻ അടിമകളെ അടുത്തറിയാൻ ശ്രമിച്ചിരുന്നു. അദ്ദേഹം പറയ അടിമകളുമായി സംസാരിച്ചതിനെപ്പറ്റി 1849 ഒക്ടോബർ 12 ലെ മിഷണറി രജിസ്റ്ററിൽ

---

5 എസ്. ശ്രീധരമേനോൻ, എ. സർവ്വേ ഓഫ് കേരള ഹിസ്റ്ററി, പുറം 323.

6 മിഷണറി രജിസ്റ്റർ, 1840.

രേഖപ്പെടുത്തിയിട്ടുണ്ട്.'[7] 'ഒരു പറയ അടിമയുമായി സംസാരിച്ചശേഷം എഴുതിയതാണിത്. ഇന്ത്യയിൽ എല്ലായിടത്തും ഈ ജാതിക്കാർ ഏറ്റവും താണ പടിയിൽ നിൽക്കുന്നു. എന്നാൽ കേരളത്തിലെപ്പോലെ ഇവരെ ഇത്രയധികം മറ്റൊരിടത്തും തരംതാഴ്ത്തിയിട്ടില്ല. അവർ ഏറ്റവും അശുദ്ധരായി കരുതപ്പെടുന്നു. ഇവരുടെ ജീവിതാവശ്യങ്ങൾ ഏറ്റവും മോശമായ നിലവാരത്തിലാണ് ലഭിക്കുന്നത്. ചത്ത മൃഗങ്ങളുടെ ഇറച്ചി അവർ ഭക്ഷിക്കുന്നു. അവരെയും അവരുടെ വസ്തുക്കളെയും പൂർണ്ണമായി അവരുടെ യജമാനനു വിൽക്കും. കന്നുകാലികളെപ്പോലെ അവരെ വിൽക്കുകയും വാങ്ങുകയും ചെയ്യും. അതിനേക്കാൾ മോശമായും അവരോടു പെരുമാറും.'[8]

കേരളത്തിലെ അടിമ ജീവിതത്തിന്റെ ഒരു യഥാർത്ഥ ചിത്രമാണ് ഈ മിഷണറി രജിസ്റ്ററിൽ സൂചിപ്പിക്കപ്പെടുന്നത്. 1840-നു ശേഷം സ്വപ്രേരണയാൽ ബേക്കർ ഒന്നിലധികം അടിമസ്കൂൾ തുടങ്ങിയതായി രേഖപ്പെടുത്തിയിരുന്നു. 1848 ജൂലൈ 4-ന് ബേക്കർ എഴുതുന്നു 'സ്കൂൾ നന്നായി പോകുന്നു. അടിമസ്കൂളുകളുടെ കാര്യം വ്യത്യസ്തമാണ്. അടിമകളെ പഠിപ്പിക്കുന്നതിന് അവരുടെ യജമാനൻമാർ എതിരാണ്. ഇവരെ സ്കൂളിൽ നിന്നും മിക്കദിവസങ്ങളിലും വിളിച്ചുകൊണ്ടുപോകുകയും അടിക്കുകയും ചെയ്യുന്നു. എന്നിരുന്നാലും നമ്മൾ നിരന്തരം പ്രവർത്തിക്കണം എന്നു ഞാൻ ചിന്തിക്കുന്നു. നമ്മുടെ സഹജീവികളായ ഈ അടിച്ചമർത്തപ്പെട്ട ജനങ്ങളിൽ ദിവ്യസത്യത്തിന്റെ ഒരു അംശമെങ്കിലും പകരാൻ കഴിഞ്ഞാൽ എത്രവലിയ അനുഗ്രഹം അതിൽനിന്ന് ഉണ്ടാകും എന്നു പറയേണ്ടതില്ല. അടിമവിവേചനത്തിനാലുള്ള ആശയങ്ങൾ രൂപപ്പെട്ടുവരുന്ന സാഹചര്യങ്ങളാണ് W. S. Hunt ന്റെ കുറിപ്പുകളിൽ നിന്നും വ്യക്തമാകുന്നത്. റവ.

[7] MCMR, 1850, p. 143

[8] സാമുവൽ നെല്ലിമുൾ, കേരളത്തിലെ സാമൂഹ്യപരിവർത്തനം, പുറം 1250.

റാഗ്ലണ്ടിന്റെ നിർദ്ദേശപ്രകാരം റവ. ഹോക്സ് വർത്തും റവ. ജോർജ് മാത്തനും മല്ലപ്പള്ളിയിൽ ഒരു അടിമോദ്ധാരണ മിഷൻ സ്ഥാപിച്ചു.'[9]

അടിമകളെ വേദപഠനത്തിനും അക്ഷരങ്ങളുടെ വെളിച്ചത്തിലേക്കും കൊണ്ടുവരാൻ മിഷണറിയും ജോർജ്മാത്തനും സഹിച്ച ക്ലേശങ്ങൾ വളരെ വലുതാണ്. 'ആദ്യമൊന്നും അവർ കുടിലിനു പുറത്തേക്ക് വന്നതേയില്ല, ഉൾവലിയുന്ന സ്വഭാവമായിരുന്നു അവർക്ക്. മനുഷ്യർ എന്ന നിലയിൽ അവർക്കുള്ള അവകാശത്തെപ്പറ്റി ബോദ്ധ്യപ്പെടുത്തി കൊടുക്കാനായിരുന്നു ഏറെ പ്രയാസം. പഠിക്കുന്നതിനെക്കുറിച്ച് അവരെ പറഞ്ഞുമനസ്സിലാക്കുകയെന്നത് ഏറ്റവും ശ്രമകരമായിരുന്നു. മറ്റ് മനുഷ്യരെ എന്നും ഭയന്നാണ് അവർ കഴിഞ്ഞിരുന്നത്. സ്നേഹത്തിന്റെ ഭാഷ ഉപരിവർഗ്ഗത്തിൽ നിന്ന് ഒരിക്കലും അവർ കേട്ടിരുന്നില്ല'.[10] 'അതുകൊണ്ടാണ് അവർ മിഷണറിമാരെയും സംശയിച്ചത്. അവർക്കുവേണ്ടി ഉടനെ സ്കൂൾ ആരംഭിക്കാൻ സാധിക്കാത്തതിന് കാരണവും അതായിരുന്നു. അടിമകളെ പഠിപ്പിക്കുക എന്നത് ഒരു സാഹസിക കർമ്മമായിരുന്നു. അസാധാരണ ക്ഷമയും സംയമനവും ധൈര്യവും ഭയവും ഉണ്ടെങ്കിൽ മാത്രമേ ആ രംഗത്ത് പ്രവർത്തിക്കാൻ കഴിയൂ. ഇത് എല്ലാം ഉള്ള വ്യക്തിയായിരുന്നു ജോർജ് മാത്തൻ. അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി സുഹൃത്തുക്കൾ ശത്രുക്കളായി. അതുവരെ അദ്ദേഹത്തെ ആദരിച്ചിരുന്നവർ പുച്ഛിക്കാനും പരിഹസിക്കാനും തുടങ്ങി. സവർണ്ണ ഹൈന്ദവരുടെയും സുറിയാനി ക്രിസ്ത്യാനികളുടെയും ഭവനത്തിൽ പ്രവേശിക്കുന്നതിന് സമ്മതിച്ചിരുന്നില്ല. കൂടാതെ ജോർജ് മാത്തന് വസ്ത്രം അലക്കുന്ന അലക്കുകാരനെയും ക്ഷൗരക്കാരനെയും അവർ വിലക്കിയിരിക്കുകയാണ്.'[11]

---

9 Quoted O W. S. Hunt – Anglican Church in Travancore and Cochin, p. 57.

10 W. S Hnut. Anglican Church in Travancore and Cochin, p 68.

11 ടി. പു. 69.

തദ്ദേശീയരായ അടിമകളും യജമാനന്മാരുമടങ്ങുന്ന ജനസമൂഹത്തിനിടയിൽ സംഘടിതവും വ്യവസ്ഥാപിതവുമായ പ്രവർത്തനങ്ങളിലൂടെ, മതപരിവർത്തനങ്ങളും വിദ്യാഭ്യാസപ്രവർത്തനങ്ങളും നടത്തിയതിന്റെ പരിണിതഫലമായിട്ടാണ് കേരള സമൂഹം അടിമസമ്പ്രദായത്തിൽ നിന്നും മോചിപ്പിക്കപ്പെട്ട ഒരു സാമൂഹിക ക്രമത്തിലേക്ക് പരിവർത്തിക്കപ്പെട്ടത്.

## 2.3 ക്രിസ്തുമതവും മലയാളസാഹിത്യവും

'മലയാള സാഹിത്യത്തിൽ വളരെയധികം പരിവർത്തനമാണ് ക്രിസ്തുമതത്തിന് ഉണ്ടാക്കാൻ കഴിഞ്ഞിരിക്കുന്നത്. ലോകത്തിലെ ഏറ്റവും പ്രാചീനമായ ക്രൈസ്തവ സമൂഹങ്ങളിൽ ഒന്നാണ് കേരളത്തിലുള്ളത്. കേരളത്തിൽ ക്രിസ്തുമതത്തിനു മൂന്നു വികാസ ദശകളുണ്ട്.'[12] 'ആദ്യത്തേത് ആദിമ ശതകങ്ങൾ, രണ്ടാമത്തേത് പോർട്ടുഗീസുകാർ മുഖാന്തരം റോമാസഭയുമായി ഭാഗികമായെങ്കിലും സജീവബന്ധം സ്ഥാപിക്കുകയും പുലർത്തുകയും ചെയ്ത പതിനാറുമുതൽ പതിനെട്ടുവരെയുള്ള നൂറ്റാണ്ടുകൾ. പ്രൊട്ടസ്റ്റന്റ് മിഷനറിമാരും പാശ്ചാത്യ രീതിയിലുള്ള വിദ്യാഭ്യാസവും സ്വാധീനത ചെലുത്തിയ പത്തൊൻപതും ഇരുപതും നൂറ്റാണ്ടുകളാണ് മൂന്നാമത്തെ ഘട്ടം. സാഹിത്യത്തെ സമ്പന്നമാക്കുക എന്നതിനെക്കാളും ഭാഷയെ രൂപപ്പെടുത്തുക എന്നതിലാണ് മിഷണറിമാർ കൂടുതൽ ശ്രദ്ധചെലുത്തിയത്.'[13]

'പതിനാറുമുതൽ പതിനെട്ടുവരെയുള്ള കാലഘട്ടത്തിൽ മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും മേഖലയിൽ വലിയ പരിവർത്തനങ്ങൾ തന്നെയാണ് ഉണ്ടായത്. ഭാഷയ്ക്ക് വ്യക്തമായ രൂപംതന്നെ കൈവന്നു. ഭാഷ തമിഴിൽനിന്ന് വേർതിരിയുകയും, സംസ്കൃതത്തിന്റെ അതിപ്രസരം ഉണ്ടായെങ്കിലും മറ്റുപദങ്ങളെ സ്വാംശീകരിക്കുവാനും

---

12 സാമുവൽ ചന്ദനപ്പള്ളി, മിഷണറി ഗദ്യമാതൃകകൾ, പുറം 54.

13 ടി. പു. 55

സ്വയം സമ്പന്നമാക്കാനും അതിനു കഴിയുകയും ചെയ്തു. ഈ കാലഘട്ടത്തിലാണ് കണ്ണശ്ശന്മാരും ചെറുശ്ശേരിയും എഴുത്തച്ഛനും നമ്പ്യാരും ഭാഷയെ സമ്പുഷ്ടമാക്കിയത്. അതുവരെ ഉണ്ടായിരുന്ന പദ്യസാഹിത്യത്തിന് പുതിയൊരു സരണിതന്നെ ഉണ്ടായി. ഈ കാലഘട്ടത്തിൽ ഗദ്യഭാഷയെ പരിപോഷിപ്പിക്കുന്നതിന് നിരവധി വ്യാകരണവും പദസമ്പത്ത് വർദ്ധിപ്പിക്കാൻ ഉതകുന്ന നിഘണ്ടുക്കളുമുണ്ടായി. കൂടാതെ സാഹിത്യത്തെ സമ്പന്നമാക്കുന്ന അച്ചടി വിദ്യയുടെ വികാസവും പത്രപ്രവർത്തനവും പുസ്തകപ്രസാധനവും ഈ നൂറ്റാണ്ടിന്റെ വലിയ നേട്ടങ്ങൾ തന്നെയാണ്.'[14]

ഈ ഒരു കാലഘട്ടത്തിൽ ശക്തമായ സ്വാധീനം ചെലുത്തിയത് ക്രിസ്തുമതത്തിലെ വിദേശീയരും തദ്ദേശീയരുമായ പ്രവർത്തകരാണ്. ഭാരതീയമതഗ്രന്ഥങ്ങൾ മിക്കവയും പദ്യരൂപത്തിലാണ്. ബൈബിളാകട്ടെ മുഖ്യമായും ഒരു ഗദ്യഗ്രന്ഥമാണ്. മതപ്രചാരണത്തിന് ആവശ്യവും ഗദ്യമാണ്. ഇതിനായി അവർ ആദ്യം ബൈബിളുകൾ വിവർത്തനം ചെയ്തു. ഇതിന് അവർക്ക് കഴിഞ്ഞത്, വിദേശീയരായ മിഷണറിമാർക്ക് യൂറോപ്പിലെ ഗദ്യസാഹിത്യവുമായി ഉണ്ടായിരുന്ന സമ്പർക്കമാണ്. കൂടാതെ വ്യാകരണകൃതികളും നിഘണ്ടുക്കളും നിർമ്മിച്ചു. ഇത് പ്രധാനമായും മതപ്രചാരണത്തിന്റെ ആവശ്യത്തിനായിരുന്നു. എന്നാൽ പിന്നീട് ഇവയെല്ലാം തന്നെ ഭാഷയ്ക്ക് മുതൽക്കൂട്ടായിത്തീർന്നു.

### 2.4 മിഷണറി സാഹിത്യം

മധ്യകാലത്തെ മിഷണറിമാർ പണ്ഡിതരായിരുന്നു. പക്ഷെ അധികം പേരും സാഹിത്യകാരൻമാർ ആയിരുന്നില്ല. പ്രത്യേകിച്ച് ഇവിടുത്തെ മിഷണറിമാർ. ഇവിടെയുള്ളവർ ഭാഷയ്ക്ക് ഒരു അടിത്തറയും രൂപരേഖയും ഉണ്ടാക്കാനാണ് ശ്രമിച്ചിരുന്നത്. എന്നാൽ അവർ സൃഷ്ടിച്ച സാഹിത്യം മതത്തിന്റെ ഉള്ളിൽ മാത്രമായി ഒതുങ്ങി നിന്നു.

14 സാമുവൽ നെല്ലിമുൾ, കേരളത്തിലെ സാമൂഹ്യപരിവർത്തനം, പുറം 120.

അതുകൊണ്ട് സാഹിത്യത്തിൽ വലിയ മാറ്റങ്ങളൊന്നും വരുത്താൻ ഇവർക്കായില്ല. എന്നാൽ ചില ക്രിസ്തുമതപ്രവർത്തകർ സാഹിത്യ രചനയിൽ ഏർപ്പെട്ടു. അർണ്ണോസ് പാതിരിയാണ് ഇവരിൽ പ്രമുഖൻ. 1679-ൽ ആണ് അർണ്ണോസ് പാതിരി ഇവിടെയെത്തിയത്. സാഹിത്യലോകത്തിന് വലിയ സംഭാവനകൾ തന്നെയാണ് അദ്ദേഹം നല്കിയത്. അദ്ദേഹത്തിന്റെ കൃതികൾ കൂടുതലും പദ്യത്തിലായിരുന്നു. 1732-ൽ അർണ്ണോസ് പാതിരി മരണപ്പെട്ടു. 1777-ൽ ആസ്ത്രിയാക്കാരായ പൗലിനോസ് പാതിരി കേരളത്തിൽ വന്നു. വാരാപ്പുഴ കേന്ദ്രമാക്കിയായിരുന്നു അദ്ദേഹം പ്രവർത്തിച്ചിരുന്നത്. കത്തോലിക്കാ പുരോഹിതൻമാരിൽ ഏറ്റവും വലിയ പണ്ഡിതനായിരുന്നു പൗലിനോസ്. മലയാളം പഠിച്ചതിനുശേഷം മതപരവും അല്ലാത്തതുമായ ഭാഷാകൃതികൾ രചിച്ച വിദേശമിഷണറിമാർ ഏറെപ്പേരുണ്ട്. 'ഹോർത്തൂസ് മലബാറിക്കൂസി'ന്റെ രചനയിൽ കൊച്ചി ഗവർണ്ണറായിരുന്ന വേൻറീഡിനോടൊപ്പം മാത്യൂസ് എന്നൊരു പാതിരിയും ഉണ്ടായിരുന്നു. 1707-ൽ കേരളത്തിലെത്തിയ കത്തോലിക്കരുടെ മെത്രാനായി ത്തീർന്ന അഞ്ചലോ ഫ്രാൻസിസ് 'ഭാഷാവ്യാകരണം' രചിച്ചു. 'സംക്ഷേപവേദാർത്ഥം' എഴുതിയത് ക്ലമന്റ് പാതിരിയാണ്. പൂർണ്ണമായും മലയാളത്തിൽ അച്ചടിച്ചകൃതിയാണ് ഇത്. കൂടാതെ ജോൺ ബാപ്റ്റീസ്റ്റ, ഇന്നോസ് മെത്രാൻ, ഇൽദാഫോൺസ് മുതലായ പാതിരിമാരും മലയാളത്തിൽ പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. ഇവരെക്കുറിച്ച് ഡോ. പി.ജെ. തോമസ് അദ്ദേഹത്തിന്റെ കൃതിയിൽ പറയുന്നുണ്ട്.[15] 'ഈ വിദേശീയന്മാർ മലയാളഭാഷയ്ക്ക് അകാരാദികളും വ്യാകരണങ്ങളും ഇതരഗ്രന്ഥങ്ങളും സമ്മാനിക്കുന്ന തിന് എത്രമാത്രം ക്ലേശങ്ങൾ സഹിച്ചിരിക്കാം എന്നത് ഏറെക്കുറെ ഊഹ്യമാണല്ലോ. ഇവർ കൈരളിയ്ക്ക് എന്നും പ്രാതസ്മരണീയരായ മഹാപുരുഷൻമാർതന്നെ. ഭാരതീയ ഭാഷകളിൽ മലയാളം, തമിഴ്, ഇവയെപ്പറ്റി യൂറോപ്യന്മാർക്കു പല ഇതര ഭാഷയെക്കാൾ മുമ്പുതന്നെ അറിയാൻ

15 ഡോ. പി.ജെ. തോമസ്, മലയാളസാഹിത്യവും ക്രിസ്ത്യാനികളും, പുറം 23.

ഇടവന്നത് ഇവരുടെ പരിശ്രമത്തിന്റെ ഫലമാകുന്നു.'[16] ഇവരെക്കുറിച്ച് ഉള്ളൂരിന്റെ അഭിപ്രായമാണ്.

## 2.5 നാട്ടുക്രിസ്ത്യാനികളുടെ സാഹിത്യപരിശ്രമങ്ങൾ

19-ാം നൂറ്റാണ്ടിൽ നടന്നിരുന്ന ഭാഷാപരിശ്രമങ്ങളിൽ ഇവിടുത്തെ ആളുകളും വെറുതെ ഇരുന്നില്ല. അവർ അവരുടെതായ സംഭാവനകൾ സമൂഹത്തിന് നല്കിയിരുന്നു. യൂറോപ്യൻമാരുടെ വരവിന് മുൻപ് അവർക്കുണ്ടായ മുഖ്യമായ സമ്പത്ത് പാട്ടുകളും ആട്ടങ്ങളും ആയിരുന്നു. എന്നാൽ അവരിൽ ചിലർ മതസംബന്ധമായ കാര്യങ്ങൾക്കു വേണ്ടി പല ഗദ്യകൃതികൾ രചിക്കുകയും പകർത്തി പ്രചരിപ്പിക്കുകയും ചെയ്തുവന്നു. 'പോർച്ചുഗീസുകാർ മലങ്കരയിൽ കാൽവെച്ച കാലത്ത് നസ്രാണികളുടെ കൈവശം വേദപുസ്തകങ്ങളും വ്യാഖ്യാനങ്ങളും ഉണ്ടായിരുന്നുവെന്നും, അവ ആശാൻമാരും മൽപാൻമാരും കുട്ടികളെ വായിപ്പിച്ച പഠിപ്പിച്ചിരുന്നുവെന്നും പോർച്ചുഗീസ് രേഖക ളിൽ കാണുന്നതായി പി.ജെ. തോമസ് രേഖപ്പെടുത്തുന്നു.[17] 'ഈ കാലഘട്ടത്തിൽ പലരും ഉപയോഗിച്ചിരുന്നത് സുറിയാനികൃതികളായിരുന്നു. നിരവധി ഗ്രന്ഥങ്ങൾ 1847-ൽ സ്ഥാപിതമായ വൈപ്പിൻകോട്ടയിലെ സെമിനാരിയിൽ ശേഖരിച്ചിട്ടുണ്ട്. സുറിയാനിഭാഷയിൽ കേരളനസ്രാണികളാൽ എഴുതപ്പെട്ട കൃതികളിൽ വിശുദ്ധ കുർബാനയെക്കുറിച്ചുള്ള കടവിൽ ചാണ്ടികത്തനാരുടെ ഇരുപത്തിരണ്ടു ഗീതങ്ങൾ അതിവിശിഷ്ടമായ കവിതകളാണ്. ചാണ്ടികത്തനാരുടെ സമകാലികനും പ്രയോഗിയു മായ കല്ലൂശ്ശേരിക്കാരൻ ഇട്ടിത്തൊമ്മൻ കത്തനാർ പണ്ഡിതനും ഗ്രന്ഥകാരനുമായ യിരുന്നു. അദ്ദേഹത്തിന്റെ പ്രധാനകൃതി 'പൗലോസ്ശ്ലീഹായുടെ ചരിത്രം' എന്ന ഒരു പദ്യപ്രബന്ധമാണ്.'[18]

---

16 ഉള്ളൂർ, കേരളസാഹിത്യചരിത്രം, പുറം 120.

17 മലയാളസാഹിത്യവും ക്രിസ്ത്യാനികളും, ഡോ.പി.ജെ. തോമസ്, പുറം 139.

18 ടി, പു. 141.

### 2.5.1 ഉദയം പേരൂർ സൂനഹദോസിലെ കാനോനകൾ

'ഉദയം പേരൂർ സൂനഹദോസിന്റെ കാനോനകൾ' എന്ന ഗ്രന്ഥമാണ് കേരളീയ നസ്രാണികൾ എഴുതിയ ഗദ്യകൃതികളിൽവെച്ച് പ്രാധാന്യം അർഹിക്കുന്നത്. പ്രസ്തുത സുനഹദോസിന്റെ നിശ്ചയങ്ങളായിരുന്നു ഇതിന്റെ പ്രതിപാദ്യവിഷയം. ഈ കൃതി ക്രിസ്തുവർഷം 1600 മാണ്ടിനിടയ്ക്കു എഴുതപ്പെട്ടതാണ്. മറ്റു ദേശഭാഷകളിൽ ഒന്നുംതന്നെ ശരിയായ ഗദ്യകൃതികൾ ഉണ്ടായിരുന്നില്ല. കേരളഭാഷയിൽ അതിനും വളരെക്കാലം മുമ്പേ അനേകം ഗദ്യകൃതികൾ ഉണ്ടായിരുന്നു. 1700-1800നും ഇടയ്ക്ക് നാട്ടുനസ്രാണി വൈദികൻമാരാൽ എഴുതപ്പെട്ട വിലയേറിയ ഗദ്യഗ്രന്ഥങ്ങൾ മലയാളത്തിൽ അനേകമുണ്ടായിട്ടുണ്ട്.'[19]

തദ്ദേശീയ പുരോഹിതൻമാരിൽ പ്രമുഖന്മാർ കരിയാറ്റിൽ ഔസേപ്പ മല്പാനും പാറേമാക്കാൽ തോമ്മാകത്തനാരുമാണ്.

### 2.5.2 കരിയാറ്റിൽ ഔസേപ്പ് മല്പാൻ

1735-ലാണ് ഔസേപ്പ് മല്പാൻ ജനിക്കുന്നത്. 1755-ൽ വൈദിക പഠനത്തി നായി റോമിൽ പോയി. അവിടെ ശാസ്ത്രം, വേദാന്തം, സഭാനിയമം എന്നീ വിഷയങ്ങ ളിൽ പാണ്ഡിത്യം നേടി. 'കരിയാറ്റിൽ ഔസേപ്പ് മല്പാൻ പ്രഗത്ഭമതിയായിരുന്നു. റോമാസർവ്വകലാശാലയിൽ നിന്ന് ഏറ്റവും ഉയർന്ന ബിരുദങ്ങൾ നേടി കേരളത്തിൽ നിന്ന് കത്തോലിക്കരുടെ മെത്രാനായി ക്രൈസ്തവ സഭയിലെ ഭിന്നശാഖകളെ സംയോജിപ്പിക്കുന്നതിന് ജീവിതം വിനിയോഗിച്ചു. ഈ യത്നങ്ങളുടെ ഫലമാണ് മലയാളത്തിലെ പ്രഥമ ഗദ്യകൃതിയെന്നു വിശേഷിപ്പിക്കുന്ന 'വേദതർക്കം'.[20] ഇത് മലയാളത്തിൽ അറിയപ്പെടുന്നവയിൽവെച്ച് ആദ്യത്തെ ഒരു വിശിഷ്ടഗദ്യകൃതിയാണ്.

[19] ടി. പു. 128

[20] ക്രിസ്ത്യാനികളും മലയാളസാഹിത്യവും, ഇ.എം.ജെ. വെണ്ണിയൂർ, പുറം 24.

ഭാഷാശുദ്ധി, വിഷയവൈവിധ്യം, രീതിയുടെ ഊർജ്ജസ്വലത മുതലായ ഗുണങ്ങൾ ക്കൊണ്ട് ഈ കൃതി മലയാളചരിത്രത്തിൽ ഒരു നവീന പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. ഗഹനമായ വിഷയത്തെക്കുറിച്ചാണ് ഇതിൽ ചർച്ച ചെയ്യുന്നത്. ലോകസൃഷ്ടി മുതൽ ദൈവത്തിന്റെ ജനതയിൽ ഒരിക്കലും പല അധികാരികൾ ഉണ്ടായിട്ടില്ലെന്നും ക്രിസ്തീയസഭയുടെ അധികാരപത്രോസും പത്രോസിന്റെ അനുഗാമിയായ മാർപ്പാപ്പയും മാത്രമായിരിക്കാനേ നിവൃത്തിയുള്ളുവെന്നും മറ്റുമുള്ള കാര്യങ്ങളാണ് ഈ കൃതിയിൽ പ്രതിപാദിക്കുന്നത്.

ഭിന്നിച്ചുനില്ക്കുന്ന ക്രൈസ്തവസഭാവിഭാഗങ്ങൾ ഒന്നിച്ചുവരണമെന്ന് ആഗ്രഹിച്ച വ്യക്തിയാണ് മല്പാൻ. പ്രേരണയും ഉപദേശവും അപേക്ഷയും അതിലുപരി വായനക്കാരന്റെ മനസ്സിൽ നേരിട്ട് ആഞ്ഞ് പതിക്കുവാൻ പോന്ന ശക്തിയും ഊർജ്ജസ്വലതയും ഒത്തിണങ്ങിയ ശൈലിയാണ് മല്പാന്റേത്.

'കരിയാറ്റിൻ ഔസേപ്പ മല്പാൻ സഭൈക്യത്തിനുവേണ്ടി റോമിലേക്കു പുറപ്പെട്ടു. കൂടെ പാറേമാക്കൽ തോമ്മാകത്തനാരുമുണ്ടായിരുന്നു. 1778-ൽ മദിരാശിയിൽ നിന്ന് കപ്പൽ കയറി. 1779-ൽ റോമിൽ എത്തി. 1785-ൽ അവർ മടക്കയാത്ര തുടങ്ങി. എന്നാൽ തിരിച്ച് വരുമ്പോൾ കരിയാറ്റിൻ ഔസേപ്പ മൽപ്പാൻ ഗോവയിൽവെച്ച് മരിച്ചു.'[21]

### 2.5.3 പാറേമ്മാക്കൽ തോമ്മാകത്തനാർ

പാറേമ്മാക്കൽ തോമ്മാകത്തനാർ 1740-ൽ ജനിച്ചു. സംസ്കൃതം, തമിഴ്, പോർച്ചുഗീസ്, ലത്തീൻ എന്നീ ഭാഷകളിൽ കത്തനാർക്ക് പാണ്ഡിത്യം ഉണ്ടായിരുന്നു. 'വർത്തമാനപുസ്തകം' അഥവാ 'റോമ്മായാത്ര' എന്നറിയപ്പെടുന്ന കൃതിയുടെ കർത്താവ് ഇദ്ദേഹമാണ്. ആ കാലഘട്ടത്തിൽ ഇത്ര ഉജ്ജ്വലമായ ഒരു കൃതി ആരും രചിച്ചിട്ടില്ല. അദ്ദേഹം എഴുതിയ 'വർത്താമാനപുസ്തക'ത്തിലെ ഭാഷ പ്രൗഢവും വർണ്ണനകൾ

---

21 ഡോ. പി. ജെ. തോമസ്, മലയാള സാഹിത്യവും ക്രിസ്ത്യാനികളും, പുറം 58.

രസകരവുമാണ്. പാറേമാക്കൽ തോമ്മാകത്തനാരുടെ സ്വദേശസ്നേഹവും ബുദ്ധി മാഹാത്മ്യവും കൃതിയുടെ ഏതു ഭാഗത്തുനോക്കിയാലും തെളിഞ്ഞു കാണാം.

ഭാരതത്തിൽ മറ്റേതൊരു ഭാഷയിലും യാത്രാവിവരണഗ്രന്ഥം ഉണ്ടാകുന്നതിനു മുമ്പ് മലയാളത്തിൽ ഉണ്ടായി എന്നത് ഭാഷയ്ക്ക് അഭിമാനകരമാണ്. ഒരു ഭാരതീയ നെന്ന നിലയിലാണ് അദ്ദേഹം ലോകത്തെ നോക്കിക്കണ്ടത്. ഈ ഗ്രന്ഥത്തിന്റെ മൂല്യത്തെ ഉള്ളൂർ വിലയിരുത്തിയത് 'തോമ്മാകത്തനാരുടെ പ്രസ്തുത കൃതി ഏതു നിലയ്ക്കു നോക്കിയാലും കൈരളിക്ക് ഒരു കനകാഭരണമെന്നുതന്നെ പറയേണ്ടതാണ്. ഗ്രന്ഥകാരന്റെ നിരീക്ഷണപാടവം, ത്യാജ്യഗ്രാഹ്യവിവേചനപാടവം, വിവരണ വൈദഗ്ദ്ധ്യം മുതലായ സിദ്ധികൾക്ക് എവിടെയും ഉദാഹരണം കാണാം. ഭാഷയിലെ ആകർഷകമായ ഒരു ഗദ്യഗ്രന്ഥം എന്നതിനുപുറമെ അക്കാലത്തെ ദേശചരിത്രം, സമുദായചരിത്രം തുടങ്ങിയ വിവിധ വിഷയങ്ങളെപ്പറ്റി അന്യത്ര അസുലഭമായ വിജ്ഞാനത്തിന്റെ ഭണ്ഡാകാരം എന്ന നിലയിലും വർത്തമാനപുസ്തകം നമ്മുടെ സമഗ്രമായ ശ്ലാഘനീയത അർഹിക്കുന്നു.[22]

ഔസേപ്പ് മൽപ്പാന്റെയും തോമ്മാകത്തനാരുടെയും കൃതികൾ ഒരു പുതിയ പ്രസ്ഥാനം തന്നെ കുറിക്കുന്നു. ആധുനിക ഗദ്യത്തിന്റെ ആദ്യമാതൃകകളായി ഇവരുടെ കൃതികൾ കണക്കാക്കാം. ആദ്യകാല പദ്യകൃതികൾക്ക് സംസ്കൃതത്തോടും തമിഴിനോ ടുമാണ് ബന്ധമെങ്കിൽ ഗദ്യസാഹിത്യത്തിന് യൂറോപ്യൻ സരണിയോടാണ് ബന്ധം. തോമ്മാകത്തനാരുടെയും മൽപ്പാന്റെയും കൃതികൾ സ്വതന്ത്രവും ആശയസമ്പന്നവു മാണ്. ഗൗരവമുള്ള വിഷയങ്ങളെക്കുറിച്ചാണ് അവർ എഴുതിയിരുന്നത്. ആദ്യകാല മലയാളഗദ്യകൃതികളെ പഠിക്കുമ്പോൾ ഒഴിച്ചുകൂടാൻ പറ്റാത്ത കൃതികളാണ് ഇവരു ടേത്.

**2.5.4. ജോസഫ്ഫെൻ (ചാത്തുമേനോൻ)**

22 ഉള്ളൂർ കേരളസാഹിത്യചരിത്രം, പുറം 38

ബൈബിൾ വിവർത്തനത്തിൽ റവ. ബെയിലിയുടെ ഏറ്റവും അടുത്ത സഹായി ആയിരുന്നു ചാത്തുമേനോൻ. ക്രിസ്തുമതം സ്വീകരിച്ചതിനുശേഷം കൊച്ചികോട്ടയിൽ ബ്രിട്ടീഷ് സർക്കാറിന്റെ കീഴിൽ മുൻസിഫായി ജോലി ചെയ്യുമ്പോൾ 'അജ്ഞാന കുഠാരം' എന്ന കാവ്യം അദ്ദേഹം രചിച്ചു (1831). അഞ്ച് അധ്യായങ്ങളിലായി 147 ഉപശീർഷകങ്ങളോടുകൂടി ദ്രാവിഡവൃത്തത്തിൽ രചിച്ച ഈ കാവ്യത്തിന് 5340 വരികളുണ്ട്. 'സമൂഹപരിഷ്കരണമായിരുന്നു ലക്ഷ്യം. യഥാർത്ഥ സത്യവേദം അന്വേഷിച്ചു നടക്കുന്ന ഒരു ശൂദ്രനാണ് ഇതിലെ കഥാനായകൻ. തന്റെ സഞ്ചാരകാലത്ത് കുറെ തീർത്ഥാടകരെ കണ്ടു. അവരോടൊപ്പം ഒരു ഊട്ടുപുരയിൽ ചെന്നു.

'കിട്ടേണമഷ്ടിയെന്നോർത്തവൻ ചെന്ന-
ങ്ങൂട്ടുപുരയുള്ള ദിക്കിൽ കരേറി
വട്ടമിട്ടങ്ങിരിക്കുന്നോരുനേരം
കൂട്ടുന്നു കോപ്പുകൾ നാട്ടുകാർ ശൂദ്രർ'

പാചക ശ്രേഷ്ഠൻ പട്ടർ വന്നു നുറ്റെട്ടുകൂട്ടം കറികളും ചോറും ഉണ്ടാക്കി. ബ്രാഹ്മണർ ഭക്ഷിച്ചുകഴിഞ്ഞ് ചോറുകിട്ടുമെന്ന് അവരോടു പറഞ്ഞു.

'ബ്രാഹ്മണസദ്യ കഴിഞ്ഞോരു നേരം
താംബൂല, ദക്ഷിണ, പിന്നെപ്പണവും
മുണ്ടും വടിയും കുടയും ചെരിപ്പും
കൊണ്ടു കൊടുത്തിതു വിപ്രർക്കു ശൂദ്രർ'

അപ്പോൾ മറ്റൊരു പട്ടർ തീർത്ഥാടകരായ ശൂദ്രരോടു പറഞ്ഞു.

'കിട്ടുകയില്ല സർവ്വാണി ചോറില്ല;
ജ്യേഷ്ഠകളെന്തിനു കാത്തിരിക്കുന്നു
പോട്ടെ, നിന്നാലടിച്ചാട്ടി ഓടിപ്പേൻ'

അങ്ങനെ വിശന്നു പൊരിഞ്ഞ ശൂദ്രർക്ക് ആട്ടുമാത്രം ലഭിച്ചു.

ജഗനാഥ ക്ഷേത്രോത്സവത്തോടനുബന്ധിച്ച് മോക്ഷത്തിനുവേണ്ടിയുള്ള പല ആചാരങ്ങളിൽ ഒന്നിനെക്കുറിച്ചുള്ള വർണ്ണനയുടെ സാരം ഇതാണ്. അമ്പലക്കുളത്തിൽ മുതലകളുണ്ട്. വൃദ്ധരായ മാതാപിതാക്കളെ കുളിപ്പിച്ചുകൊണ്ടുവന്ന് സുഗന്ധവർണങ്ങ ളണിയിച്ച് പുതിയ വസ്ത്രങ്ങൾ ധരിപ്പിച്ച് എടുത്തുകൊണ്ടുപോയി കുളത്തിലേക്ക് എറിയുന്നു. മുതലകൾ പിടിച്ച് ആ കുളത്തിൽ മരിച്ചാൽ മോക്ഷം കിട്ടുമെന്നാണ് വിശ്വാസം.

മോക്ഷത്തിനുള്ള മറ്റൊരു മാർഗ്ഗം തേരിന്റെ ചക്രങ്ങൾക്കിടയിൽ ഞെരിഞ്ഞു മരിക്കുന്നതാണ്. ചില ഉത്സവങ്ങൾക്ക് തെറിവാക്കു പറയുന്നതാണാചാരം

'പൂരം ഭരണി മുതലായൊരുത്സവേ
പാരം തെറിവാക്കുരയ്ക്കുന്നിതേവരും'

സതി, ശൈശവ വിവാഹം, ബഹുഭാര്യാത്വം തുടങ്ങിയ അനാചാരങ്ങളെക്കുറിച്ചും വിവരണമുണ്ട്.

'താലികെട്ടുന്നൊരു കാന്തനഞ്ചാംദിനം
കൂലി വാങ്ങിക്കൊണ്ടുപേക്ഷിച്ചു പോകുന്നു'

പെണ്ണ് ഋതുവാകുന്നതിനു മുമ്പ് കല്യാണം നടത്തണം. എന്ന വിശ്വാസം കൊണ്ടാണ് ചെറുപ്രായത്തിൽതന്നെ ഇങ്ങനെ ചെയ്യുന്നത്. ബ്രാഹ്മണർക്ക് ഇത് ബാധകമല്ല.

'വിപ്രന്റെ കന്യകമാർ തിരണ്ടീടുകിൽ
അപ്പരിഷയ്ക്കല്പവും ദോഷമില്ലല്ലോ;
അപ്പോലെ ശൂദ്രകന്യാ തിരണ്ടീടുകിൽ
അപ്പോഴാപ്പെണ്ണിന്നധഃപതനം വന്നു.'

കുമാരാനാശാൻ ജനിക്കുന്നതിന് എത്രയോ ദശാബ്ദങ്ങൾക്കുമുമ്പുതന്നെ ഇത്തരം സാമൂഹ്യവിമർശനങ്ങൾ ചാത്തുമേനോൻ നടത്തിയത്. പാഠപുസ്തകമായും അല്ലാതെയും 'അജ്ഞാനകുഠാര'ത്തിന് വലിയ പ്രചാരം ലഭിച്ചിരുന്നു.'[23]

'അജ്ഞാന കുഠാരം' എന്ന കവിതക്കാണ് ഏറ്റവും കൂടുതൽ ആവശ്യക്കാരുള്ളത്. നാട്ടുകാരനായ ചാത്തുമേനോൻ എഴുതിയ കാവ്യമാണിത്. അദ്ദേഹത്തെ ജോസഫെൻ എന്ന പേരിൽ ആർച്ച് ഡീക്കൻ റോബിൻസൺ കോഴിക്കോടുവെച്ച് സ്നാനപ്പെടുത്തി. ഹിന്ദുമതത്തിലെ അനാചാരങ്ങളുടെ പ്രദർശനമാണ് ഈ കാവ്യം.

### 2.5.5. കല്ലൂർ ഉമ്മൻ ഫിലിപ്പോസ്

മലയാളത്തിലെ ആദ്യത്തെ ഭാഷാനാടകകർത്താവും പ്രഥമ പത്രാധിപരുമാണ് ഉമ്മൻ ഫിലിപ്പോസ്. കല്ലൂർപാറ, കല്ലൂർ കുടുംബാംഗമായ ഉമ്മന്റെയും അയമനം പത്തിൽ കുടുംബത്തിലെ അന്നമ്മയുടെയും പുത്രനായി 1838-ൽ ജനിച്ചു. ശിശുവിന് ഒരു വയസ്സ് പ്രായമാവുന്നതിനു മുമ്പുതന്നെ മാതാവ് മരണമടഞ്ഞു. ശിശുവിന്റെ സംരക്ഷണ ചുമതല പത്തിൽ കുടുംബക്കാർ ഏറ്റെടുത്തു. അതിനാൽ ഉമ്മൻ ഫിലിപ്പോസ് ആംഗലേയ സഭാംഗമായിത്തീർന്നു. ഇംഗ്ലീഷ്, ഗ്രീക്ക്, ലത്തീൻ, സംസ്കൃതം എന്നീ ഭാഷകളിൽ അവഗാഹം നേടിയ ഫിലിപ്പോസ് അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. പിൽക്കാലത്ത് ഉമ്മൻ ഫിലിപ്പോസ് 'പശ്ചിമതാരക' എന്ന പത്രത്തിന്റെ ഉടമയും പത്രാധിപരുമായി. 'ആൾമാറാട്ടം' (1860), 'അമരകോശ പ്രദീപിക', 'ശബ്ദദീപിക' എന്നിവയാണ് അദ്ദേഹത്തിന്റെ കൃതികൾ. അദ്ദേഹത്തിന്റെ ബഹുമുഖ വ്യക്തിത്വത്തിലേക്ക് വെളിച്ചം വീശുന്ന കൃതിയാണ് പ്രൊഫ. കെ.എൻ.ചെറിയാന്റെ കല്ലൂർ ഉമ്മൻ ഫിലിപ്പോസ് എന്ന ജീവചരിത്ര ഗ്രന്ഥം. അതിനുമമ്പ് അദ്ദേഹം മലയാള മനോരമയിൽ എഴുതിയ ലേഖനങ്ങളാണ് സാഹിത്യ ലോകത്തിന്റെ ശ്രദ്ധയാകർഷിച്ചത്. ആൾമാറാട്ടം ഒരു

23 സാമുവൽ നെല്ലിമുൾ, (എഡി.), ഒരു പ്രേഷിത പ്രയാണചരിത്രം, പുറം 1573.

നോവലാണെന്ന് മഹാകവി ഉള്ളൂരും ചിത്രമെഴുത്ത് വർഗ്ഗീസും പറഞ്ഞുവെച്ചിരിക്കുന്ന അബന്ധധാരണ തിരുത്തിക്കുറിക്കുവാനും പ്രഥമ ഭാഷാനാടകമാണെന്ന് ഉറപ്പിക്കാനും പ്രസ്തുത ജീവചരിത്രഗ്രന്ഥത്തിലെ കണ്ടെത്തലുകൾ സഹായകമായി.

### 2.5.6. യാക്കോബ് രാമവർമ്മ

മലയാളത്തിലെ ആദ്യത്തെ അത്മകഥ റവ. യാക്കോബ് രാമവർമ്മയുടേതാണ്. ഇദ്ദേഹത്തെ റവ. സാമുവൽ റിഡ്സ്ഡേൽ സ്നാനപ്പെടുത്തിയകാര്യം ഈ ഗ്രന്ഥത്തിന്റെ ഒന്നാംഭാഗത്തു ചേർത്തിട്ടുണ്ട്. ബാസൽ മിഷനിലെ ആദ്യത്തെ നാട്ടുകാരനായ മിഷണറിയായിരുന്നു യാക്കോബ് രാമവർമ്മ. 1856-ൽ വൈദികനായി. ഏതോ യോഗത്തിൽ പറയാൻ വേണ്ടി രചിച്ച ഈ ലഘുഗ്രന്ഥം 1879-ലാണ് ആദ്യമായി അച്ചടിച്ചത്. 'യാക്കോബ് രാമവർമ്മൻ എന്ന സ്വദേശ ബോധകന്റെ ജീവചരിത്രം' എന്നാണ് തലക്കെട്ട് എങ്കിലും ഇത് സ്വന്തം ആത്മകഥയാണ്.

'എന്റെ ജനനം 1814 നവംബർ 28ന് തൃപ്പൂണിത്തുറ രാജധാനിയിൽ ആകുന്നു. എന്റെ അച്ഛന്റെ പേര് വീരകേരളമഹാരാജാവ് എന്നും അമ്മയുടെ പേര് കുഞ്ഞിക്കാവ് എന്നും ആകുന്നു. നാമകരണ ദിവസത്തിങ്കൽ അവർ എനിക്ക് രാമവർമ്മൻ എന്നു വിളിച്ചു. ഇതിന്റെ കാരണം ഞാൻ ക്ഷത്രിയ ശിശുവും എന്റെ ജനനം രാമനവമിയിൽ ആകയാലും ആകുന്നു. അന്നുതന്നെ തൃപ്പൂണിത്തുറ ദേവന് എന്നെ അടിമയായി സമർപ്പിച്ചു.'[24] ഇപ്രകാരം സംഭവബഹുലവും അസാധാണവുമായ തന്റെ ചരിത്രം രാമവർമ്മ വിവരിക്കുന്നു. ഏറ്റവുമൊടുവിൽ അദ്ദേഹം ഇങ്ങനെ എഴുതിയിരിക്കുന്നു. 'ഇപ്രകാരം അത്രേ എന്റെ കഥാസംക്ഷേപം. കർത്താവ് ഈ നാൽപ്പത്തിരണ്ടു സംവത്സരം എന്നെ കാത്തുനടത്തി.

[24] മലയാള സാഹിത്യവും ക്രിസ്ത്യാനികളും, ഡോ.പി.ജെ.തോമസ്, പുറം.140.

എന്റെ സകല അപരാധങ്ങളിലും എന്നെ കനിഞ്ഞു രക്ഷിപ്പാനായി അവർ എനിക്ക് ചെയ്ത ഉപകാരങ്ങൾ എത്ര വലിയവ.'[25]

കണ്ണൂരിന്റെ അതിർത്തിപ്രദേശങ്ങളിൽ വസൂരി രോഗം പടർന്ന് പിടിച്ചപ്പോൾ അവിടെ രോഗികളെ ശുശ്രൂഷിച്ച രാമവർമ്മയും രോഗബാധിതനായി. യാക്കോബ് രാമവർമ്മ 43-ാം വയസ്സിൽ അന്തരിച്ചു.

### 2.5.7 അയ്മനം പി. ജോൺ

1825 ആഗസ്റ്റിൽ അയ്മനത്തു ജനിച്ച പി. ജോൺ മലയാളത്തിൽ ഇന്ത്യാ ചരിത്രമെഴുതി ശ്രദ്ധേയനായിത്തീർന്നു. ആംഗ്ലിക്കൻ മിഷണറിമാർ ഉത്കൃഷ്ടവിദ്യാഭ്യാസത്തിനു തിരഞ്ഞെടുത്ത നാലുപേരിൽ ഒരാൾ അദ്ദേഹമായിരുന്നു. മഹാകവി ഉള്ളൂർ പ്രസ്താവിക്കുന്നത് "അദ്ദേഹത്തിന്റെ ഇന്ത്യാചരിത്രം ഭാഷാഭിമാനികളുടെ ശ്രദ്ധയെ പ്രത്യേകം ആകർഷിക്കുന്നു. ഭാഷയിലെ ഒന്നാമത്തെ ഇന്ത്യാചരിത്രമെന്ന നിലയിൽ മാത്രമല്ല അതിനു പ്രശസ്തിയുള്ളത്. ജോണിന്റെ ഗദ്യശൈലിക്ക് അനപല പനീയമായ ആസ്വാദ്യതയുണ്ട്"[26] ഇന്ത്യാചരിതരം പ്രസിദ്ധീകരിച്ചത് 1860-ൽ ആണ്.

### 2.5.8 ആർച്ച് ഡീക്കൻ കോശി

1825-ൽ തോട്ടപ്പുഴശ്ശേരി എന്ന സ്ഥലത്ത് ജനിച്ചു. 1835 മുതൽ 1844 വരെ കോട്ടയം സെമിനാരിയിൽ ചേർന്നു പഠിച്ചു. സംസ്കൃതം, ലത്തീൻ ഇംഗ്ലീഷ് എന്നീ ഭാഷകളിൽ പ്രാവീണ്യം നേടി. റവ. ജോസഫ് പീറ്റിനോടൊപ്പം മാവേലിക്കരയിൽ പ്രവർത്തിച്ചു. തോലശ്ശേരി, തവടി, ഒളശ്ശ, ഇലന്തൂർ, കോട്ടയം എന്നീ സ്ഥലങ്ങളിൽ ഇടവകപ്പട്ടക്കാരനായിരുന്നു. 1872 മുതൽ മലയാളം ബൈബിൾ പരിഷ്ക്കരണ കർമ്മങ്ങളിൽ നേതൃത്വം വഹിച്ചു. പ്രസ്തുത സേവനങ്ങളെ അഭിനന്ദിച്ച് കാന്റർബറി ആർച്ച്

---

25 ഗോസ്പൽ ലിറ്ററേച്ചൽ സർവ്വീസ്, പത്തനംതിട്ട, 1998.

26 സാമുവൽ നെല്ലിമുൾ (എഡി.), ഒരു പ്രേഷിത പ്രയാണ ചരിത്രം, പുറം 1577.

ബിഷപ്പ് അദ്ദേഹത്തിന് ആർച്ച് ഡീക്കൻ സ്ഥാനം നൽകുകയുണ്ടായി. അദ്ദേഹത്തിന്റെ തൂലികയിൽനിന്ന് നിരവധി കൃതികൾ ലഭിച്ചു. 'പരദേശി മോക്ഷയാത്ര', 'തിരുപോരാട്ടം', 'പുല്ലേലിക്കുഞ്ചു', 'ആയയും മകനും', 'കന്നീറ്റുപദേശം', 'പത്തുവയസ്സുള്ള ഒരു പെൺപൈതൽ' ഇവ കൂടാതെ മലയാള ഭാഷാവിഷയമായി നടത്തിയ പ്രസംഗങ്ങളിൽ ചിലത് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1882-ൽ പ്രസിദ്ധീകരിച്ച 'പുല്ലേലി കുഞ്ചു'വാണ് ശ്രദ്ധേയമായ കൃതി.

### 2.5.9. ആർച്ച് ഡീക്കൻ ഉമ്മൻ മാമ്മൻ

ക്രിസ്തീയ സാഹിത്യം വളരെ ശോഷിച്ച കാലത്ത് പതിനഞ്ചിലധികം കൃതികൾ രചിച്ച് ജനങ്ങൾക്ക് വിജ്ഞാനവും പ്രചോദനവും നൽകിയ ആളാണ് ഉമ്മൻ മാമ്മൻ. സാഹിത്യചരിത്രത്തിൽ ഇടംനേടിയ വ്യക്തിയാണ് അദ്ദേഹം. മഹാകവി ഉള്ളൂർ തന്റെ 'കേരളസാഹിത്യചരിത്ര'ത്തിൽ പരാമർശിച്ചിരിക്കുന്നത് 'ആർച്ച് ഡീക്കൻ ഉമ്മന്റെ പ്രധാന കൃതി 'ശാലോമോന്റെ സുഭാഷിതങ്ങളാ'ണ്. 1882-ൽ അത് പ്രസിദ്ധീകരിച്ചു. അതുകൂടാതെ 'ബാലപ്രിയൻ', 'സുകൃതമുള്ള സ്ത്രീ' എന്നീ രണ്ട് ചെറുകഥകളും അദ്ദേഹം രചിച്ചിട്ടുണ്ട്.'ബാലപ്രിയൻ 171 കഥകളുടെ സമാഹാരമാണ്. വിശിഷ്ട വ്യക്തികളുടെ ലഘു ജീവചരിത്രങ്ങളും സംഭവകഥകളും ഉണ്ട്. ഇവ കൂടാതെ 17 സ്ത്രീരത്നങ്ങളുടെ സംക്ഷിപ്ത ജീവിതകഥകൾ അടങ്ങുന്ന 'ഉത്തമസ്ത്രീകളുടെ കഥകൾ' ജോൺ ബനിയന്റെ 'ജീവചരിത്രം' എന്നിവയും വായനക്കാർക്ക് ഇഷ്ടപ്പെട്ട രചനകളാണ്. ഉമ്മൻമാമന്റെ കൃതികളിൽ ഏറ്റവും പ്രചാരം നേടിയത് 'മേരി ജോൺസും അവളുടെ ബൈബിളും' എന്ന കൃതിയാണ്. അനേകം പതിപ്പുകൾ ഇതിനുണ്ടായി. 'വേദപുസ്തകസമൂഹം' എന്ന ആശയം രൂപപ്പെടാൻ പ്രേരണയായ അത്ഭുതകരമായ സംഭവകഥകളാണ് അത്.

1800-ൽ വെയ്ത്സ് രാജ്യത്ത് താമസിച്ചിരുന്ന മേരി എന്ന പെൺകുട്ടി ഒരു വേദപുസ്തകം വാങ്ങാൻ ആഗ്രഹിച്ച് ജോലിചെയ്തുണ്ടാക്കിയ പണവുമായി അൻപത് മൈൽ നടന്ന് റവ.ചാരറത്സിന്റെ വീട്ടിലെത്തുന്നു. അദ്ദേഹം മറ്റാർക്കോ കൊടുക്കാമെന്ന് വാഗ്ദാനം

ചെയ്ത് സൂക്ഷിച്ചിരുന്ന ബൈബിൾ മേരിക്ക് കൊടുത്തു. വേദപുസ്തകം ആഗ്രഹിക്കുന്നവർക്കെല്ലാം ആ വിശുദ്ധ ഗ്രന്ഥം ലഭിക്കണമെന്ന ലക്ഷ്യത്തോടുകൂടി 1804-ൽ അദ്ദേഹത്തിന്റെ പരിശ്രമം കൊണ്ട് 'The British and Forign Bible Society' സ്ഥാപിച്ചു. കേരളവർമ്മ വലിയകോയിത്തമ്പുരാനുമായി സൗഹൃദം സ്ഥാപിച്ചിരുന്നു അദ്ദേഹം.

**2.5.10 റവ. ഇട്ട്യേര ഈപ്പൻ (കൊച്ചുപാദ്രി)**

തലവടി സ്വദേശിയായിരുന്നു ഇട്ട്യേര ഈപ്പൻ. 1837-ൽ ജനിച്ചു. ഹോക്സ് വർത്തിന്റെ നിർദ്ദേശപ്രകാരം ആംഗ്ലിക്കൻ സഭയിലെ പട്ടക്കാരനായിത്തീർന്നു. ഡീക്കനായശേഷം മല്ലപ്പള്ളി ആംഗ്ലിക്കൻ സഭയിൽ ശുശ്രൂഷ നിർവ്വഹിച്ചു. ഹ്രസ്വമായൊരു ജീവിതകാലത്തെ സാഹിതീസേവനംകൊണ്ട് മലയാള ഗദ്യശാഖയ്ക്ക് നവോന്മേഷം പകരുവാൻ റവ. ഇട്ട്യേര ഈപ്പനു സാധിച്ചു. അസാമാന്യമായ ബുദ്ധിശക്തിയും പ്രതിഭാസമ്പന്നതയും ഉള്ള ആളായിരുന്നു അദ്ദേഹം. ആധുനിക ഗദ്യസാഹിത്യത്തിന്റെ വക്താവായ റവ. ജോർജ് മാത്തന്റെ സമകാലികനായിരുന്നു. ഭാഷാലാളിത്യം, സംക്ഷേപണസാമർത്ഥ്യം, സാങ്കേതിക പദങ്ങളുടെ സമുചിത തർജ്ജമ എന്നിവകൊണ്ട് ആധുനിക മലയാളഗദ്യകാരന്മാരിൽ പ്രമുഖസ്ഥാനം പത്തൊമ്പതാം നൂറ്റാണ്ട് അദ്ദേഹത്തിന് നൽകുകയുണ്ടായി. തിരവിതാംകൂർ കൊച്ചി സംസ്ഥാനങ്ങളുടെ റസിഡന്റായിരുന്ന ജി.എ.ബല്ലാർഡ് സായിപ്പ് പരസ്യം ചെയ്തിരിക്കുന്നത് അനുസരിച്ച് ഒന്നാം സമ്മാനമായ 250 രൂപ അർഹമായി തീർന്ന ഒരു ഗ്രന്ഥമാണ് ഇട്ട്യേര ഈപ്പൻ പാതിരി രചിച്ച 'മലങ്കര സുറിയാനി സഭയുടെയും സമൂഹത്തെയും കുറിച്ചുള്ള ഒരു വിരുത് പ്രകരണം'. ഈ വിഷയത്തെപ്പറ്റി സംസ്ഥാനാ ടിസ്ഥാനത്തിൽ നടത്തിയ മത്സരത്തിന്റെ ജഡ്ജിമാരായിരുന്നത് കേരളവർമ്മ വലിയകോയിത്തമ്പുരാൻ, മാർഅത്താനാസിയോസ് മെത്രാപ്പൊലീത്ത, റവ. ഹെൻറി ബേക്കർ എന്നിവരായിരുന്നു. സാഹിത്യവിഷയമായി യാതൊരു വിധ പ്രോത്സാഹനമോ റഫറൻസ് ഗ്രന്ഥമോ മറ്റ് സൗകര്യമോ ബഹുമതി

മുദ്രകളോ തീർത്തും വിരളമായിരുന്ന ഒരു നൂറ്റാണ്ടിൽ അഭികാമ്യമായ ഒരു വിരുത് പ്രകടനത്തിലൂടെ മലയാളഗദ്യസാഹിത്യത്തിൽ വ്യക്തിമുദ്ര പതിപ്പിക്കുവാൻ കൊച്ചുപാതിരിക്ക് കഴിഞ്ഞു. വിരുതുപ്രകരണത്തിലെ സുചിന്തിത വിഷയങ്ങൾ സുറിയാനി സഭയെയും സമൂഹത്തെയും പറ്റി സമഗ്രമായ വിജ്ഞാനം നൽകുന്നതോ ടൊപ്പം ഗദ്യശാഖയ്ക്ക് ഒരു മുതൽക്കൂട്ടായി തീരുകയും ചെയ്തു. വിശ്വാസധീരനായിരുന്ന അദ്ദേഹത്തിന്റെ 25 പ്രസംഗങ്ങൾ ചേർത്ത് മരണശേഷം ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇംഗ്ലീഷ്, മലയാളം, ഗ്രീക്ക്, സംസ്കൃതം എന്നീ ഭാഷകളിൽ അറിവ് നേടിയിരുന്നു. കൊച്ചുപാദ്രിയെപ്പറ്റി വിവിധ ജാതിമതസ്ഥർക്ക് നല്ല മതിപ്പുണ്ടായിരുന്നു. 'വിരുതുപ്രകരണം' കൂടാതെ 'പണക്കാര്യ വർണ്ണന', 'പത്മിനിയും കരുണയും എന്ന രണ്ടു സ്ത്രീകളുടെ കഥ', മിസ് ടക്കർ എഴുതിയിട്ടുള്ള 'Southern Cross and Crown' എന്ന പുസ്തകത്തിന്റെ പരിഭാഷ, തിരഞ്ഞെടുത്ത പ്രസംഗങ്ങൾ എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാനകൃതികൾ. സാമൂഹിക അനീതിക്കും അസ്പൃശ്യതയ്ക്കുമെതിരെ പ്രവർത്തിച്ചയാളാണ് റവ. ഇട്ട്യേര ഈപ്പൻ.

### 2.5.11 റവ. റ്റി. കോശി

കൊല്ലം ജില്ലയിൽ 1857-ൽ ജനിച്ചു. റവ.ജോസഫ് പീറ്റിന്റെ ഉപദേശമനുസരിച്ച് 13 വയസ്സുവരെ മാവേലിക്കര സി.എം.എസ് സ്കൂളിൽ പഠിച്ചു. ഹൈസ്ക്കൂൾ വിദ്യാഭ്യാസം കോട്ടയം സി.എം.എസ്.ഹൈസ്ക്കൂളിലായിരുന്നു. തുടർന്ന് ബിഷപ്പ് സ്പീച്ചിലിയുടെ സെക്രട്ടറിയായി നിയമിതനായി. പിന്നീട് സി. എൽ. ഐ. യിൽ ചേർന്ന് വൈദിക വിദ്യാഭ്യാസം നടത്തി. 1895 മാർച്ചിൽ ഡീക്കനായും 1896 ഒക്ടോബറിൽ പ്രെസ്ബിറ്ററായും പട്ടമേറ്റു. തൃശ്ശൂർ ആൾ സെയ്ന്റ്സ് ചർച്ചിലെ വികാരിയായി ശുശ്രൂഷ ആരംഭിച്ചു. കേരളത്തിലെ സഭാവിശ്വാസികളിൽ ആത്മീയ ഉണർവ്വ് നൽകുന്നതിനും വിശ്വാസജീവിതത്തിൽ അവരെ നിലനിർത്തുന്നതിനും ഉദ്ദേശിച്ച് 'ആത്മോപകാരി' എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിച്ചു. ക്രസ്ത്യാനികൾ മാത്രമല്ല സത്യാന്വേഷികളായ

ധാരാളം ഹൈന്ദവർ പോലും ക്രിസ്തുവിനെപ്പറ്റി കൂടുതൽ അറിയാൻ അച്ഛനെ സമീപിക്കുമായിരുന്നു. റവ.റ്റി.കോശി ആത്മോപകാരി അച്ഛൻ എന്ന അപരനാമത്തിൽ കേരളക്കരയിൽ അറിയപ്പെടുകയു ണ്ടായി. ചിത്രരചനയിൽ കഴിവുണ്ടായിരുന്ന കോശി ഒരു നല്ല ഗാനരചയിതാവുമാ യിരുന്നു. ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്ത പാട്ടുകൾ ജ്ഞാനകീർത്തനത്തിൽ പലതുമുണ്ട്. പ്രാർത്ഥനയിലെ ശക്തി, മുപ്പിരിച്ചരട്, യേശുവരുന്നു എന്നീ കൃതികൾ കോശി രചിക്കുകയുണ്ടായി. ആലപ്പുഴ, തലവടി, തിരുവല്ല, പള്ളം, കൊല്ലാട് എന്നീ ഇടവകകളിലും അദ്ദേഹം വികാരിയായിരുന്നിട്ടുണ്ട്.

**2.5.12 ജോർജ് മാത്തൻ**

നാട്ടുകാരനായ ഒരു ചർച്ച് മിഷൻ പാതിരിയായിരുന്നു റവ. ജോർജ് മാത്തൻ. അദ്ദേഹം ഒരു പ്രതിഭാശാലിതന്നെയായിരുന്നു. 'പാറേമാക്കൽ തോമ്മാകത്തനാർ നട്ടതും ഡോ. ഗുണ്ടർട്ട് മുതൽ പേർ നനച്ചതുമായ ആധുനിക മലയാളഗദ്യശൈലി വളർന്നു പുഷ്ടിപ്രാപിച്ചത് റവ. ജോർജ് മാത്തൻ പാതിരിയുടെ കരലാളനങ്ങളാലാണ്. പാശ്ചാത്യ സമ്പ്രദായമുള്ള ഗദ്യപദ്ധതി ഭാഷയിൽ രൂഢമൂലമാകത്തക്കവണ്ണം വിവിധ വിഷയങ്ങളെ അധികരിച്ച പുസ്തകങ്ങളും ഉപന്യാസങ്ങളും രചിച്ച ഒന്നാമത്തെ കേരളീയൻ അദ്ദേഹമാണ്'[27] എന്ന് ഡോ. പി.ജെ. തോമസും 'ആധുനികഭാഷാ ഗദ്യത്തിനു ജോർജ് മാത്തൻ സുസ്ഥിരമായ ഒരസ്തിവാരം പണിതു സകല കേരളീയരേയും തനിക്ക് അധമർണ്ണരാക്കിത്തീർത്തു എന്നുള്ള വിഷയത്തിൽ പക്ഷാന്തരത്തിന് അവകാശലേശമേയില്ല'[28] എന്ന് ഉള്ളൂരും പ്രസ്താവിക്കുകയുണ്ടായി. ഇതിൽ നിന്നും മലയാള ഗദ്യപോഷണത്തിന് മാത്തൻ നല്കിയ സംഭാവനകൾ നിസീമമാണ്. ആദ്യമായി ഭാഷാഗദ്യം അതിന്റെ തനതായ വ്യക്തിത്വം കണ്ടെത്തുന്നത് റവ. ജോർജ് മാത്തനിലാണ്.

---

[27] ഡോ. പി.ജെ. തോമസ്, മലയാളസാഹിത്യവും ക്രിസ്ത്യാനികളും, പുറം 250.

[28] ഉള്ളൂർ എസ്. കേരളസാഹിത്യചരിത്രം, പുറം 84.

നല്ലവണ്ണം ഇംഗ്ലീഷ് പഠിച്ച പാതിരിയായിരുന്ന ജോർജ് മാത്തൻ. ഇംഗ്ലീഷ് ഗദ്യത്തിന്റെ ലാളിത്യം, ചിട്ട, ആശയവൈദഗ്ദ്ധ്യം മുതലായ ഗുണങ്ങൾ ഇണങ്ങിയ ഒരു ശൈലിതന്നെയാണ് മാത്തന്റേത്.

മലയാള ഭാഷയുടെ കഴിവുകളെപറ്റി മാത്തന് നല്ല ശുഭപ്രതീക്ഷ തന്നെയായി രുന്നു. മലയാഴ്മയുടെ വ്യാകരണത്തിന്റെ പ്രസ്താവനയിൽ നിന്നു മനസ്സിലാക്കാവുന്ന താണ്. 'മലയാണ്മയുടെ ജാത്യം വിചാരിക്കുമ്പോൾ അതു ഭംഗിക്കും ശക്തിക്കും ഏതു ഭാഷയോടും നേരിടത്തക്കതായിരിക്കുന്നു. അതിൽ വാക്കുകൾക്കുള്ള മാറ്റങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാവുന്നതും വാചകങ്ങളെ കുഴച്ചിൽ വരാതെ കൂട്ടിക്കെട്ടാവു ന്നതും കൂടാതെ സ്ഥലഭേദങ്ങൾകൊണ്ട് ഓരോ മനോവികാരങ്ങളെ വെളിപ്പെടുത്താൻ നല്ല പാങ്ങുള്ളതുമാകുന്നു. വന്നു, വന്നേ എന്നുള്ള ഭാവഭേദങ്ങൾ ഇംഗ്ലീഷിൽ വരുത്താൻ ശ്രമിച്ചാൽ സാധിക്കുകയില്ല. എഴുതിയേച്ച്, എഴുതിപ്പോയി എന്നിങ്ങനെയുള്ള ഭാവനകളെ ആ ഭാഷയിൽ എഴുതണമെങ്കിൽ ബഹുച്ചുറ്റിക്കെട്ടു വേണ്ടിയിരിക്കുന്നു. ഇതു ഫലിതവാചകത്തിനു മട്ടുക്കുന്നില്ല എന്ന 'ആൾമാറാട്ടം' എന്ന ഭാഷാന്തരംകൊണ്ടും, അന്യകാരവാക്കിനു മുഞ്ഞു എന്നു ജ്ഞാനനിക്ഷേപത്തിലെ സംഭാഷണങ്ങൾ കൊണ്ടും വർണ്ണനാശക്തിക്കു യോഗ്യം എന്നു 'ഫുൽമോനി' എന്ന കഥകൊണ്ടും തെളിവായിരിക്കുന്നു. അഗാധജ്ഞാനത്തേയും സൂക്ഷ്മവ്യവഹാരങ്ങളേയും വിവരിക്കുന്ന തിന് ഇംഗ്ലീഷിനെക്കാൾ ഇതു പുറകെയല്ലെന്നു സംയുക്തി എന്ന പരിഭാഷമൂലത്തോട് ഒത്തുനോക്കി വായിക്കുന്നവർക്ക് ഒക്കെയും ബോധ്യമാകും.'[29]

ജോർജ്മാത്തന്റെ പ്രശസ്തമായ കൃതിയാണ് 'മലയാഴ്മയുടെ വ്യാകരണം'. ഒരു മലയാളി മലയാളത്തിൽ എഴുതിയ ആദ്യത്തെ വ്യാകരണമാണിത്. 'സത്യവാദഖേടം', 'വേദസംയുക്തി', കാശിയിൽ ഗുരുദാസപണ്ഡിതരും ഒരു ഇംഗ്ലീഷ് ജഡ്ജിയുമായുണ്ടായ

---

29 റവറന്റ് ജോർജ്ജ് മാത്തൻ കൃതികളും പഠനവും, സാമുവൽ ചന്ദനപ്പള്ളി (എഡി) ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പുറം...

സംവാദം, 'ബാലഭ്യാസനം' എന്നീ കൃതികളും, ഭൂമി ഉരുണ്ടതാകുന്നു, മരുമക്കത്തായത്താലുള്ള ദോഷങ്ങൾ, അദ്വൈതം, ആകാശത്തുള്ള ഗോളങ്ങൾ, അന്തരീക്ഷം, മറുജന്മം, സ്ത്രീകളുടെ യോഗ്യമായ സാമൂഹ്യസ്ഥിതി സാധാരണ ചികിത്സാശാല, കൊഴു മുതലാഴ്മ മുതലായ വിഷയങ്ങളെപ്പറ്റിയുള്ള പ്രബന്ധങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. വൈവിദ്ധ്യപൂർണ്ണമായ വിഷയങ്ങളാണ് മാത്തൻ കൈകാര്യം ചെയ്തത്. എല്ലാ വിഷയത്തിലും മാത്തനുള്ള പാണ്ഡിത്യമാണ് കൃതികളുടെ വൈപുല്യം വ്യക്തമാക്കു ന്നത്.

## 2.6 ജോർജ് മാത്തന്റെ പ്രധാന കൃതികൾ

ഭാരതീയവും ഭാരതീയേതരവുമായ അനവധി ഭാഷകളിൽ പാണ്ഡിത്യം നേടിയിരുന്നു മാത്തൻ. ഇതെല്ലാം മലയാളഭാഷയെ സംപുഷ്ടമാക്കാൻ അദ്ദേഹം ഉപയോഗിച്ചു. തന്റെ രചനകളിൽ അധികവും ഗ്രാമ്യപദങ്ങൾ ഉപയോഗിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. മലയാളസാഹിത്യലോകത്ത് സവിശേഷമായ വ്യക്തിത്വം സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ള വ്യക്തിയാണ് ജോർജ് മാത്തൻ. പാശ്ചാത്യ വിദ്യാഭ്യാസം നേടിയ അദ്ദേഹം താൻ നേടിയെടുത്ത അറിവുകളെ സ്വാംശീകരിച്ചു സ്വകീയമായ ഒരു ശൈലിയിലൂടെ സ്വന്തം നാട്ടുകാർക്കു പകർന്നുകൊടുക്കാൻ ശ്രമിച്ചു. അതിന്റെ ഫലമാണ് അദ്ദേഹത്തിന്റെ ഈ വിശിഷ്ടഗ്രന്ഥങ്ങളൊക്കെ. 'പാശ്ചാത്യ സമ്പ്രദായത്തിലുള്ള ഒരു ഗദ്യപദ്ധതി ഭാഷയിൽ ദൃഢമൂലമാകത്തക്കവണ്ണം വിവിധ വിഷയങ്ങളെ അധികരിച്ചുള്ള പുസ്തകങ്ങളും ഉപന്യാസരചനകളും രചിച്ച ഒന്നാമത്തെ കേരളീയൻ ഇദ്ദേഹമാണ്'[30] എന്ന് ഡോ.പി.ജെ. തോമസ് വിലയിരുത്തുന്നു.

'മലയാഴ്മയുടെ വ്യാകരണം,' 'സത്യവാദഖേടം,' 'വേദജ്ഞാനകവും ദത്തജ്ഞാനകവുമായ വേദമാർഗ്ഗത്തിന് പ്രപഞ്ച നിബന്ധത്തോടും മാർഗ്ഗത്തോടുമുള്ള സംയുക്തി,' 'ബാലാഭ്യാസനം', 'മറുജന്മം', 'മരുമക്കത്തായത്താലുള്ള ദോഷങ്ങൾ' എന്നിവയാണ്

[30] മലയാള സാഹിത്യവും, ക്രിസ്ത്യാനികളും - ഡോ. പി.ജെ. തോമസ് പേജ് 224.

ജോർജ് മാത്തന്റെ പ്രധാനകൃതികൾ. കൂടാതെ 'വിദ്യാസംഗ്രഹം' 'ജ്ഞാനനിക്ഷേപം' എന്നീ മാസികകളിൽ പല ലേഖനങ്ങളും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### 2.6.1 സത്യവാദഖേടം

"മതാപിതാക്കൻമാർ മക്കളെ ചെറുപ്പം മുതൽ സത്യം സംസാരിപ്പിച്ച ശീലിക്കേണ്ടിയ ആവശ്യത്തെക്കുറിച്ച് ഒരു വിരുതുപ്രകരണം തിരുവിതാംകോട്ട സർക്കാരുവകയായിട്ട ചർച്ചമിശ്യോൻ സമൂഹത്തോടുചേർന്ന റവ: മാത്തൻ ഗീവറുഗീസ് നാട്ടുപാദ്രി യാൽ ചമെക്കപ്പെട്ടത്."[31] സത്യവാദഖേടത്തിന്റെ ആമുഖത്തിൽ കാണുന്ന ഈ കുറിപ്പിൽ നിന്നു ഗ്രന്ഥകാരനെക്കുറിച്ചും ഗ്രന്ഥോദ്ദേശ്യത്തെക്കുറിച്ചും വ്യക്തമായ അറിവുകൾ ലഭിക്കുന്നുണ്ട്.

തിരുവിതാംകൂർ ഗവൺമെന്റ് സംഘടിപ്പിച്ച പ്രബന്ധരചനാമത്സരത്തിൽ ജോർജ് മാത്തന്റെ 'സത്യവാദഖേടം' ഒന്നാം സ്ഥാനം നേടി. എന്നാൽ അതിന്റെ പ്രസിദ്ധീകരണച്ചുമതല ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറായില്ല. ഹിന്ദുശാസ്ത്രത്തിൽ നിന്നും ക്രിസ്ത്യാനിവേദത്തിൽ നിന്നും ഉദാഹരണങ്ങളെയും സാക്ഷ്യങ്ങളെയും ചേർത്തതിനാൽ പലരുടെയും വിരോധത്തിന് കാരണമായി. മാറ്റങ്ങൾ വരുത്തിയ ല്ലാതെ സർക്കാർ അത് പ്രസിദ്ധീകരിക്കില്ലെന്ന് പറയുകയും ചെയ്തു. പ്രസ്തുത മാറ്റങ്ങൾ വരുത്തിയശേഷമാണ് 'സത്യവാദഖേടം' പ്രസിദ്ധീകരിച്ചത്.

ആശയങ്ങൾ വ്യക്തമായും കൃത്യമായും അടുക്കും ചിട്ടയോടും പ്രതിപാദിക്കേ ണ്ടത് എങ്ങനെയാണ് എന്നതിന് ഉത്തമ ഉദാഹരണമാണ് സത്യവാദഖേടം. സത്യത്തെക്കുറിച്ച് അപഗ്രഥിച്ച് അതിന്റെ വിവിധവശങ്ങളെക്കുറിച്ചും വിലയിരുത്താ നാണ് മാത്തൻ ശ്രമിച്ചിരിക്കുന്നത്. ഈ കൃതിക്ക് മൂന്നുഭാഗങ്ങളാണ് ഉള്ളത്. ഒന്നാം ഭാഗത്തിൽ സത്യം എന്നാൽ എന്താണെന്നും, രണ്ടാം ഭാഗത്തിൽ സത്യഭാഷണ ത്തിന്റെ ആവശ്യകതയെക്കുറിച്ചും, മൂന്നാംഭാഗത്ത് മാതാപിതാക്കന്മാർ മക്കളെ സത്യത്തിന്റെ

---

31 സത്യവാദഖേടം റവ. ജോർജ് മാത്തൻ, 1863 കർക്കടകം 8 പ്രസിദ്ധീകരണം പു. 1.

പാതയിലൂടെ നടക്കേണ്ടതിനെക്കുറിച്ചും പ്രതിപാദിക്കുന്നു. സത്യത്തെ പ്പോലെ സാർവ്വകാലിക പ്രാധാന്യമർഹിക്കുന്ന ഒരു വിഷയം പ്രബന്ധ രചനാമത്സര ത്തിന് തിരഞ്ഞെടുത്തതിന് ഗവൺമെന്റ് അദ്ദേഹത്തെ അനുമോദിക്കുന്നുണ്ട്.

പ്രാചീനപദങ്ങളുടെയും പൗരാണികകഥകളുടെയും സമാഹാരമാണ് സത്യവാദഖേടം. ആശയവിശദീകരണത്തിനായി ഹൈന്ദവ ക്രൈസ്തവ വേദങ്ങളിൽ നിന്ന് അനവധി കഥകൾ മാത്തൻ തിരഞ്ഞെടുത്തിട്ടുണ്ട്. 'സത്യവാദഖേടം ആശയാവിഷ്ക്കരണത്തെ സംബന്ധിച്ചിടത്തോളം സത്യത്തിന്റെ സാക്ഷാൽ മാധുര്യത്തിന്റെയും, ഗാംഭീര്യത്തേയും ഔദാര്യത്തേയും അനുവാചകൻമാർക്ക് സമ്പൂർണ്ണമായി വെളിപ്പെടുത്തി കാണിക്കുകയാണ് ചെയ്തിരിക്കുന്നത്.'[32] സത്യവാദഖേടം ജോർജ് മാത്തനെ ഒരു പ്രബന്ധകാരനെന്ന നിലയിൽ ശ്രദ്ധേയ നാക്കി. ആശയങ്ങൾ അടുക്കും ചിട്ടയോടുംകൂടി ലളിതമായി പ്രതിപാദിച്ചിരിയ്ക്കുന്നു.

'സത്യത്തിന്റെയും അസത്യത്തിന്റെയും അകപ്പൊരുൾ അനാവരണം ചെയ്ത് അതിന്റെ സൂക്ഷ്മാംശങ്ങളെപ്പോലും വെളിച്ചത്തുകൊണ്ടുവരുന്ന ജോർജ് മാത്തന്റെ നിരീക്ഷണശക്തിയും അപഗ്രഥന സാമർത്ഥ്യവും പ്രശംസനീയം തന്നെ. 'സത്യപരിശീലനം സ്വായത്തമാക്കേണ്ടത് ചെറുപ്രായത്തിലാണ് എന്നും അതുകൊണ്ടു തന്നെ മാതാപിതാക്കൻമാർ മക്കളെ ചെറുപ്പത്തിലേ സന്മാർഗ്ഗമുറ ശീലിപ്പിക്കണമെന്നും അദ്ദേഹം പറയുന്നു.'[33]

ചടുലമായ ചലനാത്മകത്വമല്ല പതിഞ്ഞ താളവ്യതിയാനമാണ് ജോർജ് മാത്തന്റെ ഗദ്യശൈലിയുടെ ഒരു സവിശേഷത. 'സത്യവാദഖേട'ത്തിൽ ഈ സവിശേഷത കാണാം. 'സത്യവാദത്തിന് വാക്കുമാത്രം ഒത്താൽ പോരാ. ആന്തരവും കൂടെ ഒത്തിരിക്കണം.

---

32 മലയാള മനോരമ വജ്ര ജൂബിലി സ്മാരകഗ്രന്ഥം റവ: ജോർജ് മാത്തന്റെ ഗദ്യപ്രബന്ധങ്ങൾ പ്രൊഫ: പുത്തൻകാവു മാത്തൻ തരകൻ പു. 243.

33 ജോർജ് മാത്തൻ, സത്യവാദഖേടം, പുറം 38.

എന്തെന്നാൽ വാക്കിൽ സത്യമുണ്ടായും സത്യമില്ലാതെയും വരാം. തഴവാ എന്നു പേരായ ദിക്കിൽ വന്നു പാർക്കുന്ന ഒരു മനുഷ്യന്റെ പേരിൽ മോഷണം ചുമത്തപ്പെട്ടാറെ, അവൻ ഒരു തഴ എടുത്തു വായിലിട്ടുംകൊണ്ടു ഞാൻ ഇത്തഴവായിൽ വന്നതിൽപിന്നെ മോഷ്ടിച്ചിട്ടില്ലെന്ന് സത്യം ചെയ്തു. എന്ന് കേൾവിയുണ്ടല്ലോ. ആയവ് വാക്കിൽ കള്ളയാണ ഇട്ടിട്ടില്ല എന്നുവരികിലും, മനസ്സുകൊണ്ട് ആ ഭയങ്കരമായ പാപത്തിൽ ഏർപ്പെട്ടുപോയി സംശയമില്ല. ഗോത്രപിതാവായ എബ്രഹാം തന്റെ ഭാര്യയായ സാറയെ സഹോദരി എന്നു പറഞ്ഞപ്പോൾ, അവളെ അവന്റെ തള്ള പെറ്റില്ലെങ്കിലും, അവൾ അവന്റെ തന്തയ്ക്കു ജനിച്ചിരിക്കുന്നതുകൊണ്ട്, അവൻ വാക്കിൽ സത്യഭംഗം ചെയ്തില്ലെന്നു വരികലും അവൾ അവന്റെ ഭാര്യയല്ലെന്നുള്ള വ്യാജം രാജാവിന്റെ മനസ്സിൽ കേറ്റണം, എന്നു വിചാരിച്ചും കൊണ്ടു അങ്ങനെ പറഞ്ഞതാക യാൽ, അവൻ അക്കാര്യത്തിൽ പറഞ്ഞു കുരള എന്നുതന്നെ എണ്ണുവാനുള്ളതാകുന്നു. എന്നാൽ മറിച്ചു വാക്കിൽ സത്യം പിഴച്ചും, ആന്തരത്തിൽ നേരുണ്ടായിരിക്കാം. ഒരു കീഴ്ജാതിക്കാരനോട് അവൻ നൂറുചക്രം കൊടുത്തുവാങ്ങിച്ച പശുവിന് നിനക്ക് എന്തു വിലകിട്ടി എന്നൊരു ബ്രാഹ്മണൻ ചോദിക്കെ, അതിന്നു അടിയൻ നൂറു ചെമ്പുകാശു കൊടുത്തു എന്നു ഉത്തരം പറഞ്ഞാൽ, അവൻ അസത്യവാദിയാകത്തില്ല. എന്തെന്നാൽ അവൻ ആചാരവാക്കിൽ ചക്രം എന്നുള്ള അർത്ഥത്തിൽ ചെമ്പുകാശു എന്നു പറഞ്ഞതല്ലാതെ, വഞ്ചിക്കണം എന്നു ഭാവിച്ചുകൊണ്ടു അങ്ങനെ പറഞ്ഞതല്ല.

ഒരു കള്ളസാക്ഷ്യം നേരെന്നു ബോധിപ്പാൻ തക്കവണ്ണം, ചേർച്ച ഒപ്പിച്ചു പറയുന്നതു, മഹാസമർത്ഥൻമാരാൽതന്നെയും പ്രയാസമാകുന്നു. കാരണകാര്യങ്ങളിൽ ഏതെങ്കിലും സാഹചര്യങ്ങളിലെങ്കിലും, വ്യാജത്തിനു ചില അസംബന്ധങ്ങൾ വന്നുപോകും. ആകയാൽ കോർട്ടു വ്യവഹാരങ്ങളിലും മറ്റും ചിലർ കള്ളസാക്ഷ്യം ബോധിപ്പിക്കുന്നതിനെപ്പറ്റി, വിസ്തരിക്കുന്നമുറയ്ക്കു ചോദ്യം ചെയ്താൽ നേരും കളവും തെളിച്ചെടുക്കുന്നതിനു എളുപ്പമാകുന്നു, പിന്നേയും ഒരുത്തന് താൻ അറിഞ്ഞിരിക്കുന്ന പരമാർത്ഥം മറയ്ക്കണം എന്ന് എത്രമേൽ താല്പര്യമുണ്ടായിരുന്നാലും സാഹസം, ആശ്ചര്യം, ഭയം, കോപം, ദുഃഖം എന്നിങ്ങനെയുള്ള

മനോവികാരാവസ്ഥയിൽ അവൻ ഭാഷണം ചെയ്യുമ്പോൾ, സത്യം ഓർമ്മ കൂടാതെ സ്വരമായി വെളിയിൽപ്പെട്ടു പോകുന്നു.'[34] ഈ ഉദാഹരണങ്ങളിൽനിന്ന് വ്യക്തമാകുന്നത് ഓരോന്ന് യഥാക്രമം സാവധാനത്തിൽ പറഞ്ഞുബോദ്ധ്യപ്പെടുത്തികൊടുക്കുന്ന സമ്പ്രദായമാണ് കാണുന്നത്. മറ്റുള്ളവർക്ക് മനസ്സിലാകുന്നവിധം നിർത്തിനിർത്തി പറയുന്നതായി തോന്നത്തക്കവിധ മാണ് ഇതിലെ രചന.

കേരളീയാധുനികതയിൽ നടന്ന ഒരു പ്രക്രിയ ഒരു ആന്തരികതയുടെ മനസ്സിന്റെ നിർമിതിയാണ്. ബാഹ്യമായ ചിലത് മനുഷ്യരുടെ ചുറ്റുവട്ടത്തുണ്ടെന്നും അതിനെ ഗൗരവമായി കാണാതെ അതിലുപരി മനുഷ്യരുടെ അകത്തുള്ള ചില ശക്തികളാണ് മനുഷ്യരെ നിയന്ത്രിക്കുന്നതെന്നും അതിനെ സവിശേഷ രൂപേണ പരിചരിക്കണ മെന്നുള്ള ആശയം അവതരിപ്പിക്കപ്പെടുന്നു. ബാഹ്യമായ മനുഷ്യ രൂപവും ചിട്ടകളുമല്ല മറിച്ച് ആന്തരികതയിൽ അടിസ്ഥാനപെട്ട ചില ഘടകങ്ങളാണ് മനുഷ്യരുടെ ബാഹ്യത്തെത്തന്നെ നിയന്ത്രിക്കുന്നതെന്നും അതിനാൽ ആന്തരികമായ മനസിനെ ദൃഢപ്പെടുത്തണമെന്നും ശുദ്ധീകരിക്കണമെന്നും ഇക്കാലത്ത് പഠിപ്പിക്കപ്പെടുന്നു. അതായിരുന്നു അക്കാലത്തെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. കുട്ടികളുടെ ആന്തരികതയെ ബലപ്പെടുത്തുക, ജോർജ് മാത്തൻ എഴുതിയ സത്യവാദഖേടം ഇതിന് ഉദാഹരണമാണ്.

1863-ൽ പുറത്തിറങ്ങിയ 'സത്യവാദഖേടം' ആദ്യം പറയുന്നത് സത്യം എന്നതാണ്. 'സത്യമെന്നത് ഒരു കാര്യത്തെ ഉള്ളവണ്ണം വചനിക്കുന്നതാണ് സത്യം. എല്ലാവരും ചില സത്യമായ കാര്യങ്ങൾ മറിച്ചു ചിന്തിച്ചാലും സത്യം അസത്യമാവുക യില്ലെന്നും അസത്യം സത്യമാവുകയില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടിയാണ് പുസ്തകം ആരംഭിക്കുന്നത്.'[35] 'സത്യം പറയാതെ ഇരിക്കുന്നതാണ് കുരള പറച്ചിലെന്നും അത് ഘോരപാപമാണെന്നും അനേകം

[34] ഡോ. സാമൂവൽ ചന്ദനപ്പള്ളി, റവ. ജോർജ് മാത്തനും മലയാളഭാഷയും, പുറം 29.

[35] ജോർജ് മാത്തൻ സത്യവാദഖേടം 1992 പുറം.11

ഉദാഹരണങ്ങളിലൂടെ അദ്ദേഹം സ്ഥാപിക്കുന്നു. മനുഷ്യർ മറ്റുള്ളവരെ വിധിക്കുന്നത് ചെയ്യുന്ന ക്രിയകളുടെ അടിസ്ഥാനത്തിലാകുന്ന തിനാൽ ഒരാൾ പറയുന്നത് പരമാർത്ഥമല്ലെങ്കിലും കേൾക്കുന്നവർ കുരള പറഞ്ഞുവെന്നു തെറ്റിദ്ധരിക്കും.'[36] 'ഹൃദയത്തിന്റെ പൂർണതയിൽനിന്നു സംസാരിക്കുന്നു എന്നുള്ള വാക്കിൻപ്രകാരം ഹൃദയം തെറ്റുകൾകൊണ്ട് നിറഞ്ഞിരുന്നാൽ വാക്കിൽ വ്യത്യാസ ങ്ങൾ അനവധിയുണ്ടാകും.[37] 'അതായത് വാക്കുമാത്രം ഒത്താൽ പോരാ ആന്തരവും കൂടെ ഒത്തിരിക്കണം'[38] ഉള്ളിൽ പ്രകടിപ്പിക്കുന്ന ഭാവത്തിനനുസരിച്ചുവേണം നാം വാക്കുകളെ പറയേണ്ടതും ഉള്ളിൽ ഒന്നുവച്ചിട്ട് മറ്റൊന്നു പറയാൽ പാടില്ല എന്നുമാണ് അദ്ദേഹം പറയുന്നത്. ഉള്ളത് ഇപ്പോൾ യഥാർത്ഥമെന്നു കരുതുന്നത് മറച്ചുവെച്ച് മറ്റൊന്ന് പറയുന്നതോ പ്രകടിപ്പിക്കുന്നതോ സത്യവാദാഭംഗമാണെന്നുള്ളതാണ്. സ്ത്രീ പുരുഷന്മാർ തങ്ങളുടെ പ്രത്യേക വേഷം വിട്ട് ചിലരുടെ വേഷം ധരിക്കുന്നതും സത്യവാദഭംഗമാണ്. ഒരു പുരുഷൻ ഒരു സ്ത്രീയെ ഭാര്യയോടെന്നപോലെ സംസർഗം നടത്തിയിട്ടും അവളെ സംരക്ഷിക്കാതിരിക്കുന്നതും, ഒരു ധനവാൻ കുഞ്ഞിനെ വളർത്തിയ ശേഷം തന്റെ സ്വത്തിൽ അവകാശം കൊടുക്കാതിരിക്കുന്നതും പാപമാകുന്നു എന്നാണ് അദ്ദേഹം പറയുന്നത്. അങ്ങനെ പുതിയ കാലത്ത് അക്കാലത്തെ ഫ്യൂഡൽ ജാതി ചിന്തകൾക്കുപരി പുതിയ ജീവിതവീക്ഷണം സത്യത്തിലൂടെയും സത്യവാദഭംഗത്തിലൂടെയും അവതരിപ്പിക്കുകയാണ് ജോർജ്മാത്തൻ.

ജോർജ് മാത്തൻ തന്റെ ആശയങ്ങളെ ബലപ്പെടുത്തുന്നതിന് ക്രിസ്തുമതത്തിലെ മാത്രമല്ല ഹിന്ദുമത്തിലെയും കഥകളും സംഭവങ്ങളും മിത്തുകളും ഉപയോഗിക്കുന്നുണ്ട്. അക്കാലത്ത് ജാതികൊണ്ടും ആചാരങ്ങൾക്കൊണ്ടും അടയാളപ്പെടുത്തിയിരുന്നതാണ് ഓരോ ജീവിതവും എന്തിന്റെയും ആധാരം ആചാരങ്ങളും ജാതിവഴക്കങ്ങളുമാണെന്ന

36 ടി.പു.13.

37 ടി.പു.13

38 ടി.പു.14.

വഴക്കത്തെ ഉലയ്ക്കുകയാണ് ജോർജ് മാത്തന്റെ സത്യവും ആന്തരികതയും, അവ തമ്മിലുള്ള പരസ്പരബന്ധവും.

ഇങ്ങനെയുള്ള കുരളപറച്ചിൽ ഒരുപാട് കുഴപ്പങ്ങൾക്ക് കാരണമാകുന്നുവെന്ന് അദ്ദേഹം സമർപ്പിക്കുന്നുണ്ട്. കുരള പാപങ്ങൾക്കും പാപം ചെയ്യുന്നതിന് മനസിനെ രമ്യപ്പെടുത്തുന്നതുമാണെന്നും അസത്യം പരമോ ദോഷമായിരിക്കുന്നുവെന്ന വ്യാജം ദൈവവിരോധമാകുന്നുവെന്നും ഒക്കെയാണ് അദ്ദേഹം പറയുന്നത്. അദ്ദേഹം സൂചിപ്പിക്കുന്ന ഒരു കാര്യം ശ്രദ്ധേയമാണ്. ജന്മനാ എല്ലാവരും സത്യം പറയുന്നവരും ആന്തരികതയിൽ ശുദ്ധരമാണെന്നുള്ളതാണ് എന്നാൽ കാലക്രമേണ സാമൂഹിക ജീവിതത്തിലൂടെയാണ് കുരള പറയാനുള്ള വാസന വരുന്നതും. ഇവിടെ ജോർജ് മാത്തൻ ഊന്നൽ നല്കുന്നത് കുട്ടിക്കാലത്തെ മനസിനുള്ളിലേക്ക് നല്ല ശീലങ്ങളും ആശയങ്ങളും സത്യം പറയാനുള്ള വാസനകളും കടത്തിവിടണമെന്നാണ്. കുട്ടികൾ വളർന്നുകഴിഞ്ഞാൽ മാറ്റാൻ പ്രയാസമാണ്. കുട്ടികളുടെ മനസ് ഒന്നുമെഴുതാത്ത കടലാസ് പോലെയാണെന്നും. അവിടെ നല്ലതെഴുതണമെന്നും ചീത്ത പതിഞ്ഞു കഴിഞ്ഞാൽ മാറ്റാൻ പ്രയാസമാണെന്നും അതിനാൽ നല്ല ശീലങ്ങളെ രൂപപ്പെടുത്തണ മെന്നുമാണ് ഊന്നൽ.

ഈ സത്യം പറയാൻ വാദത്തിന്റെ ഊന്നൽ അക്കാലത്തു വികസിച്ചുവന്ന ആധുനികതാ പദ്ധതികളോട്ടു സവിശേഷമായി കൂടിച്ചേരുന്നു നിൽക്കുന്നതു കാണാം. കേരളത്തിലക്കാലത്ത് വികസിച്ചുവന്ന അണുകുടുംബം മക്കത്തായ കുടുംബത്തിന്റെ പ്രത്യയശാസ്ത്രത്തെ സവിശേഷം ഊട്ടിയുറപ്പിക്കുകയായിരുന്നു 'സത്യവാദഖേട'ത്തിന്റെ അടിസ്ഥാന മൂശ. കുട്ടിക്കാലത്തെ കുട്ടികളുടെ മനസിനെ സത്യപരമായ ചിന്തകൾക്കൊണ്ടും പ്രവർത്തനങ്ങൾക്കൊണ്ടും നിറയ്ക്കണമെന്നു കല്പിക്കുന്ന അദ്ദേഹത്തിന്റെ ഊന്നൽ കേരളത്തിലക്കാലത്ത് വ്യാപകമായിരുന്ന തറവാട് മരുമക്കത്തായബന്ധത്തിലില്ലാതിരുന്ന മാതാവും പിതാവും കുട്ടികളും തമ്മിലുള്ള ബന്ധത്തെ പുനർനിർമ്മിക്കുകയെന്നതാണ്. അദ്ദേഹം പറയുന്നത് 'ഇഹലോകത്തിൽ'

ഏകാകികളായിരിക്കാതെ മറ്റുള്ള മനുഷ്യരുമായിട്ടു ഫലപ്രകാരമുള്ള സംബന്ധത്തിൽ നിൽക്കുന്നു. ജ്യേഷ്ഠാനുജന്മാർ എന്നും ഗുരുശിഷ്യന്മാർ എന്നും ഭാര്യാഭർത്താക്കാന്മാർ എന്നും ജയമാനനും ഭൃത്യനും എന്നും രാജാവും പ്രജകളും എന്നും അനേകം സംബന്ധങ്ങൾ ഉണ്ടല്ലോ. എന്നാൽ അവയിൽ ഒക്കെയും മുഖ്യമായിട്ടുള്ളത് അച്ഛനമ്മ മാരും മക്കളും തമ്മിലുള്ളതാകുന്നു. സംബന്ധം സ്വാഭാവികവും ആവശ്യവുമാകയാൽ പിരിവാൻ മഹിയാത്തതും അതിനാൽ നിർബന്ധിക്കപ്പെടുന്ന മുറകൾ മനുഷ്യരോടുള്ള സകല മുറകളിലേക്കും വലിപ്പമായിട്ടുള്ളതുമാകുന്നു. നല്ല മക്കളായ വളത്തപ്പെടുന്നവർ പിന്നീട് അവർക്ക് ഏത് അവസ്ഥയിൽ ഇരിപ്പാൻ സംഗതി വന്നാലും ആയവസ്ഥയിൽ ഉത്തമൻമാരായി നടപ്പാൻ തങ്ങളെത്തന്നെ സൂക്ഷിച്ചുകൊള്ളും.[39] കുടുംബത്തിനുള്ളിലെ മാതൃ-പിതൃ മക്കൾ സ്നേഹം പ്രകൃത്യാ ഉള്ള ഒന്നാണെന്നുള്ള ധാരണയിലാണ് പ്രകൃതിയിൽ നിന്ന് മൃഗങ്ങളുടെ മക്കൾ സ്നേഹത്തെ ആഖ്യാനിച്ചു കൊണ്ടാണ് അദ്ദേഹം അത് സ്ഥാപിക്കുന്നത്. പ്രകൃതിയിൽ മൃഗങ്ങൾ തങ്ങളുടെ കുട്ടികളെ പരിപാലിക്കുന്നതുപോലെയാണ് മനുഷ്യരുടെയും സ്വാഭാവികതയെന്നും മക്കളെ നല്ല രീതിയിൽ വളർത്തേണ്ടത് ആവശ്യമാകുന്നുവെന്നുമാണ്. മക്കൾ ദൈവത്തിൽ നിന്നുള്ള ദാനവും അവനു മനുഷ്യരോടുള്ള സ്നേഹത്തിന്റെ അടയാളവുമാകയാൽ ദാതാവിനോ ടുള്ള നന്ദി പ്രമാണിച്ച് മാതാപിതാക്കന്മാർ തങ്ങളുടെ മക്കളെ ഭക്തിയോടു സൂക്ഷിപ്പായ നുള്ളതാകുന്നു.'[40] മരുമക്കത്തായത്തെക്കാൾ മക്കത്തായത്തിനാണ് പ്രാധാന്യം കൊടുക്കേണ്ടതെന്ന് അദ്ദേഹം ഊന്നിപ്പറയുന്നു. മാതാപിതാക്കൾ മക്കളെ സ്നേഹിക്കേണ്ടതിനെക്കുറിച്ച് പറയുന്നുണ്ട്.

### 2.6.2 മലയാഴ്മയുടെ വ്യാകരണം

---

[39] ടി. പു. 42

[40] ജോർജ് മാത്തൻ സത്യവാദഖേടം, പുറം 43.

മലയാള ഭാഷയ്ക്ക് ജോർജ് മാത്തന്റെ അതുല്യസംഭാവനയാണ് 'മലയാഴ്മയുടെ വ്യാകരണം'. ഒരു മലയാളി മലയാളത്തിലെഴുതിയ പ്രഥമവ്യാകരണ ഗ്രന്ഥം, പദലക്ഷണം, അക്ഷരലക്ഷണം, വാചകലക്ഷണം, കാവ്യലക്ഷണം എന്നിങ്ങനെ നാലു കാണ്ഡങ്ങളായി തിരിച്ച ഭാഷയുടെ വ്യാകരണം എഴുതാനായിരുന്നു ഗ്രന്ഥകാരന്റെ ഉദ്ദേശ്യം. ആദ്യത്തെ രണ്ടു കാണ്ഡങ്ങളെക്കുറിച്ച് മാത്രമേ സമഗ്രമായി പ്രതിപാദിക്കുന്നുള്ളൂ. മലയാളം പഠിക്കപ്പെടുന്ന ഏത് കാലത്തും ഏതു ജനതയ്ക്കും അനന്യമെന്ന് പറയാവുന്ന ഒരു വ്യാകരണഗ്രന്ഥമാണ് ജോർജ് മാത്തന്റെ 'മലയാഴ്മയുടെ വ്യാകരണം' (സാമുവൽ ചന്ദനപ്പള്ളി, 1992 : XLI) ‘പല അംശങ്ങളിലും മൗലികത്വം പ്രകടമാക്കിയിട്ടുള്ള വൈയാകരണനാണ് അദ്ദേഹം’ (സുകുമാരപിള്ള, 1980, 48).

വ്യാകരണത്തിന്റെ ആവശ്യകതയെ മാത്തൻ വിലയിരുത്തുന്ന രീതി പ്രശംസാർഹമാണ്. ‘വ്യാകരണം ഒരു ശാസ്ത്രമായിട്ടും ഒരു സൂക്തമായിട്ടും ഇങ്ങനെ രണ്ടുഭാവത്തിൽ വിചാരിക്കപ്പെടുന്നു. ഒരു ഭാഷയെ അറിഞ്ഞിട്ടില്ലാത്തവർക്ക് അതിനെ എളുപ്പത്തിൽ പഠിച്ചുകൊള്ളുന്നതിനു ചില പ്രമാണങ്ങളെ കല്പിക്കുന്നതാകയാൽ അതു സൂക്തമാകുന്നു. ഇങ്ങനെ സംസ്കൃതത്തിന്റെ വ്യാകരണം പഠിച്ചാൽ ആ ഭാഷ പഠിക്കുന്നതിനു മലയാളികൾക്കും 'മലയാഴ്മയുടെ വ്യാകരണം' കൊണ്ട് അതു വശമാക്കുന്നതിനു ഇംഗ്ലീഷുകാർക്കും എളുപ്പം ഉണ്ടാകുന്നു. എന്നാൽ മലയാളികൾ പരിചയം കൊണ്ടും മലയാഴ്മ അറിഞ്ഞിരിക്കുന്നവരാകയാൽ അവർക്ക് ആ ഭാഷയുടെ വ്യാകരണംകൊണ്ട് എന്തുപകാരം എന്നു ചോദിച്ചാൽ, ഒരു ഭാഷയെ സാമാന്യമായിട്ടു പറയുന്നതിന്നും എഴുതുന്നതിന്നും പരിചയം കൊണ്ടു മനുഷ്യർക്കു വശമാക്കാമെങ്കിലും വ്യാകരണം പഠിക്കാതെ ആ ഭാഷയുടെ ലക്ഷണങ്ങളെയും അതിലെ പ്രയോഗങ്ങളുടെ കാരണങ്ങളെയും അറിയുന്നതിന്നു കഴിയുന്നതല്ല. എന്നാൽ വ്യാകരണം ഭാഷയുടെ പ്രമാണങ്ങളെയും അതിലെ പ്രയോഗങ്ങളുടെ കാരണങ്ങളെയും കാണിക്കുന്നതാക യാൽ

അത് ശാസ്ത്രമാകുന്നു.'[41] 'മലയാഴ്മയുടെ വ്യാകരണ'ത്തിൽ മുഖ്യപ്രതിപാദ്യ വസ്തുവിന്റെ വിശദീകരണവും മൗലികാഭിപ്രായവുമെന്ന നിലയ്ക്ക് 'ജ്ഞാപനം' എന്ന തലക്കെട്ട നല്കി. കൂടാതെ മലയാഴ്മയിൽ നടപ്പായിരിക്കുന്ന പതിനാറ് അച്ചും മുപ്പത്തിയഞ്ച് ഹല്ലും ഉൾപ്പെടുന്ന പുതിയ അക്ഷരമാലയ്ക്ക് രൂപം നല്കി.

അക്ഷരലക്ഷണം അക്ഷരങ്ങളുടെ തരഭേദങ്ങളെയും ഉത്ഭവങ്ങളെയും ശബ്ദങ്ങളെയും കുറിച്ചും അവയ്ക്കുണ്ടാകുന്ന മാറ്റങ്ങളെപ്പറ്റിയും പറയുന്നു. അക്ഷരമാലയെ ക്കുറിച്ചു പറയുമ്പോൾ അർദ്ധാച്ചിനെക്കുറിച്ച് എടുത്തു പറയേണ്ട ഒന്നാണ്. ഈ കാണ്ഡത്തിലെ രണ്ടാമദ്ധ്യായം സന്ധിയെക്കുറിച്ചുള്ള കാര്യങ്ങളാണ് പ്രതിപാദിക്ക ന്നത്. പ്രധാനമായും നാലുതരത്തിലുള്ള സന്ധികളെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. 'പദലക്ഷണ'ത്തിൽ മൊഴികളുടെ തരഭേദങ്ങളെയും രൂപഭേദങ്ങളെയും അവയ്ക്കുള്ള വിശേഷണങ്ങളെയും കുറിച്ചുള്ള സുദീർഘചിന്ത കാണാം.

മലയാള ഭാഷയുടെ പ്രഥമവ്യാകരണമെന്ന നിലയ്ക്ക് 'മലയാഴ്മയുടെ വ്യാകരണം' എന്ന ഗ്രന്ഥത്തിന്റെ പ്രാധാന്യം എന്നും നിലനിൽക്കുക തന്നെ ചെയ്യും.

### 2.6.3 ബാലാഭ്യസനം

1867-ഓഗസ്റ്റ് 13-ാം തിയതി കൊല്ലം ഡിവിഷൻ കച്ചേരിയിൽ വെച്ച്, ദിവാൻ രാമരായരുടെ നിർദ്ദേശാനുസരണം റവ: ജോർജ് മാത്തൻ സുദീർഘമായ ഒരു പ്രഭാഷണം നടത്തി. ജോർജ് മാത്തന്റെ വിദ്യാഭ്യാസദർശനങ്ങൾ മുഴുവൻ ആ പ്രസംഗത്തിൽ പ്രതിഫലിച്ചിരുന്നു. വളരെ കാലങ്ങൾക്കു മുൻപ് മാത്തൻ പറഞ്ഞ കാര്യങ്ങൾ ഇന്നത്തെ കാലത്ത് വളരെയധികം പ്രസക്തമാണ്. ആധുനിക വിദ്യാഭ്യാസ ചിന്തകർ പറഞ്ഞുവച്ച പല കാര്യങ്ങളും എത്രയോ മുൻപുതന്നെ അദ്ദേഹം പറഞ്ഞു വച്ചിരുന്നു.

---

[41] മലയാഴ്മയുടെ വ്യാകരണം ജോർജ് മാത്തൻ പു. 2.

ബാലാഭ്യസനത്തിന് മൂന്നുഭാഗങ്ങളാണ് ഉള്ളത്. ഒന്നാം ഭാഗത്തിൽ ബാലാഭ്യസനത്തിന്റെ 'അത്യന്തസാര'ത്തെക്കുറിച്ച് പറയുന്നു. ജീവജാലങ്ങളിൽ മനുഷ്യനുള്ള സ്ഥാനം, മനുഷ്യർക്കും ഇതരജീവികൾക്കും തമ്മിലുള്ള വ്യത്യാസം, മനുഷ്യന്റെ സവിശേഷജ്ഞാനം - ജന്മസിദ്ധമായി ലഭിച്ചിട്ടുള്ള സവിശേഷ ജ്ഞാനത്തെ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യം ബാലാഭ്യസനത്തിന്റെ ഉപകാരവും ആവശ്യവും പറഞ്ഞുകൊണ്ട് ആദ്യഭാഗം അവസാനിപ്പിക്കുന്നു.

എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായ കാര്യമാണ് രണ്ടാം ഭാഗത്ത് കാണുന്നത്. തികച്ചും മനഃശാസ്ത്ര നിപുണതയോടുകൂടിയാണ് അദ്ദേഹം പ്രശ്നങ്ങളെ അവതരിപ്പിക്കുന്നത്. ഉത്തമ മാതൃകയെക്കുറിച്ചുള്ള നിഗമനങ്ങളാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്. വിദ്യാവർദ്ധന, മനോവ്യായാമം, സുശീലാകരണം എന്നീ 'സാധ്യ'ങ്ങൾ ആദ്യം മനസ്സിലാക്കി തരുന്നു. ഇതിലെ ആശയങ്ങൾ വളരെ ലളിതമായിട്ടാണ് അദ്ദേഹം പ്രതിപാദിക്കുന്നത്. വിദ്യാർത്ഥികൾ പഠിക്കേണ്ട വിഷയങ്ങൾ എന്തെല്ലാമെന്നു വിശദമാക്കിയശേഷം അവ പഠിപ്പിക്കേണ്ട രീതിയെ ക്കുറിച്ചും അദ്ദേഹത്തിന്റെ അഭിപ്രായം വ്യക്തമാക്കുന്നു.

ഗ്രന്ഥത്തിന്റെ മൂന്നാം ഭാഗം ബാലാഭ്യസനത്തിന്റെ 'സത്തമഭാഷ'യെക്കു റിച്ചാണ് അദ്ദേഹം വിശദീകരിക്കുന്നത്. മാതൃഭാഷയായ മലയാളത്തിന്റെ മഹിമ, അന്യഭാഷയിലൂടെയുള്ള അഭ്യസനത്തിൽ അധ്യാപകനും പിതാവിനും നേരിട്ടുള്ള വിഷമങ്ങളും സമയനഷ്ടവും, മലയാളഭാഷയിലൂടെയുള്ള അഭ്യസനത്തിന്റെ പ്രാധാന്യം, ഉത്തമഗ്രന്ഥങ്ങളുടെ തർജ്ജമ വഴി മലയാളഭാഷയെ പരിപോഷിപ്പിക്കേണ്ടതിന്റെ ആവശ്യകത, അതുവഴി മലയാള ഭാഷയ്ക്കുണ്ടാവുന്ന അഭിവൃദ്ധി, ഏതാശയവും അനായാസമായി അവതരിപ്പിക്കാൻ മലയാള ഭാഷയ്ക്കുള്ള കഴിവ് എന്നിവയെക്കുറിച്ച് കാര്യകാരണസഹിതം അദ്ദേഹം സമർത്ഥിക്കുന്നു.

ബാലാഭ്യസനത്തിൽ മലയാള ഭാഷയുടെ പ്രത്യേകതകളെ അദ്ദേഹം എടുത്തു പറയുന്നത് നോക്കുക. 'മലയാണ്മയുടെ ജാത്യം വിചാരിക്കുമ്പോൾ അതു ഭംഗിക്കും ശക്തിക്കും ഏതു ഭാഷയോടും നേരിടത്തക്കതായിരിക്കുന്നു. അതിൽ വാക്കുകൾക്കുള്ള മാറ്റങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാവുന്നതും വാചകങ്ങളെ കുഴച്ചിൽ വരാതെ കൂട്ടിക്കെട്ടാവുന്നതും കൂടാതെ സ്വരഭേദങ്ങൾ ഓരോ മനോവികാരങ്ങളെ വെളിപ്പെടു ത്താൻ നല്ല പാകമുള്ളതുമാകുന്നു. വന്നു, വന്നേ എന്നുള്ള ഭാവഭേദങ്ങൾ ഇംഗ്ലീഷിൽ വരുത്താൻ ശ്രമിച്ചാൽ സാധിക്കുകയില്ല. എഴുതിയേച്ച്, എഴുതിപ്പോയി എന്നിങ്ങനെ യുള്ള ഭാവനകളെ ആ ഭാഷയിൽ എഴുതണമെങ്കിൽ ബഹുചുറ്റിക്കെട്ടു വേണ്ടിയിരി ക്കുന്നു.'[42]

### 2.7.4 വിവർത്തന ഗ്രന്ഥങ്ങൾ

ജോർജ് മാത്തൻ സ്വന്തം സൃഷ്ടികൾ കൂടാതെ ചില കൃതികൾ വിവർത്തനം ചെയ്യുകയുണ്ടായി. പരിഭാഷാകൃതികൾ ഗദ്യഭാഷയുടെ ശക്തി പരീക്ഷണമായി ജോർജ് മാത്തൻ പരിഗണിച്ചിരുന്നു. അതുകൊണ്ടുതന്നെ അത്യന്തം ഗഹനമായ ആംഗലകൃതി കളെ മൂലമാക്കി ഭാഷയുടെ കരുത്ത് വർദ്ധിപ്പിച്ചു. 'സംയുക്തി'യും 'സംവാദ'വുമാണ് ജോർജ് മാത്തന്റെ വിവർത്തനകൃതികൾ.

ജോർജ് മാത്തൻ എല്ലാ മേഖലകളിലും തന്റേതായ പാണ്ഡിത്യം രേഖപ്പെടുത്തി യിരുന്നു. വിവർത്തനത്തിലൂടെ അദ്ദേഹത്തിന്റെ കഴിവിനെ ഒന്നുകൂടി പരിപോഷിപ്പി ക്കുകയായിരുന്നു. നാൽപ്പതു വർഷമെടുത്തു രചന പൂർത്തിയാക്കിയ ഒരു ഗഹനകൃതി യാണ് ജോസഫ് ബട്ളറുടെ 'അനലോഗി' (Analogy) എന്ന ഇംഗ്ലീഷ് ഗ്രന്ഥം. അതിന്റെ പരിഭാഷയായ 'സംയുക്തി'. ഭാഷ വേണ്ടത്ര വികാസം പ്രാപിച്ചിരിക്കുന്ന ഇക്കാലത്തുപോലും ഇത്ര കടുകട്ടിയായ ഒരു ഗ്രന്ഥം ഇത്ര ഭംഗിയായി വിവർത്തനം

42 ജോർജ് മാത്തൻ, ബാല്യാഭ്യസനം, പു. 135.

ചെയ്യുക അത്ര സുഖകരമല്ല. 'എത്രയും അതിഗഹനീയമായ പ്രവൃത്തി എന്നാണ് ഇതിനെ റിച്ചാർഡ് കോളിൻസ് പ്രശംസിച്ചത്.''[43]

### 2.6.4.1 സംയുക്തി

സി.എൻ.ഐയിൽനിന്നും ജോർജ്മാത്തനെ 1864-ൽ തോലശേരിയിലേക്ക് സ്ഥലം മാറ്റി. ഈ കാലഘട്ടത്തിൽ ഇംഗ്ലീഷ് സാഹിത്യത്തിലെ പ്രശസ്ത വേദശാസ്ത്രപണ്ഡിതനായ ജോസഫ് ബട്ട്ലരുടെ Analogy of Religion Natural and Revealed to Constitution and Course of Nature എന്ന കൃതി ബോധജ്ഞാനകവും ദത്തജ്ഞാനകവുമായ വേദജ്ഞാനത്തിന് പ്രപഞ്ചനിബന്ധനത്തോടും മാർഗത്തോടു മുള്ള 'സംയുക്തി' എന്ന പേരിൽ വിവർത്തനം ചെയ്തു. 1866-ൽ ഈ കൃതി പ്രസിദ്ധീകരി ക്കപ്പെട്ടു. 'വിദ്യാസംഗ്രഹം' മാസികയിൽ പല പ്രശസ്ത ഇംഗ്ലീഷ് സാഹിത്യ കാരന്മാരുടെയും കൃതികൾ മാത്തൻ ഖണ്ഡഃശയായി പരിഭാഷ ചെയ്ത് പ്രസിദ്ധീകരിച്ചി ട്ടുണ്ട്.

ഇരുനൂറിലധികം കൊല്ലം പഴക്കമുള്ള ഗദ്യശൈലിയാണെന്നു പറയാൻ പറ്റാത്തവിധം ആധുനികരൂപം ചേർന്നതാണ് ജോർജ് മാത്തന്റെ ഗദ്യശൈലി. 'സംയുക്തി' എന്ന കൃതിയിലെ ഒരു ഭാഗം വിശകലനം ചെയ്താൽ മതി, ''മനുഷ്യർക്കു പരലോകത്തിൽ ഒരു ജീവിതമുണ്ട്. ശിക്ഷാരക്ഷകളുണ്ടാകും. ആ ശിക്ഷാരക്ഷകൾ മനുഷ്യരുടെ സുകൃതദുഷ്കൃതങ്ങളെ ആശ്രയിച്ചിരിക്കും. പരലോകത്തേക്കു നമ്മെ പ്രാപ്തന്മാരാക്കുന്നതിനുള്ള അഭ്യസനവും പരിശോധനയുമാണ് ഈ ലോകത്തിലെ ജീവിതത്തിനിടയിൽ നടക്കുന്നത്. അവനവന്റെ ആവശ്യത്തിനുവേണ്ടിയുള്ള വാദം ദൈവത്തിന്റെ ധർമ്മാധിപത്യത്തിനു വിരോധമായി ഭവിക്കുന്ന ഒരാക്ഷേപമാകയില്ല. ഈ ലോകം വീഴ്ചയിലും ദുഷ്ടതയിലും നാശത്തിലും സ്ഥിതിചെയ്യുന്നതുകൊണ്ടു നമ്മുടെ അജ്ഞാനം ദൈവത്തിന്റെ ജ്ഞാനത്തിനും നന്മയ്ക്കും പ്രതിബന്ധമായിരിക്കാം. മനുഷ്യർക്കു

43 ജോൺ മാത്യൂസ്.സി കിടങ്ങന്നൂർ, വൈയാകരണൻ ജോർജ് മാത്തൻ പാദ്രി, കിടങ്ങന്നൂർ ചെറിയാൻ കുടുംബയോഗം. പേജ് 93.

തങ്ങളെക്കുറിച്ചും തങ്ങളുടെ ധർമ്മങ്ങളെക്കുറിച്ചും ഉള്ള അജ്ഞത വർദ്ധിക്കുമ്പോൾ അവരുടെ ഇടയിൽ ഒരു പ്രത്യേക വേദമാർഗ്ഗമുണ്ടാകയെന്നുള്ളത്. ഒട്ടും അപ്രധാനമല്ലാത്ത ഒരു കാര്യമാണ്. പ്രസ്തുത വേദമാർഗ്ഗത്തിൽ അദൃഷ്ടപൂർവ്വമായും വിചാരാതീതമായുള്ള പല കാര്യങ്ങൾ അടങ്ങിയിരിക്കുന്നു.[44]

ഗഹനവിഷയങ്ങൾ വിവർത്തനം ചെയ്യുന്നതിന് മലയാള ഭാഷയ്ക്കു കരുത്തു ണ്ടെന്നു ഈ ഗ്രന്ഥവിവർത്തനത്തിലൂടെ ജോർജ് മാത്തൻ തെളിയിച്ചു. ഒരു കൃതി തർജ്ജമചെയ്യുമ്പോൾ വിവർത്തകൻ അനുഭവിക്കേണ്ടി വരുന്ന പ്രയാസങ്ങൾ എന്തൊക്കെയെന്ന് മാത്തൻ വ്യക്തമാക്കുന്നു. ഇതെല്ലാം ഇന്നത്തെ വിവർത്തകൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്. മലയാളത്തിൽ മാത്തന്റെ മറ്റുകൃതികളെപ്പോലെ വേണ്ടത്ര പ്രചാരം ഈ ഗ്രന്ഥത്തിന് ലഭിച്ചിട്ടില്ല. വേദശാസ്ത്രത്തിൽ പാണ്ഡിത്യവും കഴിവും ഉള്ള ഒരു വ്യക്തിക്കു മാത്രമേ 'സംയുക്തി'യിലെ താത്ത്വികസത്യങ്ങളെ ആത്മസാക്ഷാത്കരിക്കാനാവൂ.

### 2.6.4.2 സംവാദം

ഡോ. മുള്ളർസിന്റെ ഒരു ഇംഗ്ലീഷ് ഗ്രന്ഥം കാശിയിൽ ഗുരുദാസപണ്ഡിതരും ഇംഗ്ലീഷ് ജഡ്ജിയുമായുണ്ടായ 'സംവാദം' എന്ന പേരിലാണ് മാത്തൻ പരിഭാഷ നടത്തിയിരിക്കുന്നത്. ഇത് 'വിദ്യാസംഗ്രഹം' മാസികയിലാണ് ആദ്യമായി പ്രസിദ്ധീ കരിച്ചുവന്നത്. തർക്ക ശാസ്ത്രത്തോട്ടും വേദാന്തത്തോടുമുള്ള അമിതമായ താത്പര്യം അദ്ദേഹത്തിനുണ്ടായിരുന്നു. അതുകൊണ്ടായിരിക്കാം ഈ ഗ്രന്ഥം തർജ്ജമയ്ക്ക് തിരഞ്ഞെടുത്തത്.

'A conversation എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ പരിഭാഷയാണ് 'സംവാദം'. ഒരു ബ്രാഹ്മണപണ്ഡിതനും ഒരു ഇംഗ്ലീഷ് ജഡ്ജിയും തമ്മിൽ നടന്ന വേദാന്തചർച്ച യാണ്

---

44 സാമുവൽ ചന്ദനപ്പള്ളി (എഡി.), റവ. ജോർജ് മാത്തനും കൃതികളും പഠനവും, പേജ്.475.

ഇതിന്റെ ഉള്ളടക്കം. ജോർജ് മാത്തന്റെ ഭാഷയുടെ പരിശുദ്ധിയും രീതിയുടെ സൗന്ദര്യവും ഈ വിവർത്തനകൃതിയിൽ കാണാം. രണ്ടു പ്രൗഢകൃതികളിലൂടെയും, മലയാളത്തിലെ ഒന്നാമത്തെ വിദ്യാലയ പ്രസിദ്ധീകരണമായ വിദ്യാസംഗ്രഹം ത്രൈമാസികയിൽ ഇംഗ്ലീഷിൽ നിന്നു വിവർത്തനം ചെയ്തു പ്രസിദ്ധപ്പെടുത്തിയ പ്രബന്ധങ്ങളിലൂടെയും ഇവിടെ വിവർത്തന സാഹിത്യ പുരോഗതിക്കുള്ള വഴി തുറന്നിടുകയായിരുന്നു അദ്ദേഹം. ഏതു കഠിനവിഷയത്തിനും വഴങ്ങുന്നതാണ് മലയാള ഭാഷയെന്ന് ജോർജ് മാത്തൻ തെളിയിച്ചു. ആധുനിക വിദ്യാഭ്യാസ ചിന്തകന്മാർ നവീനമെന്ന മട്ടിൽ ചൂണ്ടിക്കാട്ടുന്ന പല സംഗതികളും അദ്ദേഹം പറഞ്ഞുറപ്പിച്ചിട്ടുള്ള താണ്.

## 2.7 സമാഹരിക്കപ്പെടാത്ത ലേഖനങ്ങൾ

സമാഹരിക്കപ്പെടാത്ത അനവധി ലേഖനങ്ങൾ ജോർജ് മാത്തന്റേതായിട്ടുണ്ട്. ഇതെല്ലാം 'വിദ്യാസംഗ്രഹ'ത്തിലാണ് അച്ചടിച്ചുവന്നത്.

മലയാള പ്രഥമ പത്രമായ 'ജ്ഞാന നിക്ഷേപം' 1848-ൽ സി. എം. എസ്സ് പ്രസ്സിൽ നിന്നും അച്ചടിച്ചു പുറത്തിറങ്ങി. ബെഞ്ചമിൻ ബെയ്‌ലിയുടെ നേതൃത്വത്തി ലാണ് അത് പ്രസിദ്ധീകരിച്ചത് .ടി.എം.ചുമ്മാർ പറയുന്നത്. 'റവ. ജോർജ് മാത്തനും ആർച്ച് ഡിക്കൻ കോശിയുമായിരുന്നു ഇതിന്റെ പ്രധാന പ്രവർത്തകർ. ഇംഗ്ലീഷിൽ നിന്നും ശാസ്ത്രസംബന്ധമായ ലേഖനങ്ങൾ ജോർജ് മാത്തൻ മലയാളത്തിലേക്ക് തർജ്ജമ ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്.'[45] ജ്ഞാന നിക്ഷേപത്തിന്റെ ആദ്യത്തെ എട്ടു ലക്കങ്ങൾ ഇത്തരം ലേഖനങ്ങൾ കൊണ്ടുമാത്രം തയ്യാറാക്കിയിരിക്കുന്നതാണ്. ഭൂമി ഉരുണ്ടതാകുന്നു, ആകാശത്തുള്ള ഗോളങ്ങൾ, അദ്വൈതം, അന്തരീക്ഷം, ഇരുമ്പുപാതയു ടെയും ആവിവണ്ടിയുടെയും ആരംഭം തുടങ്ങിയവയാണ് ജ്ഞാന നിക്ഷേപത്തിലെ റവ. ജോർജ് മാത്തന്റെ ലേഖനങ്ങൾ.

---

45 ചുമ്മാർ ടി. എം., ഭാഷാഗദ്യസാഹിത്യചരിത്രം കോട്ടയം പേജ് 65

'പ്രബന്ധ രചനയ്ക്കും പ്രഭാഷണകലയ്ക്കും വ്യാകരണ നിബന്ധത്തിനും വേദാന്തതത്വപ്രതിപാദനത്തിനും ആധുനികശാസ്ത്രനിരൂപണത്തിനും ഗ്രന്ഥനിരൂപണ ത്തിനും വിവർത്തന പ്രക്രിയയ്ക്കും സാമൂഹ്യ വിമർശനത്തിനും സന്മാർഗ വിചിന്തന ത്തിനും സഫലവും സമർത്ഥവുമായ മാധ്യമമാക്കി ഭാഷാഗദ്യത്തെ ചിട്ടപ്പെടുത്തിയെടു ക്കാൻ കഴിഞ്ഞ ഭാഷാശില്പിയായ ജോർജ് മാത്തന്റെ ലേഖനങ്ങൾ'[46] എന്ന് ഡോ. സാമുവൽ ചന്ദനപ്പള്ളി വിലയിരുത്തുന്നത്.

ജോർജ് മാത്തന്റെ ദർശനങ്ങളെ വിലയിരുത്തുന്നത് അദ്ദേഹത്തിന്റെ മറ്റ പ്രസിദ്ധീകരണങ്ങളെക്കൂടി കണക്കിലെടുത്തുകൊണ്ടായിരിക്കണം. രചയിതാവിന്റെ കാഴ്ചപ്പാട്, ശൈലി, പ്രതിബദ്ധത, യുക്തിബോധം, സർഗാത്മകത, പ്രവർത്തന മികവ് തുടങ്ങിയവ വെളിപ്പെടുത്തുന്നവയാണ് അവ.

1864-ൽ കോട്ടയം സി.എം.എസ് കോളേജിൽനിന്നും പ്രസിദ്ധീകരിച്ച തുടങ്ങിയ 'വിദ്യാസംഗ്രഹ'മായിരുന്നു നാലാമത് മലയാള മാസികാപത്രം. ഇന്ത്യയിലെ ആദ്യത്തെ കോളേജ് മാഗസിനും ഇതുതന്നെയാണ്. പാശ്ചാത്യ സർവ്വകലാശാലകൾ പ്രസിദ്ധീകരിച്ചിരുന്ന അക്കാദമിക് ജേർണലുകളുടെ മാതൃകയിലാണ് ഈ കോളേജ് മാഗസിൻ പ്രസിദ്ധീകരിച്ചത്. വിദ്യാസംഗ്രഹത്തിന്റെ പ്രധാന ലക്ഷ്യം പ്രൊട്ടസ്റ്റന്റ് ക്രൈസ്തവ ആശയപ്രചരണമായിരുന്നെങ്കിലും വിജ്ഞാനപോഷണമായിരുന്നു വലിയൊരളവുവരെ ഈ മാസികാപത്രത്തിലൂടെ നിർവ്വഹിച്ചിരുന്നത്. റിച്ചാർഡ് കോളിൻസ് പ്രിൻസിപ്പലായിരിക്കുമ്പോൾ വിദ്യാസംഗ്രഹത്തിന്റെ നടത്തിപ്പിൽ റവ.ജോർജ് മാത്തനുണ്ടായിരുന്ന സഹകാര്യത്തം മൂലം ഇതിനെ ജോർജ്മാത്തന്റെ പത്രം എന്നും വിശേഷിപ്പിച്ചിരുന്നു. നിരവധി ലേഖനങ്ങൾ വിദ്യാസംഗ്രഹത്തിൽ അദ്ദേഹം ഉൾപ്പെടുത്തിയിരിക്കുന്നു.

---

[46] സാമുവൽ ചന്ദനപ്പള്ളി ജോർജ് മാത്തനും മലയാളഭാഷയും കോട്ടയം പേജ് 52

### 2.7.1 മരുമക്കത്തായത്താലുള്ള ദോഷങ്ങൾ

സമുദായപരിഷ്ക്കരണം എന്ന ലക്ഷ്യത്തോടുകൂടി വളരെയധികം പഠിച്ചും ചിന്തിച്ചും എഴുതിയ ഒരു ലേഖനമാണ് 'മരുമക്കത്തായത്താലുള്ള ദോഷങ്ങൾ' നായർ സമുദായത്തിന്റെ ദൂഷ്യങ്ങളെ നിശിതമായി വിമർശിച്ചുകൊണ്ട് അദ്ദേഹം ലേഖനം ഉപസംഹരിക്കുന്നത് ഇങ്ങനെയാണ്. 'നായന്മാരോടു ഞങ്ങൾ സ്നേഹത്തോടും താല്പര്യത്തോടും പറയുന്ന ഗുണദോഷം അവരുടെ ഇടയിൽ നിന്നു മരുമക്കത്തായം നീങ്ങി മക്കത്തായം നടപ്പാകുന്നതിനും അവർ എണ്ണത്തിലും ദ്രവ്യത്തിലും ക്ഷയിക്കാതെ വർദ്ധിച്ചുവരുന്നതിനുമായിട്ട് അവരുടെ വസ്തുവക പകുതിചെയ്തു പിരിയണം എന്നാകുന്നു. ആടുമാടുകളുടെ കൂട്ടത്തിൽ നിങ്ങൾ എണ്ണത്തിൽ വർദ്ധിക്കുമ്പോൾ അവയെ പലതായിട്ട് പിരിച്ചില്ലെങ്കിൽ അവ ഏറാതെ കുറഞ്ഞുവരുന്നതു നാം കാണുന്നു. ഒരു മൂട്ടിൽ ഒരു കണക്കുവിട്ട് അധികം വാഴ നിന്നാൽ വിത്തധികമായി മുളയ്ക്കുത്തില്ല. നില്ക്കുന്നതിനു തഴപ്പു കുറഞ്ഞിരിക്കും. നേരേ മറിച്ചു പിരിച്ചുവച്ചാൽ അവയിൽ ഓരോന്നും നല്ലവണ്ണം തഴച്ചു വന്നിട്ടു വളരെ വിത്തുകളുള്ള മൂടുകളായിത്തീരുന്നു. അപ്രകാരം ഒരു വീട്ടിൽ ഒന്നിച്ചു കിടക്കാതെ പിരിഞ്ഞാൽ നിങ്ങളും എണ്ണത്തിലും ദ്രവ്യത്തിലും വർദ്ധിച്ചുവരും.'[47]

'മരുമക്കത്തായം എന്ന ചട്ടം ഈ മലയാളത്തിൽ മാത്രം നടപ്പുള്ളതാകയാൽ യൂറോപ്യൻ മുതലായ ദൂരദേശക്കാരും തന്നെയല്ല തമിഴർ തുടങ്ങി ഇൻഡ്യയിലുള്ള സർവ്വജാതിക്കാരും അതിനെ അപൂർവവും നിന്ദ്യവും ഹാസ്യവുമായിട്ടത്രെ വിചാരിക്കുന്നത്. അവരുടെ ഇടയിൽ നിന്ന് മരുമക്കത്തായം നീക്കി മക്കത്തായം നടപ്പാക്കുന്നതിനും എണ്ണത്തിലും ദ്രവ്യത്തിലും ക്ഷയിക്കാതെ വർദ്ധിച്ചു വരുന്നതിനും.'[48]

---

47 സാമുവൽ ചന്ദനപ്പള്ളി (എഡി.), റവ.ജോർജ് മാത്തൻ, കൃതികളും പഠനങ്ങളും, ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പേജ്.574.

48 ടി. പു. 597.

നായന്മാരുടെ ഇടയിൽ നടപ്പുണ്ടായിരുന്ന മരുമക്കത്തായ സമ്പ്രദായം ആ സമുദായത്തിൽ വരുത്തിക്കൊണ്ടിരുന്ന നിരവധി ദോഷങ്ങൾ മാത്തൻ മനസ്സിലാക്കി യിരുന്നു. ആ സമ്പ്രദായത്തെ ബഹിഷ്ക്കരിക്കാതെ നായർ സമുദായത്തിനു യാതൊരു പുരോഗതിയും ഉണ്ടാകുന്നതല്ല എന്ന് റവ. ജോർജ് മാത്തന് അഭിപ്രായമുണ്ടായിരുന്നു.

'ആകയാൽ ഈ മര്യാദയിൽനിന്നു വിശേഷാൽ ഗുണങ്ങൾ ഇല്ലെങ്കിൽ ആയതിനെ തള്ളുവാനുള്ളതാകുന്നു. ഇതിന്റെ മൂലവും ജാത്യവും ഫലവും ദോഷകരമാ കുന്നു എന്ന് ശോധന ചെയ്തു നോക്കുമ്പോൾ തെളിയുന്നതാകുന്നു. ഇത് മുഖ്യമായി നടക്കുന്നത് നായന്മാരുടെ ഇടയിൽ ആകയാൽ അക്കൂട്ടത്തിൽ ഇത് എങ്ങനെ വ്യാപരിക്കുന്നു എന്ന് നമുക്കു ശോധന കഴിച്ചു നോക്കാം. ഇവിടെ മാത്രം ഇങ്ങനെ ഒരു അപമര്യാദ വീഴുവാൻ ഇടവന്നത്. ഇവിടുത്തെ ബ്രാഹ്മണരുടെ ഏനത്തിനു വേണ്ടിയാകുന്നു എന്ന് സാമാന്യമായിട്ട് ഒരു പറച്ചിലുണ്ട്. എന്നാൽ മനുഷ്യരുടെ ഇടയിൽ വിവാഹം നടപ്പായി, മക്കൾ വഴി അവകാശം നിലനിന്നു പോകുന്നതിന്റെ ഗുണം അറിഞ്ഞതിന്റെ ശേഷം മരുമക്കത്തായം ചട്ടമാക്കുവാൻ നിശ്ചയിച്ചാൽ അതു നടക്കുന്നതല്ലായ്കകൊണ്ട് ശൂദ്രരുടെ ഇടയിൽ വിവാഹവും പാതിവ്രത്യവും അറിയപ്പെട്ടു ന്നതിനുമുൻപിൻ ഇതിൽവണ്ണം നിയമിച്ചതായിരിക്കണം. എന്തെന്നാൽ ബോധജ്ഞാനവും വേദജ്ഞാനവും കൂടാതെയും നാഗരികവും വിദ്യാഭ്യാസവും വരാതെയുള്ള കിരാതാവസ്ഥയിൽ സ്ത്രീ-പുരുഷൻമാർ തമ്മിൽ ഭാര്യാഭർത്താക്കന്മാ രെന്നുള്ള സംബന്ധം കൂടാതെ മൃഗങ്ങളെപ്പോലെ സഹവാസം ചെയ്യുന്നതാകയാൽ തള്ളമാർക്കല്ലാതെ തന്തമാർക്ക് തങ്ങളുടെ കുഞ്ഞുങ്ങളെ തിരിച്ചറിയുന്നതിനും അവരോടു വാത്സല്യം തോന്നുന്നതിനും ഇടയില്ല. ഇങ്ങനെയുള്ള പട്ടതിയിൽ പുരുഷന്മാർക്ക് സ്വന്തം മക്കൾ എന്നു പറവാൻ ആരും ഇല്ലായ്കകൊണ്ട് പെങ്ങന്മാരുടെ കുട്ടികളെ കൂടെ പാർപ്പിച്ച് രക്ഷിച്ച് തങ്ങളുടെ മുതൽ കാര്യങ്ങൾ ഒക്കെയും അവർക്കു കൊടുക്കുന്നതാകുന്നു. മരുമക്കത്തായം എന്ന പദത്തിന്റെ അർത്ഥം വിചാരിക്കുമ്പോൾ ഇപ്പറഞ്ഞത് ശരിയെന്നു തെളിവാകും. എന്തെന്നാൽ മരു എന്നത് വസിക്കും എന്നർത്ഥമാകുന്ന മരുവും എന്നതിന്റെ ലോപവും തായം എന്നത് അവകാശം

എന്ന പൊരുൾ ആകുന്ന 'ദായം' എന്നതിന്റെ ഉത്ഭവവും ആകകൊണ്ട് മരുമക്കത്തായ എന്നതിനു കൂടെപ്പാർക്കുന്ന മക്കൾവഴി വന്ന് പൊരുളായിരിക്കുന്നു.'[49]

മരുമക്കത്തായം നിരോധനത്തിനുള്ള ആന്തരങ്ങളെ ഇല്ലാതാക്കുന്നു. 'വിവാഹം എല്ലാവരിലും മാനമുള്ളതും വിവാഹ കിടക്ക നിർമ്മലമായുള്ളതുമാകുന്നു എന്നും, വേശ്യാസംഗക്കാരോടും വ്യഭിചാരികളോടും ദൈവം ന്യായം വിധിക്കും എന്നുമുള്ള ക്രൈസ്തവ വേദവാക്യം സർവ്വജാതിക്കാരിലും പൊതുവിൽ സമ്മതിച്ചിരിക്കുന്ന ഒരു കാര്യമാകുന്നു. എന്നാൽ നായന്മാരുടെ ഇടയിൽ വിവാഹം എന്ന് ഒരു കർമ്മമല്ലാതെ സ്ത്രീപുരുഷന്മാർ തമ്മിൽ അങ്ങനെ ഒരു ബന്ധമില്ല. ഈ ചട്ടം വേദവിരോധമായിരി ക്കുന്നു. എന്നു തന്നെയല്ല ലോകമുറയിലും അതു ദോഷമായിരിക്കുന്നു. സ്ത്രീ പുരുഷന്മാർ സാങ്കര്യ നിരോധം കൂടാതെ സമ്പർക്കം ചെയ്യുന്നിനാൽ അവരിൽ പലരും രോഗികളും അല്പായുസുകാരുമായിരിക്കുന്നു. എന്നാൽ മരുമക്കത്തായത്തിനു പകരം മക്കത്തായം നടപ്പായിവന്നാൽ ഇപ്രകാരമുള്ള അഴിമതികൾക്കു നന്നേ കുറവുണ്ടാകും. മരുമക്കത്തായം സന്തതിയേ സംബന്ധിച്ചും ഉപദ്രവമായിരിക്കുന്നു. സ്ത്രീ പുരുഷൻമാർ തമ്മിൽ വിശ്വാസമായി പാർത്തുണ്ടാകുന്ന മക്കൾ സാധാരണമായിട്ടു ബലവും സുഖവുമുള്ളവരായിരിക്കുന്നു. എങ്കിലും അഴിമതിയായി നടക്കുന്ന മാതാക്കളിൽനിന്ന് ജനിക്കുന്ന സന്തതികൾ മിക്കവാറും ദുർബലരും രോഗികളുമായിരിക്കുന്നു.'[50] ഈ ലേഖനത്തിന്റെ പ്രതിപാദനം എല്ലാവരെയും ആകർഷിക്കുന്ന വിധത്തിലായിരുന്നു. മാതുലൻമാർക്കും പിതാക്കന്മാർക്കും കുടുംബഭരണത്തിലുള്ള സ്ഥാനം, കുടുംബത്തിൽ അവർ അനുഷ്ഠിക്കുന്ന വിഭിന്ന കർമ്മങ്ങൾ, വസ്തുവകകൾ വേർതിരിച്ചുകൊടുക്കാതെയി രിക്കുന്നതുകൊണ്ടുള്ള കുഴപ്പങ്ങൾ, അങ്ങനെ കൊടുക്കുന്നതുകൊണ്ട് കുടുംബത്തിനും കുടുംബാംഗങ്ങൾക്കും ഉണ്ടാകാവുന്ന ഐശ്വര്യം

---

49 ടി. പു. 585.

50 സാമുവൽ ചന്ദനപ്പള്ളി, റവറന്റ് ജോർജ് മാത്തൻ - കൃതികളും പഠനവും, ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പേജ്-584.

എന്നിങ്ങനെ അനേകം കാര്യങ്ങൾ വിശദമായി ലേഖകൻ തന്റെ ലേഖനത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ ലേഖനം അവസാനിപ്പിച്ചിരിക്കുന്നത് ഇങ്ങനെയാണ്.

മരുമക്കത്തായ സമ്പ്രദായത്തിന്റെ സാമൂഹിക ശിഥിലീകരണ സ്വഭാവത്തെ നിശിതമായി വിമർശിച്ചുകൊണ്ട് വളരെ പഠിച്ചും ചിന്തിച്ചും 'മരുമക്കത്തായത്താലുള്ള ദോഷങ്ങൾ' എന്ന ലേഖനത്തിലൂടെ അദ്ദേഹം ഒരു സംവാദത്തിന് തുടക്കം കുറിച്ചു. മരുമക്കത്തായത്തെക്കുറിച്ചുള്ള ജോർജ് മാത്തന്റെ പഠനം മൗലികമായ ഒന്നാണ്. സമകാലത്ത് ഈ സമുദായത്തിനു സംഭവിച്ചിട്ടുള്ള ഇകഴ്ചയുടെ കാരണം മറ്റു പലതുമിരിക്കെതന്നെ മരുമക്കത്തായത്തിന്റെ ദൂഷ്യമാണെന്നു വാദിച്ച് ഈ സവിശേഷ ദായക്രമം സംബന്ധിച്ചും ദോഷങ്ങളെ സംബന്ധിച്ചും കാഴ്ചപ്പാട് വികസിപ്പിച്ച് മുന്നോട്ടു പോകുന്നു. സാമൂഹ്യ വ്യവസ്ഥകളിലെ ബന്ധങ്ങളും വ്യവഹാരങ്ങളും സംവാദത്തിന് വിഷയമാക്കുക, മറുനാടൻ രീതികളുമായി താദാത്മ്യം ചെയ്യുക എന്നിവയിലൂടെ പുതിയ വ്യവസ്ഥകൾ രൂപീകരിക്കുകയെന്നത് യഥാർത്ഥ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളിലൊന്നാണ്.

### 2.7.2 ആകാശത്തുള്ള ഗോളങ്ങൾ

ആകാശഗോളത്തെക്കുറിച്ച് എന്ന പംക്തിയിൽ ശാസ്ത്രീയഗണിതം യുക്തിഭദ്രമായി പറഞ്ഞുവെച്ചിരിക്കുന്നു. Latitude എന്നതിന് പരിണാമദൂരം എന്നാണ് മലയാളം.'ജ്യോതിഷത്തെക്കുറിച്ച് വളരെ രസകരമായി പറഞ്ഞിരിക്കുന്നു. ജ്യോതിഷക്കാർ ഒരു വൃത്തത്തെ വിഭാഗിച്ചിരിക്കുന്നത് ഇലി എന്നു പേരായ ഇന്നം പങ്കുകളായിട്ടാകുന്നു. അതായത് വൃത്തത്തിനെ 360 ആക്കിയതിലെ ഒരു ഡിഗ്രിയാണ് ഇലി. ഇത്തരം കണക്കുകൾ തെളിയിക്കാൻ ക്ഷേത്രഗണിതത്തിലെ അളവുകൾ വരച്ചുകാണിച്ചിട്ടുമുണ്ട്.'[51]

അമ്ലങ്ങളുടെയും കാരങ്ങളുടെയും ജാത്യഗുണമെന്ന ശീർഷകത്തിൽ ഓരോ രാസവസ്തുവും ചേരുമ്പോൾ ഉണ്ടാകുന്ന സവിശേഷതകളാണ് പ്രതിപാദ്യം. പറയുന്ന മിശ്രിതമനുസരിച്ച് പല ലവണങ്ങളുമുണ്ടാക്കാമെന്ന് ഉദാഹരിക്കുന്നുണ്ട്. 'എരിഞ്ഞു കൊണ്ടിരിക്കുന്ന ഗന്ധകം വായുവിലുള്ള അമ്ലകര ബാഷ്പത്തോട് ചേർന്ന് ഗന്ധകീയാമ്ലം ഉണ്ടാകുന്നു.'[52]

### 2.7.3 സന്മാർഗ്ഗോപദേശം

മഹാരാഷ്ട്രയിൽനിന്നും മലയാഴ്മയിലേക്ക് ടി.ലക്ഷ്മണരായർ പരിഭാഷപ്പെടുത്തി തിരുവനന്തപുരത്തുനിന്നും അച്ചടിച്ച പ്രസിദ്ധീകരിച്ചതാണ് ഈ കൃതി.

### 2.7.4 സാധാരണ ചികിത്സാശാല

തിരുവനന്തപുരത്ത് ജനറലാശുപത്രിയിൽ അലോപ്പതിയും ആയുർവേദവും നടത്തുന്നതിന്റെ സാദ്ധ്യതകളാണ് 'സാധാരണ ചികിത്സാശാല' എന്ന ലേഖനത്തിലൂടെ ജോർജ് മാത്തൻ വിലയിരുത്തുന്നത്. ഒരു കൂരക്കീഴിൽ രണ്ട് ചികിത്സാധാരകൾ

---

51 സാമുവൽ ചന്ദനപ്പള്ളി (എഡി.), റവ. ജോർജ്ജ് മാത്തൻ കൃതികളും പഠനങ്ങളും, പുറം 597.

52 ടി. പു. 598.

പ്രവർത്തിക്കുമ്പോൾ രോഗികൾക്ക് ഇഷ്ടമുള്ളത് തിരഞ്ഞെടു ക്കാനുള്ള അവസരമായി ജോർജ് മാത്തൻ അതിനെ കാണുന്നു. മാത്രമല്ല, ചികിത്സ യുടെ സമഗ്രമായ സമീപനശൈലിയും വിഭാവനം ചെയ്തിരിക്കുന്നതായി മനസ്സിലാക്കാം. 'സാധാരണ ചികിത്സാശാല' എന്ന ലേഖനത്തിനു നിമിത്തമാകുന്നത് തിരുവിതാംകൂർ സർക്കാർ ഗസറ്റിൽ ഉള്ള ഒരു വിജ്ഞാപനമാണ്. ഗവൺമെന്റുവകയായി ആരംഭിക്കുന്ന സാധാരണ ചികിത്സാശാലയെക്കുറിച്ചാണ് വിജ്ഞാപനം. അതിനെ ശ്ലാഘിച്ചുകൊ ണ്ടാരംഭിക്കുന്ന ലേഖനം നാട്ടുചികിത്സാപദ്ധതിയെയും യൂറോപ്യൻ ചികിത്സാ രീതിയെയും സംബന്ധിച്ച് വിവരിച്ചും, ആസ്പത്രി നടത്തിപ്പിനുവരുന്ന അധികച്ചെലവു കൾ നേരിടുന്നതിന് സർക്കാരിനെ സഹായിക്കേണ്ടതാണെന്നു പ്രജകളെ ഉദ്ബോധിപ്പിച്ചുമൊക്കെയാണ് മുന്നേറുന്നത്.

### 2.7.5 കൊഴമുതലാഴ്മ

കൊഴമുതലാഴ്മ എന്ന ലേഖനത്തിൽ കൃഷിയും അനുബന്ധ ജീവിതവുമാണ് വർണന. അഗ്രികൾച്ചർ എന്നാണ് കൊഴമുതലാണ്മയ്ക്ക് വിദ്യാസംഗ്രഹത്തിൽ നല്കിയിട്ടുള്ള മൊഴിമാറ്റം. തൊഴിലുടമ തൊഴിലാളിബന്ധങ്ങളെ വിവരിക്കുന്നു. ജന്മി-കുടിയാൻ ബന്ധത്തെ അടിമത്തത്തിൽനിന്ന് വ്യതിരിക്തമാക്കുന്നത് എങ്ങനെയെന്ന് ഈ ലേഖനം ചൂണ്ടിക്കാട്ടുന്നു. തൊഴിലുടമ - തൊഴിലാളി ബന്ധങ്ങളെ വിവരിക്കുന്ന 'കൊഴമുതലാഴ്മ' എന്ന ലേഖനവും അദ്ദേഹം വിദ്യാസംഗ്രഹത്തിൽ പ്രസിദ്ധീകരിച്ചു. 'കൊഴമുതലാഴ്മ' ഒരു പുസ്തകപരിചയമാണ്. രാമരായർ എഴുതിയ ഭൂവുടമസ്ഥതകളെ സംബന്ധിച്ച പുസ്തകത്തെ അഭിനന്ദിച്ചു കൊണ്ട് നടത്തുന്ന ചർച്ച തിരുവിതാംകൂറിലെ ഭൂവുടമസ്ഥത സംബന്ധമായ വിവരണം നിർവ്വഹിക്കുന്നതോടൊപ്പം പണത്തിന്റെ മൂല്യത്തകർച്ച, പണപ്പെരുപ്പത്തിന്റെ ദൂഷ്യം, കൊഴവന്മാരുടെ ദൈന്യം തുടങ്ങിയ സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങളുടെ നിരൂപണമായി വികസിക്കുന്നു. വിദ്യാഭ്യാസ പ്രവർത്തനത്തിൽ ശാസ്ത്ര പഠനത്തിന്റെ ആവശ്യകത ബോധ്യപ്പെട്ട ഒരു വിദ്യാഭ്യാസ വിചക്ഷണനാണ് ഈ ലേഖനത്തിലൂടെ

പ്രദർശിപ്പിക്കപ്പെടുന്നത്. ഒരു സാധാരണ ലേഖനമെന്നതിനപ്പുറം ശാസ്ത്രബോധമുള്ള സമൂഹസൃഷ്ടിക്കായി ശ്രമിക്കുന്ന ഒരു വിദ്യാഭ്യാസ പ്രവർത്തകന്റെ വീക്ഷണങ്ങളായി ഈ ലേഖനങ്ങളെ വിലയിരുത്താം.

### 2.7.6 അന്തരീക്ഷം

അന്തരീക്ഷം എന്ന തലക്കെട്ട് ഉൾക്കൊള്ളുന്ന ലേഖനം ശരിക്കും ഒരു പാരിസ്ഥിതിക പഠനമാണ്. ഇതിലുള്ള നിരവധി മലയാള വാക്കുകൾ ഭാഷയ്ക്ക് മുതൽ കൂട്ടാണെന്നതിൽ സംശയമില്ല. അന്തരീക്ഷം, അതിലടങ്ങിയ രാസഘടകങ്ങൾ എന്നിവയ്ക്ക് തനതായ മലയാളവാക്കുകൾ സ്വീകരിച്ചത് പ്രശംസനീയം തന്നെ.

| | | |
|---|---|---|
| ക്ലൈമറ്റ് | - | ദ്വിഗായു |
| ഹൊറൈസൻ | - | ചക്രവാളം |
| മാത്തലിയ | - | സ്തനപായികൾ |
| ഗ്യാസസ് | - | ബാഷ്പങ്ങൾ |
| കെമിസ്റ്റ് | - | രാസായനൻ |
| ഓക്സിജൻ | - | അമ്ലകരബാഷ്പം |
| നൈട്രജൻ | - | യവക്ഷാരബാഷ്പം |
| നൈട്രിക് ആസിഡ് | - | യവക്ഷാരാമ്ലം |
| കാർബോണിക് ആസിഡ് | - | അംഗരാമ്ലം |
| അമോണിയം | - | അമോണിയ |
| ഹൈഡ്രജൻ | - | ജലബാഷ്പം |
| ലംഗ്സ് | - | പപ്ഫുസ് |
| കെമിക്കൽ അഫിനിറ്റി | - | രസായന സമ്പർക്കശക്തി |
| ജിയോളജി | - | ഭൂവിദ്യ |
| കാർബൺ | - | അംഗാരം |

''ഭൂമി ഉരുണ്ടതാകുന്നു എന്നുള്ളതു' എന്ന ലേഖനം ശാസ്ത്രവിജ്ഞാനത്തെ അറിഞ്ഞാദരിക്കുന്ന ഒന്നാണ്. 'അന്തരീക്ഷം' ആകാശത്തുള്ള ഗോളങ്ങളെക്കുറിച്ച് 'ഇരുമ്പുപാദയുടെയും ആവിവണ്ടിയുടെയും ആരംഭം' എന്നീ ലേഖനങ്ങൾ പേരുകൾ സൂചിപ്പിക്കുന്നതുപോലെ ശാസ്ത്രത്തിന്റെയും ടെക്നോളജിയുടെയും മേഖലകളിൽ ഉണ്ടായിട്ടുള്ള പാശ്ചാത്യ വിജ്ഞാനത്തെ വിശദമാക്കുവാനുള്ള ശ്രമങ്ങളാണ്.

### 2.7.7 വിദ്യാസംഗ്രഹം മുന്നോട്ടുവെയ്ക്കുന്ന ആധുനികീകരണ ചിന്തകൾ

'വിദ്യാസംഗ്രഹ'ത്തിലെ ഭാഷ ആസ്വാദനത്തിൽ പ്രയാസം വരുത്തിയിട്ടുണ്ട്. ചിഹ്നവ്യവസ്ഥകളിലെ അശ്രദ്ധയും വാക്യഘടനയിലെ സങ്കീർണ്ണതയും അതിനൊരു കാരണമാണ്. ഇന്ന് പ്രയോഗത്തിൽ ഇല്ലാത്ത പലപദങ്ങളും 'വിദ്യാസംഗ്രഹ'ത്തിൽ ഉപയോഗിച്ചിരിക്കുന്നു. പക്ഷേ നിയതമായ വ്യാകരണ നിയമങ്ങൾ നിലവിലില്ലാ തിരുന്ന കാലത്ത് ഇത്തരം പ്രയോഗങ്ങൾ സ്വാഭാവികമാണ്.

പദ്യവിരചിതമായ സാഹിത്യങ്ങൾ നിലവിലുണ്ടായിരുന്ന കാലഘട്ടത്തിൽ ഗദ്യത്തെ പരിപോഷിപ്പിച്ചുകൊണ്ട് രചനകൾ നടത്തി. വായനക്കാരെ അതിലേക്ക് കൂടുതൽ അടുപ്പിച്ച് ഗദ്യവികാസത്തിന് വഴിതെളിച്ചതും എടുത്തു പറയത്തക്ക നേട്ടമാണ്. പുതിയ പദപ്രയോഗങ്ങൾ 'വിദ്യാസംഗ്രഹ'ത്തിൽ കാണാം. ഈ എന്ന ദീർഘാക്ഷരത്തെ ംരം എന്ന് എഴുതിക്കാണിക്കുന്നത് വിദ്യാസംഗ്രഹത്തിൽ കാണാം.

'വിദ്യാസംഗ്രഹ'ത്തിൽ അക്കങ്ങൾക്ക് റോമൻ ലിപി ഉപയോഗിക്കാതെ മലയാള അക്കങ്ങൾ തന്നെ കൊടുത്തിരിക്കുന്നു. ഇതിലെ ലേഖനങ്ങൾ വായിക്കുമ്പോൾ ചില സമുദായങ്ങളോട് പ്രത്യേക താല്പര്യം ഉള്ളതായി കാണാം. ജോർജ് മാത്തൻ താഴെക്കിടയിലെ ജനങ്ങൾക്ക് വേണ്ടി ഒരുപാട് പ്രവർത്തിച്ചിരുന്നു. ഇതരസമുദായ ത്തിലെ ജനങ്ങളോടും അദ്ദേഹം മാന്യത പുലർത്തിയിരുന്നു. മതപ്രചാരണമാണ് മിഷണറിമാരുടെ ലക്ഷ്യമെങ്കിലും അവരുടെ സേവനങ്ങൾ 'വിദ്യാസംഗ്രഹ'ത്തിൽ നിന്ന് വായിച്ചെടുക്കാവുന്നതാണ്. വിദ്യാഭ്യാസരംഗത്തും കാർഷിക മേഖലയിലും അവർ നിരവധി

നേട്ടങ്ങൾ കൈവരിച്ചു. നിരവധി പ്രസിദ്ധീകരണങ്ങൾ അവർ തുടങ്ങി. ഇതെല്ലാം സാഹിത്യം, ഭാഷ എന്നിവയുടെ വികാസത്തിന് വളരെയധികം സഹായിച്ചു. 'വിദ്യാസംഗ്രഹ'ത്തിലെ ഉള്ളടക്കത്തിൽ സമസ്തമേഖലകളും കൈകാര്യം ചെയ്യാൻ ശ്രമിച്ചു. ആധുനികീകരണ പ്രക്രിയയിൽ 'വിദ്യാസംഗ്രഹം' വലിയ സംഭാവനതന്നെ യാണ് നല്കിയിരിക്കുന്നത്.

കേരളത്തിലെ ആദ്യത്തെ കോളേജ് മാഗസിൻ ആയ വിദ്യാസംഗ്രഹം അവിടെയുള്ള വിദ്യാർത്ഥികളിൽ ചിന്താശക്തി വർദ്ധിപ്പിക്കുന്നത് വളരെയധികം സഹായിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ വായിക്കാനും വായിപ്പിക്കാനും പ്രേരിപ്പിച്ചവരായി രുന്നു മിഷണറിമാർ. അതിന് അവരുടെ വിദ്യാസംഗ്രഹം വളരെയധികം ഉപകാര പ്രദമായി. പുതിയ പുതിയ വാക്കുകളും പ്രയോഗങ്ങളും വിദ്യാർത്ഥികൾക്ക് വിദ്യാസംഗ്രഹത്തിലൂടെ സുപരിചിതമായി കൊടുക്കാൻ മിഷണറിമാർക്ക് കഴിഞ്ഞു. ഗദ്യത്തിനോട് താല്പര്യം തോന്നിക്കുന്ന നിരവധി ലേഖനങ്ങളാൽ സമ്പന്നമാണ് വിദ്യാസംഗ്രഹം.

## 2.9 സംഗ്രഹം

ജാതികേന്ദ്രിതമായ സാമൂഹ്യ വ്യവസ്ഥയിൽ അസ്വതന്ത്രരായി കഴിഞ്ഞ മർദ്ദിത ജനവിഭാഗങ്ങൾക്കിടയിൽ മിഷണറിമാർ നടത്തിയ മതപ്രബോധന പരിവർത്തന ശ്രമങ്ങൾ കേരളത്തിന്റെ സാമൂഹികമായ നവീകരണത്തിനു കാരണമായി. അടിമകളുടെ മോചനം വിദ്യാഭ്യാസ പ്രക്രിയയിലൂടെ സാധ്യമാക്കാ നാണ് മിഷണറിമാർ ശ്രമിച്ചത്. നിലവിലുള്ള സാമൂഹ്യഘടന നിഷിദ്ധമാക്കിയിരുന്ന വിജ്ഞാനത്തെ അവർ സാമാന്യജനതയിലേക്കെത്തിച്ചു. മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചക്കും, വികാസത്തിനും ക്രിസ്തുമത പ്രചാരണവും മതപരിവർത്തനങ്ങളും കാരണമായി. അർണോസ് പാതിരി, ക്ലമെന്റ് പാതിരി, ഹെർമൻ ഗുണ്ടർട്ട് തുടങ്ങിയ വൈദേശിക പാതിരിമാരും കരിയാറ്റിൽ ഔസേപ്പ് മൽപ്പാൻ, പാറേമ്മാക്കൽ തോമാ കത്തനാർ, ജോസഫ് ഫെൻ, കല്ലൂർ ഉമ്മൻ ഫിലിപ്പോസ്, യാക്കോബ് രാമവർമ്മ, ആർച്ച്

ഡീക്കൻ കോശി, ആർച്ച് ഡീക്കൻ ഉമ്മൻ മാമ്മൻ, ജോർജ് മാത്തൻ തുടങ്ങിയ തദ്ദേശീയ പാതിരിമാരും ഇതിന് നേതൃത്വം നൽകി. ആധുനിക പ്രസ്സുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സാമൂഹിക പരിവർത്തനത്തിന്റെ ഉപാധികളായി. സാഹിത്യത്തെ സമ്പന്നമാക്കുന്നതിലും പുതിയൊരു വിജ്ഞാനഭാഷയെ രൂപപ്പെടുത്തുന്നതിലും അവർ ശ്രദ്ധചെലുത്തി. വിദേശീയരും തദ്ദേശീയരുമായ മിഷണറി പ്രവർത്തകർ കേരള സാഹിത്യ ലോകത്തിന് അത്രതന്നെ പരിചിതമല്ലാതിരുന്ന ഗദ്യത്തെ പരിപോഷിപ്പിച്ചു. മതപ്രചാരണത്തിനുവേണ്ടിയായിരുന്നു ഈ ശ്രമമെങ്കിലും പിൽക്കാലത്ത് ഇതെല്ലാം ഭാഷയ്ക്കും സാഹിത്യത്തിനും മുതൽക്കൂട്ടായി. ഗദ്യകൃതികളും പദ്യകൃതികളും വ്യാകരണകൃതികളുംകൊണ്ട് അവർ ഭാഷാസാഹിത്യമണ്ഡലത്തിന് പുത്തൻമാതൃകകൾ നൽകി. സ്വതന്ത്രകൃതികളും ആംഗല കൃതികളെ മൂലമാക്കിയുള്ള വിവർത്തനകൃതികളും ഭാഷയുടെ കരുത്ത് വർദ്ധിപ്പിച്ചു. വേദപുസ്തകങ്ങളും വ്യാഖ്യാനങ്ങളും മതപ്രചരണ ണാർത്ഥമുള്ള ലഘുഗ്രന്ഥങ്ങളും തുടങ്ങിവെച്ച ഭാഷാപ്രവർത്തനങ്ങൾ ഭാഷാസാഹിത്യ മണ്ഡലത്തെ ക്രമേണ വൈജ്ഞാനികമായി ഉയർത്തിക്കൊണ്ടുവന്നു.

നാട്ടുമിഷണറിപ്രവർത്തകനായ ജോർജ്മാത്തൻ തന്റെ രചനകളിലൂടെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ ഇടപെടലുകൾ നടത്തി. ആധുനിക വിദ്യാഭ്യാസ സിദ്ധാന്തങ്ങൾക്ക് രൂപം നൽകി. 'സത്യവാദഖേടം' മതപരമായതും സന്മാർഗപരവുമായ വിഷയങ്ങളെ പ്രതിപാദിച്ചപ്പോൾ 'ബാലാഭ്യസനം' വിദ്യാഭ്യാസ ചിന്തകളും 'സംവാദം', 'സംയുക്തി' തുടങ്ങിയ വിവർത്തന കൃതികൾ തത്വജ്ഞാനവും 'മലയാഴ്മയുടെ വ്യാകരണം' ഭാഷയും വ്യാകരണ കാര്യങ്ങളും ചർച്ചചെയ്തു. ഇവ കൂടാതെ മറ്റ് പ്രസിദ്ധീകരണങ്ങളിൽ അച്ചടിച്ചുവന്നതും വ്യത്യസ്ത വിഷയങ്ങൾ പ്രതിപാദിക്കുന്നതുമായ ലേഖനങ്ങളിലൂടെയും ജോർജ് മാത്തൻ കേരളീയ സമൂഹത്തോട് വൈജ്ഞാനിക സംവാദം നടത്തി.

അധ്യായം 3

# മലയാള വ്യാകരണവും ജോർജ് മാത്തനും

## 3.0 ആമുഖം

ഭാഷ വളരുകയും പരിണമിക്കുകയും ചെയ്യുന്നതിനനുസരിച്ച് വ്യാകരണ നിയമങ്ങളിലും സങ്കൽപ്പങ്ങളിലും മാറ്റമുണ്ടാകും. അങ്ങനെ വ്യത്യസ്ത കാലഘട്ടങ്ങളിൽ മലയാളഭാഷാസംബന്ധിയായ നിരവധി വ്യാകരണരചനകൾ ഉണ്ടായി. ഓരോ വ്യാകരണകൃതിയും ഉണ്ടായ കാലത്തെ ഭാഷാസവിശേഷതകൾ അവയിൽ പ്രതിഫലി ക്കുന്നു. ഭാഷയുടെ വികാസപരിണാമങ്ങൾ മനസ്സിലാക്കാൻ ആ കാലഘട്ടങ്ങളിലെ വ്യാകരണരചനകൾ കൂടുതൽ സഹായകമാണ്. പ്രാചീന കൃതികളിലെ ഭാഷ മനസ്സിലാ ക്കണമെങ്കിൽ അന്നത്തെ ഭാഷയെ സംബന്ധിക്കുന്ന വ്യാകരണം ആവശ്യമാണ്. 'ലീലാതിലക'ത്തിനുശേഷം ഇവിടെ ഉണ്ടായ വ്യാകരണകൃതികൾ വിദേശമിഷണറി മാരുടെതായിരുന്നു. എന്നാൽ വിദേശമിഷണറിയെപ്പോലെത്തന്നെ സ്വദേശിയരായ മിഷണറിമാരും വ്യാകരണകൃതികൾ രചിച്ചിട്ടുണ്ട്. ഒരു മലയാളിയെഴുതിയ മലയാള ത്തിലെ ആദ്യത്തെ വ്യാകരണകൃതിയാണ് 'മലയാഴ്മയുടെ വ്യാകരണം.' ജോർജ്ജ് മാത്തന്റെ മലയാഴ്മയുടെ വ്യാകരണം കേരളത്തിന്റെ ആധുനികീകരണ പ്രക്രിയയിൽ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

## 3.1 മലയാള വ്യാകരണചരിത്രം

കേരളത്തിലെ സാമാന്യജനങ്ങളുടെ ഭാഷയായ മലയാളത്തിന് വ്യാകരണഗ്രന്ഥങ്ങൾ ഉണ്ടാവാൻ തുടങ്ങിയത് 18-ാം നൂറ്റാണ്ടിൽ മാത്രമാണ്. അതുവരെ

സാമാന്യജനങ്ങളുടെ ഭാഷ പഠിക്കാൻ ആരും ശ്രമിച്ചില്ല. അന്ന് മലയാള ഭാഷാപഠനം അധഃസ്ഥിതമായിട്ടാണ് കണക്കാക്കപ്പെട്ടിരുന്നത്. എന്നാൽ 18-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ മലയാളഭാഷാപഠന രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളുണ്ടായി. ഭാഷാപഠനത്തിൽ താല്പര്യമുണ്ടായിരുന്ന പാശ്ചാത്യ മിഷണറിമാരുടെയും ഉദ്യോഗസ്ഥരുടെയും ആഗമനമായിരുന്നു അതിന് കാരണം. പാശ്ചാത്യശക്തികൾ ഇന്ത്യയിലൊട്ടാകെയും പ്രത്യേകിച്ച് കേരളത്തിലും അധികാര മുറപ്പിച്ചിരുന്ന കാലമായിരുന്നു അത്. വിദേശകച്ചവടസംഘങ്ങളോടൊപ്പം ഇവിടെ എത്തിച്ചേർന്ന ക്രിസ്ത്യൻ മിഷണറിമാർ സംഘടിത മതപ്രചാരണമാരംഭിച്ചു. ജാതീയമായി താണനിലയിലുള്ള സാധാരണജനങ്ങളെയാണ് അവർ ആദ്യം മതപരിവർത്തനം നടത്തിയത്. ജാതിയുടെ പേരിൽ അടിച്ചമർത്തപ്പെട്ടിരുന്ന അവർ അതിൽനിന്നും മോചനം നേടാൻവേണ്ടി പുതിയ മതത്തിന്റെ പിന്നാലെ സഞ്ചരിച്ചു.

വിദേശീയരായ മിഷണറിമാർക്ക് തങ്ങളുടെ മതതത്വങ്ങൾ നാട്ടുകാരെ പഠിപ്പിക്കണമെങ്കിൽ സാധാരണക്കാരന്റെ ഭാഷ പഠിക്കാതെ നിവൃത്തിയില്ലെന്നായി. ഭാഷാപണ്ഡിതന്മാരായ അവർ മലയാളഭാഷ പഠിക്കാൻ ശ്രമിച്ചു. ഔദ്യോഗിക രംഗത്തും അധികാരമുറപ്പിക്കാൻ പ്രയത്നിച്ചുകൊണ്ടിരുന്ന വിദേശികൾക്ക് നാട്ടുകാരു മായി സംവദിക്കണമെങ്കിൽ അവരുടെ ഭാഷ അറിഞ്ഞേ കഴിയൂ എന്ന നിലവന്നു. ഈ സാഹചര്യത്തിലാണ് വിദേശികൾ മലയാളഭാഷ പഠിക്കാൻ തയ്യാറാവുകയും തത്ഫലമായി കുറെ വ്യാകരണഗ്രന്ഥങ്ങൾ ഉണ്ടാക്കുകയും ചെയ്തത്. പക്ഷേ അവയെല്ലാം വിദേശികൾക്കുവേണ്ടി വിദേശഭാഷയിൽ എഴുതപ്പെട്ടവയായിരുന്നു. ഇത്തരം വ്യാകരണകൃതികൾ ഇവിടെ എത്തിച്ചേരുന്ന വിദേശമിഷണറിമാർക്ക് നാട്ടുഭാഷ പഠിക്കുന്നതിന് സഹായകമായി.

ആദ്യമായി മലയാളഭാഷയ്ക്ക് ഒരു വ്യാകരണഗ്രന്ഥമെഴുതിയത് ഡോ:ആഞ്ചലോസ് ഫ്രാൻസിസ് ആണ്. വാരാപ്പുഴ മെത്രാപ്പൊലീത്ത ആയിരുന്ന അദ്ദേഹം 1700-ൽ

'Grammatica Linguae Vulgaris Malabaricas' എന്ന ഗ്രന്ഥം രചിച്ചു. പേരിൽനിന്നു വ്യക്തമാകുന്നതുപോലെ ഇത് മലബാറിലെ ജനങ്ങളുടെ വാമൊഴിയുടെ വ്യാകരണമായിരുന്നു. പക്ഷേ നാട്ടുകാർക്ക് അത് ഉപയോഗ പ്രദമായിരുന്നില്ല. ഇതിന്റെ പ്രതികൾ ഇന്നു ദുർല്ലഭമാണ്. ബോർജിയോ കർദ്ദിനാളിന്റെ ഗ്രന്ഥശാലയിലും വത്തിക്കാൻ ഗ്രന്ഥശേഖരണത്തിലും മാത്രമേ ലഭ്യമായിട്ടുള്ളൂ. മലയാളത്തിന് ഒരു വ്യാകരണം അടുത്തതായി രചിച്ചത് അർണ്ണോസ് പാതിരിയാണ്. അദ്ദേഹത്തിന്റെ 'ഗ്രന്ഥഭാഷയുടെ വ്യാകരണം' 1730-ൽ രചിക്കപ്പെട്ടു. സംസ്കൃതരീതിയിൽ എഴുതപ്പെട്ട ഈ കൃതി വിശേഷവ്യവഹാരമായ സാഹിത്യഭാഷയുടെ വ്യാകരണമായിരുന്നു. സംസ്കൃതത്തിലെ സിദ്ധരൂപത്തെയും മറ്റും അടിസ്ഥാനമാക്കിയാണ് അദ്ദേഹം ഗ്രന്ഥരചന നടത്തിയത്. അതിനാൽ കേരളത്തിലെ സാമാന്യജനങ്ങളുടെ വ്യവഹാരഭാഷയായ മലയാളവുമായി അതിനുവേണ്ടത്ര ബന്ധമില്ലാതെപോയി. അതിനുശേഷം ജോൺ ബാപ്റ്റിസ്റ്റ് മെറിയുടെ 'Grammatical Latino Malabarica' (1772) വ്യാകരണകൃതിയുണ്ടായി. അവ ലത്തീൻ ഭാഷയിലെഴുതപ്പെട്ടവയായതിനാൽ നാട്ടുകാർക്ക് പ്രയോജനപ്പെടുന്ന വയായിരുന്നില്ല. മാത്രമല്ല ലത്തീൻ അറിയാവുന്ന ഒരു ന്യൂനപക്ഷത്തിനിടയിൽ മാത്രമേ അവയ്ക്കു പ്രചാരം ലഭിച്ചിരുന്നുള്ളൂ.

റോബർട്ട് ഡ്രമ്മണ്ടാണ് മലയാളഭാഷയ്ക്ക് ഒരു വ്യാകരണമെഴുതിയ ആദ്യത്തെ ഇംഗ്ലീഷുകാരൻ. 'Grammar of the Malabar Language' കമ്പനി ഉദ്യോഗസ്ഥന്മാരെ നാട്ടുഭാഷ പഠിപ്പിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ 131 പുറങ്ങളുള്ള ഒരു ലഘുവ്യാക രണഗ്രന്ഥമാണ്. 13 പാഠങ്ങളിലായി അക്ഷരമാലാ ഭേദകങ്ങൾ, ലിംഗം, സർവനാമം, ക്രിയ, ക്രിയാവിഭാഗങ്ങൾ, വാക്യരീതി, സന്ധി എന്നീ വിഭാഗങ്ങൾ ചർച്ച ചെയ്യുന്നു. പാശ്ചാത്യവ്യാകരണ രചനാസമ്പ്രദായത്തിൽ എഴുതപ്പെട്ട ഈ കൃതി പില്ക്കാലത്ത് മലയാള വ്യാകരണം രചിക്കാൻ ശ്രമിച്ച വിദേശികൾക്ക് മാർഗദർശകഗ്രന്ഥമായി മാറി.

മദ്രാസിലെ ഈസ്റ്റിന്ത്യാകമ്പനി ഓഫീസിൽ ജോലി ചെയ്തിരുന്ന എഫ്.സ്പ്രിംങ്ങ് എ.എം. 1839-ൽ എഴുതിയ 'Outline of a Grammar of the Malayalam Language as Spoken in the Province of North and South Malabar and Kingdom of Travancore and Cochin' എന്ന കൃതിയാണ് പ്രധാനപ്പെട്ട മറ്റൊരു വ്യാകരണം. ഇംഗ്ലീഷുകാർക്കും മറ്റും മലയാളം പഠിക്കുന്നതിനുവേണ്ടിയാണ് ഈ കൃതി രചിച്ചതെന്ന് അദ്ദേഹം വ്യക്തമാക്കിയിരിക്കുന്നു. 94 പുറങ്ങളുള്ള ഈ ഗ്രന്ഥത്തിൽ ആറു വിഭാഗങ്ങളും ഒരനുബന്ധവുമുണ്ട്. ഒന്നാം ഭാഗത്തിൽ ലിപികളും രണ്ടാം ഭാഗത്തിൽ ശബ്ദവിഭാഗവും മൂന്നാം ഭാഗത്തിൽ സർവ്വനാമവുമാണ് പ്രതിപാദ്യം. നാലാം വിഭാഗത്തിൽ കൃതികാലം എന്നിവയാണുള്ളത്. ഗതി, ഘടകം, വ്യാക്ഷേപകം മുതലായവ അഞ്ചാംഭാഗത്തിലും, വിഭക്തി, വാക്യരചന എന്നിവ അവസാനത്തെ വിഭാഗത്തിലും ചർച്ച ചെയ്യുന്നു. ഓരോ വിഭാഗത്തിനും നിരവധി ഉപവിഭാഗങ്ങളുണ്ട്. ഇവയ്ക്കു പുറമെ 22 പുറം അനുബന്ധമായി മാറ്റിവെച്ചിരിക്കുന്നു. എ, ഒ എന്നീ സ്വരങ്ങൾക്കു ഹ്രസ്വദീർഘഭേദം കാണിക്കുന്ന പ്രത്യേക ചിഹ്നങ്ങൾ ഇല്ലെന്നത് ഇതിലെ ലിപിവിന്യാസത്തിന്റെ ഒരു സവിശേഷതയാണ്.

ജോസഫ് പീറ്റിന്റെ 'A grammar of the Malayalam Language Spoken in the Principalities of Travancore and Cochin and the District of North and South Malabar' എന്ന ഗ്രന്ഥം അന്നത്തെ തിരുവിതാംകൂർ മഹാരാജാവിന് സമർപ്പിക്കപ്പെട്ട ഒരു കൃതിയാണ്. സി.എം.എസ്. മിഷണറിയായ ഇദ്ദേഹം 1841-ൽ കോട്ടയത്തുനിന്നും ഇത് പ്രസിദ്ധീകരിച്ചു. 218 പുറങ്ങളിലായി എഴുതപ്പെട്ടിട്ടുള്ള ഒരു ദ്വിഭാഷാവ്യാകരണ മാണിത്. അന്ന് പണ്ഡിതഭാഷകളായിരുന്ന തമിഴിന്റെയും സംസ്കൃതത്തിന്റെയും താഴെയായി പണ്ഡിതൻമാരുടെ പരിഗണനയർഹിക്കാതെ വെറും സാമാന്യ വ്യവഹാരത്തിനുമാത്രം ഉപയുക്തമായ നിലയിൽ വർത്തിച്ചിരുന്ന ഒരു ഭാഷയായിരുന്നു മലയാളം. ആ ഭാഷ പഠിക്കാനോ വികസിപ്പിച്ചെടുക്കാനോ ഒരു ഭാഷാപണ്ഡിതനും മുന്നോട്ടുവന്നില്ല. അതിനാൽ ഒരു നാട്ടുഭാഷാപണ്ഡിതനും മലയാള ഭാഷയ്ക്ക് ഒരു വ്യാകരണഗ്രന്ഥം പോലും രചിച്ചിട്ടില്ലായിരുന്നു. അതുകൊണ്ടുതന്നെ

മലയാളത്തിന് സാമാന്യവ്യവഹാരത്തിന്റെ തലത്തിൽനിന്നുയരാൻ കഴിയാതെ അധഃസ്ഥിതാവസ്ഥ യിൽ കഴിയേണ്ടിവരുകയും അതിന് അഭിവ്യക്തിയോ അഭിവൃദ്ധിയോ ഉണ്ടാകാതെ പോവുകയും ചെയ്തു. പീറ്റിന്റെ വ്യാകരണ രചനയുടെ ലക്ഷ്യങ്ങൾ മലയാളഭാഷ പഠിക്കാനാഗ്രഹിക്കുന്ന ഒരു വിദേശീയനെ സഹായിക്കുക, ഇംഗ്ലീഷുഭാഷാപരിജ്ഞാന മുള്ള സ്വദേശീയരെ മനോഹരമായ അവരുടെ മാതൃഭാഷ പഠിപ്പിക്കാനും പരിഷ്കരിക്കാനും സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, നാട്ടുകാരുടെ സഹായത്തോടുകൂടി നാട്ടുഭാഷയിൽ പൊതുവിദ്യാഭ്യാസം നടപ്പാക്കുക എന്നിവയായി രുന്നു. അക്ഷരമാല, നാമം, വചനം, വിഭക്തി, സർവ്വനാമം, ക്രിയ, കാലം, ക്രിയാ വിഭാഗങ്ങൾ, വാചകരീതി എന്നിവ ഇതിൽ ചർച്ചചെയ്തിട്ടുണ്ട്. ഒടുവിലത്തെ 17 പുറങ്ങളിലായി രാജകീയവിളംബരങ്ങൾ, വാണിജ്യപരമായ കത്തിടപാടുകൾ തുടങ്ങി വിവിധതരത്തിലുള്ള മാതൃകകൾ, ആചാരവിശേഷങ്ങൾ എന്നിവയടങ്ങുന്ന ഒരനുബന്ധവും ചേർത്തിട്ടുണ്ട്. അപൂർണ്ണമായ 'ഉ' കാരം (സംവൃതോകാരം) മലയാളത്തിലുണ്ടെന്നു ചൂണ്ടിക്കാണിച്ച ആദ്യത്തെ വിദേശീയ വൈയാകരണൻ പീറ്റാണ്.

മലയാളഭാഷയ്ക്ക് ശാസ്ത്രീയമായൊരു വ്യാകരണം ലഭിച്ചത് ഡോ.ഹെർമ്മൻ ഗുണ്ടർട്ടിന്റെ പരിശ്രമഫലമായാണ്. അദ്ദേഹത്തിന്റെ 'മലയാളഭാഷാവ്യാകരണം' എന്ന കൃതിയുടെ ആദ്യഭാഗം 1851-ൽ പ്രസിദ്ധീകൃതമായി. അതിനുശേഷം ഈ ഗ്രന്ഥം സമ്പൂർണ്ണമായി 1868-ൽ പുറത്തുവന്നു. ഗാർത്തു വൈറ്റിന്റെ സഹായസഹകരണ ങ്ങളോടെയാണ് അത് പൂർത്തീകരിക്കാൻ ഗുണ്ടർട്ടിനു കഴിഞ്ഞത്. മലയാളത്തിലെ പില്ക്കാല വൈയാകരണന്മാരെ ഏറെ സ്വാധീനിക്കുകയും സഹായിക്കുകയും ചെയ്ത വൈദേശികഭാഷാ ശാസ്ത്രജ്ഞൻ ഗുണ്ടർട്ടുതന്നെ ആയിരുന്നു.

ഗുണ്ടർട്ട് തന്റെ വ്യാകരണത്തെ 3 ഭാഗമായി തിരിച്ചിരിക്കുന്നു. അക്ഷരകാണ്ഡം, പദകാണ്ഡം, വാചകകാണ്ഡം എന്നിവയാണവ. പാശ്ചാത്യമാതൃകയിലാണ് കൃതിയുടെ രചന. മലയാളഭാഷയെ തമിഴിന്റെ ഒരുപഭാഷയായി അദ്ദേഹം കണക്കാക്കുന്നു.

ആര്യബ്രാഹ്മണർ കേരളത്തിൽ പ്രവേശിക്കുകയും, അവരുടെ ആചാരാനുഷ്ഠാനങ്ങൾ നടപ്പിലാക്കുകയും ചെയ്തതോടെ ധാരാളം സംസ്കൃതപദങ്ങളും വാക്യങ്ങളും കേരളഭാഷയിൽ കടന്നുകൂടിയിട്ടുണ്ട്. അതിനാൽ 'നന്നൂൽ'പോലുള്ള തമിഴ് വ്യാകരണഗ്രന്ഥങ്ങളും സംസ്കൃതവ്യാകരണ നിയമങ്ങളും നോക്കിയാൽ മാത്രമേ കേരളഭാഷയുടെ വ്യാകരണം ചമയ്ക്കാൻ സാധ്യമാവൂ എന്നദ്ദേഹത്തിനഭിപ്രായമുണ്ട്. കൃതിയുടെ മുഖക്കുറിപ്പിൽ അതദ്ദേഹം ഊന്നിപ്പറയുകയും ചെയ്തിരിക്കുന്നു. വിവരണാത്മക വ്യാകരണസമ്പ്രദായമാണ് അദ്ദേഹം അനുവർത്തിച്ചിരിക്കുന്നത്. അതിനാൽ ഈ വ്യാകരണം സാഹിത്യഭാഷയുടെ വ്യാകരണമായി പരിണമിച്ചു. 'മഹാഭാരതം,' 'രാമായണം,' 'പഞ്ചതന്ത്രം' തുടങ്ങിയ കാവ്യവിവർത്തനങ്ങളിൽനിന്നും 'കേരളോത്പത്തി,' 'കണക്കുസാരം,' 'വൈദ്യശാസ്ത്രം,' മുതലായ ഗദ്യകൃതികളിൽനിന്നും ധാരാളം ഉദാഹരണങ്ങൾ അവിടവിടെ ഉദ്ധരിച്ചിട്ടുണ്ട്. പില്ക്കാല വൈയാകരൺമാർക്ക് ഒരടിസ്ഥാനഗ്രന്ഥമായിത്തീർന്നു ഗുണ്ടർട്ടിന്റെ 'മലയാളഭാഷാവ്യാകരണം'. 'റ'കാരത്തെ ഒരു വർഗ ഖരമായി കണക്കാക്കുകയും സംവൃതോകാരത്തിന്റെ മൂല്യം നിർണയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംവൃതോകാരത്തിന് 'അരയുകാരം' എന്നദ്ദേഹം പേരിട്ടിരിക്കുന്നു.

ഈ കാലമായപ്പോഴേക്കും സ്വദേശികളായ ഭാഷാപണ്ഡിതന്മാരും മലയാള വ്യാകരണരചനാരംഗത്ത് കടന്നുവന്നുതുടങ്ങി. അവരിൽ പ്രധാനിയാണ് റവ.ജോർജ് മാത്തൻ. അദ്ദേഹത്തിന്റെ 'മലയാഴ്മയുടെ വ്യാകരണം' 1863-ൽ പ്രകാശിതമായി. എന്നാൽ ഈ കൃതി ഗുണ്ടർട്ടിന്റെ വ്യാകരണം പുറത്തുവരുന്നതിനു മുൻപുതന്നെ എഴുതികഴിഞ്ഞിരുന്നു എന്ന് അദ്ദേഹം കൃതിയുടെ മുഖവുരയിൽ പറഞ്ഞിരിക്കുന്നു. ഗുണ്ടർട്ട് സാഹിത്യഭാഷയുടെ വ്യാകരണം രചിച്ചപ്പോൾ ജോർജ് മാത്തൻ സാമാന്യവ്യവഹാരഭാഷയെയാണ് തന്റെ വ്യാകരണത്തിന് ആധാരമാക്കിയത്. മാത്തന് സംസ്കൃതഭാഷാപാണ്ഡിത്യമുണ്ടായിരുന്നെങ്കിലും സംസ്കൃത വൈയാകാര ണന്മാരെ അദ്ദേഹം പിൻതുടർന്നില്ല. സ്വദേശീയനായതുകൊണ്ട് മലയാളഭാഷയുടെ സ്വത്വം ശരിക്കും കണ്ടറിയാൻ കഴിഞ്ഞു എന്നതാണ് അദ്ദേഹത്തിന്റെ വിജയം. അതിനാൽതന്നെ

മലയാളഭാഷയോട് കൂടുതൽ നീതി പുലർത്താനും ജോർജ് മാത്തനു കഴിഞ്ഞു. പൂർവ്വകാല വിദേശികൾക്കും അത്ര എളുപ്പം സാധിക്കാവുന്നതായിരുന്നില്ല. മലയാളികൾക്കുവേണ്ടി ഒരു മലയാളി മലയാളത്തിലെഴുതിയ ആദ്യത്തെ വ്യാകരണ മാണ് 'മലയാഴ്മയുടെ വ്യാകരണം' എന്നതാണ് അതിന്റെ മറ്റൊരു സവിശേഷത.

## 3.2 മിഷണറിമാരും മലയാളവ്യാകരണവും

### 3.2.1 മിഷണറി ഇതര വ്യാകരണ മാതൃകകൾ : ലീലാതിലകം

'തൊല്ക്കാപ്പിയ'വും നന്നൂലും തുടങ്ങിവച്ച പാരമ്പര്യത്തിൽനിന്നാണ് മലയാളത്തിലെ ആദ്യത്തെ വ്യാകരണഗ്രന്ഥം എന്നു വിളിക്കാവുന്ന 'ലീലാതിലകം' എഴുതപ്പെട്ടത്. 14-ാം ശതകത്തിൽ ഉണ്ടായ ലീലാതിലകം എന്ന മണിപ്രവാള ലക്ഷണഗ്രന്ഥത്തിലാണ് മലയാളഭാഷാവ്യാകരണ ചർച്ചകൾ തുടങ്ങുന്നത്. പൂർണ്ണാർത്ഥത്തിൽ ഇതൊരു വ്യാകരണഗ്രന്ഥമല്ലെങ്കിലും ഭാഷയിലെ ലിംഗം, വചനം, വിഭക്തി, സന്ധി മുതലായവ ഇതിൽ പരാമൃഷ്ടമാകുന്നു.

അജ്ഞാതനാമാവായ ഒരു മഹാപ്രതിഭയുടെ കൃതിയാണ് 'ലീലാതിലകം'. 1909-1910-ൽ 'മംഗളോദയ'ത്തിൽ കണ്ടെത്തി പ്രസിദ്ധീകരിക്കുന്നതുവരെ മലയാളികൾക്ക് ഈ കൃതിയെക്കുറിച്ച് അറിവുണ്ടായിരുന്നില്ല. അധ്യായങ്ങളെ ശില്പങ്ങൾ എന്നാണ് വ്യവഹരിച്ചിരിക്കുന്നത്. ഒന്നാം ശില്പത്തിൽ മണിപ്രവാളം ലക്ഷണം, ലക്ഷ്യം എന്നിവയാണ്. രണ്ടാം ശില്പത്തിൽ മണിപ്രവാള ശരീരത്തെ ക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. മൂന്നാം ശില്പത്തിൽ സന്ധി, നാലിൽ കാവ്യദോഷം, അഞ്ചിൽ കാവ്യഗുണം, ആറിൽ ശബ്ദാലങ്കാരം ഏഴിൽ അർത്ഥാലങ്കാരം എട്ടിൽ രസം എന്നിങ്ങനെയാണ് കൃതികൾ ഉൾപ്പെടുത്തിയിരിക്കുന്നത്. ലീലാതിലകം സൂത്രവൃത്തി മാതൃകയിലാണ് രചിച്ചിരിക്കുന്നത്. 'ഏതായാലും ലീലാതിലകം കണ്ടുകിട്ടിയതോടുകൂടി അടുത്തകാലംവരെ മലയാളം യാതൊരു വ്യവസ്ഥയും ഇല്ലാത്ത ഒരു നികൃഷ്ടഭാഷ യായിരുന്നു എന്നും മലയാളത്തിനു ഒരു

വ്യാകരണം നിർമ്മിക്കുന്നതിന് ഒരു യൂറോപ്യൻ പണ്ഡിതൻ വേണ്ടിവന്നുവെന്നുള്ള അപഖ്യാതിയും അഭിമാനക്കുറവും നീങ്ങിയല്ലോ, എന്നു സന്തോഷിക്കാം.'[1]

### 3.3. മിഷണറി വ്യാകരണ മാതൃകകൾ

മലയാളവ്യാകരണ ചരിത്രം പരിശോധിച്ചതിൽ നിന്നും വ്യാകരണ രചനാ രംഗത്ത് ലീലാതിലകത്തിനുശേഷം ഉണ്ടായ ശ്രമങ്ങൾ മിഷണറിമാരുടെ ഭാഗത്തു നിന്നാണെന്ന് കണ്ടു. മിഷണറിമാർ കേരളത്തിൽ വരുമ്പോൾ മലയാള ഭാഷയ്ക്കു വ്യാകരണം ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ഇവിടെ വന്ന വിദേശിയർക്കു ഭാഷ പഠിക്കാൻ ആദ്യം മുതല്ക്കേ മലയാളത്തിൽ വ്യാകരണഗ്രന്ഥങ്ങൾ ഉണ്ടാക്കേണ്ടത് അത്യാവശ്യമായി. പല ആവശ്യങ്ങൾക്കായി കേരളത്തിലെത്തുന്ന വിദേശിയരുടെ ആവശ്യത്തിനായി നിർമ്മിച്ചുതുടങ്ങിയവയാണെങ്കിലും മലയാളഭാഷയെ കൂടുതൽ വ്യവസ്ഥപ്പെടുത്താൻ വ്യാകരണമെന്ന ഭാഷാപഠനമേഖലയ്ക്കായി. മിഷണറിമാർ ഈ മേഖലയിൽ സംഭാവന ചെയ്ത കൃതികളെ സാമാന്യമായി പരിചയപ്പെടുത്തുന്നതിനും അവയുടെ രചനാലക്ഷ്യങ്ങൾ മലയാഴ്മയുടെ വ്യാകരണത്തെ മുൻനിർത്തി പരിശോധി ക്കുന്നതിനുമാണിവിടെ ശ്രമിക്കുന്നത്.

#### 3.3.1 വ്യവഹാര ഭാഷയുടെ വ്യാകരണം

ഇറ്റലിക്കാരനായ ബിഷപ്പ് ആഞ്ചലോസ് ഫ്രാൻസിസ് രചിച്ച 'വ്യവഹാരഭാഷയുടെ വ്യാകരണ'മാണ് ഇന്ന് കണ്ടുകിട്ടിയിട്ടുള്ളതിൽവെച്ച് ഏറ്റവും പഴക്കമുള്ള മലയാള വ്യാകരണം. 1712-ൽ ആണ് കൃതി രചിക്കപ്പെട്ടത്. ആദ്യകാലത്ത് മലയാളത്തിൽ ഉച്ചഭാഷ, നീചഭാഷ എന്നിങ്ങനെ രണ്ടുതരം ഭാഷകൾ ഉള്ളതായി മിഷണറിമാർ

---

1 ഏ.ആർ.രാജരാജവർമ്മ, കേരളപാണിനീയം, 1982, പുറം 90.

അഭിപ്രായപ്പെടുന്നു. ആഞ്ചലോസ് ഫ്രാൻസിസ് നീച ഭാഷയ്ക്ക് വേണ്ടിയാണ് ഈ വ്യാകരണം രചിച്ചിട്ടുള്ളത്.

മതപ്രചാരണത്തിനുവേണ്ടി കേരളത്തിലെത്തിയ മിഷണറിമാരെ ലക്ഷ്യമാക്കിയാണ് 'വ്യവഹാരഭാഷയുടെ വ്യാകരണം' എഴുതിയിരിക്കുന്നത്. സാധാരണക്കാരന്റെ വ്യവഹാരഭാഷയാണ് നീചഭാഷ. നീചഭാഷയിലാണ് ഈ വ്യാകരണം മുഴുവൻ അദ്ദേഹം എഴുതിയിരിക്കുന്നത്. വ്യവഹാരഭാഷയുടെ വ്യാകരണം ആ കാലത്തെ മിഷണറിമാർക്കല്ലാതെ മറ്റാർക്കും ഉപകാരപ്പെട്ടിട്ടില്ല. മലയാള വ്യാകരണ രംഗത്ത് കീഴാളരായ മനുഷ്യരുടെ ഭാഷാപഠിക്കേണ്ടതാണെന്ന വ്യത്യസ്തമായൊരു വീക്ഷണം മുന്നോട്ടുവയ്ക്കുന്ന ആദ്യ സംരംഭമാണിത്. എഴുത്തുഭാഷയിൽ നിന്നുമാറി വ്യവഹാരഭാഷയിലേയ്ക്ക് ശ്രദ്ധതിരിയുന്നു എന്നത് തന്നെയാണ് ഈ കൃതിയുടെ പ്രാധാന്യം.

### 3.3.2 അൻഫബെത്തും ഗ്രന്ഥോണിക്കോ മലബാറിക്കം സിവേ സംസ്കൃതോനിക്കം

ക്ലമന്റ് പാതിരിയാണ് ഈ ഗ്രന്ഥം എഴുതിയിരിക്കുന്നത്. മലയാള ഭാഷയുടെ അക്ഷരമാലയെ സംബന്ധിച്ച വിശദമായ വിവരണം ഈ ഗ്രന്ഥം നൽകുന്നുണ്ട്. ഈ ഗ്രന്ഥത്തിൽ മലയാളഭാഷയെക്കുറിച്ച് ലത്തീൻ ഭാഷയിലെഴുതിയ വിശദമായൊരു മുഖവുരയുണ്ട്. കേരളത്തിൽ ഗ്രന്ഥം, സംസ്കൃതം, മലയാഴ്മ എന്നിങ്ങനെ മൂന്നു ഭാഷകൾ ഉണ്ടായിരുന്നതായി ഈ ഗ്രന്ഥത്തിൽ പറയുന്നു. ഗ്രന്ഥഭാഷയും സംസ്കൃതവും ഒന്നാണെന്ന് അദ്ദേഹം പറയുന്നു. വേദഗ്രന്ഥങ്ങളും സാഹിത്യഗ്രന്ഥങ്ങളും ഈ ഭാഷയിലായിരുന്നു എഴുതിയിരുന്നത്. എന്നാൽ സാധാരണ വ്യവഹാരത്തിൽ ബ്രാഹ്മണർ പോലും മലയാഴ്മയായിരുന്നു ഉപയോഗിച്ചിരുന്നതെന്ന് ഇതിന്റെ മുഖവുരയിൽ സൂചിപ്പിക്കുന്നു.

പതിനൊന്ന് അധ്യായങ്ങളിലായി അദ്ദേഹം വ്യാകരണവിഷയങ്ങൾ ചർച്ച ചെയ്യുന്നു. സ്വരങ്ങളെയും, സ്വരങ്ങളോട് ചേർന്നു വരുന്ന സ്വരചിഹ്നങ്ങളെയും ഒന്നും രണ്ടും

അധ്യായത്തിൽ പഠനവിധേയമാക്കുന്നു. മൂന്നാം അധ്യായത്തിൽ വ്യഞ്ജനം, വ്യഞ്ജനസ്വരം എന്നിവയെ വിശദീകരിക്കുന്നു. ചില്ലുകളെക്കുറിച്ചും ഇവിടെ വിശദീകരി ക്കുന്നുണ്ട്.

### 3.3.3 ഗ്രന്ഥഭാഷയുടെ വ്യാകരണം

'ഗ്രന്ഥഭാഷ'യുടെ വ്യാകരണം ഫ്രഞ്ചുഭാഷയിലാണ് രചിച്ചിരിക്കുന്നത്. സംസ്കൃത്തിലെ 'സിദ്ധരൂപ'മാണ് ഈ കൃതിയ്ക്ക് അവലംബമായിട്ടുള്ളത്. ഇത് ഉച്ചഭാഷയുടെ വ്യാകരണമാണ്.

രൂപപ്രക്രിയയും വാക്യവിചാരവുമാണ് ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ലിപി, വർണ്ണം, അക്ഷരഘടന, സന്ധി, തുടങ്ങിയ കാര്യങ്ങളെക്കുറിച്ചൊന്നും വിവരിക്കുന്നില്ല. വ്യാകരണ സംബന്ധിയായ പല കാര്യങ്ങളും ഇതിൽ ചർച്ച ചെയ്യുന്നുണ്ട്. വർത്തമാനരൂപത്തെ ആസ്പദമാക്കിയുള്ള ക്രിയാവർഗ്ഗീകരണം, അനുപ്രയോഗങ്ങളുടെ പ്രാധാന്യം വിശദമാക്കാൻ സഹായകക്രിയകളെക്കുറിച്ചുള്ള വിലയിരുത്തൽ എന്നിവ കാണാം. കൂടാതെ വിഭക്തികളും ക്രിയകളും തമ്മിൽ പൊരുത്തം വേണമെന്ന സിദ്ധാന്തം, കർമ്മണിപ്രയോഗം ഭാഷയിൽ അപൂർവ്വമാ ണെന്ന പ്രസ്താവം, സമുച്ചയനിപാതം, ചോദ്യവാചികൾ, ക്രിയാവിശേഷണങ്ങൾ, സർവനാമങ്ങൾ, ലിംഗ പ്രത്യയങ്ങൾ എന്നിവയെക്കുറിച്ചും വിശദീകരിക്കുന്നു.

### 3.3.4 റോബർട്ട് ഡ്രമണ്ടിന്റെ വ്യാകരണം

'Grammar of the Malabar Language' എന്നാണ് കൃതിയുടെ പേര്. ഈ കൃതി രചിച്ചിരിക്കുന്നത് ഇംഗ്ലീഷ് ഭാഷയിലാണ്. മലയാളലിപിയിൽ ധാരാളം ഉദാഹരണ ങ്ങൾ കൊടുത്തിട്ടുണ്ട്. കമ്പനി ഉദ്യോഗസ്ഥന്മാർക്ക് ഭാഷാപഠനം ആയാസരഹിതമാ ക്കുന്നതിന് വേണ്ടിയാണ് അദ്ദേഹം ഈ കൃതി രചിച്ചിരിക്കുന്നത്.

13 അധ്യായങ്ങളായാണ് ഇത് വിഭജിച്ചിരിക്കുന്നത്. അക്ഷരം, വിഭാഗം, സംഖ്യ, ക്രിയാവിശേഷണം തുടങ്ങിയവയാണ് ഇതിലെ ഉള്ളടക്കം. സ്വരങ്ങൾ, വ്യഞ്ജനങ്ങൾ,

സ്വരചിഹ്നങ്ങൾ എന്നിവയെക്കുറിച്ചുള്ള വിശദീകരണം ഒന്നാം അധ്യായത്തിൽ കാണാം. പിന്നീട്, നാമവിശേഷണം, സർവ്വനാമം, ക്രിയാരൂ പാഖ്യാനം, കേവലപ്രയോജനക്രിയകൾ പുരുഷപ്രത്യയങ്ങൾ, നിഷേധരൂപങ്ങൾ, അന്യപ്രയോഗങ്ങൾ, വാക്യഘടന തുടങ്ങിയ കാര്യങ്ങളാണ് വിവരിച്ചിട്ടുള്ളത്.

### 3.3.5 എഫ്. സ്പ്രിംഗിന്റെ വ്യാകരണം

'Outlines of the Grammar of the Malayalam language as spoken in the provinces of North and South Malabar and Kingdom of Travancoare and Cochin' എന്നാണ് ഗ്രന്ഥത്തിന്റെ പൂർണ്ണമായ പേര്. അക്ഷരമാല, ലിപി, കൂട്ടക്ഷരങ്ങൾ, ഉച്ചാരണശാസ്ത്രം എന്നിവയാണ് ആദ്യ ഭാഗത്തുള്ളത്. രണ്ടാം അധ്യായത്തിൽ പദവിഭജന ചർച്ചയാണ്. മൂന്നാം അധ്യായത്തിൽ സർവ്വനാമങ്ങളെ ക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. ക്രിയകളെക്കുറിച്ചുള്ള വിശദമായ പഠനമാണ് നാലാം അധ്യായത്തിൽ, അഞ്ചാമധ്യായത്തിൽ ഗതി, ഘടകം, വ്യാക്ഷേപകം എന്നിവയെ ക്കുറിച്ചും ആറിൽ വാക്യവിചാരവുമാണ് ഉള്ളടങ്ങിയിരിക്കുന്നത്.

### 3.3.6. ജോസഫ് പീററിന്റെ വ്യാകരണം

'A Grammar of the Malayalam Language' എന്നാണ് കൃതിയുടെ പേര്. ഈ വ്യാകരണഗ്രന്ഥത്തിൽ മലയാളഭാഷയ്ക്ക് മലയാളം എന്നാണ് കൃതിയിൽ പ്രയോഗിച്ചിട്ടുള്ളത്. സ്വരങ്ങളെക്കുറിച്ചും വ്യഞ്ജനങ്ങളെക്കുറിച്ചും വർണ്ണ വികാരങ്ങളെ ക്കുറിച്ചും ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. സ്വരസന്ധി, വ്യഞ്ജനസന്ധി എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ട്. നാമം, വചനം, ക്രിയ, സർവ്വനാമം, നാമവിശേഷണം, ക്രിയാ വിശേഷണം എന്നിവയും വിശദീകരിക്കുന്നു. ഇതിലുപരി മലയാളഭാഷയുടെ ഉത്ഭവത്തെക്കുറിച്ച് ആമുഖ ചർച്ച ഈ കൃതിയിൽ ഉണ്ട്.

### 3.3.7 മലയാളഭാഷാ വ്യാകരണം

ഹെർമൻ ഗുണ്ടർട്ടാണ് 'മലയാളഭാഷാ വ്യാകരണം' എഴുതിയത്. 'സാധാരണ ക്കാർക്ക് മനസ്സിലാവുന്ന വിധത്തിൽ മലയാളത്തിൽ ആദ്യമായി എഴുതിയ വ്യാകരണ ഗ്രന്ഥമാണ് ഇത്[2] എന്നാൽ ഈ കൃതിയുടെ ഭൂരിഭാഗവും ഇംഗ്ലീഷിലുള്ള വിവരണങ്ങ ളാണ്. പിൽക്കാല വൈയാകരണന്മാരെ സ്വാധീനിച്ച കൃതിയാണിത്.

അക്ഷരകാണ്ഡം, വാചകകാണ്ഡം, പദകാണ്ഡം എന്നിങ്ങനെ മൂന്ന് അധ്യായങ്ങ ളാണ് ഇതിൽ ഉള്ളത്. ഒന്നാം അധ്യായത്തിൽ അക്ഷരങ്ങൾ, സ്വരവിശേഷങ്ങൾ, വ്യഞ്ജനവിശേഷങ്ങൾ, പദാംഗങ്ങൾ, സന്ധി എന്നീ ഉപവിഭാഗങ്ങളുണ്ട്. കർത്താവ്, ആഖ്യാതാവ്, നാമാധികാരം, ക്രിയാധികാരം, അവ്യയാധികാരം എന്നിവ ചർച്ച ചെയ്യുന്നു. സന്ധിയെക്കുറിച്ചും സാമാന്യവിശദീകരണം ഈ ഗ്രന്ഥത്തിലുണ്ട്.

**3.4 മലയാഴ്മയുടെ വ്യാകരണം**

മലയാളികൾക്കുവേണ്ടി ഒരു സ്വദേശീയൻ മലയാളഭാഷയിൽ രചിച്ച ഒന്നാമത്തെ മലയാള വ്യാകരണഗ്രന്ഥമാണ് മലയാഴ്മയുടെ വ്യാകരണം. ഒന്നാമത്തെ ഭാഷാശാസ്ത്രഗ്രന്ഥവും ഇതുതന്നെയാണ്. 1850-ന് മുൻപ് എഴുതിത്തീർത്ത് അച്ചടിക്കാൻ ഏൽപ്പിച്ചെങ്കിലും 1863-ൽ മാത്രമാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. 'A Grammar of Malayalam in the Language Itself' എന്നാണ് ഇംഗ്ലീഷിൽ ഗ്രന്ഥത്തിനു നൽകിയിരിക്കുന്ന പേര്. മലയാളത്തിലുള്ള ഗ്രന്ഥനാമത്തിനു ചുവടെ 'റവറന്റു മാത്തൻ ഗിവർഗീസു എന്ന നാട്ടുപാത്രിയാൽച്ചമയിക്കപ്പെട്ടതു' എന്ന ഗ്രന്ഥകർത്താവിനെയും ഇതിൽ സൂചിപ്പിക്കുന്നുണ്ട്.

ഭാഷാഗദ്യം വികസിക്കുന്നത് കേരളത്തിൽ ഇംഗ്ലീഷ് ഭാഷാഭ്യസനം ലഭിച്ചുതുടങ്ങിയതിനുശേഷമാണ്. മാത്തനുലഭിച്ച വിദ്യാഭ്യാസം അദ്ദേഹത്തിന്റെ ഓരോ കൃതികളിലും കാണാം. അദ്ദേഹത്തിന് മലയാഴ്മയുടെ വ്യാകരണം രചിക്കാനുള്ള കഴിവ്

---

[2] ഡോ. എൻ രാജേന്ദ്രൻ, 2008: പുറം 80.

നിരവധി ഭാഷയിലുള്ള പാണ്ഡിത്യം തന്നെയാണ്. ഭാഷയുടെ മേഖലയിൽ മാത്തൻ നൽകിയ സംഭാവനയെ അനുസ്മരിച്ച് ഉള്ളൂർ ഇങ്ങനെ എഴുതുന്നു: 'പാശ്ചാത്യസമ്പ്രദായത്തിലുള്ള ഒരു ഗദ്യപദ്ധതി ഭാഷയിൽ ഇദംപ്രഥമമായി അവതരിപ്പിച്ച് ആ പദ്ധതിയിൽ വിവിധ വിഷയങ്ങളെ അധികരിച്ച് പുസ്തകങ്ങളും ഉപന്യാസങ്ങളും രചിച്ച ഒന്നാമത്തെ കേരളീയൻ റവറന്റ് ജോർജ് മാത്തനാണ്. 1863-ൽ 'മലയാഴ്മയുടെ വ്യാകരണം' എന്ന ശാസ്ത്രഗ്രന്ഥവും അച്ചടിപ്പിച്ചു. 1851-ൽ ഗുണ്ടർട്ടു സായിപ്പിന്റെ വ്യാകരണത്തിലെ ആദ്യഭാഗം പ്രസിദ്ധീകൃതമായിക്കഴിഞ്ഞിരുന്നു. 'എങ്കിലും മലയാഴ്മയുടെ വ്യാകരണം' രചിക്കുന്ന കാലത്ത് ഗ്രന്ഥകാരന് അതു വായിക്കുവാൻ സാധിച്ചിരുന്നില്ലെന്നാണ് കേട്ടിട്ടുള്ളത്. 214 പുറങ്ങളുള്ള ആ പുസ്തകം കഥാപുരുഷന്റെ ഭാഷാഗവേഷണ കുശലതയ്ക്കു പര്യാപ്തമായ നിദർശനമാണെന്നു ചുരുക്കത്തിൽ പറയാം'.[3]

ടി.എം. ചുമ്മാറിന്റെ വീക്ഷണത്തിൽ ഗുണ്ടർട്ട്, ഗാർത്തുവെയ്റ്റ് എന്നിവരുടെ വ്യാകരണങ്ങൾക്കുശേഷമുണ്ടായ ഒരു വിശിഷ്ട കൃതിയാണ് 'മലയാഴ്മയുടെ വ്യാകരണം'. 'എന്നാൽ മലയാളത്തിന് ആധുനിക രീതിയിലുള്ള ഒരു വ്യാകരണം പ്രദാനം ചെയ്തത് റവ. മാത്തൻ ഗീവറുഗീസ് പാതിരിയാകുന്നു. 1863-ലാണു റവ. മാത്തൻ ഗീവറുഗീസ് തന്റെ മലയാഴ്മയുടെ വ്യാകരണം പ്രസിദ്ധം ചെയ്തത്. എന്നാൽ അത് അതിനു വളരെ മുമ്പുതന്നെ എഴുതിക്കഴിഞ്ഞിരുന്നുവെന്ന് ഗ്രന്ഥകർത്താവിന്റെ മുഖവുരയിൽ നിന്നും ഹെന്റി ബേക്കർ, ഇ. ജോൺസൺ എന്നീ മിഷണറി പ്രമുഖന്മാരുടെ കത്തുകളിൽനിന്നും മനസ്സിലാക്കാം. പാതിരിയുടെ മുഖവുരയിലാകട്ടെ, ഗുണ്ടർട്ടിന്റെ വ്യാകരണം പ്രസിദ്ധപ്പെടുത്തുന്നതിനു മുമ്പുതന്നെ തന്റെ വ്യാകരണത്തിന്റെ പ്രധാനഭാഗം എഴുതി അച്ചടിപ്പിക്കാൻ ഏൽപ്പിച്ചിരുന്നതാണെന്നും എന്നാൽ സാമ്പത്തിക പരാധീനതകളാൽ ഇതേവരെ പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കാതെ വന്നതാണെന്നും പ്രസ്താവിച്ചിരിക്കുന്നു.

3 ഉള്ളൂർ, 'കേരള സാഹിത്യ ചരിത്രം', വാല്യം നാല്, കേരള സർവ്വകലാശാല സീരീസ്, 1972, പുറം 147, 149.

എന്നുതന്നെയല്ല, തന്റെ വ്യാകരണമെഴുതി പ്രസ്സിൽ ഏൽപ്പിച്ചതിനുശേഷമേ ഗുണ്ടർട്ടിന്റെ വ്യാകരണം താൻ കണ്ടിട്ടുള്ളൂ എന്നും അദ്ദേഹം പറയുന്നു'.[4] റവറന്റിനുണ്ടായിരുന്ന അചഞ്ചലമായ ആത്മവിശ്വാസംമൂലം ഭാഷാവ്യാകരണമണ്ഡലത്തിൽ വളരെ വൈകിയാണെങ്കിലും വന്നെത്തിയ വെള്ളിനക്ഷത്രം തന്നെയായിത്തീർന്നു മലയാഴ്മയുടെ വ്യാകരണമെന്നാണ് ഡോ. വി.ആർ. പ്രബോധചന്ദ്രന്റെ വിലയിരുത്തൽ. 'മലയാളി മലയാളത്തിലെഴുതിയ ആദ്യത്തെ മലയാള വ്യാകരണമാണ് ജോർജ് മാത്തൻ രചിച്ച മലയാഴ്മയുടെ വ്യാകരണം ... മലയാള വ്യാകരണ സംബന്ധമായി സ്വദേശീയ നിരീക്ഷണങ്ങളുടെ മണ്ഡലത്തിൽ അക്ഷരാർത്ഥത്തിൽത്തന്നെ അദ്വിതീയമാണ് മലയാഴ്മയുടെ വ്യാകരണത്തിന്റെ സ്ഥാനം'.[5]

ജോർജ് മാത്തന്റെ നിരവധി ഭാഷകളിലെ പാണ്ഡിത്യം വ്യാകരണ രചനയെ സഹായിച്ചു. മറ്റ് ഭാഷകൾ അറിഞ്ഞിരുന്നിട്ടും മാത്തൻ മലയാളത്തിലാണ് വ്യാകരണ രചന നടത്തിയത്. ആധുനികീകരണത്തിൽ മാത്തന്റെ കൃതി വളരെയധികം പ്രാധാന്യം അർഹിക്കുന്നു. വേണ്ടത്ര പ്രാധാന്യം ഈ കൃതിയ്ക്ക് ആദ്യകാലത്ത് ആരും നൽകിയിരുന്നില്ല. ഗുണ്ടർട്ടിന്റെ 'മലയാളഭാഷാ വ്യാകരണ'ത്തിനു മുമ്പേ 'മലയാഴ്മയുടെ വ്യാകരണ' മെഴുതി എന്നതിനു തെളിവായി ഗ്രന്ഥാന്തർഗതമായ തെളിവുകളുണ്ടെന്നു പറയുന്ന ഡോ. സാമുവൽ ചന്ദനപ്പള്ളി റവ. മാത്തന്റെ തന്നെ മുഖവുരയിൽനിന്ന് ചില ഭാഗങ്ങൾ ഉദ്ധരിക്കുന്നുണ്ട്. 'ഈ ഗവേഷണനിബന്ധത്തിന്റെ അധികഭാഗവും ഗുണ്ടർട്ടിന്റെ ഗ്രന്ഥം അച്ചടിശാലയിൽനിന്നു പുറത്തിറങ്ങുന്നതിനു മുമ്പ് തയ്യാറാക്കിയ താണ് എന്ന് ഞാൻ പറയുമ്പോൾ, എന്നോട് നീതികാണിക്കുകയാണ്. ഗുണ്ടർട്ടിന്റെ ഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്ന കാലവും സ്കൂൾ ബുക്കു സൊസൈറ്റിയിൽ പ്രസാധനം

4 ഡോ. പി.ജെ. തോമസ്, 'മലയാള സാഹിത്യവും ക്രിസ്ത്യാനികളും', ഡി.സി. ബുക്സ്, കോട്ടയം, 1989, പുറം 220.

5 ഡോ. വി.ആർ. പ്രബോധചന്ദ്രൻ നായർ, 'മലയാഴ്മയുടെ വ്യാകരണം', ആമുഖപഠനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000, പുറം

ചെയ്യപ്പെട്ടുന്നതിനുവേണ്ടി പ്രേക്ഷിത സംഘത്തിന് എന്റെ കൃതി സമർപ്പിച്ചകാലവും താരതമ്യം ചെയ്യുമ്പോൾ ഈ വസ്തുത വ്യക്തമാകും. ഗ്രന്ഥത്തിന്റെ കൈയെഴുത്തു കോപ്പി പ്രസ്സിൽ നല്കിയതിനുശേഷമാണ് മുകളിൽ പരാമർശിച്ച കൃതിയുടെ (ഗുണ്ടർട്ട വ്യാകരണം) അസ്തിത്വത്തെക്കുറിച്ച് ഈയുള്ളവൻ ബോധവാനായത്'.[6]

'മലയാഴ്മയുടെ വ്യാകരണം' രചിക്കുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ച ചില കാര്യങ്ങൾ ഉണ്ടായിരുന്നു. ഭാഷയുടെ നിലനിൽപിനും ശരിയായ വളർച്ചയ്ക്കും വ്യാകരണഗ്രന്ഥങ്ങൾ കൂടിയേ തീരു എന്ന പക്ഷക്കാരനായിരുന്നു അദ്ദേഹം. മലയാളഭാഷ മറ്റ് ഭാഷകളെ അപേക്ഷിച്ച് ഒട്ടും പിന്നിലല്ലെന്നും അതിന്റെ സമ്പത്തും സൗന്ദര്യവും വർദ്ധിപ്പിക്കാൻ കഠിനാദ്ധ്വാനമാണ് വേണ്ടതെന്നും അദ്ദേഹം വിശ്വസിച്ചു. മലയാളഭാഷയെപ്പറ്റി അഭിമാനമാണ് വേണ്ടതെന്ന് അദ്ദേഹം പറയുന്നു. 'മലയാഴ്മയുടെ ജാത്യം വിചാരിക്കുമ്പോൾ അതു ഭംഗിക്കും ശക്തിക്കും ഏതു ഭാഷയോടും നേരിടത്തക്കതായിരിക്കുന്നു'[7] മലയാഴ്മയുടെ വ്യാകരണത്തിന്റെ മുഖവുരയിലെ ഈ ഭാഗവും ചേർത്തുവായിക്കാവുന്നതാണ്.

'മലയാഴ്മയുടെ വ്യാകരണം' രണ്ടു കാണ്ഡങ്ങളായി തിരിച്ചിട്ടുണ്ട്. ഒന്നാം കാണ്ഡം അക്ഷരലക്ഷണം, രണ്ടാം കാണ്ഡം പദലക്ഷണം. അക്ഷരലക്ഷണത്തെ അദ്ധ്യായ ങ്ങളും അദ്ധ്യായങ്ങളെ സർഗ്ഗങ്ങളുമാക്കി തിരിച്ചിരിക്കുന്നു. സംജ്ഞ സന്ധി എന്ന് രണ്ട് അദ്ധ്യായങ്ങളേയുള്ളൂ. അക്ഷരലക്ഷണത്തിൽ ഒന്നാം കാണ്ഡം വളരെ ശുഷ്കമായി പ്പോയി എന്നു പറയേണ്ടിയിരിക്കുന്നു. രണ്ടാം കാണ്ഡത്തിൽ പദലക്ഷണമാണു ദീർഘമായി പ്രതിപാദിച്ചിരിക്കുന്നത്. നാമം, ലിംഗം, സംഖ്യ, വിഭക്തി, സർവനാമം, വചനം സമാസം

6 ഡോ. സാമുവൽ ചന്ദനപ്പള്ളി, 'റവ. ജോർജ് മാത്തനും മലയാള ഭാഷയും', സി.എൻ.എസ്. തിരുവല്ല, 1969, പുറം 29.

7 ഡോ. സാമുവൽ ചന്ദനപ്പള്ളി, 'മിഷണറി മലയാളഗദ്യ മാതൃകകൾ', എൻ.ബി.എസ്., കോട്ടയം, 1984, പുറം 172.

കാരണക്രിയകൾ, കർമ്മണിക്രിയ, കാലം വചനാധേയങ്ങൾ അവ്യയം എന്നിവ പ്രതിപാദിക്കുന്നു.

1863-ൽ ആണ് 'മലയാഴ്മയുടെ വ്യാകരണം' പ്രസിദ്ധീകരിക്കുന്നത്. എന്നാൽ വളരെ മുമ്പുതന്നെ മലയാഴ്മയുടെ വ്യാകരണത്തിന്റെ കൈയ്യെഴുത്ത് കോപ്പി പ്രസ്സിൽ ഏൽപ്പിച്ചിരുന്നതായി മാത്തൻ സൂചിപ്പിക്കുന്നുണ്ട്.[8] ഭാഷയുടെ നിലനില്പിനും ശരിയായ വളർച്ചയ്ക്കും വ്യാകരണഗ്രന്ഥങ്ങൾ കൂടിയേ തീരൂ എന്ന അഭിപ്രായക്കാനായിരുന്നു ജോർജ് മാത്തൻ.

അക്ഷരലക്ഷണം, പദലക്ഷണം കാവ്യലക്ഷണം, വാചകലക്ഷണം എന്നിങ്ങനെ നാല് കാണ്ഡങ്ങളായി തിരിച്ചാണ് മാത്തൻ വ്യാകരണം എഴുതിയത്. ഭാഷയുടെ വ്യാകരണം എഴുതാനായിരുന്നു ഗ്രന്ഥകാരന്റെ ഉദ്ദേശ്യം. അക്ഷരലക്ഷണവും പദലക്ഷണത്തെയും കുറിച്ചുള്ള വിശദീകരണം മാത്രമേ ഈ ഗ്രന്ഥത്തിൽ ഉണ്ടായിരുന്നുള്ളൂ.

ഭാഷാശാസ്ത്രത്തിലും സാഹിത്യശാസ്ത്രത്തിലും മാത്തന് വളരെ അധികം കഴിവുണ്ടായിരുന്നു. ശാസ്ത്രീയമായ നിരീക്ഷണങ്ങളും നിഗമനങ്ങൾ മലയാഴ്മയുടെ

---

8 'പൂർവ്വോക്ത പ്രസ്താവത്തിൽനിന്നും ബാസൻ മിഷനംഗമായ ഡോ.ഗുണ്ടർട്ട് തലശ്ശേരിയിൽ നിന്നു പ്രസിദ്ധീകരിച്ച സമർത്ഥമായ വ്യാകരണഗ്രന്ഥത്തെ ഈ ഗ്രന്ഥകാരൻ വിഗണിച്ചുവെന്നോ വിലകുറച്ചു കണ്ടുവെന്നോ ധരിക്കരുത്. ഈ ഗവേഷണനിബന്ധത്തിന്റെ അധികഭാഗവും ഗുണ്ടർട്ടിന്റെ ഗ്രന്ഥം അച്ചടിശാലയിൽനിന്നു പുറത്തിറങ്ങുന്നതിനുമുൻപ് തയ്യാറാക്കിയതാണ് എന്നു ഞാൻ പറയുമ്പോൾ, എന്നോടു നീതി കാണിക്കുകയാണ്. ഗുണ്ടർട്ടിന്റെ ഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്ന കാലവും, സ്കൂൾ ബുക്കു സൊസൈറ്റിയാൽ പ്രസാധനം ചെയ്യപ്പെടുന്നതിനുവേണ്ടി പ്രേഷിത സംഘത്തിനു എന്റെ കൃതി സമർപ്പിച്ചകാലവും താരതമ്യം ചെയ്യുമ്പോൾ ഈ വസ്തുത വ്യക്തമാകും. സൊസൈറ്റിക്കു സ്വീകരിക്കുവാൻ വയ്യാത്തവണ്ണം ഉണ്ടായിരുന്ന എന്റെ ഗ്രന്ഥ വൈപുല്യവും സ്വന്തമായി അച്ചടിച്ച പ്രസിദ്ധീകരിക്കുവാനുള്ള എന്റെ സാമ്പത്തികശക്തിയും കൊണ്ട് മറ്റേതെങ്കിലും വിദ്യാഭ്യാസ സംഘടനയുടെ പേരിൽ ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ പറ്റിയ അവസരത്തിനുവേണ്ടി കാത്തിരിക്കേണ്ടിവന്നു. പക്ഷേ വളരെ നാളായിട്ടും ഒരവസരം വരാതിരുന്നതുകൊണ്ട് ഈ ഗ്രന്ഥത്തെ വിസ്മൃതിയിലേക്കു തള്ളാനുള്ള വൈമുഖ്യംകൊണ്ട് സ്വയം ഇതിന്റെ അച്ചടിച്ചെലവ് ഏറ്റെടുക്കാൻ തീരുമാനിച്ചു. ഗ്രന്ഥത്തിന്റെ കയ്യെഴുത്തുകോപ്പി പ്രസ്സിൽ നല്കിയതിനു ശേഷമാണ് മുകളിൽ പരാമർശിച്ച കൃതിയുടെ (ഗുണ്ടർട്ടിന്റെ വ്യാകരണം) അസ്തിത്വത്തെക്കുറിച്ച് ഈയുള്ളവൻ ബോധവാനായത്".

വ്യാകരണത്തിൽ ഉടനീളം കാണാം. ജോർജ് മാത്തന്റെ അഭിപ്രായത്തിൽ വ്യാകരണമെന്നത് 'ഭാഷയുടെ ലക്ഷണങ്ങളെ വിവരിക്കുകയും അതിനെ എങ്ങനെ പ്രയോഗിക്കുന്നു എന്ന് പറഞ്ഞുതരുകയും ചെയ്യുന്നതാണ്. പ്രധാനമായും രണ്ട് തരത്തിലുള്ള വ്യാകരണമാണ് ഉള്ളത്. സാധാരണ വ്യാകരണവും പ്രത്യേക വ്യാകരണവും. സാധാരണ വ്യാകരണം ഭാഷയുടെ കാതലായുള്ള ലക്ഷണങ്ങളെയും എല്ലാ ഭാഷയിലും ഒരുപോലെ കാണുന്ന നിയമങ്ങളെയും മാത്രം വിവരിക്കുന്നു. എന്നാൽ പ്രത്യേക വ്യാകരണം ഈ നിയമങ്ങളും ലക്ഷണങ്ങളും പ്രത്യേകം ഒരു ഭാഷയിൽ വരുമ്പോൾ ഉണ്ടാകുന്ന ഭാവഭേദങ്ങളെക്കുറിച്ചും ഭാഷയ്ക്കുള്ള വിശേഷ ലക്ഷണത്തെക്കുറിച്ചും വിസ്തരിക്കുന്നു.'[9]

വ്യാകരണത്തിന്റെ ആവശ്യകതയെ അദ്ദേഹം വിലയിരുത്തുന്ന രീതി പ്രശംസനീയമാണ്. 'വ്യാകരണം ഒരു ശാസ്ത്രമായിട്ടും ഒരു സൂത്രമായിട്ടും ഇങ്ങനെ രണ്ടു ഭാവത്തിൽ വിചാരിക്കപ്പെടുന്നു. ഒരു ഭാഷയെ അറിഞ്ഞിട്ടില്ലാത്തവർക്ക് അതിനെ എളുപ്പത്തിൽ പഠിച്ചുകൊള്ളുന്നതിനു ചില പ്രമാണങ്ങളെ കല്പിക്കുന്നതാകയാൽ അതു സൂത്രമാകുന്നു. ഇങ്ങനെ സംസ്കൃതത്തിൽ വ്യാകരണം പഠിച്ചാൽ ആ ഭാഷ പഠിക്കുന്നതിനു മലയാളികൾക്കും 'മലയാഴ്മയുടെ വ്യാകരണം'കൊണ്ട് അതുവശമാക്കു ന്നതിനു ഇംഗ്ലീഷുകാർക്കും എളുപ്പം ഉണ്ടാകുന്നു. എന്നാൽ മലയാളികൾ പരിചയം കൊണ്ടു മലയാഴ്മ അറിഞ്ഞിരിക്കുന്നവരാകയാൽ അവർക്ക് ആ ഭാഷയുടെ വ്യാകരണം കൊണ്ട് എന്തു ഉപകാരം എന്നു ചോദിച്ചാൽ, ഒരു ഭാഷയെ സാമാന്യമായിട്ടു പറയുന്നതിനും എഴുതുന്നതിനും പരിചയം കൊണ്ടു മനുഷ്യർക്കു വശമാകാമെങ്കിലും വ്യാകരണം പഠിക്കാതെ ആ ഭാഷയുടെ ലക്ഷണങ്ങളെയും അതിലെ പ്രയോഗങ്ങളുടെ കാരണങ്ങളെയും അറിയുന്നതിന്നു കഴിയുന്നതല്ല. എന്നാൽ വ്യാകരണം ഭാഷയുടെ

---

9 സാമുവൽ ചന്ദനപ്പള്ളി, സംവേദനം, പുറം 51.

പ്രമാണങ്ങളെയും അതിലെ പ്രയോഗങ്ങളുടെയും കാരണങ്ങളെയും കാണിക്കുന്നതാകയാൽ അത് ഒരു ശാസ്ത്രമാകുന്നു.'[10]

'മലയാഴ്മയുടെ വ്യാകരണ'ത്തിനു ജോർജ് മാത്തൻ എഴുതിയ മുഖവുരയിലെ ഏതാനും ചില ഭാഗം 'മലയാളത്തിൽ, ആ ഭാഷയിൽത്തന്നെയുള്ള ഒരു വ്യാകരണ ത്തിന്റെ അഭാവമാണ് ഈ വിഷയത്തെപ്പറ്റി എഴുതുവാൻ ഗ്രന്ഥകാരനെ പ്രേരിപ്പിച്ച ഹേതു. ഇന്നാട്ടിലെ പ്രാചീന പണ്ഡിതന്മാരായിരുന്ന ബ്രാഹ്മണർക്കു സംസ്കൃതത്തെ പ്പറ്റി ജ്ഞാനം സമ്പാദിക്കുവാനേ ഉൽകണ്ഠ ഉണ്ടായിരുന്നുള്ളൂ. നാട്ടുഭാഷയ്ക്കു തങ്ങളുടെ ശ്രദ്ധ അർഹിക്കത്തക്ക യോഗ്യത ഉള്ളതായി അവർ കണക്കാക്കിയില്ല. നാട്ടുകാരുടെ തന്നെ കൃതികളായ മറ്റൊരു വ്യാകരണവും ഇല്ലാത്തതിന്റെ കാരണവും അതാകുന്നു. ഈ ഭാഷയുടെ ദാരിദ്ര്യവും അതാകുന്നു. ഈ ഭാഷയെ ദരിദ്രവും വ്യാകരണവിധികൾക്കു പറ്റാത്തതുമായ ഒരു നാടോടി ഭാഷയായി വിദേശികൾ കണക്കാക്കിപോന്നതിന്റെ പ്രധാന കാരണവും അതുതന്നെ. വ്യാകരണം ഒരു ശാസ്ത്രമായിട്ടും ഒരു സൂത്രമായിട്ടും ഇങ്ങനെ രണ്ടു ഭാവത്തിൽ വിചാരിക്കപ്പെടുന്നു. ഒരു ഭാഷയെ അറിഞ്ഞിട്ടില്ലാത്തവർക്ക് അതിനെ എളുപ്പത്തിൽ പഠിച്ചുകൊള്ളുന്നതിനു ചില പ്രമാണങ്ങളെ കല്പിക്കുന്നതായാൽ അത് ഒരു സൂത്രമാകുന്നു. ഇങ്ങനെ സംസ്കൃതത്തിന്റെ വ്യാകരണം പഠിച്ചാൽ അത് ആ ഭാഷ പഠിക്കുന്നതിനു മലയാളികൾക്കും 'മലയാഴ്മയുടെ വ്യാകരണം' കൊണ്ടു അതു വശമാകുന്നതിനു ഇംഗ്ലീഷുകാർക്കും എളുപ്പമുണ്ടാകുന്നു. എന്നാൽ മലയാളികൾക്ക് പരിചയംകൊണ്ടു മലയാഴ്മ അറിഞ്ഞിരിക്കുന്നവരാകയാൽ അവർക്ക് ആ ഭാഷയുടെ വ്യാകരണംകൊണ്ട് എന്തുപകാരം എന്നു ചോദിച്ചാൽ, ഒരു ഭാഷയെ സാമാന്യമായിട്ടു പറയുന്നതിന്നും എഴുതുന്നതിനും പരിചയംകൊണ്ടു മനുഷ്യർക്കു വശമാകാമെങ്കിലും

[10] മലയാഴ്മയുടെ വ്യാകരണം ജോർജ് മാത്തൻ പേജ്. 2.

വ്യാകരണം പഠിക്കാതെ ആ ഭാഷയുടെ ലക്ഷണങ്ങളേയും അതിലെ പ്രയോഗങ്ങളുടെ കാര്യങ്ങളേയും അറിയുന്നതിനു കഴിയുന്നതല്ല.'[11]

'അക്ഷരലക്ഷണം, പദലക്ഷണം, വാചകലക്ഷണം, കാവ്യലക്ഷണം എന്നിങ്ങനെ നാല് കാണ്ഡങ്ങളായിത്തിരിച്ച് വ്യാകരണം എഴുതാനാണ് മാത്തൻ കരുതിയിരുന്നത്. അക്ഷരലക്ഷണമാണ് ഒന്നാം കാണ്ഡം. അക്ഷരലക്ഷണം അക്ഷരങ്ങളുടെ വിഭാഗങ്ങളെയും അതിന്റെ ഉത്ഭവത്തെയും അവയ്ക്കുണ്ടാകുന്ന മാറ്റങ്ങളെയും വിവരിക്കുന്നു. സംജ്ഞ എന്നും സന്ധി എന്നും രണ്ട് അധ്യായങ്ങൾകൂടി ഈ കാണ്ഡത്തിനുണ്ട്. ''ഗദമായും വാക്കിനു മുതലായുമിരിക്കുന്ന ശബ്ദത്തിനും അതിന്റെ അടയാളത്തിനും അക്ഷരമെന്നു പേരായിരിക്കുന്നു.'[12] ജോർജ് മാത്തൻ അക്ഷരത്തിനു കൊടുക്കുന്ന നിർവചനമാണിത്. പിന്നീട് മാത്തൻ അക്ഷരമാല ക്രമത്തെക്കുറിച്ചാണ് പറയുന്നത്. പത്തച്ചും (സ്വരങ്ങൾ) മുപ്പത്തെട്ട് ഹല്ലും (വ്യഞ്ജനം) കൂടി ആകെ 48 അക്ഷരങ്ങളെ ഉള്ളൂ എന്ന് അദ്ദേഹം പറയുന്നുണ്ട്.

അ, ആ, ഇ, ഈ, ഉ, ഊ, എ, ഏ ഒ, ഓ അച്ചുകൾ (സ്വരാക്ഷരങ്ങൾ) ക, ഖ, ഗ, ഘ, ങ, ച, ഛ, ജ, ഝ, ഞ, ട, ഠ, ഡ, ഢ, ണ, ത, ഥ, ദ, ധ, ന പ, ഫ, ബ, ഭ, മ. യ, ര, ല, വ, ശ, ഷ, സ, ഹ, ഴ, റ, റ്റ, ന് എന്നിവയാണ് ഹല്ലുകൾ (വ്യഞ്ജനാക്ഷരങ്ങൾ). മലയാളത്തിൽ അതുവരെ ഉണ്ടായിരുന്ന അക്ഷരമാലയെ ഉപേക്ഷിച്ച് പുതിയ ക്രമം സ്വീകരിച്ചതിന്റെ യുക്തി ജോർജ് മാത്തൻ വിശദീകരിക്കുന്നുണ്ട്.

'അച്ചുകളിൽ (സ്വരങ്ങളിൽ, ഋ, ൠ, ഌ,ൡ, ഐ, ഔ, അം. അഃ എന്നിവയെ മുറയ്ക്കു പറയുമ്പോൾ അവ അച്ചുകൾ അല്ലായ്ക കൊണ്ടാകുന്നു. ഋ, ൠ , ഌ, ൡ എന്നിവ ര, ല എന്നിവയുടെ വികാരങ്ങൾ ആകുന്നു. അവയിൽ ൠ, ഌ, ൡ എന്നിവ മലയാഴ്മയിൽ തീരെ

11 ജോൺ മാത്യു സി., വൈയാകരണൻ, ജോർജ് മാത്തൻ പാദ്രി, പുറം 98.

12 ടി. പു. 34

വരുന്നില്ല. സംസ്കൃതത്തിലും അപൂർവ്വം ആകുന്നു. അം, അഃ എന്നിവ അകാരത്തോടു മകാരവും ഹകാരവും ചേരുന്നതിനാൽ ഉണ്ടാകുന്നതാകുന്നു. ഐ, ഔ എന്നിവ ദ്വിത്വസ്വരങ്ങൾ ആകയാൽ മുറപ്രകാരമുള്ള സ്ഥലത്ത് അവയെക്കുറിച്ചു പറയും. എകാരത്തിന്റെയും ഒകാരത്തിന്റെയും ദീർഘസ്വരങ്ങളെ വെവ്വേറെ അക്ഷരങ്ങളെക്കൊണ്ടു സാധിച്ചിരിക്കുന്നതു അക്ഷരമാലയുടെ വൃത്തിയായിട്ടാകുന്നു. അല്ലാഞ്ഞാൽ അർത്ഥം കൊണ്ടും ശബ്ദം കൊണ്ടും വെവ്വേറായിരിക്കുന്ന മൊഴികൾ ഒന്നായിത്തോന്നുന്നതിന് ഇടവരും. ദൃഷ്ടാന്തം ലോഹാദിയിൽ ഒന്നായിരിക്കുന്ന ചെമ്പ് എന്നതും മൂലങ്ങളിൽ ഒന്നായിരിക്കുന്ന ചെമ്പ് എന്നതും തമ്മിലും പാത്രം എന്ന അർത്ഥമാകുന്ന കൊട്ട എന്നതും മതിലുള്ള പട്ടണമെന്ന അർത്ഥംവരുന്ന കോട്ട എന്നതും തമ്മിലും ഭേദമില്ലാതിരിക്കും എകാരവും ഒകാരവും ഇകാരത്തിനും ഉകാരത്തിനും മുൻപിൽ വെയ്ക്കപ്പെട്ടിരിക്കുന്നത് അക്ഷരങ്ങൾക്ക് ആധാരമായിരിക്കുന്ന അകാരത്തോട് ഇവയിലും അടുപ്പമുള്ളതിനാൽ ആകുന്നു. സംസ്കൃതമൊഴികെ മറ്റ് അനേകം ഭാഷകളിൽ അവതന്നെ മുൻപായിരിക്കുന്നു. സംസ്കൃതത്തിൽ അവ പുറകായിപോയത് ആ ഭാഷയിൽ അവ ദ്വിത്വസ്വരങ്ങളായി വിചാരിക്കപ്പെട്ടിരിക്കയാൽ ആകുന്നു. ഹല്ലുകളിൽ ഭേദം വരുത്തിയിരിക്കുന്നതു ക്ഷകാരത്തെ കളഞ്ഞും, ഴ, റ, റ്റ, ന് എന്നവയെ ചേർത്തുമാകുന്നു. ക്ഷകാരം കൂട്ടക്ഷരമാകയാൽ അതിനെ മൂലാക്ഷരങ്ങളുടെ കൂട്ടത്തിൽ നിന്നു തള്ളിയിരിക്കുന്നു. മറ്റവ നാലും സംസ്കൃതത്തിലില്ല. എങ്കിലും മലയാഴ്മയിൽ അധികം വരുന്നതാകകൊണ്ട് ചേർത്തുമിരിക്കുന്നു. അവയിൽ 'ന് കാരമേ നടപ്പില്ലാതുള്ളൂ. അതിന്റെ ശബ്ദം വേണ്ടുന്നിടത്തു 'ന' കാരം കൊണ്ടു കഴിക്കുന്നു. എന്നാൽ അതിൽനിന്നും ചില പിണക്കത്തിന്നിട ഉണ്ട്. ദൃഷ്ടാന്തം എന്നാൽ (ഞാൻ മൂലമായി) എന്നാൽ അങ്ങനെ എങ്കിൽ'[13] അക്ഷരമാലയെക്കുറിച്ചു പറയുമ്പോൾ ജോർജ് മാത്തന്റെ അർദ്ധാച്ചിനെക്കുറിച്ചു പരാമർശിക്കേണ്ടിയിരിക്കുന്നു. 'അരയുകാരം' എന്ന് ഡോ.ഗുണ്ടർട്ടും 'സംവൃതോകാരം'

---

13 ടി. പു. 7, 8

എന്നു കേരളപാണിനിയും നാമകരണം ചെയ്തിട്ടുള്ളതുതന്നെയാണ് മാത്തന്റെ 'അർദ്ധാച്ച്'. 'മലയാഴ്മയുടെ വ്യാകരണ'ത്തിൽ അർദ്ധാച്ചിനെക്കുറിച്ച് വിശദമായി പറയുന്നുണ്ട്.

'മലയാഴ്മയിൽ അർദ്ധാച്ച് എന്നു പേരായിട്ട് ഒരു ശബ്ദം ഉണ്ട്. അത് അകാരത്തിനും എകാരത്തിനും മധ്യേ ഒരു ശബ്ദമാകുന്നു. അതു മൊഴികളുടെ ആദ്യത്തിൽ വരുന്നതല്ലായ്കകൊണ്ട് അതിനു വിശേഷാൽ എഴുത്തില്ലാതെയും മൊഴികളുടെ അന്ത്യത്തിൽ വരുന്നതാകകൊണ്ട് അപ്പോൾ ചിലരാൽ അകാരത്തെ ക്കൊണ്ടും ചിലരാൽ ഉകാരത്തെകൊണ്ടും അടയാളപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഈ ശബ്ദത്തെ പ്രത്യേകം അടയാളപ്പെടുത്തുവാൻ ഉള്ളതാകുന്നുവെങ്കിലും ആയത് അച്ചടിയിൽ സാധിക്കുന്നതിനു പ്രയാസമാകയാൽ ഈ പുസ്തകത്തിൽ തമിഴ് രീതിപ്രകാരം ഉപകാരം കൊണ്ടു കുറിക്കപ്പെട്ടിരിക്കുന്നു. ദൃഷ്ടാന്തം കാട (ഒരുവക പക്ഷി) കാട് '(വനം)'[14] കൂടാതെ അർദ്ധാച്ചിന് ഇതര സ്വരങ്ങളുമായുള്ള ബന്ധത്തെക്കുറിച്ചും ഇവിടെ അദ്ദേഹം പരാമർശിക്കുന്നുണ്ട്. അക്ഷരകാണ്ഡത്തിലെ അക്ഷരങ്ങളുടെ ഉൽഭവത്തെക്കുറിച്ചുള്ള രണ്ടാം സർഗ്ഗം ജോർജ്ജുമാത്തന് ഭാഷാശാസ്ത്രത്തിലുള്ള ബഹുമുഖ പാണ്ഡിത്യത്തിന് ഉദാഹരണമാണ്. ഈ കാണ്ഡത്തിലെ രണ്ടാമധ്യായം സന്ധിയെക്കുറിച്ചുള്ള കാര്യങ്ങളാണ് വിവരിക്കുന്നത്. 'സന്ധിയിൽ അക്ഷരങ്ങളും മൊഴികളും തമ്മിൽ ചേരുമ്പോൾ ഉണ്ടാകുന്ന ഭേദങ്ങളെക്കുറിച്ചു പറയുന്നു.'[15] പ്രധാനമായും നാലുതരത്തിലുള്ള സന്ധികളെക്കുറിച്ചു പ്രതിപാദിക്കുന്നു. അച്ചുമച്ചും കൂടിച്ചേരുന്നതും അച്ചും ഹല്ലുമായി ചേരുന്നതും ഹല്ലും അച്ചും കൂടിച്ചേരുന്നതും ഹല്ലും ഹല്ലും കൂടിച്ചേരുന്നതും വിശദീകരിച്ചിരിക്കുന്നു.

രണ്ടാം കാണ്ഡത്തിൽ പദലക്ഷണത്തെക്കുറിച്ചാണ് പറയുന്നത്. മൊഴികളുടെ തരഭേദങ്ങളെയും രൂപഭേദങ്ങളെയും മറ്റും അവയ്ക്കുള്ള വിശേഷങ്ങളെയും കുറിച്ചുള്ള വലിയ

---

[14] ജോർജ്ജ് മാത്തൻ, മലയാഴ്മയുടെ വ്യാകരണം, പുറം 7, 8

[15] ടി. പു. 12

വിവരണം ഇവിടെ കാണാം. 'പദമെന്നത്യ ഗദ ശബ്ദങ്ങളിൽ ഉണ്ടാകുന്നതും പുറമേ കാണുന്ന വസ്തുക്കളെക്കുറിച്ച നമ്മുടെ ഉള്ളിൽ തോന്നുന്ന രൂപങ്ങളുടെ അടയാളങ്ങളും' ആകുന്നു. അദ്ദേഹം മൂന്നു വക പദങ്ങളെക്കുറിച്ച് പറയുന്നുണ്ട്. നാമം, വചനം അവ്യയം എന്നിവയാണ്. ഭാഷയിലെ മൊഴികളിൽ ഏറിയ പങ്കും ഇവയിലേതെങ്കിലുമൊന്നിൽ ഉൾപ്പെട്ടിരിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. പദലക്ഷണത്തിലെ ഒന്നാം അധ്യായത്തിൽ നാമം, നാമങ്ങളുടെ തരഭേദങ്ങൾ ഏകനാമം, വർഗ്ഗനാമം, സർവ്വനാമം, നാമങ്ങളുടെ ഉത്ഭവം, ലിംഗം, പുല്ലിംഗം, സ്ത്രീലിംഗം, നിർല്ലിംഗം, സംഖ്യ (വചനം), ഏകസംഖ്യ, ബഹുസംഖ്യ, വിഭക്തി, വിഭക്തി പ്രത്യയങ്ങൾ, അവയുടെ ഉത്ഭവം, സമാസം, തൽപുരുഷസമാസം, ദ്വന്ദ്വസമാസം, ഉപസർഗ്ഗസമാസം എന്നിവയെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ആറു സർഗ്ഗങ്ങളിലായി കാണാം.

രണ്ടാമത്തെ അധ്യായത്തിൽ വചനത്തെക്കുറിച്ചാണ് പറയുന്നത്. വചനം എന്നതു വസ്തുക്കളും അവയുടെ ഗുണങ്ങളും തമ്മിലുള്ള സംബന്ധത്തെ കാലഭേദം മുതലായ സംഗതികളോടുകൂടെ കാണിക്കുന്നതാകുന്നു. വചനം എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് ക്രിയകളെയാണ്. വചനത്തിന്റെ തരഭേദങ്ങൾ, വചനത്തിന്റെ നിരാധാരനില, പരാധാരനില, വചനീയനാമങ്ങൾ. സഹായവചനങ്ങൾ എന്നിങ്ങനെ അഞ്ചു സർഗ്ഗങ്ങൾ ഈ ഭാഗത്തുണ്ട്. മൂന്നാമത്തെ അധ്യായത്തിൽ അവ്യയത്തെക്കുറി ച്ചാണ് പറയുന്നത്. അതിന് മൂലാവ്യയങ്ങൾ, തദ്ധിതാവ്യയങ്ങൾ എന്നു രണ്ടു സർഗ്ഗവുമുണ്ട്.

ജോർജ് മാത്തൻ മറ്റു വൈയാകരണൻമാരിൽനിന്ന് തീർത്തും വ്യത്യസ്തനാണ്. മറ്റ് വ്യാകരണ കർത്താക്കളുടെ ശ്രദ്ധയിൽപെടാത്ത പല ഭാഷാസ്വഭാവങ്ങളും ജോർജ് മാത്തൻ സൂക്ഷ്മതയോടെ വിശദീകരിച്ചിട്ടുണ്ട്. അതുപോലെ ചിരപ്രതിഷ്ഠങ്ങളായ ചില വ്യാകരണസങ്കല്പങ്ങളെ യുക്തിപൂർവ്വം ചോദ്യംചെയ്യാനും അദ്ദേഹം മടിക്കുന്നില്ല. കേന്ദ്രമധ്യസ്വരത്തെക്കുറിച്ച് ജോർജ് മാത്തൻ അവതാരികയിൽ നൽകുന്ന സാമാന്യം ദീർഘമായ വിശദീകരണം, വ്യാകരണവിഷയത്തിൽ അദ്ദേഹത്തിനുള്ള

സൂക്ഷ്മനിരീക്ഷണപാടവം എടുത്തുകാണിക്കുന്നു. മലയാളഭാഷയിലെ ലിംഗ സങ്കല്പങ്ങളെപ്പറ്റി വളരെ വിശദമായി മാത്തന്റെ 'മലയാഴ്മയുടെ വ്യാകരണ'ത്തിൽ കാണാം. ജോർജ് മാത്തൻ രൂപപ്പെടുത്തിയ സാങ്കേതിക സംജ്ഞയായ നിർലിംഗം എന്ന പദവും ദ്വിലിംഗം, ത്രിലിംഗം എന്നീ ആശയങ്ങളും സമകാലസമൂഹത്തിൽ ഉപയോഗിക്കാവുന്ന ആശയങ്ങളാണ്. ലിംഗനിരപേക്ഷപദങ്ങൾക്ക് പ്രാധാന്യം നൽകാൻ ഈ ആശയങ്ങൾക്ക് സാധിക്കും. ആധുനിക മലയാള വ്യാകരണ ചർച്ചയിൽ പൊതുവെ ഉപയോഗിച്ചുകാണാത്ത പല സാങ്കേതിക സംജ്ഞകളും 'മലയാഴ്മയുടെ വ്യാകരണ'ത്തിൽ കാണാനാവും. ജോർജ് മാത്തൻ കൂടുതലായി സംസ്കൃതപദങ്ങൾ ഉപയോഗിച്ചാണ് സാങ്കേതികപദങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. അച്ച്, ഹല്ല്, അർദ്ധാക്ഷരം, അന്ത്യരൂപം, അർദ്ധാച്ച്, എന്നിവ അതിന് ഉദാഹരണമാണ്. ജോർജ് മാത്തൻ ഉപയോഗിച്ചിരിക്കുന്ന ഈ സാങ്കേതികസംജ്ഞകളെ ആധുനിക മലായാള വ്യാകരണത്തിന് പിൻതുടരാവുന്നതാണ്.

വിദേശമിഷണറിമാരുടെ വ്യാകരണങ്ങളിൽനിന്ന് ജോർജ് മാത്തന്റെ വ്യാകരണകൃതികളിലെ വ്യത്യാസങ്ങൾ

| | | | |
|---|---|---|---|
| 1. | പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളിൽ വിദേശമിഷണറിമാർ രചിച്ചവയാണ് മലയാളത്തിലെ പ്രഥമവ്യാകരണങ്ങൾ അതുവരെ മലയാളത്തിൽ ലിഖിത വ്യാകരണങ്ങൾ ഇല്ല. | 1. | ഒരു മലയാളി മലയാളത്തിൽ രചിച്ച ആദ്യത്തെ വ്യാകരണമാണ് 'മലയാഴ്മയുടെ വ്യാകരണം' |
| 2. | മിഷണറിവ്യാകരണങ്ങൾ എഴുതിയത് ഇന്നാട്ടുകാരെ ഉദ്ദേശിച്ചല്ല. തങ്ങളുടെ വിദേശികളായ പിൻഗാമികൾക്കുവേണ്ടി എഴുതിയതാണ്. അതുകൊണ്ടാണ് അവർക്കു മനസ്സിലാവുന്ന ലത്തീൻ - പോർച്ചുഗീസ് ഭാഷകളിൽ എഴുതിയത്. | 2. | സാധാരണ ജനങ്ങൾക്കു വേണ്ടിയാണ് ജോർജ് മാത്തൻ വ്യാകരണം എഴുതിയത്. അവർക്ക് മനസ്സിലാവുന്ന മലയാളഭാഷയിൽ തന്നെയാണ് രചിച്ചിരിക്കുന്നത്. |
| 3. | വ്യാകരണസമീപനങ്ങളിൽ പാശ്ചാത്യ മാതൃകയിലുള്ള ശാസ്ത്രീയതയും കൃത്യതയും ഉൾച്ചേർത്തതുകൊണ്ട് നമ്മുടെ പില്ക്കാല വ്യാകരണരചനാശീലങ്ങൾ | 3. | പാശ്ചാത്യ മിഷണറിമാരുടെ വ്യാകരണകൃതികളിൽനിന്ന് വ്യത്യസ്തമായി ഒരു ചട്ടക്കൂട് നിർമ്മിക്കാൻ മാത്തനു കഴിഞ്ഞു. |

| | | | |
|---|---|---|---|
| | ആധികാരികമായി വ്യവസ്ഥപ്പെടുത്തുന്നതിൽ മിഷനറിമാർ നിർണ്ണായക പങ്കു വഹിച്ചു. | | |
| 4. | അക്ഷരമാലയിൽ തുടങ്ങുകയെന്ന രീതി ആദ്യകാല മിഷണറിമാർ സ്വീകരിച്ചിരുന്നില്ല. | 4. | 'മലയാഴ്മയുടെ വ്യാകരണം' തുടങ്ങുന്നത് അക്ഷരമാലയിൽ നിന്നാണ് |
| 5. | വ്യാകരണം തികച്ചും ഒരു ശാസ്ത്രമാണെന്ന ബോധ്യം മിഷണറിമാർക്ക് ഉണ്ടായിരുന്നു. ഈ ബോധം പില്ക്കാല വൈയാകരണന്മാരിൽ വളർത്തി വികസിപ്പിക്കാൻ കഴിഞ്ഞു. | 5. | "വ്യാകരണം ഒരു സൂത്രവും ഒരു ശാസ്ത്രവുമാകുന്നു" എന്ന് റവ. ജോർജ്ജ് മാത്തൻ 'മലയാഴ്മയുടെ വ്യാകരണ'ത്തിന്റെ ആദ്യ പുറങ്ങളിൽത്തന്നെ പറഞ്ഞുവച്ചിട്ടുള്ളത്. |
| 6. | ലിപി വിന്യാസത്തിൽ പല പ്രത്യേകതകളും മിഷണറിവ്യാകരണത്തിൽ ദൃശ്യമാണ്. 'ഏ' 'ഓ' എന്നീ രീതിയിലുള്ള ദീർഘരൂപങ്ങൾ കാണുന്നില്ല. 'വരുമല്ലൊ', ആകുന്നല്ലൊ | 6. | 'ഏ' 'ഓ' എന്നീ രീതിയിലുള്ള ദീർഘരൂപങ്ങൾ കാണുന്നുണ്ട്. |
| 7. | സംവൃതോകാരചിഹ്നം( ് ) അന്നില്ല. ചന്ദ്രക്കല ഉപയോഗിച്ചിരുന്നില്ല, ഉദാ. 'വില്ല', നിലാവ | 7. | സംവൃതോകാരത്തിന് മാത്തൻ 'അർദ്ധാച്ച്' എന്ന് പ്രത്യേകം പേര് നല്കിയിരുന്നു. സംവൃതോകാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പറയുന്നുണ്ട്. |
| 8. | മിഷണറി മലയാളത്തിലെ ലിപി വിന്യാസത്തിൽ 'ഈ' കാണിക്കാൻ ഇന്നു പ്രചാരത്തിലില്ലാത്ത 'ംരം' എന്നു കാണിച്ചിരുന്നു. | 8. | മാത്തനും "ഈ എന്ന ലിപിയ്ക്കു പകരം 'ംരം' എന്ന ലിപിയാണ് ഉപയോഗിച്ചിരുന്നത്. |

### 3.5 ജോർജ് മാത്തന്റെയും ഗുണ്ടർട്ടിന്റെയും വ്യാകരണകൃതികൾ: താരതമ്യം

മലയാളി തന്നെ മലയാളത്തിൽ ആദ്യമായി തയ്യാറാക്കിയ വ്യാകരണമാണ് റവ.ജോർജ്മാത്തന്റെ 'മലയാഴ്മയുടെ വ്യാകരണം'. ഗുണ്ടർട്ടുവ്യാകരണത്തിന്റെ ഒന്നാം പതിപ്പു പുറത്തിറങ്ങിയ 1851-നു മുമ്പേ ജോർജ് മാത്തന്റെ വ്യാകരണത്തിന്റെ കൈയെഴുത്തുപ്രതി പൂർത്തിയായിക്കഴിഞ്ഞിരുന്നു. മലയാളഭാഷയെ സൂചിപ്പിക്കാൻ Malayalim എന്ന് ഇംഗ്ലീഷിലും മലയാഴ്മ എന്നു മലയാളത്തിലും അദ്ദേഹം പ്രയോഗിച്ചിരിക്കുന്നു. 1851-ൽ പുറത്തുവന്ന ഗുണ്ടർട്ടിന്റെ കൃതിയിൽ മലയാള വ്യാകരണമെന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ഇംഗ്ലീഷിലാകട്ടെ 'A Grammar of

Malayalam language' എന്നും ഉപയോഗിച്ചു. നാട്ടുകാരൻ പോലും മലയാളഭാഷയെ മലയാഴ്മയും ഇംഗ്ലീഷിൽ Malayalam Language ഉം ആയി കണ്ടപ്പോൾ ഗുണ്ടർട്ട് ആധുനിക സംജ്ഞതന്നെ സ്വീകരിച്ചു. ജോർജ് മാത്തന്റെ വ്യാകരണം പ്രസിദ്ധപ്പെടുത്താൻ വൈകിയതുകൊണ്ട് ഗുണ്ടർട്ടു വ്യാകരണത്തിന്റെ ഒന്നാം പതിപ്പു കാണാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. മാത്തന്റെ കൃതിയുടെ മുഖവുരയിൽ അത് സൂചിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഗുണ്ടർട്ട് പ്രധാനമായും സാഹിത്യഭാഷയുടെ വ്യാകരണം തയ്യാറാക്കിയപ്പോൾ ജോർജ് മാത്തൻ പ്രധാനമായും ജനകീയ ഭാഷയുടെ വ്യാകരണമാണ് പ്രസിദ്ധീകരിച്ചത്.

ജോർജ് മാത്തന്റെ വ്യാകരണം ഒന്നാം കാണ്ഡം; അക്ഷരലക്ഷണം, രണ്ടാം കാണ്ഡം; പദലക്ഷണം എന്നുതിരിച്ചപ്പോൾ ഗുണ്ടർട്ടിന്റെ വ്യാകരണം അക്ഷരകാണ്ഡം, പദകാണ്ഡം, വാചകകാണ്ഡം എന്നിങ്ങനെ മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

| **ജോർജ് മാത്തൻ** | **ഗുണ്ടർട്ട്** |
|---|---|
| ഒന്നാം കാണ്ഡം : അക്ഷരലക്ഷണം<br>രണ്ടാം കാണ്ഡം : പദലക്ഷണം | അക്ഷര കാണ്ഡം, പദകാണ്ഡം, വാചക കാണ്ഡം |

ജോർജ് മാത്തൻ അക്ഷരലക്ഷണത്തെ അദ്ധ്യായങ്ങളും അദ്ധ്യായങ്ങളെ സർഗ്ഗങ്ങളുമാക്കി തിരിച്ചിരിക്കുന്നു. സംജ്ഞ, സന്ധി എന്നിങ്ങനെ രണ്ട് അധ്യായങ്ങ ളാണ് അക്ഷരലക്ഷണത്തിൽ ഉള്ളത്. ഒന്നാം കാണ്ഡം 'മലയാഴ്മയുടെ വ്യാകരണ'ത്തിൽ വളരെ ശുഷ്കമാണ്. രണ്ടാം കാണ്ഡത്തിൽ പദലക്ഷണമാണു ദീർഘമായി പ്രതിപാദിച്ചിരിക്കുന്നത്. ഗുണ്ടർട്ട് അക്ഷരകാണ്ഡത്തെ അഞ്ചു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അക്ഷരങ്ങൾ, സ്വരവിശേഷങ്ങൾ, വ്യഞ്ജനവിശേഷങ്ങൾ, പദാംഗങ്ങൾ, സന്ധി എന്നിങ്ങനെയാണ്. പദകാണ്ഡത്തിൽ നാമം, ലിംഗം, വചനം, വിഭക്തി, പ്രതിസംജ്ഞകൾ, സംഖ്യകൾ, സമാസം, ക്രിയകാലം, വിനയെച്ചം, പേരെച്ചം, ക്രിയാനാമം, ഊനക്രിയ, അവ്യയം എന്നിവയാണു വിവരിച്ചിരിക്കുന്നത്. ജോർജ് മാത്തൻ പദലക്ഷണത്തിൽ നാമം, ലിംഗം, സംഖ്യ, വിഭക്തി, സർവ്വനാമം, വചനം, സമാസം,

പൃച്ഛകങ്ങൾ, കാരണക്രിയകൾ, കർമണിക്രിയ, കാലം വചനാധേയങ്ങൾ, വചനീയനാമങ്ങൾ, സഹായവചനങ്ങൾ അവ്യയം എന്നിവ പ്രതിപാദിക്കുന്നു. പരസ്പരം താരതമ്യപ്പെടുത്തുമ്പോൾ പല സാമ്യങ്ങളും വ്യാകരണ ങ്ങൾ തമ്മിലുണ്ട് എന്നു വ്യക്തമാണ്. ജോർജ് മാത്തൻ ഉപയോഗിച്ച പല സംജ്ഞകളും ഗുണ്ടർട്ട് സ്വീകരിച്ചിട്ടുണ്ട്. അകർമ്മകം, അക്ഷരം, അതിഖരം, അനുസ്വാരം, അർദ്ധാച്ചു, അവ്യയം, ഉപസർഗ്ഗം, ഘോഷം, ചതുർത്ഥി, തദ്ധിതം, താലവ്യം, തൃതീയ, ദന്ത്യം, ദ്വിതീയ, ദ്വന്ദ്വസമാസം, ധാതു, നാമം, പഞ്ചമി പദം, പുല്ലിംഗം, പ്രകൃതി, പ്രത്യയം, പ്രഥമ, ഭൂതകാലം, ഭാവികാലം, മൂർദ്ധന്യം, ലിംഗം, ലോപം, വർത്തമാനകാലം, സകർമ്മകം, സമാസം, സംജ്ഞ, സംബോധന, സാഹിതി, ഹ്രസ്വം എന്നിങ്ങനെ ജോർജ് മാത്തനും ഗുണ്ടർട്ടും ഉപയോഗിച്ചിരിക്കുന്നു.

| മലയാഴ്മയുടെ വ്യാകരണം | ഗുണ്ടർട്ടിന്റെ വ്യാകരണം | ആധുനിക സംജ്ഞ (കേരളപാണിനീയം) |
|---|---|---|
| അകർമ്മം | തൻവിന (അകർമ്മകം) | അകർമ്മകം |
| അകാരിതം | അബലക്രിയ | അകാരിതം |
| അക്ഷരം | അപദാംശം | അക്ഷരം |
| അതിഖരം | അതിഖരം | അതിഖരം |
| അനുനാസികം | അനുനാസികം | അനുനാസികം |
| അനുസ്വാരം | അനുസ്വാരം | അനുസ്വാരം |
| അവ്യയം | അവ്യയം | അവ്യയം |
| ആധാരം | ആധാരം | ആധാരം |
| സപ്തമി | സപ്തമി | ആധാരിക |
| ആത്മസ്ഥാനം | - | ഉത്തമപുരുഷൻ |
| ചതുർത്ഥി | ചതുർത്ഥി | ഉദ്ദേശിക |
| ഉപസർഗ്ഗം | ഉപസർഗ്ഗം | ഉപസർഗ്ഗം |
| ഓഷ്ഠ്യം | ഓഷ്ഠ്യം | ഓഷ്ഠ്യം |
| ശുദ്ധവചനം | ബലക്രിയ | കാരിതം |
| തത്പുരുഷസമാസം | തത്പുരുഷം | തത്പുരുഷൻ |

| മലയാഴ്മയുടെ വ്യാകരണം | ഗുണ്ടർട്ടിന്റെ വ്യാകരണം | ആധുനിക സംജ്ഞ (കേരളപാണിനീയം) |
|---|---|---|
| തദ്ധിതം | തദ്ധിതം | തദ്ധിതം |
| ധാതു | ക്രിയാധാതു | ധാതു |
| ദന്ത്യം | ദന്ത്യം | ദന്ത്യം |
| നന്തം | നടുവിനയച്ചം | നടുവിനയെച്ചം |
| നിർലിംഗം, നപുംസകലിംഗം | നപുംസകലിംഗം | നപുംസകലിംഗം |
| ശബ്ദാന്യൂനം | പേരെച്ചം | പേരെച്ചം |
| പ്രകൃതി | ധാതു | പ്രകൃതി |
| ഭാവികാലം | ഭാവികാലം | ഭാവികാലം |
| സന്ധി | സന്ധി | സന്ധി |
| അഷ്ടമി | സംബോധന | സംബോധിക |
| സ്വരം | സ്വരം | സ്വരം |

സംസ്കൃതത്തിൽനിന്ന് തദ്ഭവങ്ങൾ സ്വീകരിച്ച വ്യാകരണത്തിൽ യഥാവിധി സംയോജിപ്പിക്കാൻ ജോർജ് മാത്തന് കഴിഞ്ഞു. ഗുണ്ടർട്ടിനും ഇത് സാധിച്ചിട്ടുണ്ട്. ജോർജ് മാത്തന്റെ വ്യാകരണം വിവരണാത്മകമാണ്. എന്നാൽ ഗുണ്ടർട്ടിന്റെ വ്യാകരണം സിദ്ധാന്തപരമാണ്. വിദ്യാർത്ഥികൾക്ക് പ്രയോജനപ്രഥമായ രീതിയി ലാണ് ജോർജ് മാത്തനും ഗുണ്ടർട്ടും വ്യാകരണങ്ങൾ രചിച്ചിരിക്കുന്നത്. തമിഴിലെ 'തൊൽക്കാപ്പിയം' എന്ന വ്യാകരണഗ്രന്ഥം ജോർജ് മാത്തൻ പരിശോധിച്ചിട്ടുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. അതുപോലെ ഗുണ്ടർട്ടും തമിഴ് വ്യാകരണകൃതികളെ ആശ്രയിച്ചിട്ടുണ്ട്. 'സന്ധി' വിശദമാക്കുമ്പോൾ ജോർജ്മാത്തൻ സംസ്കൃത നിയമങ്ങൾ പിൻതുടരുന്നുണ്ട്. എന്നാൽ ആഗമസന്ധി, ലോപസന്ധി, ദ്വിത്വസന്ധി ആദേശസന്ധി എന്നൊന്നും പ്രയോഗിച്ചിട്ടില്ല. ഗുണ്ടർട്ട് സംസ്കൃതനിയമങ്ങളോടൊപ്പം സംസ്കൃത ത്തിലെ പല സംജ്ഞകളും സ്വീകരിച്ചു.

1. മലയാള ഭാഷയിൽ ജനകീയ ഭാഷയുടെ വ്യാകരണം തയ്യാറാക്കിയ പ്രഥമ വ്യാകരണമാണ് 'മലയാഴ്മയുടെ വ്യാകരണം'.

2. കുട്ടികൾക്കും അധ്യാപകർക്കും ഒരുപോലെ പ്രയോജനപ്രഥമാണ് ജോർജ് മാത്തന്റെ വ്യാകരണം.

3. മലയാള ഭാഷാപഠനത്തിന്റെ നല്ലൊരു അടിത്തറയാണ് ജോർജ് മാത്തന്റെ വ്യാകരണം.

**3.6 ജോർജ് മാത്തന്റെ സാങ്കേതിക സംജ്ഞകൾ**

| | | | |
|---|---|---|---|
| 1. | അക്ഷര ലക്ഷണം | : | വ്യാകരണത്തിന്റെ ഒന്നാം കാണ്ഡം |
| 2. | പദലക്ഷണം | : | വ്യാകരണത്തിന്റെ രണ്ടാം കാണ്ഡം |
| 3. | സാധാരണ വ്യാകരണം | : | |
| 4. | പ്രത്യേക വ്യാകരണം | : | |
| 5. | അച്ച് | : | സ്വരാക്ഷരം |
| 6. | ഹല്ല് | : | വ്യഞ്ജനാക്ഷരം |
| 7. | വിരൂപ വിഭക്തി | : | വക്രവിഭക്തി |
| 8. | വചനാധേയം | : | വിനയെച്ചം |
| 9. | നാമാധേയം | : | പേരെച്ചം |
| 10. | രുത ശബ്ദം | : | പക്ഷികളുടെ ശബ്ദം |
| 11. | ഗത ശബ്ദം | : | മനുഷ്യ ശബ്ദം |
| 12. | ദ്വിത്വ സ്വരം | : | ദ്വിസ്വരം |
| 13. | അന്തസ്ഥകൾ | : | ള, ഴ, റ, റ്റ, ന |
| 14. | കുരൽ വള്ളി | : | കൃകം |
| 15. | ഉച്ചം | : | ശബ്ദം വേഗത്തിൽ തൊണ്ടയിൽക്കൂടി വരുന്നത് |
| 16. | ഒച്ച | : | ശബ്ദം വേഗം കുറഞ്ഞ് തൊണ്ടയിൽക്കൂടി വരുന്നത് |
| 17. | പൂർണാക്ഷരം | : | സ്വരങ്ങളും സ്വരങ്ങളോടു ചേർന്ന വ്യഞ്ജനങ്ങൾ |
| 18. | അർദ്ധാച്ച് | : | സംവൃതോകാരം |
| 19. | അന്ത്യരൂപം | : | ചില്ലുകൾ |
| 20. | സാർധസ്വരങ്ങൾ | : | വ്യഞ്ജനങ്ങളുടെ തരഭേദങ്ങൾ |

| | | | |
|---|---|---|---|
| 21. | മൗണ്യാക്ഷരങ്ങൾ | : | വർത്സ്യാക്ഷരങ്ങൾ |
| 22. | ഏകനാമം<br>വർഗനാമം<br>സർവനാമം<br>നാമത്തിന്റെ വകഭേദങ്ങൾ | | |
| 23. | വചനം | : | ക്രിയ |
| 24. | ആന്തം | : | അ, ആ എന്നിവയിലവസാനിക്കുന്ന രൂപങ്ങൾ |
| 25. | ത്രിലിംഗം | : | പുല്ലിംഗം, സ്ത്രീലിംഗം, നിർലിംഗം എന്നിവയെ സൂചിപ്പിക്കുന്നത്. |
| 26. | നിർലിംഗം | : | നപുംസകം |
| 27. | സലിംഗം | : | നിർലിംഗം ഒഴികെയുള്ള ലിംഗങ്ങൾ |
| 28. | ഏകസംഖ്യ ബഹുസംഖ്യ | : | ഏകവചനം ബഹുവചനം |
| 29. | പുരുഷാർത്ഥങ്ങൾ<br>നിശ്ചയകരങ്ങൾ<br>പൃച്ഛകങ്ങൾ<br>സർവാർഥങ്ങൾ<br>സാംഖ്യങ്ങൾ | : | ഞാൻ, നീ, അവൻ |
| 30. | ഭവിഷ്യകാലം | : | ഭാവികാലം |
| 31. | കുറച്ചിൽ | : | ലോപസന്ധി |
| 32. | ഏറ്റം | : | ആഗമസന്ധി |
| 33. | തിരിച്ചിൽ | : | ആദേശസന്ധി |
| 34. | പ്രതിഭാവാർത്ഥം | : | നിഷേധാർഥം |
| 35. | ഉപസർഗ്ഗസമാസം | : | സമാസത്തിന്റെ ഒരു ഉൾപ്പിരിവ് |
| 36. | അധാരപദം | : | പൂർവപദം |
| 37. | ആധേയപദം | : | ഉത്തരപദം |
| 38. | ആത്മസ്ഥാനം | : | ഉത്തമ പുരുഷൻ |
| 39. | അഭിസ്ഥാനം | : | മധ്യമ പുരുഷൻ |
| 40. | പരസ്ഥാനം | : | പ്രഥമ പുരുഷൻ |
| 41. | നിരാധാരനില | : | മുറ്റുവിന |
| 42. | പരാധാരനില | : | പറ്റുവിന |

ജോർജ് മാത്തൻ 'മലയാഴ്മയുടെ വ്യാകരണ'ത്തിൽ പല സംജ്ഞകൾക്കും അദ്ദേഹത്തിന്റേതായ പേരുകൾ നൽകിയിരുന്നു. ഇതുതന്നെയാണ് മറ്റു വ്യാകരണങ്ങളിൽനിന്ന് മാത്തനെ വ്യത്യസ്തനാക്കുന്നത്.

## 3.7 'മലയാഴ്മയുടെ വ്യാകരണം' ആധുനിക ജ്ഞാനവ്യവസ്ഥയുടെ സൃഷ്ടി എന്ന നിലയിൽ

വിദേശമിഷണറിമാർ തുടക്കമിട്ട മലയാള വ്യാകരണത്തിന്റെ തുടർച്ചയും സ്വദേശി നിരീക്ഷണങ്ങളുടെ ശക്തമായ ആവിഷ്കാരവുമാണ് 'മലയാഴ്മയുടെ വ്യാകരണം'. ഭാഷയെ എളുപ്പത്തിൽ പഠിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെയല്ല ജോർജ് മാത്തൻ വ്യാകരണകൃതികൾ എഴുതുന്നത്. കാര്യകാരണ ബന്ധം മനസ്സിലാക്കി ഭാഷയെ ശരിയായി ഉപയോഗിക്കുവാനുള്ള കഴിവ് നേടുക എന്നതിനാണ് 'മലയാഴ്മയുടെ വ്യാകരണം' പ്രാധാന്യം നൽകുന്നത്. ഒരു സ്വദേശ മിഷണറി ആയതിനാൽ സാധാരണക്കാരുമായുള്ള സമ്പർക്കം പലവിധത്തിലും അദ്ദേഹത്തിന് പ്രയോജനപ്പെട്ടു. പ്രയോഗ സാഹചര്യങ്ങളിൽനിന്ന് ലഭിച്ച അനുഭവങ്ങളും അറിവുകളുംവഴി അക്ഷരങ്ങളെ തിട്ടപ്പെടുത്താൻ ജോർജ് മാത്തന് കഴിഞ്ഞു. 'സംവൃതോകാരത്തെ അർദ്ധാച്ച് എന്ന പേരിൽ അവതരിപ്പിക്കുകയും അത് കേന്ദ്രസ്വരമാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുകയും ചെയ്യുന്നു. സ്വരങ്ങളുടെ അസ്പഷ്ടസ്വഭാവം മാത്തൻ തിരിച്ചറിഞ്ഞ് നാവിലെ സ്ഥാനം നാവിന്റെ ഉയർച്ചതാഴ്ചകൾ, ചുണ്ടിന്റെ ആകൃതി എന്നിവ അടിസ്ഥാനമാക്കി വർഗീകരണം നടത്തുന്നു. വ്യഞ്ജനങ്ങളുടെ ഇരട്ടിപ്പ്, സംയുക്താക്ഷരങ്ങളിലെ രൂപഭേദം, സ്വരച്ചേർച്ച എന്നിവ ഉദാഹരിച്ച് അക്ഷരജ്ഞാനത്തോടൊപ്പം ഉണ്ടായിരിക്കേണ്ട അനുബന്ധ അറിവുകളും നല്കുന്നു. അക്ഷര നിർവ്വചനത്തിന്റെ അടിസ്ഥാനത്തിലുള്ള വർണവർഗീകരണം മാത്രമല്ല, അക്ഷരങ്ങളും പദങ്ങളും തമ്മിൽ കൂടിച്ചേരു മ്പോഴുണ്ടാകുന്ന മാറ്റങ്ങൾ വിവരിക്കുന്ന സന്ധിയും പില്ക്കാല ജ്ഞാനവ്യവസ്ഥയുടെ പ്രധാന പഠനവിഷയങ്ങളായ സ്വന-സ്വനിമ-രൂപസ്വനിമികങ്ങളുടെ പൂർവരൂപമാണ്. പദങ്ങളിൽ അധികവും ആശയങ്ങളുടെ അടയാളങ്ങളാണെന്ന് വ്യക്തമാക്കി അവയെ മൂന്ന് വിഭാഗങ്ങളായി (നാമം, വചനം, അവ്യയം) തിരിച്ച് അപഗ്രഥിക്കുന്നു. ഗദ ശബ്ദങ്ങളുടെ ചേരുവയായ പദങ്ങളുടെ പ്രതീകാത്മകതയെക്കുറിച്ച് ജോർജ് മാത്തൻ മനസ്സിലാക്കിയിരുന്നു. ചിന്ത, അനുഭൂതി തുടങ്ങി മനോവ്യാപാരങ്ങളുമായി ബന്ധപ്പെട്ട

ഒന്നും തന്നെ ഇന്ദ്രിയങ്ങൾകൊണ്ട് നേരിട്ട് കാണിച്ചുകൊടുക്കാൻ ആവാത്തതിനാൽ വാക്കുകൾ വസ്തുക്കളുടെ അന്യരൂപങ്ങളായിരിക്കുന്നതിനെക്കാൾ അവയുടെ അടയാള ങ്ങളായിരിക്കുന്നത് നല്ലതാണെന്ന് അദ്ദേഹം പറയുന്നു.'[16] ആധുനിക വിജ്ഞാന പദ്ധതികളുടെ പിൻബലത്തിൽ ഭാഷയുടെ പല തലങ്ങളിലൂടെ ഈ വ്യാകരണ കൃതി കടന്നുപോകുന്നുണ്ട്.

വസ്തുവിന്റെ എണ്ണത്തെ കാണിക്കൽ 'സംഖ്യ' എന്ന പദം ഉചിതമെന്നുകണ്ട് ഏകസംഖ്യ, സഹ്യസംഖ്യ എന്നിവയുടെ ആവശ്യകതയും പ്രയോഗവും വിവരിക്കുന്നു. വാക്യത്തിന് അർഥപൂർണത വരുത്താനും കർത്താവിനെയും കർമ്മത്തെയും തിരിച്ചറിയാനുമുള്ള മാർഗങ്ങളായ സ്ഥാനഭേദം, രൂപഭേദം, അവ്യയചേർച്ച എന്നിവ വിശദീകരിക്കുന്നു. സ്ഥാനഭേദവും രൂപഭേദവും മലയാള വിഭക്തിചർച്ചയിൽ വിശദമായി അവതരിപ്പിക്കാൻ ഗ്രന്ഥകാരന് കഴിയുന്നുണ്ട്. ഭാഷാശാസ്ത്രത്തിലെ സ്വനം, സ്വനിമം, അക്ഷരം, ലിപി എന്നീ വ്യത്യസ്ത സങ്കല്പനങ്ങളെ മലയാളഭാഷയുടെ സാഹചര്യത്തിൽ സമന്വയിച്ച് കാണാൻ മാത്തനു കഴിഞ്ഞിട്ടുണ്ട്. ഭാഷണ സ്വനങ്ങളെ അവയുടെ സ്വനപരമായ പ്രത്യേകതകൾ ചൂണ്ടിക്കാട്ടി വളരെ അനായാസം നിർവചിക്കുകയും അതിൽ മൊഴികൾക്ക് ആധാരമാകുന്നവയെ മാത്രം അക്ഷരങ്ങളായി കണക്കാക്കുകയും ചെയ്തിരിക്കുന്നു അദ്ദേഹം. മാത്രമല്ല ശബ്ദത്തോടൊപ്പം അതിന്റെ അടയാളമായ ലിപികളെയും അക്ഷരമെന്ന സംജ്ഞയിൽ ഉൾക്കൊള്ളിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു. ഭാഷാപഠനത്തിന്റെ അനവധി വഴികളിലൂടെ സഞ്ചരിച്ച് ഭാഷയെ സമഗ്രമായി കാണുന്നതിനുള്ള രീതിശാസ്ത്രം ജോർജ് മാത്തൻ വികസിപ്പിച്ചെടു ത്തിരിക്കുന്നു.

ജോർജ് മാത്തൻ 'അർദ്ധാച്ച്' എന്നു വിളിക്കുന്ന കേന്ദ്രമധ്യസ്വരത്തിന്റെ പ്രധാന്യം തെളിയിക്കാൻ കാട (ഒരുതരം പക്ഷി), കാടു (വനം) എന്നിങ്ങനെ അല്പവ്യത്യയജോടിയെത്തന്നെയാണ് ഉദാഹരിക്കുന്നത്. പദാന്ത്യത്തിൽ വരുന്ന

---

16 രാധാകൃഷ്ണൻ, ഇളയിടത്ത്, ആധുനികാനന്തരവാദങ്ങൾ, പുറം 95.

ചില്ലുകൾക്കു പകരം അർദ്ധാച്ച് ഉപയോഗിക്കാമെന്നും (മീനു-മീൻ, കാലു-കാൽ, ആണു-ആൺ അതിന്റെ സ്ഥാനം അകാരത്തിനും എകാരത്തിനും മദ്ധ്യേ ആണെന്നും അദ്ദേഹം വിവരിക്കുന്നു. 'മലയാഴ്മയുടെ വ്യാകരണ'മെന്ന പുസ്തകമെഴുതുന്ന കാലത്ത് അച്ചടിയിൽ ചന്ദ്രക്കല ലിപി നടപ്പിലായിരുന്നില്ല എന്നതിനാൽ ഈ നിരീക്ഷണം ഏറെ ശ്രദ്ധേയം തന്നെയാണ്. ജോർജ് മാത്തൻ അദ്ദേഹത്തിന്റെ കൃതിയിൽ എഴുതി. 'അത്യ (അർദ്ധാച്ച്) മൊഴികളുടെ ആദ്യത്തിൽ വരുന്നതല്ലായ്കകൊണ്ടു അതിനു വിശേഷാൽ എഴുത്തില്ലാതെയും മൊഴികളുടെ അന്ത്യത്തിൽ വരുന്നതുകൊണ്ടു അപ്പോൾ ചിലരാൽ അകാരത്തെക്കൊണ്ടും ചിലവരാൽ ഉകാരത്തെക്കൊണ്ടും അടയാളപ്പെട്ടും ഇരിക്കുന്നു. എന്നാൽ ഈ ശബ്ദത്തെ പ്രത്യേകം അടയാളപ്പെടുത്തുവാൻ ഉള്ളതാകുന്നു. എങ്കിലും അച്ചടിയിൽ സാധിക്കുന്നതിനു പ്രയാസമാകയാൽ ഈ പുസ്തകത്തിൽ തമിഴരീതിപ്രകാരം 'ഉകാരാന്തം കൊണ്ടു കുറിക്കപ്പെട്ടിരിക്കുന്നു.'[17]

സ്വരങ്ങളെ അനുപ്രദാനവും (അസ്പൃഷ്ടം) ഉച്ചാരണസ്ഥാനങ്ങളും മാത്രം അടിസ്ഥാനമാക്കി വിവരിക്കാനാണ് കേരളപാണിനി ശ്രമിച്ചത്. എന്നാൽ ജോർജ് മാത്തൻ സ്വരോച്ചാരണത്തിൽ ഉച്ചം നിമ്നം, അധമം, മദ്ധ്യം തുടങ്ങിയ ഭാഷാശാസ്ത്ര ത്തിന്റെ വിശകലനപദ്ധതിയോട് ഇണങ്ങുന്ന സമീപനമാണ് പുലർത്തിയത്. ജോർജ് മാത്തന്റെ വ്യാകരണപദ്ധതിയുടെ ദാർശനികനിലപാടും അപഗ്രഥന പരിമിതികളും വിശകലനം ചെയ്യുമ്പോൾ ഒരു നൂറ്റാണ്ടുമുമ്പത്തെ പരിമിതമായ പരീക്ഷണ നിരീക്ഷണ സാദ്ധ്യതകളുടെ നടുവിലിരുന്നുകൊണ്ട് കണിശമായ നിരീക്ഷണവും യുക്തിയും ഉപയോഗിച്ച് അദ്ദേഹം നിർദ്ധാരണം ചെയ്തെടുക്കുന്ന തത്വങ്ങളും വസ്തുതകളും ഇന്നത്തെ ഭാഷാശാസ്ത്രത്തിന്റെ ചിന്താരീതികളോടും വിശകലനപദ്ധതികളോടും വളരെയേറെ ഇണങ്ങിനില്ക്കുന്നുണ്ട് എന്നു കാണാം. ജോർജ് മാത്തന്റെ 'മലയാഴ്മയുടെ വ്യാകരണ'ത്തിൽ ഓരോ പദവിഭാഗത്തെയും വിശദമായി വിവരിക്കുകയും പ്രയോഗ ങ്ങൾ വിശദമായ

---

17 ജോർജ് മാത്തൻ, മലയാഴ്മയുടെ വ്യാകരണം, പുറം. 35.

ഉദാഹരണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. പാരിമാണികങ്ങൾ ചർച്ച ചെയ്തിരിക്കുന്ന ഭാഗം ഇതിനുദാഹരണമാണ്. സർവാർഥസർവനാമങ്ങൾ എന്ന ഗണത്തിലാണ് ഇവയെ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രധാനമായും ഒരുത്തൻ, ചിലവർ, പലവൻ എന്നിങ്ങനെ. ഈ കൊടുത്ത വിവരണത്തിൽനിന്നു തന്നെ മനസ്സിലാക്കാവു ന്നത് ജോർജ് മാത്തന് പാരിമാണികങ്ങളുടെ രൂപഘടനയെക്കുറിച്ചുകൂടി ധാരണയുണ്ടാ യിരുന്നു എന്നാണ്.

'മലയാഴ്മയുടെ വ്യാകരണം' 1863-ലാണ് പ്രസിദ്ധീകരിക്കപ്പെട്ടതെങ്കിലും ഭൂരിപക്ഷം ഭാഷാപണ്ഡിതരും പറയുന്നതുപോലെ 1852-ൽ തന്നെ ആ പുസ്തകത്തിന്റെ കയ്യെഴുത്തുപ്രതി രൂപപ്പെട്ടിരുന്നു. ഈ പുറപ്പാടിന്റെ ഭാഗമായിവേണം ജോർജ് മാത്തന്റെ മലയാളഗദ്യരചനകളും മലയാളഭാഷയിലെ പ്രഥമ രീതിശാസ്ത്രപുസ്തകമായ 'മലയാഴ്മയുടെ വ്യാകരണ'ത്തെ വായിക്കേണ്ടതും കാണേണ്ടതും. ആധുനികതയുടെ സമഗ്രമായ വേറൊരു മാനമായിരുന്നു ജോർജ് മാത്തന്റെ സാമൂഹ്യതയിലൂന്നിയുള്ള ഭാഷാശൈലിയും, മലയാള ഭാഷാശാസ്ത്രവും. ഭാഷ സാമൂഹ്യതയെ വളർത്തുന്നു. സാമൂഹ്യത ഭാഷയെ വളർത്തുന്നു. മലയാള ഗദ്യത്തിന്റെ വ്യാകരണം ആധുനികതയി ലൂടെ കാണുവാനും വായിക്കുവാനും അതിനുതകുന്ന രീതിശാസ്ത്ര അടിസ്ഥാനം വരച്ചിട്ടുകൊടുക്കുവാനും, ജോർജ് മാത്തനു കഴിഞ്ഞത് ഈ അന്വേഷണത്തിന്റെ ഭാഗംതന്നെയാണ്.

## 3.8. മലയാഴ്മയുടെ വ്യാകരണം മുന്നോട്ടു വെച്ച ആധുനികീകരണ ചിന്തകൾ

1. ജോർജ് മാത്തൻ പ്രധാനമായും ജനകീയ ഭാഷയുടെ വ്യാകരണമാണ് തയ്യാറാക്കിയത്.

2. ജോർജ് മാത്തന്റെ വ്യാകരണം വിശദീകരണപരം (Explanatory) ആണെന്ന് മാത്തൻ തന്നെ പറയുന്നു.

3. വിദേശീയ മിഷണറിമാരുടെ വ്യാകരണം വേണ്ടത്ര ഉൾക്കൊള്ളാൻ കഴിഞ്ഞ സ്വദേശീയ പ്രതിഭയാണ് റവ. ജോർജ്ജ് മാത്തൻ, എന്നാൽ 'മലയാഴ്മയുടെ വ്യാകരണം' രചിക്കുമ്പോൾ ചെന്തമിഴ് വ്യാകരണഗ്രന്ഥങ്ങളാണ് പിൻതുടർന്നത്.

4. 51 അക്ഷരങ്ങൾ മലയാളത്തിൽ ഉണ്ടെങ്കിലും 48 എണ്ണം മാത്രമാണ് മാത്തന്റെ അഭിപ്രായത്തിൽ ഉള്ളത്.

'ഇന്ന് മലയാളഭാഷയുടെ ഘടനയെക്കുറിച്ചുണ്ടാകുന്ന പഠനങ്ങളിലെല്ലാം ഉദ്ധരിക്കപ്പെടുന്ന കൃതിയായി 'മലയാഴ്മയുടെ വ്യാകരണം' മാറിയിരിക്കുന്നു. മലയാളഭാഷയിലുണ്ടായ ആദ്യത്തെ സമ്പൂർണ്ണ മലയാളവ്യാകരണം എന്ന ബഹുമതിയും മലയാഴ്മയുടെ വ്യാകരണത്തിനുണ്ട്. വ്യാകരണ സങ്കല്പങ്ങളെക്കുറിച്ച് അദ്ദേഹം നടത്തുന്ന ചർച്ചകൾ ഇന്നും സജീവപരിഗണന അർഹിക്കുന്നു. ജന്മനാ ഭാഷാശാസ്ത്രജ്ഞനായിരുന്നു ജോർജ്ജ് മാത്തൻ. മൗലികതയാണ് അദ്ദേഹത്തിന്റെ മുഖമുദ്ര. വ്യാകരണത്തിൽ കല്പിച്ചിരിക്കുന്ന അവാന്തരവിഭാഗങ്ങൾ, വ്യാകരണസംജ്ഞ കൾ തുടങ്ങിയവയിലെല്ലാം പുതുമയുടെ വശ്യത പ്രകടമായിട്ടുണ്ട്.'[18]

## 3.9 സംഗ്രഹം

---

[18] ഡോ. സ്കറിയാ സക്കറിയാ, 'ചർച്ചയും പൂരണവും', ഡോ. പി.ജെ തോമസിന്റെ മലയാളസാഹിത്യവും ക്രിസ്ത്യാനികളും എന്ന ഗ്രന്ഥത്തിനെഴുതിയ പഠനം, ഡി.സി. ബുക്സ്, കോട്ടയം, 1989, പുറം 377.

വിദേശീയരും സ്വദേശീയരുമായ മിഷണറിപ്രവർത്തകരുടെ ഭാഷാപരി പോഷണശ്രമങ്ങളിൽ പ്രധാനമായത് ഭാഷാകൃതികളും നിഘണ്ടുക്കളുമാണ്. സാമാന്യ ജനങ്ങളുടെ ഭാഷ പഠനമാധ്യമമോ പഠനവിഷയമോ ആയി പരിഗണിക്കപ്പെടാത്ത ഒരു കാലത്താണ് മിഷണറി പ്രവർത്തകർ മലയാളഭാഷാ പഠനരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് നാന്ദി കുറിച്ചത്. സംഘടിത മതപ്രചാരണത്തിലൂടെ സാധാരണ ജനങ്ങളിലേക്ക് എത്തിച്ചേരാനാണ് അവർ ശ്രമിച്ചത്. സാധാരണക്കാരുടെ ഭാഷയാണ് അതിന് ഉചിതമായ മാർഗ്ഗമെന്ന തിരിച്ചറിവാണ് ഭാഷാപുരോഗതിക്ക് കാരണമായത്. വ്യാകരണകൃതികൾ രചിക്കപ്പെടുന്നത് ഈയൊരു പശ്ചാത്തലത്തി ലാണ്. റവ.ജോർജ് മാത്തന്റെ 'മലയാഴ്മയുടെ വ്യാകരണം' സാമാന്യ വ്യവഹാര ഭാഷയെ അടിസ്ഥാനമാക്കി രചിച്ചതാണ്. സംസ്കൃത പാരമ്പര്യത്തെ പിന്തുടരാതെ, മലയാള ഭാഷയുടെ സ്വത്വം ഉൾക്കൊണ്ട ഒരു വ്യാകരണകൃതിയായി അത് രചിക്കപ്പെട്ടു. മറ്റ് ഭാഷകളെ അപേക്ഷിച്ച് മലയാളത്തിന്റെ സൗന്ദര്യവും സമ്പത്തും ഒട്ടും പിന്നിലല്ല എന്ന വിശ്വാസം ജോർജ് മാത്തനുണ്ടായിരുന്നു. ശാസ്ത്രീയമായ നിരീക്ഷണവും പരിചയവും കൊണ്ട് ശ്രദ്ധേയമായ വ്യാകരണകൃതിയാണ് 'മലയാഴ്മയുടെ വ്യാകരണം'. വ്യാകരണം ഒരു ശാസ്ത്രമാണെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. സാമൂഹികതയിലൂന്നിയ ഭാഷാശൈലിയും, മലയാളഭാഷയെ സംബന്ധിച്ച് നിരീക്ഷണങ്ങളും

ആധുനിക വീക്ഷണങ്ങൾ പുലർത്തുന്നവയാണ്. മലയാള ഗദ്യത്തിന്റെ വ്യാകരണം ആധുനികതയിലൂടെ കാണുവാനും വായിക്കുവാനും അതിനുതകുന്ന രീതിശാസ്ത്രാടിസ്ഥാനം വരച്ചുകാട്ടാനും ജോർജ്മാത്തന് കഴിഞ്ഞു.

അധ്യായം 4

# ജോർജ് മാത്തന്റെ സാമൂഹ്യ വീക്ഷണം

## 4.0 ആമുഖം

മലയാളഭാഷയുടെ വികാസപരിണാമചരിത്രത്തിലെ അവിസ്മരണീയമായ വ്യക്തിത്വമാണ് ജോർജ്മാത്തന്റേത്. ഏ.ഡി.16 മുതൽ 19 വരെ മിഷണറി കാലഘട്ട മായിരുന്നു. മിഷണറിമാർ പ്രേഷിതവൃത്തി ജീവിതവൃത്തിയായി സ്വീകരിച്ചിരുന്നു. മതപ്രചാരണത്തിനെത്തിയ മിഷണറിമാർക്ക് അവരുടെ ആശയങ്ങൾ സാമാന്യ ജനതയിലേക്ക് എത്തിക്കേണ്ടതുണ്ട്. അതിന് അവരുടെ ദൈനംദിനജീവിതത്തിൽ ഇടപെടേണ്ടിയിരുന്നു. ആശയവിനിമയത്തിന് ഭാഷയെ സ്വായത്തമാക്കേണ്ടതുണ്ടാ യിരുന്നു. ഭാഷ പഠിക്കാൻ തുടങ്ങിയശേഷമാണ് കേരളത്തിൽ ശക്തമായൊരു ഗദ്യശൈലി ഇല്ലെന്ന് ബോധ്യപ്പെടുന്നത്. ബൈബിൾ അടക്കമുള്ള കൃതികൾ പ്രചരിപ്പിക്കുന്നതിന് അനുകൂലമായ ഭാഷാശൈലി വികസിപ്പിച്ചെടുക്കേണ്ടതുണ്ടാ യിരുന്നു. ആശയവിനിമയത്തിന് ഭാഷയെ വ്യവഹാരഭാഷയോട് അടുത്തുനിൽക്കുന്ന ഒരു ഗദ്യശൈലി ചിട്ടപ്പെടുത്തിയെടുക്കുന്നതിനായാണ് പത്രമാസികകളിലൂടെയും ഗ്രന്ഥനിർമ്മാണത്തിലൂടെയും ഇവർ ശ്രമിച്ചത്.

ക്രൈസ്തവമിഷണറിമാർ പദ്യകൃതികളെ അപേക്ഷിച്ച് ഗദ്യകൃതികളാണ് കൂടുതൽ രചിച്ചിട്ടുള്ളത് പ്രേഷിതവൃത്തിയുടെ മാധ്യമമായി ഗദ്യം കൈകാര്യം ചെയ്തതോടുകൂടിയാണ് മിഷണറിമലയാളഗദ്യത്തിന്റെ പിറവി. എഡി.16 മുതൽ 18 വരെയാണ് കത്തോലിക്കാമിഷണറിമാരുടെ പ്രവർത്തനകാലം. ഇവർ കൊച്ചിക്കോട്ട യിലും അമ്പഴക്കാട്ടും അതിന്റെ പ്രാന്തപ്രദേശങ്ങളിലുമായിരുന്നു പ്രവർത്തിച്ചിരുന്നത്. ഈ

കാലഘട്ടത്തിലെ പ്രധാനകൃതികൾ 'ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ' കരിയാറ്റിൽ ഔസേപ്പ് മല്പാന്റെ 'വേദതർക്കം' ക്ലമന്റ് പിയാനോസിന്റെ 'സംക്ഷേപവേദാർത്ഥം' പാറേമ്മാക്കൽ തോമ്മാകത്തനാരുടെ വർത്തമാനപുസ്തകം' എന്നിവയാണ്. 'സൂനഹദോസു' മുതൽ 'വർത്തമാനപുസ്തകം'വരെയുള്ള ഗദ്യഗ്രന്ഥങ്ങ ളിലെ ഭാഷാരീതി പരിശോധിക്കുമ്പോൾ വ്യവഹാരഭാഷയുടെ സാഹിതീയരൂപത്തി ലുള്ള ക്രമികമായ മാറ്റമാണ് കാണാൻ സാധിക്കുന്നത്.

'ആട്ടപ്രകാര'ങ്ങളിലും 'രാമായണം', 'നമ്പ്യാന്തമിഴ്' തുടങ്ങിയ ഗദ്യകൃതികളിലും കാണാവുന്ന സംസ്കൃത സ്വാധീനമേറിയ ശൈലിയെക്കാൾ വ്യവഹാരഭാഷാരൂപ ത്തോട് അടുത്തുനില്ക്കുന്നുണ്ട് ഇവയിലെ ഗദ്യരീതി. വാക്യരീതി, കർമ്മണിപ്രയോഗം തുടങ്ങിയ ഘടനാപരമായ കാര്യങ്ങളിൽ വൈദേശിക ഭാഷയുടെ സ്വാധീനം കാണാം. 'ഉദയംപേരൂർ സൂനഹദോസി'ലെ ഭാഷ, ലാറ്റിൻ സ്വാധീനമൊഴിച്ചു നിർത്തിയാൽ, വ്യവഹാരഭാഷയോട് വളരെ അടുത്തുനില്ക്കുന്നുണ്ട്. 'വേദതർക്ക'ത്തിൽ സംസ്കൃതപദ ങ്ങൾ ധാരാളമായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ മലയാളികൾക്ക് സുപരിചിതമായ ലളിത സംസ്കൃതപദങ്ങളാണ് അതിലുള്ളത്. സുറിയാനി-ലത്തീൻ പദങ്ങളും പാശ്ചാത്യഗദ്യരീതികളും ക്ലിഷ്ടമായ വാക്യഘടനയുമാണ് ഉള്ളതെങ്കിലും വ്യവഹാര ഭാഷയുടെ ഒരു സംസ്കരിച്ചരൂപം ഇതിൽ പ്രതിഫലിക്കുന്നു. 'സംക്ഷേപവേദാർത്ഥ' ത്തിലെ ഗദ്യത്തെ പരിഗണിക്കുമ്പോൾ ഗദ്യരീതി സാഹിത്യപരമായ മേന്മയിലേക്ക് ഉയരുവാൻ ശ്രമിക്കുന്നതായി കാണാം.

'പാശ്ചാത്യസമ്പ്രദായത്തിലുള്ള ഒരു ഗദ്യപദ്ധതി ഭാഷയിൽ ഇദംപ്രഥമമായി അവതരിപ്പിച്ച് നടപ്പാക്കി വിജയം വരിച്ച ക്രൈസ്തവ സാഹിത്യകാരനാണ് ജോർജ് മാത്തൻ'[1] എന്ന് മഹാകവി ഉള്ളൂർ പ്രസ്താവിക്കുന്നു. ഇതു ശരിയാണെന്ന് മാത്തന്റെ ഗദ്യകൃതികൾ അപഗ്രഥിക്കുന്നതിൽനിന്നും മനസ്സിലാവുന്നു. 'മലയാഴ്മയുടെ വ്യാകരണം',

---

1 കേരളസാഹിത്യചരിത്രം ഉള്ളൂർ കേരള സർവ്വകലാശാല വാല്യം 3 പേജ് 235.

'വേദസംയുക്തി', 'സത്യവാദഖേടം' 'ബാലാഭ്യസനം' തുടങ്ങി നിരവധി പുസ്തകങ്ങളും വിവിധ വിഷയങ്ങളെ അധികരിച്ചുള്ള അനേകം പ്രബന്ധങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. ഇവയിലെല്ലാം പരിഷ്കൃതവും ലളിതവുമായ ഗദ്യശൈലിയാണ് കാണാൻ കഴിയുന്നത്.

മലയാള ഗദ്യശൈലി ആശയപ്രകാശനോപാധി എന്ന നിലയിൽ നൂറ്റാണ്ടുകളിലൂടെ വളർന്ന ആധുനിക മലയാള ശൈലിയോടു വളരെ അടുത്തിരിക്കുന്നു. പുറമെയുള്ള സമ്മർദ്ദങ്ങൾകൊണ്ടു വന്നുകൂടിയ വികലപ്രയോഗങ്ങളെല്ലാം അകന്നു ശുദ്ധവും സ്വാഭാവികവുമായ ഒരു മാതൃകാവ്യവഹാരഭാഷ ഇതോടെ സ്ഥാപിതമായി. ഭാഷാശൈലിയുടെ വളർച്ച ഓരോ മേഖലയിലും വ്യത്യസ്തമായിരുന്നു. വ്യവഹാര ഭാഷാനിയമങ്ങൾക്കനുസരിച്ചുള്ള സ്വഭാവിക ശൈലിക്കുവേണ്ടി സമരം നിരന്തരം അന്നുതന്നെ തുടങ്ങിയിരുന്നു.

ഈ ഭാഗത്ത് ഭാഷയുടെ വ്യാകരണം ഇല്ലാത്തതിന്റെ കാരണവും ഉണ്ടായാലുള്ള പ്രയോജനങ്ങളും അദ്ദേഹം സമർത്ഥമായി സ്ഥാപിച്ചിരുന്നു. ആശയപരമായി തൊട്ടുതൊട്ടുള്ള വാക്യങ്ങൾ തമ്മിൽ ഒരു ബന്ധം പാലിച്ചിരിക്കുന്നു. വാക്യഘടനയിൽ ഉപയോഗിച്ചിട്ടുള്ള വൈവിധ്യവും അക്കാലത്തെ സംബന്ധിച്ചിടത്തോളം പുതുമയാണ്. കാര്യകാരണാത്മകമായ സമർത്ഥനത്തിൽക്കൂടി പടിപടിയായി മുന്നേറുന്ന ഗദ്യശൈലി മലയാളത്തിൽ ആദ്യമായാണ് പ്രത്യക്ഷപ്പെടുന്നത്. ആശയത്തെ അടുക്കടുക്കായി ചിട്ടയും ക്രമവുമൊപ്പിച്ചു ഔചിത്യത്തോടുകൂടി ബോധപൂർവ്വം ഗദ്യരചന നിർവ്വഹിച്ച വ്യക്തിയാണ് ജോർജ് മാത്തൻ.

പത്തൊമ്പതാം ശതകത്തിന്റെ ഉത്തരാർദ്ധത്തോടുകൂടി കേരളത്തിൽ പല സ്ഥലങ്ങളിലായി അച്ചടിശാലകൾ വന്നതാണ് മാതൃകാവ്യവഹാരഭാഷയിൽ അധിഷ്ഠിതമായ ഗദ്യശൈലിക്കു പ്രചാരമുണ്ടാവാൻ പ്രധാന കാരണം. മിഷണറിമാർ സ്ഥാപിച്ച ആദ്യകാലത്തെ അച്ചുകൂടങ്ങളിൽ ക്രിസ്തുമത സംബന്ധമായ കൃതികൾ മാത്രമേ ആദ്യകാലങ്ങളിൽ അച്ചടിച്ചിരുന്നൊള്ളൂ. എന്നാൽ ക്രമേണ ഇതര കൃതികളും

പ്രസിദ്ധപ്പെടുത്താൻ തുടങ്ങി. 1821-ൽ സ്ഥാപിച്ച സി.എം.എസ് പ്രസ്സിനും 1828-ൽ സ്ഥാപിച്ച തിരുവിതാംകൂർ സർക്കാർപ്രസ്സിനും പുറമെ, ബാസൽമിഷൻപ്രസ്സ്, കേരള വിലാസം, വെസ്റ്റേൺസ്റ്റാർ, വിദ്യാവിലാസം സെന്റ് തോമസ്പ്രസ്സ്, കേരളമിത്രം, വിദ്യാരത്നപ്രഭ, കുനമ്മാല് കേരള കല്പദ്രുമം തുടങ്ങിയ പ്രസ്സുകൾ പ്രവർത്തന മാരംഭിച്ചപ്പോൾ മലയാള ഗദ്യകൃതികൾ പലതും വെളിച്ചം കണ്ടുതുടങ്ങി. അങ്ങനെ ഗദ്യം കൂടുതൽ പ്രചരിക്കാൻ തുടങ്ങിയതാണ് ആധുനികമായ ഒരു ശൈലി ഉയർന്നു വരാൻ കാരണമായത്.

1868-ൽ ആണ് ആയില്യം തിരുനാൾ മഹാരാജാവ് തിരുവിതാംകൂറിൽ മലയാളം പള്ളിക്കൂടങ്ങൾ സ്ഥാപിക്കാൻ ആരംഭിച്ചത്. എന്നാൽ 19-ാം നൂറ്റാണ്ടിന്റെ ആദ്യ ഘട്ടം മുതൽതന്നെ മിഷണറിമാർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞിരുന്നു. തെക്കൻ കേരളത്തിൽ ലണ്ടൻ മിഷൻ സൊസൈറ്റി ചർച്ചുമിഷൻ സൊസൈറ്റി എന്നിവയും മലബാറിൽ ബാസൽ മിഷൺ സൊസൈറ്റിയുമാണ് ഇതിലേർപ്പെട്ടത്. സർക്കാറിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ പദ്ധതി ആരംഭിച്ച മുതൽക്കാണ് ടെക്സ്റ്റ്ബുക്കു കമ്മിറ്റിയുടെ ആവിർഭാവം. മലയാളം പഠിക്കുന്നവർക്ക് വേണ്ടി 1860-ൽ ഗുണ്ടർട്ട് 'പാഠമാല' പ്രസിദ്ധീകരിച്ചു. കേരളവർമ്മ അദ്ധ്യക്ഷനായി ടെക്സ്റ്റുബുക്ക് കമ്മിറ്റി രൂപവൽക്കരിക്കപ്പെട്ടതു മുതൽ താഴ്ന്ന ക്ലാസ്സിലേക്കും ഉയർന്ന ക്ലാസ്സിലേക്കും യോജിച്ച വിധത്തിൽ വെവ്വേറെ ഗദ്യ പുസ്തകങ്ങൾ രചിക്കപ്പെട്ടു. ആയില്യം തിരുനാളും വിശാഖം തിരുനാളും ഗദ്യസാഹിത്യം പ്രോത്സാഹിപ്പിക്കുന്നവരായിരുന്നു. ഈ കൃതികളിലെല്ലാം സംസ്കൃതസ്വാധീനം നിറഞ്ഞു നൽക്കുന്ന ഗദ്യശൈലിയായിരുന്നു. ഇവർ പാഠകാദികളിൽ പ്രയുക്തമായ ഗദ്യത്തെ പിന്തുടർന്നവരാണ്. അതുകൊണ്ടുതന്നെ ജോർജ്മാത്തന്റെ ഗദ്യശൈലിയിൽ നിന്ന് വ്യത്യസ്തമായിരുന്നു അവരുടെ ശൈലികൾ. ജോർജ് മാത്തന്റെ ഗദ്യം രൂപംകൊണ്ടത് വ്യവഹാര ഭാഷയെ അടിസ്ഥാനമാക്കിയായിരുന്നു.

1847 മല്ലപ്പള്ളി ആംഗ്ലിക്കൽ സഭയുടെ പട്ടക്കാരൻ ആയിട്ടാണ് ജോർജ് മാത്തൻ ജോലിയിൽ പ്രവേശിച്ചത്. 1863 വരെ പതിനാറു വർഷം മല്ലപ്പള്ളിയിൽ സേവനം അനുഷ്ഠിച്ചു. ഗ്രേസായിപ്പിന്റെ കീഴിൽ ലത്തീൻ, ഗ്രീക്ക് എബ്രായ, ഇംഗ്ലീഷ്, സുറിയാനി എന്നീ ഭാഷകളിൽ വിജ്ഞാനം സമ്പാദിച്ചു. കൂടാതെ തെലുങ്ക്, ഹിന്ദി എന്നീ ഭാഷകളിലും പ്രാവീണ്യം നേടിയിരുന്നു. തത്വജ്ഞാനം, ഗണിതം എന്നീ വിഷയങ്ങളിൽ ഉന്നതമായ പാണ്ഡിത്യം കരസ്ഥമാക്കി. ഇത്രമാത്രം അറിവു ലഭിച്ചവർ അക്കാലത്ത് നാട്ടിൽ വിരളമായിരുന്നു. 'ക്ഷേത്രഗണിതം, ബീജഗണിതം എന്നിവയിലെ ചോദ്യങ്ങൾ കണ്ടുപിടിക്കുന്നതിനായി അദ്ദേഹം പലപ്പോഴും ഏകാഗ്രചിത്തനായിരുന്നു. സോക്രട്ടീസിന്റെ സമ്പ്രദായത്തിൽ ചോദ്യോത്തരങ്ങൾ മുഖേനയാണ് അദ്ദേഹം തർക്കിക്കുകയും പ്രസംഗിക്കുകയും ചെയ്തു വന്നിരുന്നത്.'[2]

'അന്നത്തെ കാലത്തു സഭാകൂട്ടങ്ങൾ പലയിടങ്ങളിലും കൂടുക പതിവായിരുന്നു. വിവിധ സ്ഥലങ്ങളിൽനിന്നും അനവധി വ്യക്തികൾ ഈ കൂട്ടങ്ങളിൽ പങ്കെടുക്കാൻ എത്തിയിരുന്നു. യോഗനടപടികളുടെ അവസാന ചടങ്ങ് അടുത്ത കൂടിച്ചേരലിനുള്ള തീയതി നിശ്ചയിക്കുക എന്നുള്ളതായിരുന്നു. അങ്ങനെ ചേരുന്ന ദിവസം പൂർണ്ണചന്ദ്രനുള്ള ദിവസമാകണമെന്ന് വന്നുചേരുന്നവർ ആവശ്യപ്പെട്ടിരുന്നു. അക്കാലത്ത് ഇന്നത്തെപ്പോലെ കലണ്ടറുകൾ ഇല്ലായിരുന്നു. അവർ ജോർജ് മാത്തനെ സമീപിച്ച് പൂർണ്ണചന്ദ്രനുള്ള ദിവസം നിശ്ചയിച്ചിരുന്നു. തച്ചുശാസ്ത്രത്തിലും അഗാധമായ പാണ്ഡിത്യമുള്ള വ്യക്തിയായിരുന്നു ജോർജ് മാത്തൻ. പുര വയ്ക്കുന്നതിനുള്ള സ്ഥാനം കണ്ടെത്തുന്നതിന് അനവധി ആളുകൾ അച്ചനെ സന്ദർശിച്ചിരുന്നു. പ്രതിഫലേച്ഛ കൂടാതെ അതെല്ലാം അദ്ദേഹം ചെയ്തുകൊടുത്തിരുന്നു.'[3]

---

[2] ജോൺ മാത്യൂസ് സി. കിടങ്ങന്നൂർ, വൈയാകരണൻ ജോർജ് മാത്തൻ പാദ്രി, ചെറിയാൻ തരകൻ കുടുംബയോഗം. പു. 31.

[3] ടി. പു.48.

തിരുവിതാംകൂറിൽ ആദ്യമായി ഇംഗ്ലീഷു വിദ്യാഭ്യാസം ആരംഭിച്ചത് ലണ്ടൻ മിഷൻ സൊസൈറ്റിയുടെയും സി.എം. എസിന്റേയും മിഷണറിമാരായിരുന്നു. തെക്കൻ തിരുവിതാംകൂറിൽ മൈലാടിയിലും നാഗർകോവിലിലും തിരുവനന്തപുരത്തും കൊല്ലത്തും എൽ.എം.എസ് മിഷണറിമാർ ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചപ്പോൾ, സി.എം.എസ് മിഷണറിമാർ ആലപ്പുഴയിലും, കോട്ടയത്തും ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചു. 1840-ലെ കണക്കുപ്രകാരം എൽ.എം.എസിന് തെക്കൻ തിരുവിതാംകൂറിൽ 7540 കുട്ടികൾ പഠിക്കുന്നതിൽ 1000 പേർ പെൺകുട്ടികളാ യിരുന്നു. മിഷണറിമാരുടെ വിദ്യാഭ്യാസപ്രവർത്തനം അന്നത്തെ തിരുവിതാംകൂർ സർക്കാറിന് ആശ്വാസപ്രദമായിരുന്നു. 1836-ൽ ഡിസംബർ 13-ന് തിരുവിതാംകൂറിലെ സ്വാതിതിരുനാൾ രാജാവ് തിരുവനന്തപുരത്തുണ്ടായിരുന്ന റോബർട്ട് സായിപ്പിന്റെ ഇംഗ്ലീഷ് സ്കൂൾ സർക്കാർ വകയായി ഏറ്റെടുത്തു. രാജാവ് ഫ്രീ സ്കൂൾ എന്നു നാമകരണം ചെയ്ത് ആ സ്കൂളിൽ സൗജന്യമായി ഇംഗ്ലീഷ് വിദ്യാഭ്യാസം നടത്തുന്നതിനു ആരംഭം കുറിച്ചു. അന്നു നാട്ടുഭാഷയായ മലയാളത്തിന് ഒരു സഹായവും ചെയ്തില്ല. ഈ വിഷയം അന്നു ദിവാനായിരുന്ന സർ.റ്റി.മാധവൻനായരുടെ ശ്രദ്ധയിൽ കൊണ്ടുവന്നത് ജോർജ് മാത്തനായിരുന്നു. 1866-ൽ ആണ് ഈ സംഭവം നടക്കുന്നത്. 'ഇന്ന് മലയാളത്തിൽ അനവധി പഠനങ്ങളും രചനകളും, നടക്കുന്നുണ്ടെങ്കിലും ഇതിനു കാരണക്കാരൻ ജോർജ് മാത്തൻ ആണെന്ന് ആർക്കും അറിവില്ല.[4] മാത്തൻ സർ. റ്റി.മാധവരായരെക്കണ്ടപ്പോൾ നാട്ടിൽ എല്ലാവരെയും സ്വന്തം ഭാഷയിൽ വിദ്യ അഭ്യസിപ്പിക്കേണ്ടത് മിഷണറിമാർക്കെന്നപോലെ സർക്കാറിന്റേയും ചുമതലയാ ണെന്ന് പറയുകയുണ്ടായി. 1866-ൽ തിരുവനന്തപുരത്തു മലയാളം സ്കൂൾ കൂടാതെ പത്തു സ്കൂളുകൾ ആരംഭിച്ചു. എന്നാൽ നാട്ടുഭാഷാ വിദ്യാഭ്യാസത്തിന് നാട്ടുകാരിൽനിന്നും സഹകരണം വേണ്ടരീതിയിൽ ലഭിച്ചില്ല. ജനങ്ങളെ നാട്ടുഭാഷാ വിദ്യാഭ്യാസത്തിന്

---

4 ടി.പു. 65.

താല്പര്യമുള്ളവരാക്കുന്നതിനായി പൊതുപ്രസംഗങ്ങൾ ചെയ്യിക്കുന്ന തിനു സർക്കാർ തീരുമാനിക്കുകയുണ്ടായി. അതിനു സർക്കാർ തിരഞ്ഞെടുത്ത് ചുമതലപ്പെടുത്തിയത് ജോർജ് മാത്തനെ ആയിരുന്നു. 1867 ആഗസ്റ്റ് മാസം 13-ന് കൊല്ലം ഡിവിഷൻ കച്ചേരിയിൽവച്ച് റവ.ജോർജ് മാത്തൻ നാട്ടുഭാഷാ വിദ്യാഭ്യാസത്തെക്കുറിച്ച് പ്രസംഗിക്കുന്നതാണെന്നുള്ള നോട്ടീസ് എല്ലായിടത്തും പ്രചരിപ്പിച്ചു. ജാതിമത വ്യത്യാസം കൂടാതെ അനവധി ആളുകൾ യോഗത്തിൽ പങ്കെടുത്തിരുന്നു. അന്നത്തെ പ്രസംഗം ശ്രദ്ധേയവും വിജ്ഞാനപ്രദവും ഉൽബോധജന കവുമായിരുന്നു. മലയാള ഭാഷയെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞകാര്യങ്ങൾ 'ബാലാഭ്യസനത്തിനുള്ള ഉത്തമഭാഷ ഓരോരുത്തന്റെയും ജന്മഭാഷയാകുന്നു. എന്ന് നമ്മുടെ സർക്കാരിൽനിന്നും അറിഞ്ഞു. മണ്ടപത്തും വാതിലുകൾതോറും മലയാളം പള്ളിക്കൂടം ഇടണമെന്നു നിശ്ചയിച്ചതിൽ വണ്ണം, ഈ സ്ഥലത്തിലും മറ്റു ചിലേടത്തും അത് ആരംഭിച്ചാറെ ജനങ്ങളുടെ ഉദാസീനത നിമിത്തം അതിനു നടപ്പുകേടായിരി ക്കുന്നു. എന്നു കേൾക്കുന്നതിൽ ഞങ്ങൾ പാരം ഖേദിക്കുന്നു. ഇംഗ്ലീഷ് പള്ളിക്കൂടങ്ങ ളിൽ പൈതങ്ങൾക്കു കുറവില്ലായ്കയാൽ ജനങ്ങൾ വിദ്യയെ പൊതുവിൽ വിലമതിക്കുന്നില്ലെന്നു പറഞ്ഞുകൂടാ. എന്നതുകൊണ്ട് ഉദാസീനതയ്ക്കു കാരണം മലയാഴ്മയോടു അവർക്കുള്ള ധിക്കാരം എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അഭ്യസന ത്തിനു മുഖാന്തിരമാകുവാൻ ഈ ഭാഷയായിരുന്നു നാട്ടുകാർക്കു സത്തമഭാഷ എന്നു കാണിപ്പാൻ കഴിയുമെങ്കിൽ ഇതിനോടുള്ള നിന്ദ നിങ്ങളുടെ മനസ്സിങ്കൽനിന്നും പൊയ്പോയിട്ടു അതിനെ വേണ്ടുംവണ്ണം വിലമതിച്ച് അതിനാൽ വരുത്താവുന്ന ഗുണങ്ങളെ നിങ്ങളുടെ കുഞ്ഞുങ്ങൾക്കായിട്ടു സമ്പാദിച്ചുകൊള്ളും എന്ന് ഞങ്ങൾ വിചാരിച്ചുകൊള്ളുന്നു.'[5]

ജന്മഭാഷയിൽ ഒരു സാധാരണയറിവു മനുഷ്യർക്ക് വിശേഷാൽ പഠനം കൂടാതെ പരിജ്ഞാനത്തിൽ നിന്നുതന്നെ ഉണ്ടാകുന്നതാകയാൽ അതിനേപ്പറ്റി പ്രത്യേകം അദ്ധ്യയനം ചെയ്യിട്ട് കാര്യമില്ലെന്നു ഒരു നിശ്ചിത ഈ നാട്ടിലെ മനുഷ്യരുടെ ഇടയിൽ

[5] ടി. പു. 52.

പരന്നിരിക്കുന്നു. അതിനാൽ വിദ്വാന്മാരാകുവാൻ ആഗ്രഹിക്കുന്നവരെല്ലാം സംസ്കൃതം പഠിക്കുന്നു. ഇപ്പോൾ ചിലർ ആ സാധ്യത്തിനായിട്ടു തന്നെ ഇംഗ്ലീഷും പഠിക്കുന്നു. എന്നാൽ ഭാഷയുടെ അറിവിനാൽ മാത്രം ഒരുവൻ വിദ്വാനായി തീരും എന്നുള്ള വിചാരം അബദ്ധമാകുന്നു. മറുഭാഷകൾ പഠിപ്പാനില്ലായ്കകൊണ്ട് മനുഷ്യർ വിദ്യക്കുറവു ള്ളവരാകുകയില്ല. അറിവ് ശേഷം പോരാട്ടം പഠിപ്പാനും ശേഷം പേർക്കു പറഞ്ഞുകൊടു പ്പാനും കാര്യമില്ലെങ്കിൽ മനുഷ്യർക്ക് ഭാഷകൊണ്ട് ആവശ്യം തന്നെ കാണുകയില്ല. ഭാഷകളെ വിദ്യയ്ക്കു കൈവഴികളായിട്ടു മാത്രം വിചാരിക്കുമ്പോൾ ഏതു ഭാഷയെയാകുന്നു ബാലാഭ്യസനത്തിനു കൊള്ളിക്കേണ്ടത്?. പിന്നെ ഞങ്ങളുടെ ചോദ്യം ഓരോ ദേശക്കാർക്ക് പ്രത്യേകം വേണ്ടുന്ന ഭാഷ ഏതെന്നാകുന്നു. അത് ഓരോരുത്തൻ പിറന്നു വളർന്ന നാട്ടിൽ നടക്കുന്നതും കുഞ്ഞിലേ പറഞ്ഞു ശീലിക്കുന്നതുമായ ജന്മഭാഷയാ കുന്നു. എന്നുള്ളതിന് അനേക ന്യായങ്ങളെ പറയാം. മലയാണ്മയുടെ ജാത്യം വിചാരിക്കുമ്പോൾ ഭംഗിക്കും ശക്തിക്കും ഏതു ഭാഷയോടും നേരിടത്തക്കതായിരുന്നു. അതിൽ വാക്കുകൾക്കുള്ള മാറ്റങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാവുന്നതും വാചകങ്ങളെ കുഴച്ചിൽ വരാതെ കൂട്ടിക്കെട്ടാവുന്നതും കൂടാതെ സ്വരഭേദംകൊണ്ട് ഓരോ മനോവികാര ങ്ങളെ വെളിപ്പെടുത്താൻ നല്ല പാങ്ങുള്ളതുമാകുന്നു. വന്ന്യ, വന്നെ, വന്നേ എന്നുള്ള ഭാവഭേദങ്ങൾ ഇംഗ്ലീഷിൽ വരുത്തുവാൻ ശ്രമിച്ചാൽ സാധിക്കയില്ല. എഴുതിയേച്ച്, എഴുതിപ്പോയി എന്നിങ്ങനെയുള്ള ഭാവനകളെ ആ ഭാഷയിൽ വരുത്തണമെങ്കിൽ ബാഹ്യ ചുറ്റിക്കെട്ടു വേണ്ടിയിരിക്കുന്നു. ഇത് ഫലിതവാചകത്തിനു മുടക്കുന്നില്ലാ എന്ന് 'ആൾമാറാട്ടം' എന്ന ഭാഷാന്തരം കൊണ്ട് അനുകാരമാക്കിനു മുന്നുന്നു എന്ന് 'ജ്ഞാനനിക്ഷേപത്തി'ലെ സംഭാഷണങ്ങൾ കൊണ്ടും തെളിവായിരിക്കുന്നു. അഗാധജ്ഞാനത്തേയും സൂക്ഷ്മ വ്യവഹാരങ്ങളേയും വിവരിക്കുന്നതിന് ഇംഗ്ലീഷിനെ ക്കാൾ അത് പുറകല്ലെന്നു 'സംയുക്തി' എന്ന പരിഭാഷ മൂലത്തോടു ഒത്തുനോക്കി വായിക്കുന്നവർക്ക് ഒക്കെയും ബോധ്യമാകും. ബ്രിട്ടീഷ് സർക്കാറിന്റെയും മിഷൻ സമൂഹക്കാരുടെയും യത്നങ്ങളാൽ അനേകം നല്ല പുസ്തകങ്ങൾ ഇപ്പോൾ മലയാഴ്മയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്, ബീജഗണിതം,

രേഖാഗണിതം എന്ന ഭൂമിശാത്രത്തെപ്പറ്റി രണ്ടു മൂന്നു ചെറിയ പുസ്തകങ്ങൾ നടപ്പാക്കിയിട്ടു ചരിത്ര സംബന്ധമായിട്ടു വേദചരിത്രം സഭാചരിത്രം, ലോകചരിത്രം, ഇൻഡ്യാചരിത്രം എന്നിങ്ങനെ നാലാറു പുസ്തകങ്ങൾ കാണ്മാനുണ്ട്. പിന്നെ ഒന്നും രണ്ടും മൂന്നും പാഠപുസ്തകങ്ങൾ എന്നിവയിൽ പൈതങ്ങൾക്കു പഠിപ്പാൻ തക്ക അനേക കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. നമ്മുടെ ഈ സർക്കാരിലെ പേരിലും ഇക്കാര്യത്തിൽ മുമ്പേ എന്തെല്ലാം കുറ്റങ്ങൾ ഉണ്ടായിരുന്നാലും ഇപ്പോൾ കുറേ നാളായിട്ടു അവിടെനിന്നും ചെയ്തുവരുന്ന വേലകൾ സർവ്വമാന്യം തന്നെ. 'സന്മാർഗ്ഗസംഗ്രഹ'വും 'ബാലമിത്രവും' ഗവൺമെന്റിൽനിന്നും മുതൽ ചെലവിട്ടു പൊരുൾ തിരിച്ചവയാകുന്നു. 'പണക്കാരുവർണ്ണന'യും 'സത്യവാദഖേട'വും സർക്കാറിൽ നിന്നും നിശ്ചയിച്ച വിരുതുകൾ മൂലമാകുന്നു ഉണ്ടായത്. പിന്നെ നമ്മുടെ രാജ്യത്തിനു അവകാശിയായി ഭാഗ്യവും യോഗ്യതയും ഏറിയ വിശാഖം തിരുനാൾ തിരുമനസ്സുകൊണ്ടു തന്നെയും തങ്ങളുടെ ഉന്നത സ്ഥിതിയെ വിചാരിക്കാതെ ബഹുജനങ്ങളുടെ ഗുണത്തെ കരുതി ഒരു ഗ്രന്ഥകർത്താവായിത്തീർന്നിരിക്കുന്നു. 'സത്യവാദഖേടം', 'പരോപകാരം', 'ദേഹസൗഖ്യം' മുതലായ സംഗതികളെ അതിനെ അപൂർവ്വവും നിന്ദ്യവും ഹാസ്യവുമായിട്ടത്രെ വിചാരിക്കുന്നത്.

ജോർജ് മാത്തന്റെ പ്രവർത്തനമേഖല ആരംഭിക്കുന്നത് മാവേലിക്കരയിൽ നിന്നാണ്. പീറ്റ് സായ്പും, ഹോക്സ്‌വർത്ത് സായ്പ്പും അക്കാലത്ത് മാവേലിക്കര മിഷനിലുണ്ടായിരുന്നു. സുറിയാനി സഭയിൽ നിലനിന്നിരുന്ന അനാചാരങ്ങൾക്കെ തിരെ ധീരമായി ജോർജ് മാത്തൻ പോരാടി. വിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥത, ആണ്ടു ചാത്തം ഇവയ്ക്കെതിരെ അവരുമായി തർക്കത്തിലേർപ്പെടുക അദ്ദേഹത്തിന്റെ പതിവായിരുന്നു.'[6]

ബൈബിൾ പരിഭാഷാപ്രവർത്തനത്തിലും ജോർജ്മാത്തൻ കാര്യമായ പങ്കുവഹിച്ചിരുന്നു. മൂലഭാഷകളിലെ വ്യുൽപത്തി ഈ സംരംഭത്തിൽ അദ്ദേഹത്തിനു സഹായമായിരുന്നു. ബൈബിൾ പരിഭാഷാ കമ്മിറ്റിയിൽ സുപ്രധാനസ്ഥാനം ജോർജ്

[6] സാമുവൽ നെല്ലിമുൾ, കേരളത്തിലെ സാമൂഹിക പരിവർത്തനം, പുറം 1520.

മാത്തനുണ്ടായിരുന്നു. മല്ലപ്പള്ളി ഇടവക പട്ടക്കാരനായി സേവനമനുഷ്ഠിക്കുമ്പോൾ ആയിരം രൂപയോളം ഇടവകയിൽനിന്നും ശേഖരിച്ച് സഭാകേന്ദ്രത്തിൽ അടച്ചു. ഈ തുക വൈദികർക്ക് ശമ്പളം നൽകുന്നതിനു സഹായകരമായ പാസ്റ്ററൽ ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിച്ചു. ഇത് പിന്നീട് സഭയുടെ സെട്രൽ ഫണ്ട് പ്രസ്ഥാനത്തിന് നാന്ദി കുറിച്ചു.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം പോലെതന്നെ നാട്ടുഭാഷയ്ക്കും പ്രാധാന്യം കൊടുക്കണമെന്ന് റവ.ജോർജ് മാത്തൻ ആവശ്യപ്പെട്ടു. യൂറോപ്യൻ മിഷണറിമാരാണ് തിരുവിതാംകൂറിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചത്. തിരുവിതാംകൂർ സർക്കാർ ഇതിനാവശ്യമായ പ്രോത്സാഹനം നൽകിയിരുന്നു. എന്നാൽ നാട്ടുഭാഷയ്ക്ക് സർക്കാർ തലത്തിൽ യാതൊരുവിധ പ്രോത്സാഹനവും നൽകിയിരുന്നില്ല.

'മിഷണറി എന്റർപ്രൈസ്' എന്ന ഗ്രന്ഥത്തിൽ കോളിൻസ് ജോർജ് മാത്തനെ സംബന്ധിച്ച് എഴുതിയിരിക്കുന്നത് "പല സാരമേറിയ പുസ്തകങ്ങളും നമ്മുടെ അച്ചടിശാലയിൽ അച്ചടിപ്പാൻ ഇടയായി. ആ കൂട്ടത്തിൽ ബട്ട്ലർ മഹാപദ്രിയുടെ 'സംയുക്തി' എന്ന പുസ്തകവും റവ.ജോർജ് മാത്തൻ പാദ്രി തർജ്ജമ ചെയ്തു പ്രസിദ്ധീകരിച്ചിരിക്കുന്നു. വിചാര ബുദ്ധിയുള്ള അനേകം ആളുകളും ഈ പുസ്തകം വായിക്കുന്നുണ്ടല്ലോ. ഹിന്ദുക്കളുടെ മനസ്സു സാധാരണ ഒരുവിധം വക്രതയോടുകൂടിയ താണ്. അങ്ങിനെയുള്ള മനസ്സിനു പറ്റിയ രീതിയാകുന്നു 'സംയുക്തി'ക്കാരന്റേത്. ചരിത്ര സംബന്ധമായ തെളിവുകൾ ചേർന്ന് എഴുതിയിരിക്കുന്ന പുസ്തകം ഇത്രയും ഉപകാരപ്പെടുന്നതല്ല. ഹിന്ദുക്കൾ ചരിത്രജ്ഞാനത്തിൽ ഇപ്പോഴും കുറവുള്ളവരായി തന്നെ ഇരിക്കുന്നു. എന്നാൽ ബട്ട്ലറിന്റേത് പോലെയുള്ള യുക്തി അവർ ശരിയായി വിലമതിക്കുന്നതാണ്. ഈ തർജ്ജമ എത്രയും അതിശയനീയമായ പ്രവൃത്തിയാകുന്നു. ജോർജ് മാത്തന് എന്തും ഗ്രഹിപ്പാൻ തക്കബുദ്ധിയുണ്ട്. അദ്ദേഹത്തിന്റെ സാഹിത്യശക്തികളെ മുമ്പേ തന്നേ പ്രകാശിപ്പിപ്പാൻ ഇടവന്നില്ലല്ലോ എന്നുവെച്ചു

ദുഃഖിക്കുന്നു. സ്വഭാഷയിൽ നല്ല പുസ്തകങ്ങൾ വളരെ ആവശ്യമാകുന്നു. ഞാൻ ഇന്ത്യയിൽ വന്നപ്പോൾ ഇദ്ദേഹം മദ്ധ്യപ്രായത്തിൽ എത്തിയിരിക്കുന്നതായി കണ്ടു. അതേവരെ ഒരു ചെറിയ പുസ്തകം അല്ലാതെ വേറെ ഒന്നും ചമച്ചിരുന്നില്ല. എന്നാൽ പിന്നീട് പല പുസ്തകങ്ങളും എഴുതി അച്ചടിപ്പിച്ചിരിക്കുന്നു. മലയാള ഭാഷയുടെ ഒരു ഉത്തമ വ്യാകരണം തന്നെ രചിച്ചിട്ടുണ്ട്. ഞങ്ങളുടെ 'കോളേജ് മാഗസിൻ' എന്ന മാസികക്കു ഇദ്ദേഹം പല ഉപന്യാസങ്ങളും എഴുതി അയച്ചിട്ടുണ്ട്. മരുമക്കത്തായത്തെ ക്കുറിച്ച് എഴുതിയിരുന്ന ഉപന്യാസം തിരുവിതാംകൂർ ദിവാൻജിയായിരുന്ന സർ ടി.മാധവരായർ അവർകൾ വായിപ്പാനും ശ്രദ്ധിപ്പാനും ഇടവന്നു. അതു നിമിത്തം തിരുവിതാംകൂർ സർക്കാർ വക പാഠപുസ്തകം മുതലായ സർവസാഹിത്യങ്ങളുടെയും വിചാരകൻ എന്ന ജോർജ്മാത്തൻ പാദ്രിക്ക് കൊടുക്കാമെന്നു അറിയിച്ചു. അതു ഭാരമേല്പാൻ മനസ്സുവെക്കാതിരുന്നത് ബഹുമോശമായിപ്പോയി എന്നു ഞാൻ പലപ്പോഴും വിചാരിച്ചിട്ടുണ്ട്. ഈ വഴിയിൽ അദ്ദേഹത്തിന് തിരുവിതാംകൂർ സർക്കാരിൽ മുമ്പേ തന്നെ ലഭിച്ചിരുന്ന സ്വാധീനം പതിമടങ്ങു വർദ്ധിപ്പിക്കാമാ യിരുന്നു.'[7]

സർക്കാരിൽനിന്നും യാതൊരു സ്ഥാനമാനങ്ങളും ജോർജ്മാത്തൻ സ്വീകരിച്ചിരുന്നില്ല. എന്നതിന് കോളിൻസിന്റെ ഈ വിലയിരുത്തൽ പ്രബലമായ തെളിവാണ്. മലയാളഭാഷയുടെ പുഷ്ടിക്കുവേണ്ടി ജോർജ് മാത്തൻ നടത്തിയ ശ്രമങ്ങളെ കോളിൻസ് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഭാഷയിൽ പുസ്തകങ്ങൾ ആവശ്യമാണെന്നും അത് പരിഹരിക്കേണ്ടത് തന്റെ തന്നെ ഉത്തരവാദിത്തമാണെന്നും തിരിച്ചറിഞ്ഞ ജോർജ് മാത്തനെയാണ് കോളിൻസ് അടയാളപ്പെടുത്തുന്നത്. ജോർജ് മാത്തന്റെ സാമൂഹ്യജീവിതത്തെ സംബന്ധിച്ചുള്ള സത്യസന്ധമായ നിരീക്ഷണം സർക്കാർ ശ്രദ്ധിച്ചിരുന്നതായും ഭാഷയും സാഹിത്യവുമായും ബന്ധപ്പെട്ട സർക്കാർ വക കാര്യങ്ങളുടെ

---

7 വൈയാകരണൻ ജോർജ് മാത്തൻ പാദ്രി. ജോൺ മാതൃൂസ്.സി കിടങ്ങന്നൂർ, കിടങ്ങന്നൂർ ചെറിയാൻ കുടുംബയോഗം. പേജ് 87.

മേൽനോട്ടത്തിനായി അദ്ദേഹത്തെ ക്ഷണിച്ചിരുന്നതായും പ്രസ്തുത ലേഖനത്തിൽ കോളിൻസ് സൂചിപ്പിക്കുന്നുണ്ട്.

ഈ സമയത്തു കോട്ടയം കോളജ് അദ്ധ്യക്ഷൻ കോളിൻസ് സായ്പ് കോട്ടയം കോളേജ് മാഗസിൻ ഓരോ മൂന്നുമാസം കൂടുമ്പോഴും പ്രസിദ്ധീകരിച്ചിരുന്നു. അതിൽ മതം, തത്വജ്ഞാനം, സമുദായം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ഇംഗ്ലീഷിലും മലയാളത്തിലും പല ഉപന്യാസങ്ങൾ അച്ചടിപ്പിച്ചിരുന്നു. നാട്ടിൽ നടപ്പുള്ള ഓരോ ആചാരങ്ങളെക്കുറിച്ച് ലേഖനങ്ങൾ ജോർജ്മാത്തൻ അതിൽ എഴുതിയിരുന്നു.

വിദ്യാഭ്യാസം വിജയിക്കണമെങ്കിൽ ബോധനമാധ്യമം മാതൃഭാഷയായിരിക്കണമെന്ന് അദ്ദേഹം ശക്തിയുക്തം സമർഥിക്കുന്നു. നാട്ടുകൂട്ടങ്ങളുടെ ഭാഷയായ മലയാളം, മണ്ഡപത്തിൽ വാതിൽ മുതൽ ഹജ്ജൂർ കച്ചേരിവരെ എഴുത്തുഭാഷയാക്കണമെന്ന് അസന്ദിഗ്ധമായി ആവശ്യപ്പെട്ടു. സ്വന്തം ഭാഷയെ അവഗണിക്കുന്ന മഹാരാജാവിനെ കുറ്റപ്പെടുത്താനും അദ്ദേഹം മടിച്ചില്ല. കേരളത്തിൽ ആദ്യമായി രാഷ്ട്രീയ ലേഖനങ്ങൾ എഴുതാൻ ആരംഭിച്ചതും അദ്ദേഹമാണ്.

### 4.1.1 ഭാഷയും കാഴ്ചപ്പാടും

കേരളത്തിൽ ആധുനികീകരണ പ്രക്രിയയിൽ കോളനീകരണം വഹിച്ച പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. കോളനീകരണത്തോടുകൂടി കേന്ദ്രീകൃതമായ അക്ഷരാഭ്യാസസ്ഥാപനങ്ങൾ എന്ന നിലയിൽ കളരികളും മറ്റും നിലനിർത്തിയിരുന്ന സ്ഥാനം സ്കൂളുകൾ കയ്യേറി. ഇത് അറിവുല്പാദനവിതരണസമ്പ്രദായത്തെ ഘടനാപരമായി കൂടുതൽ സ്ഥാപനവത്ക്കരിച്ചു. കൊളോണിയൽ വിദ്യാഭ്യാസം തദ്ദേശീയരുടെ പൊതുബോധത്തെ എത്തരത്തിലാണ് മാറ്റി മറിച്ചതെന്ന് ഇവിടെ പരിശോധിക്കേണ്ടതുണ്ട്.

### 4.1.2 വിദ്യാഭ്യാസം മിഷണറി കാലഘട്ടത്തിന് മുമ്പ്

'ഏതൊരു ജനതയുടെയും പുരോഗതിയിൽ വിദ്യാഭ്യാസത്തിന് പ്രമുഖസ്ഥാന മാണ് ഉള്ളത്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളേയും അപേക്ഷിച്ച വിദ്യാഭ്യാസത്തിൽ മുൻനിരയിൽ എത്തിനില്ക്കുന്നതാണ് കേരളം. ഇംഗ്ലീഷുകാരുമായുള്ള സമ്പർക്കത്തിനുശേഷമാണ് കേരളത്തിലെ ആധുനിക വിദ്യാഭ്യാസത്തിന് തുടക്കം കുറിക്കുന്നത്. നാഗർകോവിലിനു സമീപത്തുള്ള മൈലാടി എന്ന സ്ഥലത്ത് M.Ringel Tambo എന്ന ജർമ്മൻ പ്രൊട്ടസ്റ്റന്റ് മിഷണറി 1806-ൽ തുടങ്ങിയ ഇംഗ്ലീഷ് പാഠശാലയാണ് കേരളത്തിലെ ആദ്യത്തെ ഇംഗ്ലീഷ് പള്ളിക്കൂടം.'[8] ഇംഗ്ലീഷുകാരു മായുള്ള സമ്പർക്കത്തിന് മുൻപ് കേരളത്തിൽ മിക്ക ഗ്രാമങ്ങളിലും ആശാൻമാർ നടത്തിവന്നിരുന്ന എഴുത്തുകളരികൾ അഥവാ കുടിപ്പള്ളിക്കൂടങ്ങൾ നിലവിലുണ്ടാ യിരുന്നു. 'ദ്രാവിഡവും ആര്യവും ബൗദ്ധവും ആയ ആദർശങ്ങളും രീതികളും സമ്മേളിച്ചുണ്ടായ ഒരു വിദ്യാഭ്യാസ പദ്ധതിയാണ് കേരളത്തിൽ ആംഗ്ലേയാദർശങ്ങൾ പ്രചാരത്തിൽ വരുന്നതുവരെ പ്രാബല്യത്തിലിരുന്നത്.'[9]

പ്രാചീനമായ കേരളീയ വിദ്യാഭ്യാസ പദ്ധതിയിൽ പ്രധാനമായ മൂന്നു വിഭാഗങ്ങൾ ഉണ്ട്. സാധാരണ ജനങ്ങളുടെ വിദ്യാഭ്യാസത്തെ ഉദ്ദേശിച്ചുള്ള കുടിപ്പള്ളിക്കൂടങ്ങൾ, പടയാളികളുടെ കായിക വിദ്യാഭ്യാസത്തെയും സൈനിക പരിശീലനങ്ങളേയും ഉദ്ദേശിച്ച കളരികൾ, ബ്രാഹ്മണാദി സവർണ്ണരുടെ വേദവേദാംഗാദി വിദ്യാഭ്യാസത്തിനുള്ള വേദപാഠശാലകൾ എന്നിവയാണ്. കൂടാതെ ബ്രാഹ്മണ പണ്ഡിതൻമാർ നടത്തിവന്ന പരിഷത്തുകളും, പ്രധാന ക്ഷേത്രങ്ങളോടനു ബന്ധിച്ച നടത്തിവന്ന സഭാമഠങ്ങളും നിലനിന്നിരുന്നു.

കുടിപ്പള്ളിക്കൂടത്തിലെ സാമാന്യ വിദ്യാഭ്യാസം കഴിഞ്ഞാൽ ഉന്നത വിദ്യാഭ്യാസത്തിന് ഇന്നത്തെപ്പോലെ ഹൈസ്ക്കൂളുകൾ ഉണ്ടായിരുന്നില്ല. ഭൂരിപക്ഷം

---

8 മാത്യൂ. എം.കുഴിവേലി, പ്രാചീന കേരള വിദ്യാഭ്യാസം, പുറം. 35.

9 ടി. പു. 42.

വിദ്യാർത്ഥികളും സാമാന്യവിദ്യാഭ്യാസം കഴിഞ്ഞ് അവരവരുടെ ജീവിതവൃത്തികളിൽ ഏർപ്പെടുകയാണ് ചെയ്തത്. 'അജ്ഞാതമായ അതിപ്രാചീനകാലം മുതൽ അടുത്തകാലം വരെ കേരളീയരുടെ സാമാന്യവിദ്യാഭ്യാസം നിർവഹിച്ചുപോന്ന വിദ്യാഭ്യാസസ്ഥാപനങ്ങളാണ് കുടിപ്പള്ളിക്കൂടങ്ങൾ. മതപരമായ സംഘടനകളുടേയോ രാഷ്ട്രത്തിന്റെയോ ആധിപത്യവും നിയന്ത്രണവും കൂടാതെ കുട്ടികളുടെ അതായത് സാമാന്യജനങ്ങളുടെ ആഭിമുഖ്യത്തിലാണ് ഇവ അനേക നൂറ്റാണ്ടുകളായി നടന്നുവന്നത്. കുടിപ്പള്ളിക്കൂടങ്ങൾ ജനകീയമായ വിദ്യാഭ്യാസ സ്ഥാപനങ്ങളായിരുന്നു എന്നു പറയാം. കേരളത്തിൽ പ്രാചീനകാലം മുതൽ നടപ്പിലിരുന്ന ഈ വിദ്യാഭ്യാസപദ്ധതി ഹൈദർഅലി, ടിപ്പു സുൽത്താൻ മുതലായ മുഹമ്മദീയ രാജാക്കന്മാരുടെ ആക്രമണത്തെത്തുടർന്നുണ്ടായ രാഷ്ട്രീയവും സാമുദായികവും ആയ പരിവർത്തനകാലംവരെ അനുസ്യൂതമായി തുടർന്നു പോന്നതായി അനുമാനിക്കാമെന്നു 'കേരളചരിത്ര'കർത്താവായ ശ്രീ കെ.പി.പത്മനാഭ മേനോൻ'[10] അഭിപ്രായപ്പെടുന്നുണ്ട്.

'ഓരോ ഗ്രാമത്തിലും ഒരു കുടിപ്പള്ളിക്കൂടമുണ്ടായിരുന്നു. ഈ പള്ളിക്കൂടങ്ങളിലെ അധ്യാപകൻമാരെ ആശാൻമാർ എന്നാണു വിളിച്ചുവരുന്നത്. 1891-ൽ 1300 ലേറെ വിദ്യാലയങ്ങൾ തിരുവിതാംകൂറിലുണ്ടായിരുന്നു. നമ്മുടെ ആദ്യകാല വിദ്യാഭ്യാസത്തെക്കുറിച്ച് കൂടുതലായൊന്നും നമുക്ക് അറിയില്ല. അഞ്ചോ ആറോ വയസ്സു പ്രായമാവുമ്പോൾ എഴുത്തിനിരുത്തിയിരുന്നു. പിന്നീട് മുറയ്ക്ക് എഴുത്തും വായനയും കണക്കും പഠിക്കുന്നു. അന്ന് എഴുത്താശാന് കഴിയുന്നിടത്തോളം വിജ്ഞാനം ശിഷ്യർക്കു പകരുക എന്നതായിരുന്നു പൊതുവെ പറഞ്ഞാൽ പാഠ്യപദ്ധതി. ഇതുകൂടാതെ ജ്യോതിശാസ്ത്രം കാവ്യം, നാടകം, അലങ്കാരം, തർക്കം, വ്യാകരണം ആയുർവേദം എന്നിവയും പഠിച്ചിരുന്നു. എന്നാൽ

10 ശ്രീ.കെ.പി.പത്മനാഭമേനോൻ, കേരളചരിത്രം, വാല്യം 3 പേജ് 243.

കേന്ദ്രീകൃതമായതോ, സുഘടിതമായതോ ആയ വിദ്യാഭ്യാസ സപദ്ധതി നമുക്കുണ്ടായിരുന്നില്ല.'[11]

### 4.1.3 വിദ്യാഭ്യാസവും മിഷണറിമാരും

ആദ്യകാലത്തു നസ്രാണിമാപ്പിളമാരും എഴുത്തുപള്ളിയിലാണ് വിദ്യ അഭ്യസിച്ചിരുന്നത്. യൂറോപ്പിൽനിന്ന് വന്ന ക്രിസ്ത്യാനികൾ ഇവിടെ വന്നതിനു ശേഷമാണ് വിദ്യാഭ്യാസരംഗത്ത് മാറ്റങ്ങൾ ഉണ്ടായത്. മറ്റുള്ളവർ പഠിക്കുന്ന കാര്യങ്ങൾക്കു പുറമെ മതവിശ്വാസവും സദാചാരവും വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഗാനകീർത്തനാദികളും പാഠ്യപ്രബന്ധങ്ങളുമുണ്ടായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിലാണ് പാശ്ചാത്യമിഷണറിമാർ ഇവിടെയെത്തുന്നത്. അവർ ഭാരതത്തിൽ ആധുനിക വിദ്യാഭ്യാസം കൊണ്ടുവന്നു. 'ഇന്ത്യയിലെ മറ്റിടങ്ങളിലെന്നപോലെ തിരുവിതാംകൂറിലും ആംഗല വിദ്യാഭ്യാസത്തിന്റെ മുന്നോടികൾ ക്രിസ്ത്യൻ മിഷണറിമാരായിരുന്നു.'[12] ഇവിടെ ആദ്യമായി എത്തിയ മിഷണറിമാർ കത്തോലിക്ക രായിരുന്നു. വിദ്യാഭ്യാസകാര്യത്തിൽ അവർക്ക് അത്ര താല്പര്യം ഉണ്ടായിരുന്നില്ല. അവർ ഇംഗ്ലീഷുകാർ അല്ലായിരുന്നു. അതുകൊണ്ടുതന്നെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു വേണ്ടി അവർക്കൊന്നും ചെയ്യാൻ കഴിഞ്ഞില്ല. അവർ ഇവിടെ വൈദിക കലാലയങ്ങ ളാണ് തുടങ്ങിയത്. 19-ാം നൂറ്റാണ്ടിൽ യൂറോപ്യൻ മിഷണറിമാർ ഇവിടെ വരുകയും ക്രിസ്തീയ പരിശീലനത്തിനും അതോടൊപ്പം പൊതുവിദ്യാഭ്യാസത്തിനുമായി സെമിനാരികൾ സ്ഥാപിക്കുകയും ചെയ്തു. അവർ അവരുടെ ഭാഷ ഇവിടുത്തെ സാധാരണ ജനങ്ങളിൽ അടിച്ചേൽപ്പിക്കണമെന്ന് കരുതിയില്ല. ഇവിടുത്തെ ജനങ്ങളുടെ ഭാഷ പഠിക്കാനാണ് അവർ ശ്രമിച്ചത്. അതുകൊണ്ടുതന്നെ പ്രാദേശിക ഭാഷ വികസിക്കാൻ ഇടയായി. മറ്റ് വിദേശികളെപോലെ കച്ചവടത്തിനായിരുന്നു ഇംഗ്ലീഷുകാർ ഇവിടെ എത്തിയത്. എന്നാൽ വളരെ വേഗം ഭരണം

[11] മാത്യു. എം.കുഴിവേലി, പ്രാചീന കേരള വിദ്യാഭ്യാസം, പുറം 58.

[12] ഡോ.പി.ജെ.തോമസ്, മലയാളസാഹിത്യവും ക്രിസ്ത്യാനികളും, പേജ് 85.

പിടിച്ചെടുക്കുകയും അധികാരികളാവുകയും ചെയ്തു. അവരുടെ ആവശ്യങ്ങൾക്കായി ഭാഷ പ്രചരിപ്പിക്കുക എന്നത് അവരുടെ ആവശ്യമായി. ഈ സാഹചര്യത്തിൽ മിഷണറിമാർക്ക് ഇവിടെ ഇംഗ്ലീഷ് ഭാഷ പ്രചരിപ്പിക്കാൻ സാധിച്ചു. കോളനിവൽക്കരണത്തിന്റെയും ബ്രിട്ടീഷ് ആധിപത്യത്തിന്റെയും ചുവടുപിടിച്ചുകൊണ്ട് വികസിച്ച വിദ്യാഭ്യാസ പ്രവർത്തനവും ഭാഷാ പ്രവർത്തനവും അധിനിവേശത്തിന്റെ ഒരു ഉപകരണമായി പ്രവർത്തിച്ചതും ചരിത്രമാണ്.

'തിരുവിതാംകൂറിൽ ആദ്യത്തെ ഇംഗ്ലീഷു വിദ്യാലയം ആരംഭിച്ചത് 1806- റവ.വില്യം തോബിയാസ് റിങ്കിൾടാബ് എന്നൊരു പ്രഷ്യൻ മിഷണറിയാണ്'.[13] 1806 മുതൽ 1816 വരെ അദ്ദേഹം പല സ്ഥലങ്ങളിലായി സുവിശേഷ പ്രചാരണം നടത്തി. റിങ്കിൾടാബ് എത്തിച്ചേരുന്ന സ്ഥലങ്ങളിലായി ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പറയുകയുണ്ടായി. അന്നത്തെ തിരുവിതാംകൂർ ദിവാന് റിങ്കിൾടാബ് അയച്ച കത്തിൽ ക്രൈസ്തവരും അക്രൈസ്തവരുമായ വിദ്യാർത്ഥികൾക്ക് വേണ്ടി സ്കൂളുകൾ സ്ഥാപിച്ചതായി പറയുന്നുണ്ട്. 'റിങ്കിൾ ടാബിന് അഭിമുഖീകരി ക്കേണ്ടിവന്ന ഒരു പ്രശ്നം കുട്ടികൾ ഇല്ലാത്തതായിരുന്നു. കുട്ടികളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അയക്കാൻ രക്ഷിതാക്കൾ വിമുഖത കാണിച്ചിരുന്നു. പ്രത്യേകിച്ച് സ്ത്രീകളെ അയക്കാൻ വിമുഖത കാണിച്ചു. എങ്കിലും തന്റെ ദൗത്യത്തിൽ നിന്ന് റിങ്കിൾ ടാബ് പിൻതിരിഞ്ഞില്ല. അദ്ദേഹം കൂടുതൽ പരിശ്രമിച്ചുകൊണ്ടേയിരുന്നു. റിങ്കിൾടാബിന്റെ പ്രയത്നത്തിന്റെ ഫലമായി വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾ വർദ്ധിച്ചു. ക്രൈസ്തവരെക്കൂടാതെ അക്രൈസ്തവ കുട്ടികളും ധാരാളമായി വിദ്യാലയ ങ്ങളിൽ ചേർന്നു.'[14]

റിങ്കിൾ ടാബിനെപോലെ തിരുവിതാംകൂർ ചരിത്രത്തിൽ വിസ്മരിക്കാനാവാത്ത വ്യക്തിത്വമാണ് റവ.ചാൾസ് മീഡ്. വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി അക്ഷീണമായി പ്രവർത്തിച്ചും കഴിയുന്നത്ര വിദ്യാഭ്യാസസ്ഥാപനങ്ങൾ അവർ ഇവിടെ സ്ഥാപിച്ചു.

---

13 ടി. പു. 85.

14 ടി. പു. 87.

അങ്ങനെ അറിവിന്റെ നിലവാരം അവർ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. ഇവിടുത്തെ ജനങ്ങൾക്ക് പഠിക്കാൻ താല്പര്യം ഉണ്ടായിരുന്നു. ജാതിമത ഭേദമന്യേ എല്ലാവർക്കും അവർ പഠിക്കാൻ അവസരം നല്കി. ഓരോ ദേവാലയവും അതിനോടുചേർന്ന് ഓരോ സ്കൂളും നിർമ്മിച്ചിരുന്നു. അവിടെ ഒരു മതാധ്യാപകനേയും സ്കൂൾ മാസ്റ്ററേയും നിയമിച്ചിരുന്നു. ഈ സ്കൂളുകളെല്ലാംതന്നെ പ്രാഥമിക നിലവാരം ഉള്ളവയായിരുന്നു. പഠിപ്പിക്കാൻ ഉപയോഗിച്ചിരുന്നത് പ്രാദേശികഭാഷയുമായിരുന്നു. ഓരോ വിദ്യാലയങ്ങളിലും എഴുത്തും വായനയും കണക്കും സാധാരണ വിഷയമായിരുന്നു. അതോടൊപ്പം ഭൂമിശാസ്ത്രം, ചരിത്രം, ഇംഗ്ലീഷ്, ബൈബിൾ പാഠങ്ങൾ എന്നിവ പഠിപ്പിച്ചിരുന്നു. തിരുവിതാംകൂർ വിദ്യാഭ്യാസ വികസനത്തിന് ചാൾസ് മീഡ് വളരെയധികം പ്രയത്നിച്ചിരുന്നു.

മീഡ് സ്ഥാപിച്ച ഏറ്റവും വലിയ സ്ഥാപനം നാഗർകോവിൽ സെമിനാരിയാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം ആദ്യം നല്കിയിരുന്നത് ഇവിടെയായിരുന്നു. മതപരവും ഉപകാരപ്രദവുമായ അറിവ് നല്കുകയായിരുന്നു അവരുടെ ഉദ്ദേശ്യം. ഇംഗ്ലീഷ്, മലയാളം, തമിഴ്, സംസ്കൃതം തുടങ്ങിയ ഭാഷകൾ പഠിപ്പിച്ചിരുന്നു. മെച്ചപ്പെട്ട സൗകര്യങ്ങൾ അവർക്ക് നല്കിയിരുന്നു.

### 4.1.4 ജോർജ്മാത്തനും വിദ്യാഭ്യാസവും

പാശ്ചാത്യ മിഷണറിമാർ കേരളത്തിൽ എത്തുമ്പോൾ സമൂഹത്തെ പരിവർത്തിപ്പിക്കുന്ന വിദ്യാഭ്യാസം കേരളത്തിൽ നിലനിന്നിരുന്നില്ല. 18-ാാം നൂറ്റാണ്ടിന്റെ ആരംഭങ്ങളിൽ സ്കൂളുകളും കോളേജുകളും ഉണ്ടായിരുന്നില്ല. ക്രിസ്ത്യാനികളിലും ഒരു ന്യൂനപക്ഷം മാത്രമേ വിദ്യ അഭ്യസിച്ചിരുന്നുള്ളൂ.

നാട്ടിൽ നിലനിന്നിരുന്ന സമ്പ്രദായം മാറ്റിമറിച്ച് ആധുനികവിദ്യാഭ്യാസമാണ് കേരളത്തിലെത്തിയ മിഷണറിമാർ വിഭാവനം ചെയ്തത്. നിരക്ഷരതയിൽനിന്നും നൈപുണ്യത്തിലേക്ക് അന്ധവിശ്വാസത്തിൽനിന്നും യുക്തിബോധത്തിലേക്ക്, നിസ്സഹായതയിൽനിന്നും ശാക്തീകരണത്തിലേക്ക് പരിവർത്തിപ്പിക്കാൻ കെൽപ്പുള്ള ഒരു മാധ്യമമായി വിദ്യാഭ്യാസത്തെ മിഷണറിമാർ അവതരിപ്പിച്ചു. പി.ചെറിയാൻ ജഡ്ജി ഈ സംഭവത്തെ ഇങ്ങനെ നിരീക്ഷിക്കുന്നു. 'അന്ധകാരത്തിലും അജ്ഞതയിലും നിരക്ഷരതയിലും ആഴ്ന്നിരുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനികൾക്ക് വിജ്ഞാനത്തിന്റെ വെളിച്ചം നൽകുകയെന്ന കാഠിന്യമേറിയ ദൗത്യമാണ് മിഷണറിമാർ ഏറ്റെടുത്തത്.'[15] റിംഗിൾടാബും ചാൾസ് മീഡുമൊക്കെ തുടങ്ങിവെച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ജനകീയ അടിത്തറ നൽകിയത്. റവ.ജോർജ് മാത്തനാണ്. സാമൂഹിക നവോത്ഥാന പ്രവർത്തനങ്ങളിൽ ഊന്നിക്കൊണ്ടുള്ള വിദ്യാഭ്യാസ പ്രവർത്തനമാണ് ജോർജ് മാത്തൻ നടത്തിയത്.

ജോർജ് മാത്തൻ അടിമോദ്ധാരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് മല്ലപ്പള്ളിയിലാണ്. പുത്തൻകാവ് മാത്തൻ തരകൻ പറയുന്നത് 'തിരുവിതാംകൂറിനെ സംബന്ധിച്ച് നോക്കുന്നപക്ഷം താണജാതിക്കാരെ ഉന്നമിപ്പിക്കുന്നതിന് ആദ്യമായി ശ്രമിച്ചത് റവ.ജോർജ് മാത്തനാണെന്നു പറയാം. തിരുനൽവേലിയിൽ

---

[15] വൈയാകരണൻ ജോർജ് മാത്തൻ പാദ്രി ജോൺ മാത്യൂസ് സി. പുറം.104.

മിഷണറിയായിരുന്ന റവ. റംഗ്ലാണ്ടിന്റെ അഭിപ്രായമനുസരിച്ചാണ് ജോർജ് മാത്തൻ അധഃകൃതോന്നമന സംരംഭത്തിൽ പ്രവേശിച്ചത്. ക്രൈസ്തവർ മുഴുവനും അധഃകൃതോന്നമനത്തിനു അന്ന് ജോർജ് മാത്തന് എതിരായി പ്രവർത്തിച്ചു. എങ്കിലും ജോർജ് മാത്തന്റെ മനഃസ്ഥൈര്യവും ആത്മത്യാഗത്തോടുകൂടിയ സ്ഥിരപ്രയത്നവും കൊണ്ട് മല്ലപ്പള്ളിയിൽ എന്നുമാത്രമല്ല മറ്റുള്ള ഇടവകകളിലും താണജാതിക്കാരുടെ ശ്രേയസിനായുള്ള പ്രവർത്തനം ഫലപ്രദമായി സമാരംഭിക്കപ്പെട്ടു. മല്ലപ്പള്ളി ഈഴോമുറി പുരയിടത്തിൽ ഒരു കുടിൽ കെട്ടി ചമ്പക്കര മുതലായ സ്ഥലങ്ങളിലുള്ള പുലയരെ വരുത്തി ജോർജ് മാത്തച്ചൻ വേദപുസ്തകം പഠിപ്പിച്ചുവന്നു. ഇങ്ങനെ ജോർജ് മാത്തച്ചൻ ചെയ്ത ശ്രമങ്ങൾ മുഖേനയാണ് പറയർ, പുലയർ, ഉള്ളാടർ, മലയരന്മാർ മുതലായ അധഃകൃതജാതിക്കാരിൽ പലരും, മതം, സന്മാർഗം, വിദ്യാഭ്യാസം ആദിയായ വിഷയങ്ങളിൽ പരിഷ്കാരം പ്രാപിച്ച് മേൽ ജാതിക്കാരെന്നഭിമാനിക്കുന്നവരോട് സമന്മാരായിത്തീർന്നിരിക്കുന്നത്.[16] ഇത്തരത്തിൽ സ്ഥാപിക്കപ്പെട്ട സ്കൂളുകൾ, അടിമ സ്കൂളുകൾ എന്നറിയപ്പെട്ടു. അദ്ദേഹത്തിന്റെ ആ പരിശ്രമങ്ങളെ ക്രിസ്ത്യാനികൾ ഉൾപ്പെടെയുള്ള സവർണ്ണരിൽ ഒരു വിഭാഗം അനുകൂലിച്ചു, ചിലർ എതിർത്തു. മറ്റുള്ളവർ കാഴ്ചക്കാരായി നിന്നു. പാടത്തും പറമ്പിലും പണി ചെയ്തിരുന്ന ഇവരെ സഭയിലും, അവരുടെ മക്കളെ സ്കൂളിലും എത്തിച്ചു. മാത്തന്റെ സാർവ്വത്രിക വിദ്യാഭ്യാസം എന്ന ആശയത്തിന് പ്രയോഗികതയുടെ അടിക്കല്ലായിരുന്നിരിക്കണം, അദ്ദേഹത്തിന്റെ അടിമോദ്ധാരണ പ്രവർത്തനങ്ങൾ. ഗണിതം, ഭൂമിശാസ്ത്രം, ജീവശാസ്ത്രം, വൈദ്യശാസ്ത്രം, ഭാഷ, വ്യാകരണം തുടങ്ങിയ വിഷയങ്ങളെല്ലാം അദ്ദേഹം മുന്നോട്ടുവെച്ച വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായിരുന്നു.

**4.1.4.1 ജോർജ് മാത്തനും മലയാളഭാഷയും**

16 ജോൺ മാത്യൂസ്. സി വൈയാകരണൻ ജോർജ് മാത്തൻ പാദ്രി പുറം.110.

കേരളീയ ആധുനികീകരണത്തിന്റെയും നവോത്ഥാനത്തിന്റെയും ചരിത്ര സന്ദർഭത്തിലാണ് മാതൃഭാഷയെ മുൻനിർത്തിയുള്ള ഭാഷാ വിചാരങ്ങൾ സജീവമാകു ന്നത്. ബോധന മാധ്യമമെന്ന നിലയിലും വിജ്ഞാനഭാഷയെന്ന നിലയിലും കോടതി ഭാഷയെന്ന നിലയിലും മാതൃഭാഷയുടെ പ്രയോഗസാധ്യതകളെക്കുറിച്ച് ചിന്തിച്ച ആദ്യ നാട്ടുമിഷണറിയാണ് ജോർജ് മാത്തൻ. ജോർജ് മാത്തന്റെ ഭാഷാ പ്രവർത്തനങ്ങൾ ഭാഷയുടെ ജീവചരിത്രത്തിലെ നിർണ്ണായകമായ ഒരു ഏടാണ്. നാട്ടുകാരനായ ആദ്യ വ്യാകരണ കർത്താവ്, ഗ്രന്ഥ നിരൂപണം ഭാഷയിൽ അവതരിപ്പിച്ച നിരൂപകൻ, മലയാളിയായ ആദ്യ പത്രാധിപർ, ആധുനികമായ ഒരു ആവിഷ്കാര രൂപമെന്ന നിലയിൽ പ്രഭാഷണത്തെ ആദ്യമായി ഉപയോഗപ്പെടുത്തിയ വ്യക്തി എന്നിങ്ങനെ ഭാഷയുടെ ആധുനികത്വത്തെ നിർണ്ണയിച്ച നിരവധി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ ജോർജ് മാത്തന് കഴിഞ്ഞു.

കേരളത്തിൽ ആധുനികീകരണത്തിന്റെയും നവോത്ഥാനത്തിന്റെയും ഘട്ടത്തിൽതന്നെ മാതൃഭാഷയുടെ പ്രസക്തി ഉറപ്പിക്കപ്പെട്ടിരുന്നു. മാതൃഭാഷ പഠിക്കേ ണ്ടത് ആവശ്യമാണെന്ന് സമുദായ നവീകരണത്തിനു ശ്രമിച്ച ആളുകൾക്കും മതപ്രചാര കർക്കും അറിയാമായിരുന്നു. ജനങ്ങളെ ആന്തരികമായി പരിവർത്തിപ്പിക്കാൻ വേണ്ടത് മാതൃഭാഷയിലൂടെയുള്ള ഉദ്ബോധനമാണ് എന്ന കാര്യം അവർക്കറിവുള്ള തായിരുന്നു.

1867-ലാണ് 'ബാലാഭ്യസനം' എന്ന പ്രഭാഷണ ലേഖനത്തിൽ റവ.ജോർജ് മാത്തൻ മാതൃഭാഷയിൽ വിദ്യാഭ്യാസം നടത്തേണ്ട ആവശ്യകതയെക്കുറിച്ചു പറയുന്നത്. കച്ചേരികളിലെ ഭാഷയും മലയാളമാകണമെന്ന് അദ്ദേഹം വാദിക്കുന്നുണ്ട്. 'അധ്വാനവും പഠനവും കൂടാതെ മാതൃഭാഷയിൽ അറിവുണ്ട്. മാവേലിക്കരനിന്നു ഇവിടേക്കു കരുനാഗപ്പള്ളിയിൽക്കൂടെ നേർവഴിയേ വരാകുമ്പോൾ കാർത്തികപ്പള്ളി യിൽ കൂടെ എന്തിനു ചുറ്റുന്നു. അന്യഭാഷ പഠിക്കുന്നതിനുവേണ്ടി വരുന്ന സമയത്തെ ഉപകാരമുള്ള

കാര്യങ്ങളെ വശമാക്കുന്നതിൽ ചിലവിടാമല്ലോ'[17] എന്നിങ്ങനെ അന്യഭാഷയിലൂടെയുള്ള പഠനം വളഞ്ഞതും അധ്വാനമേറിയതും കൃത്രിമവുമാണെന്ന് ജോർജ് മാത്തൻ വാദിക്കുന്നുണ്ട്.

### 4.1.4.2 ബാലാഭ്യസനം : ബോധന മലയാളത്തെക്കുറിച്ചുള്ള ചിന്തകൾ

1867-ൽ കൊല്ലം ഡിവിഷൻ കച്ചേരിയിൽ ജോർജ് മാത്തൻ നടത്തിയ പ്രഭാഷണമാണ് ബാലാഭ്യസനം എന്ന പേരിൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചത്. ബോധനമാധ്യമമെന്ന നിലയിൽ മാതൃഭാഷയുടെ ഉപയോഗത്തെക്കുറിച്ച് വിശദീകരി ക്കുന്നതായിരുന്നു ആ പ്രഭാഷണം. തിരുവിതാംകൂർ ദിവാൻ രാമരായരുടെ നിർദ്ദേശാനുസരണം ദിവാൻ പേഷ്ക്കാരായിരുന്ന ടി.മാധവരായരുടെ അദ്ധ്യക്ഷതയി ലാണ് ജോർജ് മാത്തൻ പ്രഭാഷണം നടത്തിയത്. ബാലാഭ്യസനത്തിന്റെ കവർപേജിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. 'ബാലാഭ്യസനത്തെക്കുറിച്ച ഒരു പ്രസംഗം. രാമരായരു ദിവാൻ ബേഷ്ക്കാര് അവർകളുടെ വിരുതിപ്രകാരം കൊല്ലത്തു ഡിവിഷൻ കച്ചേരിയിൽവെച്ച 1867-ാമാണ്ട് ഓഗസ്റ്റ് മാസം 13-ന് ചർച്ച മിശിയോൻ സമൂഹത്തോടു ചേർന്ന റവറണ്ടു മാത്തൻ ഗീവറുഗീസ് പാദ്രിയാൽ പറയപ്പെട്ടത്. Cottayam C.M.Press 1867' ഗ്രന്ഥത്തിനു മൂന്നു ഭാഗങ്ങളുണ്ട്. ഒന്നാംഭാഗം ബാലാഭ്യസനത്തിന്റെ അത്യന്തസാരത്തെക്കുറിച്ചും ആവശ്യകതയെക്കുറിച്ചും ചിന്തി ക്കുന്നു. രണ്ടാം ഭാഗം ബാലാഭ്യസനത്തിന്റെ ഉത്തമ മാതൃകയെക്കുറിച്ചുള്ള ശ്രദ്ധേയങ്ങളായ നിഗമനങ്ങളാണ്. മലയാളത്തെ ആധുനിക ഭാഷാചിന്തകളുടെയും മനഃശാസ്ത്ര സങ്കല്പനങ്ങളുടെയും വെളിച്ചത്തിൽ പഠിക്കാനുള്ള ശ്രമം ഇവിടെ കാണാം. ബാലാഭ്യസനത്തിന്റെ ഉത്തമ മാതൃക ഇന്നതെന്നു വ്യക്തമാകണമെങ്കിൽ അതുകൊണ്ടുള്ള 'സാധ്യ'ങ്ങൾ എന്തെന്നു ഗ്രഹിച്ചിരിക്കണമെന്നും, വിദ്യാവർദ്ധന മനോവ്യായാമം, സുശീലകരണം എന്നിവയാണ് മേൽപറഞ്ഞ 'സാധ്യ'ങ്ങളെന്നും ജോർജ് മാത്തൻ ചൂണ്ടിക്കാട്ടുന്നു. തുടർന്നു

[17] ബാല്യാഭ്യസനം, ജോർജ് മാത്തൻ, പുറം.438

'ബാലാഭ്യസന'ത്തിന്റെ ഉത്തമ മാതൃക, അതിന്റെ ഉത്തമ മധ്യമഭേദം, പ്രായപരിധിയനുസരിച്ച് ബാലന്മാരെ അഭ്യസിപ്പി ക്കേണ്ടതിന്റെ ഔചിത്യം, ബാലന്മാരുടെ മനസ്സിന്റെ സ്വഭാവം, സ്വരൂപം, ചരിത്ര പഠനത്തിന്റെ പ്രാധാന്യം തുടങ്ങി നിരവധി വിഷയങ്ങൾ ഗ്രന്ഥത്തിന്റെ ഉള്ളടക്ക പരിധിയിൽ വരുന്നു. അക്ഷരമാലാ വായന, കണക്ക്, ഭൂമിശാസ്ത്രം, ചരിത്രം എന്നിവ പഠിപ്പിച്ചതിനുശേഷം വൈദ്യം, വൈശേഷികം, ജ്യോതിഷം, രസായനം ധർമ്മ ശാസ്ത്രം, ന്യായശാസ്ത്രം, വേദാന്തം എന്നിവയെ കുട്ടികൾ പഠിക്കണമെന്ന് അദ്ദേഹം പറയുന്നു. വിദ്യാർത്ഥികൾ പഠിക്കേണ്ട വിഷയങ്ങൾ എന്തെല്ലാമെന്നു വിശദമാക്കിയശേഷം, അവ പഠിപ്പിക്കേണ്ട രീതിയെക്കുറിച്ചും ജോർജ് മാത്തൻ വിശദീകരിക്കുന്നുണ്ട്. ബാലന്മാർക്ക് മനസ്സിലാകുവാനും മനസ്സിൽ പതിയുവാനും രസം വരുത്തുവാനുംതക്ക രീതിയിലായിരിക്കണം അഭ്യസനം ദണ്ഡനരീതിയിലുള്ള അഭ്യസനത്തെ അദ്ദേഹം പറയുന്നുണ്ട്. 'തേനിൽ കൊടുക്കാവുന്ന മരുന്നു കൈപ്പുനീറ്റിൽ എന്തിന്നു കൊടുക്കുന്നു. അന്നപാനങ്ങൾ മനുഷ്യന്റെ ജീവരക്ഷക്കു ആവശ്യമാകയാൽ അവ ആസ്വാദമോ ദുസ്വാദമോ ആയിരുന്നാലും നാം അവയെ ഭക്ഷിക്കേയുള്ളൂ.'[18]

ബാലാഭ്യസനത്തിന്റെ 'സത്തമ' ഭാഷയെക്കുറിച്ചുള്ള സമഗ്രചിന്തകളാണ് ഗ്രന്ഥത്തിന്റെ മൂന്നാം ഭാഗത്ത് അവതരിപ്പിക്കുന്നത്. പഠനമാധ്യമമെന്ന നിലയിൽ ജന്മഭാഷയ്ക്കും അന്യഭാഷയ്ക്കും തമ്മിലുള്ള വ്യത്യാസം ജോർജ് മാത്തൻ വിശദീകരി ക്കുന്നത് ഇങ്ങനെയാണ്. 'മനുഷ്യരുടെ നിനവുകളെയും ആഗ്രഹങ്ങളെയും തമ്മിൽ തമ്മിൽ ഗ്രഹിപ്പാനുള്ള പ്രധാനവഴി ഭാഷയാകയാൽ ഏതെങ്കിലും ഒരു ഭാഷ അറിഞ്ഞിരിക്കുന്നതു ആവശ്യവും പല ഭാഷകൾ വശമായിരിക്കുന്നതു ഉപകാരവും എന്നു സമ്മതിക്കണം എന്നുവരികിലും ഭാഷകളുടെ വെറും അറിവു കാര്യങ്ങളുടെ അറിവിനെ വർദ്ധിപ്പിക്കുന്നു എന്നു ഒരു തരത്തിലും വിചാരിച്ചുകൂട,'[19] ജന്മഭാഷമൂലമായ ബാലാഭ്യസനമാകും അധികഫലം

18 ടി. പു.439.

19 ടി. പു.439

വരുത്തുന്നതെന്നുകൂടി ജോർജ് മാത്തൻ അഭിപ്രായപ്പെടുന്നു. 'ജന്മഭാഷയിലെ ഒരു സാധാരണയറിവു മനുഷ്യർക്കു അദ്ധ്വാനവും പഠനവും കൂടാതെ വശമാകുന്നു. പൈതങ്ങൾ കളിയിലും വിളയാട്ടിലും വീട്ടിൽ നില്ക്കുമ്പോഴും പുറത്തു സഞ്ചരിക്കുമ്പോഴും അതിനെ പ്രയോഗിക്കുകയും പ്രയോഗിച്ച് കേൾക്കയും ചെയ്യുന്നതിനാൽ അതിലെ മൊഴികളും അവയുടെ പൊരുളുകളും അവർക്കു താനേ മനസ്സിലാകുന്നു. ആകയാൽ ജന്മഭാഷയിൽ പഠിപ്പിപ്പാൻ തുടങ്ങിയാൽ കുഞ്ഞുങ്ങൾക്കു എഴുതുവാനും വായിപ്പാനും വശമായാൽ ഉടനേ അവരെ കാര്യങ്ങൾ പഠിപ്പിച്ചു തുടങ്ങാം. എന്നാൽ ഒരന്യഭാഷയിൽ വിദ്യ അഭ്യസിപ്പിക്കെന്നും എങ്കിൽ ആദ്യം അവരെ ആ ഭാഷ വശമാക്കെന്നും അതു എഴുതുവാനും വായിപ്പാനും പഠിച്ചാൽ പോരാ അതിലെ മൊഴികളും അവയുടെ പൊരുളുകളും കൂടെ അവർക്കു മനസ്സിലാകണം. വിദ്യാലയത്തിലേക്കു ചെല്ലുന്നതിനു അന്യഭാഷമൂലമേ വഴിയുള്ളൂവെങ്കിൽ ആയതിനെ എത്രപ്രയാസപ്പെട്ടിട്ടെങ്കിലും വശമാകുവാനുള്ളതു തന്നേ. എന്നാൽ ജന്മഭാഷമൂലം ഒരു എളുപ്പമായ വഴിയുണ്ടെങ്കിൽ അതിനെ വേണം ഉപയോഗമാക്കുവാൻ'[20] 1860 കളോടെ ആധുനിക വിഷയങ്ങൾ മാതൃഭാഷയിലൂടെ തന്നെ കൈകാര്യം ചെയ്യേണ്ടതിനെ ക്കുറിച്ചുള്ള ചർച്ചകൾ സജീവമാകുന്നുണ്ട്.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യംപോലെ തന്നെ നാട്ടു ഭാഷയ്ക്കും പ്രാധാന്യം കൊടുക്കണമെന്ന് റവ.ജോർജ് മാത്തൻ ആവശ്യപ്പെട്ടു. ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ച യൂറോപ്യൻ മിഷണറിമാർക്ക് തിരുവിതാംകൂർ സർക്കാർ ആവശ്യമായ പ്രോത്സാഹനം നൽകിയിരുന്നു. എന്നാൽ നാട്ടുഭാഷയ്ക്ക് സർക്കാർ തലത്തിൽ യാതൊരുവിധ പ്രോത്സാഹനവും നൽകിയിരുന്നില്ല. നാട്ടുഭാഷ പഠിപ്പിക്കു ന്നതിന്റെ ആവശ്യകത അന്നത്തെ ദിവാനായിരുന്ന സർ മാധവരായരുടെ ശ്രദ്ധയിൽ കൊണ്ടുവന്നത് റവ.ജോർജ് മാത്തനായിരുന്നു. നാട്ടുഭാഷാ പ്രചാരണത്തിന് അക്കാലത്ത് നടത്തിയിരുന്ന പൊതുസമ്മേളനങ്ങളിലെ പ്രധാന പ്രഭാഷകനും മാത്തനായിരുന്നു.

20 ടി. പു.439.

മാതൃഭാഷയിലൂടെ നടത്തുന്ന അഭ്യസന രീതിയ്ക്ക് ജോർജ് മാത്തൻ നിരത്തുന്ന ന്യായങ്ങൾ എക്കാലത്തും ശ്രദ്ധേയമാണ്.

1. മാതൃഭാഷ, അധ്യയനത്തിനുള്ള നേർവഴിയാണ്. അതിനെക്കുറിച്ച് മാത്തൻ പറയുന്നത് 'ജന്മഭാഷ പഠനവും കൂടാതെ പൈതങ്ങൾ കളിയിലും വിളയാട്ടിലും വീട്ടിൽ നിൽക്കുമ്പോഴും പുറത്തു സഞ്ചരിക്കുമ്പോഴും അതിനെ പ്രയോഗിക്കയും പ്രയോഗിച്ചു കേൾക്കയും ചെയ്യുന്നതിനാൽ അതിലെ മൊഴികളും അതിലെ പൊരുളുകളും അവർ താനെ മനസ്സിലാക്കുന്നു. ആകയാൽ ജന്മഭാഷയിൽ പഠിപ്പിപ്പാൻ തുടങ്ങിയാൽ കുഞ്ഞുങ്ങൾക്ക് എഴുതുവാനും വായിപ്പാനും വശമായാൽ ഉടനെ അവരെ കാര്യങ്ങൾ പഠിപ്പിച്ചു തുടങ്ങാം.'[21]

2. മാതൃഭാഷയിലെ അഭ്യസനം ഉറപ്പ് നൽകുന്ന മികച്ച ആശയവിനിമയമാണ് പഠന വിഷയങ്ങളും പഠന മാധ്യമവും പരിചയമില്ലാത്തവയാണെങ്കിൽ ആശയവിനിമയം അപൂർണ്ണമാവുകയും അവവേണ്ടപോലെ ഗ്രഹിക്കാതിരിക്കു കയും ചെയ്യുമെന്ന് ജോർജ് മാത്തൻ വ്യക്തമാക്കുന്നു. 'വിദ്യാഭ്യാസത്തിന് തഴക്കം വന്നിട്ടില്ലാത്ത ബാലൻമാർക്ക് പുതുകാര്യങ്ങൾ കേൾക്കുമ്പോൾ അവയെ ഗ്രഹിപ്പാൻ ബഹു ദുർഘടമായിരിക്കും എന്നുള്ളതിന് സംശയം വേണ്ട. അവർക്ക് നല്ല പരിചയമുള്ള ജന്മഭാഷയിൽ തന്നെ കാര്യങ്ങൾ പറഞ്ഞു കൊടുത്താലും മുറപോലെ തിരിച്ചറിയുന്നത് അവർക്ക് എളുപ്പമല്ല. അങ്ങനെ യിരിക്കുമ്പോൾ അന്യഭാഷയെ അവരുടെ പഠനത്തിന് മുഖാന്തിര മാക്കുന്നതിനാൽ തിരിച്ചറിയാതിരിക്കുന്നതിനുള്ള അപകടം വർദ്ധിക്കയാ കുന്നു.'[22] അന്യഭാഷാമാധ്യമത്തിൽ അഭ്യസിക്കുമ്പോൾ പഠനതത്വങ്ങൾ ഗ്രഹിക്കുന്നതിന് പകരം അബദ്ധധാരണയുണ്ടാക്കുവാനും സാദ്ധ്യതയുണ്ടെന്ന് മാത്തൻ പറയുന്നത് ഇങ്ങനെ 'അന്യഭാഷാമൂലമായ

[21] ടി.പു. 439

[22] ടി. പു. 439

പഠനത്താൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിന് പ്രയോസമായിരിക്കുന്നു എന്നു മാത്രമല്ല പൊരുൾ പിണങ്ങി കയറുന്നതിനുകൂടെ അധികം അപകടപ്പെട്ടിരിക്കുന്നു.'[23]

3. മാതൃഭാഷ വഴി ലഭിക്കുന്ന അറിവിന്റെ പ്രത്യുൽപ്പാദനപരത അഭ്യസനം മാതൃഭാഷയിലാകുമ്പോൾ പഠിക്കുന്ന വിഷയങ്ങളിൽ നൈപുണ്യം നേടുന്ന തിനും ആവശ്യാനുസരണം പ്രയോഗിക്കുന്നതിനുമുള്ള വൈദഗ്ധ്യം വർദ്ധിക്കുന്നു. 'ഒരു ധനവാന്റെ കൈമുതലെല്ലാം നാട്ടിൽ നടപ്പില്ലാതെ മാറിക്കിട്ടുവാൻ പ്രയാസമുള്ള നാണയത്തിൽ ആയിരുന്നാൽ അവന്റെ സമ്പത്ത് കൊണ്ട് അവനും ശേഷം പേർക്കും പ്രയോജനം വരികയില്ല. എന്തെന്നാൽ ദ്രവ്യം കൊണ്ടുള്ള ഉപകാരം പെട്ടിയിൽ വച്ച് പൂട്ടുന്നതിനാലല്ല കൈകാര്യം ചെയ്യുന്ന തിനാൽ ആകുന്നു. അപ്രകാരം അന്യഭാഷാമൂല്യമായ വിദ്യ നിത്യവൃത്തിയിൽ അത്രയും ഉപയോഗമാകത്തില്ല.'[24]

മലയാള ഭാഷ സമ്പുഷ്ടമാക്കുകയെന്നത് എന്നും ജോർജ് മാത്തന്റെ പരിഗണനാ വിഷയമായിരുന്നു. മലയാളത്തിന് ആവശ്യമായ പുസ്തകങ്ങൾ രചിച്ചെങ്കിൽ മാത്രമേ ഭാഷ പൂർണ്ണമാവൂ എന്ന് ജോർജ് മാത്തൻ നിരീക്ഷിക്കുന്നു. പാഠപുസ്തകങ്ങളുടെ കുറവ് അദ്ദേഹം പരിഹരിച്ചത് തർജ്ജമകളിൽ കൂടിയായിരുന്നു. അദ്ധ്യയനമാധ്യമം മാതൃഭാഷയിലൂടെയായിരിക്കണമെന്നുള്ള ആശയം ഏതാണ്ട് ഇന്ന് പ്രാവർത്തികമായി. എന്നാൽ ഇക്കാര്യങ്ങളെല്ലാം ഒരു നൂറ്റാണ്ടു മുമ്പുതന്നെ യുക്തിഭദ്രമായി ജോർജ് മാത്തൻ പറഞ്ഞുവെച്ചിട്ടുണ്ടായിരുന്നു.[25]

---

23 ടി. പു. 441

24 ടി. പു. 432

25 എ.ആർ. രാജരാജവർമ്മയുടെ ചരിത്രപ്രസിദ്ധമായ 'നാട്ടുഭാഷാവിദ്യാഭ്യാസം' പ്രഭാഷണവും (1917) മാതൃഭാഷയെക്കുറിച്ചും ഭാഷാപഠനത്തെക്കുറിച്ചുമുള്ള ചിന്തകൾ ഉണർത്തുകയും ഭാഷാപ്രണയിനികൾ കൊണ്ടാടുന്നതുമായ വള്ളത്തോളിന്റെ 'എന്റെ ഭാഷ' എന്ന

#### 4.1.4.3 ബാലാഭ്യസനത്തിലെ വിദ്യാഭ്യാസ ദർശനം

കേരളത്തിൽ പൊതു വിദ്യാഭ്യാസം ആരംഭിക്കുന്ന കാലത്താണ് ജോർജ് മാത്തൻ ബാലാഭ്യസനമെന്ന പ്രഭാഷണം നടത്തിയത്. അക്കാലത്ത് പൊതു താല്പര്യമുള്ള വിഷയങ്ങളോ നയരേഖകളോ ഒന്നുംതന്നെ ക്ഷണിക്കപ്പെട്ട സദസിനു മുമ്പിൽ പ്രസംഗരൂപത്തിൽ അവതരിപ്പിക്കുന്ന രീതി നാട്ടിൽ ഇല്ലായിരുന്നു. ജോർജ് മാത്തന്റെ വിദ്യാഭ്യാസവിഷയമായ ചിന്തകൾ മുഴുവനും 'ബാലാഭ്യസനം' എന്ന പ്രസംഗത്തിൽ പ്രതിഫലിച്ചിട്ടുണ്ട്. വിദ്യാഭ്യാസവിഷയമായി ഒരു നൂറ്റാണ്ടിനുമുമ്പ് ജോർജ് മാത്തൻ പറഞ്ഞ കാര്യങ്ങൾ ഇന്നത്തെ പശ്ചാത്തലത്തിൽ വിലപ്പെട്ടവയാണ്. ആധുനിക വിദ്യാഭ്യാസ ചിന്തകന്മാർ പുതുമയേറിയ കാര്യങ്ങളായി ചൂണ്ടിക്കാട്ടുന്ന പലതും വളരെ മുമ്പുതന്നെ അദ്ദേഹം പറഞ്ഞുകഴിഞ്ഞിട്ടുണ്ട്.

റവ. ജോർജ് മാത്തന്റെ പ്രഭാഷണത്തിൽ ബാലാഭ്യസനത്തിന്റെ 'അത്യന്ത അന്തസാരത്വം' 'അതിന്റെ ഉത്തമ മാതൃക', 'അതിന്റെ സത്തമഭാഷ' എന്നീ മൂന്നു ഭാഗങ്ങളുണ്ടായിരുന്നു. വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെന്തെന്നാണ് അത്യന്ത അന്തസാരത്വത്തിന്റെ ആലോചനാവിഷയം. കായബലത്തിൽ മുമ്പിൽ നിൽക്കുന്ന മൃഗങ്ങളെ ബുദ്ധിയോടെ നേരിടുന്ന മനുഷ്യനെ അവതരിപ്പിച്ചുകൊണ്ടാണ് പറയുന്നത്. 'അറിവുനേടാൻ കഴിയാത്ത മൃഗങ്ങളും ജ്ഞാനം സമ്പാദിക്കുന്ന മനുഷ്യനും തമ്മിലുള്ള വ്യത്യാസം അദ്ദേഹം വിവരിക്കുന്നു. അറിവുനേടാനാവശ്യമായ ഓർമ, ബുദ്ധി എന്നിവ മനുഷ്യന്റെ ജന്മസിദ്ധിയാണ്. എന്നാൽ, അറിവ് ആർജിച്ചെടുക്കേണ്ടിയിരിക്കുന്നു. അത് മനുഷ്യരെ സംബന്ധിച്ചിടത്തോളം അനിവാര്യവുമാണ്. മൃഗങ്ങൾ ഒന്നും തന്നെ അറിവ് തേടിച്ചെല്ലുന്നില്ല'. വാൾ, പരിച മുതലായ ആയുധങ്ങളെ കൂടാതെ വെറും കൈകൊണ്ട് യാതൊരു വലിയ മൃഗത്തോടും നേരിടുവാൻ അവനു വശമില്ല. നേരെ മറിച്ച് മൃഗങ്ങൾക്ക്

---

കവിതയുമൊക്കെ വരുന്നതിനും പതിറ്റാണ്ടുകൾക്കുമുമ്പുതന്നെ ജോർജ് മാത്തൻ 'ബാലാഭ്യസനം' എന്ന പ്രഭാഷണത്തിലൂടെ പ്രസ്തുത ആശയങ്ങൾ പങ്കുവെച്ചിട്ടുണ്ട്.

രക്ഷയ്ക്കും പോരിനും വേണ്ടുന്ന കരുക്കളായ കൊമ്പും തോലും പല്ലും നഖവും അവർക്ക് ജാത്യമായിരിക്കുന്നു. പിന്നെ അവന്റെ ഉന്നതിയുടെ കാരണം എന്ത്?... അറിവ് എന്നൊരു വകയില്ലെങ്കിൽ അവൻ ജീവികളിലേക്കും മോശക്കാരൻ തന്നെ'.. ഓർമ ബുദ്ധി മുതലായവയോടു കൂടി മനുഷ്യൻ ജനിക്കുന്നു എന്നു വരികിലും അറിവ് അവന് സഹജമായിരിക്കുന്നില്ല'.. അറിവ് സ്വന്തമായിട്ട് അവനിൽ വരുന്നില്ല. പഞ്ചേന്ദ്രിയങ്ങൾ വഴിയുണ്ടാകുന്ന മൂലനിനവുകൾ ഒഴികെ മത, സംസ്കാര സംബന്ധമായ സർവ്വജ്ഞാനത്തിനും ആവശ്യമായിരിക്കുന്ന. അഭ്യസനത്താൽ മനുഷ്യൻ വളരെ വ്യത്യാസപ്പെടുന്നു എന്നുള്ളതിനും തർക്കം വേണ്ട.'[26] സഹജവാസനകളിൽ സമന്മാരായിരുന്നാലും അഭ്യസനം ലഭിക്കുന്നവർ സമർത്ഥരായി ത്തീരുമെന്ന് റവ.ജോർജ് മാത്തൻ വാദിക്കുന്നു. 'ജന്മനാ, ബുദ്ധിപരമായി പിന്നോക്കം നിൽക്കുന്നവർ ജ്ഞാനസമ്പാദനത്തിലൂടെ ശക്തനായിത്തീരുമെന്നും അദ്ദേഹം സദസ്യരെ ബോദ്ധ്യപ്പെടുത്തുന്നു.'[27] പിന്നീട് അദ്ദേഹം പറയുന്നത് 'മനുഷ്യൻ തമ്മിലുള്ള ജാത്യ, വ്യത്യാസം അഭ്യസനത്താൽ നിരപ്പുവരുത്താവുന്നതാകുന്നു. ജാതിവ്യത്യാസത്തെക്കാൾ അഭ്യസനത്താൽ മാറ്റം തെളിഞ്ഞു കാണും'.. പിന്നെയും അഭ്യസനത്താൽ വർദ്ധിക്കുന്ന പാത്രതകളെ ദൈവം നമുക്കു തന്നിരിക്കകൊണ്ടു ആ വഴിയെ അവയെ വർദ്ധിപ്പിക്കുന്നതിന് നാം കടമപ്പെട്ടിരിക്കുന്നു'. ഇപ്പറഞ്ഞവയിൽ നിന്നു ബാലാഭ്യസനം നമുക്ക് മുഖ്യമായ ഒരു കടമയും കൂടെ എന്നു തെളിവായിരിക്കുന്നു.'[28]

ഇതര ജീവജാലങ്ങളിൽനിന്നും മനുഷ്യർ വേറിട്ടുനിൽക്കുന്നത് ബുദ്ധികൊണ്ടും അറിവുകൊണ്ടുമാണ് എന്ന് ജോർജ് മാത്തൻ നിരീക്ഷിക്കുന്നു. മനുഷ്യർ തമ്മിലുള്ള ജാതിവ്യത്യാസം ഇല്ലായ്മ ചെയ്യാൻ അറിവ് നേടുകയേ നിവൃത്തിയുള്ളൂ എന്നും അദ്ദേഹം

---

26 ജോർജ് മാത്തൻ, ബാലാഭ്യസനം, പുറം 440

27 ടി. പു. 440

28 ടി. പു. 441

വിലയിരുത്തുന്നു. ജ്ഞാനസമ്പാദനം ഒരു സാമൂഹ്യ ആവശ്യമാണ് എന്നും അതിലൂടെ സാമൂഹിക നവോത്ഥാനം കൈവരുമെന്നുമുള്ള ആശയമാണ് അദ്ദേഹം പങ്കുവെക്കുന്നത്.

ബാലാഭ്യസനത്തിന്റെ 'ഉത്തമ മാതൃക' സൃഷ്ടിക്കുന്നതിനാവശ്യമായ പരിഗണനാവിഷയങ്ങൾ നിർണ്ണയിക്കുകയാണ് പ്രഭാഷണത്തിന്റെ രണ്ടാം ഭാഗ ത്തിൽ. അിറവ്, വിദ്യാവർദ്ധനവ്, മനോവ്യായാമം, സുശീലാകരണം എന്നിവയിലൂടെ മനുഷ്യന്റെ സമ്പൂർണ്ണ വികാസം സാധിക്കുമെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. 'സുശീലാകരണം ബാലാഭ്യസനത്തിന്റെ മുഖ്യസാക്ഷ്യം ആകുന്നു. എന്തെന്നാൽ മനുഷ്യരെ ദൈവഭക്തിയിലും ശാസനത്തിലും സന്മാർഗത്തിലും ശീലിപ്പിക്കുന്നത് അവരുടെ സൗഭാഗ്യത്തിന് ആവശ്യമാകുന്നു'. കളയും കാടും തന്നെ കിളിർത്തുവരും. നെല്ല് മുതലായ നവധാന്യങ്ങൾ ഉണ്ടാകണം എങ്കിൽ അവയ്ക്കുള്ള നല്ല വിത്തുകളെ വിതയ്ക്കണം. അപ്രകാരം തന്നെ ഒരു ബാലകനെ സുശീലത്തിനു അഭ്യസിപ്പിച്ചില്ലെങ്കിൽ അവൻ ഗുണവാനായി വരികയില്ലെന്നു മാത്രമല്ല അവൻ ഒരു ദോഷിയായിത്തീരുകയും ചെയ്യും '.. അവന്റെ ദോഷശീലം നിമിത്തം പരജനങ്ങൾക്ക് എന്നല്ല തനിക്കുതന്നെ ഒരു മാരിയായിത്തീരുകയും ചെയ്യും.'[29] അഭ്യസനത്താലും വായനയാലും ലഭിക്കുന്ന അറിവിന്റെ പ്രാധാന്യം ജോർജ് മാത്തനച്ചൻ വിവരിക്കുന്നു. 'അഭ്യസനത്താലും വായനയാലും മറ്റനേകം പേരുടെ അറിവ് നമുക്ക് സ്വാധീനമായിത്തീരുന്നു.'[30] സാധാരണക്കാരൻ പല രാജ്യങ്ങൾ സഞ്ചരിച്ചാലും ലഭിക്കാത്ത അറിവുകൾ ഭൂമിശാസ്ത്ര പുസ്തകപഠനത്തിലൂടെ ലഭിക്കുമെന്ന് ഉദാഹരണമായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. 'ആ നല്ല കൊച്ചു പുസ്തകത്തെ അതിന്റെ പടത്തോടും ഒത്തുനോക്കി അല്പം പഠിച്ചവർ അനേക സംവത്സരമായിട്ട് രാജ്യം തോറും സഞ്ചരിക്കുന്ന ഗോസായികളെക്കാൾ എത്ര നല്ലവണ്ണം ഗ്രഹിച്ചിരിക്കുന്നു.'[31]

---

[29] ടി. പു. 441

[30] ടി. പു. 442

[31] ടി. പു. 441

വായിച്ചും കേട്ടും ലഭിക്കുന്ന അറിവുകൾ ഗ്രഹിക്കുക, വിശകലനം ചെയ്യുക, പ്രയോഗിക്കുക എന്നീ നിലകളിൽ പ്രയോജനപ്പെടുത്തുവാൻ ആവശ്യമായ മനോവ്യായാമങ്ങൾ ജോർജ് മാത്തൻ നിർദ്ദേശിക്കുന്നു. 'ഏതെങ്കിലും ഒരു കാര്യം കേട്ടോ വായിച്ചോ നമുക്കു മനസിലാക്കുമ്പോൾ ആ അറിവ് നമുക്കു ഉപകാരമായിരിക്കുന്നതു കൂടാതെ അതു മനസ്സിലാക്കുന്നതിനു ബുദ്ധിക്ക് ഒരു ചേഷ്ടയോ വ്യായാമമോ ഉണ്ടാകുന്നത് അതിനെ ബലപ്പെടുത്തുകയും വിസ്തരിക്കുകയും ചെയ്യുന്നു. അതിനാൽ അത്തരത്തിൽ മറ്റു കാര്യങ്ങളെ അറിവാനുള്ള വശത്തേക്ക് മൂർച്ച കൂട്ടുന്നു.'[32]

'പഠിക്കുന്ന കാര്യങ്ങൾ ഓർമ്മയിൽ സൂക്ഷിക്കുന്നതിന് വിദ്യാഭ്യാസ മനഃശാസ്ത്രജ്ഞൻമാർ ചില മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നുണ്ട്.'[33] ഇതിനോട് സമാനമായ കാര്യങ്ങൾ ജോർജ് മാത്തൻ പറഞ്ഞുവെയ്ക്കുന്നുണ്ട്.

1. കൂടുതൽ സമയമെടുത്ത് അർത്ഥം ഗ്രഹിച്ച് ആഴത്തിൽ പഠിക്കണം. 'ഏതെങ്കിലും ഒരു കാര്യം മനസ്സിലാക്കുവാൻ അധിക നേരം പിടിച്ചാൽ അത് അല്പനേരം കൊണ്ട് മനസ്സിലാകുന്നതിനെക്കാൾ ഓർമ്മ നിർമ്മിക്കുന്നതാ കുന്നു.'[34]

2. ആവർത്തിച്ചുള്ള പാരായണം. 'ഒരു തവണ കേട്ടതിനേക്കാൾ പലതവണ കേട്ടതാകുന്നു നല്ലവണ്ണം മനസ്സിൽ നിൽക്കുന്നത്. ഓർമ്മയിൽ പ്രത്യേകം ഇരിക്കേണ്ടുന്ന കാര്യങ്ങളെ കൂടെക്കൂടെ ആവർത്തിച്ചുകൊള്ളുന്നതു നന്നു തന്നെ.'[35]

3. പാഠ്യവിഷയത്തിലെ സ്ഥലകാല ക്രിയകളുടെ സാമീപ്യം. 'അകലെ അറിഞ്ഞകാര്യത്തെക്കാൾ അടുക്കൽ അറിഞ്ഞ കാര്യമാകുന്നു മനസ്സിൽ ഓർമ നിൽക്കയും ഓർമ്മയിൽ വരികയും ചെയ്യുന്നത്. പഴയ കാര്യങ്ങൾ മനസ്സിൽ

---

[32] ടി. പു. 445

[33] ടി. പു. 446

[34] ടി. പു. 445

[35] ടി. പു. 446

പുതുതാക്കപ്പെടുന്നതുകൊണ്ട് കാലപ്പഴക്കത്താലുള്ള ദോഷം അശേഷം നീങ്ങിപ്പോകുന്നു.'[36]

4. പഠിതാവും പാഠ്യവിഷയവും തമ്മിലുള്ള പാരസ്പര്യം, 'മനസ്സിന് ഇളക്കം തട്ടി ഗ്രഹിക്കുന്ന കാര്യം വിശ്രമത്തോടെ ഗ്രഹിക്കുന്നതിനേക്കാൾ ഓർമ നിൽക്കുന്നതാകുന്നു. ഒരു വെടിയുണ്ട ചുവരിൽ കൊണ്ടുകഴിഞ്ഞാൽ അവിടെ പതിഞ്ഞു നിൽക്കും അല്ലാഞ്ഞാൽ വീണുപോകും'[37]

5. പാഠ്യവിഷയങ്ങളെ, മറ്റു വിഷയങ്ങളും ചുറ്റുപാടുകളുമായി ബന്ധിക്കണം, 'ഓർമക്കു ഹേതുവാകുന്ന കാര്യങ്ങൾ അധികമായിരിക്കുന്ന കാര്യങ്ങൾക്ക്, അവ കുറവായിരിക്കുന്നവയെക്കാൾ എളുപ്പത്തിൽ ഓർമ്മവരുന്നു...... ഇതിൽവണ്ണം അല്ലെങ്കിൽ നമുക്കു യാതൊരു കാര്യത്തെയും ആവശ്യം പോലെ ഓർമ വരുത്തുമ്പോൾ കഴിയുകയില്ല.[38]

സാർവ്വത്രിക വിദ്യാഭ്യാസം എന്ന വിപ്ലവകരമായ ചിന്ത ഈ പ്രസംഗത്തിലൂടെ ജോർജ് മാത്തൻ മുന്നോട്ടു വെയ്ക്കുന്നു. വിദ്യാഭ്യാസം ചില വ്യക്തികൾക്കോ സമൂഹങ്ങൾക്കോ വരേണ്യ വർഗ്ഗത്തിനോ മാത്രമായി മാറ്റിവയ്ക്കാനുള്ളതല്ല എന്നദ്ദേഹം ഉറച്ചു വിശ്വസിച്ചു. അതിനുവേണ്ടി അദ്ദേഹം പ്രവർത്തിക്കുകയും ചെയ്തു. കൂടാതെ വിദ്യാർത്ഥികളുടെ ജീവിതത്തിൽ പ്രയോജനം ചെയ്യുന്ന വിഷയങ്ങൾ അദ്ദേഹം നിർദ്ദേശിക്കുന്നുണ്ട്. അക്ഷരമാല, വായന, കണക്ക്, ഭൂമിശാസ്ത്രം, ചരിത്രം തുടങ്ങിയവയാണ് പ്രാഥമിക വിദ്യാഭ്യാസത്തിനായി അദ്ദേഹം തിരഞ്ഞെടുത്തത്.

[36] ടി. പു. 446

[37] ടി. പു. 446

[38] ടി. പു. 445

മതപരമായ ഗ്രന്ഥരചന, വിവർത്തനം, നിരൂപണം, സാമൂഹികവും സാംസ്കാരികവുമായ വിചിന്തനങ്ങൾ, പത്രാധിപത്യം, മർദ്ധിതസമൂഹങ്ങൾക്കായി പ്രവർത്തിച്ച വിദ്യാഭ്യാസപ്രവർത്തകൻ എന്നീ മേഖലകളിലെല്ലാം ജോർജ് മാത്തൻ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചിരുന്നു. എന്നാൽ ഭാഷാചിന്തയായിരുന്നു ജോർജ് മാത്തന്റെ മുഖ്യ കർമ്മമണ്ഡലം. മലയാളഭാഷയുടെ ആധുനികീകരണം അദ്ദേഹത്തിന് വിശ്വാസ ജീവിതമെന്നപോലെയോ അതിലേറെയോ പ്രാധാന്യമുള്ളതായിരുന്നു. ഏതു സന്ദർഭത്തിലും മലയാളഭാഷയെ സംബന്ധിച്ച ഒരു കരുതൽ അദ്ദേഹത്തിനു ണ്ടായിരുന്നു. അതുകൊണ്ടുതന്നെയാണ് സന്മാർഗ്ഗശാസ്ത്രകൃതിയെ വിലയിരുത്തുമ്പോഴും മരുമക്കത്തായത്തെ പഠിക്കുമ്പോഴുമൊക്കെ ഭാഷാ സംബന്ധിയായ വിശദമായ വിചാരങ്ങളിലേക്കും വിമർശനങ്ങളിലേക്കും അദ്ദേഹം കടക്കുന്നത്.

അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട രണ്ട് രചനകളാണ് 'മലയാഴ്മയുടെ വ്യാകരണ'വും 'ബാലാഭ്യസന'വും. വികസിച്ചുവരുന്ന ഗദ്യത്തിന്, ചിന്താരീതിക്ക് ആവശ്യമായ ഭാഷാസൂത്രണ യത്നമായിരുന്നു 'മലയാഴ്മയുടെ വ്യാകരണ'ത്തിലൂടെ മാത്തൻ നിർവ്വഹിച്ചത്. യൂറോപ്യൻമാരെ മലയാളം പഠിപ്പിക്കുക എന്ന ദൗത്യം അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഭാഷ പഠിപ്പിക്കുന്ന സൂത്രമാർഗ്ഗത്തിലല്ല, ഭാഷയെ പഠിക്കുന്ന ശാസ്ത്രമാർഗ്ഗത്തിലായിരുന്നു ജോർജ് മാത്തന്റെ വ്യാകരണം.

അവസ്ഥാന്തരങ്ങളിലൂടെ സഞ്ചരിച്ച ദാർശനിക ആചാര്യൻ, സാമൂഹ്യ പരിഷ്കർത്താവ്. വ്യാകരണപിതാവ് മുതലായ മേഖലകളിൽ ഐതിഹാസികമായ നേതൃത്വം കൊടുത്ത പ്രതിഭയായിരുന്നു ജോർജ് മാത്തൻ. ആത്മീയം, സാമൂഹ്യം, ഭാഷാപരം എന്നീ കാര്യങ്ങളിൽ ഒരു പോലെ ഇടപെട്ട് അവയുടെ ചരിത്രത്തെ മാറ്റി നിർമ്മിച്ച പ്രമുഖനാണ് ജോർജ് മാത്തൻ.

ഇങ്ങനെ വ്യത്യസ്ഥ മേഖലകളെ ഒരു കേന്ദ്ര ആശയഘടനയ്ക്ക് വിധേയമായി പരുവപ്പെടുത്തി എല്ലാറ്റിനേയും ആധുനികീകരണത്തിലേക്ക് കണ്ണിചേർത്തു. ജോർജ്

മാത്തന്റെ ശബ്ദം കേരള നവോത്ഥാനത്തിന്റെ ആദ്യശബ്ദങ്ങളിൽ ഒന്നായിരുന്നു. ജോർജ് മാത്തന്റെ ആദ്ധ്യാത്മികസാംസ്കാരിക പ്രവർത്തനങ്ങളും, സാമൂഹ്യ നവദർശനങ്ങളും 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യശതകങ്ങളിൽ തന്നെ ശക്തിയേറിയ പുതിയ പാതകൾ തുറന്നിട്ടു. ദലിതർ മനുഷ്യത്വത്തിന്റെ ഉടമകളാണെന്നും, മനുഷ്യത്വത്തോടെ അവരോട് പെരുമാറണമെന്നും അദ്ദേഹം ശക്തമായി നിഷ്കർഷിച്ചു. അദ്ദേഹത്തിന്റെ ആഹ്വാനം അവരുടെയും കേരളചരിത്രത്തിന്റെയും ഗതി മാറ്റിക്കുറിച്ചു.

ആധുനികീകരണവും അതുമായി ബന്ധപ്പെട്ട ചിന്താധാരയേയും പുണരുവാനും പാരമ്പര്യ വശങ്ങളെ ചോദ്യം ചെയ്യുവാനും ഒരു സമൂഹം മദ്ധ്യകേരളത്തിൽ 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ വളർന്നു വന്നു. പാരമ്പര്യത്തെ ഖണ്ഡിക്കുന്നതിന് അദ്ദേഹത്തെ സഹായിച്ചത് പരന്നവായനയും, മദ്രാസിലെ പഠനവും, മിഷണറിമാരു മായുള്ള സമ്പർക്കവുമായിരുന്നു. മാനവികതാവീക്ഷണം, ആ പുരോഗമന ചിന്തയുടെ ഭാഗമായിരുന്നു. മിഷണറിമാരുമായുള്ള നിരന്തര ഇടപഴകൽ ജോർജ് മാത്തനിൽ വലിയ ഉൾപ്രേരണകളുണ്ടാക്കി. ഇംഗ്ലണ്ടിലെ ഇവാൻജലിക്കൽ പ്രസ്ഥാനത്തിന്റെ കാതലായ ഒരു ദർശനം ലോകത്തിലെ സകലർക്കും മനുഷ്യത്വവും ദൈവനീതിയിലൂടെ അഭിമാനവും അവകാശപ്പെട്ടതാണെന്ന ചിന്തയായിരുന്നു. ജോർജ് മാത്തൻ അത് മറ്റു പലരേയും പോലെ സ്വീകരിച്ചു. അതിന്റെ ശക്തമായ വക്താവായി. പ്രേക്ഷിത പ്രവർത്തനവും നീതിബോധവും പരസ്പര പൂരക യഥാർത്ഥ്യങ്ങളായി ഉൾകൊണ്ടു. ജോർജ് മാത്തനെപ്പോലെയുള്ള തദ്ദേശിയരും അല്ലാത്തവരും അതിൽ ഒട്ടും തന്നെ വൈരുദ്ധ്യങ്ങൾ കണ്ടില്ല. അത്ര തീവ്രതയോടും തീക്ഷ്ണതയോടും കൂടെ ദലിതരുടെ ദൂഷിത സ്ഥിതിയെക്കുറിച്ച് മാനവികതയോടെ വാദിക്കുവാൻ ജോർജ് മാത്തന് കഴിഞ്ഞത് സി. എം. എസ് മിഷണറി സമൂഹത്തിന്റെ സാമൂഹ്യബോധത്തിന്റെ സ്വാധീനം തന്നെയായിരുന്നു. അടിമകൾക്ക് വിമോചനം തന്നെയാണ് പ്രാഥമിക ആവശ്യം എന്ന് ചിന്തിക്കുവാൻ കഴിഞ്ഞ സുവിശേഷീകരണ ദൈവ ശാസ്ത്രമായിരുന്നു മിഷണറിമാരുടേത്.

കേരളത്തിലെ പുരോഗമനചിന്തകൾക്ക് കാരണം ചില മദ്ധ്യവർഗ്ഗത്തി ലുള്ളവരുടെ, പ്രത്യേകിച്ചും വിദ്യാഭ്യാസത്തിലൂടെ ഉയർന്നുവന്ന മദ്ധ്യവർഗ്ഗത്തിലുള്ള വരുടെ ചിന്തയായിരുന്നു. അവരുടെ എഴുത്തുകളിൽ, ബന്ധങ്ങളിൽ, പ്രവൃത്തികളിൽ അത് അവർ പ്രകടിപ്പിച്ചുപോന്നു.

അദ്ദേഹത്തിന് ആധുനികീകരണത്തോടുള്ള ആഭിമുഖ്യവും മനുഷ്യത്വത്തോടുള്ള പ്രതിബദ്ധതയും നവോത്ഥാനത്തിന്റെ മുൻപേ നടക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കി. ആധുനികതയുടെയും, പുതിയ ആദ്ധ്യാത്മികതയുടേയും സമഗ്രമായ വേറൊരു മാനമായി രുന്നു ജോർജ് മാത്തന്റെ സാമൂഹികതയിലൂന്നിയുള്ള ഭാഷാശൈലിയും, മലയാളഭാഷാ ശാസ്ത്രവും. ഭാഷ സാമൂഹികതയെ വളർത്തുന്നു. സാമൂഹികത ഭാഷയെ വളർത്തുന്നു. മലയാള ഗദ്യത്തിന്റെ വ്യാകരണം ആധുനികതയിലൂടെ കാണുവാനും വായിക്കുവാനും അതിനുതകുന്ന രീതിശാസ്ത്ര അടിസ്ഥാനം വരച്ചിട്ടു കൊടുക്കുവാനും, ജോർജ് മാത്തന് കഴിഞ്ഞത് ഈ അന്വേഷണത്തിന്റെ ഭാഗം തന്നെയാണ്.

കേരളത്തിൽ അതുവരെ നിലനിന്നിരുന്ന ഭാഷ കൂടുതലും ദാർശനികമായിരുന്നു. മലയാളഭാഷയുടെ ആവിഷ്കാരങ്ങളും, ശൈലികളും, വാക്കുകളും ഈ ദാർശനികത യോട് ഉടക്കിക്കിടന്നിരുന്നു. ഭാഷയെ ദാർശനികതയിൽ നിന്ന് വിടുവിച്ച് സാമൂഹ്യത യിലേക്ക് കൊണ്ടു വരിക എന്ന പ്രക്രിയയെ ത്വരിതപ്പെടുത്താനാണ് ജോർജ് മാത്തൻ ശ്രമിച്ചത്. നവോത്ഥാന സാഹിത്യ സംരംഭങ്ങളിലൂടെ തുടർന്നുവന്ന പുതിയ ദേശീയതയുടെ ഭാഗമായിരുന്നു അദ്ദേഹത്തിന്റെ മലയാളം.

ദാർശനികതയിൽ നിന്നും സാമൂഹികതയിലേക്കും, മേൽക്കോയ്മയിൽ നിന്നും ജനകീയതയിലേക്കും അനുമാനങ്ങളിൽ നിന്നു അനുഭവങ്ങളിലേക്കും ഭാഷയുടെ പ്രയോഗ ശൈലിയെ മാറ്റിത്തീർക്കുവാൻ ജോർജ് മാത്തന്റെ ആവിഷ്ക്കാരങ്ങൾക്ക് കഴിഞ്ഞു. അദ്ദേഹത്തിന്റെ ലേഖനങ്ങൾ, കത്തുകൾ, പ്രബന്ധങ്ങൾ എല്ലാം ഈ മാറ്റത്തിന്റെ ഉദാഹരണങ്ങളാണ്. മലയാള സാഹിത്യത്തിലെ നവോത്ഥാന കാലഘട്ടം എന്ന് ഡോ.

കെ. എം. ജോർജിന്റെ കൃതിയിൽ അദ്ദേഹം രേഖപ്പെടുത്തുന്നത് ശ്രദ്ധേയമാണ്. 'ആധുനിക ഗദ്യത്തിന്റെ ഉത്തമ മാതൃക' ജോർജ് മാത്തന്റെ കൃതികളിലാണ് ആദ്യമായി ദർശിക്കുവാൻ കഴിയുന്നത് എന്നും ഉള്ളൂർ രേഖപ്പെടുത്തിയിരിക്കുന്നു. അങ്ങനെ മലയാളത്തിൽ മാറ്റത്തിന്റെ നെടുനായകത്വം വഹിക്കുവാനും ജോർജ് മാത്തനു കഴിഞ്ഞു. 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യദശകങ്ങളിൽ നവോത്ഥാന കേരളത്തിന്റെ മുൻപേ നടന്നവരിൽ അഗ്രഗണ്യനായിരുന്നു ജോർജ് മാത്തൻ.

ആത്മീയവും വൈജ്ഞാനികവുമായ വിഷയങ്ങൾ പ്രതിപാദിച്ചുകൊണ്ടുള്ള മലയാള ഗദ്യഭാഷയിൽ ജീവൽ ഭാഷയുടെ താളം മാത്തന്റെ കൃതികളിൽ കാണാം. മലയാളിയായ ഒരു ഭാഷാശാസ്ത്രചിന്തകനെന്ന നിലയിലും മലയാളഭാഷയെ തൽക്കാല നിലയിൽ നിന്നു പുരോഗമിപ്പിക്കാനാവശ്യമായ കരുതലുകളെയും നടപടികളെയും പറ്റി ചിന്തിച്ചെഴുതിയ ആളെന്നനിലയിലും, മതം, തത്ത്വജ്ഞാനം, സമുദായം, ശാസ്ത്രം, ഭാഷ തുടങ്ങിയ വിഷയങ്ങളിൽ ആഴമുള്ള ആലോചനകളിലേർപ്പെട്ട ആളെന്ന നിലയിലും വളരെ ഉയർന്ന പടവിലുള്ള ഒരു ധൈഷണിക വ്യക്തിത്വമാണ് അദ്ദേഹത്തിന്റെ കൃതികളിലൂടെ വെളിപ്പെടുന്നത്. ഭാഷാപ്രവർത്തനവും സാഹിത്യ പ്രവർത്തനവും സാമുദായിക പ്രവർത്തനവും വിദ്യാഭ്യാസപ്രവർത്തനവും ഏകോപിപ്പിച്ചുകൊണ്ടു നടത്തിയ പ്രവർത്തനങ്ങൾ കേരളത്തിന്റെ ആധുനികീകരണ പ്രക്രിയയ്ക്ക് ആക്കംകൂട്ടുന്നവയായിരുന്നു.

## 4.2 മിഷണറിമാരുടെ ആരോഗ്യപരിപാലനവും ആതുരശുശ്രൂഷയും

ജാതി, മതം, നിറം, സമ്പത്ത് എന്നിവയിലുള്ള വ്യത്യാസം പരിഗണിക്കാതെ സകല മനുഷ്യരുടെയും ആത്മാവിനു തുല്യ മൂല്യമാണ് മിഷണറിമാർ കല്പിച്ചിരുന്നത്. ആത്മാവിന്റെ രക്ഷയ്ക്കു മാത്രമല്ല ആത്മാവിന്റെ ഉറവിടമായ ശരീരത്തിന്റെ ശുദ്ധിയ്ക്കും ആരോഗ്യത്തിനും മിഷണറിമാർ പ്രാധാന്യം നൽകി. രോഗങ്ങളെക്കുറിച്ചും, പ്രത്യേകിച്ച് പകർച്ചവ്യാധികളെക്കുറിച്ച് സാധാരണക്കാരുടെയിടയിൽ ഉണ്ടായിരുന്ന ധാരണകൾ അവർ തിരുത്താൻ ശ്രമിച്ചു. പകർച്ചവ്യാധികൾ ദേവീദേവന്മാരുടെ കോപം കൊണ്ടുണ്ടാകുന്നതാണെന്നായിരുന്നു നാട്ടുകാരുടെ വിശ്വാസം. അതുകൊണ്ട് ദേവീദേവന്മാരെ പ്രസാദിപ്പിക്കാൻ മന്ത്രവാദം, കുരുതി മുതലായ കർമ്മങ്ങൾ നടത്തിയിരുന്നു.

പല രോഗങ്ങൾക്കും നാട്ടിൽ നിലവിലിരുന്ന ചികിത്സകൾ ഫലപ്രദമായിരുന്നില്ല, അഥവാ വിദഗ്ധരായ ഭിഷഗ്വരന്മാരുടെ സേവനം ഭൂരിഭാഗം പേർക്കും ലഭിച്ചിരുന്നില്ല. പലതരത്തിലുള്ള അന്ധവിശ്വാസങ്ങളും പ്രാകൃതചികിത്സാ രീതികളും നിലനിന്നിരുന്നു.

'രോഗചികിത്സയ്ക്കും രോഗനിവാരണത്തിനും സർക്കാരിനു യാതൊന്നും ചെയ്യാൻ കഴിഞ്ഞിരുന്നില്ല. വസൂരി ബാധിക്കുന്നവരെ വസൂരിപ്പുരകളിലാക്കുന്നതോടുകൂടി അവരുടെ കടമ പൂർത്തിയാകുന്നു. കുഷ്ഠരോഗികളും മറ്റും തെരുവിൽ അലഞ്ഞുനടന്നി രുന്നു. ഇതിനെല്ലാം മാറ്റം വന്നത് പാശ്ചാത്യചികിത്സാ സമ്പ്രദായം ആരംഭിച്ച ശേഷമാണ്. കേണൽ മൺറോയാണ് ഇതിന് വേണ്ട സൗകര്യങ്ങൾ ഒരുക്കിയത്.'[39]

വസൂരി നിവാരണത്തിന് ചെയ്യുന്ന വാക്സിനേഷൻ മൺറോ തിരുവിതാംകൂറിൽ നടപ്പിലാക്കി. ഇത് ആരംഭിച്ചപ്പോൾ നാട്ടുകാർ ഇതിനെ ഭയത്തോടും സംശയത്തോടും

[39] സാമുവൽ നെല്ലിമൂൾ (എഡി.) ഒരു പ്രേഷിത പ്രയാണ ചരിത്രം., പുറം 1627.

വീക്ഷിച്ചു. അതുകൊണ്ട് ആദ്യം സുറിയാനി ക്രിസ്ത്യാനിക ളുടെ ഇടയിൽ പ്രയോഗിക്കുവാൻ മൺറോ തീരുമാനിച്ചു. അതിനുശേഷം എല്ലാവിഭാഗം ജനങ്ങൾക്കും അതു നിർബന്ധമാക്കി.

റവ.നോർട്ടന്റെ പ്രത്യേക താത്പര്യപ്രകാരമാണ് ഒരു ആതുരശുശ്രൂഷാകേന്ദ്രം ആദ്യമായി കേരളത്തിൽ ഉണ്ടായത്. 'ഒരു അനാഥാലയവും ആശുപത്രിയും നോർട്ടൻ സ്ഥാപിച്ചു. ഒരിക്കൽ കോളറ പടർന്നുപിടിച്ചപ്പോൾ നോർട്ടൻ ഷെഡുകളുണ്ടാക്കി രോഗികളെ പാർപ്പിച്ച് ഡോക്ടറെക്കൊണ്ടു ചികിത്സിപ്പിച്ചു. ഈ ഷെഡുകൾ പിന്നീട് അഗതിമന്ദിരം ആയി. 1818-ൽ സർക്കാരിൽനിന്നും 45 രൂപ ഗ്രാന്റായി ലഭിച്ചു. പാവപ്പെട്ടവരുടെ ദുരിതാശ്വാസത്തിനുവേണ്ടി ആ തുക ചെലവഴിച്ചു. 1830 വരെ ഇത് ലഭിച്ചുകൊണ്ടിരുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അനാഥാലയങ്ങൾ ഉണ്ടായിരുന്നു'[40]

നോർട്ടന്റെ ചെറിയ ആശുപത്രി ആലപ്പുഴയിൽ സ്ഥാപിക്കുന്നതിനു മുമ്പും അലോപ്പതി ഡോക്ടർമാർ തിരുവനന്തപുരത്തും കൊല്ലത്തും കൊച്ചിയിലും ഉണ്ടായി രുന്നു. അവർ രാജാവിനെയും റസിഡണ്ടിനെയും ബ്രിട്ടീഷ് ഉദ്യോഗസ്ഥരെയും അത്യാവശ്യം വന്നാൽ മിഷണറിമാരെയും മാത്രമേ ചികിത്സിച്ചിരുന്നുള്ളൂ.

രാജ്യത്ത് പലയിടത്തും രോഗങ്ങൾ പടർന്നു പിടിച്ചപ്പോൾ ചികിത്സിക്കാൻ അലോപ്പതി ഡോക്ടർമാരെ നിയമിക്കാൻ റാണി പാർവ്വതിഭായി കല്പന നൽകി. 1820-ൽ കേരളത്തിലെ ആദ്യത്തെ സർക്കാർ അലോപ്പതി കൊല്ലത്തു സ്ഥാപിച്ചു. ഇതൊരു ധർമ്മാശുപത്രി ആയിരുന്നു.

1819-ൽ മദ്ധ്യതിരുവിതാംകൂറിൽ കോളറ ബാധയുണ്ടായി. മിഷണറിമാർ വലിയ തോതിൽ മരുന്നുകൾ ജനങ്ങൾക്കു വിതരണം ചെയ്തു. 'മിഷണറിമാർ നൽകിയ മരുന്നുകൾ വളരെ ഗുണം ചെയ്തു. കോട്ടയം മിഷനിൽ ഒരു ഡോക്ടറെ നിയമിച്ചാൽ വളരെയധികം

40 Rev.W.S. Hunt. TTC DR: 1905-1904 & CMP 1817-18

പ്രയോജനം ഉണ്ടാകുമായിരുന്നു. അലോപ്പതി ചികിത്സയെക്കുറിച്ചും രസതന്ത്രത്തെപ്പറ്റിയും ഉള്ള പുതിയ അറിവിന് തുടക്കമാകുമായിരുന്നു. ഇപ്പോൾ ത്തന്നെ, അലോപ്പതി മരുന്നു നൽകിയതിൽ ജനങ്ങൾ വളരെ നന്ദിയുള്ളവരാണ്.'[41]

ബ്രിട്ടീഷ് ഗവൺമെന്റ് ഡോക്ടർമാരും റസിഡണ്ടിന്റെ ഡോക്ടറും അത്യാവശ്യ സന്ദർഭങ്ങളിൽ നാട്ടുകാരായ രോഗികളെയും ചികിത്സിച്ചിരുന്നു. പലരും നാട്ടുകാർക്കിട യിൽ പ്രശസ്തി നേടുകയും ചെയ്തിരുന്നു. അലോപ്പതി ചികിത്സ ജനങ്ങളുടെ ഇടയിൽ പ്രചരിച്ചത് വളരെ സാവധാനത്തിലാണ്. ജനങ്ങളുടെ മുൻവിധിയായിരുന്നു പ്രധാന കാരണം, പാരമ്പര്യ ചികിത്സകളിൽനിന്നു മാറാൻ പലർക്കും ഭയമായിരുന്നു. അലോപ്പതി ആശുപത്രികൾ സ്ഥാപിക്കുന്ന കാര്യത്തിൽ സർക്കാരുകളും അതീവ താത്പര്യം കാണിച്ചില്ല.

പകർച്ചാവ്യാധികൾ നാട്ടിൽ പടർന്നിരുന്നു. മനുഷ്യർക്കു പേടിസ്വപ്നമായിരുന്ന വസൂരി, കോളറ, മലമ്പനി, ജ്വരം എന്നിവ കൂടാതെ മന്തും കുട്ടികൾക്കുണ്ടാകുന്ന മുണ്ടിനീര്, വില്ലൻചുമ എന്നിവയും ജനങ്ങളെ ദുരിതത്തിലേക്കു നയിച്ചിരുന്നു.

'തിരുവിതാംകൂർ സർക്കാർ വക ആദ്യത്തെ അലോപ്പതി ആശുപത്രി 1864-ൽ തിരുവനന്തപുരത്ത് സ്ഥാപിച്ചു.[42] യൂറോപ്യ വൈദ്യം നാട്ടുകാരുടെ ഇടയിൽ നടപ്പാക്കുന്നതിനും അവരെ അതിൽ അഭ്യസിപ്പിക്കുന്നതിനും വേണ്ടി ഈ സർക്കാരിൽ നിന്നും ആരംഭിച്ചിരിക്കുന്ന ചികിത്സാശാലയ്ക്ക് അടിസ്ഥാനമിട്ട സംഗതിയെക്കുറിച്ചു തിരുവിതാംകൂർ സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. സി.എം,എസ്., എൽ.എം. എസ് മിഷണറി സംഘടനകൾക്ക് ആതുരശുശ്രൂഷയ്ക്കു പ്രത്യേക വിഭാഗമുണ്ടാ യിരുന്നു.

---

41 CMP, 8,9-20

42 കൊച്ചി റീജിയണൽ ആർക്കൈഡ്, ചുരുണ 1824, 1847 മെയ് 20

ദുരന്തസംഭവങ്ങളിൽ ജോർജ് മാത്തൻ ജനങ്ങൾക്ക് നൽകിയ പിന്തുണ വളരെ വലുതാണ്. 1859-ൽ മല്ലപ്പള്ളിയിൽ വ്യാപകമായി കോളറ ബാധയുണ്ടായി. അന്ന് അറിയപ്പെട്ട മരുന്നുകൾക്കൊന്നും ഈ മാരകരോഗത്തെ പിടിച്ചുനിർത്താൻ കഴിഞ്ഞില്ല. പല മല്ലൻമാരും തളർന്നുവീണ് മരണത്തോട് മല്ലടിക്കുന്ന കാഴ്ച മനുഷ്യരിൽ പൊതുവെ ഭീതിപരത്തി. രോഗികളെ ശുശ്രൂഷിക്കുന്നതിനോ ശവം മാറ്റുന്നതിനോ ഉറ്റവർപോലും മുന്നോട്ടുവന്നില്ല. ദുരാത്മാക്കളുടെ പ്രേരണയിലാണ് ഈ പകർച്ചവ്യാധി ഉണ്ടായതെന്ന് വിശ്വസിച്ച് അവയെ ഭയപ്പെടുത്തി ഓടിക്കുവാൻ കുറച്ച് ക്രിസ്ത്യമാനികളും ഹൈന്ദവരും ചെണ്ടമേളങ്ങളുടെയും കതിനവെടിയുടെയും അകമ്പടി യോടുകൂടെ ഘോഷയാത്ര സംഘടിപ്പിച്ചു. ഭയന്നുമാറിനിന്നവർക്കും കോളറ പിടിപെട്ടു. ആംഗ്ലിക്കൻ സഭയിലുള്ളവരാകട്ടെ ജോർജ് മാത്തന്റെ നേതൃത്വത്തിൽ, വിശ്വാസവും സ്നേഹവും മൂലം സ്വാഭാവിക വൈമനസ്യത്തെ അതിജീവിച്ച് മനക്കരുത്തോടുകൂടെ രോഗികൾക്ക് ശുശ്രൂഷ നൽകുകയും മരിച്ചവരോടുള്ള അന്ത്യാദരവ് അർപ്പിക്കുകയും ചെയ്തു. അവർക്ക് കോളറ ഉണ്ടായില്ലെന്നാണ് ജോർജ് മാത്തൻ അഭിപ്രായപ്പെടുന്നത്. മൂന്ന് ദിവസം പ്രാർത്ഥനയ്ക്കായി പള്ളിയിൽ കൂടി. അവരുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് അനുതാപ ശുശ്രൂഷകൾ നടത്തുകയായിരുന്നു. കോളറ വിട്ടുമാറിയപ്പോൾ സ്തോത്ര ശുശ്രൂഷ അനുഷ്ഠിക്കുകയും ചെയ്തു. ശുശ്രൂഷയിൽ ശേഖരിച്ച അരിയും വസ്ത്രവും ദാരിദ്ര്യം അനുഭവിക്കുന്നവർക്കും അടിമകൾക്കും വിതരണം ചെയ്യുകയും ചെയ്തു.

വിവിധ വൈദ്യശാഖകൾ സമന്വയിപ്പിക്കേണ്ടതിനെക്കുറിച്ച് 'സാധാരണ ചികിത്സാശാല' എന്ന ലേഖനത്തിൽ ജോർജ് മാത്തൻ സ്വമതം വാദിച്ച് സമർത്ഥിക്കുന്നു. ഇംഗ്ലീഷ് ചികിത്സാലയത്തോടു ചേർന്നുതന്നെ ആയുർവ്വേദത്തിനും നാട്ടുവൈദ്യത്തിനും ഇടം വേണമെന്നാണ് ജോർജ് മാത്തന്റെ പക്ഷം. അതിന് അദ്ദേഹം നൽകുന്ന കാരണങ്ങൾ ഏറെ ശ്രദ്ധേയങ്ങളാണ്. ഹിന്ദുശാസ്ത്രങ്ങളിൽ ഒട്ടും ഊടമില്ലാത്ത ചില യൂറോപ്യന്മാർക്കും യൂറോപ്യവിദ്യകളിൽ അല്പം അറിവു കിട്ടിയിട്ടുള്ള, ഹിന്ദുക്കളിൽ പലർക്കും പതിവായിരിക്കുന്നതിൻവണ്ണം ഞങ്ങൾ ഹിന്ദുവിജ്ഞാനത്തെ അശേഷമേ

ധിക്കരിക്കുന്ന കൂട്ടത്തിലുള്ളവരല്ല. ഇപ്പോഴത്തെ ക്ഷയിച്ച അവസ്ഥയിൽതന്നെയും അവരുടെ ശാസ്ത്രങ്ങളിൽ പല ഒത്ത പ്രമാണങ്ങളും നല്ലയുപദേശങ്ങളും കാണാനുണ്ടെന്നു ഞങ്ങൾ മനഃപൂർവ്വമായി സമ്മതിക്കുകയും അതിൽ ഞങ്ങൾ സന്തോഷത്തോടെ പുകഴ്ത്തുകയും ചെയ്യുന്നു. പ്രത്യേകം അവരുടെ വൈദ്യശാസ്ത്രം തീരെ തള്ളേണ്ടുന്നതെങ്കിലും തള്ളാകുന്നതെങ്കിലും അല്ല. രോഗനിദാനത്തെക്കുറിച്ച് അവർ പറയുന്ന ലക്ഷണങ്ങൾ പലതും ഒത്തതു രോഗശമനത്തിനായിട്ടു അവർ നിശ്ചയിച്ചിരിക്കുന്ന അനേകം യോഗങ്ങൾ ഫലിക്കുന്നതും തന്നേ എന്നു ശരിയേ സമ്മതിക്കേണ്ടുന്നതാകുന്നു. നാട്ടുകാരുടെ പ്രയോഗങ്ങൾ യൂറോപ്യന്മാരുടെ ഇതുവരെ നിന്ദിച്ചിട്ടിരുന്നതിൽ ചിലതു ഇപ്പോൾ സമവികരണത്തിലേ (Homeopathy) മാർഗത്തോട് ഒത്തുകാണുന്നു. മലയാളികൾക്കു അസാധ്യമായി കണ്ട ചില വ്യാധികളെ എംഗ്ളിഷന്മാർ എളുപ്പത്തിൽ പൊറുപ്പാക്കീട്ടുണ്ട്. നിശ്ചയം തന്നെ. എന്നാൽ ഇവർ ആകുന്നതൊക്കെയും നോക്കീട്ടു കഴിയാത്ത ചില ദീനങ്ങളെ അവരും ഭേദമാക്കിക്കാണും. സംശയമില്ല. പിന്നെയും രോഗങ്ങൾക്കു ദേശഭേദംപോലെ ചില വ്യത്യാസങ്ങളുള്ളതും അവിടവിടെ പ്രത്യേകമായിരിക്കുന്ന വ്യാധികൾക്ക് അവിടവിടെ വിശേഷാൽ ഔഷധങ്ങൾ കാണുന്നതുമാകയാൽ ഇങ്ങനെയുള്ള രോഗങ്ങളുടെ ചികിത്സയ്ക്കു വേണ്ടുന്ന മരുന്നുകളെക്കുറിച്ച് യൂറോപ്യന്മാർക്കു ഇതുവരെ അത്ര പരിജ്ഞാനം വന്നിട്ടില്ല. എന്നാൽ നാട്ടുകാരോ അവയെ ഏറിയ കാലമായിട്ടു പ്രയോഗിച്ചു തഴക്കം വന്നിട്ടുള്ളവരാകയാൽ അവയുടെ ഫലത്തെയും വീര്യത്തെയും കുറിച്ചു അവർക്കു നല്ല തിട്ടം വന്നിരിക്കുന്നു. എന്നതുകൊണ്ട് ധർമരാജാവ് ഇപ്പോൾ സ്ഥാപിച്ചിരിക്കുന്ന ഈ ചികിത്സാശാലയിൽ ഒരു ഭാഗം തക്ക ചട്ടംകെട്ടുകളോടുകൂടെ നാട്ടുവൈദ്യം ചെയ്യുന്നതിനും അഭ്യസിപ്പിക്കുന്നതിനുമായിട്ടു നിയമിക്കപ്പെട്ടാൽ അതു ഉപകാര ദോഷം എന്നു വരികയില്ല. ഈ രണ്ടുവകയും ഒരു സ്ഥലത്തുതന്നെ ആകുന്നതിനാൽ വിശേഷാൽ ചില നല്ല സാധ്യങ്ങളുണ്ട്. എന്തെന്നാൽ ഈ രണ്ടുവകയും തമ്മിലുള്ള ഭേദാഭേദങ്ങളും ദോഷഗുണങ്ങളും രണ്ടു കൂട്ടർക്കും അങ്ങോട്ടും

ഇങ്ങോട്ടും ഇതിനാൽ പഠിച്ച് തമ്മിൽ ഒത്തുനോക്കി ചില പുതുപ്രമാണങ്ങളെയും പ്രയോഗങ്ങളെയും കണ്ടുപിടിക്കാകുന്നതാകുന്നു.[43]

ഏകോപനമാണ് ഇവിടെ ജോർജ് മാത്തൻ ഉദ്ദേശിക്കുന്ന പ്രതിവിധി. വൈവിധ്യത്തെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഒപ്പം ഓരോ ചികിത്സാവിധികളുടെയും വ്യതിരിക്തത ഗൗനിക്കുന്നു. മാത്തന്റെ ബൗദ്ധിക ജീവിതത്തിന്റെ മുഖമുദ്രയായി ഇതിനെ പരിഗണിക്കാം.

### 4.3 അടിമകളുടെ ശിക്ഷകൾ

കേരളത്തിൽ നിരവധി മിഷണറി സംഘങ്ങൾ പ്രവർത്തനം നടത്തിയിരുന്നെങ്കിലും ലണ്ടൻ മിഷണറി സൊസൈറ്റിയും. ചർച്ച് മിഷണറി സൊസൈറ്റിയുമാണ് താഴ്ന്ന ജാതികൾക്കിടയിൽ ഏറ്റവുമധികം പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. തിരുവിതാംകൂറിൽ പ്രവർത്തനം ആരംഭിച്ച മിഷണറിമാർ അടിമത്തത്തെയും അടിമ ജാതികളുടെ പീഡനങ്ങളെയും സംബന്ധിച്ച് അവരുടെ റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിരുന്നു.

അടിമകൾ ചെയ്യുന്ന കുറ്റങ്ങൾക്കു നൽകിയിരുന്ന ശിക്ഷകൾ മൃഗങ്ങളോടു പോലും ചെയ്യാത്തതായിരുന്നു. 1854-ൽ നടന്ന ഒരു സംഭവം റവ.ഹോക്സ് വർത്ത് വിവരിച്ചിട്ടുണ്ട്. ഒരു പറയൻ പശുവിനെ മോഷ്ടിച്ചു. ഉടമസ്ഥൻ രാവിലെ പശുവിനെ കാണാഞ്ഞ് അന്വേഷണം ആരംഭിച്ചു. അടിമകളെ വിളിച്ചു വരുത്തി പശുവിനെ മോഷ്ടിച്ചവരെ കണ്ടുപിടിച്ചില്ലെങ്കിൽ എല്ലാവരെയും ശിക്ഷിക്കുമെന്നു ഭയപ്പെടുത്തി. അവർ പശുവിനെ മോഷ്ടിച്ച അടിമയുടെ താമസസ്ഥലത്തേക്കു ചെന്നു. അവിടെ അവർ പശുവിനെ അറുക്കുന്നതു കണ്ടു. അവർ ആ അടിമയെ ഒരു മരത്തിൽ കെട്ടിയിട്ടു. ചുണ്ണാമ്പു കൊണ്ടുവന്ന് അവന്റെ കണ്ണിൽ തേച്ച് ഒരു തുണികൊണ്ടു കെട്ടിവച്ചു. അവന്റെ കാഴ്ച പൂർണ്ണമായി

[43] സാമുവൽ ചന്ദനപ്പള്ളി, റവ. ജോർജ് മാത്തൻ കൃതികളും പഠനങ്ങളും ചന്ദനപ്പള്ളി പുറം 553-554.

നശിച്ചപോയി. യജമാനനെ ഭയപ്പെട്ടതുകൊണ്ടാണ് അടിമകൾ അവരുടെ സഹജീവിയോട് അപ്രകാരം ക്രൂരമായി പ്രവർത്തിച്ചത്. ഒളിച്ചോടിയ പുലയ അടിമകൾക്കിടയിൽ പ്രവർത്തനം ആരംഭിച്ച ചർച്ച് മിഷണറിയായിരുന്ന ഹെന്റി ബേക്കർ ജൂനിയർ തിരുവിതാംകൂറിലെ അടിമത്തത്തിനെതിരായ നിവേദനത്തിൽ ഒപ്പുവെച്ച പതിമൂന്ന് മിഷണറിമാരിൽ ഒരാൾകൂടിയായിരുന്നു ബേക്കർ ജൂനിയർ. ഇദ്ദേഹത്തിന്റെ എഴുത്തുകൾ മധ്യകേരളത്തിലെ അടിമ ജാതികളുടെ ജീവിതാവസ്ഥ കളെ സൂക്ഷ്മ തലത്തിൽ നിരീക്ഷിക്കുന്നതുമാണ്. മുണ്ടക്കയത്ത് ഒളിച്ചോടിയ അടിമക ളുടെ അനുഭവങ്ങൾ ബേക്കർ ജൂനിയർ വിവരിക്കുന്നുണ്ട്. 'പുലയരായ അവർക്കു ജോലി സമയത്ത് ഒരു നൂൽ വസ്ത്രംപോലും ധരിക്കാൻ അവകാശമുണ്ടായിരുന്നില്ല. പച്ചില കൊണ്ട് ശരീരം മറയ്ക്കാൻ മാത്രമായിരുന്നു വിധി. അടിമകളുടെ നാല് കുടുംബങ്ങൾ മുണ്ടക്കയത്ത് താമസിച്ചിരുന്നു. അതിലൊരാളുടെ കണങ്കാലിൽ കയറുകെട്ടി പുകയുന്ന തീയുടെ മുകളിൽ തൂക്കിയിട്ടു. കയറിന്റെ മറ്റേയറ്റം മറ്റൊരാളുടെ കൈത്തണ്ടയിലാണ് ബന്ധിപ്പിച്ചിരിക്കുന്നത്. ഒരു സ്ത്രീയുടെ സഹോദരനെ അവരുടെ കൺമുമ്പിൽവച്ച് അടിച്ച് കൊല്ലുകയും ആ സമയം അവളുടെ മുഖത്തും മാറിലും ചൊറിയണം കെട്ടിവയ്ക്കുകയും ചെയ്തു.'[44] 1882-ൽ തെക്കൻ തിരുവിതാംകൂറിലെ തിട്ടുവിള മിഷൻ പ്രദേശത്തെ ലണ്ടൻ മിഷണറി പ്രവർത്തകനായ യേശുവടിയാൻ രേഖപ്പെടുത്തിയ ക്രൂരമായ ഒരു സംഭവം പ്രാദേശിക മേഖലയിലെ പീഡനത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. 'തോവാള താലൂക്കിലെ വിളക്കുടി ഗ്രാമത്തിലെ ഒരു വയലിന്റെ നടുവിൽ നിറവയറുള്ള ഒരു സ്ത്രീയെ പോത്തിനൊപ്പം ഒരു നുകത്തിൽ ബന്ധിച്ചു നിർത്തിയിരുന്നു. അതിനെക്കാൾ മൃഗീയം പിന്നിൽ നിൽക്കുന്ന മനുഷ്യൻ വേഗത്തിൽ ഓടാൻ വേണ്ടി പോത്തിനെ ഭയങ്കരമായി അടിക്കുന്നു. അടിയേറ്റ മൃഗം ദ്രുതഗതിയിൽ മുന്നോട്ട് കുതിച്ചു. അവശയായ സ്ത്രീ പിന്നിലായിപ്പോയി. ഉഴവുകാരന്റെ വടി അവളുടെ ശരീരത്തിൽ കുത്തിയിറക്കി. അല്പം ദൂരം മാത്രം നടക്കാൻ സാധിച്ച

44 Henry Baker (1862) The Hill Arrians of Tranvancore.

ഗർഭിണിയായ സ്ത്രീ അവിടെ കുഴഞ്ഞുവീണു മരിച്ചു. മാടത്തി എന്നായിരുന്നു അവളുടെ പേര്. ആ വയലിൽ പണി എടുത്തിരുന്ന ഒരു മനുഷ്യനും പ്രതിഷേധത്തിന്റെ ഒരു വാക്കുപോലും ഉച്ചരിക്കാതെ ഈ രംഗത്തിനു സാക്ഷിയായി നിന്നു. ജോലിക്കു വരാതെ ഇരുന്നതിനുള്ള ശിക്ഷയായിരുന്നു യജമാനൻ നടപ്പിലാക്കിയത്.'[45] ഇങ്ങനെ നിരവധി പീഡനങ്ങൾക്ക് വിധേയവരായിരുന്നു അടിമകൾ. അതുകൊണ്ടുതന്നെയാണ് മിഷണറിമാർ അവർക്ക് വേണ്ടി പ്രവർത്തിച്ചിരുന്നത്. ആ പ്രവർത്തനങ്ങളിൽ മുൻപന്തിയിലായിരുന്നു ജോർജ് മാത്തൻ. ജോർജ് മാത്തൻ ലണ്ടൻ മിഷണറിയ്ക്കയച്ച റിപ്പോർട്ടിൽനിന്നും ഇങ്ങനെയുള്ള കാര്യങ്ങൾ നമുക്ക് മനസ്സിലാക്കാം.

### 4.4 മിഷണറി റിപ്പോർട്ട്

ജോർജ്മാത്തൻ മദ്രാസ് കമ്മറ്റിക്കയച്ച റിപ്പോർട്ടുകളിലും കത്തുകളിൽനിന്നു മാണ് മാത്തൻ ചെയ്ത വൈവിധ്യമാർന്ന ഇടവക സേവനങ്ങളെപ്പറ്റി അറിയുവാൻ കഴിയുന്നത്. സഭയിൽ കൂട്ടായ്മബോധം വളരണം, ആവശ്യമുള്ളവർക്ക് സാമ്പത്തിക സഹായം നൽകണം, രോഗികളെയും വിഷമഘട്ടങ്ങളെ നേരിടുന്നവരെയും സന്ദർശി ക്കണം, മുതലായ കാര്യങ്ങളിൽ ജോർജ്മാത്തൻ വളരെയധികം ശ്രദ്ധിച്ചിരുന്നു. എത്രമാത്രം കഠിനമായ പീഡനങ്ങളാണ് അടിമകളും അവരുടെ കുടുംബാംഗങ്ങളും സഹിക്കേണ്ടിവന്നതെന്ന് ജോർജ്മാത്തൻ അയച്ച റിപ്പോർട്ടിൽനിന്നും മനസ്സിലാക്കാം. അവരുടെ ഉദ്ധാരണത്തിന്റെ മാർഗ്ഗദർശിയായിരുന്നു മാത്തൻ. ആംഗ്ലിക്കൻ സഭയിലേക്കു സുറിയാനി സഭാംഗങ്ങളെ ചേർക്കണമെന്നല്ല, അവർ നവീകരണ നിലപാടു സ്വീകരിച്ച് സുറിയാനി സഭയിൽ നിന്നുകൊണ്ട് വേദപുസ്തകാടിസ്ഥാനത്തിൽ നവീകരണം ശക്തിപ്പെടുത്തണമെന്നുള്ളതായിരുന്നു ജോർജ് മാത്തന്റെ അഭിപ്രായം. റവ. ജോർജ് മാത്തൻ സി. എം. എസി. നു അയച്ച റിപ്പോർട്ടുകളും കത്തുകളും സി. എം. എസിന്റെ ഇതര

[45] Joy Ganadasan (1994) A Forgotten History.

പുരാതന റിപ്പോർട്ടുകളോടൊപ്പം ഇംഗ്ലണ്ടിലെ ബർമിംഗ്ഹാം സർവ്വകലാശാല ലൈബ്രറിയിലെ സ്പെഷ്യൽ കളക്ഷൻ വിഭാഗത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

മാവേലിക്കര കേന്ദ്രമാക്കി പീറ്റ് സായിപ്പിന്റെ അസിസ്റ്റന്റായി ജോർജ് മാത്തൻ സേവനം അനുഷ്ഠിച്ചിരുന്നു. 1844 ജനുവരിയിൽ എഴുതിയ റിപ്പോർട്ടാണ് ജോർജ് മാത്തൻ സി. എം. എസ്. ലണ്ടന് അയക്കുന്ന ആദ്യത്തെ റിപ്പോർട്ട്.

1845 ജനുവരി ഒന്നിന് കോട്ടയത്ത് മൂന്നു മാസത്തിലൊരിക്കൽ നടക്കുന്ന പ്രവർത്തകരുടെ മീറ്റിംഗിൽ പങ്കെടുക്കുവാൻ ജോർജ് മാത്തൻപോയി. കോട്ടയത്ത് പണ്ടു സിറിയൻ കോളേജിൽ പഠിച്ചിരുന്ന ചിലരെ കണ്ടുമുട്ടി. അവരുമായി മാത്തൻ സംഭാഷണത്തിലേർപ്പെട്ടു. എന്നാൽ മിഷണറിമാർ പഠിപ്പിച്ച ബൈബിൾ സത്യങ്ങളും വേദശാസ്ത്ര ചിന്തകളും അവരുടെ ഹൃദയത്തിലും മതാചാരങ്ങളിലും വാസ്തവത്തിൽ സ്ഥാനം പിടിച്ചിട്ടില്ലെന്ന് കണ്ടപ്പോൾ മാത്തന് വളരെ ദുഃഖം തോന്നി. The remain in 'the errors of syrian church and are careless about the interests of their immortal soul'[46] എന്നാണ് മാത്തൻ എഴുതിയിരിക്കുന്നത്. മദ്ധ്യസ്ഥത കഴിക്കുവാൻ കന്യകമറിയാമിനോടും വിശുദ്ധന്മാരോടും അപേക്ഷിക്കുക, മരിച്ചവരുടെ ആത്മാ ക്കളുടെ രക്ഷയ്ക്കുവേണ്ടി കുർബാന, ധൂപപ്രാർത്ഥന, ശ്രാദ്ധം തുടങ്ങിയവ നടത്തുക, ഹൈന്ദവരിൽ നിന്നും പകർത്തിയിട്ടുള്ള മറ്റു ചില ആചാരങ്ങൾ തുടങ്ങിയവയാണ് 'errors of the syrian church' എന്നതുകൊണ്ട് മാത്തൻ ഉദ്ദേശിക്കുന്നത്.

'1845 ജനുവരി 15 ലെ റിപ്പോർട്ടിൽ കാണുന്നത്'.[47] ജോർജ് മാത്തൻ കാണുമ്പോൾ ഈവക ആചാരങ്ങളെപ്പറ്റി സുറിയാനി ക്രിസ്ത്യാനികൾ ലജ്ജിക്കു മെങ്കിലും മറ്റു

---

46 MCMR 1844-45, p.84

47 To-day is celebrated the great Chattam in the Syrian church here. They have tontoms, firework, dancing, procession etc. in conformity to the practice of the heathen, plainly showing that the chattam is of heathen origin'.

സുറിയാനിക്കാരുടെ ദുഷ്പ്രീതി ഒഴിവാക്കാനും ഇവയിൽ സംബന്ധിക്കുന്ന തിലുള്ള രസംകൊണ്ടുമാണ് ചാത്തവും മറ്റും നിർത്താതെ തുടരുന്നതെന്നാണ് മാത്തന്റെ അഭിപ്രായം. ചാത്തം ചടങ്ങിൽ സംബന്ധിക്കാൻ മറ്റു സ്ഥലങ്ങളിൽ നിന്നും വരുന്നവരിൽ ചിലർ മാത്തനെ സന്ദർശിക്കുമായിരുന്നു. അവരുമായുള്ള സംവാദത്തിൽ ആത്മാവിന്റെ നിത്യശാന്തിക്ക് യേശുക്രിസ്തുവിന്റെ ക്രൂശിൽ പ്രത്യക്ഷപ്പെട്ട ദൈവകൃപ മാത്രമാണാധാരമെന്നും ഈ ദൈവകൃപ ഭൗതിക ജീവിതത്തിൽതന്നെ ഒരുവന് ലഭ്യമാണെന്നും ജോർജ് മാത്തൻ വിശദീകരിക്കുന്നു.

കോട്ടകുളത്തി സഭ സന്ദർശിച്ചപ്പോൾ സഭയിൽ പുതുതായി ചേർന്നവരിൽ സാമ്പത്തിക തകർച്ചയിലെത്തിയ ഒരു യുവാവിന്റെ പ്രശ്നം ജോർജ് മാത്തന്റെ ശ്രദ്ധയിൽപ്പെട്ടു. അയാളുടെ പ്രശ്നത്തിനു പരിഹാരമുണ്ടാക്കുവാൻ മാത്തൻ ജനങ്ങളോട് ആഹ്വാനം ചെയ്തു. അതിനൊരു മാർഗ്ഗവും അദ്ദേഹം നിർദ്ദേശിച്ചു. ഒരു സ്നേഹവിരുന്നു നടത്തി, സംബന്ധിച്ചവരിൽ നിന്നും സംഭാവനകൾ സ്വീകരിക്കുകയു മായിരുന്നു പോംവഴി. എന്നാൽ അങ്ങനെ ലഭിച്ച തുക പോരാതെ വന്നപ്പോൾ 'സത്യകർമ്മ'ത്തിന്റെ വഴിപാടു കണക്കിൽനിന്നു കുറെകാശെടുത്ത് ഈ യുവാവിന്റെ പ്രശ്നം പരിഹരിക്കാൻ സത്യകർമ്മത്തിനിടുന്ന പ്രത്യേക സ്തോത്രകാഴ്ച്ച ബുദ്ധിമുട്ടനുഭവിക്കുന്നവരുടെ സഹായത്തിനുപയോഗിക്കുന്ന പതിവ് അന്നുണ്ടായിരുന്നു.

ഒരു ഭവനത്തിൽ രോഗം ബാധിച്ച് അത്യാസന്നനിലയിലെത്തിയ ഒരു സ്ത്രീയെ ഏതാനും സഭാംഗങ്ങളുമൊത്ത് മാത്തൻ പോയി കണ്ടു. രോഗികളെ സന്ദർശിക്കു മ്പോൾ പ്രാർത്ഥിക്കുന്നതിന് ആംഗ്ലിക്കൻ പ്രാർത്ഥനാ ക്രമത്തിൽ കൊടുത്തിരിക്കുന്ന അർത്ഥവത്തായ പ്രാർത്ഥനയാണ് മാത്തൻ ഉപയോഗിച്ചത്. ബുദ്ധിമുട്ടുകൾ പറയുന്നവരെ നേരിട്ടുപോയികാണുകയും അവരെ സാന്ത്വനപ്പെടുത്തുകയും ചെയ്തിരുന്നു മാത്തൻ. ക്രിസ്തുമസ്, ഈസ്റ്റർ സന്തോഷാവസരമായും നോമ്പുകാലം ദുഃഖത്തിന്റെ ദിനങ്ങളായും സഭ നിയമിച്ചിരിക്കുന്നു. ദോഷത്തിൽ ജീവിക്കുന്നവർ ദൈവത്തിങ്ക ലേക്ക് മനം തിരിയാനുള്ള

അവസരമാണ് നോമ്പുകാലമെന്നും അങ്ങനെ അനുതാപ ത്തിനും മനഃപരിവർത്തനത്തിനും ഊന്നൽ നൽകിക്കൊണ്ട് നോമ്പാചാരണത്തിന്റെ ശരിയായ പ്രാധാന്യം മാത്തൻ എടുത്തുകാട്ടുന്നു.

ജോർജ് മാത്തന്റെ ഈ റിപ്പോർട്ടിൽ നിന്ന് അക്കാലത്തെ സുറിയാനിക്കാരുടെ വിശ്വാസാചാരങ്ങൾ എന്തെല്ലമായിരുന്നുവെന്നു മനസ്സിലാക്കാം. അതോടൊപ്പം ബൈബിളിലും പ്രൊട്ടസ്റ്റന്റ് ഉപദേശത്തിലും പ്രാവീണ്യം ലഭിച്ച ജോർജ് മാത്തന്റെ വേദശാസ്ത്രപരമായ കാഴ്ചപ്പാടും സംവാദരീതിയും എങ്ങനെയെന്നും നമുക്കു മനസ്സിലാക്കാം.

1845 അതേവർഷം (1845) ചില റിപ്പോർട്ടുകൾ കൂടി അയച്ചിരുന്നു. അതിലെ വിഷയങ്ങൾ പലതായിരുന്നു. 1836-ൽ മാവേലിക്കര കൂടിയ സൂനഹദോസിന്റെ തീരുമാനപ്രകാരം സുറിയാനിസഭയിൽ മിഷണറിമാരുടെ സേവനം നിരോധിക്കപ്പെട്ടതുകൊണ്ട് അവരുടെ ഉപദേശത്തെ അനുകൂലിച്ചവരുടെ ആരാധനയും, ഇടയപരിപാലനവും ലക്ഷ്യമാക്കി മിഷണറിമാർ ആംഗ്ലിക്കൻ സഭകൾ രൂപീകരിക്കു വാൻ തുടങ്ങി. ആംഗ്ലിക്കൻ സഭയിൽ ചേർന്നവർക്ക് നേരിട്ട പ്രധാന പ്രശ്നം അവരുടെ മക്കൾക്ക് അനുയോജ്യരായ വധൂവരന്മാരെ കണ്ടുപിടിക്കുന്ന കാര്യത്തിലായി രുന്നു. അവരുമായി വിവാഹബന്ധത്തിലേർപ്പെടുവാൻ സുറിയാനിസഭ അനുവദിച്ചിരു ന്നില്ല. കൂടാതെ ആംഗ്ലിക്കൻ പള്ളിയിൽ വെച്ചു കല്ല്യാണം നടത്തണമെന്നും അത് ഞായറാഴ്ച്ച പാടില്ലെന്നുമാണ് മിഷനിൽ ചേർന്നവരുടെ തീരുമാനം. സുറിയാനി ക്രിസ്ത്യാനികൾ ഞായറാഴ്ച്ചയാണ് വിവാഹം നടത്തുക. വിവാഹം വിശുദ്ധകൂദാശ യാണ്. എന്നാൽ പ്യൂരിട്ടൻ ചിന്താഗതികാരായ മിഷണറിമാർക്കും അവരുടെകൂടെ നിന്ന സുറിയാനിക്കാർക്കും ഞായറാഴ്ച്ച ശബ്ബത്താണ്. ആരാധനയും പ്രാർത്ഥനയും വേദപാരായണവും സ്വസ്ഥതയും മാത്രമാണ് അന്ന് അനുവദിച്ചിട്ടുള്ളത്. ഞായറാഴ്ച്ച കല്യാണം ശബ്ബത് ലംഘനമാണെന്നായിരുന്നു അവരുടെ നിലപാട്. സുറിയാനിക്കാരു

മായി ബന്ധുത ചേർന്ന കാരണത്താൻ ഒരു കുടുംബത്തെ ആംഗ്ലിക്കൻ സഭയിൽ നിന്നു മുടക്കിയ വിവരം ജോർജ് മാത്തൻ രേഖപ്പെടുത്തിയിട്ടുണ്ട്.

ജോർജ് മാത്തൻ കത്തോലിക്കാ സഭയിലെ ഒരു കുടുംബത്തെ സന്ദർശിക്കാൻ പോയിരുന്നു. ആ കുടുംബത്തിലെ മരിച്ചുപോയ ഒരാളിന്റെ ചാത്തം നടത്തുന്ന ദിവസമായിരുന്നു അന്ന്. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതുകൊണ്ട് പ്രയോജനമില്ലെന്നും ലോക ജീവിതത്തിൽതന്നെ യേശുക്രിസ്തു നമ്മുടെ കുറ്റങ്ങൾ ജീവിതത്തിൽ തന്നെ യേശുക്രിസ്തു നമ്മുടെ കുറ്റങ്ങൾ ക്ഷമിച്ചുതരുമെന്നു തുറന്നു പറയാൻ ജോർജ്മാത്തൻ മടിച്ചില്ല.

'1845 - ഏപ്രിൽ 17 കോട്ടകുളത്തിയിൽ രണ്ടു കല്ല്യാണം നടന്നു സുറിയാനിക്കാരുടെ കല്ല്യാണത്തെപ്പറ്റി മാത്തന്റെ വിലയിരുത്തൽ ശ്രദ്ധേയമാണ്'[48] സുറിയാനി ക്രിസ്ത്യാനികളുടെയിടയിൽ കല്ല്യാണം ഉള്ളപ്പോൾ വഴക്ക് സാധാരണയായിരുന്നു. എന്നാൽ ഇക്കാര്യത്തിൽ ആംഗ്ലിക്കൻ സഭയിൽ ചേർന്നവരുടെ പെരുമാറ്റം മെച്ചപ്പെട്ടിരുന്നു.

ഹിന്ദുക്കളും മുസ്ലീങ്ങളുമായി ജോർജ് മാത്തൻ നടത്തിയ മതസംഭാഷണമാണ് റിപ്പോർട്ടിലെ മറ്റൊരു വിഷയം. മാവേലിക്കര തമ്പുരാന്റെ അളിയൻ മാത്തനെ സന്ദർശിച്ചിരുന്നു. ഹൃദയ ശുദ്ധിക്ക് പ്രാധാന്യം നൽകാതെ ബാഹ്യമായ മുറകളിലും ചിട്ടകളിലും മാത്രം ശ്രദ്ധിക്കുന്ന പ്രവണതയെ ജോർജ് മാത്തൻ ചോദ്യം ചെയ്തു. പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായ യേശുക്രിസ്തു തന്റെ പാപപരിഹാരയാഗത്താൽ നമുക്ക് സൗജന്യമായി രക്ഷ നൽകുന്നുവെന്നും രക്ഷയ്ക്കായി യേശുക്രിസ്തുവിനെയാണ് നാം സമീപിക്കേണ്ടതെന്നുമായിരുന്നു അദ്ദേഹം വിശദീകരിച്ചത്. മാനുഷികമായ അഭിലാഷങ്ങളോ മതകർമ്മങ്ങളോ അല്ല ക്രിസ്തീയ വിശ്വാസത്തിന്റെ ഉറവിടമെന്നും

48 'It shows a great improvement in our people that there are no quarrels among then on such occasions as there are among the Sirian.'

മാത്തൻ വിശദീകരിച്ചു. ജാതിവിവേചനം സാമൂഹ്യജീവിതത്തിനു ഹാനികരണമാ ണെന്നും ദൈവഹിതത്തിനു തീർത്തും വിപരീതമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ജാതിവ്യത്യാസം ദൈവസൃഷ്ടിയായ മനുഷ്യനെ തരം താഴ്ത്തുന്നതുകൊണ്ട് ദൈവത്തിന് അനിഷ്ടമാണെന്ന് മാത്തൻ സ്ഥാപിക്കുന്നു. നീതിയും സമത്വവും എല്ലാവരുടെയും ജന്മാവകാശമാണെന്ന സത്യത്തെ ദൈവവിജ്ഞാനീയ (theology) ത്തിന്റെ അവിഭാജ്യഘടകമായി വീക്ഷിച്ച ജോർജ്മാത്തൻ വേദശാസ്ത്ര ചരിത്രത്തിൽ ഒരു പുതിയ അധ്യായം കുറിക്കുകയായിരുന്നു. മാത്തന്റെ ഈ ചിന്തകളാണ് അദ്ദേഹത്തിന്റെ 'സത്യവാദഖേടം' എന്ന കൃതിയിൽ പ്രതിഫലിച്ചു കാണുനനത്.

ജാതി-വർഗ-വിവേചനത്തെ മൗലിക പാപമായി ജോർജ്മാത്തൻ വീക്ഷിക്കുന്നുണ്ട്. 18-ാം ശതാബ്ദം പിന്നിട്ട, നസ്രാണി ക്രിസ്ത്യാനികളുടെ പാരമ്പര്യ ത്തിലും ജാതിവർഗ്ഗ വിവേചനം ഉറഞ്ഞുകിടന്നിരുന്നുവെന്നും അതിന് അൽപ്പമെങ്കിലും ഇളക്കം തട്ടിയത് 19-ാം നൂറ്റാണ്ടിൽ തിരുവിതാംകൂർ - കൊച്ചിയിലെത്തിയ ആംഗലേയ മിഷണറിമാരുടെ സുവിശേഷപ്രസംഗവും ഉപദേശവും കൊണ്ടായിരുന്നു വെന്ന ഡോ. ഇ. സി. ജോൺ അഭിപ്രായപ്പെടുന്നു.[49]

1845 ഒക്ടോബർ 9-ന് ജോർജ് മാത്തൻ പുത്തൻക്കാവ് പള്ളിവക സ്കൂൾ സന്ദർശിച്ചപ്പോൾ അവിടെ സരസ്വതിപൂജ നടക്കുകയായിരുന്നു. പൂമാലകളും പലനിറത്തിലുള്ള സിൽക്ക് കച്ചുകളുംകൊണ്ട് സ്കൂൾ ഭംഗിയായി അലങ്കരിച്ചിരുന്നു. കത്തിയെരിയുന്ന നിലവിളക്കിന്റെ മുന്നിൽ കുട്ടികളുടെ പുസ്തകങ്ങൾ വച്ചിട്ടുണ്ട്. സ്കൂളിൽ വേദപുസ്തകങ്ങൾ വായിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതിനാൽ ഇതേ രീതിയിലുള്ള ഹൈന്ദവ ആചാരങ്ങൾ അവിടെ നടക്കില്ലെന്നാണ് അദ്ദേഹം കരുതിയിരുന്നത്. യഥാർത്ഥ ദൈവം ഒന്നേയുള്ളുവെന്നും ആ ദൈവം നമ്മുടെ സ്രഷ്ടാവും

49 റവ. ഡോ. ഇ.സി. ജോൺ, റവ. ജോർജ് മാത്തൻ വേദപണ്ഡിതനമായ വൈദികൻ, പുറം 8.

പരിപാലകനുമാണെന്നും ആ നിലയ്ക്ക് സരസ്വതീപൂജ ദൈവത്തെ അധിക്ഷേപിക്കയാണെന്നും മാത്തൻ പറഞ്ഞപ്പോൾ വിദ്യാർത്ഥികൾ അലങ്കാരങ്ങളെല്ലാം എടുത്തുമാറ്റി.

ജോർജ് മാത്തൻ സി.എം. എസിനയച്ച കത്തുകളിൽ വളരെ പ്രാധാന്യമർഹിക്കുന്നതാണ് 1857 ജനുവരി 22-ന് ജനറൽ സെക്രട്ടറി റവ. ജോൺ ചാപ്മാന്റെ പേർക്കയച്ച മറുപടിക്കത്ത്. മലയാളവേദപുസ്തകത്തിന്റെ പരിഷ്കരണം, ഉയർന്ന ജാതിയിൽപ്പെട്ട ഹൈന്ദവരുടെ സുവിശേഷപ്രവർത്തനത്തോടുള്ള മനോഭാവം, അടിമകളുടെ സ്ഥിതി, സുറിയാനിസഭകളെ സംബന്ധിച്ച വസ്തുതകൾ എന്നീ വിഷയങ്ങളാണ് ജോർജ്മാത്തൻ ഈ കത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ഈ കത്തിന്റെ ഏതാനും ഭാഗങ്ങൾ 1856-1857 ലെ സി. എം. സിന്റെ റിപ്പോർട്ടിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ബൈബിളിന്റെ മലയാള വിവർത്തനം മെച്ചപ്പെടുത്തുന്നതിനു നിയമിച്ച കമ്മറ്റിയിൽ ജോർജ് മാത്തനെക്കൂടാതെ റവ. ജോസഫ് പീറ്റ്, ജോൺ ഹോക്സ് വർത്ത്, റവ. ജോൺ ജോർജ് ബ്യൂട്ട്ലർ എന്നിവർ അംഗങ്ങളായിരുന്നു. ബൈബിളിന്റെ എബ്രായ, ഗ്രീക്ക് മൂലപാഠങ്ങൾ ഒത്തുനോക്കി പരിഭാഷയിൽ കാലോചിതമായ ഭേദഗതികൾ വരുത്താനാണ് കമ്മറ്റി ശ്രമിച്ചത്. 'അതേക്കുറിച്ച് ജോർജ് മാത്തൻ എഴുതിയിരുന്നു. കമ്മിറ്റിയിലെ അഭിപ്രായവ്യത്യാസം പുരോഗതിക്ക് ഒട്ടേറെ തടസ്സമുണ്ടാക്കുന്നു എന്ന വസ്തുത എഴുത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.'[50] ആവശ്യമു ണ്ടെന്നു ബോധ്യപ്പെടുന്ന ഭേദഗതികളെക്കുറിച്ച് നേരത്തെ കുറിപ്പുകൾ തയ്യാറാക്കി കമ്മിറ്റിയുടെ പരിഗണനയ്ക്ക് അവതരിപ്പിക്കുകയായിരുന്നു അവരുടെ പ്രവർത്തന ശൈലി.

---

[50] Our earnest aim in this department of our work is to render our present highly respectable version closer and more faithfyl to the originals and its language as idiomatic as the case will admit of.

'റവ. ജോർജ് മാത്തൻ പ്രതിപാദിക്കുന്ന രണ്ടാമത്തെ വിഷയം ഹൈന്ദവരെ സംബന്ധിച്ചാണ്'.[51] ജോർജ് മാത്തൻ പ്രവർത്തിച്ചിരുന്ന മല്ലപള്ളിയിലും സമീപ പ്രദേശങ്ങളിലുമുള്ള ഹൈന്ദവർക്ക് ആത്മീയ വിഷയങ്ങളെയോ സുവിശേഷത്തെയോ സംബന്ധിച്ച് സംഭാഷണത്തിലേർപ്പെടാൻ അല്പംപോലും താത്പര്യമില്ലായിരുന്നു. തന്നെയുമല്ല, ക്രിസ്തുമതോപദേശത്തോട് ഹൈന്ദവർക്കുള്ള സ്വാഭാവിക മുൻവിധി ഒട്ടും മാറിയിട്ടില്ലെന്നുമാണ് ജോർജ് മാത്തന്റെ നിരീക്ഷണം. അടിമകളുടെ സ്ഥിതിയെ കുറിച്ച് കത്തിൽ സുദീർഘമായി പ്രതിപാദിച്ചിട്ടുണ്ട്. ഉയർന്ന ജാതിയിൽപ്പെട്ട ഹിന്ദുക്കൾക്കുള്ളതുപോലെ വർണ്ണശബളമായ ഉത്സവങ്ങളോ ആർഭാടം നിറഞ്ഞ മറ്റു മതാചാരങ്ങളോ അവർക്കില്ല. 'അടിമകളുടെയിടയിൽ ഞങ്ങൾ വേല ആരംഭിച്ചപ്പോൾ ക്രിസ്ത്യാനികളും ഹിന്ദുക്കളും അവർ തമ്മിലുള്ള വിരോധം തൽക്കാലത്തേക്ക് മറന്ന് ഒത്തുചേർന്ന് അടിമ വേലകളെ എതിർത്തു.'[52] പ്രാർത്ഥനയ്ക്കും, ദൈവവചനം കേൾക്കുവാനും അടിമകൾ ഞായറാഴ്ച ഒരുമിച്ചുകൂടുന്ന സ്കൂൾ മുറി പലപ്രാവശ്യം ചുട്ടെരിച്ചു. 'ധാർമ്മികമായ പുരോഗമനം ഉണ്ടാകുമ്പോൾ അവരുടെ മേലുള്ള സ്വാധീനം ഇല്ലാതാക്കുമെന്നുകരുതി അടിമകളുടെ ഉടമസ്ഥർ അവരെ ഒരു ദാക്ഷിണ്യവും കൂടാതെ വളരെ ക്രൂരമായി ഉപദ്രവിച്ചുകൊണ്ടിരുന്നു.'[53] പ്രൊട്ടസ്റ്റന്റുകാരായ ഉടമസ്ഥരും അടിമകളോടു കൂടെ ചേർന്ന ശേഷം സുറിയാനിക്കാര്യം മാത്രമേ അടിമകളെ പഠിപ്പിക്കുന്നതിനോ ഉപദേശിക്കുന്നതിനോ അനുകൂലിച്ചുള്ളു. അടിമകളോടു സഹകരിച്ച സുറിയാനിക്കാരെയും അയിത്തം സംഭവിച്ചവരായി കണക്കാക്കി, അവരോടു

---

51 'With regard to the heathen the higher classes among the appear to be quite apathetic as to the concern of their immortal souls. The efforts to awaken a general interest among then in this neighbourhood has been apparently without effect.

52 The different classes of people, both Christians and heathen, laying aside their mututal quarrels for a white united in a body to appose our efforts.'

53 The slave owners who imagined that with the moral improvements of their living property their hold upon them would cease, persecuted them in the most cruel and relentless manner.'

പുലയരോടുമുള്ളതുപോലെ തീണ്ടൽ തൊടീൽ സമ്പ്രദായമനുസരിച്ച് നികൃഷ്ടമായി പെരുമാറി. അലക്കുകാരുടെയും ക്ഷുരകരുടെയും സേവനം പ്രൊട്ടസ്റ്റന്റ് കാർക്ക് വിലക്കി. ഗവൺമെന്റ് അടിമകച്ചവടം നിർത്തലാക്കി. അതുകൊണ്ട് അവർക്കിടയിൽ പ്രവർത്തിക്കുന്നതിന് വലിയ ബുദ്ധിമുട്ടില്ലെന്ന് മാത്തൻ അഭിപ്രായ പ്പെടുന്നു. പക്ഷേ അടിമത്തം വാസ്തവത്തിൽ അവസാനിപ്പിച്ചിട്ടില്ല. നിയമം പാസ്സായെങ്കിലും പല സ്ഥലങ്ങളിലെയും സ്ഥിതിഗതികൾ പഴയതുപോലെ തന്നെ യാണ്. 'ഹൈന്ദവ സമുദായത്തിന്റെ ഘടനയിൽ സമ്പൂർണ്ണ വ്യതിയാനമുണ്ടാകാതെ ഈ ദു:സ്ഥിതിക്ക് മാറ്റം വരില്ലെന്ന് ജോർജ് മാത്തൻ അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നു.[54]

അടിമകളുടെ സ്ഥിതിയെക്കുറിച്ച് ശ്രദ്ധേയമായ ചില വസ്തുതകൾകൂടി മാത്തൻ കത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. അടിമകളുടെ ഉന്നമനത്തിനുള്ള തടസ്സം എന്താണെന്ന് എടുത്തു പറയുന്നു. അടിമകൾക്കു അവരെക്കുറിച്ചുതന്നെയുള്ള മതിപ്പ് മറ്റുള്ളവർക്ക് അടിമകളെക്കുറിച്ചുണ്ടാകില്ലെന്നാണ് മാത്തന്റെ അഭിപ്രായം. ഇന്ന് ആളുകൾ ബോധവൽക്കരണ പ്രക്രിയയിൽ പറയാറുള്ള പുതിയ കാഴ്ചപ്പാട് ജോർജ് മാത്തൻ ഒരു നൂറ്റാണ്ടുമുമ്പുതന്നെ മനസ്സിലാക്കിയിരുന്നുവെന്നത് ശ്രദ്ധേയമാണ്. ഇപ്രകാരമുള്ള മാനസിക വികസനത്തിനാധാരം ഉൽകൃഷ്ടമായ മാനവദർശനവും സുവിശേഷത്തിൽ നിന്നും സംജാതമാകുന്ന സ്വാതന്ത്ര്യബോധവുമാണെന്ന് മാത്തൻ സമർത്ഥിക്കുന്നു.

പിന്നീട് ആ റിപ്പോർട്ടിൽ ചർച്ച ചെയ്യുന്നത് ആംഗ്ലിക്കൻ സഭയിൽ ചേർന്ന ദളിതരുടെ സദാചാരബോധത്തെപ്പറ്റിയാണ്. മല്ലപ്പള്ളിയിലും സമീപപ്രദേശങ്ങളിലു മായി 450 പേർ സഭയിലുണ്ടായിരുന്നു. 1845 ൽ 320 ആളുകൾ ഹോബേലിന്റെ സ്നാന (1854) ത്തിനുശേഷം ഉണ്ടായ പീഡനം നിമിത്തം ചിലരെ ഭയന്നു ഓടിക്കളഞ്ഞു. അവരുടെ സ്വഭാവത്തെക്കുറിച്ച് മാത്തൻ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും അവർ ക്രിസ്തീയ

[54] 'This state of things cannot, I think be helped without a total change being effected in the whole frame of Hindu society.'

സദാചാരമുറകൾ നിഷ്കർഷമായി പാലിച്ചുപോന്നിരുന്നു വെന്നും അതിൽ അവർക്ക് അഭിമാനമുണ്ടായിരുന്നുവെന്നും മനസിലാക്കാവുന്നതാണ്.

1847 മുതൽ 1860 വരെ ജോർജ് മാത്തൻ മല്ലപ്പള്ളിയിൽ താമസമാക്കി സഭാസേവനം തുടർന്നു. സുറിയാനി സഭയിൽ നിന്നും ആംഗ്ലിക്കൻ സഭയിൽ ചേർന്ന മല്ലപ്പള്ളി, കവിയൂർ ഇടവകകളും സമീപപ്രദേശങ്ങളും ജോർജ്മാത്തന്റെ പ്രവർത്തന മേഖലകളായിരുന്നു. 1860-ൽ സി. എൻ. ഐ അദ്ധ്യാപകനായി നിയമിക്കപ്പെട്ടു. ഹോക്സ്വർത്തിന്റെ മരണശേഷം 1863-64 ൽ സി. എൻ. ഐ യുടെ ആക്റ്റിംഗ് പ്രിൻസിപ്പൽ ആയിരുന്നു. 1864 മുതൽ 1868 വരെ തോലശ്ശേരിയിലും 1868 സെപ്റ്റംബർ മുതൽ 1870 മാർച്ച് 4 ന് മരണമടയുന്നതുവരെ തലവടിയിലും ഇടവകപട്ട ക്കാരനായിരുന്നു.

വേദശാസ്ത്രത്തിലും മറ്റുവിഷയങ്ങളിലുമുള്ള അസാധാരണമായ പാണ്ഡിത്യം, ഇതരമതസ്ഥരുമായി സംവാദത്തിലേർപ്പെടുവാനുള്ള കഴിവ്, ഇടവക പരിപാലനത്തി ലുള്ള പാടവം, അടിമവർഗ്ഗത്തിൽപ്പെട്ടവരുടെ ഉദ്ധാരണത്തിനുവേണ്ടി ചെയ്ത പ്രയത്നങ്ങൾ എന്നിവയെല്ലാം എടുത്തുപറയേണ്ട ജോർജ്മാത്തന്റെ കഴിവുകളാണ്. മറ്റുള്ള മിഷണറിമാരിൽ നിന്നും തീർത്തും വ്യത്യസ്തനായിരുന്നു ജോർജ് മാത്തൻ. മിഷണറിമാരുടെ തീരുമാനമനുസരിച്ച് അവർക്ക് മാത്രമായിരുന്നു ഇടവകകളുടെയും ഡിസ്ട്രിക്റ്റിന്റെയും പൂർണ്ണചുമതല, നാട്ടുമിഷണറിമാർ അവരുടെ നിർദ്ദേശപ്രകാരം അവരുടെ കീഴിൽ സേവനം ചെയ്യുന്ന വ്യക്തിമാത്രമാണ്. എന്നാൽ ജോർജ് മാത്തനെ മല്ലപ്പള്ളി ഡിസ്ട്രിക്റ്റിന്റെ പൂർണ്ണചുമതല ഏൽപ്പിച്ചത് 1860 ൽ മാത്രമായിരുന്നു. 1859 വരെ നാട്ടുപട്ടക്കാരുടെ ശമ്പളം മാത്രം 10 രൂപ. ജോർജ് മാത്തൻ മാസം 30 രൂപ ചെലവുണ്ടായിരുന്നുവെന്ന് ജോർജ് മാത്തൻ രേഖപ്പെടുത്തിയിട്ടുണ്ട്. നാട്ടുപാതിരി മാരുടെ ശമ്പളം 30 രൂപയായി ഉയർത്തണമെന്ന് മിഷണറി ഹോക്സ്വർത്ത് അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും 15 രൂപയായി സ്ഥിരപ്പെടുത്തുകയായിരുന്നു. വിദേശ മിഷണറിമാരുടെ ശമ്പളം പ്രതിമാസം ഏകദേശം 225 രൂപയായിരുന്നു.

1861 ഫെബ്രുവരി 12 ന് ജോർജ് മാത്തൻ മല്ലപ്പള്ളി ഇടവകയെക്കുറിച്ച് റിപ്പോർട്ടിൽ എഴുതിയിരുന്നു. ആംഗ്ലിക്കൻ സഭയിൽ ചേർന്നവർ സുറിയാനി സഭയിൽ ചേർന്നാൽ അവരെ മുടക്കണമെന്നായിരുന്നു മിഷണിമാരുടെ നിലപാട്. അങ്ങനെ മുടക്കപ്പെട്ട ചിലരെ പ്രായശ്ചിത്തം ഒടുക്കിയശേഷം തിരികെ ആംഗ്ലിക്കൻ സഭയിൽ ചേർത്തുവെന്നല്ലാതെ 1860 ൽ സുറിയാനിക്കാരിൽ നിന്നും ആരും പുതുതായി ആംഗ്ലിക്കൻ സഭയിൽ ചേർന്നില്ലെന്നാണ് 1861 ഫെബ്രുവരി 12 ലെ റിപ്പോർട്ടിൽ കാണുന്നത്.

അക്കാലത്തു ഞായറാഴ്ച്ച രാവിലെയും വൈകിയിട്ടും പള്ളിയിൽ ആരാധന ഉണ്ടായിരുന്നു കൂടാതെ ആഴ്ചയിൽ ഒരിക്കലോ, മാസത്തിൽ ഒരു തവണയോ ഇടവകയുടെ വിവിധ ഭാഗങ്ങളിൽ വീട്ടുപ്രാർത്ഥനകളും നടത്തിപ്പോന്നു. വീട്ടുപ്രാർത്ഥന കൾ പതിവായി നടത്തുന്നതിന്റെ ഉദ്ദേശ്യം ജനങ്ങളുടെ പൊതുനന്മയായിരുന്നു. ദൈവരാജ്യം വന്നുചേരുന്നതിന് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടത് ഓരോ ക്രിസ്ത്യാനികളുടെയും കടമയാണെന്ന പ്രാർത്ഥനയോഗങ്ങളിൽ മാത്തൻ ജനങ്ങളെ പ്രബോധിപ്പിച്ചു പോന്നു. 'സംഭാവനകൾക്കുവേണ്ടി ജോർജ്മാത്തൻ ആരെയും നിർബന്ധിച്ചിരുന്നില്ല. എന്നാൽ സ്വമേധയായി സംഭാവനകൾ നൽകുന്നതും സാധാരണമായിരുന്നു. സഭയിലെ വിശ്വാസികൾക്ക് സഹായം നൽകുന്നതിനും സഭയിൽ ചേരുന്ന അടിമകൾക്ക് വസ്ത്രം വാങ്ങിക്കൊടുക്കുന്നതിനും സഭയിലെ മറ്റാവശ്യങ്ങൾക്കുമാണ് ഈ സംഭാവനകൾ ഉപയോഗിച്ചു പോന്നത്. റിപ്പോർട്ടിൽ മാത്തൻ ഇത് രേഖപ്പെടുത്തിയിരിക്കുന്നു.'[55]

ജോർജ് മാത്തന്റെ നേതൃത്വത്തിൽ അടിമകളുടെ മൂന്നു സഭകളുണ്ടായിരുന്നു. എന്നാൽ റിപ്പോർട്ടിൽ ആ സ്ഥലങ്ങളുടെ പേര് പരാമർശിച്ചിട്ടില്ല. അവരെ സംബന്ധിച്ച് 'converts from the degraded and oppressed class of slaves' എന്നാണ്

---

55 The sum thus collected partly go to the relief of the poor and the supplying of the slave converts with clothes, and are partly ket in hand with a view to endow them for the native pastorate or for other similar objects.'

പ്രസ്താവിച്ചിരിക്കുന്നത്. നിയമപ്രകാരം അടിമസമ്പ്രദായം നിർത്തലാക്കി യിരുന്നുവെങ്കിലും (1855) അടിമത്തം അതുകൊണ്ട് അവസാനിക്കുന്നില്ലെന്ന് മാത്തന്റെ റിപ്പോർട്ട് വ്യക്തമാക്കുന്നു. 'അടിമകളുടെ സ്വന്തം ഉത്സാഹവും താത്പര്യവും നിമിത്തമാണ് പലരും സഭയിൽ വന്നുചേർന്നത്. ജോർജ് മാത്തൻ 42 പേരെ സ്നാനപ്പെടുത്തി സഭയിൽ ചേർത്തിരുന്നു. അത് അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്.'[56] സുറിയാനിക്കാരിൽ നിന്നും ആംഗ്ലിക്കൻ സഭയിൽ ചേർന്നവരും ഇതര മതസ്ഥരുടെ ഇടയിൽ സുവിശേഷം പ്രചരിപ്പിക്കുന്നതിന് താൽപര്യം കാണിക്കുന്നില്ല എന്ന സത്യം തുറന്നു പറയാൻ മാത്തൻ മടിക്കുന്നില്ല. അതിന് കാരണമായി മാത്തൻ പറയുന്നത് മറ്റുള്ളവരുടെ സുവിശേഷം അറിയിക്കുന്ന പതിവ് സുറിയാനിക്രിസ്ത്യാനികൾക്കില്ല. ഹൈന്ദവരിൽ നിന്ന് അനുകൂലമായ പ്രതികരണമല്ല ഉണ്ടായത്.  എന്നാൽ മാത്തൻ നിരാശപ്പെടാതെ ഹൈന്ദവരെ സന്ദർശിച്ച് അവരെ സുവിശേഷം അറിയിക്കുകയും മതപരമായ വിഷയങ്ങളെക്കുറിച്ച് അവരുമായി സംഭാഷണത്തിൽ ഏർപ്പെടുകയും ചെയ്തിരുന്നു.

1861 ലെ മറ്റൊരു റിപ്പോർട്ടിൽ കിഴക്കൻ പുലയരുടെയും പറയരുടെയും ഇടയിലെ സുവിശേഷ പ്രവർത്തനത്തെക്കുറിച്ചാണ് പറയുന്നത്. 1860 ലാണ് അവരോട് ആദ്യമായി സുവിശേഷം അറിയിക്കുന്നത്. അതുവരെ ആംഗ്ലിക്കൻ സഭയിൽ ചേർന്ന അടിമകൾ പടിഞ്ഞാറൻ പുലയരായിരുന്നു. നായർ സമുദായവും ബ്രാഹ്മണരും പടിഞ്ഞാറൻ പുലയരോടു കാണിക്കുന്ന 'തീണ്ടൽ' സമ്പ്രദായം പടിഞ്ഞാറൻ പുലയർ കിഴക്കൻ പുലയരോടും പുലർത്തിയിരുന്നുവെന്നും. ഇവരെ അടിമവർഗ്ഗങ്ങളിൽ ഏറ്റവും അധമരായി കരുതിയിരുന്നുവെന്നും ജോർജ് മാത്തൻ രേഖപ്പെടുത്തുന്നുണ്ട്.  അധഃകൃത രായും

[56] It is worthy of observation, that this increase it is attributable more to the zeal and diligence of the slaves themselves that to than to the endeavours on our part.  They in general show a praise worthy anxiety to communicate the inestimable treasure they have freely got to others of their own class, and thus afforate evidence of the sincerity of their profession, the purity of their motives, and the love they have for their fellow reatures.

പീഡിതരായും കഴിഞ്ഞ ഇവർ വളരെ പ്രതീക്ഷയോടെയാണ് സുവിശേഷം പ്രദാനം ചെയ്യുന്ന ഉദ്ധാരണപാതയിലേക്ക് വന്നതെന്നും അതുകൊണ്ടുതന്നെ എത്രമാത്രം പീഡിപ്പിക്കപ്പെട്ടുവെന്നും മാത്തന്റെ റിപ്പോർട്ട് വ്യക്തമാക്കുന്നു.

സാംബവ സമുദായത്തിൽപ്പെട്ടവർ സഭയിൽ ചേരുന്ന വസ്തുതയാണ് ജോർജ് മാത്തൻ റിപ്പോർട്ടിൽ വിവരിക്കുന്ന മറ്റൊരു വിഷയം. ചത്ത കന്നുകാലിയെ തിന്നുന്നവർ എന്നാക്ഷേപിച്ച് സാംബവരെ ഹിന്ദുക്കൾ ചേരമരെക്കാളും നിഷിദ്ധമായി കരുതിപ്പോന്നു. അവരിൽപ്പെട്ട ചില ആളുകൾ ഭീകരമായ കവർച്ചകൾ നടത്തുന്നതിന് മടിച്ചിരുന്നില്ല. ഉയർന്ന ജാതിയിൽപ്പെട്ട ഹിന്ദുക്കളും ഭവനങ്ങൾ ഭേദിച്ച് പുരുഷന്മാരെ വധിച്ച ശേഷം സ്ത്രീയെയും വിലപിടിച്ച സാധനങ്ങളും അവർ അപഹരിച്ചതായി റിപ്പോർട്ടിൽ കാണുന്നു. ഈ സമുദായത്തിൽപ്പെട്ടവർ സുവിശേഷം സ്വീകരിക്കുക യെന്നത് ദുഷ്കരമായി മാത്തനു തോന്നി. എന്നാൽ മാത്തൻ ധൈര്യം വെടിഞ്ഞില്ല. ഇക്കാര്യത്തിൽ ജോർജ് മാത്തന്റെ നിലപാട് ശ്രദ്ധേയമാണ്. '1860 ജനുവരി മഹത്വ പ്രകാശ ഞായറാഴ്ചയാണ് സാംബവ സമുദായത്തിൽനിന്നു ചിലർ ആദ്യമായി സഭയിൽ ചേർന്നതെന്ന് ഈ റിപ്പോർട്ട് തെളിയിക്കുന്നു. സഭാചരിത്രത്തിലെ പ്രധാന നാഴികക്കല്ലിൽ ഒന്നായി ഈ ദിവസത്തെ കരുതേണ്ടതാണ്.'[57]

അടിമകളായ ചേരമരും സാംബവരും ക്രിസ്തുമതം സ്വീകരിച്ചതോടുകൂടെ അവർ തമ്മിലുള്ള വിരോധവും അയിത്തവും ഉപേക്ഷിച്ച് അവർ ഒന്നിച്ചിടപഴകാൻ തുടങ്ങി. ജാതിവ്യത്യാസത്തെ അതിജീവിച്ച് പരസ്പരം സഹോദരഭാവം പ്രദർശിപ്പിക്കുവാൻ ഒരുമിച്ച് ഭക്ഷണം കഴിക്കുന്ന രീതി ജോർജ് മാത്തൻ ആരംഭിച്ചു. കൂടാതെ, സാമൂഹ്യകാര്യങ്ങളിൽ ഇരുകൂട്ടരും ഒരുമിച്ചു പ്രവർത്തിക്കാനുള്ള അവസരം ഉണ്ടായി. യാതൊരു കാരണവശാലും

---

[57] The Gospel, which is intended for the whole race of man, must, in God's time, operate also on the heart of the Pariah I had accordingly the great joy and previlege of baptizing, on the last epiphany sunday, some who had been under instruction of several months previously.

ജാതിവ്യത്യാസവും വർഗ്ഗവിമോചനവും സഭയിൽ പാടില്ലെന്നായിരുന്നു ആംഗ്ലിക്കൻ മിഷന്റെ നിലപാട്. എന്നാൽ ജാതിസൗഹാർദ്ധ ത്തിന്റെ ഈ കാൽവെയ്പ്പ് ഇതര ചേരമർക്കും സാംബവർക്കും സവർണ്ണഹിന്ദുക്കൾക്കും തീരെ പിടിച്ചില്ല. സഭയിൽ ചേർന്നവരോട് അവർക്ക് കടുത്ത വൈരാഗ്യം തോന്നി. സമൂഹഘടനയുടെ അടിത്തറ മാന്തുന്ന വ്യതിയാനമായിട്ടാണ് അവർ ഇതിരെ വീക്ഷിച്ചത്. മാത്തന്റെ നിരീക്ഷണം ശ്രദ്ധേയമാണ്.[58] സഭാംഗങ്ങൾ നേരിടുന്ന പീഡനത്തിന് ചില ഉദാഹരണങ്ങൾ റിപ്പോർട്ടിൽ ഉണ്ട്. സാംബവരിൽനിന്ന് സഭയിൽ ചേർന്ന ഒരാൾ യാദൃച്ഛികമായി ഏതാനും സാംബവർ കൂടിനിന്ന സ്ഥലത്തുകൂടെ സഞ്ചരിക്കുമ്പോൾ യാതൊരു പ്രകോപനവും കൂടാതെ അവർ അയാളെ മർദ്ധിച്ചു. അയാൾ ബോധംകെട്ടനിലയിലായി. ജില്ലാ പോലീസിൽ പരാതിപ്പെട്ടെ ങ്കിലും ഡിപ്പാർട്ടുമെന്റ് ഈ കാര്യത്തിൽ യാതൊരു ശ്രദ്ധയും കാണിച്ചില്ല. ഒന്നാമത്തെകാര്യം അടിമകൾ തമ്മിൽ കേസ് പരിഗണിച്ചാൽ അവർക്ക് നിയമത്തിന്റെ അനുകൂല്യം ലഭിക്കുമെന്ന മുൻവഴക്കം സൃഷ്ടിക്കുമെന്നുള്ള ആശങ്കയും, രണ്ടാമതായി കൈക്കൂലിയിനത്തിൽ ഒന്നും ലഭിക്കാൻപോകുന്നില്ലെന്നുള്ള വസ്തുതയുമാണ്. പുതുതായി സഭയിൽ ചേരാനാഗ്രഹിക്കുന്നവർക്ക് ഇത്തരം സംഭവങ്ങൾ തടസ്സമായി നിന്നുവെങ്കിലും സഭയിൽ ചേർന്നവർ സഭാവിശ്വാസത്തിൽ ഉറച്ചുനിന്നു.

സുവിശേഷ പ്രവർത്തനത്തിന്റെ പുരോഗതി ബാധിച്ച ചില പ്രശ്നങ്ങളെ കുറിച്ചും ജോർജ് മാത്തൻ രേഖപ്പെടുത്തിയിട്ടുണ്ട്. അടിമകളിൽ ചിലർക്കുണ്ടായിരുന്ന മദ്യപാനം, മോഷണം എന്നിവയാണവ. കൂടാതെ ചേരമരുടെയിടയിൽ സാധാരണ നടപ്പിലിരിക്കുന്ന

---

[58] 'Of all the prejudies of the Hindus caste is the most deep rooted and exercises the strongest and most extensive influence on their conduct, and to irritate them on the point is to wound them in the most sensitive part. The persecution therefore of the converts by their heathen felloc caste men is still continued with unremitting rage and violence. Thought the pulayas and the pariaas are similarly circumstanced both being alike debased and enthrulled, some trifling differences in their social habits and customs have made them such irreconciliable enemies, that they becoming united on any account would be though almost an impossibility but the renumciation of caste by the converts appeared to them so important, that they readily laid aside their quarrels and became friends as Herod and Pilate did of old.'

ബഹുഭാര്യാത്വം. ഗൗരവമായ വിഷയമായി മിഷൻ പ്രവർത്തകർ വീക്ഷിച്ചത്. സഭാനിയമം ഏകഭാര്യത്വമാണ് അനുവദിച്ചിരുന്നത്. ദുരന്ത സംഭവങ്ങളിൽ ജോർജ് മാത്തൻ നൽകിയ നേതൃത്വം എടുത്തുപറയേണ്ടതുതന്നെ യാണ്. മല്ലപ്പള്ളിയിൽ കോളറ, ബാധയെതുടർന്ന് അദ്ദേഹം നടത്തിയ പ്രവർത്തനം അത്ര വലുതാണ്. ഇത് മുൻപ് സൂചിപ്പിച്ചിട്ടുണ്ട്.

ജോർജ് മാത്തന്റെ പ്രോത്സാഹനഫലമായി ചിലരെല്ലാം വേദപുസ്തകം വാങ്ങി വായിക്കുകയും മാത്തനുമായി ചർച്ചകൾ നടത്തുകയും ചെയ്തതായി റിപ്പോർട്ടിൽ എഴുതിയിട്ടുണ്ട്. ചിലരെല്ലാം ക്രിസ്തുമതത്തിലെ പല ഉപദേശങ്ങളും വില മതിച്ചതായും റിപ്പോർട്ടിൽ കാണുന്നു. ആംഗ്ലിക്കൻ മിഷണറിമാരും നാട്ടുപട്ടക്കാരും വേദപുസ്തകം പഠിപ്പിക്കുക വായിക്കാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും പ്രൊട്ടസ്റ്റന്റ് ഉപദേശം പ്രചരിപ്പിക്കയും ചെയ്തതിന്റെ ഫലമായി സുറിയാനിസഭയിൽ ചില വ്യത്യാസങ്ങൾ മല്ലപ്പള്ളിയിലും സമീപപ്രദേശങ്ങളിലും ഉണ്ടായിട്ടുണ്ടെന്ന് ഉദാഹരണം ചൂണ്ടിക്കാണിച്ചുകൊണ്ട് മാത്തൻ പ്രസ്താവിക്കുനനുണ്ട് 'നവീകരണം' (Reformation) എന്ന പദമാണ് ഈ മാറ്റത്തെക്കുറിക്കുന്നതിനു മാത്തൻ ഉപയോഗിക്കുന്നത്.

ജോർജ് മാത്തൻ മല്ലപ്പള്ളിയിൽ നിന്നും ഒടുവിൽ അയച്ച റിപ്പോർട്ട് 1861 ഏപ്രിൽ മുതൽ ജൂൺ 30 വരെയുള്ള കാലത്തെപ്പറ്റിയായിരുന്നു. 1860-ൽ സി. എൻ. ഐയിൽ അധ്യാപകനായി നിയമിച്ചതായി രേഖയുണ്ട്. 1859-ൽ മിഷന്റെ വകയായി കോട്ടയത്ത് കേംബ്രിഡ്ജ് നിക്കോൾസൺ ഇൻസ്റ്റിറ്റ്യൂട്ട് (സി. എൻ. ഐ) സ്ഥാപിച്ചു. പിന്നീട് മാത്തന്റെ പ്രവർത്തനമേഖല വൈദികാഭ്യസനത്തിലേക്കു മാറി ഇക്കാല ത്താണ് അദ്ദേഹം എഴുതിയ 'മലയാഴ്മയുടെ വ്യാകരണം' അച്ചടിച്ചത് (1863) ഹെന്റി ബേക്കർ 1852 ഏപ്രിൽ 28 ന് ലണ്ടനിലേക്കയച്ച കത്തിൽ വ്യാകരണ പുസ്തകത്തിന്റെ രചന പൂർത്തിയാക്കിക്കഴിഞ്ഞിരുന്നുവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തിരുവിതാംകൂർ സർക്കാർ 200 രൂപ കൊടുത്തു 100 പ്രതികൾ വാങ്ങി മാത്തന്റെ ഉദ്യമത്തിന് പ്രോത്സാഹനം

നൽകിയതായും രേഖപ്പെടുത്തുന്നു. 1864 ഡിസംബർ മുതൽ 1868 സെപ്റ്റംബർ വരെ ജോർജ് മാത്തൻ തിരുവല്ലാ ഇടവകപ്പട്ടക്കാരനായിരുന്നു.

വളഞ്ഞവട്ടം ഉപസഭ സ്ഥാപിച്ചത് ജോർജ്മാത്തനാണ് ആറു സഭകൾ അച്ചന്റെ പരിപാലനത്തിൽ വളർന്നു വികസിച്ചു. 194 പേർ സ്നാനപ്പെട്ട് സഭയിൽ ചേർന്നു. അവരിലധികവും ഈഴവരിലും ചേരമന്മാരിലും നിന്നും മതപരിവർത്തനം ചെയ്തവരായിരുന്നു. 1867 ഡിസംബർ മൂന്നാം തീയതി അയച്ച റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു.

പ്രൊട്ടസ്റ്റന്റ് വിശ്വാസികൾ സ്വേച്ഛാധിപത്യത്തെയും പീഡനത്തെയും എതിർക്കുമെങ്കിലും ഉപകാരസ്മരണ, വിശ്വസ്ഥത, പരിശ്രമശീലം, വിവേകം എന്നീ ഗുണങ്ങളെ വളർത്തുന്നവരാണെന്ന വസ്തുത ഉടമകൾക്കും ക്രമേണ ബോദ്ധ്യമായതി നാൽ അടിമകളുടെ പീഡനത്തിന് അടുത്തകാലത്ത് അല്പം ശമനമുണ്ടായിട്ടുണ്ടെന്ന് റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. മിഷന്റെ സംരക്ഷണം ഇല്ലെങ്കിൽ ദലിതർക്ക് എതിർപ്പും പീഡനവുമുണ്ടാകുമെന്നാണ് ജോർജ് മാത്തൻ അഭിപ്രായപ്പെടുന്നത്.

ഒരു നല്ല പണ്ഡിതൻ എന്ന നിലയ്ക്ക് റവ. ജോർജ് മാത്തൻ സമൂഹത്തിൽ അംഗീകാരവും ആദരവും നേടിയിരുന്നു. 'ബട്ട്ലറിന്റെ അനലോഗിയുടെ ഒന്നാം ഭാഗം തർജ്ജമ ചെയ്തു പ്രസിദ്ധീകരിച്ച അതിന്റെ പ്രതി തിരുവിതാംകൂർ രാജാവിനും ദിവാൻ സർ. റ്റി മാധവ റാവുവിനും സമ്മാനിച്ചു. സുവിശേഷ പ്രവർത്തനത്തിനും ഇതരമതസ്ഥരുമായുള്ള സംവാദത്തിനും ഈ പുസ്തകം സഹായമാണെന്നു കരുതി യാണ് മാത്തൻ അതിന്റെ പരിഭാഷയിലേർപ്പെട്ടത്.'[59] സാഹിത്യപരമായ പ്രവർത്തന ങ്ങൾക്കും മാത്തൻ സമയം കണ്ടെത്തിയിരുന്നു.

[59] റവ. ഡോ. ഇ. സി. ജോൺ, റവ. ജോർജ് മാത്തൻ വേദപണ്ഡിതനും അടിമോദ്ധാരകനുമായ വൈദികൻ, പുറം 36.

റിപ്പോർട്ടിൽ മിഷന്റെ വിദ്യാഭ്യാസ പ്രവർത്തനത്തെക്കുറിച്ചും പരാമർശമുണ്ട്. തിരുവല്ല ഇടവകയിൽ ആകെ ആറു സ്കൂളുകളായിരുന്നു. നാലെണ്ണം പുലയരിൽ നിന്നു സഭയിൽ ചേർന്നവർക്കുള്ളതാണ്. ദാരിദ്ര്യംമൂലം ഈ സ്കൂളുകളിൽ കുട്ടികൾ പതിവായി പോകുന്നില്ല. പുലയ വിദ്യാർത്ഥികൾ ഉള്ളതുകൊണ്ട് സവർണ്ണ വിദ്യാർത്ഥികൾ സ്കൂളിൽ ചേരുന്നില്ല. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തിൽനിന്നു വ്യതിചലിക്കാതെ അടിമകളുടെ മക്കളുടെ നന്മ പരിഗണിച്ച നാലു സ്കൂളുകളും മുടക്കിയില്ല. സവർണ്ണർ പഠിക്കുന്ന മറ്റേ രണ്ടു സ്കൂളുകളിലും കുട്ടികൾ മുടങ്ങാതെ ഹാജരാകുന്നുണ്ടായിരുന്നു എന്ന് റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്.

1864 മുതൽ 1868 വരെ ജോർജ് മാത്തൻ തിരുവല്ല കേന്ദ്രമാക്കി പ്രവർത്തിച്ചു. 1868-ൽ മാത്തനെ തടവടിക്കു സ്ഥലം മാറ്റി. തലവടിയിൽനിന്നു മൂന്നു കത്തുകൾ ജോർജ്മാത്തൻ സി. എം. എസ്. ന് അയച്ചു. ഇടവക സേവനത്തിന്റെ വിജയത്തിന് രണ്ട് സംഗതികൾ ആവശ്യമാണെന്ന് ഈ സന്ദർഭത്തിൽ മാത്തൻ ചൂണ്ടിക്കാണിക്കു ന്നു. ഒന്ന്. മനുഷ്യരുടെ സ്വഭാവത്തെക്കുറിച്ചും മാനുഷികമായ പെരുമാറ്റത്തെക്കുറിച്ച മുള്ള പൊതുവായ അറിവ്. രണ്ടാമത്തേത് സ്ഥലപരിചയവും നേരിട്ടുള്ള സമ്പർക്കവും മൂലം ഇടവകയിലെ അംഗങ്ങളുടെ സാഹചര്യത്തെയും സ്ഥിതിഗതികളെയും കുറിച്ചുള്ള സൂക്ഷ്മമായ പരിജ്ഞാനം എന്നിവയാണ്. ജോർജ് മാത്തന്റെ വസ്തുനിഷ്ഠമായ നിരീക്ഷ ണവും മാനവശാസ്ത്രത്തെക്കുറിച്ചുള്ള ദർശനവും പ്രത്യേകം എടുത്തു പറയേണ്ടതു തന്നെയാണ്. 1867-68 ലെ റിപ്പോർട്ട് അനുസരിച്ച് തലവടിയിലും അഞ്ച് ഉപസഭക ളിലുമായി 583 അംഗങ്ങളുണ്ടായിരുന്നു. സ്ഥിതിവിവരകണക്കിൽ ആറു സ്കൂളുകൾ, ആൺകുട്ടികളുടെ എണ്ണം 107, പെൺകുട്ടികളുടെ എണ്ണം 23 എന്നീ വസ്തുതകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

ആംഗ്ലിക്കൻ സഭയുടെ സമൂഹത്തിലുള്ള സ്വാധീനത്തെക്കുറിച്ചാണ് റിപ്പോർട്ടിൽ പറയുന്ന മറ്റൊരു കാര്യം. സംഖ്യാബലമില്ലെങ്കിലും റോമൻ കത്തോലിക്കരെയും

സുറിയാനിക്കാരെയും അപേക്ഷിച്ച് ആംഗ്ലിക്കൻ സഭാംഗങ്ങൾ സമൂഹത്തിൽ സുവ്യക്തമായ സ്വാധീനം ചെലുത്തുന്നുണ്ടെന്നാണ് ജോർജ് മാത്തന്റെ അഭിപ്രായം.

റവ. ജോർജ് മാത്തന്റെ അഭിപ്രായം അറിയുന്നതിനു സി. എം. എസ്. സെക്രട്ടറി സി. സി. ഫെൻ അയച്ച കത്തിന്റെ മറുപടിയാണ് 1869 ആഗസ്റ്റ് 20 ലെ മാത്തന്റെ എഴുത്ത്. സമീപകാലത്ത് സഭയിൽ ആരംഭിച്ച സ്വയംഭരണസമ്പ്രദായം, സുറിയാനി സഭയിലെ സ്ഥിതിഗതികൾ ഈ വിഷയത്തെക്കുറിച്ചായിരുന്നു അദ്ദേഹത്തിന് അറിയേണ്ടിയിരുന്നത്. മിഷണറിമാർ അയക്കുന്ന റിപ്പോർട്ടുകൾ കൂടാതെ നാട്ടുപട്ടക്കാരനായ ജോർജ്മാത്തന്റെ അഭിപ്രായം കൂടി ആരായുന്നതിൽ നിന്ന് ലണ്ടനിൽ മാത്തന്റെ ഉപദേശത്തിനു വില കൽപ്പിച്ചിരുന്നുവെന്നും കത്തിടപാട് തെളിയിക്കുന്നു.

ജോർജ് മാത്തൻ സി. എം. എസ്. ന് ഏറ്റവും ഒടുവിൽ അയച്ച കത്ത് 1868-1869 ലെ വാർഷിക റിപ്പോർട്ടാണ്. സുറിയാനി സഭയിലെ സ്ഥിതിയെപ്പറ്റി ചില കാര്യങ്ങൾ ഈ കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ച മലയാള വേദപുസ്തകം സുറിയാനി സഭയിൽ വിശുദ്ധഗ്രന്ഥമായി ആദരിക്കുകയും പള്ളികളിലും ഭവനങ്ങളിലും വായിക്കുകയും പതിവായിരുന്നു. വേദപുസ്തക വായനമൂലം അതിന്റെ വെളിച്ചത്തിൽ സുറിയാനി സഭയിൽ നവീകരണപ്രവണത ശക്തിപ്പെട്ടുമെന്ന് മാത്തൻ കരുതിയിരുന്നിരിക്കണം.

26 വർഷത്തെ സഭാസേവനത്തിനുശേഷം 1870 മാർച്ച് 4 ന് ജോർജ് മാത്തൻ ലോകത്തോട് വിടപറഞ്ഞു. ജോർജ് മാത്തന്റെ ചരമ വാർത്ത അതീവ ദു:ഖത്തോടുകൂടെയാണ് ഇംഗ്ലണ്ടിലെ സി. എം. എസ്. വൃത്തങ്ങൾ വീക്ഷിച്ചത്. സി. എം. എസ്. വാർഷിക റിപ്പോർട്ടിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. 'The removal of one so eminent in the native church call for more than a passing reference.'

